# ദൈനം ദിന ധ്യാനങ്ങൾ

റിച്ചാർഡ് വുംബ്രാൻഡ്



# ദൈനംദിന ധ്യാനങ്ങൾ

**Richard Wurmbrand**

*Translated by*

Mrs. Titen Thomas

*Published by:*

Evangelist Dr. P.P. Job
V-31, Green Park, New Delhi-110 016, India.

# ദൈനംദിന ധ്യാനങ്ങൾ

**Dhainamdina Dhyanangal**

Richard Wurmbrand

(Malayalam Translation of Daily Devotion)

© Richard Wurmbrand

4/1992
5000 Copies

Printed and Published by Evangelist Dr. P.P. Job for The Love In Action Society at Sabina Printing Press, 387/24, Faridabad, Haryana, India.

## ജനുവരി 1

"ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ."

(സങ്കീർത്തനങ്ങൾ 90:12)

ഒരു അമേരിക്കക്കാരൻ തായ്ലണ്ടിൽ നിന്നും എത്തിയ തൻെറ സുഹൃത്തിനോട് ആവശ്യപ്പെട്ടു. 'വേഗം വരൂ, നമുക്ക് ആ ബസ്സിൽ കയറുവാൻ ഓടാം!' ബസ്സിനുള്ളിൽ കയറി സന്തോഷത്തോടെ അമേരിക്കക്കാരൻ പറഞ്ഞു. "നമ്മൾ മൂന്നു മിനിററ് നേടിയെടുത്തു." ഉടനെ തായ്ലണ്ടുകാരൻ ചോദിച്ചു. "നിങ്ങൾ അതുകൊണ്ട് എന്തെടുക്കുവാൻ ഉദ്ദേശിക്കുന്നു?"

പാശ്ചാത്യരാജ്യത്തെ മനുഷ്യർക്ക് ഈ ചോദ്യത്തിന് ഉത്തരം ഒന്നും ഇല്ല. നടക്കുന്നത് എങ്ങനെയാണ് എന്ന് നമ്മുടെ തലമുറ മറന്നു കഴിഞ്ഞു. അവർക്ക് ഓടുവാനും ഡ്രൈവ് ചെയ്യുവാനുമേ അറിയൂ.

യേശു ഒരിക്കലും ഓടിയില്ല. അവൻ നടന്നതേയുള്ളു. ആ കാലത്ത് രഥങ്ങളും, കുതിരകളും, ഒട്ടകങ്ങളും ഉണ്ടായിരുന്നു. അവൻ ഒരിക്കൽ മാത്രം സവാരി നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അതും മനുഷ്യനേക്കാൾ പതുക്കെ നടക്കുന്ന ഒരു മൃഗത്തിൻെറ പുറത്ത്.

നാം എപ്പോഴും മിനിററുകൾ ലാഭിക്കാൻ ശ്രമിക്കും. ഓരോ മിനിററും ഓരോ വജ്രമാണ്. പക്ഷേ അവയുടെ വില വളരെ താമസിച്ചു മാത്രമേ മനസ്സിലാവുകയുള്ളു. ഇരുട്ടത്ത് നദീതീരത്തുകൂടി നടന്ന ഒരു മനുഷ്യനെപ്പററി ഒരു കഥയുണ്ട്. നടക്കുമ്പോൾ അവൻ കല്ലുകൾ നിറച്ച ഒരു സഞ്ചിയിൽ തട്ടി. അവൻ അത് എടുത്തു. നടക്കുന്നതിനിടയിൽ ഒരു രസത്തിന് അവൻ ആ സഞ്ചിയിലെ കല്ലുകൾ ഓരോന്നായി ആററിലേക്ക് എറിഞ്ഞ് അതിൻെറ "പ്ളിഷ്'" "പ്ളിഷ്'" എന്ന ശബ്ദം കേട്ട് രസിച്ചു. അവൻ വീട്ടിൽ എത്തിയപ്പോഴേയ്ക്കും സഞ്ചിയിൽ രണ്ടു കല്ലുമാത്രമേ ശേഷിച്ചിരുന്നുള്ളു. അവ രത്നങ്ങളായിരുന്നു.

നാം മിനിററുകൾ ലാഭിക്കാൻ ഓടും. പക്ഷേ അവ പ്രയോജനകരമല്ലാത്ത സല്ലാപങ്ങളിലും മററും ചെലവഴിക്കുന്നു. ഒരു കാഷ്യർ അവൻെറ കയ്യിൽ കൂടി കടന്നുപോകുന്ന ഓരോ രൂപയ്ക്കും ഉത്തരവാദിയാണ്. 70 വയസ്സുവരെ ജീവിച്ചിരുന്ന ഒരുവൻ ദൈവത്തിൻെറ മുമ്പിൽ 370 ലക്ഷം മിനിററുകൾക്ക് ഉത്തരം പറയേണ്ടതാണ്.

## ജനുവരി 2

"ദൈവം സ്നേഹം തന്നെ." (1 യോഹന്നാൻ 4:8)

സോവിയററ് ജയിലിൽ നിന്നും വിമുക്തനായ ഒരു ക്രിസ്ത്യാനി ഇപ്രകാരം എഴുതി:-

"ഞാൻ കാഴ്ചയ്ക്ക് തീരെ ഭംഗിയില്ലാത്തവനാണ്. അടിമ തൊഴിൽ

ക്യാമ്പിൽ ഞാൻ ഭൂമിക്കടിയിലാണ് വേലചെയ്തിരുന്നത്. എനിക്ക് ഒരു അപകടം ഉണ്ടായതുമൂലം ഞാൻ ഒരു കൂനൻ ആയിത്തീർന്നു. ഒരിക്കൽ ഒരു കുട്ടി എന്നെ സൂക്ഷിച്ച് നോക്കിയിട്ട് ചോദിച്ചു: "അങ്കിൾ, നിങ്ങളുടെ പുറത്ത് എന്താണ് ഉള്ളത്?" എന്നെ കളിയാക്കും എന്ന ഉറപ്പോടുകൂടി ഞാൻ ഇങ്ങനെ പറഞ്ഞു "ഒരു കൂന്."

"അല്ല" ആ കുട്ടി പറഞ്ഞു. "ദൈവം സ്നേഹമാണ്. അവൻ ആർക്കും കുറവുകൾ നൽകുന്നില്ല. നിങ്ങൾക്ക് കൂനല്ല. നിങ്ങളുടെ തോളുകൾക്ക് താഴെ ഒരു പെട്ടിയുണ്ട്. അതിൽ മാലാഖമാരുടെ ചിറകുകൾ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. ഒരു ദിവസം ആ പെട്ടി തുറക്കപ്പെടുകയും നിങ്ങൾ ആ ചിറകുകൾ ഉപയോഗിച്ച് സ്വർഗ്ഗത്തിലേക്ക് പറന്നുയരുകയും ചെയ്യും." ഞാൻ സന്തോഷാധിക്യം മൂലം കരയുവാൻ തുടങ്ങി. ഇപ്പോൾ ഇതെഴുതുമ്പോഴും ഞാൻ കരയുന്നു.

എല്ലാ മനുഷ്യർക്കും ഏതെങ്കിലും ഒരു കൂന് ഉണ്ട് – ശാരീരികമായതോ, മാനസികമായതോ, അല്ലെങ്കിൽ ആത്മീകമായതോ ആയ വികലത ഒരുവനെ മററുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നു. നമ്മുടെ ഭൗതിക ജീവിതത്തിൻെറ വീക്ഷണഗതിയിൽ കൂടിനോക്കുമ്പോൾ മാത്രമേ നമുക്ക് ഇപ്രകാരം തോന്നുകയുള്ളു. ഇവിടെ നാം "അംശമായി അറിയുന്നു." (1 കൊരിന്ത്യർ 13:12) ഈ കാരണത്താൽ നമ്മുടെ ജീവിതവും കഷ്ടപ്പാടുകളും സാധാരണ അർത്ഥമില്ലാത്തവയായി തോന്നും.

ദൈവം ഒരുവന് ഒരു കൂന്, മറെറാരുവന് അസുഖങ്ങൾ, ദാരിദ്ര്യം, തടവ്, മരണം അല്ലെങ്കിൽ മററ് ഏതെങ്കിലും തരത്തിലുള്ള ദുഃഖം തുടങ്ങിയവ നൽകിയിരിക്കുന്നു. ഇവയെ മാനുഷികമായ തരത്തിൽ നോക്കി വിപത്തുകൾ ആയി കാണുന്നതിന് പകരം ആ സോവിയററ്കാരനായ കുട്ടിയുടെ ആത്മീകമായ നിലവാരത്തിൽ കാണുകയും നമ്മുടെ ദുഃഖങ്ങൾ എല്ലാം നമുക്ക് സ്വർഗ്ഗത്തിലേക്കു പറക്കുവാൻ മാലാഖമാരുടെ ചിറകുകൾ ഒളിപ്പിച്ചു വച്ചിരിക്കുന്ന പെട്ടികളായി കണക്കാക്കുകയും ചെയ്യാം.

---

## ജനുവരി 3

---

"എന്നാൽ യഹോവ തൻെറ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്. സർവ്വ ഭൂമിയും അവൻെറ സന്നിധിയിൽ മൗനമായിരിക്കട്ടെ." (ഹബകൂക് 2:20)

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അഥീനിയയിലെ രാഷ്ട്രതന്ത്രജ്ഞനായിരുന്നു ഫോസിയൻ ഒരിക്കൽ തൻെറ ക്ഷുരകൻ ഒരാളുടെ മുഖം വടിച്ചു തീരുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. താടി വടിക്കുന്നതിനിടയിൽ ക്ഷുരകൻ അഥീനിയയിലെ രാഷ്ട്രീയ സ്ഥിതി ഗതികളെപ്പററി ഒരു നീണ്ട വിവരണം തൻെറ ക്രേതാവിന് നൽകി. അവസാനം അയാൾ തിരിഞ്ഞ് ഫോസിയനോട് ചോദിച്ചു: "നിങ്ങളുടെ താടി മീശ ഏതു തരത്തിലാണ് വെട്ടേണ്ടത്?" "നിശബ്ദമായി" ഫോസിയൻ മറുപടി പറഞ്ഞു. ഈ ലഘുവായ ഉത്തരം ലോകത്തിലെ മഹത്തരമായ സാഹിത്യ കൃതികളിൽ പലപ്പോഴും

ഉദ്ധരിക്കപ്പെടുന്നു.

നിശബ്ദതയ്ക്കെതിരായ ഒരു ഗൂഢാലോചനയുടെ ഇരകളാണ് നാം എല്ലാവരും. നിശബ്ദതകൂടാതെയുള്ള ആത്മീക ജീവിതം അസാദ്ധ്യമാണ്. ദൈനംദിനം നാം കാറുകൾ, തീവണ്ടികൾ, വിമാനങ്ങൾ, റേഡിയോ, ടെലിവിഷൻ, ഫാനുകൾ, കുട്ടികളുടെ കലപില ശബ്ദം, മുതിർന്നവരുടെ നിരർത്ഥകമായ ശബ്ദകോലാഹലങ്ങൾ ഇവയ്ക്കെല്ലാം ഇരയാക്കപ്പെടുന്നു.

ഏകാന്തതടവിൽ തുടർച്ചയായി അനേകം വർഷങ്ങൾ ചിലവിടേണ്ടിവന്ന ചില ക്രിസ്ത്യാനികളെ എനിക്കറിയാം. പിന്നീട് മനുഷ്യർ സംസാരിക്കുന്നതു കേട്ടപ്പോൾ അവർ വളരെയധികം അത്ഭുതപ്പെട്ടതുകാരണം അവരുടെ വാക്കുകൾ അർത്ഥമില്ലാത്തതായിരുന്നു.

നിങ്ങൾക്കു ദൈവത്തിങ്കൽ എത്തണം എങ്കിൽ നിങ്ങൾ നിങ്ങൾക്കുചുററും അല്പം നിശബ്ദത സൃഷ്ടിക്കുക. നിശബ്ദതയെ ഭഞ്ജിക്കുന്ന ഉപകരണങ്ങൾ നിർത്തുക. ഒരു മുറി അടച്ച് തനിയെ അതിൽ ഇരിക്കുക. അല്ലെങ്കിൽ നിങ്ങളുടെ പ്രിയപ്പെട്ടവരെ ദിവസത്തിലെ ചില സമയങ്ങളിൽ നിശബ്ദരായിരിക്കുവാൻ പരിശീലിപ്പിക്കുക.

പക്ഷേ നിശബ്ദത എപ്പോഴും ശബ്ദമില്ലാത്തതല്ല. നിങ്ങളെ ആവരണം ചെയ്തിരിക്കുന്ന നിശബ്ദത പലപ്പോഴും അതിവേദന അനുഭവിക്കുന്നവരുടെ അലർച്ചയോ, കഷ്ടത അനുഭവിക്കുന്നവരുടെ കരച്ചിലോ, ആത്മാർത്ഥമായ ചർച്ചകളോ അനേകശതം പ്രസംഗങ്ങളോ ശാസ്ത്രസത്യങ്ങളോ തുടിഞ്ഞുനിൽക്കുന്നതായിരിക്കാം. ഇവയ്ക്കുപരിയായി നിങ്ങൾക്ക് ദൈവത്തിൻെറ ശബ്ദം കേൾക്കുവാൻ കഴിയും. നിങ്ങൾ ശ്രദ്ധിക്കയാണെങ്കിൽ നിങ്ങളുടെ ഹൃദയം തേജോമയമാകും—നിശബ്ദത നിറഞ്ഞ പർവ്വത ശിഖരങ്ങളിൽ രാത്രിസമയം പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശുവിനെപ്പോലെ.

## ജനുവരി 4

"ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവ് നിന്നോടു കൂടെ ഉണ്ട് എന്ന് പറഞ്ഞു."

(ലൂക്കോസ് 1:28)

ഒരു കമ്മ്യൂണിസ്ററ് രാജ്യത്ത് യുവാവായ ഒരുതടവുകാരനെ ജയിലിൽ നിന്നും കോടതിയിൽ ഹാജരാക്കുവാൻ കൊണ്ടുപോയി. അവൻ തിരികെ വന്നപ്പോൾ അവൻെറ മുഖം പ്രകാശിതമായി കണ്ടു. സഹ തടവുകാർ അവനോട് കോടതിയിൽ എങ്ങനെയുണ്ടായിരുന്നു എന്ന് ചോദിച്ചു. അവൻെറ മറുപടി ഇപ്രകാരമായിരുന്നു. "ക്രിസ്തു പുത്രനായി ജനിക്കുവാൻ പോകുന്നു എന്ന് ദൂതൻ കന്യക മറിയത്തെ അറിയിച്ച ദിവസം പോലെ. എന്തു നല്ല ദിവസം. ഒരു കന്യക ധ്യാനനിരതയായി ഇരിക്കുമ്പോൾ ഒരു ദൈവദൂതൻ അവൾക്ക് പ്രത്യക്ഷപ്പെട്ടിട്ട് അവളോട് പറയുന്നു വെറും നിസാരയായ അവൾക്ക് ദൈവത്തിൻെറ പുത്രൻ ജനിക്കും. അവളുടെ സൃഷ്ടാവ് അവളുടെ കയ്യിൽ കുട്ടിയായി കിടക്കാൻ പോകുന്നു. അവൾ തൻെറ സൃഷ്ടാവിനെ തന്നെ

കഴുകിക്കും. അവൻ പിന്നീട് മാനവരാശിയുടെ മുഴുവൻ പാപങ്ങൾ കഴുകിക്കളയും. അവൾ തൻെറ സൃഷ്ടാവിനെ നടക്കാൻ പഠിപ്പിക്കും. സംസാരിക്കാൻ പഠിപ്പിക്കും. അവൻ അവളുടെ ഭവനത്തിൻെറ പ്രകാശവും സന്തോഷവുമായ് ഇരിക്കും.

പക്ഷേ ചില വിഷമ സന്ധികളും ഉണ്ട്. നമ്മുടെ രക്ഷയ്ക്കായി ദൈവത്തിൻെറ പുത്രനായ അവളുടെ മകൻ ക്രൂശിൽ കിടന്ന് മരിക്കുമ്പോൾ അവൾ ആ ക്രൂശിൻെറ ചുവട്ടിൽ കരഞ്ഞുകൊണ്ട് നില്ക്കും. പക്ഷേ ഈ അവസ്ഥ മാറും. അവൻ ഉയിർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്ക് പോകും. നിശ്ചയമായും അവൻ തൻെറ കൂട്ടത്തിൽ തൻെറ അമ്മയേയും കൊണ്ടുപോകും. വീണ്ടും സന്തോഷം വന്നുചേരും. അനന്തമായ സന്തോഷം.''

അവൻെറ ലഘുവായ ഈ നല്ല പ്രസംഗത്തിന് സഹതടവുകാർ നന്ദിപറഞ്ഞു. പക്ഷേ അവർ പറഞ്ഞു: ''ഞങ്ങൾ നിന്നോട് ചോദിച്ചത് കോടതിയിൽ എന്തുണ്ടായി എന്നാണ്?''

അവൻ വീണ്ടും പറഞ്ഞു: ''ഞാൻ നിങ്ങളോട് പറഞ്ഞു കഴിഞ്ഞു. മറിയയുടെ ആ സുദിനം പോലെ തന്നെയാണ്. എനിക്ക് മരണശിക്ഷ വിധിച്ചിരിക്കുന്നു. അത് വളരെ ഭംഗിയേറിയതല്ലേ? പവിഴങ്ങൾ പതിച്ച വാതിലുകൾ, സ്വർണ്ണ നിർമ്മിതമായ വഴികൾ, മാലാഖമാരുടെ പാട്ടുകൾ, പരിശുദ്ധന്മാരുടെ സംഘങ്ങൾ ഇതിനെല്ലാം പുറമെ യേശുവിൽ വിശ്രമം.''

നമ്മുടെ ജീവിതത്തിലെ ഓരോ വർഷവും മരണത്തിലേക്കുള്ള പുതിയ ഒരു ചുവടാണ്. ഈ ചുവട് നമുക്ക് സന്തോഷത്തോടും പ്രത്യാശയോടും കൂടിവയ്ക്കാം. യേശു ഉയിർത്തെഴുന്നേററു. അവനിൽ വിശ്വസിക്കുന്ന ഏവരും ഉയിർത്തെഴുന്നേൽക്കും.

---

## ജനുവരി 5

---

''അപ്പോൾ യഹോവ കഴുതയുടെ വായ് തുറന്നു.''

(സംഖ്യാപുസ്തകം 22:28)

വേദപുസ്തകം വിശ്വസിക്കുക. വേദപുസ്തകത്തിലെ ചില കഥകൾ നമ്മുടെ യുക്തിക്ക് പ്രയാസത്തോടുകൂടി മാത്രമേ അംഗീകരിക്കുവാൻ കഴിയുകയുള്ളു. അതല്ലാതെ മററു മാർഗ്ഗമില്ല. കാരണം വേദപുസ്തകത്തിലെ ഇത്തരം ഭാഗങ്ങൾ നാം സ്വീകരിക്കുന്നില്ല എങ്കിൽ യുക്തിഹീനമായവ നാം അംഗീകരിക്കേണ്ടിവരും.

ഒരു കഴുത സംസാരിക്കുന്നതായി വേദപുസ്തകത്തിൽ പറയുന്നു എന്ന് പറഞ്ഞ് യുക്തി വാദികൾ കുററപ്പെടുത്തിയേക്കാം. പക്ഷേ വേദപുസ്തകത്തിൽ അങ്ങനെയല്ല പറയുന്നത് — ''ദൈവം കഴുതയുടെ വായ് തുറന്നു.....'' എന്നാണ് എഴുതിയിരിക്കുന്നത്. സർവ്വശക്തനായ ദൈവത്തിന് ഏതുസമയത്തും ഒരു കഴുതയെകൊണ്ട് സംസാരിപ്പിക്കുവാൻ കഴിയും.

ദൈവത്തിലുള്ള വിശ്വാസം മാററി നിർത്തിയാലോ? പിന്നെന്താണുള്ളത്? മനുഷ്യൻ കുരങ്ങിൽ നിന്നും രൂപാന്തരം പ്രാപിച്ചവനാണ് എന്നാണ്

അവിശ്വാസികാം പറയുന്നത്. ഇതിൻെറയർത്ഥം ഒരു സമയത്ത് കുരങ്ങ് അതിനേക്കാാം ശ്രേഷ്ഠ ബുദ്ധിയുള്ള മററാരുടേയും സഹായം കൂടാതെ സംസാരിക്കുവാൻ തുടങ്ങിയിരിക്കണം. മുതിർന്നവർ സംസാരിക്കുവാൻ പഠിപ്പിക്കാതെ ഒരു കുഞ്ഞും സംസാരിക്കാൻ തുടങ്ങിയതായി കേട്ടിട്ടില്ല. ഒരു കുട്ടിയ്ക്ക് സാദ്ധ്യമാകാത്തത് കുരങ്ങിന് എങ്ങനെയാണ് കഴിയുക?

ഒരു മൃഗം സംസാരിച്ചു എന്നതാണ് നമുക്ക് അംഗീകരിക്കേണ്ടിയിരിക്കുന്നത്. ഡാർവിൻ പഠിപ്പിക്കുന്നതുപോലെ മററാരുടേയും സഹായമില്ലാതെ ഒരു മൃഗം സംസാരിച്ചു എന്ന് വിശ്വസിക്കുന്നതോ ബുദ്ധിമാനും സർവ്വശക്തനുമായ ദൈവം മൃഗത്തിൻെറ വായ്തുറന്നു എന്ന് മനസ്സിലാക്കുന്നതോ ഏതാണ് കൂടുതൽ യുക്തിപൂർവ്വമായിട്ടുള്ളത്? രണ്ടാമത് പറഞ്ഞതു തന്നെയാണ് യുക്തിക്ക് നിരക്കുന്നത്.

ആ മൃഗം ആദ്യമായി പറഞ്ഞ വാക്കുകളുടെ ആന്തരീകാർത്ഥം ഗ്രഹിക്കുവാൻ ശ്രമിക്കാം. "നീ എന്നെ അടിപ്പാൻ ഞാൻ നിന്നോടു എന്തുചെയ്തു?" നാം ആരോടെല്ലാം അനീതി പ്രവർത്തിച്ചിട്ടുണ്ടോ അവരെല്ലാം ഒരിക്കൽ ഈ ചോദ്യം നമ്മോട് ചോദിക്കും. നമുക്ക് എന്ത് ഉത്തരമാണുള്ളത്? നാം അടിച്ചവർ തെററുകാരായിരുന്നാൽ തന്നെയും കള്ളപ്രവാചകനായ ബിലെയാം കഴുതയെ മൂന്നു പ്രാവശ്യം അടിച്ചപോലെ അവരെ അടിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? അതിലും കുറഞ്ഞ എന്തെങ്കിലും പോരായിരുന്നോ! വേദപുസ്തകത്തെ കുററം പറയുന്നവർക്കു ചെവികൊടുക്കാതെ അതിലെ വാക്യങ്ങളെപ്പററി ശ്രദ്ധാപൂർവ്വം ധ്യാനിക്കുക.

---

## ജനുവരി 6

---

> "സത്യത്തിൽ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങാംക്കുവേണ്ടി ഇനി യാതൊരു യാഗവും ശേഷിക്കാതെ ന്യായ വിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിക്കുവാനുള്ള ക്രോധാഗ്നിയുമേയുള്ളു."
>
> (എബ്രായർ 10:26)

ഒരു പഴയ ക്രിസ്തീയ ഐതിഹ്യം ഇപ്രകാരമാണ്—ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിക്കുവാനുള്ള ഉദ്ദേശം മാലാഖമാരെ അറിയിച്ചപ്പോാം സ്വർഗ്ഗത്തിൽ നിന്നും നിലം പതിച്ചിട്ടില്ലാത്ത ലൂസിഫർ പറഞ്ഞു. "നിശ്ചയമായും അവൻ അവനെ അനുസരിക്കാതിരിക്കുവാനുള്ള അധികാരം അവർക്കു നല്കുകയില്ല." ദൈവം ഉത്തരം പറഞ്ഞു. "വീഴുവാനുള്ള ശക്തി എന്നാൽ ഉയരുവാനുള്ള ശക്തിയാണ്." സാത്താൻ സ്വമേധയാ മററുള്ളവരോടുകൂടി വീഴുവാൻ നിശ്ചയിച്ചു. അവന് വീണ്ടും ഉയരാം എന്ന ഉദ്ദേശം ഒരിക്കലും നിവൃത്തിയായില്ല കാരണം അവൻ കരുതിക്കൂട്ടി വീണവൻ ആണ്.

തൻെറ കണ്ണുനീരുകൊണ്ട് യേശുവിൻെറ പാദം കഴുകിയ മഗ്ദലന മറിയത്തിൻെറ കഥയിൽ നിന്നും വീഴുവാനുള്ള ശക്തി എങ്ങനെ ഉയരുവാനുള്ള

ശക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ലൂസിഫറിന് മനസ്സിലാകുവാൻ തുടങ്ങി. ''അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു.'' ''ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു, അവൾ വളരെ സ്നേഹിച്ചുവല്ലോ.'' (ലൂക്കോസ് 7:47) ഈ ദൈവ വചനങ്ങളുടെ അഗാധത അവന് മനസ്സിലായി.

സാത്താൻ വിചാരിച്ചത് അവന് വീഴുവാനുള്ള ശക്തി തടയാം എങ്കിൽ ഉയർച്ചയുടെ ശക്തിയും തടയാം എന്നാണ്. അതിനാൽ ആദിമ ക്രിസ്ത്യാനികളിൽ അവൻ മോശയുടെ ന്യായപ്രമാണം അടിച്ചേല്പിച്ചു. അവന്റെ ഉപദേശങ്ങൾ മുഖേന ഗലാത്യരേയും (ഗലാത്യർ 3:1) മററ് അനേകരെയും വിഡ്ഢികളാക്കി. പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പെടുത്തിയും (കൊലോസ്സ്യർ 2:21,2) നമ്മുടെ ഭയങ്ങൾ മുഖേനയും ഇന്നത്തെ ക്രിസ്ത്യാനികളെ അവൻ വിധേയരാക്കുന്നു.

പക്ഷേ ദൈവ വചനം പറയുന്നത് ''സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി—ആകയാൽ അതിൽ ഉറച്ചു നിൽപിൻ, (ഗലാത്യർ 5:1) കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്. (റോമർ 6:11) പാപത്തിന് നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ല. പക്ഷേ നാം പാപം ചെയ്തുപോയി എന്നതിൽ നൈരാശ്യം തോന്നുകയും വേണ്ട. പത്രോസിന് തന്റെ സഹോദരന്മാരെ ഉറപ്പിക്കുവാൻ സാധിച്ചത് (ലൂക്കോസ് 22:32) അവൻ കഠിനമായ പാപത്തിൽനിന്നും രൂപാന്തരം പ്രാപിച്ചവൻ ആയിരുന്നതുകൊണ്ടാണ്.

---

## ജനുവരി 7

---

''ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്ന് കണ്ടു.'' (ഉല്പത്തി 6:2)

'സെഫർ ഇരാഹ്മീൽ' എന്ന യഹൂദ പുസ്തകത്തിൽ പഴയ നിയമത്തിലെ യോസേഫിനെപററി ഇപ്രകാരം ഒരു കഥയുണ്ട്. ഉന്നതരായ അനേകം ഈജ്പ്ഷ്യൻ വനിതകൾ പൊത്തിഫേറിന്റെ ഭവനത്തിൽ അവന്റെ എബ്രായ സേവകന്റെ സൗന്ദര്യം ആസ്വദിക്കുവാനായി എത്തി. പൊത്തിഫേറിന്റെ ഭാര്യ അവർ ഓരോരുത്തർക്കും ഓരോ ആപ്പിളും അത് മുറിക്കുവാനായി ഓരോ കത്തിയും നൽകി. യോസേഫ് അവരുടെ മുറിയിലേക്ക് ചെന്നപ്പോൾ അവന്റെ സൗന്ദര്യം കണ്ട് സ്തബ്ദരായ വനിതകൾ എല്ലാവരുടേയും കൈയ്യ് കത്തികൊണ്ട് മുറിഞ്ഞു. പൊത്തിഫേറിന്റെ ഭാര്യ അവരോട് പറഞ്ഞു: ''ഒരു നിമിഷ നേരത്തേയ്ക്ക് അവനെ കണ്ടപ്പോഴേയ്ക്കും നിങ്ങൾ ഇത്രമാത്രം വിവശരായിപ്പോയല്ലോ. എപ്പോഴും അവനെ കണ്ടുകൊണ്ടിരിക്കുന്ന ഞാൻ വികാര പരവശയായിരിക്കുന്നത് എന്താണ് എന്ന് നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയും.

പൊത്തിഫേറിന്റെ ഭാര്യയും വളരെ സുന്ദരി ആയിരുന്നിരിക്കണം. പക്ഷേ വിശുദ്ധനായ യോസേഫ് പാപം ചെയ്യുവാൻ വിസമ്മതിച്ചു. നാം അവനെ അനുകരിക്കേണ്ടതാണ്. പക്ഷേ ഈ കാര്യത്തിൽ ആരെങ്കിലും

പാപത്തിൽ പെട്ടുപോയെങ്കിൽ അവനെ കഠിനമായി കുററം വിധിക്കരുത്. പകരം മാനുഷികമായ ദൗർബല്യങ്ങൾക്ക് അടിമയാകുന്നവരോട് നാം അനുകമ്പയുള്ളവരായിരിക്കേണം. നമ്മുടെ ഏററവും ശക്തമായ ഒരു വികാരമാണ് ലൈംഗികവികാരം എന്ന് മനസ്സിലാക്കേണ്ടതുണ്ട്. നാം വളരെയധികം പരീക്ഷിക്കപ്പെടുകയോ പാപത്തിൽ അകപ്പെടുകയോ ചെയ്താൽ തന്നെയും നിരാശപ്പെടരുത്. വേദപുസ്തകത്തിലെ ആദ്യ പുസ്തകത്തിൽ ദൈവത്തിൻെറ പുത്രന്മാർ പോലും (ഇതിന് പല വ്യാഖ്യാനങ്ങൾ ഉണ്ട്) അവർ ആരായിരുന്നാലും, ഈ പരീക്ഷണത്തിന് വശംവദരായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് പ്രത്യാശയ്ക്കു കാരണമായിരിക്കട്ടെ.

"പാപം ചെയ്യരുത്; ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിൻെറ അടുക്കൽ ഉണ്ട്." (1 യോഹന്നാൻ 2:1) എന്ന് എഴുതിയിരിക്കുന്നു.

ഈ പരീക്ഷ വളരെ ശക്തിയേറിയതാകയാൽ അതിന്മേലുള്ള വിജയവും ലൈംഗീക കാര്യങ്ങളിൽ പാപം ചെയ്യാൻ വിസമ്മതിക്കുന്നതും വളരെ മഹത്വപൂർണ്ണമാണ്.

---

## ജനുവരി 8

"വിതെയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു. പറവകൾ വന്ന് അവ തിന്നുകളഞ്ഞു." (മത്തായി 13:4)

ചില മനുഷ്യർ ദൈവ വചനം വളരെ സന്തോഷത്തോടെ ശ്രവിക്കുമ്പോൾ മററ് ചിലർ ദുഷ്ടാത്മാക്കളായ പറവകൾ ഈ നല്ല വിത്തുകൾ തിന്ന് നശിപ്പിക്കുവാൻ അനുവദിക്കുന്നത് എങ്ങനെ?

പഴയ നിയമത്തിൽ യോസേഫിനോടൊപ്പം കാരാഗ്രഹത്തിൽ ഉണ്ടായിരുന്ന ഫറവോൻെറ അപ്പക്കാരുടെ പ്രമാണി തൻെറ ഒരു സ്വപ്നം യോസേഫിനോട് വിവരിക്കുന്നു. "ഞാനും സ്വപ്നത്തിൽ എൻെറ തലയിൽ വെളുത്ത അപ്പമുള്ള മൂന്ന് കൊട്ട കണ്ടു. മേലത്തെ കൊട്ടയിൽ ഫറവോൻെറ അപ്പത്തരങ്ങൾ ഒക്കെയും ഉണ്ടായിരുന്നു. പക്ഷികൾ എൻെറ തലയിലെ കൊട്ടയിൽ നിന്ന് അവയെ തിന്നു കളഞ്ഞു എന്നു പറഞ്ഞു." (ഉല്പത്തി 40:16-17)

യോസേഫ് ആ സ്വപ്നത്തിൻെറ അർത്ഥം വിവരിച്ചത് അപ്പക്കാരുടെ പ്രമാണിയെ മൂന്നു ദിവസത്തിനകം തൂക്കിക്കൊല്ലും എന്നായിരുന്നു.

ഡുബനിയിലെ വിഖ്യാതനായ റബ്ബിയോട് ഇത് യോസേഫ്എങ്ങനെ അറിഞ്ഞു എന്നു ചോദിച്ചു. അവൻ ഉത്തരം പറഞ്ഞത്. "ഒരു ചിത്രകാരൻ ഒരിക്കൽ തലയിൽ ഒരു കുട്ട അപ്പവുമായി നില്ക്കുന്ന ഒരു മനുഷ്യൻെറ ചിത്രം വരച്ചു. പക്ഷികൾ യഥാർത്ഥ അപ്പമെന്ന് വിശ്വസിച്ച് ചിത്രത്തിൽ നിന്നും അപ്പം തിന്നുവാൻ വന്നു. ഒരു മനുഷ്യൻ പറഞ്ഞു. 'എത്ര നല്ല ചിത്രകാരൻ! അപ്പം എത്ര യഥാർത്ഥമായി വരച്ചു.' എന്നാൽ അവൻ നല്ല ചിത്രകാരൻ ആയിരുന്നില്ല. അവൻ ആ മനുഷ്യനെ അവൻെറ യഥാർത്ഥ രൂപത്തിൽ വരച്ചിരുന്നെങ്കിൽ

പക്ഷികൾ ഭയന്നു പോയേനെ. ഇതേപോലെ തന്നെ, അപ്പ പ്രമാണിയുടെ അടുത്ത് പക്ഷികൾ വന്നു എങ്കിൽ അവൻ മരിച്ചിരിക്കേണം എന്ന് യോസേഫ് മനസ്സിലാക്കി.''

ദൈവ വചനത്തിലെ വിത്തുകൾ, ഒരു കെട്ടിവച്ച കോലം പോലെയുള്ളവനിൽ നിന്നല്ലാതെ ഒരു യഥാർത്ഥ ക്രിസ്ത്യാനിയിൽ നിന്നും ദുഷ്ടാത്മാക്കൾക്ക് എടുത്തുകൊണ്ടുപോകുവാൻ സാദ്ധ്യമല്ല. ഈ കോലങ്ങൾ ദുഷ്ടാത്മാക്കളെ പേടിപ്പിക്കുന്നില്ല. നിങ്ങളുടെ വിശ്വാസം അടിയുറച്ചതാണ് എന്നു ഉറപ്പുവരുത്തുക.

## ജനുവരി 9

''നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പിൻ.''

(യിരെമ്യാവ് 6:16)

ഒരു വേട്ടക്കാരൻ തൻെറ പട്ടിയോട് വിളിച്ചു പറഞ്ഞു. ''നീറോ, തിരിഞ്ഞു നോക്കൂ.'' ''ഞാൻ ഒന്നും വിട്ടുപോയിട്ടില്ല'' എന്ന അർത്ഥത്തിൽ നീറോ കണ്ണുകൾ ഉയർത്തി യജമാനനെ നോക്കി.

ഇത്രമാത്രം തിരയാൻ തക്കവണ്ണം ക്രിസ്ത്യാനികൾ എന്താണ് വിട്ടുപോയത്. ചിലർ പുതിയ വിശ്വാസ മുറകളും, നടപടിക്രമങ്ങളും അന്വേഷിച്ച് മന്ത്രവാദത്തിലേക്കുവരെ എത്തിയിട്ടുണ്ട്. പഴയ പാത അവർക്കായി കാത്തിരിക്കുന്നു. വിശ്വസ്തരായിരുന്ന ഹാബേലിനേയും, ദാവീദിനേയും, മഗ്ദലമറിയത്തേയും, പത്രോസിനേയും, രക്ഷിച്ചതായ വിശ്വാസം നമുക്കും സ്വീകാര്യമായിരിക്കേണ്ടതല്ലേ. ക്രിസ്തുമതത്തിന് ആചാരങ്ങളിൽ എന്തെങ്കിലും കുറവ് ഉണ്ട് എന്ന് കരുതുന്നത് ശരിയല്ല. നാം അവ ശരിയായി ആചരിച്ചിട്ടില്ല എന്നതാണ് വാസ്തവം. നമുക്കായി ചിന്തിയ ക്രിസ്തുവിൻെറ രക്തത്തേക്കാൾ മെച്ചമായ രക്ഷാമാർഗം ഒന്നും നമുക്ക് കണ്ടെത്തുവാൻ കഴിയുകയില്ല. സ്നേഹത്തെപ്പററി ക്രിസ്തുവിൻെറ ഉപദേശങ്ങളേക്കാൾ മെച്ചമായ ഉപദേശങ്ങളും നമുക്ക് കണ്ടെത്താനാവില്ല.

ലൂറിലെ ആർട്ട് ഗാലറികളിലൂടെ സഞ്ചരിച്ച് മടുപ്പുതോന്നിയ ഒരു സന്ദർശകൻ ഗാർഡിനോട് പറഞ്ഞു: ''ഈ ചിത്രങ്ങളിൽ വലിയ പ്രത്യേകതകൾ ഒന്നും ഞാൻ കാണുന്നില്ല.'' ഗാർഡ് മറുപടി പറഞ്ഞു. ''ഈ ചിത്രങ്ങൾ നാം വിലയിരുത്തേണ്ടവയല്ല. നാമാണ് അവയാൽ വിലയിരുത്തപ്പെടുന്നത്.''

ക്രിസ്തുമതം വളരെക്കാലമായി തെളിയിക്കപ്പെട്ടിട്ടുള്ള ഒരു മാർഗമാണ്. അത് മനുഷ്യൻെറ അഭിപ്രായ പ്രകടനങ്ങൾക്ക് അതീതമായ സ്ഥാനം കൈവരിച്ചിരിക്കുന്നു. ഭൂമിയിൽ നിന്നും സ്വർഗത്തിലേക്കെത്തുന്ന കുരിശാണ് അതിൻെറ അടയാളം. എല്ലാ മതങ്ങളും, എല്ലാ വിചാര ധാരകളും, എല്ലാ തത്വശാസ്ത്രങ്ങളും, എല്ലാ ചിന്തകന്മാരും, എല്ലാ സത്യാന്വേഷികളും അളക്കപ്പെടുന്നതിനുള്ള മാനദണ്ഡമാണ് കുരിശ്. ക്രിസ്തു മാർഗ്ഗത്തിൻെറ

ആകർഷകത മനസ്സിലാക്കി അതിൻെറ സ്ഥാപകനേയും തത്വങ്ങളേയും നമുക്ക് പിന്തുടരാം. അല്ലെങ്കിൽ നീചൻമാരായ വ്യക്തികളുടെ കണ്ടുപിടുത്തങ്ങളായ വികൃത വിശ്വാസധാരകളേയും വേദപുസ്തകത്തിൽ പരാമർശിച്ചിട്ടുളള (ഇയ്യോബ് 30:8, ആവർത്തനം 13:13) തരം വ്യക്തികളേയും പിൻതുടർന്ന് നിത്യശിക്ഷാവിധിക്ക് പാത്രമാകും.

നമുക്ക് ബുദ്ധിപൂർവ്വം ഒരു തീരുമാനം എടുക്കാം—നിത്യതയിലേക്ക്.

---

## ജനുവരി 10

---

"എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്ത് കരഞ്ഞ്കൊണ്ട് നിന്നു......യേശുവിൻെറ ശരീരം കിടന്ന ഇടത്ത് വെളളവസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ ഒരുത്തൻ തലയ്ക്കലും ഒരുത്തൻ കാല്ക്കലും ഇരിക്കുന്നത് കണ്ടു."
(യോഹന്നാൻ 20:11,12)

ഒരു ശവകുടീരത്തെ രണ്ടു വിധത്തിൽ വീക്ഷിക്കുവാൻ സാധിക്കും. പത്രോസും യേശുവിൻെറ മററ ശിഷ്യനും ഉയിർപ്പിൻെറ അന്നു രാവിലെ അവരുടെ യജമാനൻെറ കല്ലറയ്ക്കൽ ചെന്നപ്പോഠം അത് ശൂന്യമായിരിക്കുന്നതും യേശുവിൻെറ ശരീരം പൊതിഞ്ഞ ശീലകഠം കിടക്കുന്നതും കണ്ടു. ശൂന്യമായ കല്ലറയ്ക്കുളളിലേക്ക് മഗ്ദലനക്കാരി മറിയയും നോക്കി. പക്ഷേ അവഠം യേശുവിൻെറ ശരീരം കിടന്ന സ്ഥാനത്ത് രണ്ട് ദൂതൻമാരെ കണ്ടു. ഇന്ന് ചിലർ ക്രിസ്തീയ സംസ്കാരത്തിൻെറ നാശം മാത്രം കാണുന്നു. എങ്കിലും മററ് ചിലർ ഈ ഭയാനകമായ അവസ്ഥക്കപ്പുറമായി മാലാഖമാർ ദൈവരാജ്യത്തിന് വഴി ഒരുക്കുന്നതായി കാണുന്നു.

മനുഷ്യന് എങ്ങനെ മാലാഖമാരെ കാണുവാൻ സാധിക്കും. എങ്ങനെ അവരുടെ സാന്നിദ്ധ്യം മനസ്സിലാക്കുവാൻ കഴിയും? അപ്പോസ്തോലൻമാർ യേശുവിനുവേണ്ടി സജീവമായി പ്രവർത്തിച്ചു. മറിയ കർത്താവിൻെറ കാല്ക്കൽ ഇരുന്നു അവൻെറ വചനം കേട്ടുകൊണ്ടിരുന്നു. (ലൂക്കോസ് 10:39) അവൻെറ വചനം മോശയേയും മററ് പ്രവാചകൻമാരേയും പററിയുമായിരിക്കും എന്നതിൽ സംശയമില്ല. അവഠം അവനിൽ നിന്നും പല പരിശുദ്ധൻമാരുടേയും വിശ്വാസ സാക്ഷികളേയും പററിയുളള കഥകഠം കേഠക്കുകയും അവയുമായി സുപരിചിതയാകുകയും ചെയ്തു.

പരിശുദ്ധൻമാരുടേയും രക്തസാക്ഷികളുടേയും ഉദാഹരണങ്ങഠം തങ്ങളുടെ ഉപദേശങ്ങളിൽ ഉഠക്കൊളളിക്കാത്ത സഭ അതിൻെറ സുപ്രധാനമായ ഘടകമാണ് നഷ്ടപ്പെടുത്തുന്നത്. "ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു." (1 കൊരിന്ത്യർ 10:11)) എന്ന് ഓർത്തുകൊണ്ട് "മോശയേയും മററ് പ്രവാചകൻമാരേയും"പററി വായിക്കുക. നിങ്ങഠം ക്രിസ്തുവിന് വേണ്ടി പീഢനം സഹിക്കുന്നവരുമായി ബന്ധപ്പെടുക. അപ്പോഠം നിങ്ങളുടെ കണ്ണുകഠം തുറക്കപ്പെടും.

## ജനുവരി 11

"നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും."

(മത്തായി 7:2)

രണ്ടു സുഹൃത്തുക്കൾ ഒരു നദിക്കരയിലൂടെ ഉലാത്തുകയായിരുന്നു. ഒരാൾ കാലുതെററി വെള്ളത്തിൽ വീണു. 'സഹായിക്കണേ, എനിക്ക് നീന്തുവാനറിയില്ല' എന്ന് അവൻ വിളിച്ചുകൂവി. അവൻെറ സുഹൃത്ത് മറുപടി പറഞ്ഞു. "അതിന് നീ വിളിച്ചുകൂവേണ്ട കാര്യമെന്താണ്? എനിക്കും നീന്തറിയാൻ പാടില്ല. പക്ഷേ ഞാൻ നിന്നെപ്പോലെ ബഹളം ഉണ്ടാക്കുന്നുണ്ടോ?"

ചിലപ്പോൾ നാം മററുള്ളവരെ അവരുടെ മുൻകോപം, സംസ്കാരശൂന്യത മുതലായവയെപ്പററി കുററം വിധിക്കാറുണ്ട്. നാം മെച്ചമായി പെരുമാറുന്നുണ്ടായിരിക്കാം; പക്ഷേ അവരെപ്പോലെ അഗാധതയിൽ പതിച്ച അനുഭവം നമുക്ക് ഉണ്ടായിരുന്നില്ല എന്ന് വന്നുകൂടെ?

കർത്താവ് ചിലരെ വിഡ്ഢികൾ എന്ന് വിളിച്ചു (ലൂക്കോസ് 11:40) ഒരു പരീശൻ അവനോടുകൂടെ അത്താഴം കഴിക്കാൻ കർത്താവിനെ ക്ഷണിച്ചു. പരീശൻ ദേഷ്യമുളവാകത്തക്കപോലെ ഒരു വാക്കു പോലും ഉരിയാടിയതായി രേഖപ്പെടുത്തിയിട്ടില്ല. ഭക്ഷണത്തിന് മുമ്പ് യേശു കൈ കഴുകിയില്ലല്ലോ എന്ന് അവൻ അത്ഭുതപ്പെട്ടു കാണുകയേ ഉള്ളു. എന്നിട്ടും യേശു യാതൊരു പ്രകോപനവും കൂടാതെ തൻെറ ആതിഥേയനേയും അവൻെറ സുഹൃത്തുക്കളേയും "വിഡ്ഢികൾ" എന്നു വിളിച്ച് അധിക്ഷേപിക്കുകയുണ്ടായി. ഈ വിരുന്നിൽ അതിഥിയായി വന്ന ഒരു ന്യായ ശാസ്ത്രി യേശുവിനെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. യേശുവിൻെറ ക്രോധം അവനോടായി. "ന്യായ ശാസ്ത്രിമാരായ നിങ്ങൾക്ക് അയ്യോ കഷ്ടം....." (ലൂക്കോസ് 11:52) ഇന്നത്തെ ആതിഥേയർ ഇത്തരം പെരുമാററം സഹിക്കും എന്ന് തോന്നുന്നില്ല.

പെരുമാററശുദ്ധിയില്ലാത്ത നമ്മുടെ പരിചയക്കാരെ നാം ക്രൂരമായി കുററം വിധിക്കുന്നു. നാം യേശുവിനേയും കുററപ്പെടുത്തുമായിരുന്നു. അന്ധരായ നേതാക്കന്മാരാൽ വഴിതെററിക്കപ്പെട്ട തൻെറ ജനം സുപ്രധാനമായ രക്ഷയുടെ ദൂത് നിരസിക്കുന്നത് കണ്ടുകൊണ്ടുള്ള അവൻെറ അഗാധ ദുഃഖത്തിലൂടെ കടന്നു പോകുവാൻ നമുക്ക് അവസരമുണ്ടായിരുന്നോ? മറെറാരുവൻെറ ചെരുപ്പ് ധരിച്ച് ഒരു മൈൽ എങ്കിലും നടക്കുന്നതിന് മുമ്പ് അവനെപ്പററി ന്യായവിധി നടത്തരുത്.

## ജനുവരി 12

"അവൻ ദൈവ രൂപത്തിൽ ........തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളംതന്നെ." (ഫിലിപ്പിയർ 2:7)

ഇബ്രാഹിം രാജാവ് ദൈവത്തെ അന്വേഷിച്ചു എങ്കിലും കണ്ടെത്തിയില്ല. ഒരു രാത്രിയിൽ തൻെറ കൊട്ടാരത്തിൻെറ മേൽക്കൂരയിൽ ആരോ ഉറച്ച

കാൽവയ്പോടെ നടക്കുന്ന ശബ്ദം കേട്ടു. അത് ആരാണ് എന്ന് അന്വേഷിച്ചു ചെന്നപ്പോൾ തൻെറ ആത്മീയ കാര്യങ്ങളിൽ പങ്കാളിയായ ഏററവും അടുത്ത സുഹൃത്തായിരുന്നു എന്നു കണ്ടു. രാജാവ് ഉടനെ ചോദിച്ചു. "നീ ഈ മേൽക്കൂരയിൽ എന്തെടുക്കുന്നു."

"ഞാൻ ഒട്ടകങ്ങളെ തിരയുന്നു."

"എന്തു വിഡ്ഢിത്തരമാണ് ഒട്ടകങ്ങളെ കൊട്ടാരത്തിൻെറ മേൽക്കൂരയിൽ തിരയുക എന്നത്?" ഇതിൻെറ മറുപടിയായി രാജാവിൻെറ സുഹൃത്ത് പറഞ്ഞു: "സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ദൈവത്തെ തിരയുന്നത് എന്തുവിഡ്ഢിത്തരമാണ്."

ദൈവം എല്ലാവരേയും ഓരോ ജോലി ഭരമേൽപ്പിച്ചിട്ടുണ്ട്—ഒരുവൻ രാജാവായിരിക്കും. അല്ലെങ്കിൽ ധനികനായ കച്ചവടക്കാരൻ ആകാം. അല്ലെങ്കിൽ ഇടത്തരം ഒരു വീട്ടമ്മയോ ഒരു തൊഴിലാളിയോ ആകാം. നാം നമ്മെ ഏല്പിച്ചിരിക്കുന്ന വേല താഴ്മയോടും സന്തോഷത്തോടും, സ്നേഹത്തോടും കൂടെ ചെയ്യേണ്ടതാകുന്നു. നാം കീർത്തി, ബഹുമതികൾ, ധനം എന്നിവയാൽ ബന്ധിതരായി ദൈവത്തെ അന്വേഷിക്കുന്ന ഓരോ ചുവടും നിഷ്ഫലമാകുന്നു. തൻെറ പ്രജകളുടെ ദാസനാണ് താൻ എന്നു കരുതുന്ന ഒരുവന് മാത്രമേ ഒരു ക്രിസ്ത്യാനിയായ രാജാവ് ആകുവാൻ പററുകയുള്ളു.

സാമൂഹിക സ്ഥാനമാനങ്ങളും ഭൗതീക സമ്പത്തുകളും എളുപ്പം നഷ്ടപ്പെടുന്നവയാണ്. യേശു വളരെ നേരത്തെ തന്നെ ഉപദേശിച്ചിരിക്കുന്നത് "പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവീൻ. നിൻെറ നിക്ഷേപം ഉള്ളേടത്ത് നിൻെറ ഹൃദയവും ഇരിക്കും." (മത്തായി 6:19-21)

ഏററവും ഉയരത്തിൽ ഇരുന്നവനായ യേശു ദാസരൂപം എടുത്ത്.......തന്നെത്താൻ താഴ്ത്തി. (ഫിലിപ്പിയർ 2:7,8) നമുക്കും അവൻെറ ചുവടുകളെ പിൻതുടരാം. അല്ലാത്തപക്ഷം ദൈവത്തോട് അടുക്കുവാനുള്ള നമ്മുടെ എല്ലാ പ്രയത്നവും വൃഥാവാകും.

## ജനുവരി 13

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." (ഉല്പത്തി 1:1)

നിരീശ്വരവാദിയായ ഒരു ചെരുപ്പുകുത്തി തൻെറ മകനോട് പ്രകൃതി തനിയെ ഉണ്ടായതാണ് എന്നു പറഞ്ഞു. മകൻ മറുപടി പറഞ്ഞു: "അങ്ങനെയെങ്കിൽ പ്രകൃതി മുഴുവൻ ഉണ്ടാക്കുകയാണ് ഒരു ജോഡി ചെരുപ്പ് ഉണ്ടാക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞത്. ചെരുപ്പുണ്ടാക്കാൻ നാം കഠിനമായി പ്രയത്നിക്കണമല്ലൊ? പ്രകൃതി മുഴുവൻ തന്നെ സ്വയം ഭൂവായതാണെങ്കിൽ നിരീശ്വരവാദം പ്രചരിപ്പിക്കുന്ന പുസ്തകങ്ങൾ കൂടി അപ്രകാരം ഉണ്ടായി വരുവാനായി അവർ പ്രകൃതിയെ അനുവദിക്കാത്തതെന്തു

കൊണ്ടാണ്? അത്തരം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനായി അവർ തീഷ്ണമായി പ്രയത്നിക്കുന്നതെന്തിനാണ്? നിരീശ്വരവാദികളുടെ പുസ്തകങ്ങൾ പോലും ഒരു ക്രമാനുസൃതമായ വസ്തുവിൻെറ സൃഷ്ടിക്കു പിന്നിൽ ബുദ്ധിപൂർവ്വമായ പ്രവർത്തനം ഉണ്ട് എന്ന വസ്തുതയ്ക്ക് തെളിവാണ്.

സൃഷ്ടാവിനെ അംഗീകരിക്കുക, അവനെ ആരാധിക്കുക; ഫലമില്ലാത്ത വ്യർത്ഥ ചിന്തകളിൽ സമയം നഷ്ടപ്പെടുത്താതിരിക്കുക. ലോകസൃഷ്ടിക്കു മുമ്പ് ദൈവം എന്താണ് ചെയ്തിരുന്നത് എന്ന ചോദ്യത്തിന് മറുപടിയായി ലൂഥർ പറഞ്ഞു "വിഡ്ഢിചോദ്യങ്ങൾ ചോദിക്കുന്നവരെ തല്ലാൻ അവൻ വനത്തിൽ ചെന്ന് വടിവെട്ടുകയായിരുന്നു."

ഈ ഹാസ്യാത്മകമായ മറുപടിയിലും മെച്ചമായ ഒരു ഉത്തരം ഉണ്ട്. പിതാവായ ദൈവം സൃഷ്ടിക്കു മുൻപേ എന്താണ് ചെയ്തിരുന്നത് എന്ന് കർത്താവ് പറയുന്നുണ്ട്. ലോക സ്ഥാപനത്തിന് മുമ്പ് അവൻ ക്രിസ്തുവിനെ സ്നേഹിച്ചിരുന്നു. (യോഹന്നാൻ 17:24) യേശുവിനെ സ്നേഹിക്കുന്നത് ഒരു പൂർണ്ണ സമയവും ആവശ്യമായ ജോലിയാണ്. ഈ ജോലി ദൈവത്തിൻെറ അനന്തതയെ മുഴുവൻ നിറയ്ക്കുവാൻ പര്യാപ്തമാണ്. പിതാവായ ദൈവം മറെറാന്നുകൂടി ചെയ്തു. അവൻ വിശക്കുന്നവർക്ക് ആഹാരം നൽകുകയും, ദാഹിക്കുന്നവർക്ക് കുടിപ്പാൻ കൊടുക്കുകയും അപരിചിതരെ ചേർത്തുകൊള്ളുകയും, നഗ്നരെ ഉടുപ്പിക്കയും, രോഗികളെയും തടവിലായവരെയും സന്ദർശിക്കയും ചെയ്തവർക്കായി (മത്തായി 25:34-36) സ്വർഗ്ഗരാജ്യം ഒരുക്കി. സൃഷ്ടാവിനെ അംഗീകരിക്ക; യേശു "നന്മചെയ്തുകൊണ്ട് സഞ്ചരിച്ചതു" (അപ്പോ. പ്രവർത്തികൾ 10:38) പോലെ ഇപ്രകാരമുള്ള നന്മ പ്രവർത്തികൾ ചെയ്യുക.

## ജനുവരി 14

"യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ." (ഇയ്യോബ് 1:21)

തൊട്ടിലിൽ കിടക്കുന്ന തൻെറ കുഞ്ഞിനെ നോക്കിക്കൊണ്ടിരിക്കുന്ന അമ്മയെ സമീപിച്ച് ഒരു ദൂതൻ കുട്ടിയെ ആവശ്യപ്പെടുന്ന ഒരു കഥയുണ്ട്. അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു. "മരണത്തിന് എൻെറ മകനെ തരികയില്ല." മാലാഖ ചിരിച്ചുകൊണ്ട് പറഞ്ഞു. "എൻെറ പേര് മരണം എന്നല്ല, ജീവൻ എന്നാണ്. ഞാൻ അവന് പകരമായി മററ് ആരെയെങ്കിലും തരാം." അവൻ നല്ല മിടുക്കനായ ഒരു കുഞ്ഞിനെ കാണിച്ചു. അവൾ സമ്മതിച്ചില്ല. ശക്തിമാനായ ഒരു യുവാവിനെ കാണിച്ചു. അവൾ നിരാകരിച്ചു. വീണ്ടും പൂർണ്ണ വളർച്ച പ്രാപിച്ച പ്രയത്നശീലനായ ഒരുവനെ കാണിച്ചു. അവൾ വീണ്ടും നിരസിച്ചു. 'ഇല്ല, ഇല്ല' എന്നു പറഞ്ഞു. "ഞാൻ അവനെ മററ് ആർക്കുവേണ്ടിയും വെച്ചുമാറില്ല. എൻെറ കുഞ്ഞിനെ സൂക്ഷിക്കുവാനാണ് എനിക്കിഷ്ടം."

മാലാഖ അപ്രത്യക്ഷനായി. കാലം കടന്നുപോയി. അവൾക്ക് ആ കുട്ടിയെ

നഷ്ടപ്പെടേണ്ടി വന്നു. അവനെ ഒരു ആൺകുട്ടിയുമായി വച്ചു മാറി. ആ കുട്ടിയെ ഒരു യുവാവിനായി വെച്ചുമാറി. അങ്ങനെ വീണ്ടും ആവർത്തിച്ചു കൊണ്ടിരുന്നു.

എന്തിനാണ് മരണത്തെ ഭയക്കുന്നത്. നമ്മുടെ ജീവിതത്തിൽ നഷ്ടമാകാത്തത് മരണത്തിലും നമുക്ക് നഷ്ടമാകുന്നില്ല നമ്മുടെ പ്രിയപ്പെട്ടവർ ദിവസവും ഒരു അവസ്ഥയിൽ നിന്ന് മറെറാരു അവസ്ഥയിലേക്കു മാറിക്കൊണ്ടിരിക്കയാണ്. നാം മരണം എന്നു പറയുന്നത് ഈ വ്യത്യസ്തമായ അവസ്ഥകളിൽ ഒന്നാണ്. പൂമൊട്ട് പൂവായി രൂപാന്തരപ്പെടുന്നു. ശലഭപ്പുഴു ചിത്രശലഭമായി മാറുന്നു. നമുക്ക് സൂര്യൻ അസ്തമിക്കുമ്പോൾ മറുഭാഗത്ത് അത് പ്രകാശിക്കുന്നുണ്ടാകും.

മാലാഖമാർ നിങ്ങളുടെ പ്രിയപ്പെട്ടവരെ എപ്പോഴെങ്കിലും കൊണ്ടുപോകുമ്പോൾ ദൈവത്തിൻെറ പ്രവർത്തനങ്ങൾ ഏററവും ഉചിതമായത് എന്ന് കണ്ട് സമാധാനിക്കുക.

## ജനുവരി 15

''നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിൻെറ മുമ്പിൽ തോല്ക്കുമാറാക്കും; അവർ ഒരു വഴിയേ നിൻെറ നേരെ വരും; ഏഴു വഴിയായി നിൻെറ മുമ്പിൽ നിന്ന് ഓടിപ്പോകും.''

(ആവർത്തനപുസ്തകം 28:7)

ഒരു ക്രൈസ്തവ ഗുരു തൻെറ ഒരു ശിഷ്യനുമായി വനത്തിൽ കൂടെ നടന്നു പോകയായിരുന്നു. ഇടുങ്ങിയ ഒരു വഴിത്താരയിൽ ശിഷ്യൻ ഗുരുവിൻെറ മുമ്പേ നടന്നു. ഒരു മുയൽ വഴിയിൽ നിന്നും വെരുണ്ട് ഓടി മാറി. ഗുരു ചോദിച്ചു. ''ആ മുയൽ എന്തിനാണ് ഓടിയത്.'' ''എന്നെ ഭയന്നിട്ടാണ്'' ശിഷ്യൻ മറുപടി പറഞ്ഞു. ''അല്ല നിന്നിലെ മാരകമായ വാസനാശക്തിയാണ് അതിന് കാരണം.''

ശത്രുക്കൾ തൻെറ മുമ്പിൽ ഭയന്നോടുന്നത് ഏതൊരു പടയാളിയേയും സന്തുഷ്ടനാക്കും. പക്ഷേ ഏററവും ശക്തനായ എതിരാളിപോലും തങ്ങളെ സ്നേഹത്തോടെ സ്വീകരിക്കും എന്ന വിശ്വാസപൂർവ്വം ആരുടെ അരുകിൽ ചെല്ലുമോ അവനാണ് കൂടുതൽ അനുഗ്രഹീതൻ.

രണ്ടാം ലോകമഹായുദ്ധത്തിൻെറ അവസാനം സോവിയററ് പട്ടാളം റുമേനിയാ കൈയടക്കി. ജർമ്മൻ പടയാളികളിൽ ഒരു നല്ല ഭാഗത്തെ തടവുകാരാക്കി. ഏതൊരു ജർമ്മൻ പടയാളിയേയും ആർക്കുവേണമെങ്കിലും വെടിവെച്ചുകൊല്ലാമായിരുന്നു. ഒരു രാത്രിയിൽ ഒരു പററം തടവുകാരെ കൊണ്ടുപോകുമ്പോൾ അവരിൽ രണ്ടു പേർ ഇരുട്ടിൽ മറഞ്ഞ് രക്ഷപ്പെട്ടു. യൂണിഫോമിനുള്ളിൽ അവരുടെ ജീവൻ അപകടത്തിലായിരുന്നു. ഒരു കെട്ടിടത്തിൽ 'ഇവാഞ്ചലിക്കൽ ലൂഥറൻ ചാപ്പൽ' എന്ന ബോർഡുകണ്ടു. റുമേനിയായിലെ ലൂഥറൻ സഭക്കാർ പലരും ജർമ്മൻ വംശജരാണ് എന്നറിയാമായിരുന്നതുകൊണ്ട് ആ തടവുകാർ അവിടേക്ക് കയറി ചെന്നു. അവിടുത്തെ പാസ്ററർ അവരെ ഹാർദ്ദവമായി സ്വീകരിച്ചു. ''ഞാൻ യഹൂദാ വംശജനും ക്രിസ്ത്യാനിയുമാണ്. എൻെറ കുടുംബം ജർമ്മൻകാരാൽ

കൊല്ലപ്പെട്ടു. ക്രിസ്തുവിൽ നിന്നും ഞാൻ സ്നേഹവും ക്ഷമയും പഠിച്ചിട്ടുണ്ട്. യഹൂദന്മാരോട് ജർമ്മൻ പടയാളികൾ ചെയ്ത പാതകങ്ങൾക്ക് ഞാൻ നിങ്ങളെ ഉത്തരവാദികളായി കണക്കാക്കുന്നില്ല. നിങ്ങൾ അത്യധികം ആപത്തിലാണ്. നിങ്ങൾ ഞങ്ങളുടെ പള്ളിയിൽ അഭയം തേടി എത്തിയവരാണ്. നിങ്ങൾ ഞങ്ങളുടെ ബഹുമാന്യരായ അതിഥികൾ ആയിരിക്കും.''

ജർമ്മൻകാരിലൊരുവൻ പറഞ്ഞു: ''നീ ഒരു വിശ്വാസി ആണ് എങ്കിൽ ഞങ്ങൾ സുരക്ഷിതരാണ്.'' അവർ അവിടെ ഒരു അഭയ സങ്കേതം കണ്ടെത്തി.

''ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പു വന്നു.'' (റോമർ 5:10) നമ്മുടെ ശത്രുക്കൾ നമ്മിൽ നിന്നും ഒളിച്ചോടേണ്ട ആവശ്യമില്ലാത്തതരം ഉന്നത വ്യക്തികളായി ജീവിപ്പാൻ നമുക്ക് ശ്രമിക്കാം.

---

## ജനുവരി 16

---

''അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.''
(1 യോഹന്നാൻ 4:19)

ഇത് ഞാൻ കേട്ടറിഞ്ഞ സംഭവമാണ്. സോവിയററ് സൈന്യം കിഴക്കൻ യൂറോപ്പ് ആക്രമിച്ചപ്പോൾ ഒരു റഷ്യൻ ഓഫീസർ ഒരു ചിത്രകാരന്റെ ഭവനത്തിൽ എത്തി. ചിത്രകാരൻ അയാളുടെ മനോഹരമായ മുഖം കണ്ടിട്ട് തന്റെ ചിത്രത്തിന് ഒരു മോഡൽ ആകുവാൻ ആവശ്യപ്പെട്ടു. മോഡലായി ഇരുന്നുകൊടുത്ത സമയത്ത് ക്രൂശിൽ കിടക്കുന്ന യേശുവിന്റെ ചിത്രം കണ്ടിട്ട് അത് എന്താണ് എന്ന് ചോദിച്ചു. ചിത്രകാരൻ അതിനെപററി ചുരുക്കമായി വിവരിച്ചു. പക്ഷേ ആ റഷ്യൻ ഓഫീസർ പറഞ്ഞത്.

''അവൻ നല്ലവനും എല്ലാവർക്കും നിത്യമായ രക്ഷ നേടിക്കൊടുക്കുവാനും ആഗ്രഹിച്ചു എങ്കിൽ മനുഷ്യർ നിശ്ചയമായും അവനെ ക്രൂശിൽ നിന്ന് ഇറക്കുകയും അവന്റെ മുറിവുകൾക്ക് ചികിത്സ നല്കുകയും ചെയ്യുമായിരുന്നു.''

''ദയവുചെയ്തു് ചിത്രരചനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ എന്നെ ശല്യപ്പെടുത്തരുത്.'' എന്ന് ചിത്രകാരൻ മറുപടി പറഞ്ഞു.

''അവൻ സ്വതന്ത്രനാക്കപ്പെട്ടില്ല. അവൻ കുരിശിൽ മരിച്ചു. ഇത് ചെയ്യുവാനാണ് അവൻ നിയോഗിക്കപ്പെട്ടത്. നമ്മുടെ പാപങ്ങളുടെ വില അവൻ നല്കി. നമുക്ക് നമ്മുടെ പണി തുടരാം.''

ആ റഷ്യൻ ഓഫീസർ വീണ്ടും പറഞ്ഞു: ''നിങ്ങൾക്കുവേണ്ടി ബലി അർപ്പിച്ചവനോടുള്ള നിങ്ങളുടെ സ്നേഹം എത്ര അഗാധമായിരിക്കണം.'' ചിത്രകാരൻ തന്റെ ബ്രഷ് താഴെ വച്ചു. അവൻ പല പ്രാവശ്യം കുരിശിൽ കിടക്കുന്ന യേശുവിന്റെ ചിത്രം വരച്ചിട്ടുണ്ട്. പക്ഷേ അവൻ ഒരിക്കൽപ്പോലും അഗാധമായ സ്നേഹത്താൽ അല്ലായിരുന്നു ചിത്രരചന നടത്തിയത് എന്ന് മനസ്സിലാക്കി. ഒരു അവിശ്വാസിയായ മോഡൽ, ക്രിസ്തുവിനെ സ്നേഹിക്കേണ്ടത് എങ്ങനെ എന്ന് അവനെ പഠിപ്പിച്ചു.

## ജനുവരി 17

"സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിനു മീതെ മനുഷ്യ സാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു." (യെഹെസ്കേൽ 1:26)

മുകളിൽ കൊടുത്തിരിക്കുന്ന വാക്യത്തിന്റെ തൊട്ടടുത്ത വാക്യം ഇപ്രകാരമാണ്. "അവന്റെ അര മുതൽ മേലോട്ടു അതിനകത്തു ചുററും തീക്കൊത്ത ശുക്ള സ്വർണ്ണം പോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ട് തീപോലെ ഞാൻ കണ്ടു. അതിന് ചുററും പ്രകാശവും ഉണ്ടായിരുന്നു."

റാഷി എന്ന വിഖ്യാതനായ യഹൂദ പണ്ഡിതൻ ഈ വാക്യത്തെപ്പററി ഇപ്രകാരമാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. "ഈ വാക്യത്തെപ്പററി ചിന്തിക്കുവാൻ ആരും അനുവദിക്കപ്പെട്ടിട്ടില്ല." എന്താണ് കാരണം? നമുക്ക് അത് ഊഹിക്കാവുന്നതേയുള്ളു. ഇതിന് കാരണം യെഹെസ്കേൽ തന്റെ വെളിപാടിൽ കണ്ട ദൈവത്തിന്റെ വർണ്ണന അവന്റെ മനുഷ്യ സാദൃശ്യത്തെ സൂചിപ്പിക്കുന്നു എന്നതാണ്. യേശു എന്ന മനുഷ്യനായി ദൈവത്തിന്റെ പുത്രൻ അവതരിച്ചു എന്ന ക്രിസ്ത്യൻ വിശ്വാസത്തെ ഈ വെളിപാട് തെളിയിക്കുന്നുണ്ട്.

"തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്ക് അവർ നോക്കും." (സെഖര്യാവ് 12:10) എന്ന സെഖര്യാവിന്റെ വാക്കുകളെപ്പററി റാഷി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ വാക്കുകൾ മശിഹാ രാജാവിനെപ്പററിയുള്ളതാണ് എങ്കിലും നാം ഇത് എസെക്കിയാ രാജാവിനെ പററിയുള്ളതാണ് എന്ന് പറഞ്ഞാൽ മതി. അല്ലാത്ത പക്ഷം ക്രിസ്ത്യാനികൾക്കാവും അതിന്റെ നേട്ടം."

അനേക ലക്ഷം നിരപരാധികളുടെ രക്തത്തിന് ഉത്തരവാദികൾ എന്ന നിലയിൽ ക്രിസ്ത്യാനികളോട് യഹൂദന്മാർക്കുള്ള വെറുപ്പ് നമുക്ക് മനസ്സിലാക്കാം. എന്നിരിക്കിലും മശിഹായെ പററിയുള്ള ക്രിസ്തീയ വിവരണം ശരിയാണ് എന്നും പുരാതന യഹൂദ പ്രവചനങ്ങൾക്ക് അനുസൃതമാണ് അത് എന്നും തെളിയുന്നുണ്ട്. നമുക്ക് ഈ പ്രവചനങ്ങൾ യഹൂദന്മാരെ മനസ്സിലാക്കിക്കൊടുത്ത് അവരെ ക്രിസ്തുവിങ്കലേക്കു ക്ഷണിക്കാം.

## ജനുവരി 18

"എന്നാൽ അവർ കാററുകണ്ട് പേടിച്ചു." (മത്തായി 14:30)

ഒരു അത്ഭുതം സംഭവിച്ചു. പ്രകൃതി വിരുദ്ധമായി യേശുവിന്റെ ആജ്ഞപ്രകാരം പത്രോസ് വെള്ളത്തിന് മുകളിൽ കൂടി നടന്നു. അവൻ വെള്ളത്തിന് മീതെ നടന്നപ്പോൾ പേടിച്ചത് കാററ് പ്രചണ്ഡമായതിനാലാണോ? യേശുവിന് ഇങ്ങനെ ഒരു അത്ഭുതം ശാന്തമായ കാലാവസ്ഥയിൽ മാത്രമേ ചെയ്യുവാൻ സാധിക്കയുള്ളോ?

മറെറാരു സമയത്ത് ശിഷ്യന്മാർ ചുഴലിക്കാററ് അടിച്ച് പടകിൽ തിരകൾ തള്ളിക്കയറി അത് "മുങ്ങുമാറായി" (മർക്കോസ് 4:37) എന്ന് കണ്ട് ഭയന്നു.

അവരുടെ കരച്ചിൽ കേട്ട് അവൻ കാററിനേയും കടലിനേയും ശാസിച്ചു ശാന്തമാക്കി. അപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു. പക്ഷേ പടകിൽ നിറച്ച് വെള്ളമായാൽ കടല് ശാന്തമാണ് എങ്കിലും മുങ്ങിപ്പോകും.

ഇവിടെ അത്ഭുതം യേശു കടലിനെ ശാസിച്ചു എന്നുള്ളതല്ല. പിന്നെയോ യേശുവിൻെറ പടക് കഴിഞ്ഞ രണ്ടായിരം വർഷമായിട്ട് അനുകൂലവും പ്രതികൂലവുമായ കാലാവസ്ഥയിലും മതനിന്ദ, ഭിന്നത, പാപം എന്നിവയാൽ നിറഞ്ഞതായിട്ടും കൂടി അത് യാത്ര തുടരുന്നു എന്നതാണ്. ഹൈഡ്രോഡൈനാമിക്സ് നിയമങ്ങൾ അനുസരിച്ചാണെങ്കിൽ അത് എന്നേ മുങ്ങേണ്ടതായിരുന്നു.

നിങ്ങൾ ജീവിതത്തിൽ പല പല ബുദ്ധിമുട്ടുകൾ തരണം ചെയ്തുകാണും. അതിൻെറ കൂട്ടത്തിൽ ഒന്നുകൂടെ വരുന്നതിൽ ഭയപ്പെടേണ്ട. ഇവയെല്ലാം ഇന്നുവരേയും നിങ്ങൾ തരണം ചെയ്തത് ഒരു അത്ഭുതം മുഖേനയാണ്.

യേശുവിൻെറ കല്ലറയുടെ വാതില്ക്കലെ കല്ല് ഒരു ദൂതൻ ഉരുട്ടി മാററിക്കളഞ്ഞു. "അത് ഏററവും വലുതായിരുന്നു." (മർക്കോസ് 16:4) നിങ്ങളുടെ ഭാരം മുമ്പത്തേക്കാളും വലുതായാലും ദൈവം നിങ്ങളുടെ സഹായത്തിനായി ദൂതന്മാരെ അയയ്ക്കും.

"ഭയപ്പെടേണ്ട" എന്ന വാക്ക് വേദപുസ്തകത്തിൽ 366 പ്രാവശ്യം കാണുന്നു. ഒരു വർഷത്തിൽ ഓരോ ദിവസത്തേയ്ക്കും ഓരോ പ്രാവശ്യവും—അധിവർഷത്തേക്ക് കൂടുതലായി ഒന്നും.

---

## ജനുവരി 19

---

> "തൂക്കിയ ദുഷ്പ്രവർത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു അല്ലയോ? ............യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്ന് പറഞ്ഞു. യേശു അവനോട്: ഇന്ന് നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്ന് സത്യമായി നിന്നോട് പറയുന്നു എന്ന് പറഞ്ഞു." (ലൂക്കോസ് 23:39,42,43)

തൻെറ മരണത്തിനു മുമ്പ് ലെനിൻ ഒരു പുരോഹിതനോട് പറഞ്ഞു: "ഞാൻ തെററ് ചെയ്തു പീഢിതർ പലരേയും മോചിപ്പിക്കേണ്ടി വന്നു എന്നതിൽ സംശയമില്ല. പക്ഷേ ഞങ്ങളുടെ പ്രവർത്തനരീതി മററ് പീഢനങ്ങൾക്കും ക്രൂരമായ കൂട്ടക്കൊലകൾക്കും കാരണമായി. അനേക ശതം ഹതഭാഗ്യരായ നിരപരാധികളുടെ രക്തസമുദ്രത്തിൽ ആണ്ടുപോകുമോ എന്നതാണ് എൻെറ ഒരു വലിയ ഭയം. പക്ഷേ ഇനിയും തിരികെ പോവുക പ്രയാസമാണ്. റഷ്യയെ രക്ഷിക്കുവാൻ പത്ത് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസുമാർ വേണം."

ലെനിൻ ക്രിസ്തുമതത്തിൻെറ സ്വാധീനത്തിലേക്കു വന്നിരുന്നു. അദ്ദേഹം ഗപോൺ എന്ന ഓർത്തഡോക്സ് പുരോഹിതനെ (ഇദ്ദേഹത്തെ പിന്നീട് കമ്മ്യൂണിസ്ററുകാർ തൂക്കിക്കൊന്നു) കാണുകയുണ്ടായി. സോവിയററ് യൂണിയനിലെ നിരീശ്വരവാദ മാസികയായ 'നൗകാ റിലീജിയാ'

1973-ൽ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി:

''കമ്മ്യൂണിസ്റ്റ് സഹപ്രവർത്തകർ ശേഖരിച്ച ക്രൈസ്തവ പണ്ഡിതരുടെ പുസ്തകങ്ങളിൽ പ്രത്യേകിച്ച് പുരാതന കൃതികളിൽ, ലെനിൻ വലിയ താല്പര്യം കാണിച്ചിരുന്നു. അദ്ദേഹം അവ വളരെ വിശദമായി പഠിച്ചു. അവരുടെ തത്വശാസ്ത്രപരമായ കൃതികളിൽ അദ്ദേഹത്തിന് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. ഒരിക്കൽ അത്തരം ചില കൈയെഴുത്തു പ്രതികൾ വായിച്ചു പഠിച്ചതിന് ശേഷം അദ്ദേഹം പറഞ്ഞു: ''എത്ര അത്ഭുതകരമായിരിക്കുന്നു! ഇതെല്ലാം എഴുതിയത് സാധാരണക്കാരായ മനുഷ്യരാണ്. മഹത്തായ പുസ്തകങ്ങൾ.''

കമ്മ്യൂണിസ്റ്റ് മാസിക ഇത്രമാത്രമേ പറയുന്നുള്ളു. ഈ കഥയ്ക്കു പിന്നിൽ എന്തൊക്കെയുണ്ടായിരുന്നു എന്ന് ആർക്കറിയാം? ഒരു പക്ഷേ മരണക്കിടക്കയിൽ വച്ചുള്ള ഒരു മാനസാന്തരവും ഉണ്ടായിരുന്നിരിക്കാം. സ്വർഗ്ഗം വിസ്മയങ്ങളുടെ സ്ഥലമാണ്. അവിടെ ക്രിസ്ത്യാനികളുടെ കൂട്ടക്കൊലയ്ക്കു കാരണക്കാരനായിരുന്നിട്ട് പിന്നീട് മാനസാന്തരപ്പെട്ട ഒരാളെ — വ്ളാഡിമീർ ലെനിനെ — കാണുമ്പോൾ നാം അത്ഭുതപ്പെട്ടേയ്ക്കാം.

നിങ്ങൾ നീചനായ ഒരു വ്യക്തിയായിരിക്കാം. നിങ്ങൾ ഇത് നിങ്ങളുടെ ജീവിതത്തിൻെറ അന്ത്യഘട്ടത്തിലായിരിക്കാം വായിക്കുന്നത്. എന്നിരുന്നാലും നിങ്ങൾക്ക് പറുദീസായിൽ എത്താം.

## ജനുവരി 20

''നീതിമാൻ തൻെറ മൃഗത്തിൻെറ പ്രാണാനുഭവം അറിയുന്നു.''

(സദൃശവാക്യങ്ങൾ 12:10)

കുതിരകൾ, മത്സരത്തിലും സർക്കസുകളിലും ഒക്കെ ചാടുന്നത് നാം സാധാരണ കണ്ടിട്ടുള്ളതാണ്. ഇവയുടെ പാദത്തിലെ എല്ല് വളരെ ബലം കുറഞ്ഞതാണ്. ഇവ ചാടുന്നതിന് ഉപയുക്തമായ മൃഗമല്ല. ഇവയെ ക്രൂരമായി മർദ്ദിച്ചാണ് ചാടുവാൻ അഭ്യസിപ്പിക്കുന്നത്. അടുത്തകാലത്തായി കുതിരയെ വൈദ്യുതാഘാതമേൽപ്പിച്ച് അഭ്യസിപ്പിക്കുന്നു—സർക്കസിലെ പരിശീലകർ അവരുടെ കയ്യിലെ ചാട്ടയിൽ ചെറിയ ബാററികൾ ഘടിപ്പിച്ചിട്ടുണ്ട്. വേലിക്കു മുകളിലും മററും കൂടി ചാടുന്നത് അഭ്യസിപ്പിക്കാൻ കുതിരയുടെ കാലിൽ ഇരുമ്പു വടി കൊണ്ട് അടിക്കുകയും ചെയ്യുന്നു. ഇവയിൽ നിന്നുള്ള വേദനമൂലം അവ കാലുകൾ ഉയർത്തുന്നു.

ഇങ്ങനെയുള്ള ചൂഷണങ്ങൾ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്.

ഞാൻ വ്യക്തിപരമായി പിരമിഡുകളെ പ്രശംസിക്കുന്നില്ല. മോശ അവയെപ്പററി എന്തെങ്കിലും പറയത്തക്ക മൂല്യമുള്ളതായി കണ്ടില്ല. അവൻ അവ പണിയുന്നതിൽ അടിമകൾക്കുണ്ടായ കഷ്ടപ്പാടുകളെ പററിയാണ് ചിന്തിച്ചത്.

കമ്മ്യൂണിസ്റ്റ് ജയിലുകളിൽ തടവുകാർ വിശന്നുപൊരിഞ്ഞാണ് കഴിയുന്നത്. ആഴ്ചയിൽ ഒരു കഷണം റൊട്ടിതന്നെ നോക്കിക്കാത്തിരിക്കേണ്ട ആഡംബരമായി കണക്കാക്കുന്നു. എന്നിരുന്നാലും തടവിലെ ക്രിസ്ത്യാനികൾ

ഈറയിൽ നിന്നും സ്വല്പം വിശ്വാസത്താൽ അവരുടെ ജനാലയ്ക്കൽ വരുന്ന പ്രാവുകൾക്കും കുരുവികൾക്കും നല്കുവാൻ മാററിവയ്ക്കുന്നു. അവ ക്രിസ്ത്യൻ തടവുകാരുടെ മുറികൾ വേർതിരിച്ച് അറിയുന്നു. കാരണം അവ ഇവരുടെ അടുത്ത് നിരാശരാകുന്നില്ല.

വേദപുസ്തകത്തിൽ മൃഗങ്ങളോട് കരുണകാണിക്കേണ്ടതിനെപ്പററി നിർദ്ദേശിക്കയും അവയോടുള്ള ക്രൂരതയും അവഗണനയും നിരോധിക്കയും ചെയ്തിട്ടുണ്ട്. (ആവർത്തനപുസ്തകം 22:4) യേശു പറവകളോടുള്ള തൻെറ സ്നേഹത്തേയും മൃഗങ്ങളോടുള്ള കരുതലിനെപ്പററിയും പറയുന്നുണ്ട്. (ലൂക്കോസ് 14:5) അവന് തന്നെ ഒരു ആടിനോടോ, സിംഹത്തോടൊ, കുഞ്ഞുങ്ങളുള്ള ഒരു കോഴിയോടോ ഉപമിക്കുന്നതിൽ യാതൊരു അപമാനവും തോന്നിയില്ല.

നമുക്ക് എല്ലാ കാര്യത്തിലും അവനെ അനുകരിക്കാം. നമ്മുടെ സഹവർത്തകരോട് സ്നേഹവും ദയയും കാണിക്കുമ്പോൾ മൃഗങ്ങളോടും ദയ കാണിക്കുവാൻ മറക്കാതിരിക്കാം.

---

## ജനുവരി 21

---

''ശപിക്കാതെ അനുഗ്രഹിപ്പീൻ'' (റോമർ 12:14)

മിസ്സിസ്സ് രജസാഫോസ്ററർ എന്ന വനിത തൻെറ അയൽക്കാരിയുടെ കുട്ടിയെ കളിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടി അബദ്ധത്തിൽ അവരുടെ കയ്യിൽ നിന്നും താഴെ വീണുപോയി. കുട്ടിയുടെ തല ഒരു പൂച്ചെട്ടിയുടെ വക്കിൽ ഇടിച്ച് പരുക്കേററു ഇതു മൂലം കുട്ടിയുടെ തലച്ചോറിന് തകരാറ് പററുകയും ആ ജീവനാന്തം ശരീരം തളർന്നു പോകയും ചെയ്തു.

ആ കുട്ടിയുടെ അമ്മ മിസ്സസ് ഫോസ്റററുടെ വിരലുകൾ അററുപോകട്ടെ എന്ന് ശപിച്ചു. മിസ്സസ് ഫോസ്ററർ അവർക്കു ഒരു വലിയ തുക നഷ്ടപരിഹാരമായി നൽകാൻ തയ്യാറായിരുന്നു എങ്കിലും അവർ അത് നിരസിക്കുകയും തൻെറ ശാപം ആവർത്തിക്കയും ചെയ്തു.

പെട്ടെന്നു തന്നെ മിസ്സസ് ഫോസ്റററുടെ വിരലുകളിൽ വലിയ വേദന അനുഭവപ്പെട്ടു. ആദ്യം വിരൽത്തുമ്പുകൾ വെള്ളയായി. പിന്നീട് അവ നീലനിറമാർന്നു. അത് 'മോർബഡ് റെയ്നൂഡ്' എന്ന അസുഖമായിരുന്നു. മനക്കട്ടിയില്ലാത്ത സ്ത്രീകളിലും മററും മാനസികാഘാതം നിമിത്തം ഈ അസുഖം ഉണ്ടാകാവുന്നതാണ് അവരുടെ കൈവിരലുകൾ മുറിച്ചുകളയേണ്ടിവന്നു.

ഞാൻ ഏകാന്തതടവിൽ ആയിരിക്കുമ്പോൾ അടുത്ത മുറിയിലെ തടവുകാരൻ മോഴ്സ് കോഡിലൂടെ ഭിത്തിയിൽ കൊട്ടി ഒരു വാർത്ത അറിയിച്ചു. ''എനിക്ക് ആറു വയസ്സുള്ളപ്പോൾ എൻെറ ഒരു സഹപാഠിയെ അവൻ യഹൂദനായതിനാൽ ഞാൻ ദേഹോപദ്രവമേൽപിച്ചു. എൻെറ അമ്മയുടെ മരണക്കിടക്കയിൽ അവൾക്ക് എന്നെ കാണാൻ സാധിക്കാതെ വരട്ടെ എന്ന് അവൻ എന്നെ ശപിച്ചു. ഇത് 50 വർഷങ്ങൾക്കുമുമ്പായിരുന്നു. എൻെറ അമ്മ മരണമടഞ്ഞു. എന്നും മരണക്കിടക്കയിൽ എന്നെ കാണാൻ ആഗ്രഹിച്ചിരുന്നു എന്നും എനിക്ക് ഇപ്പോൾ

ഒരു സന്ദേശം ലഭിച്ചു.'' ഒരു ശാപം ഫലിച്ചിരിക്കുന്നു. ഇത്തരം മററ് സംഭവങ്ങളും എനിക്ക് അറിയാവുന്നവയായിട്ടുണ്ട്.

ചില ശാപങ്ങാം ഫലിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നുണ്ട്. അനുഗ്രഹങ്ങളും അപ്രകാരം തന്നെയാണ്. അതിനാൽ നിങ്ങാം മററുള്ളവരെ അനുഗ്രഹിക്കുക; ശപിക്കരുത്.

## ജനുവരി 22

''ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.'' (എബ്രായർ 9:27)

**മരണം എന്നത് സുനിശ്ചിതമാണ്. നിങ്ങാം മരണത്തെ എങ്ങനെ നേരിടും?**

**ജൂലിയസ് സീസർ ആശാഭംഗം മൂലം കുണ്ഠിതപ്പെട്ട് മരിച്ചു. തൻെറ കൊലയാളികളുടെ കൂട്ടത്തിൽ തൻെറ വളർത്തുപുത്രനും ഉണ്ടായിരുന്നു. സീസറുടെ അവസാനത്തെ വാക്കുകാം ''ബ്രൂട്ടസ് നീയും'' എന്നായിരുന്നു. ഗഥേയുടെ വാക്കുകാം ''കൂടുതൽ പ്രകാശം, കൂടുതൽ പ്രകാശം'' എന്നായിരുന്നു. അത് അയാാം നേരത്തെ അന്വേഷിച്ചിരുന്നില്ല. ഓസ്കാർ വൈൽഡിൻെറ വാക്കുകാം ''ദയവായി ഷാംപെയ്ൻ തരൂ, ഞാൻ ജീവിച്ചതുപോലെ തന്നെ ഞാൻ മരിക്കുന്നു. എൻെറ സാമ്പത്തിക കഴിവുകാംക്ക് ഉപരിയായി.'' നെപ്പോളിയൻ ബുദ്ധിഭ്രമം ബാധിച്ച് മരിച്ചപ്പോാം പറഞ്ഞത് ''മോൺസ്യൂ, ഫ്രഞ്ച് രാജ്യം സൈന്യത്തിൻെറ മുമ്പിൽ.'' എന്നാണ്. പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞനായ ലാഗ്നി മുപ്പത്തിയാറു മണിക്കൂർ തൻെറ മരണശയ്യയിൽ കഴിഞ്ഞു. തൻെറ പ്രിയപ്പെട്ടവരോടു പോലും ഒന്നും ശബ്ദിച്ചില്ല. പക്ഷേ ഒരു പരിചയക്കാരൻ ''അറുപത്തിയേഴിൻെറ സ്ക്വയർ എത്ര എന്ന് നിനക്ക് ഇപ്പോഴും ഓർമ്മയുണ്ടോ?'' എന്ന് ചോദിച്ചു. ഉടനെ ഗണിത ശാസ്ത്രജ്ഞൻ ചിരിച്ചുകൊണ്ട് ''നാലായിരത്തി നാനൂററി എൺപത്തി ഒൻപത്'' എന്ന് പറഞ്ഞുകൊണ്ട് മരിച്ചു. കാർലി പറഞ്ഞത് ''ഇതാണോ മരണം? ഇത് നല്ലതാകുന്നു.'' ജർമ്മൻ കവി ഹെയ്ൻ അവസാനമായി പറഞ്ഞത് ''പൂക്കാം, പൂക്കാം എത്ര മനോഹരമാണ് ഈ പ്രകൃതി.'' അവന് അതിൻെറ സൃഷ്ടാവിനെപററി യാതൊരു ചിന്തയും ഇല്ലായിരുന്നു. ഫ്രഞ്ച് എഴുത്തുകാരൻ റബേലായ്സ് മരിക്കുമ്പോാം പറഞ്ഞത് ''കർട്ടൻ താഴ്ത്തുക, ഈ ശുദ്ധാന്ത നാടകം അവസാനിച്ചിരിക്കുന്നു.''**

**യേശുവിൻെറ അവസാനവാക്കുകാം ''പിതാവേ, എൻെറ ആത്മാവിനെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു.'' (ലൂക്കോസ് 23:46) ജയിലിലായിരുന്നപ്പോാം ഞാൻ തീരുമാനിച്ചു. എൻെറ മരണ നിമിഷത്തിൽ എനിക്ക് സുബോധം ഉണ്ടെങ്കിൽ എൻെറ അവസാന വാക്കുകാം ''യേശു'' എന്നും ''ബൽസിയാ'' (എൻെറ ഭാര്യയെ ഞാൻ വിളിക്കുന്നത്) എന്നുമായിരിക്കും. ക്രിസ്ത്യാനികാംക്ക് മരണത്തിൻെറ കാരണം അറിയാം. കൂടാതെ മറുവശത്ത് അവരെ സ്നേഹം കാത്തിരിക്കുന്നു എന്ന വാഗ്ദാനവും ഉണ്ട്.**

## ജനുവരി 23

''എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.''

(യാക്കോബ് 1:22)

ഒരു വേടൻ ഒരിക്കൽ ഒരു ഭംഗിയുള്ള പക്ഷിയെ പിടിച്ചു. അതിൻെറ തൂവലുകൾ എടുക്കുവാനായി അവൻ അതിനെ കൊല്ലാൻ ഭാവിച്ചപ്പോൾ ആ പക്ഷി അവനോടു അപേക്ഷിച്ചു. ''എന്നെ കൊല്ലരുത്, എനിക്ക് കുഞ്ഞുങ്ങളുണ്ട്. എൻെറ ജീവനുപകരമായി ഞാൻ നിനക്ക് മൂന്ന് ഉപദേശങ്ങൾ തരാം. അത് വളരെ ലളിതമാണ്, എങ്കിലും വളരെ ഉപകാരപ്രദമാണ്.'' മനുഷ്യരുടെ ഭാഷയിൽ പക്ഷി സംസാരിക്കുന്നത് കേട്ട് വേടൻ അത്ഭുതപ്പെട്ടു. ഉപദേശങ്ങൾ പ്രയോജനകരമായിരുന്നാൽ പക്ഷിയെ വിട്ടയ്ക്കാം എന്ന് അയാൾ സമ്മതിച്ചു.

പക്ഷിയുടെ ഉപദേശങ്ങൾ ഇപ്രകാരമായിരുന്നു:- ''ഒന്ന്, മൂഢത്തരങ്ങൾ ആരുടെ പക്കൽ നിന്നായാലും അവ വിശ്വസിക്കാതിരിക്കുക. രണ്ട്, നിങ്ങൾ ചെയ്ത ഒരു നല്ല പ്രവർത്തിയെപ്പററി ഒരിക്കലും ഖേദിക്കാതിരിക്കുക. മൂന്ന് ലഭ്യമല്ലാത്തവയ്ക്കായി ഒരിക്കലും പരിശ്രമിക്കാതിരിക്കുക.''

ഈ ഉപദേശങ്ങൾ വളരെ വിജ്ഞാനപ്രദമായതാണ് എന്ന് തോന്നിയതുകൊണ്ട് വേടൻ പക്ഷിയെ വിട്ടയച്ചു. ആ പക്ഷി ഉയരത്തിൽ ഒരു മരക്കൊമ്പിൽ ചെന്നിരുന്ന് അവനെ കളിയാക്കി. ''നീ ഒരു വിഡ്ഢിയാണ്, എന്തിനാണ് നീ എന്നെ വിട്ടയച്ചത്. എൻെറ വയററിൽ ഒരു രത്നം ഉണ്ട്. നീ എൻെറ വയറുകീറി അത് എടുത്തിരുന്നു എങ്കിൽ ജീവിതകാലം മുഴുവൻ നിനക്ക് ധനവാനായി കഴിയാമായിരുന്നു.''

ഇതു കേട്ട് ആ വേടൻ പക്ഷിയെ വിട്ടയച്ചതിൽ മനസ്താപപ്പെട്ടു. അതിനെ വീണ്ടും പിടിക്കാനായി അയാൾ മരത്തിൽ കയറാൻ തുടങ്ങി. കുറെ ഉയരത്തിൽ ചെന്നപ്പോഴേക്കും കാലുതെററി അവൻ മരത്തിൽ നിന്നും വീണ് കാലുകൾ രണ്ടും ഒടിഞ്ഞു.

മരത്തിൻെറ ചുവട്ടിൽ ഞരങ്ങിക്കൊണ്ട് കിടക്കുന്ന വേടൻെറ അടുത്ത് പറന്നുചെന്ന് പക്ഷി പറഞ്ഞു. ''നീ എൻെറ മൂന്ന് ഉപദേശങ്ങൾ നല്ലവയാണ് എന്ന് പറഞ്ഞ് സ്വീകരിച്ചതാണ്. അത് അല്പസമയത്തേക്കെങ്കിലും മനസ്സിരുത്തി ശ്രദ്ധിക്കാൻ തുനിയാഞ്ഞത് എന്താണ്? മറയത്തരം ആരുപറഞ്ഞാലും വിശ്വസിക്കരുത് എന്ന് ഞാൻ പറഞ്ഞു. ഒരു പക്ഷിയുടെ വയററിൽ രത്നം ഉണ്ട് എന്ന് നീ വിശ്വസിച്ചത് എന്തിനാണ്! ഒരു സൽപ്രവർത്തിയെപ്പററി ഒരിക്കലും ഖേദിക്കരുത് എന്ന് ഞാൻ നിന്നെ ഉപദേശിച്ചു. എന്നിരുന്നാലും എന്നെ വിട്ടയച്ചതിൽ നീ മനസ്താപപ്പെട്ടു. അപ്രാപ്യമായതിനായി ഒരിക്കലും പരിശ്രമിക്കരുത് എന്ന് ഞാൻ ഉപദേശിച്ചിരുന്നു. ഒരു പക്ഷിയെ മരത്തിൽ കയറി പിടിക്കുന്നത് അസാദ്ധ്യമാണ് എന്ന് നിനക്ക് അറിയാമായിരുന്നില്ലേ? നിങ്ങൾ മനുഷ്യർ ഒരു രാജ്യത്ത് പറയുന്നത് മററ് രാജ്യങ്ങളിൽ ശ്രവിക്കുവാൻ തക്കവണ്ണം റേഡിയോയും

മററും കണ്ടുപിടിച്ചു. പക്ഷേ നിങ്ങാം സ്വന്തം വായ് പറയുന്നത് കോംക്കാനും സ്വന്തം മനസ്സ് അംഗീകരിക്കുന്നതിനെ ആദരിക്കാനും ഇതുവരേയും പഠിച്ചിട്ടില്ല.

നിങ്ങാം വേദപുസ്തകം ദൈവവചനം ആണ് എന്ന് അംഗീകരിക്കുന്നു. കോംവിക്കാരനോ വായനക്കാരനോ മാത്രം ആകാതെ പ്രവർത്തിക്കുന്നവനും നിറവേററുന്നവനും കൂടി ആയിരിക്കുക.

---

## ജനുവരി 24

---

"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേലചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി."

(ഉല്പത്തി 2:15)

നമ്മുടെ പൂർവ്വ പിതാക്കന്മാർ ഒരു പറുദീസയിലാണ് ജീവിച്ചത് അല്ലാതെ ഡാർവിൻ പറയുന്നതുപോലെ ഒരു കാഴ്ച ബംഗ്ളാവിലല്ല എന്നറിയുന്നതിൽ നാം വളരെ സന്തോഷമുള്ളവരായിരിക്കണം.

"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചു." (ഉല്പത്തി 2:7) മണ്ണിൻെറ അതേ പദാർത്ഥങ്ങാം തന്നെയാണ് മനുഷ്യൻെറ ശരീരത്തിനും എന്ന് ശാസ്ത്രം ഉറപ്പിച്ചു കഴിഞ്ഞു.

സെഫർ ലെറാഹ്മിൽ എന്ന പുരാതന യഹൂദ പുസ്തകം വേദപുസ്തകത്തിലെ ഈ ആശയത്തെപ്പററി പൂർണ്ണ വിവരണം നല്കുന്നു. "ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിന് വേണ്ടി ഗബ്രിയേൽ ദൂതനെ ഭൂമിയിൽ നിന്നും മണ്ണുകൊണ്ടുവരുന്നതിനായി അയച്ചു. പക്ഷേ ഭൂമി മണ്ണു നല്കുന്നത് നിരസിച്ചു, കാരണം മനുഷ്യൻെറ അനുസരണക്കേടു മൂലം അതിനു ശാപം ഉണ്ടാകും എന്ന് അറിയാമായിരുന്നു." ഇത് മതിയായ കാരണം ആയിരുന്നു. പക്ഷേ അവസാനം ഗബ്രിയേൽ ദൂതൻ ഭൂമിയെ ബോദ്ധ്യപ്പെടുത്തുന്നതിൽ വിജയിച്ചു. അങ്ങനെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു.

"ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു." (ഉല്പത്തി 1:27) ആധുനിക ശാസ്ത്രം മനുഷ്യനെ മെഷീൻെറ രൂപത്തിൽ കൃത്രിമമായ, ഭൗതീകമായ, ക്രമീകൃത മനുഷ്യനായി, വളരെ തിടുക്കമുള്ളവനായി പുനഃസൃഷ്ടിക്കുന്നു. ആധുനിക വാർത്താമാദ്ധ്യമങ്ങാം മനുഷ്യനെ അവയുടെ രൂപത്തിൽ സൃഷ്ടിച്ച് അവനിൽ അക്രമത്തിൻെറയും ദുരാഗ്രഹത്തിൻേറയും ചിന്തകാം നിറയ്ക്കുന്നു. ആധുനിക സർവ്വകലാശാലകാം ആദിമ മനുഷ്യൻ ചെയ്ത പാപങ്ങാം ചെയ്യുവാനും ജീവൻെറ വൃക്ഷത്തിന് പകരം ജ്ഞാനത്തിൻെറ വൃക്ഷം നേടുവാനും പ്രേരിപ്പിക്കുന്നു. പൊതുവായ തത്വങ്ങളും ആദർശങ്ങളും ജീവൻെറ സ്ഥാനം ഏറെറടുക്കുന്നു.

ക്വാക്കേഴ്സിൻെറ സ്ഥാപകനായ ജോർജ് ഫോക്സ് ദൈവത്തിൻെറ സ്വരൂപത്തിലേക്കു തിരിച്ചുപോയി. "ദൈവത്തെ അനുഭവിച്ചറിയുവാനും....... പറുദീസയിൽ തിരികെ ചെല്ലുവാനും, ആദാമിന് തെററു ചെയ്യുന്നതിന് മുമ്പ് പറുദീസയിൽ ഉണ്ടായിരുന്ന സ്ഥാനം നേടുവാനും ആഗ്രഹിച്ചു.

ക്രിസ്തു നമ്മെ ഓരോരുത്തരേയും ഈ വീരകൃത്യത്തിനായി

ക്ഷണിക്കുന്നു. നാം ദൈവത്തിൻെറ സ്വരൂപത്തിലേക്ക് തിരികെ ചെല്ലുന്നതിന് വേണ്ടിയാണ് ദൈവമായ അവൻ മനുഷ്യൻെറ രൂപത്തിൽ ഭൂമിയിൽ വന്നത്.

## ജനുവരി 25

''ശാഠ്യത്താലോ ദുരഭിമാനത്തിലോ ഒന്നും ചെയ്യാതെ......''

(ഫിലിപ്പിയർ 2:3)

സോഷി ഒരു നദിക്കരയിലൂടെ തൻെറ സുഹൃത്തിനോടൊപ്പം നടക്കുകയായിരുന്നു. സോഷി പറഞ്ഞു: ''വെള്ളത്തിൽ മത്സ്യങ്ങൾക്ക് എന്ത് രസമാണ്.'' സുഹൃത്തു പറഞ്ഞു ''നീ ഒരു മത്സ്യം അല്ലല്ലോ; പിന്നെ മത്സ്യങ്ങൾക്ക് എന്തു തോന്നുന്നു എന്ന് നിനക്ക് എങ്ങനെ അറിയാം?'' സോഷി മറുപടി പറഞ്ഞു ''നീ ഞാൻ അല്ലല്ലോ. എനിക്ക് എന്താണ് തോന്നുന്നത് എന്ന് നിനക്ക് എങ്ങനെ അറിയാം?'' നാം മററുള്ളവരുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു നമ്മുടെ പരിജ്ഞാനത്തിന് അതീതമായി മററുള്ളവർക്കുള്ള അനുഭവങ്ങളെ ചോദ്യം ചെയ്യുന്നു.

ഒരു സന്ധ്യക്ക് രണ്ട് സുഹൃത്തുക്കൾ ഒരു തടിക്കഷണത്തിൽ ഇരുന്ന് വർത്തമാനം പറയുകയായിരുന്നു. ഒരുവൻ പറഞ്ഞു: ''ഈ ആകാശത്തോളം വലിപ്പമുള്ള ഒരു പുൽത്തകിടി എനിക്ക് ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു.'' ''ആകാശത്തിലെ നക്ഷത്രങ്ങളുടെ അത്രയും ആടുകൾ എനിക്കുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു.'' രണ്ടാമൻ പറഞ്ഞു.

''ഇത്രയും ആടിനെ നീ എവിടെ തീററും?'' ഒന്നാമൻ ചോദിച്ചു. ''അതാണോ പ്രയാസം! അവ നിൻെറ പുൽത്തകിടിയിൽ മേഞ്ഞുകൊള്ളും.'' രണ്ടാമൻ പ്രതികരിച്ചു. ''നിൻെറ ആടിനെ ഞാൻ എൻെറ പുൽത്തകിടിയിൽ കടത്തുകയില്ല.''

ഒന്നാമന് പുൽത്തകിടിയോ രണ്ടാമന് ആടുകളോ ഇല്ലാതിരുന്നിട്ടും ഇല്ലാത്തവയെ ചൊല്ലി അവർ തമ്മിൽ വഴക്കായി. നമുക്ക് അറിയാൻ വയ്യാത്ത കാര്യങ്ങളെപ്പററി പലപ്പോഴും വഴക്കിടുന്ന സ്വഭാവം നമുക്കില്ലേ?

ഒരേ സ്നേഹത്തിൽ പങ്കാളികളായ നാം ഒരേ മനസ്സും ഒരേ നടത്തയും ഉള്ളവരായിരിക്കേണ്ടതാണ്. മററുള്ളവൻെറ അഭിപ്രായമോ, നിലപാടോ ഒരു പക്ഷേ നമ്മുടേതിനേക്കാൾ മെച്ചമായതായിരിക്കാം. ഇന്ന് നിങ്ങൾക്ക് അപരിചിതമായ അവൻെറ അനുഭവങ്ങൾ നാളെ നിങ്ങളുടെ അനുഭവങ്ങളാകാം.

താനും പിതാവും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കേണം എന്നാണ് കർത്താവിൻെറ ആഗ്രഹം.

# ജനുവരി 26

"നിൻെറ ഭൃത്യനായ യോവാബ് തന്നെ ആകുന്നു ഇത് അടിയനോട് കല്പിച്ചതും." (2 ശമുവേൽ 14:19)

ഞാനും പങ്കെടുത്ത ഒരു പാർട്ടിയിൽ നോബൽ സമ്മാനം കിട്ടിയ വിഖ്യാതനായ റഷ്യൻ എഴുത്തുകാരൻ ഷോാംസെനിററ്സൻ ഉറക്കെ തൻെറ ഗുലാഗ് ആർച്ചിപെലാഗോ എന്ന കൃതിയിൽ നിന്നും വായിക്കുന്നതായി ഒരു രാത്രിയിൽ ഞാൻ സ്വപ്നം കണ്ടു. അദ്ദേഹം വിവരിച്ചിരിക്കുന്ന കഷ്ടതകാം കേട്ട് ഞാൻ വളരെ അധികം വിലപിച്ചു. ഷോാംസെനിററ്സൻ എന്നോടു ചോദിച്ചു. "നിങ്ങാംക്ക് ഈ ക്രൂരതകാംക്കെതിരായി എന്തെങ്കിലും പരിഹാരം അറിയാമോ?" ഞാൻ മറുപടി പറഞ്ഞു. "എനിക്കു പല കുററവാളികളേയും അറിയാം. എല്ലാവർക്കും എന്തെങ്കിലും ഒരു ബലഹീനവശം ഉണ്ട്. ചിലർ ഭാര്യയെ ഉൽക്കടമായി സ്നേഹിച്ചുകാണും. അല്ലെങ്കിൽ കുട്ടിയെ, മററു ചിലർക്ക് ഒരു പട്ടിയോട് ആർദ്രത തോന്നിയിരിക്കാം."

സ്ററാലിൻെറ പുത്രി സ്വററ്ലാനാ തൻെറ പിതാവിങ്കൽ നിന്ന് ഒരു തടവുകാരൻെറ വിമുക്തി നേടിയതിനെപ്പററി പറയുന്നു. അവാംക്ക് അതിൽ കൂടുതൽ നേടിയെടുക്കാമായിരുന്നു. പഴയകാലത്ത് രാജാക്കന്മാർ എതിരാളികളുടെ പുത്രനെ തടവുകാരനാക്കിയിരുന്നു. കാരണം തൻെറ പ്രിയപുത്രൻ തടവിൽ ഇരിക്കുന്നിടത്തോളും കാലം എതിരാളി ആക്രമിക്കാൻ വരികയില്ല. പല കുററവാളികളും അവരുടെ പട്ടിയെ കൊല്ലും എന്ന് ഭീഷണിപ്പെടുത്തിയാൽ യാതൊരു കുററവും ചെയ്യുകയില്ല.

നിങ്ങളുടെ ഭർത്താവിനെ വശീകരിച്ച ഒരു സ്ത്രീ അവളുടെ അമ്മയെ അഗാധമായി സ്നേഹിക്കുന്നുണ്ടാകും. അവരിൽ കൂടി നിങ്ങളുടെ ഭർത്താവിനെ വിട്ടുകിട്ടുവാൻ നിങ്ങാംക്ക് സമ്മർദ്ദം ചെലുത്താം.

ദാവീദിൻെറ ഭൃത്യനായ യോവാബിന് ഭരണം ദയയോടു കൂടി നടത്തണം എന്ന് രാജാവ് ആഗ്രഹിച്ചിരുന്നതായി അറിയാമായിരുന്നു. അവൻ കൊലപാതകിയായ മകന് മാപ്പ് കൊടുക്കണം എന്ന് അപേക്ഷിക്കുന്ന ഒരു കഥ കെട്ടിച്ചമച്ച് ഒരു സ്ത്രീയെ ദാവീദിൻെറ അടുക്കൽ അയയ്ക്കുന്നു. ദാവീദ് അവാം ആവശ്യപ്പെട്ടപോലെ ചെയ്തു എന്നു കണ്ടപ്പോാം ദാവീദിൻെറ പുത്രനായ അബ്ശാലേമിനോട് ദയ ഉണ്ടാകേണം എന്ന് അപേക്ഷിക്കുന്നു.

നിങ്ങളുടെ സമൂഹത്തോടോ, നിങ്ങളോടോ തെററുചെയ്യുന്ന ഒരുവനോട് സ്നേഹമായി പെരുമാറുക. അങ്ങനെ അവൻെറ ഹൃദയത്തിൽ ഒരു സ്ഥാനം നേടുക. കുട്ടികാംക്കു മാതാപിതാക്കളോടുള്ള സ്നേഹം അവരെ വിശ്വാസത്തിൻെറ പാതയിലേക്കു നയിക്കുവാനായി ഉപയോഗിക്കാം. കോസ്ററാൻടയിൻ ചക്രവർത്തിയുടെ അമ്മയായ വിശുദ്ധ ഹെലൻ റോമാസാമ്രാജ്യത്തിലെ പീഢിപ്പിക്കപ്പെട്ട സഭയ്ക്ക് അനുകൂലമായും, ക്രിസ്ത്യാനികാംക്ക് സ്വാതന്ത്ര്യം നൽകുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു.

# ജനുവരി 27

**''നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും.''**

**(മത്തായി 6:14)**

ലാററിൻ അമേരിക്കയിൽ നിന്നും എനിക്കു ലഭിച്ച ഒരു എഴുത്ത് താഴെ കൊടുത്തിരിക്കുന്നു:-

''ഞാൻ പെറുവിലെ ഒരു ഗറിലാ ക്യാമ്പിൽ നിന്നുമാണ് ഇതെഴുതുന്നത്. ഞാൻ ഉണർന്നു കിടക്കയാണ്. ഉറക്കം എന്നെ കൈവെടിഞ്ഞിരിക്കുന്നു.വ്യാകുല ചിന്തയും ഭയവും കൊണ്ട് വിഷമിച്ച ഒരു അവസരത്തിൽ ഈയിടെ ഞാൻ അല്പം മാനസികോല്ലാസത്തിനായി റേഡിയോ ഓൺ ചെയ്തു. എൻെറ സഖാക്കളുടെ റേഡിയോ പ്രോഗ്രാമുകൾ കഴമ്പില്ലാത്തതായിട്ടാണ് എനിക്ക് അനുഭവപ്പെടുന്നത്. അവ എല്ലാം ആവർത്തന വിരസവും വിദ്വേഷം നിറഞ്ഞതുമായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ''മാർക്സിസ്ററ് ഭാഷയിലുള്ള സുവിശേഷം'' എന്ന നിങ്ങളുടെ റേഡിയോ പ്രോഗ്രാം ശ്രവിക്കുവാൻ ഇടയായത്. നമ്മുടെ ശത്രുക്കളോട് ക്ഷമിക്കുന്നതിനെപ്പററി യേശു എന്ന ഗുരുനാഥൻ പറഞ്ഞതായി ആ റേഡിയോ സന്ദേശത്തിൽ നിന്നും ഞാൻ കേട്ടു. ഈ സന്ദേശം എൻെറ ഉള്ളത്തിൻെറ അഗാധതയിലേക്ക് ഇറങ്ങിച്ചെന്നു. പെട്ടെന്ന് എനിക്ക് സമാധാനം അനുഭവപ്പെട്ടു. ഞാൻ ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞു. എന്തു സംഭവിച്ചു എന്ന് എനിക്ക് മനസ്സിലായില്ല. ഞാൻ ധനികരെ വെറുത്തിരുന്നു. ചൂഷകനായ ഒരു ജന്മിയുടെ അടിമകളായിരുന്നു എൻെറ മാതാപിതാക്കൾ. എന്തോ കാരണം കൊണ്ട് ഞാൻ ഇപ്പോൾ ആരെയും വെറുക്കുന്നില്ല. ഇത് എനിക്ക് വിശദീകരിക്കാൻ സാധിക്കുന്നില്ല. എനിക്ക് വിദ്വേഷിക്കാതിരിക്കുവാൻ സാധിക്കുമോ?

താങ്കളുടെ പ്രോഗ്രാം ഞാൻ അങ്ങനെ ഒരിക്കൽ മാത്രമേ കേട്ടിട്ടുള്ളു. പ്രിയ റിച്ചാർഡ് ഞാൻ എന്തു സന്തുഷ്ടനാണ് എന്ന് അറിയാമോ? ഇനിയും നിങ്ങളുടെ പ്രോഗ്രാമുകൾ ഒന്നും നഷ്ടപ്പെടുത്താതെ ഞാൻ കേൾക്കും. എനിക്ക് വേദപുസ്തകം വായിക്കുവാൻ ആഗ്രഹമുണ്ട്.''

ഈ മനുഷ്യൻ ഗറിലാ പ്രവർത്തനം വിട്ട് ഒരു സഭയിൽ അംഗമായി. രണ്ടുവർഷത്തിനുശേഷം തൻെറ മുൻ സഖാക്കളോട് കർത്താവിനെപ്പററി പറയുവാനായി അവരുടെ അടുക്കലേക്ക് തിരിച്ചുപോയി. പിന്നീട് അവനെപ്പററി കേട്ടിട്ടില്ല. ഒരു പക്ഷേ അവൻ കമ്മ്യൂണിസ്ററുകാരാൽ രക്തസാക്ഷിത്വം വരിച്ചിരിക്കാം.

യേശു ഈ വ്യക്തിയെ ഏററവും വിഷലിപ്തമായ മാനസീകാവസ്ഥ— പക- യിൽ നിന്നും മോചിപ്പിച്ചു. ക്ഷമിക്കുക. ദൈവത്തിൽനിന്നും പാപക്ഷമ സ്വീകരിക്കുക, എങ്കിൽ മാത്രമേ നിങ്ങൾക്ക് ആന്തരീക സ്വാതന്ത്ര്യം ലഭിക്കയുള്ളു.

# ജനുവരി 28

''അതുകൊണ്ട് നാളെയ്ക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ?'' (മത്തായി 6:34)

ഗ്ളാസ്ഗോവിൽ നിന്ന് ലണ്ടനിലേക്ക് ട്രെയിനിൽ യാത്ര ചെയ്യുന്ന ഒരു സ്കോട്ട്ലണ്ടുകാരൻ ആദ്യത്തെ സ്റേറഷൻ വരെയുള്ള ടിക്കററ് മാത്രം വാങ്ങി. അവിടുന്ന് രണ്ടാമത്തെ സ്റേറഷൻ വരേയും, പിന്നീട് അടുത്ത സ്റേറഷൻ വരെയും. അയാഠം ഇങ്ങനെ ഈ പ്രക്രിയ തുടർന്നുകൊണ്ടിരുന്നു. അയാളോട് എന്താണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ചോദിച്ചതിൻെറ മറുപടി. ''യാത്രക്കിടയിൽ എനിക്ക് ഒരു ഹൃദയസ്തംഭനം ഉണ്ടായാൽ ഞാൻ ഒരിക്കലും ലണ്ടനിൽ എത്തിച്ചേരുകയില്ല. അങ്ങനെ സംഭവിച്ചാൽ എൻെറ യാത്രക്കൂലി എനിക്ക് ലാഭമാകുമല്ലോ?'' എന്നായിരുന്നു.

മനപ്രയാസപ്പെടുകയും ഭയപ്പെടുകയും ചെയ്താൽ എന്താണ് ലഭിക്കുന്നത്? എന്തിനാണ് വരുവാനിരിക്കുന്ന കാര്യങ്ങളെപ്പററി വിചാരപ്പെടുന്നത്? ഈ ഭയങ്ങഠം എല്ലാം അടിസ്ഥാനരഹിതങ്ങളാണെന്ന് തെളിയിക്കപ്പെട്ടേക്കാം. ഒരു പ്രത്യേക സന്ദർഭത്തിന് മുമ്പ് നിങ്ങഠം മരിച്ചുപോയേക്കാം. അതിനാൽ ഒരു സ്റേറഷൻ വരെയുള്ള ടിക്കററ് മാത്രം വാങ്ങുക.

യേശുവാണ് സഭയുടെ തലവൻ. അവൻ തലവനാകയാൽ തലയുടെ വേദനകളുടെ പൂർണ്ണ ഉത്തരവാദിത്വം അവനാണ്. നിങ്ങഠംക്ക് ഒരു തലവേദന ഉണ്ടായാൽ അത് നിങ്ങഠം വിചാരപ്പെട്ടതു കൊണ്ടാണ്. അത് പാപമാണ്. അങ്ങനെ നിങ്ങഠം യേശുവാകുന്ന തലവൻെറ സ്ഥാനം കൈയടക്കുവാൻ ശ്രമിക്കയാണ്.

ലൂഥറിന് സന്ധ്യാസമയത്ത് ജനാലയ്ക്കൽ പോയിനിന്ന് ''ദൈവമേ ഇത് എൻെറ ലോകമാണോ അതോ നിൻേറതോ? എൻെറ സഭയോ നിൻെറ സഭയോ? ഇത് നിൻെറ ലോകവും നിൻെറ സഭയുമാണെങ്കിൽ അവയെ സംരക്ഷിച്ചുകൊഠംക. ക്ഷീണിതനായി ഞാൻ കിടക്കാൻ പോകുന്നു. എൻെറ ദൈവമേ! നിനക്ക് നല്ല രാത്രി നേർന്നുകൊള്ളുന്നു'' എന്ന് പറയുന്ന ഒരു സ്വഭാവം ഉണ്ടായിരുന്നു.

നമുക്കും ഈ ചിന്താഗതി സ്വീകരിക്കാം. താൽമുദിൽ പറയുന്നത് ''സൂര്യൻ അസ്തമിക്കുമ്പോഠം ആ പകലും തീരുന്നു.'' സന്ധ്യയാകുമ്പോഠം കഴിഞ്ഞ പകലിൻെറ സകല പ്രശ്നങ്ങളും, വീഴ്ചകളും എല്ലാം യേശുവിന് വിട്ടുകൊടുക്കുക. നാളെയെപ്പററി ഒരു ചിന്തയും ആകരുത്. സുഖമായി ഉറങ്ങുക. നാളെത്തെ പ്രയാസങ്ങഠം ഒരു പക്ഷേ നിങ്ങഠംക്ക് അനുഭവിക്കേണ്ടിവരികയില്ല. ഒരു രാത്രികൊണ്ട് അവ ഇല്ലാതാകാം. മനപ്രയാസങ്ങഠം ഒന്നും ഇല്ലാത്ത ഒരു പകലും രാത്രിയും ഉണ്ടാകട്ടെ.

# ജനുവരി 29

"മുള്ളുകളുടെ ഇടയിൽ താമരപോലെ, കന്യകമാരുടെ ഇടയിൽ എന്റെ പ്രിയ ഇരിക്കുന്നു." (ഉത്തമഗീതം 2:2)

പ്രഖ്യാതനായ പേർഷ്യൻ സാഹിത്യകാരൻ മുസലി ആൽ ദിൻ സാദിയുടെ 'ഗുലിസ്ഥാൻ' (പനിനീർ തോട്ടം) എന്ന കൃതിയിൽ മാഡ്ഷനൻ എന്ന യുവാവിന്റേയും അയാളുടെ കാമുകി ലൈലയുടേയും കഥയുണ്ട്. അവരുടെ സ്നേഹം നിർഭാഗ്യകരമായിരുന്നു കാരണം ലൈലയുടെ പിതാവ് അവളെ മററൊരുത്തനു വിവാഹം ചെയ്തുകൊടുത്തു. മാഡ്ഷനൻ പ്രേമനൈരാശ്യം മൂലം വനത്തിൽ പോയി മൃഗങ്ങളോടൊത്ത് ജീവിതം നയിച്ചു.

ആ രാജ്യത്തെ രാജാവ് അവനെ അരമനയിൽ വരുത്തി അവന്റെ വിഡ്ഢിത്തത്തെപ്പററി അവനെ ശകാരിച്ചു. മാഡ്ഷനൻ മറുപടി പറഞ്ഞു. "രാജാവേ, ലൈല എന്ത് സുന്ദരി ആണ് എന്ന് അങ്ങേക്കറിയാമായിരുന്നു എങ്കിൽ അവിടുന്ന് എന്റെ അവസ്ഥ മനസ്സിലാക്കുമായിരുന്നു." ലൈലയെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ രാജാവ് ഉത്തരവിട്ടു.

ദാരിദ്ര്യം കൊണ്ട് മെലിഞ്ഞ്, വെയിലേററ് കറുത്ത് സൗന്ദര്യമില്ലാത്ത ഒരു നാടോടിപ്പെൺകുട്ടിയായിരുന്നു ലൈല. രാജാവിന്റെ അന്തപ്പുരത്തിലെ ഏററവും താഴ്ന്ന ദാസി പോലും ഇവളേക്കാാം എത്രയോ സുന്ദരി ആയിരുന്നു. അവളെ ഇത്ര മാത്രം സ്നേഹിക്കുവാൻ കാരണം എന്ത് എന്ന് രാജാവിന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. രാജാവിന്റെ മനോഗതം അറിഞ്ഞ മാഡ്ഷനൻ ഇപ്രകാരം പറഞ്ഞു: "രാജാവേ അവിടുന്നേക്കോ മററാർക്കെങ്കിലുമോ ലൈലയുടെ സൗന്ദര്യം ദർശിക്കുവാൻ കഴികയില്ല. ഈ സൗന്ദര്യം മാഡ്ഷനന്റെ കണ്ണുകളിൽക്കൂടി നോക്കുന്നവർക്കു മാത്രമേ ദൃശ്യമാകുകയുള്ളു." സ്നേഹവും സൗന്ദര്യവും ഒരേ സമസ്യയുടെ രണ്ടു രൂപങ്ങളാണ്. ഒന്നാമത്തേത് മനസ്സിലാക്കിയവനു മാത്രമേ രണ്ടാമത്തേത് മനസ്സിലാകയുള്ളു.

പാപ പങ്കിലമായ ലോകത്തെ ദൈവം അഗാധമായി സ്നേഹിച്ചതിനാൽ അവൻ തന്റെ മകനെ നല്കി. "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു." (1 യോഹന്നാൻ 4:19) മററാരും ഗൗനിക്കാത്തവരിൽ പോലും സൗന്ദര്യവും വിലയും കണ്ടെത്തുവാൻ തക്കവണ്ണം അവന്റെ സ്നേഹം ഗാഢമായതാണ്. സ്നേഹത്തിന്റെ മധുരമായ ആസ്വാദ്യത നമുക്ക് അനുഭവിക്കാം. നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് കർത്താവ് അറിയുന്നു. അവന്റെ സ്നേഹത്തിൽ നമുക്ക് ആനന്ദം നേടാം.

# ജനുവരി 30

''യഹോവ അബ്രഹാമിനോട് അരുളി ചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തേയും, ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്കു പോക.''

(ഉല്പത്തി 12:1)

ദൈവം അബ്രഹാമിനോട് പറഞ്ഞ ലേ ലേഹാ എന്ന വാക്കിന് എബ്രായ ഭാഷയിലെ അർത്ഥം ''നിന്റെ നന്മയ്ക്കായി പോക'' എന്നാണ്.

റബ്ബി നാച്ചും ചെർനോബ്ളർ സററ്സാൻ ഈ വാക്യത്തെപ്പററിയുള്ള വിവരണം നല്കുന്നത് ഇപ്രകാരമത്രെ—വിശ്വാസത്തിലെ നമ്മുടെ പൂർവ്വ പിതാവായ അബ്രഹാം സ്നേഹത്തിന്റേയും ദയയുടേയും ആതിഥ്യത്തിന്റെയും ഉറവിടമായിരുന്നു. നാം ഉല്പത്തി 18:1-ൽ വായിക്കുന്നത് ''വെയിലുറച്ചപ്പോാം അവൻ കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു.'' കാരണം അവന്റെ ആതിഥ്യം സ്വീകരിക്കാതെ അതു വഴി ആരും കടന്നു പോകരുത് എന്ന് അവന് നിഷ്കർഷ ഉണ്ടായിരുന്നു.

ആദ്യകാലത്ത് അബ്രഹാമിന്റെ ആതിഥ്യമര്യാദ കുററമററതായിരുന്നില്ല. കാരണം അവൻ ഒരു നാടോടിയായിരുന്നില്ല. ഒരു യാത്രക്കാരന്റെ ബുദ്ധിമുട്ടുകളെപ്പററി നേരിട്ടുള്ള പരിചയം ഉണ്ടായെങ്കിൽ മാത്രമേ അബ്രഹാമിന്റെ ആതിഥ്യമര്യാദ കുററമററതാകയുള്ളായിരുന്നു.

പത്രോസിന് യേശുവിനെ തള്ളിപ്പറയുന്നതിൽക്കൂടി കടന്നു പോകേണ്ടിയിരുന്നു. യേശു അവനോട് പറഞ്ഞത്. ''നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊാക.'' (ലൂക്കോസ് 22:32) നിനക്ക് ഇത് ചെയ്യുവാൻ സാധിക്കും കാരണം നീ ഭീരുത്വത്തിന്റെ തീഷ്ണതയിൽ കൂടി കടന്നു പോയവനാണ്.

പരമദൈവം ഒരു ദൈവീക വീക്ഷണത്തിൽ കൂടി മാനുഷിക ജീവിതത്തെപ്പററി അറിഞ്ഞവനാണ്. പക്ഷേ പിതാവ് പുത്രനോട് പറഞ്ഞു: ''നീ ഭാവിയിൽ മാനവരാശിയുടെ ന്യായാധിപതി ആകേണ്ടതാകയാൽ അവരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരുവാനും നിന്റെ നന്മയ്ക്കായും പോക. നീ ഒരു മനുഷ്യ ജീവിതം തന്നെ നയിക്ക. അങ്ങനെ നീ മാനുഷികാനുഭവങ്ങളാൽ സമ്പന്നനായിത്തീരും. മനുഷ്യർക്കെന്നപോലെ തന്നെ മാനുഷീക ജീവിതത്തെപ്പററി നിനക്കും അറിവുണ്ടാകും.'' അതിനാൽ ''നമുക്കുള്ള മഹാപുരോഹിതൻ പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ.'' അവൻ ''നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല.'' (എബ്രായർ 4:15)

നിങ്ങളുടെ ജീവിതാനുഭവങ്ങാം മധുരമേറിയവയാണെങ്കിലും കയ്പേറിയവയാണെങ്കിലും സ്വീകരിക്കുക. അവ എല്ലാം നിങ്ങളുടെ സഹജീവികളോട് നന്മ കാണിക്കുവാൻ ഉപകരിക്കും.

## ജനുവരി 31

"കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക." (മത്തായി 22:39)

മററുള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്തുന്നവർക്ക് അത് തങ്ങളിൽ തന്നെ ഒതുക്കി നിർത്തുവാൻ പ്രയാസമാണ്.

യേശു "നന്മചെയ്തുകൊണ്ട് സഞ്ചരിച്ചു" (അപ്പോ. പ്രവർത്തികം 10:38) അതിനാൽ താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിലും അവന് പാടുവാൻ കഴിഞ്ഞു. (മത്തായി. 26:30)

മററുള്ളവരിൽ നിന്നും ഒരു പുഞ്ചിരി പ്രതീക്ഷിക്കാതെ തന്നെ നിങ്ങൾ പുഞ്ചിരിയുമായി അവരെ അഭിസംബോധന ചെയ്യുക. ജനശതങ്ങൾ യേശുവിനെ പിൻതുടർന്നു. അവരിൽ നിന്നും തൻെറ ദുഃഖങ്ങളെപ്പററി സഹതാപം അവൻ അർത്ഥിച്ചിരുന്നില്ല. അവരുടെ ദുഃഖങ്ങളിൽ അവൻ അവരെ ആശ്വസിപ്പിച്ചു.

നിനക്ക് അപ്രീതികരമായ വിധത്തിൽ പെരുമാറുന്നവരോട് കോപിക്കരുത്. അവൻെറ പെരുമാററത്തിൻെറ പശ്ചാത്തലം തികച്ചും വിഭിന്നമായിരിക്കാം. ഓരോരുത്തനും താന്താൻെറ ചുററുപാടുകൾക്കനുസരി ച്ചാണല്ലോ പെരുമാറുന്നത്. നിന്നിൽ നിന്നും കൂടുതൽ മഹത്തരമായ ഒരു സാഹചര്യം അനുഭവിപ്പാൻ അവന് അവസരം നൽകുക. അത് അവൻെറ ഗതിയെ തന്നെ മാററി എന്നു വരാം.

എൻെറ വീട്ടിൽ വെച്ചുനടത്തിയ ഒരു വിരുന്നു സൽക്കാരത്തിൽ ക്രിസ്ത്യാനികൾ തങ്ങളുടെ സുഹൃത്തുക്കളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. ചിലർ നല്ല വിശ്വാസികളാണ് എന്നും, ചിലർ വിശ്വാസത്തിൽ ബലഹീനർ ആണ് എന്നും മററു ചിലർ അവിശ്വാസികളാണ് എന്നും മററും അവർ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ നിന്നും വന്ന പ്രായംചെന്ന ഒരു മിഷനറി ഇടയ്ക്കു കയറിപ്പറഞ്ഞു: മററുള്ളവരെ തരം തിരിക്കരുത്. നമ്മുടെ ന്യായവിധി തെററാണ് എന്നു വരാം. നമ്മുട സംസാരത്തിൽ കൂടി നമുക്ക് ക്രിസ്തുവിൻെറ സ്നേഹത്തെ പ്രചരിപ്പിക്കാം. ഇത് നല്ല വിശ്വാസികളെ സന്തുഷ്ടരാക്കയും, ബലഹീനരായവരെ ശക്തരാക്കയും അവിശ്വാസികളെ വിശ്വാസത്തിലേക്കു കൊണ്ടുവരികയും ചെയ്യും. ഇത് നമുക്ക് അനുകൂലമായ ഒരു ഫലം നൽകും. മനുഷ്യരെ തരം തിരിക്കുന്നതു മൂലം നമുക്ക് അവരെ സഹായിക്കുവാൻ കഴികയില്ല."

മററുള്ളവർക്ക് അവരുടെ ജീവിതത്തിൽ എന്തുമാത്രം പ്രകാശം ഉണ്ട് എന്ന് അളക്കുന്നതിന് പകരം നമ്മുടെ പ്രകാശം അവരുടെ ഇടയിൽ പകർന്നു നൽകുവാൻ നമുക്ക് ശ്രമിക്കാം.

## ഫെബ്രുവരി 1

"എല്ലാം പൊറുക്കുന്നു." (1 കൊരിന്ത്യർ 13:7)

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പററി യഹൂദന്മാരുടെ

ഇടയിൽ പ്രചാരമുള്ള ഒരു കഥയുണ്ട്.

ഒരു സന്ധ്യയ്ക്ക് ഗാഢമായ ധ്യാനത്തിലായിരിക്കുന്ന അബ്രഹാം കതകിൽ മുട്ടുകേട്ട് എഴുന്നേററ് ചെന്നു. അന്തിയുറങ്ങാൻ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ഒരു മദ്യപാനിയായിരുന്നു അത്. അവനെ ആട്ടിയോടിച്ച് ദൈവവുമായുള്ള സംസർഗ്ഗം തുടരുവാനാണ് ആദ്യം അബ്രഹാമിനു തോന്നിയത്. പക്ഷേ ഇപ്രകാരം ഒരു ചിന്ത അവൻെറ മനസ്സിൽ കടന്നുകൂടി? ഇത്രയധികം ധ്യാനത്തിൻെറ ഉദ്ദേശ്യമെന്താണ്? ദൈവം പാപികളേയും കൂട്ടിക്കൊള്ളുന്നു എന്നും അവൻ ഈ മദ്യപാനിക്കുവേണ്ടിയും സൂര്യനെ ഉദിപ്പിക്കയും അവൻെറ നിത്യാഹാരത്തിന് വഴി ഉണ്ടാക്കിക്കൊടുക്കയും ചെയ്യുന്നു എന്ന് എനിക്കറിയാം. ദൈവം സ്വീകരിക്കുന്ന ഒരു മനുഷ്യനെ ഞാൻ എന്തിന് ആട്ടിയോടിക്കണം? എനിക്ക് അവനെ വഹിക്കാവുന്നതേയുള്ളു. ദൈവം എൻെറ കുറവുകളിലും എന്നെ കാത്തുപാലിക്കുന്നുണ്ടല്ലോ?

അങ്ങനെ ആ മഹാപുരോഹിതൻ ആ മദ്യപാനിയുടെ കൈകാലുകൾ കഴുകി. അവന് അത്താഴം നൽകയും കിടക്കവിരിച്ചുകൊടുക്കയും ചെയ്തു.

അബ്രഹാമിൻെറ ആത്മീയ പ്രകാശം നമുക്കുള്ളതിലും എത്രയോ കുറവായിരുന്നു. നമുക്ക് അവൻെറ ഉദാഹരണം അവലംബിക്കുവാൻ കഴികയില്ലേ?

തങ്ങളുടെ ഒരു സഹോദരൻ വ്യഭിചാരം ചെയ്യുന്നവനാണ് എന്ന് ചില ക്രിസ്ത്യാനികൾ മനസ്സിലാക്കി. അവർ ബിഷപ്പ് അമ്മോനയെ വിവരം അറിയിച്ചു. തങ്ങളോടൊപ്പം വന്ന് കുററക്കാരനെ കൈയ്യോടെ പിടികൂടുവാനും അവർ ബിഷപ്പിനോടഭ്യർത്ഥിച്ചു. അവർ അവൻെറ വീട്ടിൽ എത്തിയപ്പോഴേക്കും വ്യഭിചാരിയായ വിശ്വാസി സ്ത്രീയെ തൻെറ മുറിയിലുണ്ടായിരുന്ന ഒരു വലിയ പൂച്ചട്ടിയുടെ അടിയിൽ ഒളിപ്പിച്ചു. ബിഷപ്പ് മാത്രമേ അത് കണ്ടുള്ളു. തല കീഴായി വെച്ചിരുന്ന ആ പൂച്ചട്ടിയുടെ മുകളിൽ കയറി ഇരുന്നു കൊണ്ട് അദ്ദേഹം മററുള്ളവരോട് പറഞ്ഞു: "മുറി മുഴുവൻ തിരഞ്ഞുനോക്കുക." അവർ തിരഞ്ഞു എങ്കിലും സ്ത്രീയെ കണ്ടില്ല. അമ്മോന അവരോടു പറഞ്ഞു. "ദൈവം നിങ്ങളുടെ സംശയ പൂർണ്ണമായ മനസ്സുകളേയും അതിന്മൂലമുള്ള പെരുമാററങ്ങളേയും ക്ഷമിക്കട്ടെ." അവർ പോയിക്കഴിഞ്ഞപ്പോൾ പാപിയായ ആ സഹോദരനോടു അദ്ദേഹം പറഞ്ഞു: "പിശാചിനെപ്പററി കരുതലോടെയിരിക്കുക." ഇതു പറഞ്ഞ് അദ്ദേഹം അവിടെ നിന്നും പോയി. പാപത്തിൽ ആണ്ടിരുന്ന സഹോദരനോട് ദയയോടെ പെരുമാറുവാൻ ബിഷപ്പ് അമ്മോന് കഴിഞ്ഞു. അവനെ ദയാപൂർണ്ണമായ പെരുമാററം മൂലം നേടിയെടുക്കുവാൻ അദ്ദേഹം ശ്രമിച്ചു.

അറുക്കുവാനുള്ള കുഞ്ഞാടിനെപ്പോലെ യേശുവിനെ കൊണ്ടുവന്നപ്പോൾ "അവൻ വായ് തുറന്നതേയില്ല." (യേശയ്യാവ് 53:7) താൻ ഏതു പാപങ്ങൾ ആരോപിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നുവോ ആ പാപങ്ങൾ ചെയ്തിട്ടില്ല എന്ന് പറയുവാൻ അവൻ തുനിഞ്ഞില്ല. അവൻ നമ്മുടെ പാപങ്ങളെ സ്വയം ഏറെറടുത്തു. ഇതിനാൽ നാം നരകത്തിൽ നിന്നും രക്ഷപ്പെടുന്നതു കൂടാതെ മററുള്ളവരെ കുററംവിധിക്കേണ്ടതിൽ നിന്നു കൂടി രക്ഷപ്പെടട്ടെ. എല്ലാം സഹിക്കുവാൻ — പ്രത്യേകിച്ച് മാനുഷിക ബലഹീനതകളും തോൽവികളും — നമുക്ക് കഴിയുമാറാകട്ടെ.

## ഫെബ്രുവരി 2

"ആത്മാവിൻെറ ഫലമോ സ്നേഹം.......ഈ വകെയ്ക്കു വിരോധമായി ഒരു ന്യായ പ്രമാണവുമില്ല." (ഗലാത്യർ 5:22,23)

മാഗ്ഡേബർഗിലെ വിശുദ്ധ മെക്ക്ററിൽഡ് ഇപ്രകാരം പറയുകയുണ്ടായി. "സ്നേഹത്തിന് യാതൊരു സദാചാരവും ഇല്ല." സ്നേഹത്തിന് നിശ്ചിതമായ യാതൊരു നിയമവുമില്ല, സ്ഥിരമായ ഒരു പ്രവർത്തന ശൈലിയും ഇല്ല. അഗസ്ററിൻ അനുശാസിച്ചത് "ദൈവത്തെ സ്നേഹിച്ചുകൊണ്ട് നിൻെറ ഹിതം പോലെ പ്രവർത്തിക്കുക," എന്നതാണ്. സാധാരണയായി ദൈവത്തെ സ്നേഹിക്കുന്നവർ വേദപുസ്തകത്തിലെ കല്പനകഠം എല്ലാം അനുസരിക്കും. എന്നാലും ചില പ്രത്യേക ചുററുപാടിൽ അവന് സ്വതന്ത്രമായി പ്രവർത്തിക്കാം.

ഓസ്ചവിററ്സിൽ നാസികളുടെ തടവുക്യാമ്പുകളിൽ ഗർഭിണികളായ സ്ത്രീകളെ കൊന്നിരുന്നു. അവിടുത്തെ തടവുകാരിയായ ഒരു ഡോക്ടർ പല തടവുകാരികളിലും ഗർഭച്ഛിദ്രം നടത്തിയിരുന്നു. അങ്ങനെ അവഠം മററുള്ളവരുടെ ജീവൻ രക്ഷിച്ചു. അവഠം ഭ്രൂണഹത്യ നടത്തി എന്നത് വാസ്തവമാണ്. പക്ഷേ അവഠം ഇങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ കുട്ടികളും അവരുടെ അമ്മമാരും കൊല്ലപ്പെട്ടേനേ.

ജർമ്മനിക്കാരിയായ ഒരു സ്ത്രീയെ സോവിയററ് സൈന്യം തടവുകാരിയായി പിടിച്ച് സൈബീരിയയിലെ അടിമ തൊഴിൽ ക്യാമ്പിൽ അയച്ചു. ഈ ക്യാമ്പിൽ നിന്ന് ഗർഭിണികഠംക്കും അസുഖം മൂലം വളരെ ക്ഷീണിതരായ സ്ത്രീകഠംക്കും മാത്രം മോചനം നൽകിയിരുന്നു. അവരെ സംരക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവളുടെ ഭർത്താവ് ബ്രിട്ടീഷുകാരുടെ തടവിൽ ആയിരുന്നു. ഒരു ഗാർഡിനോട് അവളെ ഗർഭിണിയാക്കാൻ അവഠം ആവശ്യപ്പെട്ടു. അങ്ങനെ അവഠം തിരികെ വന്ന് കുട്ടികളുടെ സംരക്ഷണം ഏറെറടുത്തു. തൻെറ ഭർത്താവ് തിരികെ വന്നപ്പോഠം അവഠം ചെയ്ത തെററിനെപ്പററി അയാളോട് പറഞ്ഞു ആ പരിതസ്ഥിതിയിൽ അതു മാത്രമായിരുന്നു പരിഹാരം എന്ന് അയാഠം സമ്മതിച്ചു.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിലേക്കും മുസ്ളീം രാജ്യങ്ങളിലേക്കും ക്രിസ്തീയ സുവിശേഷ ലേഖകഠം പലതരത്തിലുള്ള തന്ത്രങ്ങഠം ഉപയോഗിച്ച് ഒളിച്ച് കടത്തപ്പെടുന്നു. സ്നേഹത്തിന് വിരോധമായി യാതൊരു നിയമവും ഇല്ല. പക്ഷേ സാധാരണചുററുപാടിൽ സ്നേഹം നിയമത്തിൻെറ വഴിയിൽ കൂടി മാത്രം സഞ്ചരിക്കുന്നു.

## ഫെബ്രുവരി 3

"സകല ജാതികളേയും ശിഷ്യരാക്കികൊഠംവിൻ" (മത്തായി 28:19)

മുഹമ്മദിൻെറ മകൻ ഹുസെയ്നും പിന്നീട് അവകാശിയാകേണ്ടിയിരുന്ന

മരുമകൻ അലിയും കൊല്ലപ്പെട്ടു. ഷിയായെററ് മുസ്ളീങ്ങളുടെ ദൈവശാസ്ത്രത്തിന് ക്രിസ്ത്യൻ വിശ്വാസരീതികളോട് ചില സാമ്യങ്ങളുണ്ട്. അവരുടെ വിശുദ്ധ പുസ്തകത്തിൽ താഴെ പറയുന്ന പ്രകാരമുള്ള ഒരു ഭാഗം ഉണ്ട്. ''ഹുസൈനായി കണ്ണുനീരൊഴുക്കുന്നത് നമ്മുടെ ജീവിതത്തിൻേറയും ആത്മാവിൻേറയും കർത്തവ്യമാണ്. അല്ലാത്തപക്ഷം നാം വളരെ കൃതഘ്നരായിരിക്കും. പറുദീസയിൽ പോലും നാം ഹുസൈയ്നെ ചൊല്ലി വിലപിക്കും. ഒരു ഷിയായെററിന് കണ്ണുനീർ വാർക്കാതിരിക്കുവാൻ കഴിയുകയില്ല. ഹുസൈയ്നിൻെറ മരണം പറുദീസയിലേക്കുള്ള വഴി ഒരുക്കി.''

അവർ വിശുദ്ധമായി കരുതുന്ന കെർബാല പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. ''ഹുസൈയ്നിൻെറ മരണം നമുക്ക് ജീവങ്കലേക്കുള്ള വാതിൽ ആകുന്നു. തീ വിറകിനെ ഇല്ലാതെയാക്കുന്നതുപോലെ അലിയോടുള്ള-സ്നേഹം എല്ലാ പാപങ്ങളേയും ഉന്മൂലനം ചെയ്യുന്നു.'' അലിയുടെ ഭാര്യ ഫാത്തിമയേയും അവർ ആദരിക്കുന്നു. അവരുടെ വിശ്വാസ പ്രകാരം അവർ 'സ്ത്രീകളിൽ ദൈവീകമായുള്ള എല്ലാത്തിൻേറയും മൂർത്തീകരണവും — മനുഷ്യർക്ക് എത്തുവാൻ കഴിഞ്ഞതിൽ ഏററവും ഉന്നതമായ ബഹുമാന്യ സ്ഥാനവതിയും, പറുദീസയിലെ രാജ്ഞിയുമാണ്.'' അവരുടെ ''അജ്ഞാതനായ ഇമാം'' എല്ലാ തലമുറയിലും മതനേതാവും ദൈവത്തിൻെറ അവതാരവുമാണ് എന്ന് അവർ വിശ്വസിക്കുന്നു.

അലിയുടെ പന്ത്രണ്ടാമത്തെ പിൻഗാമിയായ മൊഹമ്മദ് ഇബൻ അൽ ഹസൻ നാലു വയസ്സിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായും അവിടെ നിന്നും അവൻ ലോകാവസാനത്തിൽ മഹ്ദി, അഥവാ ലോക രക്ഷിതാവായി വരും എന്നും അവർ വിശ്വസിക്കുന്നു.

ഇസ്ളാമിലും മററ് പല മതങ്ങളിലുമെന്നപോലെ നമ്മുടെ ക്രിസ്ത്യൻ വിശ്വാസത്തിന് സമാന്തരമായ പല ഘടകങ്ങളും ഉണ്ട് എന്ന് കാണാം. ആത്മാക്കാം തങ്ങാംക്ക് അവ്യക്തമായി മാത്രം അനുഭവപ്പെടുന്ന സത്യത്തെ അന്വേഷിച്ച് ഇരുട്ടിൽ തപ്പിത്തിരയുന്നു. അവർക്ക് ക്രിസ്തു എന്ന പ്രകാശം ലഭ്യമായിട്ടില്ല. എല്ലാ മുസ്ളീം രാജ്യങ്ങളിലും ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങാം നിരോധിക്കപ്പെട്ടിരിക്കയാണ്. ഇസ്ളാമിക്ക് ലോകത്തിൻെറ മാനസാന്തരത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

## ഫെബ്രുവരി 4

''അവൻ തൻെറ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു.''

(സദൃശവാക്യങ്ങാം 23:7)

അമേരിക്കയിലെ കാൻസർ സ്പെഷ്യലിസ്ററായ യുഗീൻ പെൻഡേർ ഗ്രാസ്സ് പല കേസ്സുകളിലും കാൻസറിന് കാരണമായത് ജീവിതത്തിൽ സംഭവിക്കുന്ന ഏതെങ്കിലും ദുരന്തമാണ് എന്ന് ആദ്യമായി കണ്ടുപിടിച്ചു. ഉദാഹരണമായി മരണം, വ്യാപാരത്തിലെ നഷ്ടം, ജീവിതപങ്കാളികളുടെ അവിശ്വസ്തത മുതലായവ. ദുഃഖങ്ങാം രോഗങ്ങാംക്കു കാരണമാകുന്നു എങ്കിൽ

സമാധാനവും പ്രത്യാശയും ആരോഗ്യം വീണ്ടെടുക്കുന്നതിന് വളരെ സഹായകരമാണ്. കാൻസർ ബാധിച്ച കോശങ്ങൾ വർദ്ധിക്കും പക്ഷേ രക്തത്തിലെ ശ്വേതാണുക്കൾക്ക് അവയെ ആക്രമിച്ചു നശിപ്പിക്കുവാൻ കഴിയും. ഇത് നമ്മുടെ വിശ്വാസത്തേയും ഉറപ്പിനേയും ആശ്രയിച്ചിരിക്കും.

സാധാരണയായി നാം രോഗികളാകുന്നതിൻെറ കാരണം നമ്മുടെ ഉപബോധമനസ്സിൽ നാം മററുള്ളവരുടെ ശ്രദ്ധയും സ്നേഹവും ദയയും നേടുന്നതിനായി ആഗ്രഹിക്കുന്നതാണ്. പക്ഷേ സ്നേഹം നേടുക എന്ന് ആഗ്രഹിക്കുന്നത് തെററാണ്. പകരം സ്നേഹത്തിന് വിധേയരായി മററുള്ളവരെ സ്നേഹിക്കുക. പെട്ടെന്ന് ക്ഷമിക്കാൻ കഴിവുള്ളവരേക്കാൾ വിദ്വേഷം വച്ചുപുലർത്തുന്നവരിലും ക്ഷമിക്കുവാൻ കഴിവില്ലാത്തവരിലും കാൻസറും മററ് രോഗങ്ങളും വരുവാൻ കൂടുതൽ പ്രവണത കാണുന്നത്.

ഒരിക്കൽ എനിക്ക് ക്ഷയം, മഞ്ഞപ്പിത്തം, മൂത്രമൊഴിവ്, ഹൃദ്രോഗം എല്ലാം ഉണ്ടായിരുന്നു. അന്ന് ഞാൻ ജയിലിൽ ആയിരുന്നു. അവിടെ മരുന്ന് എന്നത് പട്ടിണി, ശുദ്ധവായുവിൻെറ അഭാവം, സൂര്യപ്രകാശം ഇല്ലായ്മ കൂടാതെ മർദ്ദനം എന്നിവയായിരുന്നു. പക്ഷേ ഞാൻ ജീവിക്കുവാൻ നിശ്ചയിച്ചിരുന്നു. കാരണം എനിക്ക് നിവൃത്തിക്കേണ്ട സംഗതികൾ ഉണ്ട് എന്ന് തോന്നി. ഞാൻ പ്രാർത്ഥിച്ചു. എനിക്കുവേണ്ടി മററ് അനേകരും പ്രാർത്ഥിച്ചു. എൻെറ കഴിഞ്ഞ ജീവിതത്തെപ്പററി ഞാൻ പശ്ചാത്തപിച്ചപ്പോൾ എൻെറ ആത്മാവിൻെറ ഭാരം വളരെ കുറഞ്ഞു. അങ്ങനെ അസുഖത്തെ കീഴ്പ്പെടുത്തുവാനുള്ള ശക്തി എനിക്ക് ദൈവം നല്കി.

എല്ലാവരും മരിക്കും എന്നത് സുനിശ്ചിതമാണ്. ഇപ്പോഴത്തെ നിങ്ങളുടെ അസുഖം നിങ്ങളുടെ ഭവനത്തിലേക്ക് നിങ്ങളെ കൊണ്ടുപോകുന്നതിന് ഉള്ള ദൈവത്തിൻെറ വഴിയാകാം. അത്ഭുതകരമായ സൗഖ്യമാക്കൽ വ്യത്യസ്ഥമാണ്. അല്ലെങ്കിൽ അവ അത്ഭുതകരമല്ലല്ലോ? എന്നിരുന്നാലും അത്ഭുതത്തിൽ വിശ്വസിക്കുക. സംഭാവ്യതയുടെ ഉച്ചകോടിയാണ് അത്. സമാധാനത്താലും വിശ്വാസത്താലും അതുമായി യോജിക്കുക.

---

## ഫെബ്രുവരി 5

---

"ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ."

(റോമർ 13:1)

റഷ്യയിൽ വിപ്ളവത്തിന് വഴിയൊരുക്കിയ കമ്മ്യൂണിസ്ററ് പാർട്ടിയുടെ സെൻട്രൽ കമ്മററിയിലെ 29 അംഗങ്ങളിൽ മൂന്നുപേർ അവരുടെ ശത്രുക്കളാൽ കൊല്ലപ്പെടുകയും രണ്ടുപേർ ആത്മഹത്യ ചെയ്യുകയും 15 പേർ തങ്ങളുടെ സ്വന്തം സഖാക്കളാൽ കൊല്ലപ്പെടുകയുമാണുണ്ടായത്. സ്ററാലിനെ മരണശേഷം തൻെറ അനുയായികൾ തള്ളിപ്പറഞ്ഞു. ഏകാധിപത്യം അവസാനിപ്പിക്കുവാനായി വിപ്ളവം കൊണ്ടുവന്നു. ഈ നേതാക്കൾ, തങ്ങളുടെ വിപ്ളവത്തിൻെറ ഫലമായി തങ്ങളുടെ സ്വന്തം സഖാക്കളാൽ കൊല്ലപ്പെടും എന്നും വിപ്ളവം മൂലം ഏകാധിപത്യത്തിനെതിരായി മാത്രമല്ല വിപ്ളവകാരികൾക്കെതിരായുള്ള

അതിക്രമങ്ങാം വർദ്ധിക്കുക മാത്രമേയുള്ളു എന്നും അറിഞ്ഞിരുന്നു എങ്കിൽ അധികാര സ്ഥാനത്തിരിക്കുന്നവർക്കെതിരായ വിപ്ളവപ്രസ്ഥാനങ്ങളുമായി അവർ മുമ്പോട്ടുവരുമായിരുന്നോ?

തങ്ങളുടെ വിപ്ളവം അന്ത്യത്തിൽ സ്ററാലിനെ അധികാരത്തിൽ കൊണ്ടുവരും എന്ന് അറിഞ്ഞിരുന്നു എങ്കിൽ ട്രോട്സ്കി ഒരു വിപ്ളവകാരിയാകുമായിരുന്നോ? സ്ററാലിൻ ട്രോട്സ്കിയുടെ രണ്ടു മക്കളേയും അനേകം ബന്ധുക്കളേയും എല്ലാ അനുയായികളേയും കൊല്ലുകയും ട്രോട്സ്കിയെ കൊല്ലുവാൻ മഴുവുമായി ഒരു ആരാച്ചാരെ അയയ്ക്കുകയും ചെയ്തവനാണ്.

സാർ ചക്രവർത്തിമാരുടെ ഭരണത്തിൽ അനേകം അനീതികാം ഉണ്ടായിരുന്നു എങ്കിലും അവർ ഒരിക്കലും ഇത്തരത്തിൽ വിപ്ളവകാരികാംക്കും ജനങ്ങാംക്കും എതിരായി കൂട്ടക്കൊലകളുടെ ശൃംഖലകാം തുറന്നു വിടുമായിരുന്നില്ല.

പല വിപ്ളവങ്ങളും ഉദ്ദേശിച്ച ഫലം കൈവരിച്ചിട്ടില്ല. പ്രശ്നപരിഹാരത്തിനുള്ള ഏററവും മോശമായ സമീപനമാണ് വിപ്ളവം. ജനങ്ങാം യേശുവിൻെറ ഉപദേശം കൈക്കൊണ്ടിരുന്നു എങ്കിൽ AD-71-ൽ യഹൂദന്മാരുടെ രാജ്യം റോമാക്കാർ നശിപ്പിക്കയില്ലായിരുന്നു. "ദുഷ്ടനോട് എതിർക്കരുത്. നിൻെറ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറേറതും തിരിച്ചു കാണിക്ക." (മത്തായി 5:39)

ഭീകര പ്രവർത്തകരും വിപ്ളവകാരികളും നമ്മുടെ സഹതാപ പൂർണ്ണമുള്ള പ്രാർത്ഥനയ്ക്ക് പാത്രമായിരിയ്ക്കട്ടെ. അവർ തങ്ങളുടെ പ്രവർത്തികാം സമാധാന പൂർവ്വമുള്ള പരിഷ്കാരങ്ങാംക്കായി തിരിച്ചുവിടാൻ ഇടവരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## ഫെബ്രുവരി 6

"പാമ്പ് സ്ത്രീയോട്:അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുതുറക്കയും നിങ്ങാം നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകും എന്ന് ദൈവം അറിയുന്നു എന്ന് പറഞ്ഞു." (ഉല്പത്തി 3:5)

ദൈവത്തിൻേറയും സാത്താൻേറയും ഉദ്ദേശങ്ങാം ഒരുപോലെ തോന്നിയേക്കാം. തർസ്സോസുകാരനായ ശൗലിനോട് യേശു പറഞ്ഞത്: "അവരുടെ കണ്ണുതുറപ്പാനും.....നിന്നെ അവരുടെ (ജാതികളുടെ) അടുക്കൽ അയയ്ക്കുന്നു." (അപ്പോ.പ്രവർത്തികാം 26:17,18) സാത്താനും ഇതുതന്നെയാണ് വാഗ്ദാനം ചെയ്യുന്നത്. പക്ഷേ ഇതു തമ്മിലുള്ള വ്യത്യാസം വലുതത്രേ.

പാമ്പ് നിങ്ങളുടെ കണ്ണു തുറപ്പിച്ചാൽ അവ എപ്പോഴും തുറന്നു തന്നെയിരിക്കും. ദൈവത്താൽ തുറക്കപ്പെടുന്ന കണ്ണുകാം ഇഷ്ടപ്രകാരം അടയ്ക്കുവാനും കഴിയും. ശേം-ഉം യാഫേത്തും തങ്ങളുടെ പിതാവിൻെറ നഗ്നത മറച്ചതുപോലെ നമ്മുടെ സഹോദരങ്ങളുടെ പാപങ്ങാംക്കുനേരെ കണ്ണുകാം അടയ്ക്കുവാനും സഹായിക്കുന്നു. ഇതാണ് യഥാർത്ഥ ക്രിസ്ത്യാനികാം

മററുള്ളവർക്കുവേണ്ടി ചെയ്യുന്നത്.

മറുവശത്ത് സാത്താനാൽ തുറക്കപ്പെട്ട കണ്ണുകൾ ഭാവിയിലെ സകല അപകടങ്ങൾക്കും പ്രയാസങ്ങൾക്കും നേരെ തുറന്നിരിക്കും. അവ വിശ്വാസം പരിഹരിക്കാത്ത പ്രശ്നങ്ങൾക്കും വേദപുസ്തകത്തിലെ സങ്കീർണ്ണതകൾക്കും നേരെ തുറന്നു തന്നെയിരിക്കും.

ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന കണ്ണുകൾ ആപത്തുകളുടെ നടുവിലും നമുക്ക് വിശ്വാസത്താൽ അടയ്ക്കുവാൻ കഴിയും. ഞാൻ എന്തിന് വിഷമിക്കേണം? ''യിസ്രായേലിൻെറ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.'' (സങ്കീർത്തനങ്ങൾ 121:4)

നാം ''മുഖാമുഖമായി കാണുന്ന'' (1 കൊരിന്ത്യർ 13:12) ദിവസം വരുന്നു. നമ്മുടെ കാഴ്ചയുടെ നിയന്ത്രണം ദൈവത്തിൽ മാത്രം അർപ്പിക്കുക.

---

## ഫെബ്രുവരി 7

---

''അവയിൽ (കുരികിൽ) ഒന്നുപോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്തു വീഴുകയില്ല.'' (മത്തായി 10:29)

ജപ്പാൻെറ ആക്രമണ കാലത്ത് സുവിശേഷത്തിൻെറ മാനം നിലനിർത്തുവാനായി ചൈനീസ് പാസ്ററർ വാങ്ങ്-മിൻ-ററാവോ തൻെറ ജീവൻ അപകടത്തിൽ പെടുത്തുകയുണ്ടായി. ജാപ്പനീസ് ചക്രവർത്തിയുടെ ഒരു ചിത്രം പള്ളിയിൽ തൂക്കിയിടുന്നതിനെ അദ്ദേഹം എതിർത്തു. മാവോ-സേ-തൂങ്ങിൻെറ പടത്തിനും ഈ ബഹുമതി അദ്ദേഹം നിഷേധിച്ചു. അദ്ദേഹത്തിൻെറ ന്യായീകരണവും പള്ളിയിൽ യേശുവിൻെറ പടവും തൂക്കിയിട്ടില്ല എന്നതായിരുന്നു. കമ്മ്യൂണിസ്ററുകാരുമായി സഹകരിക്കാതിരുന്നതിന് 1955-ൽ അദ്ദേഹത്തെ അറസ്ററു ചെയ്തു. രണ്ടു വർഷത്തേയ്ക്ക് അദ്ദേഹത്തെ കഠിനമായ മസ്തിഷ്ക പ്രക്ഷാളണത്തിന് ഇരയാക്കി. പീഢനം മൂലം സമചിത്തത കൈവെടിഞ്ഞ അദ്ദേഹം സാമ്രാജ്യവാദത്തിൻെറ പാപങ്ങളുടെ ഒരു ലിസ്ററിൽ ഒപ്പിടേണ്ടിവന്നു. അതിനുശേഷം അദ്ദേഹത്തെ വിട്ടയച്ചു.

സ്വതന്ത്രനായ അദ്ദേഹത്തിൻെറ മനസമാധാനം നഷ്ടപ്പെട്ടു. ''ഞാൻ പത്രോസാണ്, യൂദാസാണ് എന്ന് പിറുപിറുത്തുകൊണ്ട് അദ്ദേഹം ചുററിനടന്നു. ഒരു ദിവസം അദ്ദേഹം തൻെറ കമ്മ്യൂണിസ്ററ് പീഢകരുടെ അടുത്തു ചെന്ന് തൻെറ കുററസമ്മതപത്രം തിരുത്തി എഴുതാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. ഇതിൻെറ പേരിൽ അദ്ദേഹത്തേയും ഭാര്യയേയും ജയിലിലാക്കി. ജയിലിൽ നിന്നും അദ്ദേഹം ഇപ്രകാരം എഴുതി: ''എന്നെച്ചൊല്ലി ആകുലപ്പെടരുത്. എനിക്ക് കുരികിലുകളേക്കാൾ വിലയില്ലയോ?'' അദ്ദേഹം ജയിലിൽ വച്ച് മരണമടഞ്ഞു.

ക്രൈസ്തവമതത്തിൻെറ ഒരു പ്രമുഖ നേതാവെന്ന നിലയിൽ അദ്ദേഹം തൻെറ വിശ്വാസം തള്ളിപ്പറഞ്ഞു. തൽഫലമായി അവൻ നിലം പരിശായി. കുരികിലുകൾ പോലും ദൈവത്തിൻെറ അറിവുകൂടാതെ മരത്തിൽ നിന്നും

വീഴുകയില്ല. അവൻ അറിയാതെ ക്രിസ്ത്യാനികളും വീണുപോകയില്ല.

ദൈവം നമ്മെ പാപത്തിൽ വീഴുവാൻ അനുവദിക്കുന്നത് എന്തിനാണ്. ദാനിയേൽ പറയുന്നു: ''ശുദ്ധീകരണവും നിർമ്മലീകരണവും സാധിക്കേണ്ടതിന് ബുദ്ധിമാന്മാരിൽ ചില വീഴും.'' (ദാനിയേൽ 11:35) പിതാവിങ്കലേക്കു മടങ്ങി വരുമ്പോൾ വീഴ്ചകൾ നമുക്ക് എളിമ, പ്രകാശം, ശക്തി, മററുള്ളവർക്ക് ആശ്വാസം എന്നിവയുടെ ഉറവകളായി അനുഭവപ്പെടും.

''എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു '' (റോമർ 8:28) എന്ന് എഴുതിയിരിക്കുന്നു. ഇതോടൊപ്പം അഗസ്ററിൻ ഒരു ഭാഗം കൂടി കൂട്ടിചേർത്തിട്ടുണ്ട്. ''തങ്ങളുടെ പാപങ്ങൾ പോലും.''

## ഫെബ്രുവരി 8

''ധനവാൻ ദൈവരാജ്യത്തു കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്ന് പറഞ്ഞു.'' (ലൂക്കോസ് 18:25)

കമ്മ്യൂണിസ്ററ് ചൈനയുടെ മുൻ വിദേശകാര്യ മന്ത്രിയായ ചൗ-എൻ-ലായ് ഈ വാക്യം തന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട് എന്ന് പറയുകയുണ്ടായി. പക്ഷേ കമ്മ്യൂണിസ്ററുകാർ യേശു ധനികരായ ഭരണകർത്താക്കളെ സമാധാനത്തിൻെറ പേരിൽ വിട്ടയച്ചു എന്ന് വിമർശിക്കുന്നു. അങ്ങനെയുള്ളവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും അവരെ അറസ്ററു ചെയ്യുകയുമാണ് വേണ്ടത്.

മുതലാളിമാരുടെ സ്വത്തുക്കൾ പിടിച്ചെടുക്കയാണെങ്കിൽ ഒരു പറുദീസ സൃഷ്ടിക്കാം എന്ന് കമ്മ്യൂണിസ്ററുകാർ വിശ്വസിക്കുന്നു. ഈ വിശ്വാസം പാശ്ചാത്യരും പൗരസ്ത്യരും ആയ ചില കമ്മ്യൂണിസ്ററ് പുരോഹിതന്മാരുപോലും സ്വീകരിക്കുന്നു.

ഒരു ചെറുപ്പക്കാരനായ ഭരണാധികാരിയുടെ സ്വത്തുക്കൾ യേശു എന്തിന് പിടിച്ചെടുക്കണം? ധനികനായുള്ള ഒരു മനുഷ്യൻ നീചനായ ഒരു മനുഷ്യൻ തന്നെയായിരിക്കാം. ധനവാൻെറ സ്വത്ത് പിടിച്ചെടുക്കുന്നവൻ അവൻെറ നീചത്തവും കൂടി കൈക്കലാക്കുന്നു. കാരണം പട്ടിണികൊണ്ട് പൊരിയുന്ന ഈ ലോകത്തിൽ നീചനല്ലാത്തവൻ ധനികൻ ആകയില്ലായിരുന്നു.

ധനവാൻെറ സ്വത്ത് യേശു എടുത്തിരുന്നു എങ്കിൽ അവൻെറ ആത്മാവിൻെറ ചാഞ്ചല്യവും യേശു എടുത്തുമാററിയേനേം. ഈ ചാഞ്ചല്യമാണ് അവനെ നിത്യജീവൻ നേടുന്നത് എങ്ങനെയെന്ന് തിരക്കി നടക്കുവാൻ പ്രേരിപ്പിച്ചത്.

ധനവാൻ അവൻെറ സ്വത്തുകളുമായി മരണത്താൽ മാത്രം വേർപിരിയും.

''എൻെറ രാജ്യം ഐഹീഹമല്ല.'' (യോഹന്നാൻ 18:36) എന്ന് യേശു പറയുന്നു. നമ്മുടെ നിക്ഷേപം സ്വരൂപിക്കേണ്ടത് ''പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുറന്ന് മോഷ്ടിക്കാതെയുമിരിക്കുന്ന'' സ്വർഗ്ഗത്തിലുമാണ്. (മത്തായി 6:20)

## ഫെബ്രുവരി 9

"യഹോവയായ ദൈവം മനുഷ്യനെ വിളിച്ച്: നീ എവിടെ എന്ന് ചോദിച്ചു."
(ഉല്പത്തി 3:9)

ഒരു സെമിനാരിയിൽ പ്രസംഗം പഠിപ്പിക്കുന്ന പ്രൊഫസർ തന്റെ വിദ്യാർത്ഥികളോട് ഈ വാക്യം വായിക്കുവാൻ ആവശ്യപ്പെട്ടു. മിക്ക വിദ്യാർത്ഥികളും കള്ളനോട് പോലീസുകാരൻ വിളിച്ചു ചോദിക്കുന്നതുപോലെയാണ് ഈ വാക്യം വായിച്ചത്. പക്ഷേ ഒരു നല്ല പ്രാസംഗികൻ ഈ വാക്കുകൾ ഹൃദയം തകർന്ന ഒരു പിതാവിന്റെ സ്വരത്തിൽ മാത്രമേ വായിക്കയുള്ളു. ലൂസിഫറിന്റെ പതനത്തിൽ മനം നൊന്തിരുന്ന അവസരത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അപ്പോഴാണ് മനുഷ്യനിൽ നിന്നുമുള്ള ഈ പുതിയ നിരാശ. ആദാമും നിലം പതിച്ചു. താൻ വളരെയധികം ആഗ്രഹത്തോടെ നടത്തിയ സൃഷ്ടിയുടെ ലക്ഷ്യം നഷ്ടമാവുകയായിരുന്നു.

പിന്നീടൊരിക്കൽ ഇതിലും പരിതാപകരമായ ഒരു ചോദ്യം ദൈവം കായീനോട് ചോദിച്ചു. "നിന്റെ അനുജനായ ഹാബേൽ എവിടെ?" (ഉല്പത്തി 4:9)

ദൈവത്തിന്റെ മനോവേദന മുഴുവൻ പ്രതിഫലിപ്പിച്ചുകൊണ്ട് ഇത് വായിക്കുവാൻ കഴിവുള്ള പ്രാസംഗികൻ ആരുണ്ട്?

നഗ്നനും പാപിയുമായി ഭയത്തോടെയാണ് ആദാം ചെടിക്കു പിന്നിൽ ദൈവത്തിൽ നിന്നും ഒളിച്ചിരുന്നത്. കേൾവിക്കാരന് ഈ ഭയത്തെ അതിജീവിക്കുവാൻ സഹായിക്കത്തക്കവണ്ണം ആയിരിക്കേണം ഈ വാക്യം വായിക്കേണ്ടത്. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കായി രക്തം ചിന്തുന്നതിന് സ്ത്രീയുടെ ഉദരത്തിൽ നിന്നും ജനിച്ചവനായ ഒരു രക്ഷകനെ അയയ്ക്കുവാൻ തീരുമാനിച്ച ദൈവം ആണ് ഈ ചോദ്യം ചോദിച്ചത്. കയീനെപ്പോലെയുള്ള ഒരു കുററവാളിയെ തന്റെ പ്രത്യേക കരുതലിൽ നിർത്തിയ ദൈവമാണ് ഈ ചോദ്യം ചോദിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ രക്തം അവനേയും ശുദ്ധമാക്കാൻ പര്യാപ്തമാണ്. "പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു." (റോമർ 5:20)

നിങ്ങളുടെ ജീവിതകാലം മുഴുവൻ ദൈവത്തിൽ ആശ്രയിക്ക. അവന്റെ സ്നേഹത്തിലും കരുണയിലും ഉറച്ച് വിശ്വസിക്ക.

## ഫെബ്രുവരി 10

"വീഞ്ഞുകുടിച്ച് മത്തരാകരുത്: ആത്മാവ് നിറഞ്ഞവരായിരിക്ക."
(എഫെസ്യർ 5:18)

നിങ്ങൾ അമിതമായി മദ്യപിക്കുമായിരിക്കാം. നിങ്ങളുടെ പ്രിയപ്പെട്ടവർ ഈ പാപം ചെയ്യുന്നതിനാൽ നിങ്ങൾ വിഷമിക്കുന്നുണ്ടായിരിക്കാം. മദ്യപന്മാരെ

കുററപ്പെടുത്തരുത്. പക്ഷേ നിങ്ങൾക്ക് എത്രമാത്രം പണം, നിങ്ങളുടെ ഭാര്യയുടേയോ അമ്മയുടേയോ എത്ര മന്ദഹാസങ്ങൾ, കുട്ടികളുടെ ചിരി, എന്തു സന്തോഷം എന്തെല്ലാം നിങ്ങളുടെ ഭവനത്തിൽ നിന്ന് മദ്യത്തിൻെറ പേരിൽ മാഞ്ഞുപോയി എന്ന് ഓർമ്മിക്കുക.

ഒരു ജയിലോ, ഒരു മനോരോഗ ചികിത്സാ കേന്ദ്രമോ സന്ദർശിക്കുക. മദ്യം മൂലം എത്രപേർ അവിടെ എത്തിയിട്ടുണ്ട് എന്ന് അറിഞ്ഞാൽ അത്ഭുതം തോന്നും. സംശയശീലമുള്ളവനോ മദ്യവർജ്ജകനോ ഒരിക്കലും ജയിലിൽ പോകേണ്ടിവരികയില്ല.

മദ്യം നിങ്ങൾ ശർദ്ദിക്കുമ്പോൾ ഇഷ്ടപ്പെടുന്നുണ്ടോ? നിങ്ങളുടെ കുട്ടികൾ നിങ്ങളെ വെറുക്കുമ്പോൾ അത് ഇഷ്ടമാണോ? നിങ്ങളുടെ പ്രിയ ഭാര്യ നിങ്ങളെ തള്ളിക്കളയുന്നത് ഇഷ്ടമാണോ? നിങ്ങളെ നിർധനനാക്കുന്ന ഈ വ്യാപാരം എന്തിനാണ്? വാഹനാപകടം ഒഴിവാക്കുവാൻ മദ്യം നിങ്ങളെ സഹായിക്കാറുണ്ടോ? സമചിത്തമായിട്ടിരിക്കുന്നതിനേക്കാൾ എന്തെങ്കിലും മെച്ചമായി നിങ്ങൾ കുടിക്കുമ്പോൾ തോന്നാറുണ്ടോ?

''വീഞ്ഞ് പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല.'' (സദൃശവാക്യങ്ങൾ 20:1)

നിങ്ങൾ വിഷമിക്കുമ്പോഴും, നിസഹായനായും, നിരാശനായും ഇരിക്കുമ്പോഴും നിങ്ങളുടെ പാപം മൂലം ദൈവത്തിൻെറ ''കണ്ണിൽ നിന്നും രാവും പകലും ഇടവിടാതെ കണ്ണുനീർ ഒഴുക്കുന്നു'' (യിരമ്യാവ് 14:17) എന്ന വസ്തുത ഓർക്കുക. അവൻ നിങ്ങളെപ്പററി കരുതുന്നു. അവനിൽ എല്ലാത്തിനും പരിഹാരം ഉണ്ട്.

നിങ്ങൾ വിജയം പ്രാപിക്കേണ്ട ആവശ്യം ഇല്ല. പരിശുദ്ധാത്മാവിൻെറ നിറവ് ഏവർക്കും ലഭ്യമാണ്. അത് മദ്യത്തെപ്പോലെയല്ല. അത് നിങ്ങൾക്ക് നിരന്തരമായ സുഖക്ഷേമാനുഭൂതിയും ആഹ്ളാദവും പ്രദാനം ചെയ്യുന്നു. പെന്തക്കോസ്തുനാളിൽ അപ്പോസ്തോലന്മാർക്ക് പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ അവൻ ''പുതു വീഞ്ഞു കുടിച്ച്'' വരെപ്പോലെ തോന്നിച്ചു. (അപ്പോ. പ്രവർത്തികൾ 2:13) ഇത് ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ നേടുന്നതിന് അവരെ സഹായിച്ച ഒരു ജയാഘോഷം ആയിരുന്നു.

---

## ഫെബ്രുവരി 11

---

''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.'' (മത്തായി 5:3)

'Christ in a Fur' എന്ന പുതിയ നാടകത്തിൻെറ അവതരണദിനം— മോസ്കോയിലെ നാടകശാല തിങ്ങിനിറഞ്ഞ് ജനങ്ങൾ കൂടിയിരുന്നു.

അലക്സാണ്ടർ റോസ്റേറാസേവ് എന്ന നടനായിരുന്നു യേശുവിൻെറ ഭാഗം അഭിനയിക്കേണ്ടിയിരുന്നത്. സോവിയററ് സമൂഹത്തിലെ ഉന്നത വൃത്തങ്ങളിലെ അംഗവും ഒരു കറയററ മാർക്സിസ്ററുകാരനുമായിരുന്നു അദ്ദേഹം.

രംഗത്ത് ബലിപീഠത്തിന്റെ പരിഹാസപരമായ അവതരണം ഉണ്ടായിരുന്നു. അതിലെ കുരിശ് മദ്യകുപ്പികൾ കൊണ്ട് നിർമ്മിച്ചതായിരുന്നു. മദ്യം നിറച്ച ചഷകങ്ങൾ അതിനുചുററും നിരത്തിയിരുന്നു. തടിച്ച 'പുരോഹിതന്മാർ' ദൈവദൂഷകമായ 'ആരാധന' നടത്തി. ഈ പരിഹാസ നാടകത്തിൽ 'കന്യാസ്ത്രീകൾ' ചീട്ടുകളിക്കയും മദ്യപിക്കയും ചെയ്യുന്നതായും 'ആരാധന' നടന്നുകൊണ്ടിരിക്കുമ്പോൾ അസഭ്യം കലർന്ന ഫലിതങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതായും അവതരിപ്പിച്ചു.

അതിന് ശേഷം റോസ്റേറാസേവ് ക്രിസ്തുവായി രംഗത്തുവന്നു.ഒരു നീലയങ്കി ധരിച്ച് കയ്യിൽ പുതിയ നിയമവുമായാണ് അദ്ദേഹം വന്നത്. പർവ്വത പ്രസംഗത്തിലെ രണ്ടു വാക്യങ്ങൾ വായിച്ചശേഷം പുസ്തകം വലിച്ചെറിഞ്ഞു. ''എന്റെ രോമക്കുപ്പായവും തൊപ്പിയും തരൂ; ഞാൻ ഒരു സാധാരണക്കാരന്റെ ജീവിതമാണ് ഇഷ്ടപ്പെടുന്നത്'' എന്ന് പറയുന്നതായാണ് അദ്ദേഹത്തിന് നിഷ്കർഷിച്ചിരുന്ന ഭാഗം. പക്ഷേ അപ്രതീക്ഷിതമായി എന്തോ സംഭവിച്ചു. രണ്ടു വാക്യങ്ങൾ വായിച്ച് പുസ്തകം വലിച്ചെറിയുന്നതിന് പകരം ആ നടൻ വേദപുസ്തകവായന തുടർന്നു. ''സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും.'' (മത്തായി 5:5) പർവ്വത പ്രസംഗം മുഴുവൻ അദ്ദേഹം വായിച്ചു തീർത്തു. നിർത്തുവാൻ സംവിധായകൻ പറഞ്ഞത് അദ്ദേഹം കേട്ടതേയില്ല.

യേശുവിന്റെ വാക്കുകൾ വായിച്ചുകഴിഞ്ഞശേഷം റോസ്റേറാസേവ് ഓർത്തഡോക്സ് ശൈലിയിൽ കുരിശുവരച്ചുകൊണ്ട് പറഞ്ഞു: ''യേശുവേ നീ രാജത്വം പ്രാപിച്ച് വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ.'' (ലൂക്കോസ് 23:42) അത് പറഞ്ഞ് അദ്ദേഹം രംഗത്തുനിന്നും തിരോധാനം ചെയ്തു. അദ്ദേഹത്തെ പിന്നെ ആരും കണ്ടിട്ടില്ല. കമ്മ്യൂണിസ്ററുകാർ അദ്ദേഹത്തിന്റെ കഥകഴിച്ചു.

ഈ നടനെപ്പോലെ നമുക്കും ലോകം പിടിച്ചേൽപ്പിക്കുന്ന ചീത്തറോളുകൾ മറന്ന് രക്ഷകന്റെ വാക്കുകളുടെ സൗന്ദര്യത്തിൽ നിർവൃതികൊള്ളാം.

---

## ഫെബ്രുവരി 12

---

''മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്ക് തരും.'' (വെളിപാട് 2:10)

വൻ ശക്തികളായ കമ്മ്യൂണിസവും ഇസ്ളാംമതവും ക്രിസ്തുസഭയെ പീഢിപ്പിക്കുന്നു. ആഫ്രിക്കയിൽ പ്രാകൃത മതങ്ങൾ വീണ്ടും ഉണർന്നിരിക്കുന്നു. മററ് രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ അവരുടെ വീടുകളിലും ജോലിസ്ഥലങ്ങളിലും പീഢിപ്പിക്കപ്പെടുന്നു.

പീഢനമാകുന്ന ഈ വ്യാളിയെ എങ്ങനെ നശിപ്പിക്കാം. രക്തസാക്ഷിത്തമാണ് ഒരു ആയുധം.

12-ാം നൂററാണ്ടിൽ കാൻറർബറി ആർച്ചുബിഷപ്പായിരുന്ന തോമസ് ബെക്കററ് ഇംഗ്ളണ്ടിലെ സ്വേച്ഛാധിപതിയായ ഹെൻറി രണ്ടാമൻ

രാജാവിന്, സഭയ്ക്ക് ഈ ലോകത്തിൻെറ ശക്തിയേക്കാം ഉപരിയായ ശക്തികാം ഉണ്ടെന്നും, പരിശുദ്ധവും നിത്യവുമായതിനെ മാനുഷീകവും ക്ഷണികവുമായവയ്ക്ക് കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ല എന്നും മനസ്സിലാക്കിക്കൊടുത്തു. സഭയുടെ കാര്യത്തിൽ ഭരണാധികാരികാം ഇടപെടുന്നത് അദ്ദേഹം ശക്തിയുക്തം എതിർത്തു. ഈ കാരണത്തിന് വേണ്ടി അദ്ദേഹം കൊല്ലപ്പെട്ടു. അദ്ദേഹത്തിൻെറ അവസാനവാക്കുകാം ഇപ്രകാരമായിരുന്നു. "ഞാൻ മനസ്സോടെ യേശുവിൻെറ നാമത്തിനും, സഭയെ സംരക്ഷിക്കുന്നതിനുമായി മരിക്കുന്നു." അദ്ദേഹത്തിൻെറ മരണം യൂറോപ്പിനെ മുഴുവൻ ഭയത്തിലാഴ്ത്തിയതിനാൽ സഭയുടെ സ്വാതന്ത്ര്യം എന്ന പ്രസ്ഥാനമേ നിന്നു പോയി. എല്ലാവരും അദ്ദേഹത്തെ രക്തസാക്ഷിയായി അംഗീകരിച്ചു.

1174-ൽ ഹെൻറി രണ്ടാമൻ ചാട്ടവാറുകൊണ്ടുള്ള അടി ഏല്ക്കുന്നതിനായി നഗ്നപാദനായി കാൻറർബറിയിൽ ചെന്നപ്പോഴും ആ കത്തീഡ്രലിൻെറ കല്ലുകളിന്മേൽ ബിഷപ്പിൻെറ രക്തം ചുവപ്പായി തന്നെ കാണാമായിരുന്നു. താൻ ചെയ്തകുററത്തിൻെറ പ്രായശ്ചിത്തമായി അദ്ദേഹം പൂർണ്ണ സമ്മതത്തോട് അടിയേൽക്കുകയും താൻ കൊന്ന മനുഷ്യൻെറ കബറിങ്കൽ ഉറക്കമിളച്ച് ഇരിക്കയും ചെയ്തു. ഒരു രക്തസാക്ഷിയുടെ രക്തം ഒരു കൊലപാതകനിൽ പരിവർത്തനം ഉണ്ടാക്കി. ഇത് വീണ്ടും സംഭവിക്കരുതോ?

ആദിമ ക്രിസ്ത്യാനികളെ റോമൻ ചക്രവർത്തികാം പീഢിപ്പിച്ചു. അവസാനം റോമൻ ചക്രവർത്തിമാർ ക്രിസ്ത്യാനികളായി.

കുരിശുകാം വീണ്ടും വീണ്ടും ചുമന്നും കല്ലറകാംക്കുമേൽ കല്ലറകളുമായി സഭ മുന്നേറും. ക്ഷമയോടെ സഹിക്കുന്ന ഏവരും ജേതാവായി തീരും — നിങ്ങളും.

## ഫെബ്രുവരി 13

"ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്."

(2 യോഹന്നാൻ 10)

ക്രൈസ്തവസഭയുടെ മഹാന്മാരായ നേതാക്കളെല്ലാം തന്നെ ഇന്നത്തെ മനുഷ്യരുടെ ഭാഷയിൽ പറഞ്ഞാൽ സങ്കുചിത മനസ്കരായിരുന്നു. അവർക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി മാത്രമേ അറിയുമായിരുന്നുള്ളു. ചന്ദ്രനിൽ പോയശേഷം ഭൂമിയിലേക്കു തിരികെ വരുന്ന ബാഹ്യാകാശ സഞ്ചാരികളും സങ്കുചിത മനസ്കരാണ്. അവരുടെ ബാഹ്യാകാശ നൗക ഒരു പ്രത്യേക പാതയിൽ കൂടി എള്ളിട തെററാതെ സഞ്ചരിക്കേണ്ടിയിരിക്കുന്നു. അവരുടെ പ്രവേശന കവാടത്തിൽ നിന്നും ഒരു ഡിഗ്രി വ്യത്യാസം വന്നാൽ അവർ നിത്യവും ബാഹ്യാകാശത്ത് ചുററിക്കറങ്ങുന്നവരായോ തീയിൽ കത്തിച്ചാരമായോ അവസാനിക്കും.

നാമും നമ്മുടെ വഴിവിട്ടുമാറാതെ ക്രിസ്തുവിൽ നിന്നും പഠിച്ചത്

കൈവെടിയാതെയിരിക്കണം. വിശുദ്ധ സംസർഗ്ഗം എന്നതിൻെറ അർത്ഥമെന്താണ് എന്നതിനെപ്പററി ലൂഥർ, സ്വിസ്സ് നവോത്ഥാനത്തിൻെറ തലവനായ സ്വിംഗ്ളിയുമായി അഭിപ്രായ വ്യത്യാസത്തിലായിരുന്നു. സ്വിംഗ്ളിയുടെ രീതി അവലംബിക്കുന്ന പുരോഹിതന്മാരിൽ നിന്നും വിശുദ്ധ കുർബ്ബാന കൈക്കൊള്ളരുത് എന്നും പകരം എല്ലാം സഹിക്കയും മരണം പോലും വരിക്കയും ചെയ്യുന്നതായിരിക്കേണം കൂടുതൽ കാമ്യം എന്ന് അദ്ദേഹം പഠിപ്പിച്ചു. "ഒരേ പള്ളിയിൽ തന്നെ ഒരേ കൂദാശ കൈക്കൊള്ളുന്നവരിൽ ചിലർ അത് അപ്പവും വീഞ്ഞുമാണ് എന്നും മററ് ചിലർ അത് ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങൾ ആണ് എന്ന് കരുതുകയും ചെയ്യുന്നത് കേൾക്കുന്നതു തന്നെ ഭയങ്കരമാണ്."

വിശ്വാസപരമായ കാര്യങ്ങളിൽ വിഘടിച്ചു നിൽക്കുന്നവരെ നാം "പിരിഞ്ഞുപോയ സഹോദരന്മാർ" എന്ന് വിളിക്കുന്നു എങ്കിൽ നാം പിശാചുക്കളെ "പിരിഞ്ഞുപോയ മാലാഖമാർ" എന്നു വിളിക്കേണ്ടിവരും.

നിങ്ങൾ ആരുമായി കൂട്ടുചേരുന്നു എന്നതിനെപ്പററി വളരെ ശ്രദ്ധിക്കുക. സഭകളെ യോജിപ്പിക്കുവാനുള്ള ശ്രമങ്ങളെപ്പററിയും വളരെ ശ്രദ്ധാലുക്കൾ ആയിരിക്കണം. രണ്ട് പക്ഷികളെ ചേർത്ത് കെട്ടുമ്പോൾ അവക്ക് മൊത്തമായി നാല് ചിറകുണ്ട് എങ്കിലും മെച്ചമായി പറക്കുവാൻ സാധിക്കുകയില്ല. അവ പറക്കുകയേ ഇല്ല.

ദൈവത്തിൻെറ തിരുവചനങ്ങളിൽ നിന്നും നിങ്ങൾ പഠിച്ചതിനോട് വിശ്വസ്തരായിരിക്കുക.

---

## ഫെബ്രുവരി 14

---

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....." (മത്തായി 6:9)

സോവിയററ് യൂണിയനിൽ രഹസ്യമായി പ്രചരിപ്പിക്കുന്ന ഒരു രേഖയിൽ അവിടുത്തെ തൊഴിൽ ക്യാമ്പിൽ ധാരാളം കന്യാസ്ത്രീകൾ തങ്ങളെ തടവിലാക്കിയിരിക്കുന്നവർക്കുവേണ്ടി ജോലിചെയ്യുന്നത് നിരസിച്ച കഥ പറയുന്നു. അവരെ വിലങ്ങു വയ്ക്കുകയും പട്ടിണിക്കിരയാക്കുകയും ചെയ്തിട്ടും ഒരു ഫലവും ഉണ്ടായില്ല. സാധാരണ തടവുകാരും ഇവരുടെ സ്വാധീനത്തിലായി. ഇപ്പോൾ അവർക്ക് ക്യാമ്പിൽ ശരിയായ ഒരു കോൺവെൻറ് തന്നെയുണ്ട്. തടവു ക്യാമ്പിൻെറ ഡയറക്ടറുടെ പുത്രി ഐറീൻ രോഗം മൂർച്ഛിച്ച് കിടപ്പിലായപ്പോൾ അയാൾക്ക് കന്യാസ്ത്രികളോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയല്ലാതെ മററു മാർഗ്ഗങ്ങൾ ഒന്നും ഇല്ലായിരുന്നു. അവൾക്ക് സൗഖ്യമാകയും ചെയ്തു.

കമ്മ്യൂണിസ്ററ് ഓഫീസറായ ചെറിഡിൻറ് ചെൻകോയുടെ ഭാര്യയ്ക്ക് പ്രസവ സമയത്ത് വലിയ പ്രയാസം നേരിട്ടു. അവരുടേയും കുട്ടിയുടേയും ജീവൻ അപകടത്തിലായി. ആരോ അദ്ദേഹത്തോടു പറഞ്ഞു. "എല്ലാം നല്ലതായി സംഭവിക്കുകയാണെങ്കിൽ കുട്ടിയെ മാമോദീസ മുക്കാം എന്ന് സത്യം ചെയ്യുക."

"എനിക്ക് ഈ പ്രവർത്തികൊണ്ട് എല്ലാം നഷ്ടപ്പെടും." "ശരി," നിങ്ങൾ

പറയുന്ന 'എല്ലാം' ഒരു വശത്ത്. മറുവശത്ത് നിങ്ങളുടെ ഭാര്യയും കുട്ടിയും. ഇവയിൽ ഏത് വേണം എന്ന് തീരുമാനിക്കുക.'' പ്രസവം കുഴപ്പമില്ലാതെ നടന്നു. അദ്ദേഹം കുട്ടിയെ മാമോദീസ മുക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകാർ കന്യാസ്ത്രീകളെ അവരുടെ മതപരമായ വേഷം മാറി ജയിൽ വസ്ത്രം ധരിക്കുവാൻ സമ്മർദ്ദം ചെലുത്തി. ''ഞങ്ങൾ അന്തി ക്രിസ്തുവിന്റെ ചിഹ്നം ധരിക്കുകയില്ല.'' എന്ന് അവർ പറഞ്ഞു. ഈ കാരണത്താൽ രക്തം ഉറഞ്ഞുപോകുന്ന മഞ്ഞിൽ കൂടി നഗ്നരാക്കി അവരെ നടത്തി. അവർ ''ഞങ്ങളുടെ പിതാവേ'' എന്ന് പാടിക്കൊണ്ട് നടന്നു. വൈദ്യശാസ്ത്രപരമായി ഇത് എങ്ങനെ സംഭവിച്ചു എന്ന് നിങ്ങൾക്കു പറയാമോ എന്ന് ഒരു കമ്മ്യൂണിസ്റ്റുകാരൻ ക്യാമ്പ് ഡോക്ടറും നിരീശ്വരവാദിയുമായ ശ്രീമതി ബ്രവേർമാനോട് ചോദിച്ചു. അവരുടെ മറുപടി ഇപ്രകാരമായിരുന്നു. ''അവർ സ്വർഗ്ഗത്തിലുള്ള ഒരു പിതാവിനെപ്പററി പാടുന്നത് നിങ്ങൾ കേട്ടില്ലേ? ഇത് തന്നെയാണ് ഇതിന്റെ ശാസ്ത്രീയമായ വിശദീകരണവും.''

അവൻ നിങ്ങളുടേയും പിതാവാണ്.

## ഫെബ്രുവരി 15

''ആകാശത്തിലെ പറവകളെ നോക്കുവിൻ......വയലിലെ താമര എങ്ങനെ വളരുന്നു എന്ന് നിരൂപിപ്പിൻ.'' (മത്തായി 6:26,28)

ഒരിക്കൽ ഒരു നരവംശ ശാസ്ത്രജ്ഞൻ ആസ്ട്രേലിയായിലെ ഒരു ആദിവാസിയോട് ചോദിച്ചു. ''ടുപ്ളിൻ, ഭൂമി എന്റെ കയ്യിലിരിക്കുന്ന പന്തുപോലെ ഉരുണ്ടതാണോ അതോ ഞാൻ ഇരിക്കുന്ന പെട്ടിപോലെ ചതുരത്തിലുള്ളതാണോ?''

''പന്തുപോലെ ഉരുണ്ടത്'' ആദിവാസി മറുപടി പറഞ്ഞു.

''നിനക്ക് അത് എങ്ങനെ അറിയാം?''

''നമ്മുടെ ചുററും നോക്കൂ. ആകാശം ചുററും ഭൂമിയിൽ മുട്ടി നില്ക്കുന്നു. എവിടെ നിന്നു നോക്കിയാലും ചുററുമുള്ള ആകാശം വട്ടത്തിലാണ് കാണുന്നത്. കൊച്ചുകുട്ടികൾ ഓടുന്നത് നേരെയല്ല, വട്ടം കറങ്ങിയാണ്. അതുപോലെ ചെറിയ കംഗാരു കുഞ്ഞുങ്ങളും വട്ടം ചുററിയാണ് ഓടുന്നത്. മരങ്ങളും ചെടികളും എല്ലാം വൃത്താകാരത്തിലാണ് വളരുന്നത്. അതുകൊണ്ട് തന്നെ.'' ആദിവാസി വിശദീകരിച്ചു.

വലിയ ബുദ്ധിശക്തിയോ, വിദ്യഭ്യാസമോ, ടെലിസ്കോപ്പോ, കണക്കുകൂട്ടലുകളോ ഇല്ലാതെ തന്നെ ആദിവാസികൾ ഭൂമിയുടെ ആകൃതി എങ്ങനെയാണ് എന്ന് കണ്ടുപിടിച്ചു.

ശാസ്ത്രീയവും മതപരവും തത്വശാസ്ത്രപരവുമായ വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരുടെ വാക്കുകൾക്ക് നാം വലിയ വില കല്പിക്കുന്നു. 'നിത്യശക്തിയും, ദൈവസത്തയു'മായവനെ അവന്റെ സൃഷ്ടികളിൽ സാധാരണക്കാർക്കുപോലും ദർശിക്കുവാൻ കഴിയുമ്പോൾ നാം സത്യവും

ഉണ്മയും അന്വേഷിച്ച് പുസ്തകങ്ങളിൽ പരതുന്നു. ''അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു.'' (റോമർ 1:20)

നിങ്ങൾക്ക് മനുഷ്യരേയും, വസ്തുതകളേയും, സംഭവങ്ങളേയും മെച്ചമായി മനസ്സിലാക്കുവാൻ സാധിക്കുന്നതിന് നിന്റെ നിരീക്ഷണ ശക്തിയെ ശരിയായി വിനിയോഗിക്കുക എന്ന് യേശു പറയുന്നു.

## ഫെബ്രുവരി 16

''ചുങ്കക്കാരനോ........മാറത്തടിച്ചു; ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്ന് പറഞ്ഞു.'' (ലൂക്കോസ് 18:13)

റഷ്യയിലെ ഒരു ക്രിസ്ത്യാനി തന്റെ പാസ്റററോട് ചോദിച്ചു. ''ദൈവമേ കരുണയുണ്ടാകേണമേ എന്ന് എങ്ങനെയാണ് പറയേണ്ടത്.'' പാസ്ററർ മറുപടി പറഞ്ഞു. ''ഇത് വളരെ ചെറുതാണെങ്കിലും വളരെ പ്രധാനപ്പെട്ടതും എളുപ്പം പറയാൻ പററാത്തതുമായ പ്രാർത്ഥനയാണ്. നീ ഈ വാക്കുകൾ പറയുമ്പോൾ ക്രൂശിതനായ യേശുവിന്റെ രൂപം മനസ്സിൽ കാണുക. അവന്റെ ആണിപ്പാടുകൾ നിറഞ്ഞ ശരീരത്തിലേക്കു നോക്കുക. എന്നിട്ട് അവന്റെ ഈ വാക്കുകൾ ഓർക്കുക. 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ എന്റെ അടുക്കൽ വരുവീൻ. ഈ ചെറിയതും ലളിതവുമായ പ്രാർത്ഥന നിങ്ങൾ പറയുന്നു എങ്കിൽ നിങ്ങൾ ദൈവത്തെ പുകഴ്ത്തുകയും മനുഷ്യരെ സേവിക്കയും കൃപയിൽ വളരുകയും ചെയ്യും.'

മററുള്ളവർ പ്രാർത്ഥിക്കുന്നില്ലന്നോ, അല്ലെങ്കിൽ പരീശന്മാരെപ്പോലെ പ്രാർത്ഥിക്കുന്നു എന്നോ ചിന്തിക്കാതെ നിങ്ങൾ പ്രാർത്ഥിക്കുക.

ഒരു മതത്തിൽ വിശ്വാസികളും, അവിശ്വാസികളും, പരിശുദ്ധന്മാരും, കപട ഭക്തിക്കാരും ദൈവത്തെ സ്നേഹിക്കുന്നവരും അവനെ ഭയക്കുന്നവരും കാണും. അതിൽ പൂർണ്ണമായി സമർപ്പണം നടത്തിയവരും ഒരു പരിധിവരെ മാത്രം അനുസരിക്കുന്നവരും കാണും. അതിൽ വിശദമായ ആചാരമുറകളും പശ്ചാത്തപിക്കുന്ന പാപികളുടെ ലളിതമായ പ്രാർത്ഥനകളും കാണും. ഇവ എല്ലാം ഇല്ലാത്ത ഒരു മതത്തെപ്പററി സങ്കല്പിക്കുവാൻകൂടി ബുദ്ധിമുട്ടാണ്.

മററുള്ളവർ അവരുടെ പങ്ക് വഹിക്കട്ടെ. നിങ്ങൾ ലളിതമായ ഈ പ്രാർത്ഥന ''ദൈവമേ കരുണയുണ്ടാകേണമേ'' എന്ന് വീണ്ടും വീണ്ടും പ്രാർത്ഥിക്കുക. അവൻ നിങ്ങളോട് കരുണ കാണിക്കും.

# ഫെബ്രുവരി 17

"ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു." (റോമർ 14:8)

പോളിനസ് എന്ന ക്രിസ്ത്യൻ മിഷനറി ആംഗ്ലോ സാക്സൺ വംശജരുടെ ഇടയിൽ ചെന്ന് തൻെറ മതം അവർ സ്വീകരിക്കണം എന്ന് അറിയിച്ചപ്പോൾ അവരിൽ ഒരു വൃദ്ധനായ പടയാളി രാജാവിനോട് ഇപ്രകാരം പറഞ്ഞു. "ഒരു ഇരുണ്ട രാത്രിയിൽ മഞ്ഞു വീഴുകയും കൊടുങ്കാററ് അടിക്കയും ചെയ്യുമ്പോൾ അങ്ങ് പ്രകാശപൂർണ്ണമായ സഭയിൽ തീ കാഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഒരു കുരുവി നിമിഷനേരത്തേക്കു, തുറന്ന ഒരു ജനലിൽകൂടി ചിറകടിച്ച് അകത്തുവന്നതിന് ശേഷം അതേ ജനലിൽകൂടി വെളിയിലേക്ക് പറന്നു. പിന്നീട് അതിനെ കണ്ടതേയില്ല. അതേപോലെതന്നെ നാമും എവിടെ നിന്നോ വന്നു, ചൂടും വെളിച്ചവും ഒരു നിമിഷത്തേയ്ക്ക് ആസ്വദിച്ചശേഷം വെളിയിലേക്കു പോകുന്നു. ഈ അപരിചിതന് നാം എവിടെനിന്നു വന്നു എവിടേക്കു പോകുന്നു എന്ന് നമ്മോട് പറയാൻ കഴിയുമെങ്കിൽ നാം അവൻെറ മതം സ്വീകരിക്കാം."

ഈ ചോദ്യങ്ങൾക്കെല്ലാം ക്രിസ്ത്യാനികൾക്ക് ഉത്തരങ്ങൾ ഉണ്ട്. എല്ലാ നക്ഷത്രങ്ങളും ഗ്രഹങ്ങളും ഈ ഭൂമിയും അതിലുള്ളതെല്ലാം തന്നെ ഒരു ആത്മാവിനോളം — നിൻെറ ആത്മാവിനോളം — വിലയുള്ളതല്ല. കാരണം ആത്മാവ് സ്വയത്തെയും മററുള്ളവരേയും അറിയുന്നു. എന്നാൽ ഭൗതിക വസ്തുക്കൾ ഒന്നും അറിയുന്നില്ല. നമ്മുടെ ആത്മാക്കൾ ദൈവത്തിൽ നിന്നും വന്നവയാണെങ്കിലും ഈ ലോകത്തിൻെറ മായ കണ്ട് ഗതിഭ്രംശം വന്നിരിക്കുന്നു. അതിനാലാണ് ദൈവപുത്രനായ യേശു ഭൂമിയിലേക്കു വന്നത്. തൻെറ പിതാവിൻെറ പൂർണ്ണ അനുസരണമുള്ള ജീവിതം കൊണ്ട് പ്രസാദിപ്പിക്കയും കുരിശിൽ താൻ ബലിയായിത്തീരുകയും ചെയ്തു. തൻെറ ദൈവത്വത്താൽ അവൻ തൻെറ സ്വർഗ്ഗീയ പിതാവിൻെറ സ്നേഹത്തിന് അവകാശി ആയതിനാൽ അവന് ഈ സൽ നടപടികളാൽ പിതാവിനെ പ്രീതിപ്പെടുത്തേണ്ടിയിരുന്നില്ല. പക്ഷേ തൻെറ സൽ നടപടികൾ മൂലം അവൻ നേടിയെടുത്ത അവകാശങ്ങൾ തൻെറ ശിഷ്യന്മാർ എന്നും പറുദീസയുടെ അനുഭവം ആസ്വദിക്കേണ്ടതിനായി അവൻ അത് അവർക്കു നല്കി. പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല. (1 യോഹന്നാൻ 5:12)

അനേകം ബുദ്ധിജീവികൾ തങ്ങൾ നിരീശ്വരവാദികൾ ആണ് എന്ന് അഭിമാനിക്കുന്നു എന്നത് അത്ഭുതകരമാണ്. ഈ വാക്കിൻെറ ഗ്രീക്ക് ഭാഷയിലെ മൂല പദത്തിൻെറ അർത്ഥം 'Ignorant' (അജ്ഞൻ) എന്നാണ് എന്ന് അവർ അറിയുന്നില്ല. ഒരുവന് ജ്ഞാനം സമ്പാദിക്കുവാനുള്ള സാഹചര്യങ്ങൾ ഉള്ളപ്പോൾ അജ്ഞനായി കഴിയുന്നത് ലജ്ജാവഹമാണ്.

ക്രൈസ്തവ മതം ജീവിതത്തിൻെറ എല്ലാ ആത്യന്തരിക പ്രശ്നങ്ങൾക്കും ശരിയായ ഉത്തരം നൽകുന്നു.

# ഫെബ്രുവരി 18

''ഞാനോ കർത്താവേ'' (മത്തായി 26:22)

റഷ്യയിലെ ബാർണായിലെ ബാപ്റ്റിസ്റ്റ് സഭക്കാർ ഒളിച്ചുകടത്തിയ ഒരു കത്തിൽ ആറു വർഷം മുമ്പ് രഹസ്യപ്പോലീസുകാർ ഇസഡ്. പോളുഷിനാ എന്ന സ്ത്രീയെ എങ്ങനെ അവരുടെ ഇടയിൽ നുഴഞ്ഞു കയററി എന്ന് പറയുന്നു. അവൾ ഒരു അദ്ധ്യാപികയാണ് എന്ന് അഭിനയിച്ചു. അവൾ കരഞ്ഞു പ്രാർത്ഥിക്കയും രക്ഷിക്കപ്പെട്ടതാണെന്നും പ്രഖ്യാപിച്ചു. അവൾ പെട്ടെന്ന് അവരുടെ ഇടയിൽ കഥാനായികയായി. തൻെറ വിശ്വാസം തള്ളിപ്പറയുവാൻ അവൾ വിസമ്മതിച്ചു. അവൾക്ക് ജോലി നഷ്ടപ്പെട്ടു. ക്രിസ്തീയ സാക്ഷ്യം നൽകിയതുകൊണ്ട് അവളെ എല്ലാ ഫാക്ടറികളും ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. കമ്മ്യൂണിസ്റ്റുകാരനായ അവളുടെ ഭർത്താവ് അവളോട് ക്രൂരമായി പെരുമാറുകയും മകനെ കൈവശപ്പെടുത്തുകയും ചെയ്തു. റേഡിയോ പ്രക്ഷേപണങ്ങളിൽ കൂടി സുവിശേഷ പ്രസംഗം കേട്ടതിനാൽ അയാൾ റേഡിയോ തകർത്തു.

സഭയിലെ എല്ലാ അംഗങ്ങളും അവൾ കഷ്ടപ്പാടുകളെ നേരിടുന്ന ധൈര്യം കണ്ടു. അവളെ എല്ലാവരും മതിക്കയും ശ്രേഷ്ഠ എന്ന് കണക്കാക്കയും ചെയ്തു. രഹസ്യപ്പോലീസിൻെറ ഏജൻറായ ഒരു പുതിയ സഭാംഗത്തെ ഇവൾ തന്നെയാണ് പിടിച്ച് വെളിപ്പെടുത്തിയത്. ശ്രേഷ്ഠ എന്ന് കണക്കാക്കിയിരുന്നതിനാൽ സഭയുടെ രഹസ്യങ്ങൾ എല്ലാം ഇവൾക്ക് അറിയാമായിരുന്നു. ആറു വർഷങ്ങൾക്കുശേഷമാണ് ഇവൾ കമ്മ്യൂണിസ്റ്റുകാരുടെ ഒററുകാരിയാണെന്നും അവൾക്ക് ഭർത്താവും കുട്ടിയും ഇല്ലെന്നും അദ്ധ്യാപികയായുള്ള ജോലി ഇല്ലെന്നും തെളിഞ്ഞത്. ഇതെല്ലാം അഭിനയമായിരുന്നു.

നിങ്ങൾ സുഹൃത്ത്ബന്ധത്തിലോ, സ്നേഹത്തിലോ വഞ്ചിക്കപ്പെട്ടിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ ഒരാളിലുള്ള നിങ്ങളുടെ വിശ്വാസം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞാലോ അത്ഭുതപ്പെടുകയോ ദുഃഖിക്കയോ വേണ്ട. കുററം നിങ്ങളുടേതുതന്നെയാണ്. കാരണം നിങ്ങൾ ''മനുഷ്യരെ സൂക്ഷിച്ചുകൊൾക'' (മത്തായി 10:17) എന്ന യേശുവിൻെറ കല്പന കേട്ടില്ല. ജർമ്മൻ ഭരണത്തിൻെറ കീഴിൽ തങ്ങളുടെ രാജ്യത്തെ ഒററിക്കൊടുത്ത ഫ്രഞ്ച്, ഡച്ച്, നോർവീജിയ എന്നിവിടങ്ങളിലെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. അതുപോലെ തന്നെ കൊറിയയിലേയും വിയററ്നാമിലേയും യുദ്ധതടവുകാരായ അനേകം അമേരിക്കൻ ഭടന്മാർ ശത്രുക്കളുമായി സഹകരിക്കയുണ്ടായി.

മററുള്ളവരുടെ വിശ്വസ്തതയെപ്പററി അന്വേഷിക്കുന്നതിന് പകരം നിങ്ങൾ വഞ്ചനയെ പററികേൾക്കുമ്പോൾ അപ്പോസ്തോലന്മാർ ചെയ്തപോലെ ''ഞാനോ കർത്താവേ'' എന്ന് സ്വയം ചോദിക്കുക. നാം ഓരോരുത്തരും പ്രബലരായ യൂദാക്കൾ ആണ്. ദൈവത്തിൻെറ കരുണയ്ക്കു മാത്രമേ നമ്മെ ദൈവത്തോടും മററ് മനുഷ്യരോടും വിശ്വസ്തരായി നിലനിർത്തുവാൻ കഴിയുകയുള്ളു.

# ഫെബ്രുവരി 19

"നിലം കൃഷിചെയ്യുന്നവന് ആഹാരം സമൃദ്ധിയായി കിട്ടും."

(സദൃശവാക്യങ്ങാം 12:11)

മനുഷ്യരാശിക്ക് ജീവനുള്ള എല്ലാററിനേയും കൊന്നൊടുക്കുവാൻ ആവശ്യമായതിൻെറ മൂന്നിരട്ടി ആയുധങ്ങളും, ആവശ്യമുള്ളതിൻെറ നേർ പകുതിമാത്രം ആഹാരസാധനങ്ങളും ആണുള്ളത്. ലോക ജനസംഖ്യയിൽ പകുതിയും അർദ്ധ പട്ടിണിക്കാരോ മുഴുപട്ടിണിക്കാരോ ആണ്. സമരങ്ങളും യുദ്ധങ്ങളും വിപ്ളവങ്ങളും ഭക്ഷ്യോല്പാദനം വർദ്ധിക്കുന്നതിന് സഹായകരമല്ല. മാത്രമല്ല ഇവ നമ്മുടെ സഹ പൗരന്മാർക്ക് ഹാനികരവുമാണ്.

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവം കാട്ടിത്തന്ന വഴികാം ഉപയോഗിച്ചു നോക്കുക:-

1. നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചതായ പ്രാർത്ഥന അവൻെറ വാക്കുകളിൽ തന്നെ പ്രാർത്ഥിക്കുക. "ഞങ്ങാംക്കു ആവശ്യമുള്ള ആഹാരം ഇന്ന് തരേണമേ."
2. ദൈവത്തോട് അനുസരണമുള്ളവരായിരിപ്പീൻ—"എൻെറ ചട്ടം ആചരിച്ചു എൻെറ കല്പന പ്രമാണിച്ചു അനുസരിച്ചാൽ ഞാൻ തക്ക സമയത്ത് നിങ്ങാംക്കു മഴ തരും. ഭൂമി വിളവുതരും......നിങ്ങാം തൃപ്തരായി അഹോവൃത്തികഴിച്ചു ദേശത്തു നിർഭയം വസിക്കും."

   (ലേവ്യപുസ്തകം 26:3-5)
3. നിങ്ങാം എന്തു കഴിക്കുന്നു എന്നതിനെപ്പററി ശ്രദ്ധിക്കുക. "സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം ഭോജ്യങ്ങളെ സൃഷ്ടിച്ചു." (1 തിമോ: 4:3) "സന്തോഷത്തോടെ അപ്പം തിന്നുക." (സഭാപ്രസംഗി 9:7) ആദിമക്രിസ്ത്യാനികാം "ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിൻേറയും കൃപ അനുഭവിക്കയും ചെയ്തു."

   (അപ്പോ. പ്രവൃത്തികാം 2:46)
4. "നിങ്ങാം ദശാംശം മുഴുവൻ ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവീൻ ഞാൻ നിങ്ങാംക്കു ആകാശത്തിൻെറ കിളിവാതിലുകളെ തുറന്നു സ്ഥലം പോരാതെ വരുവോളവും നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ?"

   (മലാഖി 3:10)
5. താഴെപ്പറയുന്ന വാഗ്ദാനത്തോട് പൊരുത്തപ്പെടുന്ന വിധം നിൻെറ മനോഭാവം ക്രമീകരിക്കുക.

   "നീതിയായി നടന്നു നേർ പറയുകയും, പീഢനത്താലുള്ള ആദായം വെറുക്കയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞു കളയുകയും രക്ത പാതകത്തെ കുറിച്ച് കോംക്കാതെവണ്ണം ചെവിപൊത്തുകയും ദോഷത്തെ കണ്ടു രസിക്കാതെവണ്ണം കണ്ണു അടച്ചുകളയുകയും ചെയ്യുന്നവൻ ഇങ്ങനെയുള്ളവർ.......അവൻെറ അപ്പം അവനു കിട്ടും."

   (യേശയ്യാവ് 33:15,16)

പകരം നാം ആഹാരത്തിനല്ലാതെയുള്ള കാര്യങ്ങൾക്കായി ധനം ചിലവഴിക്കുന്നു. (യേശയ്യാവ് 55:2) നാം എല്ലാം ധൂർത്തടിച്ചു കളയുന്നു. മററുള്ളവരുടെ ആവശ്യങ്ങളെപ്പററി നമുക്ക് യാതൊരു കരുതലും ഇല്ല.

ഇന്ന് ലോകത്തിൽ പട്ടിണി നടമാടുന്നു എന്ന് അറിഞ്ഞുകൊണ്ട് നമുക്ക് നമ്മുടെ നടപടിക്രമങ്ങൾ വ്യത്യാസപ്പെടുത്താം. ഇത് നമ്മുടെ ആത്മാവിൻെറ നന്മക്കായും പട്ടിണി അനുഭവിക്കുന്നവർക്ക് ആശ്വാസം എത്തിച്ചുകൊടുക്കുവാനും സഹായകരമായിരിക്കും.

## ഫെബ്രുവരി 20

''എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്ത് കരഞ്ഞുകൊണ്ട് നിന്നു.''

(യോഹന്നാൻ 20:11)

ഒരു സ്ത്രീ കരഞ്ഞും കൊണ്ട് പോലീസ് സ്റേറഷനിലെത്തി ''എൻെറ ഭർത്താവിനെ കണ്ടുപിടിക്കുക. എനിക്ക് അവനില്ലാതെ ജീവിക്കുവാൻ വയ്യാ. അയാളെ കാണാതായിരിക്കുന്നു.''

''ദയവുചെയ്ത് സംഭവങ്ങൾ മുറയ്ക്ക് പറയുക. നിങ്ങളുടെ ഭർത്താവിനെ എന്നു മുതലാണ് കാണാതായത്?''

''ഒരാഴ്ചയായി''

''പിന്നെ നിങ്ങൾ ഞങ്ങളെ അറിയിക്കുവാൻ ഇത്രയും താമസിച്ചത് എന്താണ്?''

''ഇന്ന് അയാളുടെ ശമ്പള ദിവസമാണ്.''

നമ്മിൽ പലരും ദൈവത്തെ അന്വേഷിക്കുന്നത് നാം അവനെ സ്നേഹിക്കുന്നതുകൊണ്ടല്ല, പിന്നെയോ നമ്മുടെ പ്രയാസങ്ങളെ തരണം ചെയ്യേണ്ടതിനായി അവൻെറ സഹായം ആവശ്യമായിവരുമ്പോഴാണ്.

കുരിശിൽ തൂങ്ങി തന്നെ ദൈവം പോലും കൈവിട്ടു എന്ന് പറഞ്ഞ ഒരു രക്ഷകനെ നിങ്ങളാണെങ്കിൽ സ്നേഹിക്കുമോ? നിങ്ങൾ നിങ്ങളുടെ സ്നേഹവും പരിമള തൈലവും യാതൊരു പ്രയോജനവും ലഭ്യമല്ലാത്ത അവസ്ഥയിൽ മൃതശരീരനായ രക്ഷകനുവേണ്ടി ചിലവാക്കുമോ? മഗ്ദലക്കാരി മറിയ ഇപ്രകാരം ചെയ്തു.

അവൾ കരഞ്ഞും കൊണ്ട് അവൻെറ കല്ലറയ്ക്കൽ നിന്നു. ഇതിനാലാവാം അവൻ വളരെ നേരത്തെ ഉയിർത്തെഴുന്നേററത്. വെള്ളിയാഴ്ച സന്ധ്യയ്ക്ക് അടക്കം ചെയ്തിട്ട് അവൻ ഞായറാഴ്ച രാവിലെ ജീവനുള്ളവനായി. അവൻെറ ആത്മാവിന് കല്ലറയ്ക്കൽ മറിയ കരഞ്ഞും കൊണ്ടിരിക്കുന്നത് സഹിക്കുവാൻ വയ്യാതായി.

പരിതസ്ഥിതികളാൽ മാററം സംഭവിക്കാത്തതും പ്രതിഫലം ഇച്ഛിക്കാത്തതുമായ സ്നേഹം ദൈവത്തിനും മനുഷ്യർക്കും കാണിച്ചുകൊടുക്കുക.

# ഫെബ്രുവരി 21

"എബ്രായപേരുള്ള" (യോഹന്നാൻ 5:2)
"നിനക്ക് യവന ഭാഷ അറിയാമോ?" (അപ്പോ.പ്രവൃ: 21:37)

വേദപുസ്തകം അതിന്റെ മൂലഭാഷകളിൽ (എബ്രായ, അരാമിക്, ഗ്രീക്ക്) ദൈവത്തിന്റെ വചനം ആകുന്നു. ഇന്ന് നമ്മുടെ കൈവശമുള്ളത് ദൈവ വചനങ്ങളുടെ പരിഭാഷ ആണ്. വേദപുസ്തക ഭാഷകൾ അറിഞ്ഞിരിക്കുന്നതിന്റെ പ്രയോജനങ്ങൾ നിരവധിയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസമുള്ള ഒരാൾക്ക് ദിവസവും പതിനഞ്ചു മിനിററു വീതം ചിലവഴിച്ചാൽ എബ്രായ ഭാഷയോ, ഗ്രീക്ക് ഭാഷയോ പഠിക്കാവുന്നതാണ്. ഈ മൂലഭാഷകൾ നിങ്ങൾ പഠിക്കണം എന്ന് ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

വേദപുസ്തകത്തിലെ ചില പദങ്ങൾ മൂലപദത്തിലെ തർജ്ജമ പൂർത്തിയാക്കുവാൻ വേണ്ടി സന്ദർഭോചിതം കൂട്ടിച്ചേർത്തിട്ടുള്ളവയാണ്.

ഉല്പത്തി പുസ്തകം 13:9-ൽ അബ്രാഹാം ലോത്തിനോട് പറയുന്നു:- "എന്നെ വിട്ടുപിരിഞ്ഞാലും നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം, നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം." ഇതിൽ തർജ്ജമ മൂലം വന്ന അർത്ഥാന്തരം മാററി മൂലഭാഷയിൽ നിന്നും ഈ വേദഭാഗം മനസ്സിലാക്കുകയാണെങ്കിൽ "നീ ഇടത്തു കൈ എടുക്കുകയാണെങ്കിൽ എന്നു തുടങ്ങുന്നതും "നീ വലത്തു കൈയ്യിലേക്കു മാറുകയാണെങ്കിൽ" എന്നും തുടങ്ങുന്ന രണ്ടു ഭാഗങ്ങൾ ഉള്ളതായിക്കാണാം. രണ്ടും ഒരേ ശരീരത്തിന്റെ ഭാഗമാണ് എന്നും വിശ്വാസികൾ തമ്മിൽ പിരിയുന്നത് ഒരുവന്റെ ഒരു കൈ മുറിച്ചു മാററുന്നതിന് തുല്യമാണ് എന്നും ധ്വനി പകരുന്നതാണ് മൂലഭാഷയിൽ ഈ ഭാഗം.

ഉല്പത്തി 30:27-ൽ എബ്രായ ഭാഷയിലെ മൂല പുസ്തകത്തിൽ ലാബാൻ യാഖോബിനോട് പറഞ്ഞു. "നിന്റെ ദൃഷ്ടിയിൽ ഞാൻ കൊള്ളാവുന്നവനായി കാണപ്പെടുന്നു എങ്കിൽ..." ഇതിൽ നിന്നും യാഖോബിന്റെ ഇഷ്ടം അനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കും എന്ന ധ്വനി ഉണ്ട്. ലാബാൻ യാഖോബിന്റെ ദൃഷ്ടിയിൽ കൊള്ളാവുന്നവനായിരിക്കണം എന്ന് ആഗ്രഹിച്ചു. ഇത്തരത്തിലുള്ള വിശദമായ വിശകലനം മൂല ഭാഷയിൽ ദൈവവചനം പഠിക്കുന്നതിൽ നിന്നും ലഭിക്കുന്നു.

വേദഭാഗങ്ങളെ അവയുടെ മൂല ഭാഷയിലുള്ള അർത്ഥത്തിൽ ഗ്രഹിക്കുവാൻ പരിശ്രമിക്കുക. പൂർണ്ണമായ വിശകലനത്തിനും ശരിയായ അർത്ഥം മനസ്സിലാക്കുന്നതിനും മൂലഭാഷയിലെ വാക്യങ്ങൾ വായിച്ച് പഠിക്കുവാൻ നിങ്ങളുടെ പട്ടക്കാരനോട് ആവശ്യപ്പെടുക.

# ഫെബ്രുവരി 22

"ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു."
(സങ്കീർത്തനങ്ങൾ 14:1)

സങ്കീർത്തനക്കാരന്റെ കാലത്ത് മനുഷ്യർ പ്രകൃതിയ്ക്ക് അധിഷ്ഠിതമായ ജീവിതം നയിച്ചിരുന്നതിനാൽ വിഡ്ഢികൾക്കു മാത്രമേ ദൈവം ഇല്ല എന്ന് പറയുവാൻ കഴിഞ്ഞിരുന്നുള്ളൂ. അന്ന് അവർ ദൈവത്തെ ഉൾക്കൊണ്ടിരുന്നു. ഇവ ഇന്ന് വ്യത്യസ്ഥമാണ്. ഇന്നത്തെ നിരീശ്വരവാദം എന്നത് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പട്ടണങ്ങളിൽ പ്രകൃതിയുമായി യാതൊരു ബന്ധവുമില്ലാതെ സിമൻറു കോൺക്രീററിന് മുകളിൽ കൂടി നടക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനാൽ ഉരുത്തിരിഞ്ഞതാണ്. പട്ടണങ്ങളിൽ വസിക്കുന്നവർ വായുവും വെള്ളവും മലിനമാക്കുന്നു. ഇന്ന് അവർ ചോദിക്കുന്നു. 'ദൈവം എവിടെ?' നീലാകാശത്തിനു കീഴെ, ശുദ്ധവായുവും തെളിഞ്ഞ് വെട്ടിത്തിളങ്ങുന്ന വെള്ളവും ഉള്ളിടത്ത് താമസിക്കുന്നുവർക്ക് ഇതിന്റെ ഉത്തരം അറിയാം. അവിടേയും നിരീശ്വരവാദികൾ ഉണ്ടായേക്കാം.

പക്ഷികളുടെ കളകള ഗാനം, ക്രമാനുഗതമായ ഋതുക്കൾ, വനങ്ങൾ, ധാന്യം വിളയുന്ന പാടങ്ങൾ, വിവിധ പ്രാണികൾ, പക്ഷികളുടെ കുടിയേറിപ്പാർപ്പ്, മഞ്ഞു പാളികളുടെ സങ്കീർണ്ണത— ഇവ എല്ലാം അവയുടെ സൃഷ്ടാവിനെപ്പററി പറയുന്നു. "പകൽ പകലിന് വാക്കു പൊഴിക്കുന്നു; രാത്രി രാത്രിയ്ക്ക് അറിവുകൊടുക്കുന്നു." (സങ്കീർത്തനങ്ങൾ 19:2)

സിയാററിലെ സ്ക്വാമിഷ് ഇൻഡ്യൻസിന്റെ ചീഫ് 1854-ൽ വാഷിങ്ടണിൽ ഇപ്രകാരം പറയുകയുണ്ടായി, "വെള്ളക്കാരൻ മരിച്ചുകഴിയുമ്പോൾ അവന്റെ മാതൃരാജ്യത്തെ മറക്കുന്നു. ഞങ്ങളുടെ മരിച്ചവർ ഈ മനോഹരമായ ഭൂമിയെ മറക്കുന്നില്ല. കാരണം അത് ഞങ്ങളുടെ ഒരു ഭാഗമാണ്. ഈ നറുമണമുള്ള പൂക്കൾ ഞങ്ങളുടെ സഹോദരികളാണ്, മാനുകൾ, കുതിരകൾ, വലിയ കഴുകൻ ഇവ ഞങ്ങളുടെ സഹോദരന്മാരാണ്. വലിയ പാറകുന്നുകൾ, ഭംഗിയേറിയ പുൽത്തകിടികൾ, ചെറുകുതിരയുടെ ശരീരത്തിന്റെ ഊഷ്മാവ്, മനുഷ്യൻ ഇവ എല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളാണ്."

പക്ഷേ ഇവർ വെള്ളക്കാരെ കുററപ്പെടുത്തുന്നതും ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ന്യായമല്ല. നാം ഭൂമി ദൈവത്തിന്റെ പാദപീഠമായി ആണ് കാണുന്നത്. യേശു ഭൂമിയിൽ കൂടി നടന്നു അതിൽ തന്നെ അടയ്ക്കപ്പെട്ടു. അവന്റെ ശരീരം ഭൂമിയുടെ ഘടകങ്ങളാൽ നിർമ്മിതമാണ്. അവൻ ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കു പോയി. അവന് സ്തുതി പാടുന്ന ഈ ഭൂമിയുടെ ഘടകങ്ങളെ അവൻ ഇഷ്ടപ്പെടുന്നു.

പ്രകൃതിയുമായി ബന്ധപ്പെട്ടു വളർത്തപ്പെട്ടവരിൽ നിരീശ്വരത്വം ഉണ്ടാകയില്ല. ഈ വാഗ്ദാനം ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം ഉറപ്പിക്കട്ടെ.

## ഫെബ്രുവരി 23

"തുരുത്തിലെ വെള്ളം ചെലവായശേഷം......ദൈവം അവളുടെ കണ്ണു തുറന്നു; അവാം ഒരു നീരുറവകണ്ടു."

(ഉല്പത്തി 21:15,19)

അബ്രഹാം ഹാഗാറിനെ മരുഭൂമിയിലേക്ക് ഇറക്കി വിട്ടു. അവാം മകൻ ഇസ്മായേലിനോടു കൂടി കുറെ ദൂരം ചെന്നപ്പോഴേക്കും തങ്ങളുടെ പക്കൽ ഉള്ള വെള്ളം തീർന്നതായി അവാം കണ്ടു.

മരുഭൂമിയിൽ വെള്ളം കിട്ടുമെന്ന് ആശിക്കുവാൻ പോലും വഴിയില്ലായിരുന്നു. അവാം മകനെ ഒരു കാട്ടുചെടിയുടെ കീഴിൽ ഇരുത്തിയിട്ട് കുറെ ദൂരം മാറി ചെന്ന് ഇരുന്നു കരഞ്ഞു. തൻെറ കുട്ടി നഷ്ടപ്പെട്ടതുപോലെ അവാംക്കു തോന്നി. ദാഹിക്കുന്ന കുട്ടി. ഒഴിഞ്ഞ പാത്രം. പൊള്ളുന്ന ചൂട്. അവൻ മരിച്ചുപോകുമെന്നാണ് അവാം കരുതിയത്.

പക്ഷേ അവാം ഒരു കാര്യം കണക്കിലെടുത്തതേയില്ല. പ്രയാസങ്ങളിലൂടെ കടന്നുപോകുമ്പോാം നാമും ഈ കാര്യം വിസ്മരിക്കാറുണ്ട്. ദൈവത്തിൻെറ സാന്നിദ്ധ്യം. ഒഴിഞ്ഞ പാത്രവുമായി നടന്ന ആ സ്ത്രീയ്ക്ക് അവൻ ഒരു നീരുറവ കാണിച്ചു കൊടുത്തു. ദൈവം നിങ്ങാംക്ക് വലിയ അവസരങ്ങാം നൽകിത്തരുവാനായി നിങ്ങളുടെ ചെറിയ അവസരങ്ങാം നഷ്ടപ്പെടുത്തിയിട്ടുണ്ടാവും.

നാം ഒഴിഞ്ഞ പാത്രങ്ങാം കൊണ്ടു നടക്കുന്നു. നീരുറവകാം ദൈവത്തിൻെറ പക്കലാണ്.

രക്ഷയുടെ ഉറവിങ്കൽ നിന്നും നമുക്ക് കോരി പാനം ചെയ്യാം.

## ഫെബ്രുവരി 24

"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ......" (എബ്രായർ 9:27)

വധശിക്ഷയ്ക്കു വിധിച്ച ജപ്പാൻ യുദ്ധത്തടവുകാരിൽ പതിനാലുപേർ മാനസാന്തരപ്പെട്ടു. അതിൽ നിഷിസിവാ എന്ന ആളുടെ അവസാനത്തെ കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എനിക്കു രക്ഷ ലഭിക്കും എന്ന വിശ്വാസം സന്തോഷകരമായ ദിനങ്ങാം എനിക്ക് പ്രദാനം ചെയ്യുന്നു. ഞാൻ അതിന് നന്ദിയുള്ളവനാണ്. ദൈവത്തിൻെറ കാരുണ്യത്താൽ ഞാൻ രക്ഷിക്കപ്പെട്ടു. ക്രിസ്തുവിൽ ജീവിച്ച് മരിക്കയെന്നത് ഒരു നേട്ടമാണ്." ഒരു നിരീശ്വരവാദി തൻെറ മരണശയ്യയിൽ പറഞ്ഞത് ഇപ്രകാരമാണ്. "എൻെറ ജീവിതത്തിലെ സന്തോഷം എല്ലാം കെടുത്തുന്ന ഒരു വസ്തുത ഉണ്ട്. വേദപുസ്തകം സത്യമാണ് എന്നത് എന്നെ ഭയപ്പെടുത്തുന്നു. മരണം നിത്യമായ ഉറക്കമാണ് എന്നത് എനിക്ക് സന്തോഷം നൽകുന്നുണ്ട്. പക്ഷേ വേദപുസ്തകം സത്യമാണെങ്കിൽ ഞാൻ എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇത്

എൻെറ ആത്മാവിനെ മുറിവേൽപ്പിക്കുന്നു.''

ഫ്രാൻസിലെ രാജാവായിരുന്ന ലൂയി ഒൻപതാമൻ തൻെറ പുത്രിയെ ഉപദേശിച്ചത് ഇപ്രകാരമാണ്: ''നമ്മുടെ ദൈവത്തെ നിൻെറ എല്ലാ ശക്തിയാലും സ്നേഹിക്കുക, ഇതാണ് എല്ലാ നന്മയുടേയും ആധാരം. ദൈവത്തിൻെറ പുത്രൻ നമ്മെ വീണ്ടെടുക്കുന്നതിന് ചെയ്തത് എന്താണ് എന്ന് നിനക്ക് പൂർണ്ണമായി മനസ്സിലായിട്ടുണ്ട് എന്ന് വിശ്വസിക്കുന്നു. നിൻെറ ജീവൻ രക്ഷിക്കാനാണെങ്കിൽ പോലും അറിഞ്ഞുകൊണ്ട് ഒരു പാപവും ചെയ്യരുത്.'' ലൂഥറിൻെറ ഉററ സുഹൃത്തായിരുന്ന ഫിലിപ്പ് മെലാൻഞ്ച്നോൺ പറഞ്ഞത് ''എനിക്ക് സ്വർഗ്ഗമല്ലാതെ ഒന്നും വേണ്ട. അതിനാൽ എന്നെ ഇനിയും ബുദ്ധിമുട്ടിക്കരുത്.''

ഫ്രാൻസിസ് സ്പിറാ വളരെക്കാലങ്ങൾ സുവിശേഷപ്രവർത്തകനായിരുന്നിട്ട് പീഢനം പേടിച്ച് ഒരു വലിയ ജനസമൂഹത്തിൻെറ മുമ്പിൽ തൻെറ വിശ്വാസത്തെ തള്ളിപ്പറഞ്ഞു. അയാളുടെ അവസാനവാക്കുകൾ ''ഞാൻ ക്രിസ്തുവിനേയും എൻെറ വിശ്വാസത്തേയും സ്വമേധയാ തള്ളിപ്പറഞ്ഞു. അവൻ എന്നെ ക്രൂരനാക്കുന്നതായി തോന്നുന്നു. എനിക്ക് യാതൊരു പ്രത്യാശയ്ക്കും വഴിയില്ല. ജീവിക്കുന്ന ദൈവത്തിൻെറ കരങ്ങളിൽ വീഴുന്നത് ഭയപ്പെടേണ്ടതാണ്.''

മരിക്കാറായ ഒരു മന്ത്രി പറഞ്ഞത് ''ഞാൻ സ്വർഗ്ഗത്തേയും ഭൂമിയേയും സാക്ഷിയാക്കി പറയുന്നു. എനിക്ക് സൗഖ്യം പ്രാപിക്കുകയാണെങ്കിൽ ഞാൻ ദൈവത്തിനു വേണ്ടി പ്രവർത്തിക്കും. സ്വത്തും, സന്തോഷവും മനുഷ്യരുടെ പ്രശംസയും ഞാൻ നിസാരമായി കരുതും. പക്ഷേ ഈ നല്ല തീരുമാനങ്ങൾ എല്ലാം അർത്ഥശൂന്യമാണ് കാരണം വളരെ താമസിച്ചുപോയി എന്നതു തന്നെ.''

നിങ്ങളും ഒരു നാൾ മരിച്ചുപോകും എന്ന് ഓർക്കുക. സമയം തീരുന്നതിന് മുമ്പ് പശ്ചാത്തപിക്കുക.

## ഫെബ്രുവരി 25

''അവൻെറ കൃപയാൽ ക്രിസ്തു യേശുവിലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.'' (റോമർ 3:24)

ഒരു ദരിദ്രനായ ഫക്കീർ ആഹാരത്തിനായി ദൈവത്തോട് പ്രാർത്ഥിച്ചു. ഉറക്കത്തിൽ അവൻ ഒരു ദൈവീക ശബ്ദം കേട്ടു. ഒരു പ്രത്യേക സ്ഥലത്തുചെന്ന് കിഴക്കോട്ട് തിരിഞ്ഞ്നിന്ന് വില്ലു കുലച്ച് അമ്പ് എയ്യുവാനും അതു ചെന്ന് വീഴുന്ന സ്ഥലം കുഴിച്ച് നോക്കി ഒരു നിധി കണ്ടെടുക്കുവാനും ആ ശബ്ദം അവനോടു പറഞ്ഞു. ഫക്കീർ അതനുസരിച്ച് അനേകം അമ്പുകൾ എയ്തു പലയിടത്തും കുഴിച്ചു നോക്കി എങ്കിലും എല്ലാം വൃഥാവിലായി. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം കേട്ടു. ''നിന്നോടു ഒരു അമ്പ് വില്ലിൽ കുലച്ച് എയ്യുവാൻ പറഞ്ഞപ്പോൾ നീ ഇതുവരെ ചെയ്തപ്രകാരം അത് ആഞ്ഞു വലിച്ച് ദൂരേയ്ക്ക് അമ്പ് അയയ്ക്കുവാനല്ല ഉദ്ദേശിച്ചിരുന്നത്. വളരെ പതുക്കെ അമ്പ് എയ്യുക. അത് നിൻെറ സമീപത്ത്

വിഴട്ടെ മറഞ്ഞിരിക്കുന്ന നിധി നിൻെറ സമീപത്താണ്.''

മത വിശ്വാസത്തിൽ കഠിന പരിശ്രമങ്ങാം ആവശ്യമില്ല. എൻെറ മകൻ കൊച്ചുകുട്ടിയായിരിക്കുമ്പോാം 1 കൊരിന്ത്യർ 11:28 ൽ പറയുന്ന പ്രകാരമുള്ള വിശ്വാസം ഉണ്ടോ എന്നറിയാൻ എന്തു ചെയ്യേണം എന്ന് എന്നോട് ചോദിച്ചു. റെയിൽവേ വണ്ടികളുടെ ചക്രങ്ങാം മെക്കാനിക്ക് ഒരു ചുററികകൊണ്ട് അടിച്ച് അപ്പോഴുണ്ടാകുന്ന ശബ്ദത്തിൽ നിന്നും കേടുണ്ടോ എന്നറിയുന്ന രീതി ഞാൻ അവനോട് വിവരിച്ചു. എൻെറ നെഞ്ചത്ത് ശക്തിയായി അടിച്ചിട്ട് ഞാൻ പറഞ്ഞു. ''അപ്രകാരം തന്നെ നീയും നെഞ്ചത്തടിച്ചിട്ട് വീണ്ടും വീണ്ടും ചോദിക്കണം. ഹൃദയമേ, നീ യേശുവിനെ സ്നേഹിക്കുന്നുണ്ടോ?''

''പപ്പാ, അവിടേയ്ക്ക് തെററുപററി'' അവൻ മറുപടി പറഞ്ഞു. ''ഒരിക്കൽ ഞാൻ മെക്കാനിക്കിനോട് ചുററിക എനിക്ക് തരൂ, ഞാൻ ചക്രങ്ങാംക്ക് കേടുണ്ടോ എന്ന് നോക്കാം എന്ന് പറഞ്ഞപ്പോാം അവൻ ചുററിക എൻെറ കയ്യിൽ തന്നു. അത് ഒരു ഭാരം കുറഞ്ഞ ചുററികയായിരുന്നു. നാം നമ്മുടെ നെഞ്ചത്ത് പതുക്കെ അടിച്ചാൽ മതിയാകും. ഉള്ളിൽ നിന്നും 'ഞാൻ യേശുവിനെ സ്നേഹിക്കുന്നു' എന്ന് മൃദുലമായ ശബ്ദം കേട്ടാൽ മാത്രം മതിയാകും.''

യേശുവിൻെറ രക്തം പൂർണ്ണമായും രക്ഷിക്കുന്നു എന്ന് വിശ്വസിക്കുന്നതിന് പകരം തങ്ങളുടെ മതവിശ്വാസത്തിൽ സ്വയം കഠിന ശിക്ഷകാംക്ക് ഏല്പിച്ചുകൊടുക്കുന്ന ചിലർ ഉണ്ട്. നമ്മുടെ പ്രിയപ്പെട്ടവർ നമ്മോടൊപ്പമുണ്ട്. അവനെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യാം.

## ഫെബ്രുവരി 26

''സത്യ ത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥവാദം എന്നിവ ഉളവാക്കുന്നു.'' (1 തിമോഥെയോസ് 6:5)

രണ്ടു വ്യക്തികാം 'ഗ്ളാസ്സ്' എന്ന വാക്കിൻെറ അർത്ഥത്തെപ്പററി തർക്കിക്കയായിരുന്നു. ഒരുവൻ പറഞ്ഞു ''അത് ഒരു സിലിണ്ടർ ആണ്. അല്ല എന്ന് പറയുന്നവൻ ശപിക്കപ്പെട്ടവനാണ്.'' അപരൻ പറഞ്ഞു ''ഗ്ളാസ്സ് എന്നാൽ പാനം ചെയ്യുവാൻ ഉപയോഗിക്കുന്ന ഏതെങ്കിലും രൂപത്തിലുള്ള ഒരു പാത്രമാണ്. അല്ല എന്ന് പറയുന്നവൻ ശപിക്കപ്പെട്ടവനാണ്.''

ഗ്ളാസ്സ് എന്ന വസ്തുവിനെ മററ് പല തരത്തിലും നിർവചിക്കാൻ സാധിക്കും. അത് മററ് പലതുമായി ബന്ധപ്പെട്ടതും പല പ്രയോജനങ്ങളുള്ളതുമാണ്. ഉദാഹരണമായി, അത് ദേഷ്യത്തിൽ ഒരുവൻെറ തലയ്ക്കിട്ട് എറിയുവാനുപയോഗിക്കാം. എങ്ങനെയാണെങ്കിലും ഗ്ളാസ്സ് എന്ന ഇംഗ്ളീഷ് പേരിന് അതിൻെറ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. ഫ്രഞ്ച് ഭാഷയിൽ 'വെരെ' എന്നും റഷ്യൻ ഭാഷയിൽ 'സ്ററാകാൻ' എന്നുമാണ് പറയുന്നത്. നിർവചനങ്ങാം എല്ലാം അപൂർണ്ണവും ചില കാഴ്ചപ്പാടിൽ കൂടിയുള്ളതുമാണ്.

എല്ലാ കാഴ്ചപ്പാടും അന്ധതയുടെ ഒരു ബിന്ദുവാണ്. കാരണം അത് പ്രാധാന്യമുള്ള മററ് കാഴ്ചപ്പാടുകളെ കണക്കാക്കുന്നില്ല. ഈ വസ്തുത നാം

വിസ്മരിക്കരുത്. ഞാൻ മുകളിലേക്കു നോക്കുമ്പോൾ മുറിയുടെ തറ കാണുന്നില്ല. താഴേയ്ക്കു നോക്കുമ്പോൾ മേൽക്കൂരയും കാണുന്നില്ല. എല്ലാ യാഥാർത്ഥ്യങ്ങളിലും അതിൻെറ സങ്കീർണ്ണതകളിലും നിന്നു ലഭിച്ച ആന്തരികമായ ഒരു അറിവിനാൽ ഞാൻ സത്യത്തിൽ എത്തിച്ചേരുന്നു. പക്ഷേ സത്യം ഭൗതികമല്ല. അത് ആത്മീകമാണ്. അതിന് സ്വയം അറിയാവുന്നതാണ്. പൂർണ്ണ സത്യത്തിൻെറ മൂർത്തിഭാവമാണ് ക്രിസ്തു. അതിനാൽ അവൻ പറയുന്നു ''ഞാൻ തന്നെ സത്യമാകുന്നു.'' (യോഹന്നാൻ 14:6)

അവൻ ഒരിക്കലും 'അവൻ' സത്യമാകുന്നു എന്ന് പറഞ്ഞിട്ടില്ല. പിന്നെയോ ഞാൻ തന്നെ' സത്യമാകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. നമുക്ക് അതിൻെറ സർവ്വനാമം മാററുവാൻ അധികാരമില്ല. യേശു നിങ്ങൾക്ക് 'അവൻ' ആകുന്നു എങ്കിൽ നിങ്ങൾക്ക് സത്യം ലഭിക്കാൻ നിവൃത്തിയില്ല. അവൻ നിങ്ങളുടെ 'ഞാൻ' ആകണം. കന്യകമറിയാമിൻെറ ഉദരത്തിൽ ജീവിച്ചു എന്നപോലെ തന്നെ സത്യമായി അവൻ നിങ്ങളുടെ ഹൃദയത്തിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവനെ അറിയുന്ന നിമിഷം മുതൽ നിങ്ങളുടെ സംശയങ്ങൾ മാറും. നിങ്ങൾ അപൂർണ്ണൻ എന്ന് തോന്നുന്നുവോ? പക്ഷേ ''യേശു നിങ്ങളിൽ ഇരിക്കുന്നു'' അതിനാൽ ''മഹത്വത്തിൻെറ പ്രത്യാശ'' ഉണ്ടായിരിക്ക. (കൊലോസ്സ്യർ 1:27)

## ഫെബ്രുവരി 27

''രണ്ടും കൂടെ കൊയ്ത്തോളം വളരട്ടെ.'' (മത്തായി 13:20)

അമേരിക്കയിലെ ഒരു കർഷകൻ ഒരിക്കൽ അവിടുത്തെ കൃഷി വകുപ്പിന് എഴുതി:- ''എൻെറ തോട്ടത്തിലെ കളകൾ നശിപ്പിക്കുവാൻ ഞാൻ നിങ്ങളുടെ എല്ലാ ഉപദേശങ്ങളും പ്രയോഗിച്ചു നോക്കി; നിങ്ങളുടെ പ്രസിദ്ധീകരണങ്ങൾ എല്ലാം വായിച്ച് അതിൽ പറയുന്ന പ്രകാരമുള്ള പ്രതിവിധികൾ നടത്തി. എന്നിട്ടും കളകളെ നശിപ്പിക്കുവാൻ സാധിക്കുന്നില്ല.'' താമസിയാതെ തന്നെ ആ കർഷകന് കൃഷിവകുപ്പിൻെറ മറുപടി കിട്ടി. ''പ്രിയപ്പെട്ട കർഷകൻ, നിങ്ങൾ എല്ലാ പ്രതിവിധികളും പരീക്ഷിച്ചു നോക്കിയിട്ടും കളകളെ നശിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എങ്കിൽ കളകളെ സ്നേഹിക്കുവാൻ ശ്രമിക്കുക.''

നിങ്ങൾ എന്തു മാർഗ്ഗങ്ങൾ പ്രയോഗിച്ചാലും നിങ്ങൾക്ക് കള്ള സുഹൃത്തുക്കൾ, ശത്രുക്കൾ, എതിരാളികൾ, വിവാഹ പങ്കാളികളുമായുള്ള പൊരുത്തക്കേടുകൾ, ബന്ധുക്കളുമായുള്ള ഉരസലുകൾ മുതലായവ നിർമ്മാർജനം ചെയ്യുവാൻ സാദ്ധ്യമാകയില്ല. പക്ഷേ അവ നിങ്ങൾക്കു നൽകുന്ന പൊല്ലാപ്പുകൾ നിങ്ങൾക്ക് ഒഴിവാക്കുവാൻ കഴിയും—ഈ പൊല്ലാപ്പുകളെ സ്നേഹിക്കുവാൻ പഠിക്കുക. വിദ്വേഷത്തിൻേറയും പകയുടേയും ഫലമായ മാനസീക സംഘർഷങ്ങൾക്ക് ഇരയായി നിങ്ങളെതന്നെ കുരുതി കഴിക്കുന്നത് ഒഴിവാക്കുവാൻ ശത്രുക്കളെ സ്നേഹിക്കുകയല്ലാതെ മററ് മാർഗ്ഗം ഒന്നും ഇല്ല.

നിങ്ങളുടെ ശത്രുക്കൾ നിങ്ങളോട് അവലംബിക്കുന്ന പെരുമാററം

ആധാരമാക്കി അവരെ വിലയിരുത്താതെ അവരുടെ ജീവിതത്തിൻെറ പശ്ചാത്തലത്തിൽ അവരുടെ പ്രവർത്തികളെ വിലയിരുത്തുക. അവർ സ്നേഹിക്കപ്പെട്ടിരുന്നില്ലായിരിക്കാം. അവർക്ക് നേരിട്ട് എതിർക്കാൻ കഴിയാത്ത ചിലരോടുള്ള പകയായിരിക്കാം അവർ നിങ്ങളോടുള്ള ശത്രുതയായി പുറത്തേയ്ക്ക് വിടുന്നത്. ഒരു മുരടനായ യജമാനൻെറ കീഴിൽ പണിയെടുക്കുന്നവൻ ഒരു പക്ഷേ തൻെറ ഭാര്യയോട് കോപിച്ച് സംസാരിച്ചേക്കാം. യജമാനൻ വഴക്കു പറയുമ്പോൾ അവന് അത് നിശ്ശബ്ദമായി കേൾക്കേണ്ടിവരുന്നു. അവൻെറ ഭാര്യ അവൻെറ അടക്കിവച്ച അമർഷത്തിന് ഇരയാകുന്നു.

ജീവിത ധാരയെ എപ്പോഴും നിയന്ത്രിക്കുവാൻ നിങ്ങൾക്കാവില്ല. അത് ആയിരിക്കുന്ന അവസ്ഥയിൽ അതിനെ സ്നേഹിക്കുക. ''ഞാൻ ജീവൻ ആകുന്നു'' എന്ന് യേശു അരുളി ചെയ്തത് — ജീവൻ അതിൻെറ എല്ലാ വിധ വശങ്ങളോടും കൂടി അതിനെ വിശുദ്ധമായി കരുതുക—ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യുക.

## ഫെബ്രുവരി 28

''വേർപെട്ടിരിപ്പിൻ'' (2കൊരിന്ത്യർ 6:17)

ഒരു സന്ദേശം, സമർകണ്ടു വരെ നാലു ദിവസത്തിനുള്ളിൽ എത്തിക്കുന്നവന് ഒരു വൻ പാരിതോഷികം നൽകും എന്ന് ററിർമിഡ് രാജാവ് പ്രഖ്യാപനം ചെയ്തു. അതു കേട്ട് ഒരു കൃഷിക്കാരൻ വളരെ വേഗത്തിൽ രാജാവിൻെറ അടുത്തേക്ക് പോയി. പ്രജകൾ എല്ലാവരും ഈ പ്രഖ്യാപനം എന്തോ വിപത്തിൻെറ ആഗമനമായി കണക്കാക്കി. കർഷകനെ രാജാവിൻെറ മുമ്പിൽ ഹാജരാക്കിയപ്പോൾ അയാൾക്കു പറയാനുണ്ടായിരുന്നത് 'തനിക്ക് അത്രയും വേഗത്തിൽ സമർകണ്ടിൽ എത്താൻ സാദ്ധ്യമല്ല' എന്നതു പറയുവാനായിട്ടാണ് അയാൾ വളരെ വേഗത്തിൽ രാജാവിൻെറ അടുത്തേയ്ക്ക് പുറപ്പെട്ടത്.

വളരെ വേഗത്തിൽ കാറോടിച്ച് പള്ളി ആരാധനയിൽ പങ്കെടുക്കാനെത്തിയ മനുഷ്യർ ദൈവത്തിൻെറ മുമ്പാകെ തങ്ങൾ പാപികളായതിനാൽ അവർക്ക് അവൻെറ കല്പനകൾ പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറയുന്നത് കേൾക്കുമ്പോൾ മിക്കപ്പോഴും റൂമിയുടെ 'മസ്നവി'യിലെ ഈ കഥ ഞാൻ ഓർക്കാറുണ്ട്.

നിങ്ങൾ ഒരു പൂർണ്ണ വിശ്വാസി അല്ലായിരിക്കാം. ദൈവം നിങ്ങളോട് അവിശ്വാസിയുമായി പങ്കുചേരരുത് എന്നു മാത്രമല്ലാതെ മററൊന്നും ആവശ്യപ്പെടുന്നില്ല. പങ്കു ചേർന്നാൽ നിങ്ങളും അതേ ശാപത്തിന് ഇരയാകും.

ഒരു എലി ഒരു തവളയുമായി സ്നേഹബന്ധം തുടങ്ങി. തൻെറ സുഹൃത്തുമായി സമ്പർക്കം പുലർത്താൻ ഒരു ചരട് എടുത്ത് ഒരററം തവളയുടെ കാലിലും മററെ അററം തൻെറ കാലിലും കെട്ടി. താമസിയാതെ ഒരു പരുന്ത് എലിയെ റാഞ്ചികൊണ്ടുപോയി. തവളയുടെ കാല് എലിയുടെ കാലുമായി ബന്ധിക്കപ്പെട്ടിരുന്നതിനാൽ തവളയും കൂട്ടത്തിൽ വലിച്ചു കൊണ്ടുപോകപ്പെട്ടു.

തവള എലിയുമായി ബന്ധിക്കപ്പെട്ടില്ലായിരുന്നെങ്കിൽ അത് സുരക്ഷിതമായിരുന്നേനേം. പരുന്ത് വെള്ളത്തിൽ ചെല്ലുകയില്ലല്ലോ?

എപ്പോഴും ദൈവത്തോട് അവന്റെ കല്പന അനുസരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറയുന്നതിന് പകരം നിങ്ങൾ എത്ര കുറവുള്ളവനായാലും ലോകത്തിന്റെ മോഹത്തിൽ നിന്ന് വേറിട്ടു നില്ക്കുക. ഇതിനാൽ തന്നെ നിങ്ങൾ ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കുവാൻ പററിയ ചുററുപാടിൽ ആയിരിക്കും.

---

## ഫെബ്രുവരി 29

---

''ദൈവം തന്റെ പുത്രനെക്കുറിച്ച്......എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചു.'' (ഗലാത്യർ 1:15,16)

മൈക്കലാഞ്ചലോ യേശുവിന്റെ പ്രതിമ ഉണ്ടാക്കുവാൻ ഒരു കല്ലു പണിക്കാരനെ മോഡൽ ആക്കിയപ്പോൾ അദ്ദേഹത്തിന്റെ ഗുരുവായ ഗിർലാൻ ഡയോ കുററപ്പെടുത്തി. ഉടനെ മൈക്കലാഞ്ചലോ ന്യായീകരിച്ചു. ''ക്രിസ്തുവും ഒരു തൊഴിലാളിയായിരുന്നു, ഒരു തച്ചനായിരുന്നു'' ഗുരു മറുപടി പറഞ്ഞു. ''ഫ്ളോറൻസ് തൊഴിലാളിയായ ക്രിസ്തുവിനെ അംഗീകരിക്കയില്ല. അവർ അവനെ ഉന്നതനായിട്ടാണ് കണക്കാക്കുന്നത്.''

ചിലർക്ക് ചരിത്രപരമായ രക്ഷകനെ മാത്രമേ പരിചയം കാണൂ. യേശു ഹൃദയത്തിലാണ് വസിക്കേണ്ടത് എങ്കിലും അവരാരും ആന്തരീകമായ യേശുവിനെ സ്വീകരിക്കുന്നില്ല.

പ്രഖ്യാതമായ ഒരു ഫ്രഞ്ച് നോവലിൽ ഒരു സംഗീത നാടകത്തിലെ നായികയുടെ അഭിനയം വളരെ ഇഷ്ടപ്പെട്ട ഒരു ബ്രിട്ടീഷ് പ്രഭുവിനെപ്പററി പറയുന്നുണ്ട്. അവൻ എല്ലാ രാത്രികളിലും അവളുടെ സംഗീതം കേൾക്കാൻ പോകും. അവൻ അവൾക്ക് പുഷ്പങ്ങളും ആഭരണങ്ങളും അയച്ചുകൊടുക്കും. അവൾക്ക് അവനിൽ താല്പര്യം തോന്നിത്തുടങ്ങി. ഒരു സൽക്കാരത്തിൽവച്ചു അവർക്കു കണ്ടു മുട്ടുവാനുള്ള ഇടപാടുകളും ചെയ്തു. പക്ഷേ അവളുടെ ശരിയായ പേരിൽ അല്ല അവളെ പരിചയപ്പെടുത്തിയത്. അതിനാൽ അപ്പോഴോ പിന്നീട് കണ്ടുമുട്ടിയപ്പോഴോ അയാൾ അവളെ തീരെ ശ്രദ്ധിച്ചില്ല. അയാൾ അവളെ നാടകത്തിലെ ഭാഗങ്ങളിൽ മാത്രമേ സ്നേഹിച്ചിരുന്നുള്ളു. അവൻ യഥാർത്ഥവ്യക്തിയെ തിരിച്ചറിഞ്ഞുപോലുമില്ല.

ബൈബിൾ വരച്ചു കാട്ടിയിരിക്കുന്ന യേശുവിന്റെ മുമ്പിലും, വിശുദ്ധ കുർബ്ബാനയിൽ പ്രതിനിധീകരിക്കുന്ന അവനേയും അല്ലെങ്കിൽ അവന്റെ ഉപദേശങ്ങൾക്കു മുമ്പിലും നാം വണങ്ങുന്നു. പക്ഷേ അവൻ വിശക്കുന്നവനായോ, രോഗിയായോ, കഷ്ടപ്പെടുന്നവനായോ നമ്മെ കടന്നുപോകുമ്പോൾ നാം അവനെ ബഹുമാനിക്കുകയോ അവന്റെ പക്ഷം ചേരുകയോ ചെയ്യുന്നില്ല. യേശുവിനെ നമ്മുടെ ഹൃദയത്തിൽ വസിക്കുവാൻ ക്ഷണിക്കുന്നതോടൊപ്പം നമ്മുടെ ചുററുമുള്ള പാവപ്പെട്ടവരുടെ രൂപത്തിൽ അവനെ തിരിച്ചറിയുകയും ചെയ്യാം. അവന്റെ സാന്നിദ്ധ്യം നമ്മുടേയും

മററുള്ളവരുടേയും ജീവിതത്തിൽ കണ്ടറിയുകയും ചെയ്യാം.

## മാർച്ച് 1

''ജഡമോ ബലഹീനമത്രെ.'' (മത്തായി 26:41)

ലെനിൻെറയും സ്ററാലിൻെറയും ഭരണകാലത്ത് എൺപതിനായിരം ഓർത്തഡോക്സ് പുരോഹിതൻമാരാണ് റഷ്യയിൽ കൊല്ലപ്പെട്ടത്.

ഫാദർ മിഖായേൽ അതുവരേയും അറസ്ററിലായിട്ടില്ലാത്ത ചുരുക്കം ചില വൈദീകരിൽ ഒരാാം ആയിരുന്നു — പക്ഷേ അദ്ദേഹത്തിൻെറ വിശ്വാസം നഷ്ടപ്പെട്ടു. ഇത് പെട്ടെന്നാണ് സംഭവിച്ചത്. ശുശ്രൂഷാ മദ്ധ്യേ അദ്ദേഹം 'ദൈവത്തിന് മഹത്വമുണ്ടാകട്ടെ' എന്നു പറഞ്ഞു. അപ്പോാം അദ്ദേഹത്തിൻെറ ചെവിയിൽ ആരോ മന്ത്രിക്കുന്നതായി തോന്നി ''ദൈവം ഇല്ല.'' പള്ളിയുടെ ഭിത്തിയിലെ വിശുദ്ധൻമാരുടെ ചിത്രങ്ങളിലേക്ക് അദ്ദേഹം സംശയത്തോടെ നോക്കി. ദൈവവുമായുള്ള അവരുടെ സംസർഗ്ഗത്തിൻെറ അർത്ഥമെന്താണ്? ഇത്രയും ശക്തനായ ഒരു സുഹൃത്ത് തൻെറ അനുയായികളെ ദുഷ്ടമൃഗങ്ങാക്ക് എറിഞ്ഞുകൊടുക്കപ്പെടുവാനും ജീവനോട് അഗ്നിയിൽ എറിയപ്പെടുവാനും പീഢിപ്പിക്കപ്പെടുവാനും അനുവദിക്കുമോ? ഈ രീതിയിലുള്ള ചിന്തകാ നിയന്ത്രിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ''ദൈവം ഇല്ല എന്ന് മൂഢൻ തൻെറ ഹൃദയത്തിൽ പറയുന്നു '' എന്ന് സങ്കീർത്തനങ്ങളിലെ വാക്യം. അദ്ദേഹം പലവുരു ആവർത്തിച്ചു. ഇതൊന്നും അദ്ദേഹത്തിന് മനശാന്തി നല്കിയില്ല.

അതിനു ശേഷവും അദ്ദേഹം പുരോഹിതനായി കർമ്മങ്ങാം അനുഷ്ടിച്ചു വന്നു എങ്കിലും വിശ്വാസം നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ സങ്കടം വളരെ വലുതായിരുന്നു. പള്ളിയിൽ കൂടിയിരിക്കുന്ന കർഷകരായ വിശ്വാസികളോട് 'പാവങ്ങളെ, വീട്ടിൽ പോകുവീൻ, ദൈവം ഇല്ല. ഈ രക്തച്ചൊരിച്ചിലുകാം ഒരു ദൈവവും അനുവദിക്കുമായിരുന്നില്ല' എന്ന് വിളിച്ചു പറയുവാനുള്ള പ്രേരണ വളരെ ബുദ്ധിമുട്ടിയാണ് അദ്ദേഹം നിയന്ത്രിച്ചിരുന്നത്.

ഒരു കഷ്ടാനുഭവ ആഴ്ചയിൽ മുഴുക്കുടിയരായ ഒരുകൂട്ടം കമ്മ്യൂണിസ്ററുകാർ അദ്ദേഹത്തെ അറസ്ററ് ചെയ്തു. ദുർനടത്തയുടെ പേരിൽ അദ്ദേഹം പള്ളിയുടെ ജോലിയിൽ നിന്നും പുറത്താക്കിയ ഒരു പള്ളി ശുശ്രൂഷകനും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇപ്പോാം അവനും ഒരു വിപ്ളവകാരിയായിക്കഴിഞ്ഞു. ആ കുടിയൻമാരുടെ തലവൻ ഫാ. മിഖായേലിനോട് പറഞ്ഞു. ''നിന്നെ കൊല്ലുവാൻ ഞങ്ങാം തീരുമാനിച്ചിരിക്കുന്നു. നിനക്കെന്താണ് പറയുവാനുള്ളത്?''

ഫാ. മിഖായേലിന് ജീവിതം ഒട്ടും വിലയില്ലാത്തതായാണ് തോന്നിയത്. അദ്ദേഹം മറുപടി പറഞ്ഞു. ''നിങ്ങളുടെ ഇഷ്ടംപോലെ.'' അവർ അദ്ദേഹത്തിന് ഒരവസരം കൂടി നല്കി. ''നീ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് ഒരു കുരിശ് നിലത്തിട്ട് ചവിട്ടാമെങ്കിൽ നിന്നെ വിട്ടയയ്ക്കാം.'' അദ്ദേഹത്തിൻെറ മനസ്സിലെ ചിന്ത ഇപ്രകാരമായി. ''ഞാൻ വിശ്വസിക്കുന്നില്ല.

എനിക്ക് കുരിശ് എന്താണ്? ഞാൻ എന്റെ ജീവൻ രക്ഷിക്കാൻ ശ്രമിക്കാം.'' പക്ഷേ മറുപടി പറയാനായി വായ് തുറന്ന അദ്ദേഹം അറിയാതെ പറഞ്ഞു പോയി. ''ഞാൻ ഏകദൈവത്തിൽ വിശ്വസിക്കുന്നു.''

അന്ന് ദുഃഖവെള്ളിയാഴ്ചയായിരുന്നു. മുൾക്കിരീടത്തിന്റെ ഓർമ്മയ്ക്കായി അവർ അദ്ദേഹത്തിന്റെ രോമത്തൊപ്പി തിരിച്ചിട്ട് അദ്ദേഹത്തിന്റെ തലയിൽ വച്ചു. ഒരു പഴഞ്ചാക്ക് രാജ വസ്ത്രമായി അവന്റെ തോളിൽ ഇട്ടു. മുൻ പള്ളി ശുശ്രൂഷകൻ അവന്റെ മുമ്പിൽ മുട്ടു കുത്തി പറഞ്ഞു. ''യഹൂദന്മാരുടെ രാജാവേ, ജയിക്ക.'' അവരെല്ലാം ചേർന്ന് അദ്ദേഹത്തെ അടിക്കാൻ തുടങ്ങി. താൻ വിശ്വസിക്കാത്തവനോട് ഫാദർ മിഖായേൽ പ്രാർത്ഥിച്ചു. ''നീ ഉണ്ട് എങ്കിൽ എന്നെ രക്ഷിക്കുക.'' എന്നിട്ട് ഉറക്കെ ''ഞാൻ ഏക ദൈവത്തിൽ വിശ്വസിക്കുന്നു.'' എന്നു വിളിച്ചു പറഞ്ഞു.

ഇത് കേട്ട് കുടിയന്മാരായ കമ്മ്യൂണിസ്റ്റുകാർ ഞെട്ടി. അവർ അദ്ദേഹത്തെ വിട്ടയച്ചു. അദ്ദേഹം വീട്ടിലെത്തി കമഴ്ന്നു വീണ് കണ്ണുനീരോടു പ്രാർത്ഥിച്ചു. ''ഞാൻ വിശ്വസിക്കുന്നു.''

സംശയങ്ങൾ നിങ്ങളെ വലയ്ക്കുമ്പോൾ ബുദ്ധിപരമായ ഒരു മറുപടി കണ്ടെത്താനായി തിരയരുത്. യേശുവിനായി നിങ്ങൾ സ്വയം കുറെ ഭാരം വഹിക്കുക. ബുദ്ധി പരാജയപ്പെടുന്നിടത്ത് വിശ്വാസം വിജയം വരിക്കുന്നു.

## മാർച്ച് 2

''അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും.....തകർന്നും ഇരിക്കുന്നു.'' (യേശയ്യാവ് 53:5)

യേശു നമ്മുടെ പാപങ്ങൾ ഏററെടുത്ത് അവയ്ക്കായി കഷ്ടത അനുഭവിച്ചു.

ഒരു അവിവാഹിതയായ പെൺകുട്ടി ഗർഭിണിയായപ്പോൾ അവളുടെ പിതാവിന്റെ കോപത്തിൽ നിന്ന് കാമുകനെ രക്ഷിക്കുവാനായി പറഞ്ഞു: ''ഇതു ചെയ്തത് നമ്മുടെ പട്ടക്കാരനാണ്.'' പിതാവ് പട്ടക്കാരനെതിരായി തന്റെ വിദ്വേഷം വച്ചു പുലർത്തി കൊണ്ടുവന്നു. കുട്ടി ജനിച്ചപ്പോൾ ഒരു ഞായറാഴ്ച ദിവസം കുട്ടിയെ പള്ളിയിൽ കൊണ്ടുചെന്ന് ആരാധനയ്ക്ക് എത്തിയവരുടെ മുമ്പിൽ വച്ച് പാസ്ററുടെ കയ്യിലേക്ക് എറിഞ്ഞുകൊടുത്തിട്ട് അട്ടഹസിച്ചു. ''എന്റെ മകളുമായുള്ള നിങ്ങളുടെ അവിഹിതവേഴ്ചയുടെ ഫലം ഇതാ, എടുത്തുകൊള്ളുക.'' അധിക്ഷേപിച്ചുകൊണ്ടും ശപിച്ചുകൊണ്ടും പെൺകുട്ടിയുടെ പിതാവ് പള്ളിവിട്ടു പോയി. അത്ഭുതപ്പെട്ടു നിന്ന സഭാംഗങ്ങൾ പാസ്ററർ എന്തെങ്കിലും വിശദീകരണം നല്കും എന്ന് പ്രതീക്ഷിച്ചു. പക്ഷേ അദ്ദേഹം കുട്ടിയെ താലോലിച്ചുകൊണ്ട് പറഞ്ഞു: ''നീ എന്റേതാണ്. നീ എന്നും നിശ്ചലമായും എന്റെ പ്രിയപ്പെട്ടതായിരിക്കും.''

അദ്ദേഹത്തിന് എല്ലാവരുടേയും പിൻതുണ നഷ്ടപ്പെട്ടു. എല്ലാവരാലും വെറുക്കപ്പെട്ടിട്ടും കൊടും പട്ടിണിയിലായിട്ടും അദ്ദേഹം ആ കുട്ടിയെ

വളർത്തിക്കൊണ്ടുവന്നു.

കുറച്ചു വർഷങ്ങൾക്കുശേഷം ഈ പെൺകുട്ടിയ്ക്ക് പശ്ചാത്താപം ഉണ്ടായപ്പോൾ അവളുടെ പിതാവിനോട് സത്യം ഏററുപറയുകയുണ്ടായി. ഈ വിവരം കേട്ട് ഞെട്ടിപ്പോയ പിതാവ് പാസ്ററുടെ അടുത്തേയ്ക്ക് ഓടിച്ചെന്ന് മാപ്പു ചോദിക്കയും സഭാംഗങ്ങളോട് സത്യം വിവരിക്കയും ചെയ്തു. പാസ്ററർ ഇതേപ്പററി എന്തെങ്കിലും സംസാരിക്കും എന്ന് സഭാംഗങ്ങൾ വീണ്ടും പ്രതീക്ഷിച്ചു. പക്ഷേ പാസ്ററർ ഇത്രയും മാത്രം പറഞ്ഞു "ഇവൻ എൻേറതല്ലന്നാണോ നിങ്ങൾ പറയാനുദ്ദേശിക്കുന്നത്? ഇവൻ എൻെറ പ്രിയപ്പെട്ടവൻ തന്നെ." ഇതിനു ശേഷം അദ്ദേഹത്തിൻെറ അനുയായികൾകൂടി വന്നു. അന്യായമായി അവനെ കുററപ്പെടുത്തിയപ്പോൾ അവൻ യാതൊരു ന്യായീകരണവും നടത്തിയില്ല. കൂടാതെ തൻെറ നിഷ്കളങ്കത തെളിയിച്ചപ്പോൾ അവൻ തൻെറ നിഷ്കളങ്കതയെ പ്രശംസിച്ചും ഇല്ല.

യേശു പറഞ്ഞത് "എന്നെ അനുഗമിപ്പാൻ ഒരുവൻ ഇച്ഛരിച്ചാൽ അവൻ തന്നെ താൻ നിഷേധിക്കട്ടെ." എല്ലാവരുടേയും സ്വയം എന്നത് അവൻേറതു മാത്രമാകുന്നു. എല്ലാവരുടേയും പാപങ്ങൾക്ക് എല്ലാവരും പങ്കാളിയാണ്. ചെയ്യപ്പെടാത്തകുററം ആരോപിക്കുന്നത് അവൻ നിരസിക്കയില്ല. എന്നു മാത്രമല്ല തൻെറ സഹോദരൻെറ ഭാരം ലഘൂകരിക്കുവാൻ അവൻ അത് ഏററെടുക്കുന്നതിൽ സന്തോഷിക്കുന്നു. ഇതിന് ക്രിസ്തുവിൻെറ മനസ്സുണ്ടായിരിക്കണം.

---

## മാർച്ച് 3

---

"തീയുടെ ബലം കെടുത്തി......യുദ്ധത്തിൽ വീരന്മാരായിത്തീർന്നു."

(എബ്രായർ 11:34)

ഒരു വിശ്വാസ വീരൻെറ കഥ പറയാം. അദ്ദേഹത്തിൻെറ പേര് ഫ്ളോറിയ എന്നായിരുന്നു. അദ്ദേഹം റൊമേനിയായിലെ ഖെർല എന്ന ജയിലിൽ വച്ച് മരണമടഞ്ഞു. ശബ്ബത്തുനാളിൽ അടിമ വേല ചെയ്യാൻ നിരസിച്ചതിനാൽ അവൻെറ രണ്ടു കൈകളും രണ്ടു കാലുകളും തളരുന്നതുവരെ കമ്മ്യൂണിസ്ററുകാർ അവനെ മർദ്ദിച്ചു. തൻെറ കഴുത്തു മാത്രമേ അവന് അനക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ഇങ്ങനെയുള്ള സ്ഥിതിയിൽ ഒരു ആശുപത്രിയിലോ ബന്ധുക്കളോടൊപ്പമോ ആണെങ്കിൽ വളരെ ആശ്വാസമുണ്ട്—പക്ഷേ അദ്ദേഹം തടവറയിൽ ആയിരുന്നു. വെള്ളമോ, പുതപ്പോ, ഭക്ഷണമോ— അവനെ സഹായിപ്പാനായി അവൻെറ സഹ തടവുകാരുടെ പക്കൽ ഒന്നും ഇല്ലായിരുന്നു.

അവന് ആഹാരം ഒരു സ്പൂണിൽ കൊടുക്കേണ്ടിയിരുന്നു. പക്ഷേ സ്പൂൺ എവിടെ കിട്ടാനാണ്. ഈ സ്ഥിതിയിലും ഞങ്ങൾ എല്ലാവരെക്കാളും സന്തോഷവാനും ശാന്തചിത്തനുമായി അവൻ കഴിഞ്ഞു. അവൻെറ മുഖം പ്രകാശിച്ചുകൊണ്ടിരുന്നു. ഞങ്ങൾ സഹ തടവുകാർ ഞങ്ങളുടെ പ്രയാസങ്ങൾ എണ്ണിക്കൊണ്ട് അവൻ കിടക്കുന്നതിന് ചുററും ഇരിക്കുമ്പോൾ അവൻ പറയും. "നിങ്ങളുടെ ചുററും കാണുന്നത് നിരാശാജനകമാണ് എങ്കിൽ ഉയരത്തിലേക്ക്

നോക്കുക. തൻെറ സഹ വിശ്വാസികളാൽ തള്ളപ്പെട്ട് തന്നെ കല്ലെറിയുന്ന ഒരു ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിൽ വിശുദ്ധ സ്തേഫാനോസ് ഉയരത്തിലേക്ക് കണ്ണുകൾ ഉയർത്തി യേശു പിതാവിൻെറ വലത്ത് ഭാഗത്ത് നില്ക്കുന്നതു കണ്ടു. ഇത് അവനെ ആശ്വസിപ്പിച്ചു. അത് നിങ്ങളേയും ആശ്വസിപ്പിക്കും. ഉന്നതങ്ങളിലേക്ക് നോക്കുക.''

ഞാൻ ജയിലിൽ നിന്നും മോചിക്കപ്പെട്ട ശേഷം അദ്ദേഹത്തിൻെറ മകനുമായി സംസാരിച്ചു. ഒൻപതു വയസ്സുള്ള ആ കുട്ടിയോട് അവൻെറ പിതാവിൻെറ വിശ്വാസധീരതയെപററി ഞാൻ പറഞ്ഞു. ''നീയും അവനെപ്പോലെ ഒരു നല്ല മനുഷ്യൻ ആയിത്തീരണം'' ഞാൻ ഉപദേശിച്ചു. ആ കുട്ടി മറുപടി പറഞ്ഞു. ''എൻെറ പിതാവിനെപ്പോലെ ക്രിസ്തുവിനായി കഷ്ടത അനുഭവിക്കുന്ന ഒരാളായിത്തീരാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.''

ക്രിസ്ത്യാനികൾ ഉന്മേഷമില്ലാത്തവരും ഉത്സാഹമില്ലാത്തവരും ആയിരിക്കേണം എന്ന് അനുശാസിക്കുന്ന നിയമങ്ങൾ ഒന്നും ഇല്ല. ക്രിസ്തുമതം ധൈര്യത്തിൻെറ മാർഗ്ഗം ആക്കിത്തീർക്കാം. സ്നേഹം കഷ്ടതയിൽ കൂടിയാണ് ശുദ്ധമാക്കപ്പെടുന്നത്.

---

## മാർച്ച് 4

---

''ഇത് നിങ്ങൾക്കുവേണ്ടി നല്കുന്ന എൻെറ ശരീരം.''

(ലൂക്കോസ് 22:19)

വിശുദ്ധ കർബ്ബാനമദ്ധ്യേ അപ്പം എടുത്തു വാഴ്ത്തിക്കൊണ്ട് ''ഇത് എൻെറ ശരീരം'' എന്ന് പട്ടക്കാരൻ പറയുമ്പോൾ ഏതു ശരീരമെന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്.

യേശുവിന് ഒരേ ശരീരത്തിൽ തന്നെ രണ്ട് സ്വഭാവങ്ങൾ ഉണ്ട്. ഒന്ന് ദൈവീകവും മറേറത് മാനുഷികവും. അതേപോലെ രണ്ട് ശരീരങ്ങളും ഉണ്ട്. ഒന്ന് സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകപ്പെട്ട പ്രകീർത്തിക്കപ്പെട്ട മാനുഷീക ശരീരം. രണ്ട് സഭ— ഇത് അവൻെറ ശരീരമാണ്. കുർബ്ബാന സമയത്ത് നാം ഗോൽഗോഥായിൽ ക്രൂശിക്കപ്പെട്ട ശരീരത്തെ ഓർമ്മിക്കുന്നതോടൊപ്പം അവൻെറ ദിവ്യമായ ശരീരം — ലോകമെമ്പാടുമുള്ള സഭയേയും ഓർക്കുന്നു. ഈ സഭയാകുന്ന ശരീരം എല്ലാ നൂററാണ്ടുകളിലും രക്തസാക്ഷികളെ നൽകി. അവരുടെ രക്തം അവൻെറ നാമത്തിൻെറ മഹത്വത്തിന് കാരണമായി.

ക്രിസ്തുവിൻെറ പ്രകീർത്തിക്കപ്പെട്ട ശരീരത്തെ നമുക്ക് ആരാധിക്കാം. നമുക്ക് വേണ്ടി രക്തം ചിന്തിയ അവൻെറ തുളയ്ക്കപ്പെട്ട ഹൃദയത്തെ നമുക്ക് ആരാധിക്കാം. അവൻെറ ദിവ്യ ശരീരമായ സഭയ്ക്കുവേണ്ടി ഇതിലും ഉപരിയായി ചെയ്യുവാൻ നമുക്ക് സാധിക്കും. ഇന്നത്തെ രക്തസാക്ഷികൾ ചുമക്കുന്ന കുരിശിൻെറ പങ്കാളിയായി അവരുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കാം.

എല്ലാ വിശുദ്ധ കുർബ്ബാന മദ്ധ്യേയും രണ്ടു ശരീരങ്ങളേയും ഓർക്കുക.

# മാർച്ച് 5

''മനുഷ്യരോട് സകല പാപങ്ങളും അവർ ദുഷിച്ചു പറയുന്ന സകല ദൂഷണങ്ങളും ക്ഷമിക്കും.'' (മർക്കോസ് 3:28)

ഒരിക്കൽ ഒരു യാത്രക്കാരൻ ഒരു ട്രെയിനിൽ നിരാശ സ്ഫുരിക്കുന്ന മുഖഭാവത്തോടുകൂടി ഒരു യുവാവിനോടൊപ്പം ഇരുന്ന് യാത്ര ചെയ്യുകയായിരുന്നു. താൻ ഇപ്പോൾ മാത്രം ജയിൽ വിമുക്തനായ ഒരു മുൻ കുററവാളി ആണ് എന്ന് ആ യുവാവ് വ്യക്തമാക്കി. തൻെറ തടവു ശിക്ഷ തൻെറ കുടുംബത്തിന് അപമാനം വരുത്തിവെച്ചതിനാൽ അവരാരും ജയിലിൽ വന്ന് തന്നെ കാണുകയോ കത്തുകൾ അയയ്ക്കുകയോ ചെയ്തില്ല എന്നും അവൻ തുടർന്ന് വെളിപ്പെടുത്തി. അവർക്ക് യാത്രചെയ്യുവാൻ പണമില്ലാതെയും എഴുതുവാൻ തക്ക വിദ്യാഭ്യാസമില്ലാതെയും ആയിരുന്നതുകൊണ്ടായിരിക്കണം അവർ അങ്ങനെ പെരുമാറിയത് എന്ന് സ്വയം വിശ്വസിക്കുവാൻ അവൻ ആഗ്രഹിച്ചു. അവർ തന്നോട് ക്ഷമിച്ചുകാണും എന്ന് അവൻ അതിയായി ആശിച്ചു.

തൻെറ കുടുംബാംഗങ്ങൾ തന്നോട് ക്ഷമിച്ചു എങ്കിൽ അടയാളമായി റയിൽ പാതയ്ക്കടുത്ത് തങ്ങളുടെ വീടിന് മുമ്പിലുള്ള മരത്തിൽ ഒരു വെള്ള റിബ്ബൺ കെട്ടിത്തൂക്കണം എന്ന് അവൻ വീട്ടിലോട്ട് നേരത്തെ എഴുതിയിരുന്നു. അവനെ തിരികെ സ്വീകരിക്കാൻ മനസ്സില്ല എങ്കിൽ അവർ ഒന്നും ചെയ്യേണ്ടിയിരുന്നില്ല. അവൻ അത് അംഗീകരിച്ച് ട്രെയിനിൽ മുമ്പോട്ടു പോകും.

ട്രെയിൻ തൻെറ നാടിനോട് അടുക്കുമ്പോഴേക്കും അവൻെറ മനസ്സിൻെറ തുടിപ്പ് വർദ്ധിച്ചു. ജനലിൽ കൂടി പുറത്തേയ്ക്കു നോക്കുവാൻ തന്നെ അവന് പ്രയാസമായി. അവൻെറ സഹ യാത്രക്കാരൻ ജനലിനരികെയുള്ള സീററിൽ പോയിരുന്ന് അവനുവേണ്ടി പുറത്തേക്കു നോക്കാം എന്ന് സമ്മതിച്ചു. ചില നിമിഷങ്ങൾ കഴിഞ്ഞു. സഹയാത്രക്കാരൻ മുൻ തടവുകാരൻെറ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു ''അതാ നോക്കൂ!'' അവൻെറ ശബ്ദം വിറയാർന്നതായിരുന്നു. ''എല്ലാം ശരിയായി! ആ മരം നിറയെ വെള്ള റിബ്ബണുകളാണ്!''

എബ്രായർക്ക് ദൈവത്തിൻെറ കരുണയെ സൂചിപ്പിക്കുന്നതിനുള്ള വാക്കു തന്നെ ബഹുവചനത്തിലുള്ളതാണ്—Salamim—കരുണകൾ എന്ന് അർത്ഥം. 'M' എന്ന അക്ഷരത്തിൽ അവസാനിക്കുന്ന എബ്രായ പദങ്ങൾ എല്ലാം ബഹുവചനത്തിലുള്ളതാണ്. നീ എന്തുതന്നെ ചെയ്തവനായാലും യേശുവിൻെറ പക്കൽ അതിന് മുഴുവൻ പരിഹാരം നല്കുവാൻ തക്കവണ്ണം കരുണ നിറഞ്ഞിരിക്കുന്നു.

# മാർച്ച് 6

''ആ ദിവസങ്ങളിൽ ഏററവും വലിയ പുരുഷാരം ഉണ്ടായിരിക്കെ അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്ക കൊണ്ട്...... അവർ തിന്നു തൃപ്തരായി.''

(മർക്കോസ് 8:1,8)

ഒരു വർഷത്തിൽ അൻപത് ലക്ഷം ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നു. ഇതിൻെറ മൂന്നിൽ ഒരു ഭാഗത്തിൽ കൂടുതൽ പോഷകാഹാരത്തിൻെറ കുറവുമൂലമോ പട്ടിണി മൂലമോ ആണ് മരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ നിങ്ങൾ ഉണരുമ്പോൾ നിങ്ങൾ വിശന്നു വലയുന്നവരുടെ ലോകത്തിലാണ് എന്ന് ഓർക്കുക. ആഹാരം കരുതലില്ലാതെ ഉപയോഗിക്കുന്നതും നഷ്ടപ്പെടുത്തുന്നതും വലിയ പാപമാണ്. ഇറച്ചിക്കുവേണ്ടി വളർത്തുമൃഗങ്ങൾക്ക് ഈ ധാന്യം നൽകുമ്പോൾ അതിൻെറ മൂല്യം മൂന്നിൽ ഒന്ന് കുറയുന്നു. ഒരു സാധാരണ അമേരിക്കക്കാരൻ ഒരു ടൺ ധാന്യം ഒരു വർഷം ഉപയോഗിക്കുമ്പോൾ ഒരു സാധാരണ ഏഷ്യാക്കാരൻ അതിൻെറ അഞ്ചിൽ ഒന്നുമാത്രമേ ഉപയോഗിക്കുന്നുള്ളൂ. നിങ്ങൾ ആഴ്ചയിൽ മൂന്നുപ്രാവശ്യം മാംസം ഉപയോഗിക്കുന്നത് ഉപേക്ഷിക്കയാണെങ്കിൽ ഇപ്പോൾ മൃഗങ്ങൾക്കു നൽകുന്ന കാർഷിക ഉൽപ്പന്നങ്ങൾ പട്ടിണി പാവങ്ങൾക്ക് ഉപയുക്തമാക്കാം.

ഭക്ഷ്യ സ്ഥിതി ഇപ്പോഴത്തേതിലും വഷളായിക്കൊണ്ടിരിക്കും. പല ഇന്ത്യാക്കാരുടെ കുട്ടികളേയും വിശപ്പ് എന്ന് അർത്ഥമുള്ള 'ദാശ് കാൽ' എന്ന് വിളിക്കുന്നു. മനുഷ്യൻെറ നിലനില്പിനുള്ള മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനേക്കാൾ നിസാരമായി മനുഷ്യൻ വർദ്ധിക്കുന്നു. ഉദാഹരണമായി മൊറോക്കോ, കെനിയ, ഇറാക്ക്, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ജനസംഖ്യ അടുത്ത ഇരുപത്തി അഞ്ച് വർഷം കൊണ്ട് ഇരട്ടിയാകും. ഈ പ്രവണത കൊടുംവിപത്തിലേക്കു നയിക്കും.

ആഗോള പ്രശ്നത്തിൻെറ പരിഹാരം ഒരു വ്യക്തിയാൽ സാദ്ധ്യമല്ല എന്നത് ശരിയാണ്. പക്ഷേ ഇത് നമ്മെ കൊണ്ട് കഴിയാവുന്നത് ചെയ്യുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് പിൻമാറുവാൻ നമ്മെ അനുവദിക്കുന്നില്ല. ഏതെങ്കിലും ഒരു പൊതു സ്ഥാപനത്തിൽകൂടി പട്ടിണിക്കാരനായ ഒരു കുട്ടിയെ എങ്കിലും ജീവിക്കുവാൻ നിങ്ങൾക്ക് സഹായിക്കാം.

യേശു ഒരു കുട്ടിയെപ്പോലെ ദരിദ്രനായിരുന്നു. വിശന്നിരുന്ന അനേകരെ അവൻ വെറുതെ പറഞ്ഞു വിടുകയോ ഗൗനിക്കാതിരിക്കയോ ചെയ്തില്ല. അവൻ അവർക്ക് അപ്പവും മീനും നല്കി. നിങ്ങളും ഇപ്രകാരം ചെയ്യുക. നിങ്ങൾക്ക് ഉള്ളവ ആവശ്യക്കാരുമായി പങ്കിടുക.

# മാർച്ച് 7

''അവർ പോകുമ്പോൾ ശിമോൻ എന്നു പേരുള്ള കുറേനക്കാരനെ കണ്ടു, അവൻെറ ക്രൂശ് ചുമപ്പാൻ നിർബ്ബന്ധിച്ചു.'' (മത്തായി 27:32)

ആഫ്രിക്കയിൽ അമേരിക്കൻ ഐക്യനാടുകളും, യൂറോപ്പ് മുഴുവനും, ചൈനയും, ഇന്ത്യയും, ജപ്പാനും ഒക്കെ നിരത്തിവച്ച് കഴിഞ്ഞ് പിന്നെയും വളരെയധികം സ്ഥലം ബാക്കി വരും. ആഫ്രിക്ക അത്രമാത്രം വിസ്തൃതമാണ്. ഓരോ ക്രിസ്ത്യാനിക്കും ആഫ്രിക്കയെപ്പററിയുള്ള കരുതലും ഇതിനു തുല്യം വിസ്തൃതമായിരിക്കണം.

ഈ ഭൂഖണ്ഡം ക്രിസ്തുവിൻെറ സ്വന്തമാക്കുവാൻ വേണ്ടി വിശുദ്ധ പെർപെചുയും അവരുടെ ഭർത്താവും എ.ഡി. 201-ൽ ഇന്നേദിവസം — മാർച്ച് 7-ാനു വെട്ടിനുറുക്കപ്പെട്ടു. സീസറുടെ പ്രതിമയ്ക്കു മുമ്പിൽ ധൂപം കത്തിക്കുവാൻ അവർ വിസമ്മതിച്ചു. ആഫ്രിക്കയെ യേശുവിങ്കലേക്കു കൊണ്ടുവരുന്നതിനായി പ്രഖ്യാത മിഷനറിയായിരുന്ന ലിവിങ്സ്ററൺ ചിററാംബോയിലെ (ഇന്നത്തെ ടാൻസാനിയ) തൻെറ കുടിലിൽ കിടക്കയ്ക്കരുകിൽ മുട്ടിന്മേൽ നില്ക്കുന്ന നിലയിൽ മരണം വരിച്ചു. ഫ്രഞ്ച് മിഷനറിയായിരുന്ന ഫ്രാങ്കോയിസ് കൊയ്ലാർഡ് ബുളാവായോ (റൊഡേഷ്യ) എന്ന സ്ഥലത്ത് വച്ച് മരണമടഞ്ഞു. അന്ത്യകാലത്ത് എഴുതിയ അദ്ദേഹത്തിൻെറ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞു ''പഴയ ഭവനം തകർന്നുകൊണ്ടിരിക്കയാണ്—എന്നാലും ഇന്നും എൻെറ ഹൃദയം ചെറുപ്പമാണ്. എൻെറ ഹൃദയം ആഫ്രിക്കക്കുള്ളതാണ്. അവിടെ എനിക്കു ചെയ്യുവാനായി വളരെ കാര്യങ്ങൾ ഉണ്ട്—എൻെറ ശവക്കുഴിയും അവിടെ തന്നെ. എനിക്ക് ജോലി ചെയ്യുവാൻ പ്രാപ്തിയില്ലാതെ ഒരു ദിവസം പോലും കഴിയുവാൻ ഇടവരരുതേ എന്നാണ് എൻെറ വലിയ ആഗ്രഹം.''

റോബർട്ട് ലോസ് അഞ്ച് മിഷനറിമാരോടൊത്ത് ചെന്ന കാലത്ത് ആഫ്രിക്ക ഭൂമിയിലെ നരകം ആയിരുന്നു. വർഗ്ഗയുദ്ധങ്ങളിൽ അവിടുത്തെ നാട്ടുകാർ അന്യോന്യം യാതൊരു ഭയവുമില്ലാതെ കൊന്നൊടുക്കിക്കൊണ്ടിരുന്നു. ''രക്തം, എല്ലായിടത്തും രക്തം'' എന്ന് ലിവിങ്സ്ററൺ ആ രാജ്യത്തെപ്പററി വിലപിച്ചു. ഡോക്ടർ ലോസും സഹ പ്രവർത്തകരും ആറുവർഷം തുടർച്ചയായി പ്രയത്നിച്ചതിന് ശേഷമാണ് അവിടെ ആദ്യമായി ഒരാൾ മാനസാന്തരത്തിലേക്കു വന്നത്. പക്ഷേ ഇതിനകം മിഷനറിമാരിൽ നാലുപേർ പനിമൂലം മരണമടഞ്ഞു.

കറുത്ത വർഗ്ഗക്കാരെ നേടിയെടുക്കുന്നതിനായി 'നാമും കറുത്തവരെപ്പോലെ സംസാരിക്കയും ചിരിക്കയും വേണം' എന്ന അഭിപ്രായം കൊണ്ടുവന്നത് ഡാൻക്രോഫോർഡ് എന്ന സ്കോട്ട്ലണ്ടുകാരൻ മിഷനറി ആയിരുന്നു. അവൻ അവരിൽ ഒരാളായിത്തീർന്നു. തൽഫലമായി അദ്ദേഹം കടംഗായിലെ ക്രൂരനായ മുഷീദി രാജാവിൻെറ പ്രജയായി. ഈ രാജാവിന് അഞ്ഞൂറു ഭാര്യമാരുണ്ടായിരുന്നു. റബ്ബർ, ദന്തം, അടിമകൾ മുതലായവയുടെ കച്ചവടം കൊണ്ട് അയാൾ വളരെ ധനികനായി. എല്ലാ ദിവസവും ഇഷ്ടംപോലെ അനേകം മനുഷ്യരെ അയാൾ കൊന്നൊടുക്കിയിരുന്നു.

ആഫ്രിക്കയിലെ മിക്ക രാജ്യങ്ങളിലും ഇന്നും സ്വേച്ഛാധിപത്യ

ഭരണങ്ങളാണുള്ളത്. ഇസ്ളാം മതമോ, കാട്ടുദൈവങ്ങളോ, ആധുനിക മതേതരത്വമോ ആണ് പല രാജ്യങ്ങളിലുമുള്ളത്. കമ്മ്യൂണിസം പല രാജ്യങ്ങളേയും കീഴടക്കിക്കഴിഞ്ഞിരിക്കുന്നു.

ക്രൂശ് ചുമന്നുകൊണ്ടു പോകുവാൻ യേശുവിനെ സഹായിച്ചത് ഒരു ആഫ്രിക്കക്കാരൻ ആയിരുന്നു. ആഫ്രിക്കയെ ക്രിസ്തുവിങ്കലേക്കു വരുവാൻ സഹായിക്കുക.

## മാർച്ച് 8

"(ദാവീദ്) ബുദ്ധിഭ്രമം നടിച്ചു." (ശമുവേൽ 21:13)

കർദ്ദിനാൾ ട്രോച്ച്ററാ ഒരു പുരോഹിതനായിരുന്നപ്പോൾ നാസികളുടെ തടവുകാരനാക്കപ്പെട്ടു. കൂട്ടക്കൊല നടത്തിയപ്പോൾ ഇദ്ദേഹത്തിന് മുറിവേററതേയുള്ളു. അവൻ മരിച്ചതായി നടിച്ചു. ശവങ്ങൾക്കൊപ്പം അവനേയും കൊണ്ടുപോയി. ഇങ്ങനെ രക്ഷപ്പെടുവാനിടയായി. ഈ വിധത്തിൽ അദ്ദേഹം നാസികളെ കബളിപ്പിച്ചു. മരണം നടിച്ചത് ഒരു കള്ളം ചെയ്തതിന് തുല്യമാണ്.

നീതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ നിരപരാധികളെ കൊലചെയ്യുവാൻ തീരുമാനിച്ച അധികാരികൾക്ക് അദ്ദേഹം വിധേയനാകണമായിരുന്നു. അദ്ദേഹം പറയണമായിരുന്നു "ഞാൻ മരിച്ചിട്ടില്ല. ദയവു ചെയ്ത് ഒന്നുകൂടി വെടിവയ്ക്കൂ..."

ന്യായമായ നിയമങ്ങൾ എല്ലാം ഒരു പരിധിക്കപ്പുറമായാൽ വിഢ്ഢിത്തമാകുന്നു. നിശ്ചയമായും സത്യം പറയേണ്ട കടമ നമുക്കുണ്ട്. അതേപോലെ കൊലപാതകികളുടെ കയ്യിൽ നിന്നും നമ്മെയും നമ്മുടെ കുടുംബത്തേയും സഭയേയും രാഷ്ട്രത്തേയും രക്ഷിക്കേണ്ട കടമയും ഉണ്ട്.

സ്നേഹം, സത്യം, ജ്ഞാനം, കഠോരത, സന്തോഷം, ഔദാര്യം, സമ്പത്ത്, നിസ്വാർത്ഥ ത്യാഗം ഇവയൊന്നുമില്ല. പരമോന്നതമായ ക്രിസ്തീയ നിയമം. വിശുദ്ധ ആൻറണിയുടെ വാക്കുകളിൽ അത് "എല്ലാ കാര്യങ്ങളിലും ഉത്തമമായ നിലപാട് സ്വീകരിക്കുക" എന്നതാണ്.

നാം വേദപുസ്തകത്തിലെ വചനങ്ങളെ തേടുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ മനസ്സാക്ഷിയെ ഉദ്ദീപിപ്പിക്കയും എല്ലാ പരിതസ്ഥിതികളിലും ശരിയായ പാത കാട്ടിത്തരുകയും ചെയ്യും.

## മാർച്ച് 9

**"ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും." (ലൂക്കോസ് 1:48)**

ക്രിസ്ത്യാനിയായിത്തീർന്ന പ്രശസ്തനായ യഹൂദ നോവലിസ്ററ് ഷോലെം ആഷ് ഇപ്രകാരം എഴുതി: "മറിയമേ നിൻെറ കാലൊച്ച എൻെറ ഹൃദയമിടിപ്പ് പോലെ പ്രിയങ്കരമാണ്. നിൻെറ സാന്നിദ്ധ്യത്തിൽ ഞാൻ

ശ്വസിക്കുന്ന വായു എന്നെ ശുദ്ധനാക്കുന്നു. മറിയമേ നീ വിശുദ്ധയാണ്, നിൻെറ സമീപത്തെത്തുന്നവർക്കൊക്കെ നീ വിശുദ്ധി നൽകുന്നു.''

ക്രൂശിതനായ യേശുവിനെ നോക്കുമ്പോഴെല്ലാം സമീപത്ത് തൻെറ പ്രിയ മകൻ വേദനകൊണ്ട് ഞെളിഞ്ഞു പിരിയുന്നതു കണ്ട് കണ്ണുനീരൊഴുക്കുന്ന അവൻെറ മാതാവിനെ കാണാം. അവൻ കുഞ്ഞായിരുന്നപ്പോൾ അവൾ ആ ശരീരം കയ്യിലെടുത്ത് ഓമനിച്ചിരുന്നതാണ്. അവൾ അവനെ കുളിപ്പിച്ച് ആഹാരം വാരിക്കൊടുത്തിരുന്നു. അവന് ആ അമ്മ ചുടു ചുംബനങ്ങൾ കൊടുത്ത് വളർത്തിക്കൊണ്ടുവന്നു. ആ ശരീരത്ത് പടയാളികളുടെ ചാട്ടവാറുകൊണ്ടു മുറിഞ്ഞ ചുവന്ന രക്ത നദികൾ അവൾ കണ്ടു. അവൾ താലോലിച്ച് വളർത്തിക്കൊണ്ടുവന്നവൻെറ ശരീരത്ത് ചാട്ടവാർ ശീൽക്കാരത്തോടെ പതിയുന്നത് ഞെട്ടലോടെ അവൾ കേട്ടു.

ദൈവത്തിന് ഇത്രയും പ്രീയങ്കരയായിരുന്ന അവളിൽ നമുക്ക് ഏററവും ആദരിക്കാവുന്നതായിട്ടുള്ളത് എന്താണ്?

അവളുടെ കന്യകാത്വം ആണ് അത് എന്നാണ് എൻെറ അഭിപ്രായം. അവൾ പുരുഷനെ അറിഞ്ഞിട്ടില്ലാത്ത കന്യകയായിരുന്നു. ഏററവും ഉന്നതനായവന് — ദൈവം മനുഷ്യനായവന് — ജന്മം കൊടുക്കുക എന്ന പദവി അവൾക്കു ലഭിച്ചു.

---

## മാർച്ച് 10

---

''ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ.'' (മത്തായി 6:12)

രണ്ടാം ലോകമഹായുദ്ധക്കാലത്ത് വിഖ്യാതനായ സൈമൺ വെയ്സൻതാൽ എന്ന യഹൂദ യുദ്ധ തടവുകാരൻ ഉക്രെയ്നിലെ ലാവോവ് എന്ന അടിമത്തൊഴിൽ ക്യാമ്പിൽ ആയിരുന്നപ്പോൾ ഒരു നാസി ഓഫീസറുടെ മരണ ശിക്ഷയ്ക്ക് അരികിലേക്ക് ഒരു നഴ്സ് അദ്ദേഹത്തെ വിളിച്ചു കൊണ്ടുപോയി. ഈ ഓഫീസർ അദ്ദേഹത്തോടു പറഞ്ഞു 'എൻെറ അമ്മ ഒരു ക്രിസ്ത്യാനിയാണ്' ഞാൻ ഹിററ്ലറുടെ സൈന്യത്തിൽ ചേർന്നതിൽ അമ്മ വളരെ അധികം ദുഃഖിക്കയും ചെയ്തു. എൻെറ യൂണിററായിരുന്നു സോവിയററ് പട്ടണമായ ഡ്നെപ്രോപെററ്ട്രോവ്സ്ക് കൈവശപ്പെടുത്തിയത്. അവിടെ സ്ത്രീകളും കുട്ടികളും അടക്കം 200 യഹൂദന്മാരെ ഒരു ചെറിയ വീട്ടിൽ ഇട്ട് പൂട്ടിയ ശേഷം എൻെറ യൂണിററിലെ ആളുകൾ വീടിനു നേരെ കൈബോംബുകൾ എറിഞ്ഞു. വീടിന് തീകത്തി. ചിലർ കുട്ടികളേയും കൊണ്ട് ജനലിൽ കൂടി ചാടുവാൻ ശ്രമിച്ചു. അവരെ വെടിവച്ചു. കുറച്ച് ദിവസങ്ങൾക്കുശേഷം ഈ യൂണിററിനോട് ഒരു യുദ്ധത്തിൽ ആക്രമിക്കുവാൻ ആവശ്യപ്പെട്ടു. ഈ യുദ്ധത്തിൽ ഞാൻ പൂർണ്ണമായും അന്ധനായി തീരുകയും ഗുരുതരമായ പരുക്കേൽക്കുകയും ചെയ്തു. ഏററവും അവസാനമായി കണ്ടതായി ഓർക്കുന്നത് ദേഹം മുഴുവൻ ആളിപ്പടരുന്ന തീയിൽ ഒരു യഹൂദൻ തൻെറ കയ്യിൽ ഒരു കുട്ടിയുമായി എൻെറ അടുത്തേയ്ക്കു വരുന്നതാണ്.'' രക്ത സാക്ഷികളായ ഈ യഹൂദന്മാരുടെ ഓർമ്മയാൽ നിരന്തരം പീഢിപ്പിക്കപ്പെട്ട്

അദ്ദേഹം മരണശയ്യയിൽ കിടന്നു. തനിക്ക് ഒരു യഹൂദൻ മാപ്പു നല്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ വെയ്സൻതാൽ ഈ ആഗ്രഹം നിറവേററുവാൻ മാപ്പു നല്കുന്നു എന്നു പറഞ്ഞില്ല.

നാസികളുടെ ക്രൂരതമൂലം കുടുംബം മുഴുവനും നഷ്ടപ്പെട്ട ഈ മനുഷ്യനോട് നമുക്ക് സഹതാപം തോന്നും. കുററവാളികളെ തോല്പിക്കയും ശിക്ഷിക്കയും വേണം. പക്ഷേ വെയ്സൻതാലിന് ഇതിലും വലിയ അപകടങ്ങൾ ഒന്നും വരാനില്ലായിരുന്നു. മരണ യാതന അനുഭവിക്കുന്നവനോട് ക്ഷമിച്ചിരിക്കുന്നു എന്ന ഒരു വാക്ക് എങ്കിലും പറയാമായിരുന്നു. ക്രിസ്തു നല്കുന്ന പാപമോചനത്തിൻെറ വെളിച്ചത്തിൽ നമ്മുടെ പാപങ്ങളുടെ അഗാധത മനസ്സിലാക്കിയാൽ മാത്രമേ മറെറാരുവന് മാപ്പുനല്കുവാൻ കഴിയുകയുള്ളു.

---

## മാർച്ച് 11

"....വിധിക്കരുത്." (മത്തായി 7:1)

കർത്താവായ യേശു പത്രോസിനോട് പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ ഞാൻ നിനക്കു തരുന്നു." (മത്തായി 16:19) ദൈവത്തിൻെറ മക്കളായ ഏതൊരുവർക്കും ദൈവരാജ്യം ആർക്കായിട്ടു വേണമെങ്കിലും—ഏററവും നീചരായവർക്കുവേണ്ടി പോലും—തുറന്നുകൊടുക്കുവാൻ കഴിയും. അവരോട് കർത്താവിൻെറ പാപക്ഷമയെപ്പററി പ്രഖ്യാപിക്കയാണ് അതിനുള്ള മാർഗ്ഗം. പക്ഷേ ഈ യേശു തന്നെ "......പാതാളത്തിൻേറയും താക്കോൽ എൻെറ കൈവശം ഉണ്ട്." (വെളിപ്പാട് 1:18) എന്ന് പ്രഖ്യാപിക്കുന്നുണ്ട്. ഇത് അവൻ ആർക്കും കൊടുത്തിട്ടില്ല. ഇത് അവൻ തൻെറ പക്കൽ തന്നെ വെച്ചിരിയ്ക്കുന്നു. അല്ലാത്തപക്ഷം നമ്മിൽ ചിലർ വിഢ്ഢിത്തം മൂലം നരകത്തിലേക്കു വീഴുകയോ, നമ്മെപ്പോലെ വിശ്വസിക്കാത്തവരെ നരകത്തിലാക്കുകയോ ചെയ്തു എന്നു വരാം. ഒരു അമ്മ തൻെറ കുട്ടിക്ക് കളിപ്പാട്ടമാണ് കൊടുക്കുന്നത്— സ്വയം മുറിവേല്പിക്കാനുള്ള കത്തി കുട്ടിയുടെ കയ്യിൽ കൊടുക്കയില്ല. അപ്രകാരം തന്നെ പത്രോസിന് സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ കിട്ടി എങ്കിലും നരകത്തിൻെറ താക്കോൽ കിട്ടിയില്ല.

ലൂഥർ തത്വചിന്തയിൽ തൻെറ എതിരാളിയായിരുന്ന ഇറാസ്മസിനെപ്പററി ഇപ്രകാരം പറഞ്ഞു: "അവൻ പ്രകാശം ലഭിക്കാത്തവനായി, കുരിശ് ഇല്ലാത്തവനായി, ദൈവം ഇല്ലാത്തവനായി മരിച്ചു." അവൻ സ്വയം നരകത്തിലേക്കുള്ള പാത തിരഞ്ഞെടുത്തു എന്നാണ് ഇത് അർത്ഥമാക്കുന്നത്. ഇറാസ്മസിൻെറ അന്ത്യവാക്കുകൾ "പ്രിയപ്പെട്ട ദൈവമേ" എന്നായിരുന്നു.

നിങ്ങൾക്ക് ഒരു താക്കോൽ മാത്രം നല്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിൻെറ വാതിലുകൾ മററുള്ളവർക്കായി തുറന്നുകൊടുക്കുക. മററാരേയും കുററം വിധിക്കാതിരിക്കുക. നിന്നെതന്നെ നാശത്തിലേക്കു നയിക്കയും അരുത്.

# മാർച്ച് 12

''യേശു പറയുന്നു: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു.''
(യോഹന്നാൻ 14:6)

ദൈവം എന്തിനാണ് നമുക്ക് അവൻെറ വചനങ്ങളെ തന്നത്? പകരം ഒരു പടം തന്നുകൂടായിരുന്നോ? ഒരു ആററത്തിൻെറ (അണു) രൂപം വരച്ചുകാട്ടുവാൻ പററില്ല. അതേ പോലെ തന്നെ യാഥാർത്ഥ്യവും. ഇവ രണ്ടിലും ബുദ്ധിമുട്ടാണ് ദൈവത്തെ വരച്ചു കാട്ടുന്നത്. ദൈവത്തിൻെറ വചനംപോലെ നറുമണങ്ങളോ, രുചികളോ, ഒന്നും നമ്മെ പ്രബോധിപ്പിക്കുന്നില്ല.

പക്ഷേ വാക്കുകൾ ശരിയായ ആശയ വിനിമയം നടത്തുവാൻ ഉതകുന്നവയാണോ? ചില വാക്കുകൾക്ക് പല അർത്ഥങ്ങൾ ഉണ്ട്. എബ്രായ ഭാഷയിൽ 'ബറാച്ച്' എന്നാൽ അനുഗ്രഹം, ശാപം എന്ന് രണ്ട് അർത്ഥവുമുണ്ട്. അതേപോലെതന്നെ 'കെടേഷാ' എന്നാൽ വേശ്യ എന്നും വിശുദ്ധൻ എന്നും ''ഹെഡഡ്'' എന്നാൽ 'കൃപ' 'ദയ' എന്നും 'വിദ്വേഷം' എന്നും അർത്ഥം ഉണ്ട്. ഗ്രീക്കു ഭാഷയിൽ ''ആഫസ്'' എന്നാൽ 'ക്ഷമിക്കുക' എന്നും 'പോകുക' എന്നും അർത്ഥം ഉണ്ട്. വേദ പുസ്തകത്തിലെ വചനങ്ങളെ പല വിധത്തിൽ പ്രതിപാദിക്കാം. നമുക്ക് വാഗ്ദാനമാണ് ആവശ്യം. ദൈവഹിതത്തെപ്പററി വ്യക്തമായി അറിയുന്നതിനെ ആശ്രയിച്ചാണ് നമുക്ക് നിത്യജീവൻ ലഭിക്കുന്നത്.

പന്ത്രണ്ടു വയസ്സുകാരനായ ഒരു യഹൂദ കുട്ടിയോട് പാസ്ററർ ഇപ്രകാരം പറഞ്ഞു. ''യേശു ദൈവം അയച്ച മശിഹാ ആണ്. നീ അവനിൽ വിശ്വസിക്കുന്നില്ലെങ്കിൽ നിനക്ക് നിത്യത നഷ്ടപ്പെടും.'' ആ കുട്ടി മറുപടി പറഞ്ഞു. ''ഞങ്ങളുടെ ന്യായാസനം വിധിച്ചതുപോലെ യേശു ഒരു ദൈവ ദൂഷകൻ ആണെങ്കിൽ ഒരു പുരോഹിതനായി അവനെപ്പററിക്കൂടിയിരിക്കുന്ന നിങ്ങൾ നിങ്ങളുടെ നിത്യത നരകത്തിൽ കഴിച്ചുകൂട്ടും.'' മതവിശ്വാസത്തിൽ ഒരു ഫലിതങ്ങളും ഉണ്ടാകാൻ പാടില്ല. യേശു ഉയിർത്തെഴുന്നേററില്ലെങ്കിൽ ഉയിർത്തെഴുന്നേല്പ് ലഭിക്കും എന്ന് പ്രതീക്ഷിച്ച് പല ലൗകീക സുഖങ്ങളും ത്യജിച്ച നാം ''സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ.'' (1 കൊരിന്ത്യർ 15:19) അഥവാ ഉയിർത്തെഴുന്നേല്പ് ഉണ്ട് എങ്കിൽ നാം ലോക സുഖങ്ങളുടെ പുറകെ നമ്മുടെ ജീവിതം നഷ്ടമാക്കിയെങ്കിൽ നാം വിഢ്ഢികളാണ്.

വേദ പുസ്തകത്തിലെ വാക്കുകളിൽ മാത്രം ഒതുങ്ങികൂടുന്നതിന് പകരം ദൈവത്തിൻെറ സകല വെളിപ്പാടുകളേയും കൂടി അംഗീകരിക്ക. അവൻ തൻെറ പ്രവൃത്തികളിൽ കൂടി സ്വയം വെളിവാക്കുന്നു. ദൈവം വചനങ്ങൾ നല്കിയ എബ്രായ ഭാഷയിൽ 'വാക്ക്' എന്ന് അർത്ഥമുള്ള ഒരു പദവും ഇല്ല. അവർ അതിന് 'ദാവാർ' എന്നാണ് പറയുന്നത്. ഇതിൻെറ അർത്ഥം 'യഥാർത്ഥ വസ്തു' എന്നാണ്. ആന്തരീകവും ബാഹ്യവുമായ എല്ലാ യഥാർത്ഥ്യങ്ങളും ദൈവത്തിൻെറ വെളിപാടാണ്. ഗോൽഗോഥായിൽ സംഭവിച്ചത്—പാപവും പശ്ചാത്താപങ്ങളും ഉൾക്കൊള്ളുന്ന നിങ്ങളുടെ ജീവിതം, അതിൻെറ വീഴ്ചകൾ, ഉയർച്ചകൾ, അതിൻെറ ദുഃഖങ്ങളും സന്തോഷങ്ങളും എല്ലാം തന്നെ. അവൻ നൽകുന്ന ജീവനിൽ വിശ്വസിക്ക. അവനെ നിങ്ങളുടെ ജീവിതത്തിൽ സ്വീകരിക്ക.

അപ്പോൾ നിങ്ങൾക്ക് നിത്യ ജീവന്റെ വാഗ്ദാനം ലഭിക്കും.

## മാർച്ച് 13

"തിരുവെഴുത്തിന് നീക്കം വന്നു കൂടായല്ലോ."

(യോഹന്നാൻ 10:35)

ഷിഫ്റിൻ എന്നു പേരുള്ള ഒരു സിയോനിസ്റ്റ് പ്രവർത്തകൻ റഷ്യയിൽ തടവിലാക്കപ്പെട്ടു. ജയിലിൽ വെച്ച് അദ്ദേഹം 72- വയസ്സ് പ്രായമുള്ള സോളോഡിയാൻ കിൻ എന്ന ബാപ്റ്റിസ്റ്റുകാരനെ കണ്ടുമുട്ടി. "ആ മനുഷ്യന്റെ നന്മയും സുതാര്യമായ വിശുദ്ധിയും എന്നിൽ മായാത്ത മുദ്രപതിപ്പിച്ചു. അവൻ സമീപത്തുള്ളപ്പോൾ ഞങ്ങൾക്കു കാവൽ നിന്നിരുന്ന പടയാളികൾ പോലും മെച്ചപ്പെട്ടവരായി പെരുമാറി." "അദ്ദേഹത്തിന്റെ കാഴ്ചശക്തി നശിച്ചിരുന്നു. അദ്ദേഹത്തെ ഭേദ്യം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണടപൊട്ടിപ്പോയിരുന്നു." അടിമവേലചെയ്ത് അദ്ദേഹം സമ്പാദിച്ച പണം അദ്ദേഹം ചിലവഴിച്ചിരുന്നത് ഇപ്രകാരമാണ് — പകുതി രോഗിയായ തന്റെ മകൾക്ക്, കാൽഭാഗം തന്റെ സഭയ്ക്ക്, ബാക്കിയുള്ള തുകയുടെ ഒരു പങ്കു (ഏകദേശം 7,8 റൂബിൾ) കൊടുത്ത് അദ്ദേഹം തനിക്കായി അല്പം റൊട്ടിയും പഞ്ചസാരയും വാങ്ങിയതിന് ശേഷമുള്ള പണം തടവിലുള്ള രോഗികളായവർക്കു നല്കി.

ഷിഫ്റിൻ തന്റെ കൈവശം ഉള്ള വേദപുസ്തകത്തിൽ നിന്നും അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കാം എന്ന് പറഞ്ഞു. വൈകുന്നേരമായപ്പോൾ സോളോഡിയാൻ കിൻ വന്നു. അദ്ദേഹം വസ്ത്രം മാറി വളരെ ശ്രദ്ധിച്ച് തന്റെ മുടി ചീകി ഭംഗിയാക്കി. "വേദപുസ്തകം വായിക്കുന്നതു തന്നെ ഒരു പെരുന്നാളാണ്." ആ യഹൂദൻ ക്രിസ്ത്യാനിയായ സഹതടവുകാരനെ യേശയ്യാവിന്റെ പുസ്തകത്തിൽ നിന്നും വായിച്ചു കേൾപ്പിച്ചു. ഒരു ഭാഗത്ത് എത്തിയപ്പോൾ സോളോഡിയാൻ കിൻ പറഞ്ഞു: "നീ ആ ഭാഗം തെററിച്ചാണ് വായിച്ചത്."

അദ്ദേഹം പറഞ്ഞതു ശരിയായിരുന്നു. "ഈ പുസ്തകം അങ്ങേയ്ക്ക് മനപാഠമായി അറിയാമോ?"

"തീർച്ചയായും"

"എങ്കിൽ പിന്നെ ഞാൻ ഇത് വായിച്ച് കേൾപ്പിക്കേണ്ട ആവശ്യം എന്താണ്?"

"കാരണം വേദഭാഗങ്ങൾ കേൾക്കുന്നത് എനിക്ക് വളരെ ആനന്ദം നല്കുന്നു. വായിച്ചു കേൾക്കുമ്പോൾ പുതിയ ആശയങ്ങളും നമുക്ക് ലഭിക്കുന്നു."

ഒരു സാധനത്തിന്റെ വില നാം അറിയുന്നത് അത് നമുക്ക് ഇല്ലാതെയിരിക്കുമ്പോൾ മാത്രമാണ്. വേദഭാഗങ്ങളുടെ ഫലം അനുഭവിക്കുവാൻ അവകാശം നഷ്ടപ്പെട്ടിരിക്കുന്നവരെ നമുക്ക് കണ്ടുപഠിക്കാം. നാം വേദഭാഗങ്ങൾ ശ്രദ്ധയോട് വായിച്ചു പഠിക്കാൻ ശ്രമിക്കേണ്ടതാണ്.

# മാർച്ച് 14

"വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നു." (1 പത്രോസ് 1:18)

നാം ഒരു സഭയെ സ്വീകരിക്കുന്നത് അതിൻെറ വിശ്വാസം അംഗീകാരയോഗ്യമായതുകൊണ്ടല്ല. അതിൻെറ അംഗീകാര യോഗ്യത കണക്കാക്കുന്നത് സത്യത്തിൽ നിന്നും ഉണ്ടായ ദൃഢ വിശ്വാസത്താലാണ്.

നാം എല്ലാവരും നമ്മുടെ മാതാപിതാക്കളുടെ സഭകളെ തന്നെ പിൻതുടരുന്നു. ഒരു കത്തോലിക്കാകാരൻ അതേ വിഭാഗത്തിലുള്ള ഒരു സ്ത്രീയെ കല്യാണം കഴിച്ചാൽ അവരുടെ കുട്ടികൾ കത്തോലിക്കാ അനുഭാവികളായി വളർന്നുവരും. യഹൂദരായ മാതാപിതാക്കളുടെയും ബാപ്ററിസ്ററുകാരായവരുടേയും മക്കൾക്ക് അവരുടെ വിശ്വാസത്തോട് കൂടുതൽ അനുഭാവം കാണും.

എന്നാൽ മത പരിവർത്തനം നടത്തുന്നവരുടെ കാര്യം വ്യത്യസ്ഥമാണ്. ഒരു വ്യക്തി ഏതെങ്കിലും വിഷമസ്ഥിതിയിൽകൂടി കടന്നുപോകുമ്പോഴോ തൻെറ വിശ്വാസം താറുമാറാകുമ്പോഴോ മറേറതെങ്കിലും ഒരു മതവിശ്വാസി അവൻെറ വിശ്വാസം ദൈവത്തിൻെറ പാതയായി കാണിച്ചുകൊടുത്തേയ്ക്കാം. അതിൽനിന്നുണ്ടാകുന്ന പുതിയ ഉണർവും സുഖവും മൂലം ആ വ്യക്തി പുതിയ വിശ്വാസത്തിലേക്കു കൊണ്ടുവന്ന ആളിൻെറ എല്ലാ ആചാര അനുഷ്ടാനങ്ങളും ചോദ്യം ചെയ്യാതെ സ്വീകരിക്കുന്നു. സത്യം കണ്ടെത്തുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പൈതൃകമായ മതത്തെ തന്നെ ചോദ്യം ചെയ്തും പരീക്ഷിച്ചും നോക്കുക. ഈ പ്രക്രിയ മുഖേനയാണ് ശതലക്ഷക്കണക്കിന് ആളുകൾ തങ്ങളെ ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, മുസ്ലീങ്ങൾ, യഹൂദൻമാർ എന്ന് പറയുന്നത്.

നാം മററു മതങ്ങളെപ്പററി പറയുന്നത് പോലെ നാം വിശ്വസിക്കുന്ന മതവും കുറെ തെററിദ്ധാരണകൾ ആണെന്നും, നമ്മുടെ ഏററവും അടിയുറച്ച വിശ്വാസം പോലും തെററാകാം എന്നും അംഗീകരിക്കുവാനുള്ള സന്നദ്ധതയിൽ നിന്നാണ് യഥാർത്ഥ മതം തുടങ്ങുന്നത്. ഉന്നതാത്മാക്കൾ മാത്രമേ എന്നും അസ്പഷ്ടമായ അറിവിൻെറ മേൽ വിജയം പ്രാപിച്ചിട്ടുള്ളു.

ഒരു ചൂലുമായി നമ്മുടെ ഹൃദയത്തിൽകൂടി കടന്നു പോകുക. ദൈവവുമായുള്ള വ്യക്തിപരമായ സമ്പർക്കത്തിൽ നിന്നും ലഭിച്ചതൊഴികെ എല്ലാം തൂത്തുമാററുക. ഇതാണ് ഞാൻ ചെയ്തത്. ഇങ്ങനെ ശൂന്യമായ ഹൃദയത്തിൽ—തൻെറ വിശ്വാസം, തന്നെ തന്നെ, തൻെറ വ്യക്തിത്വത്തെ എല്ലാം നിരസിക്കുന്ന ഒരു മനുഷ്യൻെറ ഹൃദയത്തിൽ എല്ലാ മതങ്ങളുടേയും ഉറവിടവും ലക്ഷ്യവുമായ ദൈവം പ്രകാശിക്കും.

നിങ്ങൾക്ക് ജന്മനാ ആയും, വിദ്യഭ്യാസത്തിൽ നിന്നും തെററിദ്ധാരണകൾ ലഭിച്ചിട്ടുണ്ട് എന്ന് അംഗീകരിക്കുക. എന്നിട്ട് ദൈവത്തിൻെറ വചനത്തിൽകൂടി "സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ." (1 തെസ്സലോനിക്യർ 5:21)

# മാർച്ച് 15

''(ദൈവം അബ്രഹാമിനോട്) നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നെ, കൂട്ടികൊണ്ട് മോരിയാ ദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളി ചെയ്തു.'' (ഉല്പത്തി 22:2)

മേരി എന്നു പേരുള്ള ഒരു പെൺകുട്ടി തന്റെ മാതാവിന് രക്ഷാകർത്തൃ അവകാശം നഷ്ടപ്പെട്ട ഒരു കോടതി നടപടിയെപ്പററി പറയുന്നു. അവർ അവളോട് പറഞ്ഞു. ''നീ ഒരു അമ്മയാണ്. ദൈവത്തെ തള്ളിപ്പറയുക. അവൻ നിനക്ക് എന്താണ് തന്നത്? എന്തിനെയാണ് നീ കൂടുതൽ ഇഷ്ടപ്പെടുന്നത്— നിന്റെ സ്വന്തം കുഞ്ഞുങ്ങളേയോ അതോ നിന്റെ ദൈവത്തിനേയോ? നിനക്ക് അതെങ്ങിനെ കഴിയും?''

തന്റെ വസ്ത്രത്തലപ്പുകൊണ്ട് കണ്ണുമൂടിയിരുന്ന് അവളുടെ അമ്മ വീണ്ടും വീണ്ടും പറഞ്ഞു ''ദൈവം എല്ലാം കാണുന്നുണ്ട്. അവൻ പ്രതിഫലം നല്കും.'' മേരിയും അവളുടെ മററ് മക്കളും ''അമ്മേ, ഞങ്ങളെ കൈവിടരുതേ'' എന്ന് പറഞ്ഞ് കരഞ്ഞിട്ടും അവൾ തിരിഞ്ഞു നോക്കിയതേയില്ല.

വന്യമൃഗങ്ങൾക്ക് ഇരയായി എറിഞ്ഞുകൊടുക്കപ്പെട്ട സഭയുടെ ആദിമ രക്തസാക്ഷികളുടെ കഥകളെ അനുസ്മരിപ്പിക്കുന്ന ഒരു അനുഭവമാണ് അത്. തങ്ങളുടെ കുട്ടികൾക്കുവേണ്ടി കുററം ഏററു പറഞ്ഞ് രക്ഷപ്പെടുന്നതിനായി അഭ്യർത്ഥിച്ചപ്പോൾ അവർ അത് കേൾക്കാനേ ശ്രമിച്ചില്ല.

ദൈവത്തെ സംബന്ധിച്ചിടത്തോളം പാപികളുടെ നിത്യമായ മരണവും തന്റെ ഏകജാതനായവന്റെ ബലിയും തമ്മിൽ തിരഞ്ഞെടുക്കുന്നതുപോലെ തന്നെ ദുഷ്കരമായ ഒരു തീരുമാനമായിരുന്നു അത്. വിശുദ്ധരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ കുട്ടികളെ നഷ്ടപ്പെടുന്നതും ദൈവത്തെ തള്ളിപ്പറയുന്നതും തമ്മിൽ തിരഞ്ഞെടുക്കുന്നത് വിഷമമേറിയ ഒരു തീരുമാനമായിരുന്നു. നമ്മുടെ ദൈവം എപ്രകാരമായിരുന്നുവോ നാമും അതുപോലെയുള്ളവരാണ്. എന്തു തന്നെ സംഭവിച്ചാലും അവന് സ്തുതിഗീതങ്ങൾ പാടണം.

തിരഞ്ഞെടുപ്പ് നടത്തേണ്ടിവരുമ്പോൾ ശങ്കിച്ചു നില്ക്കരുത്. ദൈവത്തിനായി നീ ഏററവും പ്രിയപ്പെട്ടതായി കരുതുന്നവപോലും നൽകുക. അവൻ തനിക്കുള്ളതെല്ലാം നിനക്കായി നല്കിയല്ലോ?

# മാർച്ച് 16

"നിങ്ങൾക്കു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും."

(മത്തായി 17:21)

ഞാൻ മലകളെ മാററുവാൻ ശ്രമിച്ചുനോക്കി. പക്ഷേ വിജയിച്ചില്ല. ഏതെങ്കിലും ദൈവമക്കളെ കൊണ്ട് ഇത് സാദ്ധ്യമാകും എന്നും എനിക്ക് തോന്നുന്നില്ല.

ഞാൻ ദൈവത്തോട് യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഈ വചനത്തെപ്പററി ചോദിച്ചു. ക്രിസ്തുവിന്റെ ശിഷ്യനായ ഒരുവൻ വെറും സ്വഗതമായിട്ടല്ല പ്രാർത്ഥിക്കേണ്ടത്. അവന്റെ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കേണ്ടതാണ്. എന്റെ ചോദ്യത്തിന് മറുപടി ലഭിച്ചത് ഇപ്രകാരമാണ്.

"എന്റെ പ്രിയപ്പെട്ടവനെ നിനക്ക് മലകളെ നീക്കുവാൻ കഴിയുകയില്ല. കാരണം നിന്റെ വിശ്വാസം കടുകുമണിയുടെ വലിപ്പത്തിലുള്ളതല്ല. നിന്റെ വിശ്വാസം നിറപറപോലെയാണ്. വലിയ വ്യവസായശാലകളിൽ ഉപയോഗിക്കുന്ന ആയിരം ടൺ ഭാരമുള്ള ചുററിക ആരും ഒരു കശുവണ്ടി പൊട്ടിക്കുവാൻ ഉപയോഗിക്കുന്നില്ല. ഭീമാകാരമായ അത്തരം ഒരു ചുററികയ്ക്ക് വൻകാര്യങ്ങൾ ചെയ്യുവാൻ കഴിയും. അങ്ങനെ തന്നെ നിന്നെ വൻ കാര്യങ്ങൾ പ്രവർത്തിക്കുവാനാണ് വിളിച്ചിരിക്കുന്നത്. അല്ലാതെ മലകളെ നീക്കി രസിക്കുവാനല്ല. നിനക്ക് ദൈവത്തിന്റെ ഉള്ളിൽ മാററം ഉണ്ടാക്കാം. യഹൂദന്മാർ സ്വർണ്ണക്കാളയെ ആരാധിച്ചതിന് ദൈവം അവരെ എങ്ങനെ ശിക്ഷിക്കുവാൻ തീരുമാനിച്ചു എന്നും മോശയുടെ പ്രാർത്ഥന എങ്ങനെ ദൈവത്തിന്റെ മനസ്സുമാററി എന്നും ഓർക്കുക. സ്വർഗ്ഗീയ കല്പനകളിൽ മാററം വരുത്തുന്നത് മലകൾ മാററുന്നതിനേക്കാൾ എത്രയോ വലുതാണ്."

അതിനുശേഷം ഞാൻ മലകളെ മാററുവാൻ ശ്രമിക്കുന്നത് നിർത്തിവെച്ചു. സ്വർഗ്ഗീയ സ്ഥലങ്ങളിൽ ക്രിസ്തുവിനോടൊപ്പം ഇരിക്കുന്നവരും അവിടെ സംഭവിക്കുന്ന കാര്യങ്ങളിൽ പങ്കെടുക്കുന്നവരുമാണ് നാം. നമ്മുടെ ഈ ലോക ജീവിതത്തിൽ മലകൾ തടസ്സമുണ്ടാക്കുന്നു എങ്കിൽ നാം അവയോട് നീങ്ങുവാൻ ആവശ്യപ്പെടേണ്ട. നമുക്ക് യേശുവിന്റെ മാതൃക പിൻതുടരാം. അവനെപ്പററി അവന്റെ പ്രിയ പറയുന്നത് എന്റെ പ്രിയൻ "മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചും വരുന്നു" (ഉത്തമഗീതം 2:8) എന്നാണല്ലോ.

നിങ്ങളുടെ ജീവിതത്തിലെ പ്രയാസങ്ങളാകുന്ന മലകളെ നീക്കുവാൻ ശ്രമിക്കാതെ അവയെ ചാടിക്കടക്കുക. അവയെ കണക്കിലെടുക്കാതെ നിങ്ങളുടെ ക്രിസ്തീയ ഉത്തരവാദിത്വം നിറവേററുക.

# മാർച്ച് 17

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ." (മത്തായി 5:44)

താഴെ പറയുന്ന സംഭവം ഒരു കമ്മ്യൂണിസ്ററ് രാജ്യത്തെ ജയിലിൽ വച്ച് സംഭവിച്ചതാണ്. ക്രിസ്ത്യാനികളെ മാത്രം പാർപ്പിച്ചിരുന്ന ഒരു മുറിയിലേക്ക് ഒരു ദിവസം പടയാളികൾ ഒരു പുതിയ തടവുകാരനെ തള്ളിവിട്ടു. അവൻ വളരെ ക്ഷീണിതനും ദരിദ്രനുമായി കാണപ്പെട്ടു. ആദ്യം ആരും അവനെ അറിഞ്ഞില്ല. കുറെ സമയം കഴിഞ്ഞപ്പോൾ ഒരാൾ വിളിച്ചു പറഞ്ഞു. "ഇത് ക്യാപ്ററൻ 'X' ആണല്ലോ?" അയാൾ ക്രിസ്ത്യാനികളുടെ ഏററവും വലിയ പീഢകൻ ആയിരുന്നു. തന്നോടൊപ്പം ഇപ്പോൾ ജയിൽവാസം അനുഭവിക്കുന്ന പലരേയും അവൻ അറസ്ററ് ചെയ്തു മർദ്ദിക്കയുണ്ടായി. അവർ അവന്റെ ചുററും കൂടി അവൻ തടവിലാക്കപ്പെടുവാനുണ്ടായ കാരണങ്ങൾ ആരാഞ്ഞു. കണ്ണുനീരൊഴുക്കിക്കൊണ്ട് അവൻ തന്റെ കഥ പറഞ്ഞു.

രണ്ടുമാസം മുമ്പ് അവൻ തന്റെ ഓഫീസിൽ ഇരിക്കുമ്പോൾ പന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ കടന്നുചെന്ന് ക്യാപ്ററന്റെ ഭാര്യയ്ക്ക് കൊടുക്കുവാൻ ഒരു പുഷ്പം അവനെ ഏല്പിച്ചു. ആ ബാലൻ അവനോട് പറഞ്ഞു. "ക്യാപ്ററൻ നീയൊരുത്തൻ മാത്രമാണ് എന്റെ പിതാവിനേയും മാതാവിനേയും തടവിലാക്കുവാൻ കാരണക്കാരൻ. ഇന്ന് എന്റെ അമ്മയുടെ ജന്മദിനമാണ്. എല്ലാ വർഷവും ഈ ദിവസം ഞാൻ അമ്മയ്ക്ക് ഒരു പൂവ് വാങ്ങിക്കൊടുത്തിരുന്നു. നിന്റെ നിമിത്തം ഇന്ന് എനിക്ക് സന്തോഷിക്കുവാൻ എന്റെ അമ്മ എന്നോടൊപ്പം ഇല്ല. പക്ഷേ ക്രിസ്ത്യാനിയായ എന്റെ അമ്മ ശത്രുക്കളെ സ്നേഹിക്കുവാനും തിന്മയെ നന്മകൊണ്ട് ജയിക്കുവാനും എന്നെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ പൂവ് നിന്റെ മക്കളുടെ അമ്മയ്ക്കായി കൊണ്ടുവന്നത്. ഈ പൂവ് നിങ്ങളുടെ ഭാര്യയ്ക്കു നല്കി അവളോട് എന്റെ സ്നേഹത്തെപ്പററിയും ക്രിസ്തുവിന്റെ സ്നേഹത്തെപ്പററിയും പറയുക."

കമ്മ്യൂണിസ്ററുകാരനായ ആ ക്യാപ്ററനുപോലും അതുകേട്ട് ഹൃദയം തകർന്നു. "ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം" (യോഹന്നാൻ 1:9) പ്രകാശിപ്പിക്കുന്ന ഒരു ദൈവ സൃഷ്ടിയാണല്ലൊ അവനും. അവൻ ആ കുട്ടിയെ കെട്ടിപ്പിടിച്ചു. തന്റെ പീഢനം തുടരുവാൻ അവന് കഴിഞ്ഞില്ല. തന്മൂലം ജോലിയും നഷ്ടപ്പെട്ടു. ഇപ്പോൾ ജയിലിൽ താൻ തടവിലാക്കിയവരോടൊപ്പം കഴിയുന്നത് ഒരു വലിയ പദവിയായി കരുതുന്നു എന്ന് അവൻ അവരോടു പറഞ്ഞു.

ക്ഷമിക്കുന്ന സ്നേഹം ആണ് വിജയശ്രീലാളിതമായ ക്രൈസ്തവ ജീവിതത്തിന്റെ താക്കോൽ.

# മാർച്ച് 18

''ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു.''

(1 കൊരിന്ത്യർ 2:27)

നെൽസൺ തൻെറ വൈകല്യങ്ങളെ എല്ലാം അതിജീവിച്ചാണ് വിജയങ്ങൾ കൈവരിച്ചത്.

മെലിഞ്ഞ്, ക്ഷീണിച്ച് അദ്ദേഹത്തിന് ഇന്ത്യയിൽ വച്ച് മഞ്ഞപ്പിത്തം ബാധിച്ചു. വെസ്ററ് ഇൻഡീസിൽവെച്ച് മറെറന്തോ അസുഖം പിടിച്ചു. ഒരു നേവിക്യാപ്ററനായിരുന്ന അയാൾക്ക് എന്നും കടൽച്ചൊരുക്ക് ബാധിച്ചിരുന്നു. കോർഷിക്കായിൽ വെച്ച് അയാൾക്ക് ഒരു കണ്ണു നഷ്ടപ്പെട്ടു. പിന്നീട് വലത്തെ കൈ മുറിച്ചു കളയേണ്ടിവന്നു. മറെറാരു യുദ്ധത്തിൽ അയാളുടെ നെഞ്ചിൽ വളരെ ആഴമേറിയ മുറിവുണ്ടായി.

പക്ഷേ അദ്ദേഹം വേദനയെ കീഴടക്കുവാൻ പഠിച്ചിരുന്നു. ട്രാഫ്ളാഗറിൽ വച്ച് അദ്ദേഹം ഫ്രഞ്ച്, സ്പെയിൻ എന്നീ കപ്പൽ പടകളെ തോല്പിച്ചു.

നെൽസണ് മറെറാരു ദൂഷ്യവശം ഉണ്ടായിരുന്നു. മറെറാരാളുടെ ഭാര്യയായിരുന്ന ലേഡി ഹാമിൽററണുമായുള്ള ബന്ധം ലണ്ടനിലും നേപ്പിൾസിലും അദ്ദേഹത്തിനെതിരെ അപവാദം ഉണ്ടാക്കി. ഒരാളുടെ വൈകല്യങ്ങൾ അല്ല അവൻെറ ജീവിതം നശിപ്പിക്കുന്നത് അവൻെറ സ്വഭാവ ദൂഷ്യമാണ്. ''ദീർഘ ക്ഷമയുള്ളവൻ യുദ്ധവീരനിലും ജിത മാനസൻ പട്ടണം പിടിക്കുന്നവരിലും ശ്രേഷ്ഠൻ.'' (സദൃശ്യവാക്യങ്ങൾ 16:32)

ഒരു മനുഷ്യനായി ജീവിതം തുടങ്ങിയ യേശുവിനും പല വൈകല്യങ്ങൾ ഉണ്ടായിരുന്നു. അവൻെറ ജന്മം തന്നെ അപവാദമുണ്ടാക്കി. അവൻ പീഢിപ്പിക്കപ്പെട്ട ഒരു രാജ്യത്തെ പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു. അവന് യഹൂദ പണ്ഡിതന്മാരുടെ കീഴിൽ വിദ്യഭ്യാസം ഒന്നും ലഭിച്ചിരുന്നില്ല. പക്ഷേ വിശ്വാസംകൊണ്ട് എല്ലാ തടസ്സങ്ങളേയും കീഴടക്കി ഒരു പരിപൂർണ്ണനായ വ്യക്തിയാകാമെന്ന് അവൻ കാണിച്ചുകൊടുത്തു. യേശു ദൈവത്തിൻെറ പുത്രനാണ്. അവനിൽ വിശ്വസിക്കുന്നവർ ദൈവത്തിൻെറ മക്കളാണ്. അവൻ പറഞ്ഞത് ''വിശ്വസിക്കുന്ന ഏവർക്കും എല്ലാം സാദ്ധ്യമാകുന്നു'' എന്നാണ്.

നിങ്ങളുടെ ശാരീരികമോ അല്ലാത്തതോ ആയ വൈകല്യങ്ങളെപ്പററി വിഷമിക്കേണ്ട. അവ വൻ വിജയങ്ങൾ നേടുന്നതിന് പററി പ്രചോദനമാകാം.

നിങ്ങളുടെ ദൂഷ്യങ്ങൾ എന്താണ് എന്ന് കണ്ടുപിടിക്കുക. ശത്രുക്കൾ നിങ്ങളെ ആക്രമിക്കാൻ കൂടുതൽ വഴിയുള്ളതായ നിങ്ങളുടെ കോട്ട മതിലുകളെ ക്രിസ്തുവിൽ കൂടി ശക്തിപ്പെടുത്തുക.

## മാർച്ച് 19

"നീ അവനു നല്കീട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവനെ കൊടുക്കേണ്ടതിന് നീ സകല ജഡത്തിന്മേലും അവന് അധികാരം നല്കിയിരിക്കുന്നുവല്ലോ." (യോഹന്നാൻ 17:2)

ഗിയാകോമോ പുസിനിയുടെ ജീവിതം വളരെ വിജയകരമായിരുന്നു. അദ്ദേഹത്തിൻെറ നാടകങ്ങളായ 'മാനോൻ ലെസ്കാട്ട്,' 'മാഡം ബട്ടർഫ്ളൈ' എന്നിവ അദ്ദേഹത്തെ വിശ്വവിഖ്യാതനാക്കി. അദ്ദേഹത്തിന് ധാരാളം ധനവും കീർത്തിയും ഉണ്ടായി. അനേകം സ്ത്രീകൾ അദ്ദേഹത്തെ ആരാധിച്ചിരുന്നു. ലോക ദൃഷ്ട്യാ സന്തോഷകരമായ ഒരു ജീവിതം നയിക്കുവാൻ വേണ്ടുന്നതെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹം കീർത്തിയുടെ ഉച്ചകോടിയിൽ ആയിരിക്കുമ്പോൾ ഇപ്രകാരം എഴുതി:- "വിജയമോ? വാർദ്ധക്യവും മരണവും ഒഴിച്ചുകൂടാനാവാതെയുണ്ടെങ്കിൽ എന്താണിതിൻെറ പ്രയോജനം. പുതിയ നാടകങ്ങൾ അവതരിപ്പിക്കുവാനും കൂടുതൽ ഗാനങ്ങൾ രചിക്കുവാനും എനിക്കാഗ്രഹമുണ്ട്. പക്ഷേ എനിക്ക് അതിനുള്ള ശക്തിയില്ല."

എൺപത്തിരണ്ടു വയസ്സുള്ളപ്പോൾ മാവോ-സേ-തുങ്ങ് പശ്ചിമജർമ്മൻ പ്രസിഡൻറിനെ സ്വീകരിച്ചുകൊണ്ട് കമ്മ്യൂണിസ്ററ് ചൈനയെപ്പററി തനിക്കുള്ള വൻ പദ്ധതികൾ വിവരിച്ചുകൊടുത്തു. പതറാതെയുള്ള പരിശ്രമം കൊണ്ട് അതൊക്കെ നേടിയെടുക്കണം എന്ന് പ്രസിഡൻറ് അദ്ദേഹത്തോട് പറഞ്ഞു. ഒരു പഴഞ്ചൊല്ലും അദ്ദേഹം ഉദ്ധരിച്ചു "നിലയ്ക്കാത്ത പ്രവാഹം കല്ലിനെപ്പോലും തുളയ്ക്കുന്നു." ഇതിന് ഉത്തരമായി മാവോ പറഞ്ഞു. "ശരി തന്നെ, പക്ഷേ എനിക്ക് ആവശ്യത്തിനുള്ള വെള്ളം ഇനി ഇല്ല."

റഷ്യയിലെ ബോൾഷെവിസത്തിൻെറ ഉന്നത നേതാക്കന്മാരിൽ ഒരാളായ കിറോവ് സ്ററാലിനാൽ കൊല്ലപ്പെട്ടു. അദ്ദേഹം തൻെറ അവസാനത്തെ പ്രസംഗം അവസാനിപ്പിച്ചത് ഈ വാക്കുകളോടെയാണ്. "എനിക്ക് ഇനിയും ജീവിക്കണം, ജീവിക്കണം, ജീവിക്കണം."

എല്ലാം മരണത്തിൽ അവസാനിക്കുന്നു എങ്കിൽ, ഏററവും വർണ്ണശബളമായ ജീവിതം പോലും കൊലയ്ക്കു വിധിക്കപ്പെട്ടവനു കൊടുക്കുന്ന സദ്യപോലെയായിരിക്കും. സദ്യ ആസ്വദിച്ചു കഴിഞ്ഞിട്ട് അവനെ തൂക്കിലിടുന്നു.

വിലപ്പെട്ട കാര്യങ്ങൾ സാധിക്കുവാനായി നീ വലിയ നേട്ടങ്ങളും അവസാനിക്കാത്ത ഊർജ്ജസ്വലതയും ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നിത്യജീവൻ നിശ്ചയമാക്കുക എന്നതായിരിക്കണം നിൻെറ ഒന്നാമത്തെ ലക്ഷ്യം. യേശു പറഞ്ഞു. "എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല." (യോഹന്നാൻ 11:26)

# മാർച്ച് 20

''ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെ വഷളാക്കുന്നു.'' (യൂദാ 10)

മനുഷ്യൻ കുരങ്ങിൽ നിന്നും രൂപാന്തരം പ്രാപിച്ചവനാണ് എന്ന തത്വം പ്രസക്തമല്ല. കുരങ്ങുകൾ തങ്ങളുടെ ഭാര്യമാരോട് വിശ്വസ്തരാണ്. അവ ഗർഭഛിദ്രം നടത്തുന്നില്ല. അവയുടെ വംശനാശം വരുത്തുവാനുള്ള ബോംബുകൾ ഒന്നും അവയ്ക്കില്ല. കുററ കൃത്യങ്ങൾ, മദ്യപാനം, മയക്കുമരുന്നുകൾ, വേശ്യാവൃത്തികൾ ഇവ ഒന്നും അവയക്ക് അറിവുള്ളതല്ല. അവ സിനിമകൾ ഉണ്ടാക്കുകയോ കാണുകയോ ചെയ്യുന്നില്ല.

ദൈവം സൃഷ്ടിച്ച് അതേപോലെ തന്നെ കഴിയുന്ന കുരങ്ങ് മനുഷ്യൻ അതിൻെറ സന്തതിയാണ് എന്ന് അവകാശപ്പെടുന്നില്ല. ഡാർവിൻെറ സിദ്ധാന്തം കുരങ്ങുകളെ നിന്ദിക്കുന്നതാണ്. ഒരു കുരങ്ങും ഇതേവരെ ''ഒറിജിൻ ഓഫ് സ്പീഷിസ്'' എന്ന പുസ്തകങ്ങൾ ഒന്നും എഴുതിയിട്ടില്ല.

മനുഷ്യൻ ഉന്നതനാണ്. ദൈവം തൻെറ സ്വരൂപത്തിലാണ് മനുഷ്യനെ നിർമ്മിച്ചത്. ഉന്നതനായവൻെറ പതനം ഏററവും ദാരുണമാണ്. മനുഷ്യൻ ഉയർന്ന ബുദ്ധിയുള്ളവനാണ്. പക്ഷേ അത് ചെന്നായ്, കുറുക്കൻ, പാമ്പ്, പന്നി എന്നിവയുടെ ബുദ്ധിയുമായി സാദൃശ്യം ഉണ്ട്. മനുഷ്യൻ മൃഗമായാൽ ഏററവും ക്രൂരമൃഗമാണ്. മനുഷ്യൻെറ പൂർവ്വ പിതാക്കളുടെ പാപത്താൽ സംഭവിച്ച വീഴ്ച അവൻെറ സന്തതി പരമ്പര കൂടുതൽ വഷളാക്കുകയും നിലനിർത്തുകയും ചെയ്യുന്നു.

''കാള തൻെറ ഉടയവനേയും കഴുത തൻെറ യജമാനൻെറ പുൽത്തൊട്ടിയേയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല.'' (യേശയ്യാവ് 1:3) ഇത് വളരെ ശരിയാണ്. മനുഷ്യൻ മൃഗത്തിൻെറ ബന്ധുവാണ് എന്ന് അവനോട് പറയരുത്. മനുഷ്യരും മൃഗങ്ങളും വ്യത്യസ്തരാണ്. ഈ തരംതാഴ്ത്തലിൻെറ കാരണം അവയുടെ പതനമാണ്. എങ്കിലും മൃഗങ്ങൾ ഇപ്പോഴും അവയുടെ പൂർവ്വസ്ഥിതി മനുഷ്യനേക്കാൾ നിലനിർത്തുന്നു. ആദാമിന് നഷ്ടമായ നിഷ്കളങ്കത വീണ്ടെടുക്കയാണ് മനുഷ്യൻെറ അത്യാവശ്യം.

യേശുവിൻെറ രക്തം നമ്മുടെ ഈ ലോകത്തിലെ സകല പാപങ്ങളും കഴുകുകയും വരുവാനിരിക്കുന്ന ലോകത്തിൽ ''ദ്രവത്തമുള്ളത് അദ്രവത്തെ'' ധരിക്കുമ്പോൾ (1 കൊരിന്ത്യർ 15:54) നമുക്ക് നഷ്ടമായ രാജ്യം വീണ്ടെടുത്തു തരുകയും ചെയ്യും.

## മാർച്ച് 21

''എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്.....സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.'' (റോമർ 8:28)

ഒരു കപ്പൽ ഛേദത്തിൽ പെട്ട് ഏകനായി മനുഷ്യവാസമില്ലാത്ത ഒരു ദ്വീപിൽ എത്തിച്ചേർന്ന ഒരുവന്റെ കഥയുണ്ട്. കപ്പലിൽ നിന്നും രക്ഷപ്പെടുത്തി എടുത്ത ചുരുക്കം ചില സാധനങ്ങൾ അവൻ ആ ദ്വീപിൽ ഒരു ചെറിയ കുടിൽ കെട്ടി അതിൽ സൂക്ഷിച്ചു. തന്നെ ആ ദ്വീപിൽ നിന്നും രക്ഷപ്പെടുത്തണേ എന്ന് അവൻ മുട്ടിപ്പായി ദിവസവും പ്രാർത്ഥിച്ചു. അടുത്തെങ്ങാനും വല്ല കപ്പലുകളും പോകുന്നുണ്ടോ എന്നറിയാൻ അവൻ എന്നും കടൽപ്പരപ്പ് മുഴുവനും നിരീക്ഷിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം ഭക്ഷണം അന്വേഷിച്ച് പോയിട്ട് തിരികെ വന്നപ്പോൾ കണ്ട കാഴ്ച അവനെ തളർത്തിക്കളഞ്ഞു. തന്റെ കുടിലും കപ്പലിൽ നിന്നും രക്ഷപ്പെടുത്തിയ ചില ആവശ്യ സാധനങ്ങളും തീ കത്തി നശിച്ചിരിക്കുന്നു! തന്റെ എല്ലാം നഷ്ടപ്പെട്ടു എന്ന് അവനു തോന്നി. പക്ഷേ ഏററവും വലിയ നഷ്ടമായി തോന്നിയ ഈ സംഭവം ഏററവും വലിയ അനുഗ്രഹമായിരുന്നു. മനുഷ്യന്റെ അല്പബുദ്ധിയാൽ നഷ്ടമാണ് മുന്നിട്ട് കണ്ടത് എന്നു മാത്രം.

ദൈവത്തിന്റെ അനന്തമായ ശക്തിയാൽ അവന്റെ നഷ്ടം അവന്റെ മുട്ടിപ്പായ പ്രാർത്ഥനയുടെ ഉത്തരം ആയിരുന്നു. അന്നുതന്നെ ഒരു കപ്പൽ അവിടെ എത്തിച്ചേർന്നു. ''നീ തീ കത്തിച്ചു കാണിച്ച അടയാളം ഞങ്ങൾ കണ്ടു.'' കപ്പിത്താൻ അവനോടു പറഞ്ഞു.

നമ്മുടെ ജീവിതത്തിലും നാശനഷ്ടങ്ങൾ എന്ന് കരുതുന്നവയായ സംഭവങ്ങളെ പരിശോധിച്ച് നമുക്ക് അവയിലൂടെ ദൈവം നല്കിത്തരുന്ന നന്മ കണ്ടു പിടിച്ചുകൂടെ?

മരണം എന്ന നഷ്ടം പോലും ലാസറിന്റെ കാര്യത്തിൽ ദൈവനാമത്തിന്റെ മഹത്വത്തിനായിട്ടാണ് ഭവിച്ചത്. യോഹന്നാന് പത്മോസ് ദ്വീപിൽ ഏകാന്തവാസം അനുഭവിക്കുമ്പോഴാണ് അവന്റെ മഹത്തായ വെളിപാടുകൾ ഉണ്ടായതും അവന് ഭാവി ലോകവും സ്വർഗ്ഗവും കാണുവാൻ സാധിച്ചതും.

## മാർച്ച് 22

''ദാവീദ് തനിക്കും കൂടെയുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോൾ എന്തുചെയ്തു? അവൻ....ദേവാലയത്തിൽ ചെന്ന് പുരോഹിതന്മാർക്ക ല്ലാതെ ആർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു കൂടെയുള്ളവർക്കും കൊടുത്തു.'' (മർക്കോസ് 2:25,26)

അത്യാവശ്യങ്ങളും ശക്തമായ പ്രേരണകളും ഒരു മനുഷ്യനെ ദൈവത്തിന്റെ കല്പനകളെ നിരസിക്കേണ്ട പരിതസ്ഥിതിയിൽ ആക്കുന്നു. അങ്ങനെയുള്ള ചുററുപാടിൽ നാം എന്തുചെയ്യും. നിങ്ങളുടെ പ്രത്യേക പരിതസ്ഥിതി,

നിയമങ്ങൾ, നിങ്ങളുടെ മാനസികാവസ്ഥ ഇവ എല്ലാം കണക്കിലെടുക്കുക. വിശപ്പ് പോലും അടക്കുവാൻ നിയമത്തെ മറികടക്കേണ്ടി വരുന്നവരെപ്പററി ചിന്തിക്കുക. അപ്പോസ്തോലനെപ്പോലെ "അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രെ" എന്ന് പറയുക. നിഷിദ്ധമായ അപ്പം തിന്നുവാൻ പ്രേരിപ്പിക്കുന്ന വിശപ്പിൽ നിന്നും നിങ്ങൾ ഒഴിഞ്ഞുമാറുക.

റഷ്യയിലെ ഓർത്തഡോക്സ് സഭയുടെ പീഢിപ്പിക്കപ്പെട്ട പുരോഹിതനായ ഡുഡ്കോ തൻെറ അടുത്ത് കുമ്പസാരിക്കുവാൻ വന്ന ഒരു റഷ്യൻ പെൺകുട്ടിയെപ്പററി പറയുന്നു. "കുട്ടികളുടെ നിരീശ്വര കമ്മ്യൂണിസ്ററ് സംഘടനയുടെ ലീഡർ ധരിക്കുന്ന ചുവന്ന സ്കാർഫ് ധരിക്കുവാൻ അവർ എന്നെ പ്രേരിപ്പിക്കുന്നു. ഞാൻ വിശ്വസിക്കുന്നു എങ്കിലും എനിക്ക് ഒന്നും ചെയ്യാൻ കഴിവില്ല." അവൾ ഇത് നിരസിച്ചാൽ അവർ അവളെ അടിക്കും, സ്കൂളിൽ നിന്ന് പുറത്താക്കപ്പെടും കൂടാതെ അവളുടെ മാതാപിതാക്കൾ ജയിലിൽ പോകേണ്ടിവരും. അവൾ ആ ചുവന്ന സ്കാർഫിൽ വിശുദ്ധ വെള്ളം തളിച്ച് ഓർത്തഡോക്സ് സഭയിലെ ചില പ്രാർത്ഥനകൾ ചൊല്ലി. അവൾ വീണ്ടും പറഞ്ഞു. "ഞാൻ ഇത് ധരിക്കുന്നത് ഇതിൽ വിശുദ്ധ വെള്ളം തളിച്ച ശേഷമാണ്."

സ്വതന്ത്ര ലോകത്തിലും ഇതേപോലെ നാം ചെയ്യരുതാത്തത് ചെയ്യുവാൻ ചിലപ്പോൾ പ്രേരിപ്പിക്കപ്പെടുന്നു. ഇവയിൽ ഒഴികഴിവു കാണാതെ ധൈര്യത്തോട് ക്രിസ്തുവിൻെറ നാമത്തിൽ ചെയ്യുക. നിങ്ങൾ മനുഷ്യരാണ്. എല്ലാം "പ്രാർത്ഥനയാൽ വിശുദ്ധീകരിക്കപ്പെടും." (1 തിമോഥെയോസ് 4:5) "താൻ സ്വീകരിക്കുന്നതിൽ തന്നെ താൻ വിധിക്കാത്തവൻ ഭാഗ്യവാൻ." (റോമർ 14:22)

## മാർച്ച് 23

"എൻെറ ആലയം പ്രാർത്ഥനാലയം.....നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ ആക്കിതീർത്തു." (ലൂക്കോസ് 19:46)

തങ്ങളുടെ സഭകളെപ്പററി പല ക്രിസ്ത്യാനികളും അതൃപ്തരാണ്. അവിശ്വസ്തരായ പല ബിഷപ്പുമാരും പട്ടക്കാരും നടത്തുന്ന സ്വയം നശീകരണ പ്രവർത്തനങ്ങൾ നിമിത്തം ഇത് പ്രതീക്ഷിക്കാവുന്നതേയുള്ളു. ആധുനിക സഭകളെ യേശു "കള്ളന്മാരുടെ ഗുഹ" എന്ന് വിളിക്കുമോ? യേശുവിൻെറ ഈ പ്രഖ്യാപനം ഒരു വിധത്തിൽ പറഞ്ഞാൽ അവൻെറ കാലത്തെ സ്ഥിതിഗതികളുടെ ഒരു ആകമാന ചിത്രത്തെ കുറിക്കുന്നതാണ്.

ആരാധനാലയത്തിൽ എത്ര "കള്ളന്മാരാണ്" ഉണ്ടായിരുന്നത്? ദേവാലയത്തിലെ ചില പ്രമുഖ നേതാക്കന്മാർ അവിശ്വസ്തരായിരുന്നതിനാൽ അവർ ദേവാലയത്തിന് ദുഷ്കീർത്തി വരുത്തിവെച്ചു. പക്ഷേ സാധാരണക്കാരായ പുരോഹിതന്മാരും ഭക്തന്മാരും ശരിയായ വിശ്വാസികൾ ആയിരുന്നു. യോഹന്നാൻ സ്നാപകൻെറ മാതാപിതാക്കളായ എലിസബത്തും പുരോഹിതനായ സഖറിയായും "ദൈവസന്നിധിയിൽ നീതിയുള്ളവർ"

(ലൂക്കോസ് 1:6) ആയിരുന്നു. അവർ കള്ളന്മാരുടെ ഗുഹയിൽ നല്ലവരായി കഴിഞ്ഞു. "ശിമ്യോൻ ആത്മ നിയോഗത്താൽ ദേവാലയത്തിൽ ചെന്നു." "ഈ മനുഷ്യൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിക്കുന്നവനും ആയിരുന്നു; പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു." (ലൂക്കോസ് 2:25, 26) കള്ളന്മാരുടെ ഗുഹയായ ദേവാലയത്തിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതായി കാണാം.

കള്ളന്മാരുടെ ഗുഹയായ ദേവാലയത്തിൽ ഒരു പാപിയായ മനുഷ്യൻ വന്നു. തന്റെ പാപപങ്കിലമായ ജീവിതം തുടരുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷമല്ല അവിടെയുള്ളത് എന്ന് അവന് ബോധം വന്നു. "ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്ന് പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി." (ലൂക്കോസ് 18:13,14) കള്ളന്മാരുടെ ഗുഹയായി അധഃപതിച്ച ഒരു ദേവാലയത്തിലും ഒരുവന് രക്ഷ കണ്ടെത്താൻ കഴിയും.

യഹൂദന്മാരുടെ ദേവാലയം ഒരു മൃതസഭയല്ലായിരുന്നു. മശിഹാ കർത്താവ് കൈവെടിയാതിരുന്ന ഒരു 'കള്ളന്മാരുടെ ഗുഹ'യായിരുന്നു അത്. അവിടെ അവൻ ആരാധന നടത്തിവന്നു. അവിടെ ദൈവ കല്പിതമായ കൂദാശകൾ നടത്തപ്പെട്ടിരുന്നു; അവിടെ ദൈവാരാധന മുഴങ്ങിക്കേട്ടിരുന്നു. അവിടെ അനേകം വിശുദ്ധർ ഉണ്ടായിരുന്നു.

നിങ്ങളുടെ സഭയിലും ഉള്ള വിശുദ്ധന്മാരെ കണ്ടെത്തുക. സഭയെ വളരെ ലഘുവായി കണക്കാക്കി കൈവെടിയാതിരിക്കുക. അവിടെ ഒരു വിശുദ്ധനായി തീരുക.

---

## മാർച്ച് 24

---

"രാജാവ് തന്റെ വലത്തുള്ളവരോട് അരുളി ചെയ്യും. വരുവീൻ...പിന്നെ അവ ഇടത്തുള്ളവരോട്.....ശപിക്കപ്പെട്ടവരെ എന്നെവിട്ട് പോകുവീൻ."

(മത്തായി 25:34,41)

ദൈവം തന്റെ വലത്തുള്ളവരെ നിത്യജീവനും ഇടത്തുള്ളവരെ നിത്യാഗ്നിയിലേക്കും വേർതിരിക്കുന്നു എന്നത് ഒരിക്കൽ ഒരു ഉപമയായി മാത്രം കരുതിയിരുന്നു. പക്ഷേ, ഇത് യഥാർത്ഥമാണ്.

ചില തന്മാത്രകൾക്ക് രണ്ട് രൂപമുണ്ട്. ഒന്ന് മറ്റേതിന്റെ പ്രതിഫലന രൂപമായിരിക്കും. അതായത് ഇവ തമ്മിൽ ഇടതുകയ്യും വലതുകയ്യും പോലെയുള്ള രൂപ വ്യത്യാസം ഉണ്ടായിരിക്കും. ഇടതുകൈ ഒരു കണ്ണാടിയിൽ കൂടി കണ്ടാൽ വലതുകൈ ആയിട്ടേ തോന്നുകയുള്ളല്ലോ? ഇത്തരത്തിലുള്ള തന്മാത്രകളെ ഐസോമേർസ് എന്ന് വിളിക്കുന്നു. ഇത്തരം ഇടതുവശ ഘടനയുള്ള ഘടകങ്ങൾ കൊണ്ടാണ് പ്രൊട്ടീനുകൾ നിർമ്മിക്കപ്പെടുന്നത്. ഇത് ജീവന്റെ വളരെ പ്രത്യേകമായ സവിശേഷതയായി കണക്കാക്കപ്പെടുന്നു. അപ്രകാരം നമുക്ക് അറിയപ്പെടുന്ന ജീവൻ ഇടതു വശത്തിന്റെ — നാശത്തിന്റേതു ആണ്. പ്രകൃതി ജന്യമായ പാപം നിറഞ്ഞ ഇടതുവശത്തുനിന്നും അനുഗ്രഹത്തിന്റേതായ

വലത്തുവശത്ത് എത്തിച്ചേരുക എന്നതാണ് ജീവന്റെ ലക്ഷ്യം. വലതു വശഘടനയുള്ള തന്മാത്രകൾ പ്രോട്ടീനുകളിൽ അശേഷം ഇല്ല—പക്ഷേ അവ ജീവൻ രക്ഷിക്കുവാനുതകുന്ന ആൻറിബയോട്ടിക് വസ്തുക്കളിൽ കണ്ടെത്തുവാൻ കഴിയും.

ജീവനുള്ള വസ്തുക്കളിൽ മാത്രമല്ല അചേതനമായ പിണ്ഡത്തിലും ഇടത്തും വലത്തും തമ്മിലുള്ള തിരിവ് പ്രകടമാണ് എന്ന് ഭൗതികശാസ്ത്രജ്ഞൻമാർ കണ്ടെത്തിയിട്ടുണ്ട്. ഇടതും വലതും തമ്മിലുള്ള വേർതിരിവിനെ പ്രകൃതി തന്നെ അംഗീകരിച്ചിരിക്കുന്നു എന്നത് സ്പഷ്ടമാണ്. ഇരുട്ടിന്റെ മക്കളും വെളിച്ചത്തിന്റെ മക്കളും തമ്മിലുള്ളതുപോലെയുള്ള അന്തരം എല്ലാ പ്രകൃതിവസ്തുക്കളിലും അന്തർലീനമാണ്. ഇരുട്ടിന്റെ മക്കൾക്ക് തങ്ങളുടെ ഹ്രസ്വമായ ജീവിതകാലത്ത് അനുതാപത്തിൽകൂടി വെളിച്ചമക്കൾ ആകുവാൻ കഴിയും. ഇടത്തുവശത്തുള്ളവർ അഗ്നി നരകത്തിലേക്ക് എറിയപ്പെടും. സമയം കടന്നുപോയിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ തീരുമാനം വേഗമാകട്ടെ.

---

## മാർച്ച് 25

---

"ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ (ധനവാന്റെ) പടിപ്പുരയ്ക്കൽ കിടന്നു." (ലൂക്കോസ് 16:20)

സാമൂഹ്യ നിയമങ്ങളുടെ അനീതിയെ ചോദ്യം ചെയ്യാതെ ലാസർ ഭിക്ഷ യാചിച്ചു. ഇന്നത്തെ സ്ഥിതി അതല്ല. ദരിദ്രർ ശബ്ദമുയർത്തി തുടങ്ങി. ശാന്തരായിരിക്കുവാൻ അവരെ ഉപദേശിച്ചിട്ട് കാര്യമില്ല. വിശക്കുന്നവർ നന്മകൊണ്ട് തൃപ്തരാവുകയും ധനികരെ വെറും കയ്യോടെ അയയ്ക്കുന്ന ഒരു കാലത്തെപ്പററി പ്രവചിക്കയുണ്ടായി. (ലൂക്കോസ് 1:53) ആഗോള വിപ്ളവത്തിന്റെ കാലഘട്ടത്തിലാണ് നാം കഴിയുന്നത്.

പാരീസിലെ ജനത അപ്പം കിട്ടാതെ ലഹളക്കിറങ്ങുന്നു എന്ന് കേട്ട് മേരി അനോയിനററ് പറഞ്ഞു. "അവർ കേക്ക് തിന്നട്ടെ" എന്ന്. ജനങ്ങളുടെ വികാരങ്ങളുമായി വളരെയധികം ഒററപ്പെട്ട് അകന്ന ഫ്രഞ്ച് രാജവംശം അതോടെ തകർച്ചയെ നേരിട്ടു. ഇതേ പോലെ തന്നെ സാർ നിക്കോളാസ് രണ്ടാമൻ ലെനിന്റെ കൃതികൾ വായിച്ചിരുന്നില്ല.

ലോകത്തിലെ ഏററവും ധനികരായ ഒരു കോടി ജനങ്ങളുടെ ശരാശരി വാർഷിക വരുമാനം ഏകദേശം 3200 ഡോളർ ആണ്. എന്നാൽ ലോകത്തിലെ ഏററവും ദരിദ്രരായ ഒരു കോടിയുടെ ശരാശരി വാർഷിക വരുമാനം 120 ഡോളർ മാത്രമാണ്. പലരും ചേരികളിൽ പട്ടിണിയെ നേരിടുന്നു. അവരുടെ ദിനങ്ങൾ ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിയുന്നു. മനുഷ്യരാശിയിൽ അറുപതു ശതമാനത്തിനും വായിക്കാനറിവില്ല.

എന്നിരുന്നാലും ദൈവത്തിന്റെ ദൃഷ്ടിയിൽ മനുഷ്യർ ഏററവും വിലപ്പെട്ടവരാണ്. "നിങ്ങൾക്കുള്ളത് വിററ് ഭിക്ഷ കൊടുപ്പിൻ" (ലൂക്കോസ് 12:33) എന്ന് കർത്താവ് നമ്മോട് ഉപദേശിക്കുന്നു. നിങ്ങൾക്കാവശ്യമില്ലാത്തവ

മററുള്ളവർക്കു നല്കുകയല്ല വേണ്ടത്, അവർക്ക് ആവശ്യമുള്ളവ നല്കുകയാണ്. നാടകങ്ങൾ, ചോക്ളേററ്, കാറ്, വീട് എന്നിവകളേക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് വിശക്കുന്നവരായ നിൻെറ അയൽക്കാർ.

അടുത്ത 30 വർഷങ്ങളിൽ ലോകജനസംഖ്യ ഇരട്ടിയാകും. അതോടൊപ്പം തന്നെ അതിൻെറ ആവശ്യങ്ങളും ആഗ്രഹങ്ങളും പെരുകുകയും ചെയ്യും. അവരുടെ ഭൗതീകവും ആത്മീയവുമായ ആവശ്യങ്ങളെ മനസ്സിലാക്കുവാനും അവരോട് ഉദാരരായിരിപ്പാനും നമുക്ക് കഴിയണം. അല്ലാത്തപക്ഷം വെറും കയ്യോടെ അയയ്ക്കപ്പെട്ട ധനികരിൽ നീയും കണ്ടു എന്നു വന്നേക്കാം.

---

## മാർച്ച് 26

---

''പരീശന്മാർ യേശുവെപ്പററി പറഞ്ഞു ഇവൻ ഒരു പാപിയത്രെ.''

(യോഹന്നാൻ 9:24)

പരീശന്മാർ യേശുവിനെ നേരിൽ കണ്ടിട്ടില്ലായിരുന്നു. അവൻ ആരാണ് എന്നതിനെപ്പററി അവരുടെ കേട്ടുകേൾവിയിൽ നിന്ന് അവർ തീരുമാനിച്ചതാണ്. യേശുതന്നെ പെട്ടെന്ന് എടുക്കുന്ന തീരുമാനങ്ങളെപ്പററി മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ''പാറസ്ഥലത്തു വിതച്ചത് വചനം കേട്ട ഉടനെ സന്തോഷത്തോട് കൈക്കൊള്ളുന്നവൻ .....എങ്കിലും അവർ ഉള്ളിൽ വേരില്ലാത്ത ക്ഷണികന്മാർ ആകുന്നു.'' (മർക്കോസ് 4:16,17) പെട്ടെന്നുണ്ടാകുന്ന ഒരു സുവിശേഷ പ്രേരണയാൽ യേശുവിനെ ധൃതിയിൽ സ്വീകരിക്കേണ്ട. അതേപോലെ തന്നെ അവൻെറ വാദങ്ങളെ ശരിക്കു ശ്രദ്ധിക്കാതെ അവനെ തള്ളിക്കളയുകയും ചെയ്യരുത്.

ഒരു നോട്ടത്തിൽ നിന്ന് ഒരു മനുഷ്യനെപ്പററിയോ സംഭവത്തെപ്പററിയോ ഉള്ള സത്യം മനസ്സിലാകയില്ല. മറിയ ഒരു ദിവസം മുഴുവൻ യേശുവിൻെറ കാല്ക്കൽ ഇരുന്നു് അവൻെറ വചനം കേട്ട് അവയെപ്പററി ചിന്തിച്ചു. അതിനാൽ അവൾ അവൻെറ വിശ്വസ്ത ശിഷ്യയായി. തോമസ് യേശു ഉയിർത്തെഴുന്നേററു എന്നതിന് തെളിവുകൾ ചോദിച്ചു. അവ കണ്ടു പിന്നെ ഇന്ത്യയിലേക്ക് മിഷനറിയായി വന്നു.

നിങ്ങൾക്ക് ശരിയായ ലക്ഷ്യം ഇല്ലെങ്കിൽ യേശുവിങ്കലേക്ക് എളുപ്പത്തിൽ വരുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. യേശു പറഞ്ഞത് ''നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്ക'' (യോഹന്നാൻ 5:39) എന്നാണ്. ഇതിന് വളരെയേറെ സമയം ആവശ്യമാണ്. അവൻെറ അവകാശവാദങ്ങൾ ശരിക്കു പരിശോധിക്കാതെ അവനെ തള്ളുകയും അരുത്. ക്രിസ്ത്യാനികൾ കണ്ണടച്ച് വിശ്വസിക്കുവാൻ ആരോടും ആവശ്യപ്പെടുന്നില്ല. അന്വേഷണവും ശരിയായ തീരുമാനങ്ങളുമാണ് നല്ല ക്രിസ്ത്യാനികളെ നല്കുന്നത്.

# മാർച്ച് 27

"മനുഷ്യപുത്രൻ.....അനേകർക്കുവേണ്ടി തൻെറ ജീവനെ മറുവിലയായി കൊടുപ്പാനും വന്നു." (മത്തായി 20:28)

നമുക്ക് ചൈനയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. ഇന്നത്തെ ലോക ജന സംഖ്യയിൽ നാലിലൊന്നു ഭാഗവും ചൈനക്കാരാണ്. ചൈനയുടെ വൻകരയിൽ ക്രിസ്തുമതം പൂർണ്ണമായും നിരോധിച്ചിരിക്കയാണ്. പക്ഷേ ഇരുണ്ട പ്രദേശങ്ങളിൽ കടന്നു ചെല്ലുന്നതിന് കർത്താവിൻെറ ആത്മാവിന് പ്രത്യേക മാർഗ്ഗങ്ങൾ ഉണ്ട്.

ഒരു ചൈനീസ് ഗ്രാമത്തിലെ കുടിലിൽ ഒരു കുടുംബം അവരുടെ കാരണവരുടെ ചുററും ഇരുന്ന് ചൈനീസ് നാടോടി കഥകൾ കേട്ട് രസിക്കയായിരുന്നു. അന്ന് നന്മയുടെ പ്രതീകമായി കരുതുന്ന സോ-പോററാവോയുടെ കഥയാണ് പറഞ്ഞത്. ഒരിക്കൽ സോ തൻെറ സുഹൃത്ത് യാങ്-ചിയാവേ-റൈ യുമൊത്ത് യാത്ര പുറപ്പെട്ടു. അവർക്ക് സു-യുവാൻ-വാങ് എന്ന സ്ഥലത്താണ് പോകേണ്ടിയിരുന്നത്. കുറച്ചു ദിവസത്തെ യാത്രയ്ക്കുശേഷം വളരെ കനത്തിൽ മഞ്ഞുവീണതായും തന്മൂലം തണുപ്പുതടയാൻ തങ്ങളുടെ വസ്ത്രം പോരാതിരിക്കുന്നതായും, തങ്ങളുടെ ഭക്ഷണം തികഞ്ഞു പറ്റാതെ വരുന്നതായും കണ്ടു. രണ്ടുപേരുടേയും യാത്ര മുഴുമിപ്പിച്ചില്ലെന്നു വരാം. അപ്പോൾ സോ-പോ-ററാവോ തൻെറ സുഹൃത്തിനോട് പറഞ്ഞു. "ഞാൻ അങ്ങയുടെ ദാസനാണ്. അങ്ങ് നാം രണ്ടുപേരുടേയും വസ്ത്രങ്ങളും ഭക്ഷണവും കൊണ്ട് ലക്ഷ്യസ്ഥാനത്ത് എത്താൻ ശ്രമിക്കുക. നാം രണ്ടുപേരും മരിക്കേണ്ട കാര്യമില്ല." ഈ ത്യാഗം സ്വീകരിക്കുവാൻ വാങ്ങിന് മടിയുണ്ടായിരുന്നു. പക്ഷേ അപ്പോഴേക്കും സോ തൻെറ വസ്ത്രങ്ങൾ ഊരി അവനെ ഏല്പിച്ചു കഴിഞ്ഞിരുന്നു. കുറച്ചു നിമിഷങ്ങൾക്കുള്ളിൽ അവൻ തണുത്തുറഞ്ഞു മരിച്ചു. അവൻെറ വസ്ത്രങ്ങൾ കൂടി ധരിച്ചുകൊണ്ട് വാങ് ലക്ഷ്യ സ്ഥാനത്ത് എത്തി. സോ അവനായി അർപ്പിച്ച ത്യാഗം അവൻെറ മനസ്സിൽ മറയാതെ നിറഞ്ഞു നിന്നു.

ഒരു കുട്ടി ചോദിച്ചു: "ഇതൊരു സംഭവകഥയാണോ? അതോ വെറും കെട്ടുകഥയാണോ? സോയെപ്പോലെ നല്ല മനുഷ്യർ ഉണ്ടോ? അത്തരം മനുഷ്യരെ ഞാൻ കണ്ടിട്ടേയില്ല. നമുക്ക് ചുററും ഉള്ള പലരും ക്രൂരന്മാരാണ്."

മുത്തശ്ശൻ മറുപടി പറഞ്ഞു. "സോയെപ്പോലെയുള്ള മനുഷ്യരെ കണ്ടെത്താൻ പ്രയാസമാണ്. ദൂരെ ഒരു ദേശത്ത് ഇതുപോലെ ഒരു സംഭവം നടന്നു എന്ന് ഒരു വെള്ളക്കാരൻ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഒരു മനുഷ്യൻ തൻെറ ജീവൻ ഒരു കുഞ്ഞാടിനെപ്പോലെ നല്കി അനേകരുടെ ജീവൻ രക്ഷിച്ചു. ചൈനീസ് ഭാഷയിലെ 'നന്മ' എന്ന വാക്ക് 'I' എന്ന അക്ഷരവും ഒരു കുഞ്ഞാടിൻെറ ചിത്രവും കൂടി ചേർന്നതാണ്. ഈ നല്ല മനുഷ്യൻ നിമിത്തമാണ് നാം രക്ഷപ്പെട്ടത്. പക്ഷേ ഞാൻ അക്ഷരാഭ്യാസം ഇല്ലാത്തവനായിരുന്നതിനാൽ അദ്ദേഹം പറഞ്ഞതു മുഴുവൻ മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞില്ല. എന്തായിരുന്നാലും നീ സോയെ നിൻെറ ജീവിതത്തിൽ ഉദാഹരണമാക്കുന്നത്

നല്ലതാണ്.

''ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളി ചെയ്തു.'' (എബ്രായർ 1:1)

## മാർച്ച് 28

''മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവ കിരീടം നിനക്കു തരും.'' (വെളിപ്പാട് 2:10)

1908-ൽ ലിവർപൂളിൽ വച്ച് സി.ററി. സ്ററഡ്-ൻെറ ശ്രദ്ധ ആകർഷിച്ച ഒരു നോട്ടീസ് ഇപ്രകാരമായിരുന്നു. ''നരഭോജികൾക്ക് മിഷനറിമാരെ ആവശ്യമുണ്ട്.'' അദ്ദേഹം ആ മീററിംഗ് ഹാളിലേക്കു ചെന്നു. അവിടെ കാൾ കും യേശുവിനെപ്പററി കേട്ടിട്ടില്ലാത്ത ആഫ്രിക്കൻ ജാതികളുടെ ഇടയിൽ താൻ സഞ്ചരിച്ചതിനെപ്പററി വിവരിക്കയായിരുന്നു. നരഭോജികളാണ് അവിടുത്തെ മനുഷ്യർ എന്ന് അറിഞ്ഞുകൊണ്ടുതന്നെ പലരും ഈ ഭാഗങ്ങളിൽ പോയിട്ടുണ്ട്. വേട്ടക്കാർ, മുസ്ലിം മിഷനറിമാർ, മദ്യവും ആയുധവും കച്ചവടം നടത്തുന്നവർ, യൂറോപ്യൻ ഓഫീസറന്മാർ, ശാസ്ത്രജ്ഞൻമാർ എല്ലാവരും തന്നെ അവരുടെ ജീവൻ അവിടെ അപകടത്തിൽ ആക്കിയിട്ടുണ്ട്. പക്ഷേ ഒററ ക്രിസ്ത്യാനിപോലും യേശുവിനെപ്പററി പറയാൻ അവിടെ പോയിട്ടില്ല.

സ്ററഡ് തന്നോടു തന്നെ ചോദിച്ചു എന്താണ് ക്രിസ്ത്യാനികൾ പോകാഞ്ഞത്. ദൈവം അവന് മറുപടി കൊടുത്തു. ''നീ എന്താണ് പോകാഞ്ഞത്?'' ഇദ്ദേഹം ചൈനയിലും ഇന്ത്യയിലും വളരെക്കാലം മിഷനറിയായി പ്രവർത്തിച്ചിരുന്നു. അദ്ദേഹം രോഗിയായിരുന്നു എങ്കിലും നരഭോജികളെ ക്രിസ്തുവിന് വേണ്ടി നേടിയെടുത്തു.

ഇന്നും പല വ്യക്തികളും ജാതികളും രാജ്യങ്ങളും ക്രിസ്തുവിനെ പീഢിപ്പിക്കുന്നതിലും കൊല്ലുന്നതിലും സന്തോഷം കണ്ടെത്തുന്നു. ഇന്ന് ലാററിൻ അമേരിക്ക, ഫിലിപ്പിയൻസ്, ന്യൂ ഗുനിയ പാപ്പുവാ എന്നിവിടത്തെ ശിലായുഗ മനുഷ്യർക്കുവേണ്ടി നിങ്ങളുടെ ജീവൻ ചെലവഴിക്കാം. മുസ്ളീം മതഭ്രാന്തന്മാർ ഇന്നും ക്രിസ്ത്യാനികളെ കൊല്ലുവാൻ തയ്യാറാണ്. ഈ നൂററാണ്ടിൽ തന്നെ ടർക്കിയിലും ലെബനോനിലും വച്ച് അവർ ധാരാളം ക്രിസ്ത്യാനികളെ കൊന്നിട്ടുണ്ട്. കമ്മ്യൂണിസ്ററ്കാർ അവരുടെ രാജ്യങ്ങളിൽ വേദപുസ്തകവുമായി ചെല്ലുവാൻ ധൈര്യപ്പെടുന്നവരെ ജയിലിൽ ആക്കുവാൻ തയ്യാറായിരിക്കയാണ്. അവർ ഇന്നും ആഫ്രിയിലെ ആ പിന്നോക്ക ജാതിക്കാരെപ്പോലെയാണ്. നിങ്ങൾ വൃദ്ധരാണെങ്കിലും രോഗിയാണെങ്കിലും അവിടേക്കു പോകുക. പോകാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പ്രാർത്ഥന പ്രവർത്തനം, സംഭാവനകൾ മുഖേന പോകുന്നവരെ സഹായിക്കുക.

ജീവൻ തന്നെ അപകടത്തിലാക്കി മിഷനറി പ്രവർത്തനം നടത്തുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക.

## മാർച്ച് 29

"കല്ലേറ് ഏററ്, ഈർച്ചവാളാൽ അറുക്കപ്പെട്ടു." (എബ്രായർ 11:37)

1964-ൽ സ്ററാൻലി വില്ലിയിലെ ഭ്രാന്തൻ ഭരണാധികാരി കിംഗിസേയും മററ് സാംബി നേതാക്കളും അവരുടെ രാജ്യത്തെ മതപഠനം അവസാനിപ്പിക്കുവാനും കോംഗോയിൽ നിന്നും ദൈവനാമം തുടച്ചു മാററുവാനും പ്രതിജ്ഞ എടുത്തു.

ഒരു ചെറുഗ്രാമത്തിൽ നാടൻ വേഷങ്ങൾക്കു പകരം കാൽശരായി ധരിച്ച എല്ലാവരേയും അവർ കൊന്നൊടുക്കി. കിൻഡു എന്ന സ്ഥലത്ത് വിപ്ളവകാരികൾ പലരേയും തീയിലിട്ട് ചുട്ടതുമൂലം റോഡിൻെറ വശങ്ങളിലുള്ള കോൺക്രീററ് നടപ്പാത ചൂടുമൂലം പൊട്ടിക്കീറി. പോളിസ് എന്ന സ്ഥലത്ത് മരണമടഞ്ഞവർ നാലായിരത്തോളം വരും എന്നാണ് കണക്കാക്കപ്പെടുന്നത്. ചിലരെ അവയവങ്ങൾ വെട്ടി കൊന്നും ചിലരെ പെട്രോൾ കുടിപ്പിച്ചതിനുശേഷം തീ വച്ചും ആണ് കൊന്നത്.

"അൺ ഇവാഞ്ചലലൈസ്ഡ് ഫീൽഡ് മിഷൻസ്" എന്ന സംഘടനയുടെ ഇരുപത് അംഗങ്ങളും മററ് സംഘടനകളിലെ ഒൻപതുപേരും രക്തസാക്ഷിത്വം വരിച്ചു. കത്തോലിക്ക് മിഷനിലെ 70പേർ ഈ സ്ഥലത്ത് മരണമടഞ്ഞു. അവരെല്ലാവരും ക്രിസ്തുവിനായാണ് ജീവൻ വെടിഞ്ഞത്. വളരെ കിരാതരായ ജനങ്ങൾക്ക് സ്വാതന്ത്ര്യം നല്കുകയെന്ന വിഡ്ഢിത്തം ഇവരുടെ മരണത്തിന് കാരണമായിട്ടുണ്ട്.

ഈ പീഢനങ്ങളെ അതിജീവിച്ചും കോംഗോയിലെ അനേകം വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തെ മുറുകെ പിടിച്ചിരിക്കുന്നു എന്ന ആശ്വാസം ഈ മിഷനറിമാർക്കുണ്ടായിരുന്നു.

വിത്തുകളിൽ ചിലത് നിലത്ത് വീണ് നശിച്ചു. പക്ഷേ അവരുടെ നാശം ക്രിസ്തുവിനായി അനേകം ആത്മാക്കളുടെ ഒരു കൊയ്ത്തിന് കാരണമായി ഭവിച്ചു. നാം എല്ലാവരും രക്ത സാക്ഷിയാകുവാൻ വിളിയുള്ളവരല്ല. എന്നാൽ രക്തസാക്ഷികളോട് സഹകരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. അവരുടെ പീഢനങ്ങളിലും പരീക്ഷകളിലും പ്രാർത്ഥനയോട് അവർ തങ്ങളുടെ സങ്കടങ്ങൾ ഏററു വാങ്ങിയതുപോലെ നാമും പൂർണ്ണ ഹൃദയത്തോടെ ക്രിസ്തുവിനെ സ്നേഹിക്കേണ്ടതാകുന്നു. നമുക്ക് ആഫ്രിയ്ക്കക്കുവേണ്ടി ക്രമമായി പ്രാർത്ഥിക്കാം.

## മാർച്ച് 30

"സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ."

(മർക്കോസ് 16:15)

1956-ൽ യുക്കാഡോറിലെ വനങ്ങളിൽ വെച്ച് രക്തസാക്ഷികളായ അഞ്ചു മിഷനറിമാരിൽ ഒരുവനായ നനേസെയിൻെറ് ക്യുറേറായിൽ നിന്ന്

പുറപ്പെടുന്നതിന് മുമ്പായി ഒരു മുന്നറിയിപ്പു പോലെ പ്രസംഗത്തിൽ മുതൽ മുടക്കിനെപ്പററി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഇപ്രകാരം പറഞ്ഞു. "കഴിഞ്ഞ യുദ്ധക്കാലത്ത് നമ്മെ പഠിപ്പിച്ചത് നമ്മുടെ ലക്ഷ്യം നേടുന്നതിനായി നാം വളരെയധികം ചെലവ് ചെയ്യാൻ തയ്യാറാകണം എന്നായിരുന്നു. രാഷ്ട്രീയമായ അടിമത്വത്തിൽ നിന്ന് മോചനം നേടുന്നതിനായി നാം ഒരു പാട് ആളുകളുടെ ജീവൻ അതിൻെറ വിലയായി നല്കി. നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിൻെറ വിലയുടെ പങ്ക് നമ്മോട് ആവശ്യപ്പെടുമ്പോഠ അതിൻെറ ഉത്തരം എന്താണ് എന്ന് നമുക്ക് അറിയാം. പക്ഷേ യേശു ആഗോള സുവിശേഷീകരണത്തിൻെറ വിലയുടെ പങ്ക് ആവശ്യപ്പെടുമ്പോഠ നാം ഉത്തരം പറയാറില്ല. നാം പറയും നമുക്ക് പോകാൻ പററില്ല. അത് വലിയ ചിലവുള്ളതാണ്". മിഷനറിമാർ സാധാരണയായി ഈ മുതൽ മുടക്കിനെ അഭിമുഖീകരിക്കുന്നു.

അദ്ദേഹത്തെ ഔകാ ഇന്ത്യൻസിൻെറ അടുത്തേക്ക് അയച്ചു. അവർ കാട്ടാളന്മാർ ആണ് എന്ന് മിഷനറിമാർക്ക് അറിയാമായിരുന്നതിനാൽ അവർ "യാഖോബിൻെറ തന്ത്രങ്ങഠ' ഉപയോഗിച്ചിരുന്നു. അവർ വിമാനത്തിൽ നിന്നും സമ്മാനങ്ങഠ ഇട്ടുകൊടുത്തിരുന്നു. ഇതിന് പകരം അവർക്കും സമ്മാനങ്ങഠ ലഭിച്ചിരുന്നു. അവസാനത്തെ വിമാനത്തിൽ നിന്നും കയറുവഴിയായി ഇറക്കിയ ഒരു ബാഗിൽ ഒരു ഭംഗിയേറിയ തത്തമ്മയെ ആ നാട്ടുകാർ വച്ചുകൊടുത്തു.

അങ്ങനെ അഞ്ചു മിഷനറിമാരും ഔകാസ് ഇന്ത്യാക്കാരുടെ ഇടയിൽ ഇറങ്ങി. സെയിൻറ് അവരിൽ ഒരാളായിരുന്നു. ആദ്യത്തെ ദിവസം അവർക്ക് വളരെ സന്തോഷകരമായ കൂടിക്കാഴ്ചയായിരുന്നു. രണ്ടാമത്തെ ദിവസം അവർ കൊല്ലപ്പെട്ടു. ഈ രക്തസാക്ഷിയായവരിൽ ഒരാളുടെ ഭാര്യയായ ബെററി എലിയററ് അന്നു തന്നെ ഇപ്രകാരം എഴുതി. "അകാസുകളുടെ ഇടയിൽ ക്രിസ്തുവിൻെറ നാമം എത്തിക്കണം എന്നതിൽ കൂടിയ യാതൊരു ചിന്തയും ജിം-ൻെറ ഹൃദയത്തിൽ ഇല്ലായിരുന്നു."

ഏതെങ്കിലും ഒരു രാജ്യം, ഒരു ജാതി, ഒരു സമൂഹം തിരഞ്ഞെടുത്ത് ക്രിസ്തുവിൻെറ വേല അവിടെ അർപ്പണത്തോടെ ചെയ്യുക. നിങ്ങഠ ഒരു മിഷനറിയായി അവിടേയ്ക്കു പോകേണ്ടതില്ല. പക്ഷേ നിങ്ങളുടെ പ്രാർത്ഥനകളിൽകൂടി, സാമ്പത്തിക സഹായങ്ങളിൽകൂടി അതിൻെറ സഹ മിഷനറിയാകാം.

---

## മാർച്ച് 31

---

"മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല."

(വെളിപ്പാട് 12:11)

ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറെ മൂലയിലുള്ള സോമാലിയായിലെ അനശ്വരരായ ആത്മാക്കളെപ്പററി നിങ്ങഠ കേട്ടിട്ടുണ്ടോ? സോമാലിയായുടെ മണ്ണിൽ താഴെകൊടുത്തിരിക്കുന്ന ലിഖിതത്തോടുകൂടിയ ലളിതമായ ഒരു ശവകുടീരം കാണാം.

''മെർലിൻ ആർ. ഗ്രോവ്

ഫെബ്രുവരി 9, 1929—ജൂലൈ 16, 1962''

യേശു പറഞ്ഞു: ''ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല.'' (യോഹന്നാൻ 14:6)

ഗ്രോവ് ഒരു മെനോനൈററ് മിഷനറിയായിരുന്നു. അവനോട് കോപം പെരുകിയ ഒരു മുസ്ളീം പുരോഹിതൻ അവനെ 12 പ്രാവശ്യം ആഞ്ഞുകുത്തി. ഗ്രോവിൻെറ ഭാര്യ ഡോറോത്തി എന്തോ ശബ്ദം കേട്ട് ഓടി ചെന്നപ്പോഴേക്കും ഗ്രോവ് മരിച്ചുകൊണ്ടിരിക്കയായിരുന്നു. കൊലപാതകി അവളുടെ നേരെ തിരിഞ്ഞ് അവളുടെ വയററിൽ കുത്തി മുറിവേൽപിച്ചു.

ഒരു മിഷനറി എന്ന നിലയിൽ അവിടെ ചെന്നത് ശരിയാണോ എന്ന് ഡോറോത്തി മുമ്പും വിചാരിച്ചിട്ടുണ്ട്. മടിയരും ക്രൂരരും, കൊലപാതകികളുമായ സോമാലിയാക്കാരെ സ്നേഹിക്കുവാൻ കഴിയുമോ എന്ന് അവൾക്ക് സംശയം ഉണ്ടായിരുന്നു. വയററിൽ മുറിവേററ് തറയിൽ കിടക്കുമ്പോൾ സോമാലിയാക്കാർക്കായുള്ള കാൽവറിയിലെ സ്നേഹത്താൽ അവളുടെ ഹൃദയം നിറഞ്ഞു. അവൾ സുഖം പ്രാപിച്ചു. അവളുടെ ദൗത്യത്തെപ്പററി അവൾക്ക് പിന്നീട് സംശയം ഉണ്ടായിരുന്നില്ല.

രക്ഷയുടെ അനുഭവം പ്രാപിക്കുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗം നിൻെറ രക്ഷയെ തെളിയിക്കുന്ന ഒരു കഷ്ടത സ്വയം സ്വീകരിക്കുക എന്നതാണ്. ഒരു ദൗത്യത്തെപ്പററി നിനക്കുള്ള സമീപനം ഉറപ്പാക്കേണ്ടതിനുള്ള എളുപ്പമാർഗ്ഗം ആ ദൗത്യത്തോടു ബന്ധപ്പെട്ട ഒരു കുരിശ് വഹിക്കുക എന്നതാണ്. നിൻെറ ഭാര്യയ്ക്കോ ഭർത്താവിനോ വേണ്ടി കഷ്ടതകൾ അനുഭവിക്കുവാൻ നിങ്ങൾ തയ്യാറാകുന്നുവെങ്കിൽ അതിൻെറ അർത്ഥം നിങ്ങൾ ഒരു നല്ല ഭാര്യയേയോ ഭർത്താവിനേയോ തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ്.

ഇന്ന് സോമാലിയ ഒരു കമ്മ്യൂണിസ്ററ് രാജ്യമാണ്. രണ്ടു തരത്തിലുള്ള തീവ്രവാദികൾ — മുസ്ളീങ്ങളേയും, മാർക്സിസ്ററുകളേയും അവിടെകാണാം. സോമാലിയക്കാർ രക്ഷപ്പെടുന്നതിന് തൻെറ കഴിവിൻെറ പരമാവധി ശ്രമിക്കുവാൻ തയ്യാറുള്ള ആരെങ്കിലും ഉണ്ടോ?

---

## ഏപ്രിൽ 1

---

''ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ''

(1തിമൊഥെയോസ് 6:10)

പുരോഹിത വർഗ്ഗത്തിൽ ചിലരുടെ ധനമോഹവും പലരുടേയും വ്യക്തിപരമായ പാപങ്ങളുമാണ് നവീകരണത്തിനും അതിനെ തുടർന്ന് ക്രൈസ്തവ വർഗ്ഗത്തിൻെറ ഛിദ്രതയ്ക്കും കാരണമായത്. സഭയുടെ നവീകരണത്തിൻെറ ആവശ്യമുണ്ടായിരുന്നോ എന്ന് ഞാൻ ഇപ്പോഴും അത്ഭുതപ്പെടാറുണ്ട്.

ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിൻെറ തുടർച്ചമാത്രമാണ് ക്രൈസ്തവസഭ. സഭ അന്യൂനം പ്രവർത്തിക്കത്തക്കവണ്ണം സഭയുടെ തലവനായ

ക്രിസ്തു അതിൻെറ മേൽനോട്ടം വഹിക്കുന്നുണ്ട്. അതിനാൽ സഭ ഒരിക്കലും നശിക്കയില്ല. പാതാള വാതിലുകൾ പോലും അതിനെ ചെറുത്തു നില്ക്കയില്ല.

പക്ഷേ തികച്ചും മാനുഷിക പ്രസ്ഥാനങ്ങളായ സഭകൾ പലതും ഉണ്ട്. വീണ്ടും ജനിക്കാത്തവരായ സ്ത്രീ പുരുഷൻമാരാണ് ഇതിൻെറ അംഗങ്ങൾ. അവർക്ക് നവീകരണം അല്ല രൂപാന്തരമാണ് ആവശ്യമായിട്ടുള്ളത്. പുതുജൻമം ഓരോ മനുഷ്യനേയും ദൈവപൈതലാക്കി മാററുന്നു.

മനുഷ്യരുടെ പക്കൽ നിന്നും വളരെ ദുഷ്കീർത്തികരമായ സംഭവങ്ങൾ കാലാകാലങ്ങളിൽ സംഭവിച്ചിട്ടുണ്ട്. സുഖലോലുപതയും അതോടൊപ്പം ആത്മാക്കളുടെ നിത്യരക്ഷയും വിലക്കുവാങ്ങുവാൻ കിട്ടുമായിരുന്നു. ജയിംസ് രാജാവിൻെറ അവിഹിതബന്ധങ്ങളിലുള്ള കുട്ടികളെ സ്കോട്ട്ലണ്ടിലുള്ള മുഖ്യ പള്ളികളിൽ തലവൻമാരായി നിയമിച്ചു. ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ വെറുപ്പ് ഉളവാക്കുവാൻ കാരണമാകുന്നു. തനിക്ക് ഭാര്യയിൽ നിന്നും വിവാഹമോചനം അനുവദിക്കാഞ്ഞതിൽ പോപ്പിനോട് കുപിതനായ ഹെൻറി എട്ടാമൻ തൻെറ രാജ്യത്തെ റോമിൻെറ മേൽക്കോയ്മയിൽ നിന്നും വേർപെടുത്തി. രണ്ടു ഭാഗങ്ങളും — ധനമോഹമുള്ള വത്തിക്കാനും, കാമവെറിപൂണ്ട രാജാവും — തങ്ങളെ അനുസരിക്കാതിരിക്കുന്നത് മരണശിക്ഷയ്ക്കു യോഗ്യമാകുവാൻ തക്ക കുററമായി പ്രഖ്യാപിച്ചു. ഇപ്രകാരമുള്ള സംഭവങ്ങൾ മററ് രാജ്യങ്ങളിലും ഉണ്ടായിട്ടുണ്ട്.

നമ്മുടെ സഭാ തലൻമാരെയും നാം നിരീക്ഷിക്കേണ്ടതാണ്. അവരുടെ പ്രവർത്തന ലക്ഷ്യങ്ങൾ കുററമററതാണോ? വിചാരത്തിലും പ്രവർത്തിയിലും അവർ വിശുദ്ധരായിരിപ്പാൻ നിങ്ങളുടെ ക്രൈസ്തവ സ്വാധീനം അവരിൽ പ്രയോഗിക്കുക. ക്രിസ്തു നല്കിയ ദൃഷ്ടാന്തത്തിലേക്ക് നിങ്ങളുടെ സഭയെ രൂപാന്തരപ്പെടുത്തുക. ഒരു മാനുഷിക പ്രസ്ഥാനത്തിൽ മാത്രം അല്ല നിങ്ങളുടെ അംഗത്വം എന്ന് ഉറപ്പുവരുത്തുക.

ഒരു പുതിയ ജൻമത്തിലൂടെ "കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാത്ത സഭയുടെ" അംഗങ്ങളായി തീരുക. (എഫെസ്യർ 5:27)

---

## ഏപ്രിൽ 2

---

"അതുകൊണ്ട് ദൈവം അവനെ ഏററവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി." (ഫിലിപ്പ്യർ 2:9)

ചിലർക്ക് അവരുടെ വിധിയെ മുൻകൂട്ടിക്കാണിക്കുന്ന പേരുകൾ നല്കുന്നു. റഷ്യൻ ഭാഷയിലെ 'വ്ളാഡിമിർ' എന്നതിൻെറ അർത്ഥം 'ലോകം ഭരിക്കുന്നവൻ' എന്നാണ്. റഷ്യൻ ചരിത്രത്തിൽ ഈ പേരിൽ വിഖ്യാതരായ രണ്ടുപേർ ഉണ്ട്. എ.ഡി. 998-ൽ കീവിലെ പ്രിൻസ് വ്ളാഡിമിർ ഒരു ക്രിസ്ത്യാനിയായി. റോമൻ കത്തോലിക്കാ സഭയാണോ, പൂർവ്വ ഓർത്തഡോക്സ് സഭയാണോ അഭികാമ്യം എന്ന് അറിയുവാൻ അദ്ദേഹം രണ്ടു മതവിഭാഗങ്ങളിലും ദൂതൻമാരെ അയച്ചു. ആ ദൂതൻമാർ ഓർത്തഡോക്സ് സഭയിലെ മനോഹരങ്ങളായ ഗാനങ്ങളാൽ പ്രഭാവിതമായതിനാൽ അവർ

രാജാവിനോട് ഓർത്തഡോക്സ് സഭ സ്വീകരിക്കുവാൻ പറഞ്ഞു. ഈ കാരണത്താൽ തൻെറ പ്രജകൾ എല്ലാവരും സ്നാനം ഏല്ക്കണം എന്ന് അദ്ദേഹം ഉത്തരവ് നല്കി.

പിന്നീട് 900 വർഷങ്ങൾക്കു ശേഷം റഷ്യയിൽ വേറെ ഒരു വ്ളാഡിമിർ ജനിച്ചു. ഒരു നിസാരസംഭവത്തെ തുടർന്ന് പതിനാറാമത്തെ വയസ്സിൽ തന്നെ അവൻ ഒരു നിരീശ്വരവാദിയായി. ഒരു ക്രിസ്ത്യാനിയുടെ പാപം ഒരു ദൈവവിശ്വാസിയെ ദൈവ വിദ്വേഷകനാക്കുവാൻ ഇടയാക്കും. പല ചെറുപ്പക്കാരെയും പോലെ വ്ളാഡിമിർ ലെനിൻ പള്ളിയിൽ പോകുവാൻ ഉപേക്ഷ കാണിച്ചു. അവൻെറ പിതാവ് ഒരു പുരോഹിതനോട് താൻ ഇതിന് എന്തുചെയ്യേണം എന്ന് ചോദിച്ചു. പുരോഹിതൻ പറഞ്ഞത് ''അവനെ തല്ലുക, വീണ്ടും തല്ലുക'' എന്നായിരുന്നു. ഈ സംസാരം അവൻ ഒളിച്ച് കേൾക്കുവാൻ ഇടയായി. കോപാകുലനായ ലെനിൻ ഇനിയും തനിക്ക് സഭയുമായി യാതൊരു ബന്ധവുമില്ല എന്ന് തീരുമാനിച്ച് തൻെറ കഴുത്തിലെ കുരിശ് വലിച്ചു പൊട്ടിച്ചു. അവൻ സഭയെ വെറുത്തു. ഇതിൻെറ ഫലമായി അവൻ വളർത്തിക്കൊണ്ടുവന്ന വിപ്ളവം ലക്ഷക്കണക്കിന് ക്രിസ്ത്യാനികളെ കൊന്നൊടുക്കി. ഒരു പക്ഷേ ആ പുരോഹിതൻ കുറെ കൂടി ബുദ്ധിപൂർവ്വവും സ്നേഹപൂർവ്വവുമായി ഒരു ഉത്തരം നല്കിയിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല.

നമ്മുടെ ശരിയായ ഒരു വാക്ക് ഒരു ആത്മാവിനെ ഉയർത്തുവാൻ സഹായിക്കുന്നു. അതേപോലെ തെററായ വാക്ക് അതിനെ നശിപ്പിക്കയും ചെയ്യുന്നു.

വ്ളാഡിമിർ രാജാവിന് തൻെറ പ്രജകളെയെല്ലാം ക്രിസ്തുവിൻെറ ശിഷ്യരാക്കുവാൻ കഴിഞ്ഞില്ല. അതേപോലെ തന്നെ ലെനിനും എല്ലാവരേയും നിരീശ്വരന്മാരാക്കുവാൻ കഴിഞ്ഞില്ല. ഈ രണ്ടു വ്ളാഡിമിറും ലോകം ഭരിക്കുന്നവർ ആയിരുന്നില്ല. അങ്ങനെ ഭരിക്കുന്നവൻ ഒരുവനേയുള്ളൂ — യേശു ക്രിസ്തു. അവൻ ഭരിക്കുമ്പോൾ എല്ലാ മുട്ടുകളും അവൻെറ മുമ്പിൽ മടക്കപ്പെടും.

## ഏപ്രിൽ 3

''നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.'' (റോമർ 12:1)

വിയററ്നാം യുദ്ധകാലത്ത് തങ്ങളുടെ മതം അപകടത്തിൽ ആയി എന്ന് മനസ്സിലാക്കിയ ബുദ്ധമത സന്യാസികളിൽ ചിലർ സ്വയം തീവച്ച് ആത്മഹത്യ ചെയ്യുകയുണ്ടായി. ആയിരക്കണക്കിന് കാണികൾ പ്രാർത്ഥനാ നിർഭരരായി മുട്ടുകുത്തി നില്ക്കുമ്പോൾ രണ്ട് ബുദ്ധസന്യാസികൾ ചേർന്ന് മൂന്നാമത് ഒരു ബുദ്ധസന്യാസിയുടെ മേൽ പെട്രോൾ ഒഴിക്കുന്നു. തുടർന്ന് അവൻ തീവെച്ച് നശിക്കുന്നു. ചെക്കോസ്ളോവാക്യയിൽ ക്രൈസ്തവനായിരുന്ന ജോൺ പൊളളാക്കും കിഴക്കൻ ജർമ്മനിയിൽ ഇവാഞ്ചലിക്കൽ പാസ്ററായിരുന്ന ബ്രൂഷ്വിസും കമ്മ്യൂണിസ്ററ് അനീതികൾക്കെതിരെ

പ്രതിഷേധിച്ച് സ്വയം തീവെച്ച് മരിച്ചു.

ഇതിൽ നിന്നും ക്രിസ്ത്യാനികൾക്ക് ചിലത് പഠിക്കാനുണ്ട്. നമ്മുടെ വിശ്വാസപ്രകാരം ആത്മഹത്യ നിഷിദ്ധമാണ്. പക്ഷേ നാം വിശ്വസിക്കുന്ന ചില കാര്യങ്ങൾക്കായി ജീവനുള്ള യാഗമായി നമ്മെ അർപ്പിക്കാൻ നാമെല്ലാവരും ബാദ്ധ്യസ്തരാണ്.

യേശുവിന്റെ മരണം ഒരു പ്രത്യേക രീതിയിൽ, ശ്രേഷ്ഠമായ ഒരു ആത്മത്യാഗം ആയിരുന്നു. "എന്റെ ജീവനെ....ഞാൻ കൊടുക്കുന്നതുകൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോട് എടുത്തുകളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു." (യോഹന്നാൻ 10:17,18) തന്റെ ശത്രുക്കളെ കോപിപ്പിക്കുവാൻ അവൻ കിണഞ്ഞു ശ്രമിക്കുന്നതായി തോന്നാം. മനുഷ്യന്റെ എല്ലാ വികാരങ്ങളേയും വിമർശനവിധേയമാക്കി. ഒരു സ്ത്രീയെ ആഗ്രഹത്തോട് നോക്കരുത്! നിന്റെ ജീവൻ രക്ഷിക്കുവാനായിപ്പോലും കള്ളം പറയരുത്. തന്റെ ശത്രുക്കളെ നീരസപ്പെടുത്തും എന്നറിഞ്ഞുകൊണ്ടുതന്നെ അവൻ തന്റെ അത്ഭുതങ്ങളിൽ ചിലത് ശബ്ബത്തിലാണ് ചെയ്തത്. തന്റെ മരണം മാത്രമാണ് മനുഷ്യരാശിയുടെ രക്ഷയ്ക്കുള്ള വഴി എന്നറിയാമായിരുന്നതിനാൽ ക്രൂശിലേററപ്പെടുവാൻ അവൻ സ്വയം ആഗ്രഹിച്ചു.

ക്രൈസ്തവരും ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രവർത്തിക്കാറുണ്ട്. അവരുടെ കുരിശ് ദിനം പ്രതി വഹിച്ച് സ്വയം യാഗമായിത്തീരാൻ അവർ കാംക്ഷിക്കുന്നു.

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു." (ഗലാത്യർ 2:20)

---

## ഏപ്രിൽ 4

---

"അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ."

(ലൂക്കോസ് 16:10)

ദശാംശം കൊടുക്കുന്നതുമൂലം ദൈവവുമായുള്ള നമ്മുടെ സാമ്പത്തിക കടപ്പാടുകൾ കഴിഞ്ഞു എന്ന് വിശ്വസിക്കുന്നത് സ്വയം വഞ്ചിക്കുകയാണ്. ജയിലുകളിൽ പീഢനം അനുഭവിക്കുന്ന ക്രിസ്ത്യാനികൾപോലും ആഴ്ചയിൽ ഒരിക്കൽ മാത്രം കിട്ടുന്ന ഒരു കഷണം റൊട്ടിയുടേയും ഉരുളക്കിഴങ്ങു സൂപ്പിന്റേയും ദശാംശം കൊടുക്കുന്നു. ഓരോ പത്താമത്തെ ആഴ്ചയിലും അവർ അവരേക്കാൾ ക്ഷീണിതരായവർക്കും രോഗികൾക്കും അവരുടെ ഈ ആഹാരം നല്കുന്നു. ഇതു മാത്രമല്ല മനുഷ്യന്റെ ഉത്തരവാദിത്വം നൂറു ശതമാനവും നല്കുന്നതിലാണ് എന്നും അവർ മനസ്സിലാക്കുന്നു. ചിലർ ഓരോ മൂന്നാമത്തെ ആഴ്ചയിലും, ചിലർ അഞ്ചാമത്തെ ആഴ്ചയിലും മററു ചിലർ എല്ലാ ആഴ്ചയിലേയും തന്നെ ആഹാരം മററുള്ളവർക്ക് കൊടുത്തു കൊണ്ടിരിക്കുന്നു. അവർ വൃത്തികെട്ട സൂപ്പുകൊണ്ട് സംതൃപ്തരാണ്.

നമ്മുടെ പണത്തിന്റെ ദശാംശം മാത്രമല്ല മുഴുവൻ തന്നെ

ദൈവത്തിൻേറതാണ്. ദശാംശം കൊടുത്തതിൻെറ ബാക്കി നമ്മുടെ ഇഷ്ടം പോലെ ചിലവിടാം എന്ന ചിന്ത ശരിയല്ല. നാം ചിലവിടുന്ന ഓരോ പൈസയ്ക്കും കണക്ക് ബോധിപ്പിക്കേണ്ടതുണ്ട്. ഒരു വില്പനക്കാരന് തൻെറ ചിലവിൻെറ പണത്തിൽ നിന്നും ഭാര്യയ്ക്ക് എന്തെങ്കിലും വാങ്ങുവാൻ പററില്ല. ഇതേപോലെ തന്നെ നമുക്കും യാതൊരു ആഢംബരത്തിനും അധികാരമില്ല.

നിങ്ങളുടെ മനസ്സാക്ഷി ശുദ്ധമാണോ? പട്ടിണിയുടേയും നഗ്നതയുടേയും ലോകത്തിൽ നിങ്ങൾ ആഹാരത്തിനും വസ്ത്രത്തിനുമായി എല്ലാം ചിലവിടുന്നത് ദൈവമുമ്പാകെ ന്യായീകരിക്കത്തക്കതാണോ? ഒരു ബൈബിൾ അവിശ്വാസികളുടെ ഇടയിൽ നൽകാൻ മിഷനുകൾക്ക് പൈസ ഇല്ലാതെയിരിക്കുമ്പോൾ വലിയ പള്ളികൾ, ഗായക സംഘത്തിൻെറ വേഷങ്ങൾ, വിലകൂടിയ ഉപകരണങ്ങൾ ഇവ ഒക്കെ ആഢംബരങ്ങൾ അല്ലേ? നിങ്ങൾ സൗന്ദര്യവർദ്ധക വസ്തുക്കൾക്കും വിനോദങ്ങൾക്കുമായി പണം ചിലവിടുന്നത് ന്യായീകരിക്കാമോ? നിങ്ങൾ അന്ത്യവിധിയുടെ ദിവസത്തിൽ യേശുവിൻെറ മുഖത്തുനോക്കി "ഞാൻ ഇങ്ങനെ എൻെറ പണം നല്ലതിനായി ചിലവാക്കി" എന്ന് പറയുമോ? യേശു നിങ്ങളോട് "നല്ലതും വിശ്വസ്തനുമായ ദാസനേ നീ നല്ലതു ചെയ്തു" എന്ന് പറയുമോ?

---

## ഏപ്രിൽ 5

"മോശ യഹോവയോട്: കർത്താവേ....ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല."
(പുറപ്പാട് 4:10)

കൈ കാലുകൾ തളർന്നവനായിട്ടാണ് റിച്ചാർഡ് ഹെക്സ്ററ് ജനിച്ചത്. ഒരു ഓപ്പറേഷൻ മുഖാന്തിരം കൈകളുടെ ആകൃതി ശരിയാക്കി എടുത്തു എങ്കിലും കൈകൾ ചലിപ്പിക്കുവാൻ അവന് സാധിക്കുമായിരുന്നില്ല.

ഒരു ചിത്രകാരനായിത്തീരണം എന്ന തൻെറ വാഞ്ച പൂർത്തീകരിക്കുന്നതിന് അദ്ദേഹത്തിന് തൻെറ ഈ അംഗഭംഗം ഒരു തടസമായിരുന്നില്ല. 7 വർഷം അവൻ ഒരു ചിത്രകലാവിദ്യാലയത്തിൽ പഠിച്ചു. പിന്നീട് ഒരു ബ്രഷ് കടിച്ചുപിടിച്ച് ചിത്രരചന നടത്തി അവൻ ഉപജീവനമാർഗ്ഗം കണ്ടെത്തി. അദ്ദേഹത്തിൻെറ ചില ചിത്രങ്ങൾ അതീവ മനോഹരമാണ്— അവയിൽ ചിലത് ഇംഗ്ളണ്ടിലെ ബക്കിംഹാം കൊട്ടാരത്തിലും സൂക്ഷിച്ചിട്ടുണ്ട്.

വിക്കുണ്ടായിരുന്നു എങ്കിലും മോശ ഒരു വലിയ വാഗ്മി ആയിത്തീർന്നു. പുറജാതിക്കാരുടെ ഒരു രാജ്യത്ത് വ്യഭിചാരിണി ആയിരുന്നു എങ്കിലും രഹാബ് ഒരു വിശുദ്ധയും കർത്താവിൻെറ ഒരു മുൻഗാമിയും ആയിത്തീർന്നു. ഭീരുത്വം നിറഞ്ഞവനായിരുന്ന പത്രോസ് പിൽക്കാലത്ത് രക്തസാക്ഷിയായി. തനിക്ക് യാതൊരു ആപത്തും വരുത്തുവാൻ കഴിയാത്ത ഒരു ബാല്യക്കാരത്തിയുടെ മുമ്പിൽ വിറച്ചു കൊണ്ടു നിന്നവനാണ് പത്രോസ്. കർത്താവിൻെറ പുനരുത്ഥാരണത്തിനുശേഷം ഈ മനുഷ്യൻ യരുശലേമിലെ ഒരു ചന്തസ്ഥലത്ത് ഭരണാധികാരികളേയും ജനക്കൂട്ടത്തേയും വകവയ്ക്കാതെ പ്രസംഗിച്ചു കൊണ്ടിരുന്നു. തൻെറ കർത്താവിനായി അവൻ ജീവൻ

അർപ്പിച്ചതായി ചരിത്രം പറയുന്നു—അവൻെറ ആവശ്യപ്രകാരം പത്രോസിനെ തല കീഴായി കുരിശിൽ തൂക്കി.

വ്യഭിചാരത്തിനും കൊലപാതകത്തിനും ശിക്ഷിക്കപ്പെട്ട ഒരു ക്രിസ്ത്യാനി തൻെറ കർത്താവിന് ഉപയോഗമുള്ളവനായി ജീവിക്കുവാനുള്ള ആഗ്രഹം കൈവെടിഞ്ഞേക്കാം. പക്ഷേ ദാവീദ് അനുതപിച്ച് അവൻ എഴുതിയ മനോഹരമായ സങ്കീർത്തനങ്ങൾ നമുക്ക് ആത്മീക ഉത്തേജനം നല്കുന്നു. ശലോമോൻ ബിംബാരാധനയും ധൂർത്തും ഉള്ളവനായിരുന്നു എങ്കിലും അവൻ വേദപുസ്തകത്തിലെ മൂന്നു പുസ്തകങ്ങളുടെ എഴുത്തുകാരനായി.

ശാരീരികമോ, ബുദ്ധിപരമോ, സദാചാരപരമോ ആയ ബലഹീനതകൾ എല്ലാം തന്നെ അതിജീവിക്കപ്പെടാവുന്നതാണ്. കൈകൾ ഇല്ലെങ്കിൽ പല്ലുകൾ കൊണ്ട് ബ്രഷ്കടിച്ചു പിടിച്ച് ചിത്രം രചിക്കാൻ കഴിയും — പക്ഷേ കർത്താവിനായി ചിത്രങ്ങൾ രചിക്കുക.

---

## ഏപ്രിൽ 6

---

"നിങ്ങൾ ഏക മനസ്സുള്ളവരായി, ഏകസ്നേഹം പൂണ്ട് ഐകമത്യപ്പെട്ട്, ഏക ഭാവമുള്ളവരായിരിപ്പീൻ." (ഫിലിപ്പിയർ 2:2)

മനുഷ്യരുടെ പാപം ക്രൈസ്തവ ലോകത്തിൻെറ ചരിത്രം തന്നെ നശിപ്പിച്ചു. ക്രിസ്തുവിൻെറ അനുയായികൾ അവൻെറ ഉപദേശം സ്വീകരിച്ച് നടന്നിരുന്നു എങ്കിൽ എത്ര നല്ല ഒരു ലോകം കെട്ടിപ്പടുക്കാമായിരുന്നു. കത്തോലിക്കരും പ്രൊട്ടസ്ററൻറുകാരും ക്രൂരതയുടെ കാര്യത്തിൽ ഒട്ടും പിന്നിലല്ല.

ബ്രിട്ടീഷ് രാജ്ഞിയായിരുന്ന എലിസബേത്ത് — പ്രഥമ ബിഷപ്പ് പ്ളങ്കററിൻെറ കത്തോലിക്കാ സഭാ വിശ്വാസത്തിൽ കുററം ചുമത്തി തൂക്കിലിട്ട് പകുതി ജീവൻ പോയശേഷം താഴെയിറക്കി വയറു കുത്തിക്കീറി തീയിലിട്ട് ചുടുകയും പിന്നീട് വെട്ടി മുറിച്ച് കഷണങ്ങളാക്കുകയും ചെയ്തു. പൈഡ്മോണ്ടിലെ കത്തോലിക്കർ പ്രൊട്ടസ്ററൻറായ ഗിയോവനി മിഖായേലിനേയും നാലു കുട്ടികളേയും പിടികൂടി മിഖായേലിൻെറ കൺമുൻപിൽ വച്ച് മൂന്നുകുട്ടികളേയും വെട്ടി തുണ്ടം തുണ്ടം ആക്കി. ഓരോ കുട്ടികളേയും കൊല്ലുമ്പോൾ പടയാളികൾ, താൻ പിൻതിരിയുന്നോ എന്ന് ചോദിക്കുമ്പോൾ ഇല്ല എന്ന് മറുത്തു പറഞ്ഞു. നാലാമത്തെ തവണയും ഇത് ആവർത്തിച്ചപ്പോൾ പടയാളി കുട്ടിയെ കാലിൽ പിടിച്ച് നിലത്തടിച്ചുകൊന്നു.

കത്തോലിക്കർ ആയിരക്കണക്കിന് ഓർത്തഡോക്സ്കാരെ ക്രോഷിയായിൽ വച്ച് യുദ്ധത്തിൽ കൊന്നു. റൊമേനിയായിലെ ഇവാഞ്ചലിക്കൽക്കാരെ ഓർത്തഡോക്സ് പുരോഹിതർ ക്രൂരമായി പീഢിപ്പിച്ച് ജയിലിലാക്കി. യഹൂദന്മാരെ കൂട്ടക്കൊലചെയ്തു. ഇന്ന് പ്രൊട്ടസ്ററൻറുകാരും കത്തോലിക്കരും അന്യോന്യം വടക്കൻ അയർലണ്ടിൽ തൻെറ ശത്രുവിനെപ്പോലും സ്നേഹിച്ചവൻെറ പേരിൽ കൊലചെയ്യുന്നു.

നമ്മുടെ മതത്തിൽ നിന്നും വ്യത്യസ്തമായ മതം അംഗീകരിച്ചു എന്നതിൻെറ

പേരിൽ ആരോടും ശത്രുതയും നീരസവും ഒരിക്കലും പുലർത്തുകയില്ല എന്ന് നമുക്ക് തീരുമാനിക്കാം. മററുള്ളവരുടെ മതവിശ്വാസത്തെ കുററം പറഞ്ഞ് അവരുടെ വികാരം ആളി കത്തിക്കുന്ന ഒന്നും പറയാതെ നമ്മെ സൂക്ഷിക്കാം. ഇത് ഒരുവനെ ക്രൂരമായി പെരുമാറുവാൻ പ്രേരിപ്പിച്ച് കൊലപാതകത്തിനു വരെ ഇടയാക്കുന്നു. മത തർക്കങ്ങാം എല്ലാം സ്നേഹപൂർവ്വം ചർച്ച ചെയ്യുകയാണ് വേണ്ടത്. പൊരുത്തപ്പെടാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങളിൽ അവരവരുടെ വിശ്വാസം ദൈവവചനത്തിൻെറ അടിസ്ഥാനത്തിൽ സംരക്ഷിക്കുക. പക്ഷേ എല്ലാം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കട്ടെ.

## ഏപ്രിൽ 7

"രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്ന് ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു." (1തിമൊഥെയോസ് 2:1-2)

നാം നമ്മുടെ രാജ്യത്തെ ഭരണാധികാരികാംക്കും ഗവൺമെൻറിനും വേണ്ടി മാത്രമേ പ്രാർത്ഥിക്കാവൂ എന്ന് ഈ വേദഭാഗം നിഷ്ക്കർഷിക്കുന്നില്ല. രണ്ടാം ലോക മഹായുദ്ധക്കാലത്ത് ബ്രിട്ടനിലേയും, ജർമ്മനിയിലേയും, റഷ്യയിലേയും, അമേരിക്കയിലേയും പുരോഹിത വർഗ്ഗം ഇങ്ങനെയാണ് പ്രാർത്ഥിച്ചത്. തന്മൂലം മറെറാരു രാജ്യത്തെ പടയാളികളെ മനസ്സാക്ഷികുത്ത് കൂടാതെ കൊന്നൊടുക്കാം എന്ന് അവർ കരുതി. നമ്മുടെ ഭരണാധികാരികാംക്കു വേണ്ടി മാത്രമേ പ്രാർത്ഥിക്കൂ, എന്ന നിലപാട് ശരിയല്ല.

ഭരണാധികാരികാം എന്നു പറയുമ്പോാം ദരിദ്രർ, രോഗികാം എന്നൊക്കെ പറയുന്നതുപോലെ ഒരു പ്രത്യേക വിഭാഗത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഒരു ക്രിസ്ത്യാനിയുടെ പ്രാർത്ഥന അവൻെറ രാജ്യത്തെ ഭരണാധികാരികാംക്കുവേണ്ടി എന്നതോടൊപ്പം അയൽ രാജ്യത്തെ ഭരണാധികാരികാംക്കും, ഗോത്ര തലവന്മാർക്കും എല്ലാ ഭരണാധികാരികാംക്കും വേണ്ടി ആയിരിക്കും.

നമ്മുടെ ഭരണാധികാരികാംക്കു വേണ്ടി പ്രാർത്ഥിക്കയും അവർ ദുഷ്ടരായിരുന്നാൽ പോലും അവരോട് സ്നേഹഭാവം പുലർത്തുകയും ചെയ്യുന്നതുമൂലം ലഹളയോ കലാപങ്ങളോ ഉണ്ടാക്കുക എന്ന ചിന്ത നമ്മിൽ നിന്നും അകന്നിരിക്കയും തൽഫലമായി നാം ഒരു ശാന്തവും സമാധാന പൂർണ്ണവുമായ ജീവിതം നയിക്കുവാൻ ഇടയാവുകയും ചെയ്യും. മാത്രമല്ല ഇപ്രകാരമുള്ള ഒരു മനോഭാവം പുലർത്തുന്നതു മൂലം നമുക്ക് സമൂഹത്തിലെ നന്മയുടെ മുന്നോടികളായിരിപ്പാനും സാദ്ധ്യമാകുന്നു. അതിനാൽ പ്രാർത്ഥിക്കുക.

## ഏപ്രിൽ 8

''വീഞ്ഞുകുടിച്ച് മത്തരാകരുത്. ആത്മാവ് നിറഞ്ഞവരാകുക''
(എഫെസ്യർ 5:18)

അധർമ്മത്തിൻെറ കാര്യത്തിൽ മുൻപന്തിയിൽ നില്ക്കുന്ന യൂറോപ്യൻ രാജ്യങ്ങളിലെ ഒരു കണക്ക് താഴെ കൊടുത്തിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം സ്വിററ്സർലണ്ടിൽ മദ്യത്തിൻെറ ഉപയോഗം ഇരട്ടിയായിട്ടുണ്ട്. മദ്യപന്മാരുടെ എണ്ണം 100,000-ൽ നിന്നു 130,000 ആയി. കോടതിയിലെ കേസ്സുകളുടെ ഇരുപത് ശതമാനത്തിനും, വിവാഹമോചനത്തിൻെറ 23 ശതമാനത്തിൻേറയും ആത്മഹത്യയുടെ മൂന്നിലൊന്നിൻെറയും കാരണം മദ്യമാണ്. മററു രാജ്യങ്ങളിലെ കണക്കുകൾ ഇതിലും മോശമാണ്.

വേദപുസ്തകത്തിൽ സ്നേഹത്താൽ ഉന്മത്തരായി ആത്മാവ് നിറഞ്ഞവരായി വീഞ്ഞുകുടിച്ചു മത്തരായവരെപ്പോലെ തോന്നിക്കുന്നതിനെപ്പററി പറയുന്നു. ആത്മാവു നിറഞ്ഞ് മത്തരായതിൻെറ എന്തെങ്കിലും ദൂഷ്യവശങ്ങൾ ആർക്കെങ്കിലും അറിയാമോ?

ആയതിനാൽ യേശു കാനായിൽ വച്ച് കൊടുത്ത അത്ഭുതകരമായ വീഞ്ഞിൽ നിന്ന് നിങ്ങും കുടിക്കുക. നിങ്ങൾക്ക് വീഞ്ഞ് കുടിച്ച് മത്തരായതിൻെറ പല ലക്ഷണങ്ങളും തോന്നിക്കും. മദ്യപന്മാർ മദ്യത്തെ വാഴ്ത്തും. നിങ്ങൾ നിങ്ങളെ ഉന്മത്തരാക്കുന്നതിനെ വാഴ്ത്തും. മദ്യപന്മാർ പാടും. നിങ്ങളും നിങ്ങളുടെ രക്ഷകൻെറ സ്തുതി പാടുവാൻ തുടങ്ങും. മദ്യപന്മാർ വഴക്കടിക്കുവാൻ തയ്യാറാകും. നിങ്ങൾ ക്ഷീണിതനാണെങ്കിലും ശക്തിയേറിയ ശത്രുവിനെതിരെ യുദ്ധം ചെയ്യുവാൻ തയ്യാറാകും.

മദ്യം മോശമായ പാനീയമായിട്ടാണ് കരുതുന്നത്. ദാഹിക്കുന്നവർക്ക് യേശു സൗജന്യമായി നൽകുന്ന ആ വീഞ്ഞ് നമുക്കും കുടിക്കാം.

## ഏപ്രിൽ 9

''വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന് വേണ്ടി പോരാടേണ്ടതിന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു തോന്നി.''
(യൂദാ 3)

വിശ്വാസപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്യുന്നതിനെപ്പററി നാം വരെ കരുതൽ ഉള്ളവരായിരിക്കണം. രണ്ട് വിദ്യാലയങ്ങൾ ഉണ്ട് എന്ന് സങ്കല്പിക്കുക — ഒന്ന്, ഒരു ബുദ്ധിമാൻ നടത്തുന്നതും മറേറത് ഒരു വിഡ്ഢി നടത്തുന്നതും. ആദ്യത്തെ വിദ്യാലയത്തിൽ കുട്ടികളെ രണ്ടും രണ്ടും നാല് എന്ന് പഠിപ്പിക്കുന്നു. വിഢ്ഢിയുടെ വിദ്യാലയത്തിൽ രണ്ടും രണ്ടും മൂന്ന് എന്ന് പഠിപ്പിക്കുന്നു. ഒരു അദ്ധ്യാപകൻ ഈ രണ്ടു വിദ്യാലയങ്ങളും കണ്ടതിനു ശേഷം ഗണിതശാസ്ത്രത്തിൻെറ കാര്യത്തിൽ ഇപ്രകാരമുള്ള

ഭിന്നചിന്താഗതികൾ ആവശ്യമില്ല എന്നും അന്യോന്യം സ്നേഹത്തോട് വർത്തിക്കുന്നതാണ് കൂടുതൽ പ്രാധാന്യം അർഹിക്കുന്നത് എന്നും അഭിപ്രായപ്പെടുന്നു. രണ്ടു വിദ്യാലയങ്ങളേയും ഒരു ഒത്തുതീർപ്പിലെത്തിക്കുവാനായി രണ്ടു കൂട്ടരും വിട്ടുവീഴ്ചകൾ ചെയ്യണം എന്നും അതനുസരിച്ച് മേലിൽ രണ്ടു വിദ്യാലയങ്ങളിലും രണ്ടും രണ്ടും മൂന്നര എന്ന് പഠിപ്പിച്ചാൽ മതി എന്നും ഉപദേശിക്കുന്നു. ഈ സ്നേഹ പൂർണ്ണവും സർവ്വസമ്മതവുമായ ഒത്തു തീർപ്പ് അംഗീകരിക്കാത്തവൻ വർഗ്ഗീയവാദിയും പിന്തിരിപ്പനും, ഗണിതശാസ്ത്രം പഠിപ്പിക്കുവാൻ യോഗ്യത ഇല്ലാത്തവനും ആണ് എന്ന് ഉദ്ഘോഷിക്കുന്നു. ഇതേപ്പററി നിങ്ങളുടെ അഭിപ്രായം എന്തായിരിക്കും?

ക്രിസ്ത്യാനികൾ ഐക്യത്തിനായി വാഞ്ഛിക്കുന്നവരാണ്. പക്ഷേ അത് സത്യത്തെ ബലികഴിച്ച് ആകരുത്.

ക്രൈസ്തവ സഭയുടെ പക്കൽ സുവ്യക്തമായ സത്യങ്ങൾ — ഗണിത ശാസ്ത്ര നിയമങ്ങളേക്കാൾ ദൃഢമായവ — ഉണ്ട്. കാരണം ഇവ ദൈവത്തിൽ നിന്നും നേരിട്ട് നല്കപ്പെട്ടവയാണ്. എൻെറ കീശയിൽ നിന്നും ഒരാൾക്ക് എത്ര പണം വേണമെങ്കിലും കൊടുക്കാൻ എനിക്ക് സാധിക്കും. — അത് എൻെറ പണമാണല്ലോ? പക്ഷേ ദൈവത്തിൻെറ സത്യത്തിൽ നിന്ന് ഒന്നും തന്നയയ്ക്കുവാൻ എനിക്കധികാരമില്ല. പുഷ്പങ്ങൾ പലവിധം ഉണ്ട് എന്നതുപോലെ ക്രൈസ്തവരുടെ പ്രധാനമല്ലാത്ത വിശ്വാസചര്യകളിൽ വ്യത്യാസങ്ങൾ കണ്ടേക്കാം. ഒരു റോസാ പുഷ്പം ഏതു നിറത്തിലുള്ളതായാലും എനിക്ക് സ്വീകാര്യമാണ് — പക്ഷ ഒരു റോസാപുഷ്പം എന്ന് പറഞ്ഞ് മുള്ളുതന്നാലോ? വേദപുസ്തകത്തിലെ ഒരു വാക്കോ, അക്ഷരമോ വ്യത്യാസപ്പെടുത്തുന്നതിന് സ്നേഹം മതിയായ കാരണം ആകുന്നില്ല. എനിക്ക് ഒരു മത നിന്ദകനെ സ്നേഹിക്കുവാൻ കഴിയും, പക്ഷേ മതനിന്ദ സ്വീകാര്യമല്ല.

ക്രിസ്തു ദൈവം ആകുന്നു. അവൻ മനുഷ്യനായി കന്യകാമറിയാമിൽ ജനിച്ച്, നമ്മുടെ പാപങ്ങൾക്കായി മരിക്കയും, ശരീരത്തോട് ഉയിർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്തു. മററ് ഏതു വിധവും വിശ്വസിക്കുവാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷേ അവരുമായി ഐക്യത്തിനോ ധാരണക്കോ ഞാൻ തയ്യാറല്ല. ഗണിത ശാസ്ത്രജ്ഞന്മാർ തങ്ങളുടെ വിദ്യാർത്ഥികളുമായി ധാരണയിലെത്തുവൻ ശ്രമിക്കയില്ല. അവർ ശാസ്ത്ര സത്യങ്ങൾ പ്രഖ്യാപിക്കയും വിദ്യാർത്ഥികൾ അത് സ്വീകരിക്കയുമാണ് ചെയ്യുന്നത്. ക്രിസ്ത്യാനികളും സത്യം പ്രഖ്യാപിക്കുന്നു. അത് സ്വീകരിക്കാത്തവൻ നാശത്തിന് പാത്രമാകും.

---

## ഏപ്രിൽ 10

---

"യഹോവയ്ക്ക് ഒരു പുതിയ പാട്ടു പാടുവിൻ." (സങ്കീ. 96:1)

നമുക്ക് ചിരപരിചിതമായ പാട്ടുകളും ആചാരക്രമങ്ങളും സംരക്ഷിക്കുന്നതിലും പ്രധാനം യുവാക്കളെ രക്ഷിക്കുക എന്നതാണ്.

മനസ്സുകൾക്കും ഹൃദയങ്ങൾക്കും സമൂലപരിവർത്തനം വന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പുതിയ പാട്ടുകളും പുതിയ ആരാധന ക്രമങ്ങളും എല്ലാം ഉണ്ടായപ്പോൾ പഴയ തലമുറക്കാരായ ക്രിസ്ത്യാനികൾക്ക് അവരുടെ വികാരങ്ങൾ വ്രണപ്പെട്ടതായി തോന്നുന്നു. അവർക്ക് തങ്ങൾ ചെറുപ്പം മുതലെ പരിചയിച്ചുവന്ന ശുശ്രൂഷാക്രമങ്ങളുമായി അവിഭേദ്യമായി ദൈവം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചിന്തിക്കുന്നു. ഇന്ന് പഴയതായി തോന്നുന്നവ ഒരിക്കൽ പുതിയതായിരുന്നു എന്ന് അവർ മറക്കുന്നു.

ബാക്കിന്റെ 'സെൻറ് മാത്യു പാഷൻ' അവന്റെ കാലത്ത് അംഗീകരിച്ചിരുന്നില്ല. കുറച്ചുകാലത്തെ ഉപയോഗത്തിന് ശേഷം വർഷങ്ങളായി അവ മറന്നു കിടക്കുന്നു. ഹേഡന്റെ' 'ദി ഗ്രേററ് ഓർഗൻ മാസ്സ്'' ദൈവദൂഷണമായി ജർമ്മൻ സിസിലിയൻ സഭാവിഭാഗത്തിന്റെ സ്ഥാപകൻ പ്രഖ്യാപിച്ചു. അദ്ദേഹം എഴുതി ''ഒരു വേശ്യയെ രാജ്ഞിയോട് താരതമ്യപ്പെടുത്തുന്നതുപോലെ മാത്രമേ ഈ സംഗീതത്തെ പരിശുദ്ധമായ സഭാ ഗാനങ്ങളോട് താരതമ്യപ്പെടുത്തുവാൻ കഴിയുകയുള്ളു.'' ഈ പുരോഹിതൻ പോപ്പിന് എഴുതി — ഈ സംഗീതം സദസ്സുകളിലേക്കാണ് കൂടുതൽ അനുയോജ്യമായി തോന്നുന്നത് ''ഈ പട്ടാളക്കാർക്കുള്ള താളങ്ങൾ പള്ളി ആരാധനയ്ക്കു, ക്രൂശിലെ ത്യാഗത്തിന്റെയും വ്യഗ്രതയ്ക്ക് ചേർന്നതല്ല.''

ആഫ്രിക്കയിലേക്കു പോകുന്ന മിഷനറിമാർ പറയുന്നത് അവിടുത്തെ വിശ്വാസികളുടെ ഹൃദയങ്ങളെ കൂടുതൽ സ്വാധീനിക്കുന്നത് ഓർഗൻ സംഗീതത്തേക്കാൾ താളമേളക്കൊഴുപ്പുള്ള അവരുടെ ചെണ്ടമേളമാണ് എന്നാണ്.

നിങ്ങൾ വ്യക്തിപരമായി ഇഷ്ടപ്പെടാത്തവയാണെങ്കിലും പള്ളിയാരാധന ക്രമങ്ങൾക്കും പാട്ടുകൾക്കും നിങ്ങളുടെ ഹൃദയത്തെ തുറന്നുകൊടുക്കുക. മറെറാരു മാനസിക നിലയുള്ളവർക്ക് അത് വളരെ സഹായകമായേക്കാം. അവ ദൈവത്തെ കൂടുതലായി പുകഴ്ത്തുന്നതിന് മററ് ആർക്കെങ്കിലും സഹായകരമാകും.

## ഏപ്രിൽ 11

''കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം.''(മത്തായി 22:39)

ഈ ദൈവകല്പനയുടെ സൗന്ദര്യം ആസ്വദിച്ചതുകൊണ്ടോ, അതേപററി മററുള്ളവരോട് പറയുകയോ ചെയ്തതുകൊണ്ട് പ്രയോജനമില്ല. പകരം നിങ്ങളുടെ സ്നേഹം ആവശ്യമുള്ള നിങ്ങളുടെ അയൽക്കാർ ആരൊക്കെയാണ് എന്ന് ഒരു ലിസ്ററ് തയ്യാറാക്കുക.

ആരാണ് നിരാശനായിരിക്കുന്നത്? ആരാണ് ഏകാകിയായി വിഷമിക്കുന്നത്? തന്റെ പങ്കാളികളോ കുട്ടികളോ തള്ളിക്കളഞ്ഞതിന്റെ പ്രയാസം ആരൊക്കെയാണ് അനുഭവിക്കുന്നത്?

കുപ്രസിദ്ധമായ മാൻസൺ വിശ്വാസ വിഭാഗത്തിലെ അംഗമായിരുന്ന സ്ക്വിക്കി ഫ്രോം അവളുടെ മാതാപിതാക്കളാൽ തള്ളിക്കളയപ്പെടുകയും വെറുക്കപ്പെടുകയും ചെയ്തിരുന്നു. ഒരിക്കൽ അവൾ ഉപേക്ഷിക്കപ്പെട്ടവളായി

വഴിയരികിൽ ഇരിക്കുമ്പോൾ ഭാവിയിലെ കൊലപാതകിയായ മാൻസൺ അവിടെ എത്തി അവളോട് ചോദിച്ചു. "നിനക്ക് സ്നേഹം ആവശ്യമുണ്ടോ? ഞാൻ സ്നേഹിക്കുന്നു" എന്നെ അനുഗമിക്ക. അവൾ അവനെ പിൻതുടർന്ന് അവൻെറ പൈശാചികമായ വിശ്വാസ വിഭാഗത്തിൻെറ അംഗമായി തീർന്നു. പിന്നീട് അവൾ മയക്കു മരുന്നിന് അടിമയാവുകയും അമേരിക്കൻ പ്രസിഡൻറായിരുന്ന ഫോർഡിനെ വധിക്കുവാൻ ശ്രമിക്കയും ചെയ്തു. ഇപ്പോൾ അവൾ ജീവപര്യന്തം തടവ് ശിക്ഷ അനുഭവിക്കുന്നു. വഴിയരുകിൽ കരഞ്ഞുകൊണ്ടിരുന്ന ആ പെൺകുട്ടിയെ ഒരു ക്രിസ്ത്യാനി സമീപിച്ച് അവൾക്ക് ക്രിസ്തുവിൻെറ സ്നേഹം കാട്ടിക്കൊടുത്തിരുന്നെങ്കിൽ അവളുടെ ജീവിതം എത്ര വ്യത്യസ്തം ആകുമായിരുന്നു എന്ന് ആലോചിച്ചു നോക്കൂ.

നിങ്ങളുടെ സ്നേഹം ആവശ്യമുള്ള നിങ്ങളുടെ അയൽക്കാരൻ ഒരു വിദേശ രാജ്യത്തു നിന്നുമുള്ള അഭയാർത്ഥി ആയിരിക്കാം; ആഫ്രിക്കയിലോ ഇന്ത്യയിലോ ഉള്ള പട്ടിണിക്കാരിലൊരാൾ ആയിരിക്കാം; ഒരു പസഫിക്ക് ദ്വീപിലോ, കമ്മ്യൂണിസ്ററ് രാജ്യത്തോ, മുസ്ളീം രാജ്യത്തോ അല്ലെങ്കിൽ പ്രഖ്യാതമായ നിങ്ങളുടെ ക്രിസ്ത്യൻ രാജ്യത്തോ ക്രിസ്തുവിനെ പററി അറിയാത്തവനായി കഴിയുന്നവൻ ആയിരിക്കാം. "നിൻെറ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക" എന്ന ഉപദേശത്തിൻെറ സൗന്ദര്യം ആസ്വദിക്കുക മാത്രം ചെയ്യാതെ സ്നേഹം പ്രായോഗികമാക്കുവാൻ ശ്രമിക്കുക.

## ഏപ്രിൽ 12

"ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."

(മത്തായി 19:6)

ഭാര്യയെ ഉപേക്ഷിക്കുന്നത് ദൈവം വെറുക്കുന്നു (മലാഖി 2:16). മനുഷ്യർ വിവാഹമോചനം നടത്തുന്നതിൻെറ ഒരേയൊരു കാരണം അവർക്കു വിവാഹത്തിൽ നിന്നും യഥാർത്ഥമായ ലക്ഷ്യങ്ങൾ ഒന്നും ഇല്ലെന്നുള്ളതു തന്നെ. ഉപേക്ഷണം നടത്തുന്നവർ ഒന്നുകിൽ തങ്ങളുടെ ജീവിത പങ്കാളികളുടെ ലൗകീകവും നിത്യവുമായ നന്മയ്ക്കുവേണ്ടി തങ്ങളുടെ ജീവിതം മുഴുവൻ ബലിയർപ്പിക്കാനുള്ള നിശ്ചയത്തോടെയല്ല വിവാഹം ചെയ്യുന്നത്. അല്ലെങ്കിൽ ഇവർ ഈ നിശ്ചയം ഉപേക്ഷിച്ചവരാണ്.

ചില ഭാര്യാഭർത്താക്കന്മാർ പിരിയുന്നതായിരിക്കും ഉചിതം എന്ന് അംഗീകരിക്കാതിരിക്കുന്നത് തെററാണ്. വിവാഹ മോചനത്തിന് കാരണമായി യേശു വ്യഭിചാരത്തിൻെറ ഒരു ഉദാഹരണം പറയുന്നത് ഒരു വിവാഹ പങ്കാളി അത് സ്ഥിരരീതിയായി അവലംബിക്കുമ്പോഴാണ് അല്ലാതെ ഒരിക്കൽ മാത്രം ആ പാപം ചെയ്തു എന്നതിനല്ല. ഇവ രണ്ടിനും വിവാഹമോചനം തേടുന്നതിനുള്ള അനുവാദം നിയന്ത്രണ വിധേയമാക്കാനാവില്ല. അല്ലെങ്കിൽ നാം വേദപുസ്തകത്തിലെ വാക്യത്തിൽ പറയുന്നതുപോലെ "തുളസി, ചതകുപ്പ്, ജീരകം ഇവയിൽ പതാരം കൊടുക്കുകയും" (മത്തായി 23:23) മററ് വരുമാനങ്ങളുടെ ദശാംശം കൊടുക്കാതിരിക്കുകയും ചെയ്യുന്നവരെപ്പോലെയാണ്.

വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഈ വസ്തുക്കൾ മററ് പലവിധ വരുമാനങ്ങളുടേയും ഉദാഹരണമത്രെ.

അതേപോലെ തന്നെ യേശു ഉപേക്ഷണം നടത്തുന്നതിന് വ്യഭിചാരം ഒരു കാരണമായി പറയുന്നതിൻെറ ഉദ്ദേശം അതേപോലെ ഗൗരവമേറിയ സംഗതി ഉണ്ടായിരിക്കണമെന്നത്രേ. ജീവിത പങ്കാളി ഒരു ചൂതുകളിക്കാരനോ, മദ്യപാനിയോ മയക്കുമരുന്നിൻെറ അടിമയോ ആണെങ്കിൽ, കുട്ടികളുടെ ഭാവിജീവിതം അപകടത്തിലാക്കുന്നവനോ, അവളോ ആണെങ്കിൽ, കുടുംബജീവിതം ഉപേക്ഷിച്ചു പോകയാണെങ്കിൽ, ക്രൂരമർദ്ദനങ്ങളും മററും പ്രയോഗിക്കയും, സ്വവർഗ്ഗസംഭോഗം നടത്തുന്നവനുമാണെങ്കിൽ ഒരാൾ എന്തുചെയ്യും? തെററു ചെയ്യുന്ന പങ്കാളി തൻെറ കുറവുകൾ തിരുത്തുവാൻ തയ്യാറാകുന്നില്ലെങ്കിൽ അവൻെറ കുററങ്ങളിൽ പങ്കാളി ചേർന്നു നില്ക്കണം എന്ന് പറയാൻ പററില്ല.

വിവാഹമോചനങ്ങൾ തടയുവാൻ ഏററവും പററിയ മാർഗ്ഗം ആത്മാർത്ഥമായ പ്രാർത്ഥനയും, നമ്മുടെ കാഴ്ചപ്പാട് വിസ്തൃതമാക്കുവാനുളള സന്നദ്ധതയും, വിവാഹജീവിതത്തിലെ കാര്യത്തിലും കുട്ടികളുടെ കാര്യങ്ങളിലും പരിചയ സമ്പന്നരായവരോട് അഭിപ്രായങ്ങൾ ആരാഞ്ഞ് പക്വമായ ഒരു നടപടി സ്വീകരിക്കയുമാണ് വേണ്ടത്. ഇരുപതു വയസ്സിന് താഴെ പ്രായത്തിൽ വിവാഹം കഴിക്കുന്ന പെൺകുട്ടികൾക്കാണ് വിവാഹമോചനത്തിൽ എത്തിച്ചേരുവാൻ മററുളളവരെക്കാൾ കൂടുതൽ സാദ്ധ്യത. പതിനാലിനും പതിനെട്ടിനും ഇടയ്ക്ക് വിവാഹം കഴിച്ച പെൺകുട്ടികളിൽ 31 ശതമാനവും അപ്പോൾ ഗർഭിണികളായിരുന്നു എന്ന് ഒരു കണക്ക് വെളിപ്പെടുത്തുന്നു.

മാതാപിതാക്കൾ അന്യോന്യം സ്നേഹിക്കയും കരുതുകയും ചെയ്യുക. ഇത് വിവാഹമോചനം തടഞ്ഞ് നിങ്ങൾക്ക് സന്തോഷം നല്കുന്നതിനോടൊപ്പം നിങ്ങളുടെ മക്കൾ വിവാഹമോചനം തേടുന്നതിന് പകരം വിവാഹം എന്താണ് എന്നുളളതിന് ഒരു ഉദാഹരണമായിരിക്കട്ടെ.

---

## ഏപ്രിൽ 13

---

"തിരുവെഴുത്തുകളെ ശോധന ചെയ്യുക." (യോഹന്നാൻ 5:39)

മെഡഗാസ്കറിൽ 1836 മുതൽ 1961 വരെയുണ്ടായിരുന്ന മതപീഢനങ്ങളുടെ കാലത്ത് ക്രിസ്ത്യാനികൾ രഹസ്യമായി വേദപുസ്തകം വായിക്കുന്നതിലൂടെ തങ്ങളുടെ വിശ്വാസം നിലനിർത്തി എന്നു മാത്രമല്ല ഇക്കാലത്ത് അവിടെ സഭയുടെ അംഗസംഖ്യ പത്തിരട്ടി വർദ്ധിക്കയും ചെയ്തു. ഫോർമോസ്സയിലെ ഗിരിവർഗ്ഗക്കാർ രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാൻെറ മുന്നേററം ചെറുത്തു നില്ക്കയും വിശ്വാസ സ്ഥിരതയുളള ക്രൈസ്തവ വിഭാഗങ്ങൾ അവിടെ ഉടലെടുക്കയും ചെയ്തത് അവർ വേദപുസ്തകം വായിക്കുന്നതിലും പഠിക്കുന്നതിലും കാണിച്ച താല്പര്യം മൂലമാണ്. കെനിയയിൽ മൗ മൗ ഭീഷണിയുടെ പശ്ചാത്തലത്തിൽ വേദപുസ്തകത്തിൻെറ

പിൻബലത്തോടെ അവിടെയുള്ള ക്രൈസ്തവർ പ്രാകൃത കിക്കുയു വർഗ്ഗത്തിൻെറ പ്രതിജ്ഞ എടുക്കുന്നത് ശക്തിയുക്തം ചെറുത്തുനിന്നു. ഓരോ ദേശത്തേയും സഭകളുടെ ഉൾബലം വേദപുസ്തകത്തോട് അവർക്കുള്ള പ്രതിപത്തിയെ ആശ്രയിച്ചിരിക്കുന്നു. സഭയുടെ ഭരണനേതൃത്വം മുഴുവനും ശിഥിലമാക്കപ്പെട്ടാലും വിശ്വാസികളുടെ പക്കൽ വേദപുസ്തകം ഉണ്ടായിരിക്കയും അവർ അത് വായിക്കയും ചെയ്യുന്നിടത്തോളം കാലം സഭയ്ക്ക് ഒരു നഷ്ടവും നേരിടുകയില്ല.

എല്ലായിടത്തും മത പീഡനങ്ങളില്ല. പക്ഷേ എല്ലായിടത്തും സത്യമായ ക്രൈസ്ത വിശ്വാസത്തിന് ഭീഷണികളെ നേരിടേണ്ടിവരുന്നു. നമ്മുടെ വിശ്വാസം നിലനിർത്തണം എന്ന് ആഗ്രഹിക്കുന്നു എങ്കിൽ നാം വേദവാക്യങ്ങളിൽ നിന്നും ശക്തി ആർജ്ജിക്കേണ്ടിയിരിക്കുന്നു.

കമ്മ്യൂണിസ്ററ് ചൈനയിൽ മാവോയുടെ പൈശാചികമായ 'ചിന്തകളുടെ പുസ്തകം' എല്ലാ വീടുകളിലും വായിക്കുവാൻ ജനങ്ങൾ നിർബ്ബന്ധിതരാണ്. വേദപുസ്തകത്തിൻെറ തർജ്ജമക്കാരിലൊരാളായ ഇറാസ്മസ് ഒരിക്കൽ പറയുകയുണ്ടായി "ഉഴവുകാരൻ വേദവാക്യങ്ങൾ ആലപിച്ചിരുന്നു എങ്കിൽ എത്ര നന്നായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കാറുണ്ട്." അന്യോന്യം സംസാരിക്കുമ്പോൾ വേദ വാക്യങ്ങൾ ഉപയോഗിക്കുക. ഇതിൽ നിന്നും സഭയ്ക്ക് രക്ഷ കൈവരും.

ലോകത്തിലെ വായിക്കുവാനറിയാവുന്ന നാല്പതു ശതമാനം മനുഷ്യരിലൊരാളാണ് നിങ്ങൾ എന്നതിൽ ദൈവത്തോട് നന്ദിയുള്ളവനായിരിക്ക. അതുപോലെ തന്നെ ലോകത്തിൻെറ പകുതിഭാഗങ്ങളിലും വേദപുസ്തകം ലഭ്യമല്ലാത്ത അവസ്ഥയിൽ നിങ്ങൾക്ക് ഒരു വേദപുസ്തകം ഉള്ളതിനാലും, ലാററിൻ അമേരിക്ക, ആഫ്രിക്ക, ഇന്ത്യ മുതലായ സ്ഥലങ്ങളിൽ അനേകങ്ങൾ ഒരു വേദപുസ്തകം വാങ്ങുവാൻ പണമില്ലാതെ വിഷമിക്കുമ്പോൾ നിങ്ങൾക്ക് അത് കൈവശമുള്ളതിനാലും ദൈവത്തിനോട് കൃതജ്ഞതയുള്ളവനായിരിക്ക. വേദപുസ്തകപാരായണം ഒരു ദിനചര്യയായി തീർക്കുക.

---

## ഏപ്രിൽ 14

---

"ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്."
(ഗലാത്യർ 2:20)

വേദപുസ്തകത്തിലെ എഴുത്തുകാരിൽ എനിക്ക് ഏററവും ഇഷ്ടമുള്ളത് പേര് വെളിപ്പെടുത്തിയിട്ടില്ലാത്തവരെയാണ്. മോശ "യഹോവയുടെ യുദ്ധ പുസ്തകം" (സംഖ്യാ പുസ്തകം 21:15) എന്ന് പറഞ്ഞിരിക്കുന്നു. ഇതിൻെറ ഗ്രന്ഥകർത്താവ് ആരാണ്? (യോശുവ 10:13) "ശൂരന്മാരുടെ പുസ്തകം" എന്ന് പറയുന്നു. ഈ പുസ്തകം ആരായിരിക്കാം എഴുതിയത്? പൗലോസ് ഗ്രീക്ക് കവി "നാം അവൻെറ സന്താനമല്ലോ" (അപ്പൊ. പ്രവർത്തികൾ 17:28) എന്നു പറഞ്ഞതായി പറയുന്നു. അവൻെറ വാക്കുകളിൽ കവിയ്ക്കു പ്രാധാന്യമേ നല്കിയിട്ടില്ല.

മനുഷ്യർ നിങ്ങളുടെ ഗാനങ്ങൾ ആലപിക്കുമ്പോൾ അത് ഗാനങ്ങളായി തന്നെയിരിക്കുന്നു. എന്നാൽ ഒരു കവിയെ ക്രിസ്തുവിൻെറ അപ്പൊസ്തോലൻ തൻെറ വാദത്തെ തെളിയിക്കാൻ ഉദ്ധരിച്ചിരിക്കുന്നതിനാൽ അവൻെറ പേര് അറിയേണ്ട കാര്യമില്ല.

ദൈവത്തിൻെറ ഗീതങ്ങൾ എഴുതുന്നവരുടെ മഹിമ ഇതേപോലെയാണ്. അത് വെറും മനുഷ്യർ എഴുതിയതാണ് എന്ന് പറയില്ല. ഒരു ബുദ്ധമത ഐതിഹ്യം ഇപ്രകാരമാണ്. ഒരു ചിത്രകാരൻ ബുദ്ധൻെറ ചിത്രം വളരെ ശ്രേഷ്ഠമായി വരച്ചു. ചിത്രം വരച്ചു് തീർന്നപ്പോൾ ചിത്രം മാത്രമേ അവശേഷിച്ചുള്ളു. ചിത്രകാരൻ ഇല്ലാതെയായി. ഇത് ഒരു ക്രിസ്ത്യാനിയായ ഒരു എഴുത്തുകാരൻേറയും കവിയുടെയും ഉപദേഷ്ടാവിൻെറയും വെറും നിസാരനായ ഒരു മനുഷ്യനായാലും ശരി തന്നെയാണ്. അവൻ താനല്ലാതായിതീർന്ന് തന്നെ കേൾക്കുന്നവരുടെ ആത്മാവിനോട് ലയിക്കണം. താൻ എഴുതുന്നതോ, സംസാരിക്കുന്നതോ ആയ യേശുവുമായി ഒത്തുചേർന്ന് ഒന്നാകണം.

നിങ്ങൾ ക്രിസ്തുവിന് വേണ്ടി എഴുതുമ്പോഴോ, സംസാരിക്കുമ്പോഴോ, പ്രവർത്തിക്കുമ്പോഴോ അവൻെറ പരിശുദ്ധാത്മാവിനാൽ നിങ്ങളെ നിറയ്ക്കട്ടെ. നിങ്ങളുടെ പേര് ഇതിൽ നഷ്ടമായാലും നിങ്ങൾക്ക് നിത്യത ലഭിക്കും. നിങ്ങളുടെ പേര് പറയാതെ തന്നെ ദൈവം നിങ്ങളുടെ വാക്കുകളെ ഉദ്ധരിക്കും. നിങ്ങൾ അവനുമായി ഒത്തുചേർന്ന് ഒന്നായിതീർന്നിരിക്കും.

---

## ഏപ്രിൽ 15

---

"ഇവയിൽ വലിയതോ സ്നേഹം തന്നെ." (1കൊരിന്ത്യർ 13:13)

ആദിയിൽ ദൈവവും രണ്ട് കുരുവികളും മാത്രം ഉണ്ടായിരുന്നതായി ഒരു കഥയുണ്ട്.

ഒരു കുരുവി ദൈവത്തിൻെറ ചെവിയിൽ മന്ത്രിച്ചു. "എന്തെങ്കിലും സൃഷ്ടിക്കുക, ഞങ്ങൾക്ക് കൂടുകെട്ടുവാൻ മരങ്ങളും, പറന്നു നടക്കുവാൻ വായുവും ദേശാടനത്തിനായി അനേകം രാജ്യങ്ങളും വേണം. ഒന്നുമില്ലാതെ ജീവിതം വളരെ മുഷിപ്പനായിരിക്കുന്നു." അപ്പോൾ രണ്ടാമത്തെ കുരുവി പറഞ്ഞു. "ദൈവമേ, ഒന്നും സൃഷ്ടിക്കരുതേ, നീ മൂല ഘടകങ്ങൾ സൃഷ്ടിക്കുമ്പോൾ അവ തമ്മിൽ കൂടിച്ചേർന്ന് ഏതു വിധത്തിലുള്ള ജീവികൾ ഉണ്ടാകും എന്ന് അറിയാൻ പാടില്ല. ചിലപ്പോൾ ഞങ്ങളെ തിന്നുന്ന ക്രൂര പക്ഷികളോ, ഞങ്ങളെ നശിപ്പിച്ചു കളയുന്ന കൊടുങ്കാറ്റോ ഉണ്ടാകാം. ഇപ്പോഴത്തെ സ്ഥിതിയാണ് എനിക്കിഷ്ടം." ദൈവം മറുപടി പറഞ്ഞു, "ഞാൻ സൃഷ്ടി നടത്തും. എൻെറ സ്നേഹം പകർന്നു കൊടുക്കുവാനും എന്നെ സ്നേഹിക്കുവാനും ഉള്ള ജീവജാലങ്ങൾ ഉണ്ടായിരിക്കുന്നത് എനിക്കിഷ്ടമാണ്."

കുരുവി വീണ്ടും മുന്നറിയിപ്പു നല്കി. "വ്യത്യസ്ത വികാരങ്ങളും ചിന്തകളുമുള്ള ജീവികളെ സൃഷ്ടിച്ചാൽ ചില സമയം അവ അങ്ങയെ വെറുത്തു എന്നു വരാം. അങ്ങും രണ്ടു കുരുവികളും മാത്രമുള്ള ഈ സ്ഥിതി തുടരുന്നതല്ലേ

നല്ലത്?'' ഒന്നാമത്തെ കുരുവി നിർബ്ബന്ധിച്ചു. ''ഒരു ലോകം സൃഷ്ടിക്കുക. ലോകം ചീത്തയായിത്തീർന്നാലും ഞാൻ പാട്ടു പാടിക്കൊണ്ടിരിക്കും. എന്നെ തിന്നാനായി ക്രൂര പക്ഷികൾ വരുന്നു എന്നറിയുമ്പോഴും എന്നെ പിടിക്കുവാൻ കുരുത്തം കെട്ട കുട്ടികൾ കുരുക്കു വയ്ക്കുമ്പോഴും ഞാൻ പാടിക്കൊണ്ടിരിക്കും.''

അങ്ങനെ ദൈവം ലോകം സൃഷ്ടിക്കുവാൻ തീരുമാനിച്ചു. സൃഷ്ടികർമ്മത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ഭവിഷ്യത്തുകൾ എല്ലാം സ്വീകരിക്കാൻ അവൻ തയ്യാറായി. സ്നേഹിക്കുവാൻ അവൻ തീരുമാനിച്ചു. അവന്റെ സ്നേഹം മൂലം നാം വിശ്വസിക്കുവാനും ആഗ്രഹിക്കുവാനും സഹായിക്കുവാനും ശക്തരാകുന്നു.

സ്നേഹം കൂടാതെ നിലനില്പ് സാദ്ധ്യമല്ല. ലോകത്തിൽ നിന്നും സ്നേഹം പൂർണ്ണമായും അപ്രത്യക്ഷമായാൽ, ലോകം പിന്നീട് ഉണ്ടായിരിക്കയില്ല. അതെപ്പററി നിങ്ങൾ ചിന്തിക്കുക.

---

## ഏപ്രിൽ 16

---

''എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വീൻ''

(ഫിലിപ്പിയർ 2:14)

ആറ് അന്ധന്മാർ ആനയെ കാണുവാൻ പോയിട്ട് ആന എങ്ങനെയിരിക്കുന്നു എന്ന് തീരുമാനിക്കാൻ ശ്രമിച്ചു. ആനയുടെ ഒരു വശം തൊട്ടുനോക്കിയവൻ പറഞ്ഞു അത് ഒരു വലിയ മതിലാണ് എന്ന്. ചെവി തൊട്ട് അറിഞ്ഞവൻ പറഞ്ഞു, ആന മുറം പോലെയാണ് എന്ന്. കാലിൽ തൊട്ടവൻ പറഞ്ഞു ആന തൂണു പോലെയാണ് എന്ന്. വാലിൽ തൊട്ടവന് അത് പാമ്പാണ് എന്ന് തോന്നി. ഇവർ ' അംശമായി മാത്രം അറിഞ്ഞവർ ആകുന്നു.' (1കൊരിന്ത്യർ 13:12)

യേശു സൗഖ്യമാക്കിയ കുരുടന്മാരെപ്പററി ഒരു കഥയുണ്ട്. യേശു എങ്ങനെയാണ് അവരെ സൗഖ്യമാക്കിയത് എന്ന് അവർ ചർച്ച ചെയ്യുന്നു. ഒരുവൻ പറഞ്ഞു. ''എന്റെ അനുഭവത്തിൽ നിന്ന് പറയുകയാണ് എങ്കിൽ'' അവൻ പറഞ്ഞു ''നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കട്ടെ.'' ഉടനെ മററൊരുവൻ പറഞ്ഞു ''നല്ല പ്രവർത്തിയെ നിരാകരിക്കരുത്. വിശ്വാസം മാത്രം പോരാ യേശു കുരുടന്റെ കണ്ണുകളിൽ തൊടുന്നു.'' മൂന്നാമൻ പറഞ്ഞു ''എങ്കിൽ അവൻ രണ്ടു പ്രാവശ്യം തൊട്ടുകാണും. അല്ലായിരുന്നെങ്കിൽ മനുഷ്യർ ഒക്കെ വൃക്ഷങ്ങളെപ്പോലെ തോന്നിച്ചേനേം.'' തന്റെ കണ്ണിൽ ഒരു പ്രാവശ്യമെ തൊട്ടുള്ളു. പൂർണ്ണകാഴ്ച പ്രാപിക്കയും ചെയ്തു എന്ന് രണ്ടാമൻ പറഞ്ഞു. നാലാമന്റെ അഭിപ്രായം നിങ്ങൾ എല്ലാം മടയത്തരമാണ് പറയുന്നത്. യേശു മണ്ണിൽ തുപ്പി ചേറുണ്ടാക്കി അത് കണ്ണിന്മേൽ പുരട്ടുന്നു. എന്നിട്ട് പാലസ്ററീനിലുള്ള ഒരു പ്രത്യേക കുളത്തിൽ പോയി കഴുകുവാൻ പറയുന്നു. ഇതുവരെ നിങ്ങൾ പറഞ്ഞതെല്ലാം വെറും സങ്കല്പങ്ങളാണ്.''

ഇങ്ങനെ ഇവർ നാലുപേരും വഴക്കടിക്കുന്നു. ഓരോരുത്തനും അവനവന്റെ വിഭാഗം ഉണ്ടാക്കുന്നു. ഒരിക്കൽ യേശു ഈ നാലു വിഭാഗത്തിന്റേയും കൂടി

തലകാം കൂട്ടിപ്പിടിച്ചിട്ട് ചോദിക്കുന്നു "ഞാൻ നിങ്ങളെയെല്ലാം സൗഖ്യമാക്കി, ഓരോരുത്തരേയും ഓരോ വിധത്തിൽ. ഞാൻ നിങ്ങാംക്കു ചെയ്തതിന് എനിക്ക് നന്ദി പറയുവാൻ നിങ്ങാംക്ക് ഒത്തു ചേരാമായിരുന്നില്ലേ. എനിക്ക് നല്ലത് എന്നു തോന്നുന്ന വിധത്തിൽ സൗഖ്യമാക്കുവാൻ എനിക്കു സ്വാതന്ത്ര്യം ഇല്ലേ."

നിങ്ങളുടെ സഹോദരൻെറ തെററ് എന്ന് നിങ്ങാം കണക്കാക്കുന്നത് അവന് യേശുവിൽ നിന്നും ലഭിച്ച വിലമതിക്കപ്പെട്ട വ്യക്തിപരമായ അനുഭവം ആകാം.

---

## ഏപ്രിൽ 17

---

"സൈന്യത്താലുമല്ല, ശക്തിയാലുമല്ല എൻെറ ആത്മാവിനാലത്രേ"

(സെഖര്യാവ് 4:6)

ആധുനിക കലയുടെ ഒരു ആരാധകൻ ഒരു ദിനപത്രത്തിൽ എഴുതി "ഇത് ജനകീയമായ ഒരുകലയാണ്. ആർക്കുവേണമെങ്കിലും ഇത്തരം ചിത്രങ്ങാം ഒരു ബ്രഷ് എടുത്ത് മഞ്ഞ നിറത്തിലുള്ള രണ്ട് വരകളും നീലനിറത്തിൽ മൂന്നു വരകളും വരയ്ക്കുക. അവയ്ക്കു ചുററും ചുവന്ന നിറത്തിൽ ഒരു വൃത്തം വരയ്ക്കുക. വൃത്തം എന്ത് ആകൃതിയിലുള്ളതായാലും കുഴപ്പമില്ല. ഒരു പത്രത്തിൽ നിന്നും ഒരു പെൺകുട്ടിയുടെ മൂക്കിൻേറയും കണ്ണിൻേറയും ചിത്രങ്ങാം വെട്ടി അതിൽ ഒട്ടിക്കുക. ഈ കൃതിയെ "മാനവരാശിയുടെ മഹത്വപൂർണ്ണമായ ഭാവി" എന്ന് വിളിച്ചോളൂ. നിങ്ങളുടെ ചിത്രരചന ഒന്നാം കിടയിൽ പെട്ടതാണ് എന്ന് നിരൂപകൻ വിധിയെഴുതും. ഇത് ഒന്നാം കിടയിൽപ്പെട്ടതാണോ? ഏതു രീതിയിൽ?

കഴിവും, അഭിരുചിയും, അഭ്യാസവും ഇല്ലാത്തവരാണ് ഇത്തരം കലാ സൃഷ്ടികാം നിർമ്മിക്കുന്നത്. കഴിവില്ലാത്ത പലരും പ്രാസംഗികരായി വന്ന് ഉപദേശങ്ങാം നല്കുന്നു. ഫലമോ, പല പള്ളികളും കാലിയായിക്കൊണ്ടിരിക്കുന്നു. വിശുദ്ധ കുർബ്ബാന ആരാധനയുടെ മുഖ്യഘടകം ആയിരുന്ന പഴയ രീതി മാററി ലൂഥറൻ ആരാധനയിൽ മുഖ്യസ്ഥാനം പ്രസംഗത്തിന് നല്കി. ലോകത്ത് മികവുററ പ്രാസംഗികർ അനേകം ഇല്ല എന്ന വാസ്തവം അദ്ദേഹം മറന്നു.

മൈക്കലാഞ്ചലോയുടെ 'പിയെത്താ' എന്ന കലാ സൃഷ്ടി നോക്കൂ. പൂർണ്ണാകാരത്തിലുള്ള രണ്ട് പ്രതിമകാം ഒന്നിച്ചു ചേർത്ത് ഒരു കലാ സൃഷ്ടിയാക്കിയിരിക്കുന്നു. കല്ലിൽ കൊത്തിയെടുത്ത പൂർണ്ണകായനായ മനുഷ്യൻെറ രൂപം കന്യകയുടെ മടിയിൽ കിടക്കുന്ന രീതിയിലാണ് ഈ ശില്പം. കന്യക അവളുടെ മകനേക്കാാം ചെറുപ്പമായി തോന്നിക്കുന്നു. അവാം തൻെറ കന്യകാത്വത്തിൻെറ സൗന്ദര്യം കാത്തു സൂക്ഷിച്ചു. അവനാകട്ടെ ദുഃഖങ്ങാം വഹിക്കുന്നവനായിരുന്നു. അവളുടെ മുഖം ശാന്തമാണ്. അവാംക്ക് പുനരുത്ഥാനത്തെപ്പററി അറിയാം. ഇത്തരം ഉത്തമകലാകാരന്മാരെ എല്ലായിടത്തും കണ്ടെത്താനാവില്ല. വേദശാസ്ത്രപരീക്ഷകാം ജയിച്ചതുകൊണ്ടുമാത്രം എല്ലാവരും ജോൺ ക്രിസോസ്ററത്തെപ്പോലെ പ്രഖ്യാതനായ പ്രാസംഗികരും ആകുന്നില്ല.

ഒരു പ്രസംഗത്തിനോ, സാക്ഷീകരണത്തിനോ യേശു വിഷയമാക്കപ്പെടുന്നതിന് മുമ്പ് അവൻ ഹൃദയത്തിൽ വസിക്കേണ്ടത് ആവശ്യമാണ്. "ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്." (മത്തായി 12:34)

പ്രസംഗിക്കുവാൻ കഴിവില്ലാത്ത പ്രാസംഗികർ മററ് വല്ല പണിയും നേടുകയോ അല്ലാത്തപക്ഷം പ്രസംഗിക്കുവാനുള്ള കഴിവുമായി വീണ്ടും ജനിക്കുകയോ വേണം. പ്രത്യേക കഴിവില്ലാത്ത ഒരാാക്കുപോലും താൻ വളരെയധികം ഇഷ്ടപ്പെടുന്ന ഒരു വിഷയത്തെപ്പററിയോ, ആളിനെപ്പററിയോ ചാതുര്യമായി സംസാരിക്കുവാൻ കഴിയും. തങ്ങളുടെ കുട്ടികളുടെ കഴിവുകളെപ്പററി വിവരിക്കുവാൻ അമ്മമാർക്കു ചാതുരികൂടും. യേശുവിനെ അകമഴിഞ്ഞ് സ്നേഹിക്കുന്നവർ മാത്രമേ അവനെപ്പററി സാക്ഷ്യം പറയാവൂ. അല്ലാത്തപക്ഷം നമ്മുടെ സാക്ഷ്യം മോഡേൺ ആർട്ടുപോലെയാകും. ആർക്കുവേണമെങ്കിലും നടത്താം. പക്ഷേ സൗന്ദര്യമില്ലാത്തതായിരിക്കും. അല്ലെങ്കിൽ കഴമ്പില്ലാത്തതായിരിക്കും.

വ്യക്തിപരമായ സാക്ഷീകരണത്തിലോ പ്രസംഗത്തിലോ മികവു നേടുന്നത് വിജ്ഞാനത്തെ ആശ്രയിച്ചല്ല ഓരോരുത്തരുടേയും ആത്മനിറവിനെ ആശ്രയിച്ചായിരിക്കും.

## ഏപ്രിൽ 18

"യഹോവയുടെ ദിവസം വരുന്നു..... ഇരുട്ടും അന്ധകാരവുമുള്ളോരു ദിവസം; മേഘവും കൂരിരുട്ടുമുള്ളോരു ദിവസം തന്നെ."

(യോവേൽ 2:1-2)

യേശു നമ്മെ "നിൻെറ രാജ്യം വരേണമേ" എന്ന് പറയുവാൻ പഠിപ്പിച്ചു. അത് നിസാരമായി കണക്കാക്കി പറയുവാനല്ല അവൻ ഉദ്ദേശിക്കുന്നത്. ഇന്ന് അവൻെറ രാജ്യം വരികയാണെങ്കിൽ അനേകർ നിത്യാഗ്നിയിലേക്കു കടക്കുന്ന ദിവസം കൂടിയാണ്. "വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." (മർക്കോസ് 16:16) ക്രിസ്തുവിൽ വിശ്വസിക്കുന്നവർ വളരെ ചെറിയ ഒരു അംശമേയുള്ളു. മററുള്ളവരുടെ നിത്യത എവിടെയായിരിക്കും? നിങ്ങൾ സ്നേഹിക്കുന്നവരിൽ അവൻെറ രാജ്യത്തിൻെറ വരവ് എന്താണ് അർത്ഥമാക്കുന്നത്?

ഒരു മാററം സംഭവിക്കും. ചിലർ വലത്തേയ്ക്കും ചിലർ ഇടത്തേയ്ക്കും മാററപ്പെടും. ചിലപ്പോൾ നിങ്ങളുടെ പ്രീയപ്പെട്ടവർ ഇടത്തായിരിക്കാം കാണപ്പെടുന്നത്. നിങ്ങൾ തുറന്ന മനസ്സോടെ അപ്പോൾ "നിൻെറ രാജ്യം വരേണമേ" എന്നു പറയാനാകുമോ? നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളും മററും അവരുടെ നിത്യത നരകത്തിൽ കഴിച്ചുകൂട്ടുന്നത് നിങ്ങൾക്ക് സമ്മതമാണോ?

"നിൻെറ രാജ്യം വരേണമേ" എന്ന പ്രാർത്ഥന നമ്മെ പഠിപ്പിച്ചത് ഒരു വ്യഗ്രത നമ്മിൽ ഉൾക്കൊള്ളിക്കുവാനാണ്. അവൻെറ രാജ്യത്തിൻെറ വരവും

അതിന് വേണ്ടിയുള്ള ആഗ്രഹവും നമ്മുടെ ചുററും സുവിശേഷം നമ്മുടെ കഴിവിൻെറ പരമാവധി ഉപയോഗിച്ച് പ്രചരിപ്പിക്കേണ്ടതാണ്.

വേദപുസ്തകത്തിൽ പ്രവചനങ്ങളെപ്പററി വിവരിക്കുന്ന പുസ്തകങ്ങളെപ്പററി വളരെ കരുതൽ ഉണ്ടായിരിക്കേണം - ഇരുപത് വർഷങ്ങൾക്കു മുമ്പുള്ളതെല്ലാം സത്യമല്ല എന്ന് തെളിഞ്ഞിട്ടുണ്ട്. ടർക്കിയുടെ മുന്നേററം അവസാന കാലത്താണ് എന്ന് ലൂഥർ വിശ്വസിച്ചിരുന്നു. ദാനിയേലിൻെറ പ്രവചനം പോലെ റോമാസാമ്രാജ്യം പുനസ്ഥാപിക്കുവാൻ വന്നവനാണ് മുസ്സോളിനി എന്ന് വിശ്വസിച്ചിരുന്നു. വെളിപ്പാട് 13:18-ൽ പറയുന്ന 666 എന്ന സംഖ്യയുള്ള മൃഗമായി ഹിററ്ലറിനെ കരുതിയിരുന്നു.

നമ്മിൽ എപ്പോഴും അനാവശ്യമായ ഒരു ആകാംക്ഷ ഉണ്ട്. യറുശലേമിൻെറ കല്ലിന്മേൽ കല്ലു ശേഷിക്കയില്ല (മർക്കോസ് 13:2) എന്ന് യേശു പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് ഇത് എപ്പോൾ എങ്ങനെ സംഭവിക്കും എന്ന് അറിയുവാനായിരുന്നു ആകാംക്ഷ. അല്ലാതെ അബ്രഹാമിനെയോ, മോശയേയോ പോലെ ഈ വിപത്ത് ഉണ്ടാകാതിരിക്കുവാൻ ഇടപെടണം എന്നല്ലായിരുന്നു.

പല സ്ഥലങ്ങളിലും പലരും പരിശുദ്ധാത്മാവ് ലഭിച്ചതിനാൽ വളരെ സന്തോഷമുള്ളവരാണ്. ഈ അനുഗ്രഹം ലഭിക്കുന്നവർ യോവേൽ 2:28,29-ൽ പ്രവചിച്ചിരിക്കുന്നതുപോലെ ആത്മാവിനെ പകരുന്നതോടൊപ്പം മാനവരാശിയുടെ മേൽ അന്തിമ വിധിയും ഉണ്ടാകും എന്നത് മറക്കാതിരിക്കട്ടെ. ആത്മാവ് ലഭിച്ച് ഈ പ്രവചനങ്ങളെ വ്യാഖ്യാനിക്കുവാൻ മാത്രമല്ല അപകടങ്ങളെപ്പററി മുൻകൂട്ടി അറിഞ്ഞുകൊണ്ട് വിപത്തുണ്ടാകും മുമ്പേ അവ തടുക്കുവാനും കഴിവുണ്ടാകേണം. ദൈവത്തിൻെറ ആജ്ഞകൾ മാററപ്പെടുവാൻ വയ്യാത്തവയല്ല.

---

## ഏപ്രിൽ 19

---

"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകുന്നു."

(2തിമൊഥെയോസ് 3:16)

നവീകരണകാലത്ത് തോമസ് മുൺട്സർ ലൂഥറെ "വേദപുസ്തകത്തിലെ അക്ഷരങ്ങളിൽ അമിതമായി പ്രതിപത്തി കാണിക്കുന്ന എഴുത്തുകാരൻ" എന്ന് കളിയാക്കിയിരുന്നു. അദ്ദേഹം ലൂഥർക്ക് "വേദപുസ്തകപ്പുഴു" എന്ന് പേര് നല്കി. "വേദപുസ്തകം ഒരു ലക്ഷം പ്രാവശ്യം വിഴുങ്ങുന്നതിനാൽ ഒരു പ്രയോജനവും ഇല്ല" എന്ന് മുൺടസർ പറയുമായിരുന്നു. പരിശുദ്ധാത്മാവിനെ കൈവരിക്ക എന്നതിനാണ് അദ്ദേഹം പ്രാധാന്യം നല്കിയത്. മുൺട്സറിന് പരിശുദ്ധാത്മാവ് പൂർണ്ണമായും ലഭിച്ചു കഴിഞ്ഞാലും അദ്ദേഹത്തിന് വേദപുസ്തകത്തിൽ പ്രതിപത്തിയില്ലാത്തിടത്തോളം കാലം താൻ അദ്ദേഹം പറയുന്നത് കേൾക്കയില്ല എന്നായിരുന്നു ലൂഥറിൻെറ നിലപാട്.

ഇക്കാര്യത്തിൽ ലൂഥറിൻെറ നിലപാട് ന്യായീകരിക്കാവുന്നതാണ്. വളരെ മുമ്പുതന്നെ വിശുദ്ധ ജറോം ഇപ്രകാരം എഴുതിയിട്ടുണ്ട്. "വേദപുസ്തകം

അറിയാതിരിക്കുന്നത് യേശുവിനെ അറിയാതിരിക്കുന്നതിന് തുല്യമാണ്. വേദപുസ്തകത്തിൽ നല്ല പരിജ്ഞാനം ഉള്ള വ്യക്തി സഭയുടെ നട്ടെല്ലായിരിക്കും."

ഇപ്രകാരം ആത്മാവിനാൽ നയിക്കപ്പെടുന്നതോ അതോ വേദപുസ്തകത്തിൽ നയിക്കപ്പെടുന്നതോ എന്ന വാഗ്വാദം ഒരർത്ഥത്തിൽ കൃത്രിമമാണ്. കാരണം ആത്മാവിനാൽ പ്രചോദിതരായവർ വേദപുസ്തകത്തിനോട് പ്രത്യേക പ്രതിപത്തികാണിക്കയും "അത് സ്വയം സാക്ഷ്യപ്പെടുത്തപ്പെട്ടതും അതോടൊപ്പം അതിൻേറതായ തെളിവുകൾ ഉള്ളതും ആണ്'" (കാൽവിൽ) എന്ന് മനസ്സിലാക്കയും ചെയ്യുന്നു.

ഒരു വ്യക്തിക്ക് തൻെറ വാക്കുകളും പ്രവൃത്തികളും ശരിയായും പരിശുദ്ധാത്മാവിനാൽ പ്രേരിതം ആണ് എന്ന് തെളിയിക്കേണ്ടിവരും. എന്നാൽ വേദപുസ്തകത്തിന് അത്തരം തെളിവുകളുടേയോ ബുദ്ധിപരമായ പ്രാവർത്തികതയുടെയോ ആവശ്യമില്ല. അത് ദൈവത്തിൽ നിന്നും നേരിട്ടുലഭിച്ചിട്ടുള്ളതാണ്. അത് മാനുഷീകമായ വിധിന്യായങ്ങൾക്ക് അതീതമാണ്. നിങ്ങൾ വിശ്വാസപൂർവ്വം വേദപുസ്തകം വായിക്കുമ്പോൾ, അതിലെ വാക്കുകൾ നിങ്ങൾക്ക് ദൈവത്തെ കാട്ടിത്തരുന്നു. തെളിവുകൾ മൂലം ശരിയാണ് എന്ന് കാണുന്നു എന്ന കാരണത്താൽ മാത്രം വേദപുസ്തകത്തിൽ വിശ്വസിക്കുന്നത് ശരിയല്ല. നാം ദൈവത്തിൻെറ വചനത്തെ വിലയിരുത്തുകയല്ല അത് നമ്മെ വിലയിരുത്തുകയത്രെ ചെയ്യുന്നത്. അത് അജയ്യമായ സത്യം ആകുന്നു. ക്രിസ്ത്യാനികൾ അതിന് പൂർണ്ണമായും വിധേയരായിരിക്കുന്നു. അതിൻെറ ഏതെങ്കിലും ഭാഗത്തു നിന്നും നമ്മെ മാററിക്കളയാൻ നാം യാതൊരു ആത്മാവിനും ഇടം കൊടുക്കരുത്.

---

## ഏപ്രിൽ 20

---

"ആദ്യം യഹൂദന്" (റോമർ 1:16)

"യഹൂദന്മാരെപ്പോലെ പകയുള്ളതും രക്തദാഹികളുമായ ജനങ്ങളുടെമേൽ സൂര്യൻ ഒരിക്കലും പ്രകാശം ചൊരിഞ്ഞിട്ടുണ്ടാകയില്ല. ഇവർ അവിശ്വാസികളെ കൊല്ലുവാൻ ആഗ്രഹിക്കുന്നവരാണ്. സൂര്യനു കീഴെ മറെറാരു ജനതയും ഇത്രയും അത്യാഗ്രഹികൾ ആയിരുന്നിട്ടില്ല. ഇനിയും ആകയും ഇല്ല — ഇത് അവരുടെ ശപിക്കപ്പെട്ട സ്വഭാവം വെളിപ്പെടുത്തുന്നു."

ഇത് മാർട്ടിൻ ലൂഥറിൻെറ വാക്കുകളാണ്. ഇതേപോലെ പല ഉന്നതരായ ക്രിസ്ത്യാനികൾ, പോപ്പ്, പുരോഹിതന്മാർ മുതലായവർ എഴുതിയിട്ടുണ്ട്.

എന്നാൽ ഈ ചിന്താഗതി വെറും വാക്കുകളായി മാറിയിരിക്കയാണ്. ഇത്രയും നീചർ എന്ന് വിവരിച്ചിരിക്കുന്ന യഹൂദന്മാരെ ക്രിസ്ത്യാനികൾ എന്ന് പറയുന്നവർ നൂററാണ്ടുകളായി കൊല ചെയ്യുകയാണ്. ഹിററ്ലറിൻെറ പ്രാഥമിക വിദ്യഭ്യാസം ഒരു കത്തോലിക്കാ സ്കൂളിലായിരുന്നു. അവൻ യഹൂദന്മാരെ, ദൈവത്തെ കുലചെയ്തവർ എന്നു പറയുന്ന കഥ പലവട്ടം കേട്ടുകാണും. അന്യായമായി വിദ്വേഷിക്കപ്പെട്ട യഹൂദന്മാർ ക്രിസ്തുവിൽ

വിശ്വസിക്കാത്തതിൽ അത്ഭുതപ്പെടാനില്ല.

എന്നാൽ വേദപുസ്തകം പറയുന്നത് യഹൂദന്മാർ ലോകത്തിന് ജഡപ്രകാരമുള്ള ദൈവപുത്രനെ നല്കി എന്നാണ്. (റോമർ 9:5)

ഒരു കാററത്ത് നടന്നു പൊയ്ക്കൊണ്ടിരുന്ന ഒരു യാത്രക്കാരൻ കോട്ട് തൻെറ ദേഹത്തോട് വളരെ മുറുക്കെ പിടിച്ചു. സൂര്യൻ തൻെറ ചൂടും വെളിച്ചവുമായി പ്രത്യക്ഷപ്പെട്ടപ്പോഠം അയാഠം തൻെറ കോട്ട് ഊരിമാററി. ആർദ്രമായ ക്രിസ്തീയ സ്നേഹത്തിനുമാത്രമേ വഴിതെററിപ്പോയ, ദൈവം തിരഞ്ഞെടുത്ത തൻെറ ജനത്തിൻെറ തെററിദ്ധാരണകഠം മാററി യേശുവിനെ രക്ഷകനായി സ്വീകരിക്കുവാൻ സഹായിക്കാൻ കഴികയുള്ളു. ക്രിസ്ത്യാനികളായ നാം നീതി സൂര്യൻെറ വെളിച്ചവും സ്നേഹവും നമ്മിൽ കൂടി പ്രതിബിംബിപ്പിക്കാം.

---

## ഏപ്രിൽ 21

---

"ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക." (പുറപ്പാട് 20:8)

ബിസിനസ്സുകാർ പലരും തങ്ങളുടെ ജീവിതത്തിൻെറ ഏറിയ പങ്കും ധനം ആർജ്ജിക്കുവാനുള്ള തീവ്രശ്രമങ്ങളിൽ ചെലവഴിക്കുന്നു. ഇപ്രകാരമുണ്ടാക്കുന്ന പണത്തിൻെറ ഏറിയ പങ്കും അവർക്കാവശ്യമില്ലാത്തതാണ് (തെളിവിന് അവരുടെ ബാങ്കു നിക്ഷേപങ്ങഠം ആണ്.) ഈ നിക്ഷേപങ്ങഠം തങ്ങഠംക്കാവശ്യമില്ലാത്ത സാധനങ്ങഠം വാങ്ങിച്ച് തങ്ങഠംക്കിഷ്ടമില്ലാത്ത ആളുകളുടെ മുമ്പിൽ തങ്ങളുടെ ധാർഷ്ട്യം കാണിക്കുവാനായി ചെലവഴിക്കുന്നു.

ഇപ്രകാരം ധനം ആർജ്ജിക്കുന്നതിന് തീവ്രശ്രമം നടത്തുന്നതിൻെറ പ്രയോജനം എന്താണ്?

ദൈവത്തിൻെറ നിയമങ്ങളിൽ സുപ്രധാനമായ ഒന്നാണ് വിശ്രമത്തിനായുള്ള ദിവസം നിശ്ചയിച്ചുകൊണ്ടുള്ള കല്പന. ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. പണത്തിനു പുറകെ അലഞ്ഞോടുന്നത് നിർത്തുക. നേട്ടങ്ങഠംക്കായുള്ള അവിരാമശ്രമത്തിന് കടിഞ്ഞാണിടുക. നിങ്ങളുടെ പ്രവർത്തനങ്ങളും മീററിംഗുകളും നിർത്തിവെക്കുക. ജീവിതത്തിൻെറ ഭാരങ്ങഠം കുറയ്ക്കുക. മാറിവന്ന് വിശ്രമിക്കുക.

ദൈവത്തിൻെറ സംവിധാനങ്ങളിൽ ഏററവും പഴക്കമുള്ള ഒന്നാണ് ശബ്ബത്ത്. പുറജാതികഠംക്കുപോലും ശബ്ബത്തിൻെറ പ്രാധാന്യത്തെപ്പററി അറിയാം — ഒരു പക്ഷേ അവർക്ക് അത് ആദാമിൽ നിന്നും ലഭിച്ചതായിരിക്കാം. നിങ്ങളുടെ ജോലിയിൽ നിന്നും അല്പസമയം വിശ്രമിക്കുക. തൻെറ പിരിഞ്ഞുമുറുകിയ ദിനചര്യകളിൽ നിന്നും ആശ്വാസം നേടുന്നതിനായി സോക്രട്ടീസ് കുട്ടികളുടെ കൂടെ കളിക്കുവാൻ പോകുമായിരുന്നു. ജസ്യൂട്ട് വിഭാഗത്തിൻെറ പഴയ ആചാര മുറയനുസരിച്ച് രണ്ടു മണിക്കൂർ പഠനത്തിനുശേഷം പതിനഞ്ച് മിനിററ് വിശ്രമത്തിനായോ മറെറന്തെങ്കിലും ചെയ്യുന്നതിനായോ മാററിവച്ചിരുന്നു. കർദ്ദിനാഠം റിച്ചെല്യു വിശ്രമിക്കുന്നതിനായി ഏതെങ്കിലും കസർത്തുകഠം ചെയ്യുമായിരുന്നു. തൻെറ വേലക്കാരനോടൊപ്പം ഹൈജംമ്പ്

നടത്തുകയായിരുന്നു അവയിൽ മുഖ്യം.

കൂടുതൽ പണം ആർജ്ജിക്കുവാനുള്ള ആശ നിങ്ങളെ വിഴുങ്ങിക്കളയാൻ അനുവദിക്കരുത്. നിങ്ങളുടെ വരുമാനം വർദ്ധിക്കുന്നതു മൂലം നിങ്ങളുടെ ചിന്താകുലങ്ങളും വർദ്ധിക്കുന്നു എങ്കിൽ അപ്രകാരമുള്ള വരുമാന വർദ്ധനവ് ഒഴിവാക്കുക. ശബ്ബത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ സമയം കണ്ടെത്തുക. വിശ്രമിക്കുക. ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.'' (മത്തായി 11:28) നീ വിശ്രമിക്കുമ്പോൾ ''യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയില്ല.'' (സങ്കീർത്തനങ്ങൾ 121:4)

---

## ഏപ്രിൽ 22

---

''ഹേ മരണമേ, നിന്റെ ജയം എവിടെ?'' (1കൊരിന്ത്യർ 15:55)

ഭൗതിക വാദികളുടെ തത്വമനുസരിച്ച് മരണത്തോടുകൂടി ഒരു വ്യക്തി പൂർണ്ണമായും ഇല്ലാതാകുന്നു. ഇത് ശാസ്ത്രത്തിലെ മൂലക്കല്ലായ ഊർജ്ജസ്ഥായിത തത്വത്തിനെതിരാണ്. എന്റെ ശരീരം നിർമ്മിതമായിരിക്കുന്ന അണുവിൽ (ആററം) ഉൾക്കൊണ്ടിരിക്കുന്ന ഊർജ്ജം മരണത്തോടുകൂടി അപ്രത്യക്ഷമാവുന്നില്ല. ശരീരം നശിക്കുമ്പോൾ ഈ ഊർജ്ജം മററ് വല്ലതുമായി ചേരുന്നു. എനിക്ക് ഉണ്ടായിരുന്ന ഊർജ്ജത്തിന്റെ കലോറി നഷ്ടമാകുന്നില്ല. അത് പ്രപഞ്ചത്തിലെ സ്ഥിരമായ ഊർജ്ജത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. ഒരു സ്ററൗ തണുക്കുമ്പോൾ അതിനുണ്ടായിരുന്ന ചൂട് മുറിയിലേക്ക് വ്യാപിക്കുന്നു. ഇതേപോലെ തന്നെയാണ് എന്റെ ശരീരവും തണുത്ത് ശവമാകുമ്പോൾ സംഭവിക്കുന്നത്.

ഇതേപോലെ എനിക്ക് ആത്മീയ ഊർജ്ജവും ഉണ്ട്. എന്റെ ഇച്ഛാശക്തി, വികാരങ്ങൾ, മനസാക്ഷി മുതലായവ. ഈ പ്രപഞ്ചത്തിൽ അപ്രത്യക്ഷമാകുന്ന ഊർജ്ജത്തെപ്പററി നമുക്ക് അറിയുവാൻ കഴിയുന്നില്ല. ആത്മീയ ഊർജ്ജവും ഇതിൽ നിന്ന് വ്യത്യസ്തമാണ് എന്നതിൽ തെളിവില്ല. മരണത്തിന് അതിന് പുതിയ ഒരു രൂപ ഭാവം ഉണ്ടാക്കാം, പക്ഷേ ഒരിക്കലും നശിപ്പിക്കാൻ പററില്ല.

വിഖ്യാതനായ ഭൗതിക ശാസ്ത്രജ്ഞൻ മാക്സ്വെൽ എഴുതി:- ''ശാസ്ത്രത്തിന്റെ പുരോഗതി നശിച്ചുപോകുന്ന മനുഷ്യശരീരത്തേയും നമ്മുടെ അന്തരാത്മാവായ സ്വയത്തെയും തമ്മിൽ വേർതിരിച്ചുകാണുവാനും, നമ്മുടെ ആത്മാവ് ശാസ്ത്രത്തിന്റെ സീമകൾക്ക് അതീതമാണ് എന്ന് മനസ്സിലാക്കുവാനും നമ്മെ പ്രേരിപ്പിക്കുവാൻ പര്യാപ്തമാണ്.'' നാം ജീവനോട് ഇരിക്കുമ്പോൾ മനസ്സും തലച്ചോറും ബന്ധിതമായതിനാൽ മരണശേഷം നമ്മുടെ മനസ്സ് തലച്ചോറിന്റെ പ്രവർത്തനത്തിൽ നിന്നും വിട്ട് സ്വയമായി ഒരു നിലനില്പ് കൈവരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിവില്ലാത്തത് മരണശേഷം മനുഷ്യമനസ്സ് ഇല്ലാതെയാകുന്നു എന്ന്

തെളിയിക്കുന്നില്ല.

ജർമ്മൻ എഴുത്തുകാരൻ ഗ്വയ്ഥേ പറഞ്ഞു ''നാം നിത്യമായി ജീവിക്കുന്നു എന്ന എൻെറ വിശ്വാസം നമ്മുടെ പ്രവർത്തനങ്ങളിൽ നിന്നും വെളിപ്പെട്ടതാണ്. ഞാൻ അന്ത്യം വരെ ഊർജ്ജസ്വലതയോടെ ഇരിക്കുന്നെങ്കിൽ, എൻെറ ശരീരത്തിന് എൻെറ ആത്മാവിനെ താങ്ങുവാൻ ബുദ്ധിമുട്ടായി തോന്നുന്നു എങ്കിൽ പ്രകൃതി എനിക്ക് വേറെ ഏതെങ്കിലും തരത്തിലുള്ള നിലനില്പ് തരുവാൻ ബാദ്ധ്യസ്ഥമാകുന്നു.''

മരണത്തെപ്പററി ചിന്തിച്ച് വിഷമിക്കാതെ നിങ്ങളുടെ വേല ഉത്സാഹത്തോടെ തുടരുക. ദൈവം നിങ്ങളുടെ ഇപ്പോഴത്തെ വേലയ്ക്കായിട്ടാണ് ഈ ശരീരം നല്കിയിരിക്കുന്നത്. നിങ്ങളുടെ വേല അവനെ സന്തോഷിപ്പിക്കുമ്പോഠം അവൻ നിങ്ങഠംക്ക് വേറൊരു ജീവൻ നല്കാൻ ബാദ്ധ്യസ്ഥനാണ്.

---

## ഏപ്രിൽ 23

---

''അഞ്ചൂറിൽ ഒന്ന് യഹോവയുടെ ഓഹരിയായി വാങ്ങേണം.''

(സംഖ്യാപുസ്തകം 31:28)

സംഖ്യാപുസ്തകം 31-ാം അദ്ധ്യായത്തിൽ ദൈവം മിദ്യാന്യർക്കെതിരെ യഹൂദന്മാർക്ക് ഒരു വൻ വിജയം നല്കിക്കൊടുക്കുന്നതിനെപ്പററി വിവരിക്കുന്നു. യഹൂദർക്ക് വളരെയധികം പണം ഈ യുദ്ധവിജയത്തിൽ നിന്നും കിട്ടി. ദേവാലയത്തിലേക്ക് അതിൻെറ അഞ്ചൂറിൽ ഒരു ഭാഗം നല്കാൻ ദൈവം അവരോട് കല്പിക്കുന്നു. ദൈവം വളരെ എളിമയുള്ളവനാണ്. പലപ്പോഴും അവൻ വളരെ കുറച്ചു മാത്രമേ ആവശ്യപ്പെടുന്നുള്ളു.

ദൈവപുത്രൻ മനുഷ്യരൂപം പൂണ്ടപ്പോഠം തൻെറ ജന്മസ്ഥലമായി തെരഞ്ഞെടുത്തത് ഒരു പുൽക്കൂടാണ്. ക്രൂശിലെ മരണവും അവൻ സ്വയം തിരഞ്ഞെടുത്തതുതന്നെ.

വെറുക്കപ്പെടുന്നവരായ പന്ത്രണ്ടു മനുഷ്യരെ ആണ് അവൻ ശിഷ്യന്മാരായി സ്വീകരിച്ചത് (1കൊരിന്ത്യർ 1:28). അവൻ ലോകം ക്രൂരന്മാരാൽ ഭരിക്കപ്പെടുവാനും, അവൻ സ്വയം ചെറിയ ആട്ടിൻ കൂട്ടത്തെ മാത്രം വയ്ക്കുവാനും അനുവദിച്ചിട്ടുണ്ട്. ദുഷ്ടന്മാർ വിജയിക്കുമ്പോഠം ക്രിസ്ത്യാനികഠം കഷ്ടതകഠം അനുഭവിക്കുന്നു.

''ദൈവം ഇപ്രകാരം എളിമ സ്വീകരിക്കുന്നത് എന്തിനാണ്?'' എന്ന് നിങ്ങഠം ചോദിച്ചേക്കാം. സൃഷ്ടാവിനെ ചോദ്യം ചെയ്യുന്നത് പാപമാണ്. എന്തിനാണ് എന്ന് ചോദിക്കാതെ എളിമയുള്ള നിൻെറ ദൈവത്തിന് സമീപം നിൻെറ എളിമയുള്ള ഇരിപ്പിടം സ്വീകരിക്കുക.

ക്രിസ്തുവിൻെറ സ·യും ശരിയായ ക്രിസ്ത്യാനികളും ഒരിക്കലും വലിയ നേട്ടങ്ങളെപ്പററി വീമ്പിളക്കുന്നില്ല. അവൻെറ രാജ്യം ലൗകീകമല്ല. ഇവിടെ വലിയ നേട്ടങ്ങഠം ഏകാധിപതികഠംക്കും തെമ്മാടികഠംക്കുമാണ്. ഈ ലോകത്തിൽ ദൈവത്തിൻെറ നേട്ടങ്ങഠം എപ്പോഴും എളിയവയാണ്. കാരണം അവൻെറ വിജയം

ആത്മാവിന്മേലാകുന്നു.

നിങ്ങളുടെ എളിയ നേട്ടങ്ങളെപ്പററി സന്തുഷ്ടരായിരിപ്പിൻ.

## ഏപ്രിൽ 24

"നിൻെറ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുളള ദൈവമാകുന്നു" (പുറപ്പാട് 20:5)

വാൻഗോഗ് എന്ന് വിഖ്യാതനായ ചിത്രകാരൻ രോഗിയായിരുന്നപ്പോൾ തൻെറ സഹോദരന് എഴുതി "എനിക്ക് രോഗങ്ങൾ ഇല്ല എന്ന് ഭാവിക്കും എന്ന് എന്നോടുതന്നെ ഞാൻ വാഗ്ദാനം ചെയ്തിരുന്നു. കല അസൂയാലുവാണ്. അവൾ നാം രോഗിയായിരിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. അതിനാൽ ഞാൻ അവളുടെ ഇഷ്ടം പ്രവർത്തിക്കുന്നു. വളരെയധികം സമയം നഷ്ടമായിട്ടുണ്ട്. എൻെറ കൈകളും വളരെ വിളറിയതായി. എന്നെപ്പോലെയുളളവർക്ക് രോഗിയാകുവാനോ അധികം സംസാരിക്കുവാനോ പററില്ല. അതിനാൽ ഞാൻ എന്നും പ്രഭാതം മുതൽ പ്രദോഷം വരെ ചിത്രരചനയിൽ ഏർപ്പെട്ടിരിക്കുന്നു."

നമ്മുടെ ദൈവം കലയെപ്പോലെ പകയുളളവനാണ്. നമ്മുടെ പ്രശ്നങ്ങൾ, നിരാശകൾ, വീഴ്ചകൾ, മാനസിക രോഗങ്ങൾ ഇവ ഒന്നിൽ നിന്നും നാം ഒളിച്ച് ഓടുന്നത് അവന് ഇഷ്ടമുളളതല്ല. ക്രിസ്ത്യാനികൾ രോഗികളാണ് എന്ന വ്യാജേന തങ്ങളുടെ ജോലിയിൽ നിന്നും ഒഴിഞ്ഞു മാറുന്നത് അനുവദനീയമല്ല. ഒരു ആത്മീക രോഗവും ഉണ്ടാകാൻ പാടില്ല.

മൈക്കലാഞ്ചലോ ഒരു പ്രതിമ ഉണ്ടാക്കുന്നത് നോക്കിക്കൊണ്ടിരുന്ന ഒരുവൻ ചോദിച്ചു: "നിങ്ങളുടെ ഉളി ആ മൂക്കിൻെറ ഭാഗം അല്പം കൂടുതലായി പൊട്ടിച്ചു എങ്കിൽ നിങ്ങൾ എന്തുചെയ്യും?"

മൈക്കലാഞ്ചലോ പറഞ്ഞു: "അങ്ങനെ സംഭവിക്കത്തില്ല." ആ മനുഷ്യൻ വീണ്ടും പറഞ്ഞു: " അങ്ങനെ സംഭവിച്ചുപോയാൽ നിങ്ങളുടെ കയ്യിൽ നിന്നും വന്ന ആ തെററ് പരിഹരിക്കാൻ പററുമോ?" അദ്ദേഹം വീണ്ടും പറഞ്ഞു: "അങ്ങനെ സംഭവിക്കത്തില്ല." ആ മനുഷ്യന് അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. "അങ്ങനെ സംഭവിച്ചെങ്കിൽ?" എന്ന് വീണ്ടും പറഞ്ഞു.

മൈക്കലാഞ്ചലോ കോപത്തോട് അലറികൊണ്ടു പറഞ്ഞു: "നിർത്തൂ! എന്നെ എൻെറ വഴിക്ക് വിട്ടേക്കൂ. അങ്ങനെ സംഭവിക്കത്തില്ല!"

"അവനിൽ (യേശു) വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല." (യോഹന്നാൻ 3:6) കാരണം യേശു ഒരിക്കലും പാപം നിമിത്തമോ പ്രശ്നങ്ങൾ നിമിത്തമോ നാം തൻെറ വിളി ഉപേക്ഷിച്ച് പോകുവാൻ അനുവദിക്കയില്ല. അവൻ ദൈവത്തിൻെറ പാതയിൽകൂടി യാത്ര തുടരും. ദൈവം പകയുളളവനാണ്. അവൻ അറിഞ്ഞുകൊണ്ട് നാം പാപ ചേററിലും, ദുഃഖങ്ങളിലും, അലസതയിലും കഴിയുന്നത് അനുവദിക്കയില്ല.

# ഏപ്രിൽ 25

''ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുററും നില്ക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോട് ഓടുക''

(എബ്രായർ 12:1)

ക്യൂബയിലെ ഒരു ക്രിസ്ത്യൻ തടവുകാരനോട് മററ് വിശ്വാസികൾക്കെതിരെ അവരെ അറസ്ററ് ചെയ്യുവാനുതകുന്ന കുററാരോപണങ്ങളിൽ ഒപ്പിടുവാൻ ആവശ്യപ്പെട്ടു. അവൻ മറുപടി പറഞ്ഞു: ''ചങ്ങല നിമിത്തം എനിക്ക് ഒപ്പിടാനാവില്ല.'' കമ്മ്യൂണിസ്ററ് ഓഫീസർ അത്ഭുതപ്പെട്ടു. ''നിന്നെ ചങ്ങലകൊണ്ട് ബന്ധിച്ചിട്ടില്ലല്ലോ?'' ''ഞാൻ ചങ്ങലയാൽ ബന്ധിതനാണ്'' ക്രിസ്ത്യാനി മറുപടി പറഞ്ഞു. ''ക്രിസ്തുവിനായി നൂററാണ്ടുകളായി ജീവൻ അർപ്പിച്ചവരുടെ സാക്ഷ്യങ്ങളാൽ ഞാൻ ബന്ധിതനാണ്. ഞാനും ഈ ചങ്ങലയിലെ ഒരു കണ്ണിയാണ്. ഞാൻ അത് പൊട്ടിക്കയില്ല.''

രക്തസാക്ഷിത്വം യഥാർത്ഥ സ്നേഹത്തിൻെറ ഏററവും വലിയ തെളിവാണ് എന്ന് പ്രസ്താവിച്ച തോമസ് അക്വിനാസ് ഇപ്രകാരം പറയുന്നു ''അധികാരികൾക്കു മുമ്പിൽ രക്തസാക്ഷികൾ പറഞ്ഞിട്ടുള്ള വാക്കുകൾ മനുഷ്യരുടെ വാക്കുകൾ അല്ല; അത് മനുഷ്യമനസ്സിൻെറ ധാരണയുടെ ആവിഷ്കാരവുമല്ല. ഈ വാക്കുകൾ യേശുവിനെ ഏററു പറയുന്നവരിൽകൂടി പരിശുദ്ധാത്മാവിൻെറ വചനങ്ങളാണ്.''

രക്തസാക്ഷികളിൽ നിന്നും നമുക്ക് പലതും പഠിക്കുവാനുണ്ട്. നിങ്ങളും ചങ്ങലയിലെ ഒരു കണ്ണിയാണ്. വിശ്വസ്തരായിരിക്ക.

തൻെറ വിശ്വാസത്തിൻെറ പേരിൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ട നിജോൾ സാഡുനെയ്ററ് എന്ന ക്രിസ്ത്യൻ യുവതി ലിത്തുനിയയിലെ ഒരു കോടതിയിൽ ഇപ്രകാരം പ്രസ്താവിച്ചു:- ''ഇത് എൻെറ ജീവിതത്തിലെ ഏററവും സന്തോഷകരമായ ദിനം ആണ്. മനുഷ്യരോട് എനിക്കുള്ള സത്യത്തിൻെറയും സ്നേഹത്തിൻെറയും പേരിലാണ് എന്നെ വിസ്തരിച്ചത്. എനിക്ക് അസൂയാർഹമായ വിധിയും മഹത്വപൂർണ്ണമായ അവകാശവും ഉണ്ട്. എൻെറ ശിക്ഷാവിധി എൻെറ വിജയം ആയിരിക്കും. എനിക്ക് മനുഷ്യർക്കായി കുറച്ചുമാത്രമേ ചെയ്യുവാൻ കഴിഞ്ഞുള്ളല്ലോ എന്ന സങ്കടം ഉണ്ട്. നമുക്ക് അന്യോന്യം സ്നേഹത്തിലും സന്തോഷത്തിലും വസിക്കാം. നാം തിന്മയെ ദ്വേഷിച്ച് തെററിൽ വസിക്കുന്നവനെങ്കിലും മനുഷ്യരെ സ്നേഹിക്കണം. ഇത് നിങ്ങൾക്ക് യേശുവിങ്കൽ നിന്നുമാത്രമേ പഠിക്കുവാൻ കഴികയുള്ളു.''

ക്രിസ്തുവിനായി കഷ്ടതയനുഭവിക്കുന്ന ഒരു വ്യക്തിയിൽ കൂടി പരിശുദ്ധാത്മാവ് നൽകുന്ന ഒരു പാഠം ആണ് ഇത്. ഇത് നിൻെറ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

## ഏപ്രിൽ 26

"ആത്മാവിൻെറ ഫലമോ സ്നേഹം..... ഈ വകെയ്ക്കു വിരോധമായി ഒരു ന്യായ പ്രമാണവുമില്ല." (ഗലാത്യർ 5:22,23)

**ലോകത്തിൻെറ മൂന്നിൽ ഒന്നിൽ കൂടുതൽ കമ്മ്യൂണിസ്ററ് അധീനതയിലാണ്. കമ്മ്യൂണിസത്തിൻെറ ഒരു ലക്ഷ്യം മതത്തിൻെറ സമൂല നാശം വരുത്തുക എന്നതാണ്. കമ്മ്യൂണിസ്ററ് അധീനതയിലുള്ള രാജ്യങ്ങളിലേക്ക് വേദപുസ്തകങ്ങൾ ഒളിച്ചുകടത്തണം. ക്രിസ്ത്യാനികൾ ചിലപ്പോൾ നിയമ വിരുദ്ധമായതും സാധാരണ അംഗീകരിച്ചിരിക്കുന്ന ധാർമ്മിക നിലവാരത്തിന് എതിരായ പ്രവർത്തികളും ചെയ്യും.**

**ദൈവം ദേവാലയത്തിലെ നിയമപ്പെട്ടകത്തിൻെറ മുകളിലുള്ള ദൂതന്മാരുടെ ഇടയിൽ നിന്നും സംസാരിക്കും എന്ന് യഹൂദാ പുരോഹിതന്മാർക്ക് ദൈവത്തിൻെറ വാഗ്ദാനം ഉണ്ടായിരുന്നു. അത് അവർക്ക് സുരക്ഷിതമായി തോന്നി. മശിഹാ മുൻകൂട്ടി അറിയിപ്പില്ലാതെ വരികയില്ല. വിദേശരാജ്യത്തെ ഒരു ഭരണാധികാരിയും മുന്നറിയിപ്പു നല്കാതെ മററൊരു രാജ്യവും സന്ദർശിക്കാറില്ല. അങ്ങനെ റോമൻ ഭരണാധികാരിക്കും യഹൂദന്മാരുടെ രാജാവ് ലോകത്തിൽ വരുന്നത് തൻെറ അറിവോടുകൂടിയല്ലാതെ ആകുകയില്ലന്ന് നിശ്ചയം ഉണ്ടായിരുന്നു.**

**അങ്ങനെ ഒരു രാത്രിയിൽ ജീവശാസ്ത്ര നിയമങ്ങൾക്കും, അംഗീകരിക്കപ്പെട്ട ധാർമ്മിക നിലവാരങ്ങൾക്കും എതിരായി ഒരു കന്യകയുടെ വയററിൽ കിടന്ന് ഒരു കുട്ടിയായി ലോകത്തിൻെറ വെളിച്ചം പാലസ്ററീനിൽ ഒളിച്ചു കടത്തപ്പെട്ടു.**

**പിന്നീട് അവൻ ക്രൂശിക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ടു. അധികാരികൾ അവൻെറ കല്ലറയ്ക്കൽ മുദ്രവെയ്ക്കുകയും ചെയ്തു. ആരും ഗവൺമെൻറിൻെറ മുദ്രപൊട്ടിക്കയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. മാലാഖമാർ ഭൂമിയിലെ നിയമം പാലിക്കാൻ ബാദ്ധ്യസ്ഥരല്ല. ഒരു ദൂതൻ ആ കല്ല് അങ്ങ് ഉരുട്ടിമാററി. അവൻ അതിൻെറ മുദ്രയെ കാര്യമാക്കിയില്ല.**

**ഒരിക്കൽ അധികാരികൾ കല്ലറയ്ക്ക് മുദ്രവെച്ചതുകൊണ്ട് നാം യേശുവിനോട് നിയമങ്ങൾക്കു വിധേയനായി കല്ലറയ്ക്കുള്ളിൽ കഴിയുവാൻ പറയുമായിരുന്നോ? യേശു അവനെ വീണ്ടും കല്ലറയിൽ നിന്നും ജീവിതത്തിലേക്ക് "കള്ളക്കടത്ത്" നടത്തി.**

**ചിലരുടെ അഭിപ്രായത്തിൽ നാം കമ്മ്യൂണിസ്ററ് സ്വേച്ഛാധിപതികളുടെ നിയമങ്ങളെ ഭേദിക്കരുത് എന്നാണ്. യേശു ഗുരുത്വാകർഷണം നിയമം "ഭേദിച്ചു" സ്വർഗ്ഗത്തിലേക്കു കയറിപ്പോയി.**

**അഗസ്ററിൻ എല്ലാ നിലവാരങ്ങളിലും ചുററുപാടുകളിലേക്കും ഉതകുന്ന ഉപദേശം നല്കിയിട്ടുണ്ട്—"സ്നേഹിക്കുക, നിൻെറ ഹിതം പോലെ പ്രവർത്തിക്കുക."**

# ഏപ്രിൽ 27

"കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ" (എഫെസ്യർ 4:26)

അനാറെറാലി ക്രാസ്നോവ്-ലെവിററിൻ എന്ന റഷ്യൻ സാഹിത്യകാരൻെറ വാക്കുകൾ ശ്രദ്ധാർഹമാണ്.

"സ്നേഹവും കോപവും സഹോദരികളാണ്. കോപം ഇല്ലാത്തിടത്ത് സ്നേഹവും ഇല്ല. പുരാതന കാലത്തെ പ്രവാചകന്മാരുടെ വാക്കുകൾ കാഠിന്യം നിറഞ്ഞതായിരുന്നു; കാരണം അവരുടെ ഹൃദയത്തിൽ അവർക്ക് തങ്ങളുടെ ജനതയോട് അതിശക്തമായ സ്നേഹം ഉണ്ടായിരുന്നു. ഈ ക്രോധം തങ്ങളുടെ ജനതയുടെ പീഢകന്മാരോട് മാത്രമല്ല, സത്യത്തിൻെറ മാർഗ്ഗം വിട്ടുനടക്കുന്ന സ്വന്തം ജനതയോടും അവർ പ്രകടമാക്കി. പരീശന്മാരേയും ശാസ്ത്രിമാരേയും വീക്ഷിച്ച ക്രിസ്തുവിൻെറ വാക്കുകളിലും ഈ കാഠിന്യം മുററി നില്ക്കുന്നതായി കാണാം." പാപങ്ങൾക്കെതിരായി ക്രോധവും കോപവും ഇല്ലാത്തവർ ക്രൈസ്തവരോ മാനുഷീകമോ ആയ വികാരം ഇല്ലാത്തവർ ആണ്.

കുററം കാട്ടുന്നവരോട് ദയ പ്രകടിപ്പിക്കുന്നത് എപ്പോഴും ബുദ്ധിപൂർവ്വമായ സമീപനം ആയിരിക്കയില്ല. അബ്ശലോം ഒരു കുററം ചെയ്തു. അവൻ തൻെറ സഹോദരൻ അമ്നോനെ കൊലപ്പെടുത്തുവാൻ തൻെറ ബാല്യക്കാരെ ഏർപ്പാടുചെയ്തു. (2 ശമുവേൽ 13:28) ഈ കൊലപാതകത്തിനുശേഷം ദാവീദു രാജാവിൻെറ മുമ്പിൽ നിന്നും അബ്ശാലോം ഓടി രക്ഷപ്പെട്ടു. ന്യായാധിപനായ രാജാവിനാൽ കുററം വിധിക്കപ്പെട്ടിട്ടില്ലാത്ത ഒരു വ്യക്തിയെ കൊലപ്പെടുത്തുന്നതിനായി നിയമം കയ്യിലെടുത്ത ഒരുവന് തക്കതായ ശിക്ഷയായിരുന്നു നാടുകടത്തൽ. അബ്ശാലോം സ്വയം തിരഞ്ഞെടുത്ത ആ ശിക്ഷ അനുഭവിക്കുവാൻ അവനെ അനുവദിക്കേണ്ടതായിരുന്നു.

എന്നാൽ അനുതപിക്കുവാനോ കുററം ഏററുപറയുവാനോ തയ്യാറാകാതിരുന്ന ആ കുററവാളിക്ക് ദാവീദ് രാജാവ് തെററായ ഉപദേശങ്ങൾക്കു വശംവദനായി മാപ്പു പ്രഖ്യാപിച്ചു. ഫലമോ അബ്ശലോം വീണ്ടും യെരുശലേമിൽ വന്ന് ശക്തിപ്രാപിച്ച് തൻെറ പിതാവായ ദാവീദ് രാജാവിനെതിരായി ഒരു രക്ത രൂക്ഷിത വിപ്ളവം നടത്തി. തന്മൂലം അനേകം നിരപരാധികൾ കൊല്ലപ്പെടുകയും അനേകർ ദുഃഖിക്കേണ്ടിവരികയും ചെയ്തു. ദാവീദ് രാജാവ് കുററവാളിയോട് സഹതാപം പ്രകടിപ്പിക്കുന്നതിന് പകരം കോപം പ്രകടിപ്പിച്ചിരുന്നു എങ്കിൽ ഇതെല്ലാം ഒഴിവാക്കാമായിരുന്നു.

യേശു തങ്ങളുടെ പാപങ്ങൾക്കായി ജീവൻ കൊടുത്തു എന്ന് വിശ്വസിച്ച് പുതിയ ജീവനിലേക്കു വന്ന് ഒരു പുതിയ വ്യക്തി ആയിത്തീരാത്ത എല്ലാവരും തങ്ങളുടെ പാപങ്ങൾക്ക് പകരം വീട്ടേണ്ടിവരും. "നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻെറ മേൽ ആയി" (യേശയ്യാവ് 53:5) എന്ന് എഴുതിയിരിക്കുന്നുവല്ലോ. അപ്പോൾ മാത്രമേ നന്മ ദുരുപയോഗപ്പെടുത്തുകയില്ല എന്ന് നമുക്ക് ഉറപ്പ് ലഭിക്കയുള്ളു.

"കല്ലു നീക്കുവിൻ എന്ന് യേശു പറഞ്ഞു" (യോഹന്നാൻ 11:39)

ഒരു ചെറിയ പട്ടണത്തിലെ ശവ വണ്ടിയുടെ ഡ്രൈവർ ഒരു അവിശ്വാസിയായിരുന്നു. ആ പള്ളിയിലെ പുരോഹിതൻ പല പ്രാവശ്യം അവനെ ദൈവത്തിങ്കലേക്കു കൊണ്ടുവരുന്നതിന് ശ്രമിച്ചു എങ്കിലും അവ എല്ലാം നിഷ്ഫലമായിരുന്നു. ഒരു ദിവസം ആ പുരോഹിതൻെറ കാറിന് കേടുപററി. അന്നു തന്നെ അദ്ദേഹത്തിന് ഒരു ശവസംസ്കാരം നടത്തേണ്ടതുണ്ടായിരുന്നു. അതിനാൽ ശവ വണ്ടിയിൽ ഡ്രൈവറുടെ അടുത്തായി പുരോഹിതനും ഇരുപ്പുറപ്പിച്ചു. പുരോഹിതൻ ഡ്രൈവനെ മാനസാന്തരപ്പെടുത്തുവാൻ ഒരിക്കൽ കൂടി പരിശ്രമിച്ചു.

"നിങ്ങാം എനിക്ക് ഒരു സഹായം ചെയ്തുതരാമോ?" പാസ്ററർ ചോദിച്ചു. "വേദപുസ്തകത്തിൽ നിങ്ങളുടെ വേലയെ സംബന്ധിച്ച് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഒരു വാക്യം ഉണ്ട്. എന്നെ അത് മനസ്സിലാക്കുവാൻ സഹായിക്കുക. യേശു പറഞ്ഞത് 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ.' എന്നാണല്ലോ? ഒരു മരിച്ച ഡ്രൈവർക്ക് ശവ വണ്ടി ഓടിച്ച് ശവം സെമിത്തേരിയിൽ കൊണ്ടു ചെല്ലുവാൻ പററുകയില്ലല്ലോ. മരിച്ച കുഴിവെട്ടുകാരൻ എങ്ങനെ കുഴിവെട്ടും. അതേപോലെ തന്നെ മരണമടഞ്ഞ പുരോഹിതൻ എങ്ങനെ ചരമ പ്രസംഗം നടത്തും. അപ്പോാം ഈ വാക്കുകളുടെ അർത്ഥം എന്താണ്?"

ഡ്രൈവർ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ പലപ്പോഴും പറഞ്ഞിട്ടില്ലേ വേദപുസ്തകം വിഡ്ഢിത്തമാണ് എന്ന്. ഉദാഹരണമായി യേശുവിൻെറ ഈ വാക്കുകാം തന്നെ നോക്കൂ. ഞാൻ പറഞ്ഞതിൻെറ തെളിവാണ് അത്."

പാസ്ററർ പറഞ്ഞു: "അങ്ങനെ തള്ളിക്കളയാതെ നമുക്ക് അതേപററി അല്പം ചിന്തിക്കാം. ഈ വണ്ടിയുടെ പുറകിൽ വെച്ചിരിക്കുന്ന ശവം ആ വീട്ടിൽ നിന്നും എടുത്തപ്പോാം നിങ്ങാം കേട്ടില്ലേ അയാളുടെ ഭാര്യ കരഞ്ഞു പറയുന്നത് "ജോർജ്, എന്നെ തനിയെ ആക്കിയിട്ടു പോകരുതേ, തിരിച്ചുവരൂ." കുട്ടികളും അവരുടെ പിതാവിനോട് അവരുടെ കൂടെ കഴിയുവാൻ ആവശ്യപ്പെട്ടില്ലേ? പക്ഷേ അവ എല്ലാം വൃഥാവാണ്. മരിച്ചവൻ അതിന് ഉത്തരം പറഞ്ഞില്ല. കാരണം അവൻ മരിച്ചവനാണ്.

"നിന്നെ സംബന്ധിച്ചിടത്തോളം ഇതുതന്നെയാണ് സംഭവിക്കുന്നത്. വർഷങ്ങളായി ക്രിസ്തുവും മാലാഖമാരും മററ് ക്രിസ്ത്യാനികളും നിങ്ങളെ പശ്ചാത്തപിക്കുവാൻ വിളിക്കുന്നു. പക്ഷേ നിങ്ങാം ഉത്തരം പറഞ്ഞില്ല. കാരണം നീയും മരിച്ചവനാണ് — ആത്മീകമായി. അതുകൊണ്ട് ആത്മീകമായി മരിച്ചവർ ശാരീരികമായി മരിച്ചവനെ അടക്കം ചെയ്യുന്നു. നമ്മുടെ ദൈവത്തിൻെറ വാക്കുകാംക്ക് അർത്ഥം ഉണ്ട്."

യേശുവിനെ സ്വീകരിച്ചിട്ടില്ലാത്ത ഓരോ മനുഷ്യനും ആത്മീകമായി മരിച്ചവൻ ആണ്. ശാരീരികമായി അവൻ വളരെ ഭംഗിയുള്ള ഭവനത്തിൽ

താമസിക്കുന്നുണ്ടാകും. ആത്മീകമായി അവന്റെ താവളം ശവക്കുഴിയാണ്. യേശു ലാസറിനെ ഉയിർപ്പിച്ചതുപോലെ അവനേയും ഉയിർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ശാരീരികമായ ഉയിർത്തെഴുന്നേല്പ് വളരെ ചുരുക്കമാണ്. പക്ഷേ ദൈവം പാപത്തിലും തെററുകളിലും ആണ്ട് കിടക്കുന്നവരുടെ ആത്മീകമായ ഉയിർത്തെഴുന്നേല്പ് ആഗ്രഹിക്കുന്നു. അവൻ വിശ്വാസികളായവരോട് ഈ കാര്യത്തിൽ അവന്റെ സഹപ്രവർത്തകർ ആകുവാൻ ആവശ്യപ്പെടുന്നു. അവനു മാത്രമെ മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിയുകയുള്ളു. പക്ഷേ നാമോ, കല്ലറയ്ക്കലെ കല്ലുകൾ മാററുവാനായി വിളിക്കപ്പെടുന്നു.

## ഏപ്രിൽ 29

''എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു എന്ന് തിരുവെഴുത്തു മുൻ കണ്ടിട്ടു 'നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും' എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുൻകൂട്ടി അറിയിച്ചു.'' (ഗലാത്യർ 3:8)

ഏതു തിരുവചനങ്ങളാണ് അബ്രഹാമിനെ സുവിശേഷം അറിയിച്ചത്? നാം അറിയുന്ന വേദപുസ്തകത്തിലെ പ്രഥമ പുസ്തകം എഴുതപ്പെട്ടത് അബ്രഹാമിന്റെ മരണത്തിന് ശേഷം നൂററാണ്ടുകൾ കഴിഞ്ഞിട്ടാണ്. അപ്പോൾ പിന്നെ ഏതു വേദവചനമാണ് താൻ ലോകത്തിന് അനുഗ്രഹമായിത്തീരും എന്ന സദ്വാർത്ത അബ്രഹാമിനെ അറിയിച്ചത്?

ഈ വേദഭാഗം തന്റെ പിൻഗാമിയായ യേശുക്രിസ്തുവിൽകൂടി ഈ വാഗ്ദത്തം നിറവേററപ്പെടും എന്ന് അബ്രഹാമിന് വിശദീകരിച്ചുകൊടുത്തു. ഇത് അബ്രഹാമിനോട് വളരെ വ്യക്തവും ശക്തവുമായ ഭാഷയിൽ ഈ വാഗ്ദത്തം നല്കിയതിനാൽ അബ്രഹാം ക്രിസ്തുവിന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് അതിയായി ഉല്ലസിച്ചു. (യോഹന്നാൻ 8:56)

ഏത് ദൈവ വചനങ്ങളാണ് അബ്രഹാമിനോട് സംസാരിച്ചത്? അദ്ദേഹത്തിന് നമ്മുടെ വേദപുസ്തകം ഇല്ലായിരുന്നു. നമ്മുടെ വേദപുസ്തകം അതിലും പുരാതനമായ വേദപ്രമാണങ്ങളിൽ ആസ്പദമാണ് എന്നും അത് വിലതീരാത്തതായ, നമ്മുടെ ഭാഷയ്ക്ക് അതീതമായ ദൈവ വചനങ്ങളുടെ മനുഷ്യഭാഷയിലുള്ള അവതരണം മാത്രമാണ് എന്നും വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ദാനിയേൽ 10:21-ൽ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു ദൂതൻ ദാനിയേലിനോട് ''സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് ഞാൻ നിന്നെ അറിയിക്കാം'' എന്നു പറയുന്നുണ്ട്. അതുവരെയുള്ള കാലഘട്ടങ്ങളിലെ വേദഭാഗങ്ങളിൽ എഴുതപ്പെട്ടിട്ടില്ലാതിരുന്ന വസ്തുക്കൾ അവൻ ദാനിയേലിനെ അറിയിച്ചു. സംഖ്യാപുസ്തകം 21:15-ൽ ''യഹോവയുടെ യുദ്ധ പുസ്തകത്തെ'' പററിയും യോശുവ 10:13-ൽ ''ശൂരന്മാരുടെ പുസ്തക''ത്തെപ്പററിയും എഴുതപ്പെട്ടിട്ടുണ്ട്. (ഈ വാക്കിന്

എബ്രായ ഭാഷയിലുള്ള അർത്ഥം 'നീതിമാൻ' എന്നാണ്).

പ്രത്യേക സാഹചര്യങ്ങളിൽ ദൈവത്തിൻെറ പ്രത്യേക വരം ലഭിച്ച വ്യക്തികൾക്ക് ഈ പുസ്തകങ്ങൾ വായിക്കുവാൻ സൗഭാഗ്യം ലഭിക്കുന്നു. ഇതാണ് അബ്രഹാമിൻെറ കാര്യത്തിൽ സംഭവിച്ചത്. നമ്മുടെ വേദപുസ്തകം, നമുക്ക് മനസ്സിലാകുന്ന ഭാഷയിൽ ദൈവപ്രേരിതമായ ചിന്തകളെ നമുക്ക് നല്കുന്നു. മുകൾ പറഞ്ഞ പുസ്തകങ്ങളിൽ വേദപുസ്തകത്തിൽ കൂടി നമ്മുടെ ഭാഷയിൽ നൽകപ്പെട്ടിട്ടുള്ള ദൈവ വചനങ്ങളുടെ അടിസ്ഥാനരൂപം അവതരിക്കപ്പെട്ടിരിക്കുന്നു.

ആത്മീകമായി ശക്തി പ്രാപിക്കുക. അപ്പോൾ നിങ്ങൾ വേദപുസ്തകത്തിൽ മാത്രം ഒതുങ്ങി നില്ക്കാതെ മനുഷ്യഭാഷയിൽ അവതരിപ്പിക്കുവാൻ പ്രയാസമുള്ള ദൈവീക അത്ഭുതങ്ങളെപ്പററിയും ഗ്രഹിക്കുവാൻ പ്രാപ്തരാകും. ഇവ നാം നമ്മുടെ ആത്മീക നിർവൃതിയിൽ കൂടി മാത്രമേ കണ്ടെത്തുകയുള്ളു.

## ഏപ്രിൽ 30

"തൻെറ ഏകജാതനായ പുത്രനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16)

ഒരു പുരോഹിതൻ ഒരു ട്രേഡ്‌യൂണിയൻ നേതാവിനെ വിശ്വാസത്തിൽ കൊണ്ടുവരുന്നതിന് ശ്രമിച്ചത് പരാജയപ്പെട്ടു. അവിടെ ഒരു സമരം പൊട്ടിപുറപ്പെട്ടു. അത് നീണ്ടുപോയ്കൊണ്ടിരുന്നു. സമരക്കാർ പട്ടിണിയിലും വർദ്ധിച്ചുവരുന്ന കടബാദ്ധ്യതകൾക്കിടയിലും തങ്ങളുടെ ആവശ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ നിലകൊണ്ടു.

പുരോഹിതൻ പിന്നെയും ട്രേഡ്‌യൂണിയൻ നേതാവിനെ കാണുവാൻ പോയി. അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ സമരം വിജയിക്കുവാൻ ഞാൻ ഒരു കാര്യം നിർദ്ദേശിക്കാം. നിങ്ങൾക്ക് പൊതുജന പിന്തുണ എത്രയുണ്ട് എന്നും അറിയാം."

ഈ നേതാവിന് പുരോഹിതൻെറ വാക്കുകളിൽ ആദ്യമായി താല്പര്യം തോന്നി. അദ്ദേഹത്തിൻെറ നിർദ്ദേശം എന്താണ് എന്ന് ആരാഞ്ഞു. "തൊഴിലാളികളുടെ നിരാശാജനകമായ അവസ്ഥയെ പ്രദർശിപ്പിക്കുന്നതിനും, അവരിൽ അനുകമ്പ തോന്നിപ്പിക്കുന്നതിനും വേണ്ടി നിങ്ങളുടെ മകനെ ഒരു റെയിൽ പാളത്തിൽ കെട്ടിയിട്ട് അവൻെറ മുകളിൽ കൂടി ഒരു റെയിൽവേ എഞ്ചിൻ ഓടിക്കുക. നിങ്ങൾക്ക് വിജയം നേടാം."

കോപാകുലനായ നേതാവ് നിരസിച്ചുകൊണ്ട് പറഞ്ഞു. "ലോകം മുഴുവനും പട്ടിണിയിൽ പൊരിയുന്നത് ഞാൻ കാണാം. പക്ഷേ, എൻെറ മകനെ കുരുതി കഴിക്കാൻ ഞാൻ സമ്മതിക്കയില്ല."

ഒരു വിശുദ്ധനേയോ, മാലാഖയേയോ നമുക്കുവേണ്ടി മരിക്കുവാൻ ദൈവത്തിന് അയയ്ക്കാമായിരുന്നു. പക്ഷേ അവൻ സ്വർഗ്ഗത്തിലുണ്ടായിരുന്ന ഏററവും നല്ലതിനെ — യേശുക്രിസ്തുവിനെ നല്കി. ഈ ബലിയുടെ വില

മനസ്സിലാക്കി നമ്മുടെ ഹൃദയങ്ങൾ പശ്ചാത്തപിക്കേണ്ടതാണ്. ദുഃഖവെള്ളിയാഴ്ച യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു. പക്ഷേ മരണത്തിനും അവനെ കീഴടക്കുവാൻ കഴിഞ്ഞില്ല. മരണം വളരെ താഴ്ന്ന നിലവാരത്തിലുള്ളതാണ്. അതിന് ഏററവും നല്ലതിനെ ഉൾക്കൊള്ളുവാൻ കഴികയില്ല. അതുകൊണ്ട് അവൻ ഉയിർത്തെഴുന്നേററു. ഇതാണ് നാം ഉയിർപ്പ് ഞായറാഴ്ചയായി ആഘോഷിക്കുന്നത്—ക്രിസ്തു മരണത്തെ കീഴടക്കി.

ദൈവം അവനുണ്ടായിരുന്ന ഏററവും നല്ലതു നല്കി. നാമും നമുക്കുള്ള നല്ലതിനെ നൽകേണ്ടതാണ്. യഹൂദന്മാരുടെ ദേവാലയത്തിലെ കർശന നിയമം പറയുന്നത് ദൈവത്തിന് നല്കുന്ന നേർച്ചകൾ ഏററവും നല്ല മാവുകൊണ്ട് ഉണ്ടാക്കിയവയായിരിക്കേണം എന്നാണ്.

---

## മെയ് 1

---

"രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ." (ലൂക്കോസ് 3:11)
"ചെരിപ്പ് ഇട്ടുകൊള്ളാം; രണ്ടു വസ്ത്രം ധരിക്കരുത്" (മർക്കോസ് 6:9)

റോമൻ ചക്രവർത്തിയായിരുന്ന ഡയോക്ളിഷിൻെറ കീഴിൽ ക്രിസ്ത്യാനികൾ പീഢനം അനുഭവിച്ചിരുന്ന കാലം. യൂസ്ട്രാററ് എന്ന ക്രിസ്ത്യാനിയെ ഉള്ളിൽ കൂർത്ത ഇരുമ്പാണികളുള്ള ഷൂസുകൾ ഇടുവിച്ച് ഓടിച്ചുകൊണ്ടിരുന്നു. കൂടുതൽ വേഗത്തിൽ ഓടുവാനായി പടയാളികൾ അവനെ ചാട്ടയ്ക്കടിച്ചുകൊണ്ടിരുന്നു. ഇരുമ്പു ഷൂസണിഞ്ഞ്, ഓടികൊണ്ട് അവൻ രക്തസാക്ഷിത്വം വരിച്ചു. സഭ അദ്ദേഹത്തെ ആദരവോടു സ്മരിക്കുന്നു.

ഇപ്രകാരമുള്ള പീഢനങ്ങൾ സഹിക്കുവാൻ നമുക്ക് ഇടവരുന്നില്ല. രക്തസാക്ഷിത്വം വരിക്കുന്നവർ വളരെ ചുരുക്കമാണ്. മാംസപേശികൾ തുളഞ്ഞുകയറുന്ന ഇരുമ്പാണികളുള്ള ചെരുപ്പുകൾ എല്ലാവർക്കും ധരിക്കേണ്ടി വരുന്നില്ല.

പക്ഷേ ദൈവം നമ്മുടെ വസ്ത്രശേഖരങ്ങളെപ്പററി അറിയുന്നു. തൻെറ ശിഷ്യന്മാരെ ലളിത വസ്ത്രധാരണത്തെപ്പററി അവൻ പഠിപ്പിച്ചു. ഇന്നത്തെ ക്രിസ്ത്യാനികൾ ശരിയായ വിശ്വാസ പ്രമാണത്തെപററിയും ശരിയായ ആചാരക്രമങ്ങളെപ്പററിയും ശ്രദ്ധയുള്ളവരാണ്. എന്നാൽ ശരിയായ വസ്ത്രധാരണത്തെപ്പററി അവർക്ക് എന്താണ് പറയാനുള്ളത്?

ക്രിസ്ത്യാനികൾ തങ്ങൾക്കുള്ളതെല്ലാം കർത്താവിന് നല്കാൻ കടപ്പെട്ടവരാണ്. തങ്ങളുടെ സ്വത്തിന് അവകാശികളായല്ല കാര്യവിചാരകന്മാരായി മാത്രമാണ് അവർ പെരുമാറേണ്ടത്. നഗ്നപാദനായ കർത്താവിനെ ഗോൽഗോഥായിലേക്ക് അനുഗമിക്കുവാനായി അവർ തങ്ങളുടെ വസ്ത്രധാരണങ്ങളിൽ മിതവ്യയം ശീലിക്കുവാൻ തയ്യാറാകണം.

തങ്ങളുടെ പക്കലുള്ള വസ്ത്രങ്ങളേയും ഭക്ഷണസാധനങ്ങളെയുംപററി ശ്രദ്ധാലുക്കളായി അവയുടെ ഉപയോഗത്തിൽ മിതത്വം ശീലിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറാകണം. ലക്ഷക്കണക്കിനാളുകൾക്ക് സുവിശേഷം

എത്തിച്ചു കൊടുക്കേണ്ടതുണ്ട്. ദൈവമക്കൾ മഹത്വത്തിന്റെ ഭാവിയിൽ അണി നിരത്തപ്പെടും.

## മെയ് 2

"ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു." (1കൊരിന്ത്യർ 1:28)

"അവൻ ഏഴു അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി" (മത്തായി 15:36-37).

ശിഷ്യന്മാരുടെ പക്കൽ ഏഴ് അപ്പത്തിനു പകരം മൂന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ജനങ്ങളെ ഇതേപോലെ തന്നെ തൃപ്തിപ്പെടുത്താമായിരുന്നു. മററൊരു സമയത്ത് യേശുവിന് അഞ്ച് അപ്പമേ ഉണ്ടായിരുന്നുള്ളൂ. ഇതിലും വലിയ ജനകൂട്ടത്തെ അവൻ തൃപ്തരാക്കിയശേഷം പന്ത്രണ്ടു കുട്ട നിറച്ചു ബാക്കി വന്നു. (മർക്കോസ് 6:41-43) നിങ്ങൾക്കുള്ള അല്പം കൊണ്ടു ദൈവത്തെ സേവിക്കുക. അവന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കുള്ളവയുടെ അളവിലോ, വലിപ്പത്തിലോ അല്ല ആശ്രയിച്ചിരിക്കുന്നത് പിന്നെയോ നിങ്ങൾ അവന്റെ അടുത്തേയ്ക്കു കൊണ്ടുവരുന്നതിലാണ്.

എനിക്ക് അവന്റെ അടുത്തേയ്ക്ക് ഒന്നും കൊണ്ടുവരാനില്ല എന്ന് ചിന്തിക്കുക. പിന്നെ എന്തെടുക്കും? ഇത് അസാദ്ധ്യമാണ്. യേശുവിന് നല്കുവാൻ ഒന്നും ഇല്ലാത്ത മനുഷ്യർ ഇല്ല. പൂജ്യം എന്നവാക്ക് വേദപുസ്തകത്തിൽ ഇല്ല.

ഒരുവന് അവനെ തന്നെ കൊണ്ടുവരാം- "എനിക്ക് ഒന്നും ഇല്ല, ഞാൻ ഒന്നും അല്ല" എന്ന് പറയുന്ന വ്യക്തിത്വത്തെ തന്നെ. അവനിലും എന്തെങ്കിലും വിലയുള്ളത് കാണും; അവനും അവന്റെ ദാരിദ്ര്യവും. അവന്റെ പാപങ്ങൾ യേശുവിന്റെ അടുത്തേയ്ക്കു കൊണ്ടുവരാം. ക്രിസ്ത്യാനികളെ പീഢിപ്പിച്ചിരുന്നവനായ തർശ്ശീശിലെ ശൗലിനെ ദൈവം ഒരു ഉത്സാഹിയായ അപ്പൊസ്തോലനാക്കി. പാപിയായ മഗ്ദലന മറിയത്തെ സ്നേഹനിർഭരയായ ഒരു വിശുദ്ധയാക്കി. നിങ്ങളുടെ ബലഹീനതകൾ യേശുവിന്റെ അടുക്കൽ കൊണ്ടുവരിക. ഇവ നിങ്ങൾക്ക് നിശ്ചയമായും കാണും. നിങ്ങളുടെ ബലഹീനതയിൽ അവന്റെ ശക്തിയുടെ പൂർണ്ണത കാണാം.

അല്പത്തിൽ നിന്നും തുടങ്ങുക. പക്ഷേ ഈ അല്പം നിങ്ങൾ യേശുവിങ്കലേക്കു കൊണ്ടുവരിക. അവൻ അവയെ വർദ്ധിപ്പിച്ച് അനുഗ്രഹിക്കും.

## മെയ് 3

"....മനുഷ്യരുടെ ചതിയാലും ഉപായത്താലും തെററിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം....ഇടയാകും."

(എഫെസ്യർ 4:14)

ക്രിസ്ത്യാനികൾ മാവോ-സേ-തുങ്ങിൻെറ കൃതികൾ പഠിക്കുന്നത് നന്നായിരിക്കും. തൻെറ റഷ്യൻ സഖാക്കളുമായി തെററിപ്പിരിയുന്നതിനു മുമ്പ് മാവോ കമ്മ്യൂണിസ്ററ് തന്ത്രങ്ങളെപ്പററി അദ്ദേഹത്തിൻെ 'On Protracted War' എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതി: "ശത്രുക്കളെ മനപൂർവ്വം തെററദ്ധരിപ്പിക്കയും പിന്നീട് അവർക്കെതിരെ ഓർക്കാപ്പുറത്ത് ആക്രമണം നടത്തുകയും ചെയ്യുന്നത് നേതൃത്വം കൈവശപ്പെടുത്തുന്നതിനുള്ള ഒരു ഉപായമാണ്. തെററിദ്ധരിപ്പിക്കൽ എന്നാൽ എന്താണ്? കിഴക്കോട്ട് ആഞ്ഞ് പടിഞ്ഞാറ് ആക്രമിക്കുന്നത് തെററിദ്ധരിപ്പിക്കലിൻെറ ഒരു ഉദാഹരണമാണ്. യുദ്ധത്തിൽ കള്ളത്തരങ്ങൾ പ്രയോഗിക്കുന്നതിന് പരിധി വയ്ക്കേണ്ട കാര്യമില്ല."

ഈ ചിന്താഗതി വർഗ്ഗസമരങ്ങളും വിപ്ളവങ്ങളും തങ്ങളുടെ ജീവിതചര്യകളാണ് എന്ന് വിശ്വസിക്കുന്ന മാർക്സിസ്ററുകളുടെ വീക്ഷണവുമായി ചേർത്ത് മനസ്സിലാക്കിയാൽ കപടത ഒരു മനുഷ്യൻെറ അടിസ്ഥാന സ്വഭാവം ആയിരിക്കേണം എന്നാണ് അവർ പഠിപ്പിക്കുന്നത് എന്ന് കാണുവാൻ കഴിയും.

"നിങ്ങളുടെ വാക്ക് ഉവ്വു, ഉവ്വു എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ" (മത്തായി 5:37) എന്നാണ് യേശു പഠിപ്പിച്ചിരിക്കുന്നത്. കാപട്യത്തെ അടിസ്ഥാനമാക്കിയുള്ള ജീവിതമോ അതോ സത്യത്തിൽ വേരൂന്നിയ ജീവിതമോ ഏതാണ് നിങ്ങൾ തിരഞ്ഞെടുക്കുന്നത്?

## മെയ് 4

"കരയ്ക്കു ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും, അപ്പവും കണ്ടു" (യോഹന്നാൻ 21:9)

വിശന്നു വലഞ്ഞവരായിരുന്ന ശിഷ്യന്മാർക്ക് യേശു ആഹാരം നല്കി.

ഈ വേദഭാഗത്തിൽ യേശു തനിയെ ആഹാരം ഉണ്ടാക്കിയതായി കാണുന്നു. മറെറാരു സമയത്ത് ഒരു വിശുദ്ധനെ പരിപാലിക്കാൻ മാലാഖയോട് ആവശ്യപ്പെട്ടു. ഏലിയാ പ്രവാചകൻ ഒരു മരത്തിൻെറ കീഴിൽ ഉറങ്ങി കിടന്നപ്പോൾ ഒരു ദൂതൻ അവനെ തട്ടി ഉണർത്തിയിട്ട് പറഞ്ഞു: "എഴുന്നേററ് തിന്നുക. അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലെയ്ക്കൽ ഇരിക്കുന്നതു കണ്ടു" (1 രാജാക്കന്മാർ 19:6).

നല്ലതുപോലെ ഭക്ഷണം കഴിച്ചശേഷം ഈ അത്ഭുതങ്ങളിൽ വിശ്വസിക്കുക എളുപ്പമാണ്. ലോകത്തിൻെറ ചില ഭാഗങ്ങളിൽ ജയിലുകളിൽ കഴിയുന്ന

ക്രിസ്ത്യാനികളുടെ ആഹാരം വൃത്തിയാക്കാത്ത കുടൽ മാലകൾ ഇട്ട സൂപ്പാണ്. അതിൽ മലം ഉൾപ്പെടെ എല്ലാം കാണും. ഈ ആഹാരത്തിനു വേണ്ടി പോലും അവർ കഠിനമായ അടിമവേല ചെയ്യേണ്ടിവരുന്നു.

ഇപ്രകാരം തടവിൽ കഴിയുന്ന സഹോദരങ്ങൾ കഷ്ടപ്പെടുന്നത് ശാരീരികമായി മാത്രമല്ല അവരുടെ വിശ്വാസം പോലും ഈ സമ്മർദ്ദത്തിന് ഇരയാകുന്നു. അവരിൽ സംശയം ഉണ്ടാകുന്നു. "ദൈവം സർവ്വശക്തനാണ്. ആദിമ അപ്പോസ്തോലന്മാർക്കും ഏലിയാവിനും ആഹാരം നല്കാൻ കഴിഞ്ഞവനാണ്. അവൻ എന്നാണ് എനിക്കും അല്പം മീനോ അപ്പമോ നല്കാത്തത്? ഞാൻ ഈ വൃത്തികെട്ട സൂപ്പ് എന്തിന് കുടിക്കണം?"

ക്രിസ്തീയ തടവുകാർക്കുള്ള ആഹാരം ദൈവം നല്കിയിട്ടുണ്ട്. ദൂതന്മാരെ ഭരമേല്പിക്കുന്നതിന് പകരം ഇപ്പോൾ മററ് ക്രിസ്ത്യാനികളെയാണ് ഈ ചുമതല ഭരമേല്പിച്ചിരിക്കുന്നത്. ഏലിയാവിനെ തീററിപ്പോററുവാൻ ദൂതനോട് കല്പിച്ചതുപോലെ ഇപ്പോൾ അവൻ സ്വാതന്ത്ര്യലോകത്തിലെ ക്രിസ്ത്യാനികളോട് ജയിലിൽ കിടക്കുന്ന സഹോദരങ്ങൾക്ക് ആഹാരം നല്കുവാൻ കല്പിച്ചിരിക്കയാണ്. ദൈവം ഇവർക്കും കൊടുക്കുവാൻ ഏല്പിച്ചിരിക്കുന്നവയിൽ നിന്ന് ഉത്തരവാദിത്വപ്പെട്ടവർ അല്പാല്പമായി മോഷ്ടിക്കുന്നതിനാൽ രക്തസാക്ഷികൾക്ക് അവരുടെ പങ്ക് നഷ്ടപ്പെടുന്നു.

നിങ്ങൾ ഈ കള്ളന്മാരിൽ ഒരുവനാണോ?

പല അന്തിക്രിസ്തുക്കളായ ഭരണാധികാരികളുടെ കീഴിലും ദൈവം ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യം ഒരുക്കിയിട്ടുണ്ട്. പക്ഷേ ദൈവം തൻെറ ജനത്തിൻെറയും ലോകത്തിൻെറയും സ്വാതന്ത്ര്യം ഭരമേല്പിച്ചിട്ടുള്ള മോശമാരും യോശുവമാരും സമരത്തിലാണ്. ഫറവോൻ അവർക്ക് കൈക്കൂലി കൊടുത്തതിനാൽ ഇപ്പോൾ അവർ അവൻെറ പക്ഷത്താണ്.

ഈ ലോകത്തിൻെറ സ്വാതന്ത്ര്യത്തിന് നിങ്ങൾ എന്തെങ്കിലും ചെയ്യുമോ?

---

## മെയ് 5

---

"കർത്താവിൻെറ ദൂതൻ അവന്ന് (യോസേഫ്) സ്വപ്നത്തിൽ പ്രത്യക്ഷനായി." (മത്തായി 1:20)

ഒരു ചൈനീസ് കവി പറഞ്ഞു: "കഴിഞ്ഞ രാത്രിയിൽ ഞാൻ ഒരു ചിത്രശലഭമായി തീർന്നതായി സ്വപ്നം കണ്ടു. ഇപ്പോൾ ഞാൻ ഒരു ചിത്രശലഭമാണ് എന്ന് സ്വപ്നം കാണുന്ന ഒരു മനുഷ്യനാണോ അതോ ഒരു മനുഷ്യനാണ് എന്ന് സ്വപ്നം കാണുന്ന ചിത്രശലഭമാണോ എന്ന് അറിയാൻ കഴിയുന്നില്ല."

സ്വപ്നങ്ങൾക്ക് വേദപുസ്തകം വലിയ വില കല്പിക്കുന്നുണ്ട്. വേദപുസ്തകത്തിൽ 36 സ്വപ്നങ്ങളെപററിയും അവയുടെ വ്യാഖ്യാനങ്ങളെപററിയും പ്രതിപാദിച്ചിട്ടുണ്ട്. പഴയ നിയമത്തിലെ യോസേഫ് ശരിയായും താൻ ഒരു രാജാവാണ് എന്ന് സ്വപ്നം കണ്ടിരുന്ന

ആട്ടിടയനായിരുന്നോ അതോ കഴിവും ഭരണപാടവമുള്ള ഒരു വ്യക്തിയായിരുന്ന് താൻ ഒരു ആട്ടിടയനാണ് എന്ന്- സ്വപ്നം കണ്ടതാണോ? നെബുഖദ് നേസർ താൻ ഒരു മൃഗമാണ് എന്ന് രാത്രിയിൽ സ്വപ്നം കണ്ട ഒരു രാജാവായിരുന്നോ അതോ താൻ രാജവംശത്തിന് അർഹനാണ് എന്ന് സ്വപ്നം കണ്ടിരുന്ന ഒരു വന്യമൃഗം മാത്രമായിരുന്നോ?

തന്നെത്താനും മററുള്ളവരേയും മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർ സ്വപ്നങ്ങളെപററി ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അറിവിൻെറ ഉറവിടമായി സ്വപ്നങ്ങളെ കൈക്കൊള്ളാത്ത ഒരുവനായിരുന്നു പുതിയ നിയമത്തിലെ യോസേഫ്. എങ്കിൽ കന്യക മറിയാമിനെ വ്യഭിചാരകുററം ചുമത്തി കല്ലെറിഞ്ഞു കൊല്ലുമായിരുന്നു.

നിങ്ങാം ഉറങ്ങുവാൻ പോകുമ്പോാം കിടക്കയുടെ അരികിൽ ഒരു കടലാസും പേനയും തയ്യാറാക്കി വെയ്ക്കുക. വേദപുസ്തകത്തിൽ അസംഭവ്യം എന്ന് കരുതപ്പെടുന്ന പല വസ്തുക്കളും നിങ്ങളുടെ സ്വപ്നങ്ങളിൽ സ്ഥിരസംഭവങ്ങളാണ് എന്ന് നിങ്ങാംക്കു മനസ്സിലാക്കുവാൻ സാധിക്കും. നിങ്ങളുടെ സ്വപ്നങ്ങാം മനസ്സിലാക്കാൻ അല്പകാലത്തെ പരിചയം കൊണ്ട് നിങ്ങാംക്കു കഴിയും. താൽമുദിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ''വ്യാഖ്യാനിക്കപ്പെടാത്ത സ്വപ്നങ്ങാം തുറക്കപ്പെടാത്ത എഴുത്തുകാം പോലെയാണ്.''

## മെയ് 6

''നിൻെറ വിവേകത്താലോ പരുന്ത് പറക്കുന്നത്'' (ഇയ്യോബ് 39:26)

വന്യമായ അലാസ്കയിലെ ഒരു തരം നീർനായ് മനുഷ്യരെ കണ്ടിട്ടില്ലാത്തതിനാൽ ഭയപ്പെടുന്നില്ല. ഇവയുടെ മൂർച്ചയുള്ള പല്ലുകാം ഉപയോഗിച്ച് മരങ്ങാം മുറിച്ച് അതിൻെറ ശിഖരങ്ങാം ഇവ ഉണ്ടാക്കിയ കനാലുകാം വഴി കടലിൽ എത്തിച്ച് വെള്ളത്തിൽ എങ്ങനെ അവയുടെ പാർപ്പിടങ്ങാം ഉണ്ടാക്കുന്നു എന്ന് നമുക്ക് മണിക്കൂറുകളോളം നോക്കിനിന്ന് കാണാൻ സാധിക്കും. അവ കാണിക്കുന്നത് ഒരു അത്ഭുതമാണ്. ഒരു നിരീശ്വരവാദിക്കും പരിണാമത്തിൻെറ ഫലമായ ഈ നീർനായ് അവ നിർമ്മിക്കുന്ന തടാകത്തിലെ വെള്ളത്തിൻെറ നില അവയുടെ ആവശ്യമനുസരിച്ച് സ്ഥിരമായി നിലനിർത്തുന്നത് എങ്ങനെയെന്ന് വിശദീകരിക്കുവാൻ പററുകയില്ല.

ഇവ നിർമ്മിക്കുന്ന ഡാമിലും മനുഷ്യ നിർമ്മിതമായ ഡാമിലെപ്പോലെ വെള്ളത്തിൻെറ നില അനുസരിച്ച് അടയ്ക്കാനും തുറക്കാനും സംവിധാനം ഉണ്ട്. ഇതിനാൽ വെള്ളത്തിൻെറ നിരപ്പ് എന്നും ഒരേപോലെ നില്ക്കുന്നു. ഇവ എങ്ങനെ അവയുടെ പ്രവർത്തനങ്ങാം കണക്കാക്കുന്നു. ഒരു ഡാം ഉണ്ടാക്കുവാൻ നമുക്ക് ഏററവും നല്ല എഞ്ചിനിയറന്മാരുടെ സംഘം തന്നെ വേണം. ഏററവും അടുത്ത കാലത്ത് മനുഷ്യൻെറ സാങ്കേതിക കണ്ടുപിടുത്തങ്ങളിൽ ഒന്ന് ഡാമുകാം പണിയുമ്പോാം അതിന് മുമ്പോട്ട് ഒരു ചെറിയ ഒരു വളവ്

നൽകുകയാണെങ്കിൽ വെള്ളത്തിൻെറ സമ്മർദ്ദം പ്രസരിക്കുന്നത് തുല്യമായിരിക്കും എന്നാണ് — ഈ രഹസ്യം നീർനായ്ക്ക് ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പേ അറിയാമായിരുന്നു. ഒഴുക്കിന് ശക്തി കൂടുതലുള്ളിടത്തെ ഡാമുകളിൽ ഇവ മുമ്പോട്ട് അതിന് ഒരു വളവു നല്കുന്നതുമൂലം വെള്ളത്തിൻെറ സമ്മർദ്ദം നടുക്കുനിന്ന് വശങ്ങളിലേക്ക് മാറുന്നു.

ബുദ്ധിയുള്ളവയ്ക്കു മാത്രമേ ബുദ്ധിപൂർവ്വം പ്രവർത്തിക്കാനാവൂ. നിങ്ങളിൽ ദൈവവിശ്വാസം ഉണർത്തുവാൻ മനുഷ്യരെകൊണ്ട് സാധിക്കുന്നില്ലെങ്കിൽ ഈ നീർനായേയും ഉറുമ്പുകളേയും സൃഷ്ടിച്ച ദൈവത്തിൽ വിശ്വസിക്കുക.

•

## മെയ് 7

"ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ" (2 കൊരിന്ത്യർ 3:3)

ലോകത്തിലെ നീതിമാന്മാരായ മനുഷ്യർ ദൈവം ഉണ്ട് എന്നുള്ളതിന് ഏററവും നല്ല ഒരു തെളിവാണ്. ഈ പ്രപഞ്ചം മുഴുവൻ ഒന്നിന് പുറകെ ഒന്നായി സംഭവിച്ച അനേകം പ്രയോജനകരമായ യാദൃശ്ചിക സംഭവങ്ങളുടെ അന്തിമരൂപമാണ് എന്ന് ഒരു നിരീശ്വര തത്വചിന്തകൻ പറയുകയുണ്ടായി.

ഈ പ്രപഞ്ചം മുഴുവനും യാദൃശ്ചികമായി ഉണ്ടായതാണ് എന്ന് വിശ്വസിച്ചാൽ തന്നെ നന്മ, ഉത്തമസ്വഭാവം, സ്വയത്യാഗം, ദയ, ഉദാരമനസ്കത മുതലായ ഗുണങ്ങൾ യാദൃശ്ചിക സംഭവപരമ്പരകളുടെ പരിണതഫലമാണ് എന്ന് സാമാന്യ ബുദ്ധിയുള്ള ആർക്കും സമ്മതിക്കാൻ സാധിക്കയില്ല. ചില സ്വരങ്ങൾ വായുവിലേക്കെറിഞ്ഞാൽ അവ ബിഥോവൻെറ Ninth Symphony ആയി കേൾക്കുവാൻ സാധിക്കയില്ല.

ഒരുവൻ യാദൃശ്ചിക സൃഷ്ടിയായി ഇന്ന് ജീവിച്ച് നാളെ വിസ്മൃതിയിൽ മായേണ്ടവനാണ് എങ്കിൽ ഒരു ഉത്തമ മനുഷ്യനായി കഴിഞ്ഞിട്ട് ആർക്ക് എന്ത് നേടാനാണ്? ചിലർ നീതിമാന്മാരായിരിക്കുന്നത് അവർ തങ്ങളുടെ ദൗത്യം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുവാൻ സൗമനസ്യം പ്രകടിപ്പിക്കുന്നതുകൊണ്ടാണ്.

നമ്മുടെ സ്വർഗ്ഗീയ ഗുരുനാഥൻെറ മാതൃകയിൽ നീതിമാന്മാരായി ജീവിക്കുക. നിങ്ങളുടെ ജീവിതവും അതിനാൽ ഉണ്മയെ പ്രഖ്യാപിക്കുന്ന ഒരു തെളിവായി തീരും.

## മെയ് 8

''തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.'' (യോഹന്നാൻ 3:16)

വേദപുസ്തകത്തിൻെറ കാതലാണ് ഈ വാക്യം. വേദപുസ്തകത്തിലെ പ്രധാന സന്ദേശം ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. ഈ വാക്യത്തിലെ എല്ലാ വാക്കുകളും ശ്രേഷ്ഠമാണ്.

| | |
|---|---|
| ''ദൈവം'' | — എല്ലാ നന്മയുടെയും ശ്രേഷ്ഠമായ ഉറവിടം ആണ് ദൈവം. |
| ''തക്കവണ്ണം സ്നേഹിച്ചു'' | — സ്നേഹത്തിൻെറ ഉച്ചകോടിയാണ് |
| ''ലോകത്തെ'' | — സ്നേഹിക്കാവുന്ന ഏററവും വിസ്തൃതമായ വസ്തു |
| ''നല്കുക'' | — സ്നേഹം ഏററവും നല്ലതായി പ്രകടിപ്പിക്കുന്നത് നല്കുന്നതിൽ കൂടെയാണ് |
| ''ഏകജാതനായ പുത്രൻ'' | — നല്കാവുന്ന സമ്മാനത്തിലേക്കും ശ്രേഷ്ഠമായ താണ് |
| ''ഏവനും'' | — നമുക്ക് ഗ്രഹിക്കാവുന്നതിൽ ഏററവും വലിയ സംഖ്യയാണ് |
| ''വിശ്വസിക്കുന്ന'' | — നടപ്പാക്കാവുന്ന നിസാരമായ വ്യവസ്ഥയാണ് |
| ''അവനിൽ'' | — ഏററവും വിശ്വസ്തനായവൻ. അവനിലുള്ള വിശ്വാസം ഒരു പ്രശ്നവും ഉളവാക്കുന്നില്ല |
| ''അതിന്'' | — നശിച്ചു പോകുക എന്നതിൻെറ മറുവശം |
| ''പ്രാപിക്കുക'' | — ഏററവും വലിയ വാഗ്ദാനം-ഇത് പ്രത്യാശയല്ല അവകാശമാണ്'' |
| ''നിത്യജീവൻ'' | — ഇതിനേക്കാൾ മെച്ചമായതും ലഭിക്കാവുന്നതുമായ ഒന്നും ഇല്ല |

എൻെറ മകന് ആറ് വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ ഞാൻ അവനോട് ചോദിച്ചു, ഈ വാക്യം അത്ഭുതകരമായി തോന്നുന്നില്ലേ എന്ന്. അവൻ പറഞ്ഞു ''ഒട്ടും തന്നെയില്ല,'' ഇത് സാധാരണമായി എനിക്ക് തോന്നുന്നു. ധാരാളം നല്കുക എന്നത് ധനികന് സാധാരണവും ദൈവത്തിന് അത്ഭുതകരവുമല്ല. പക്ഷേ തൻെറ പുത്രനേയും നിത്യജീവനേയും നല്കുന്നത് ദൈവത്തിന് സാധാരണം മാത്രമാണ്.

# മെയ് 9

"നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏക ദൈവത്തിന് എന്നേക്കും ബഹുമാനവും മഹത്വവും" (1 തിമൊഥെയോസ് 1:17)

ദൈവം അരൂപിയായിരിക്കുന്നത് എന്തുകൊണ്ടാണ്? ഒരു വെള്ള കമ്പളത്തിൽ വീണ മഞ്ഞുതുള്ളി കാണുവാൻ സാധിക്കയില്ലല്ലോ. ദൈവത്തിന്റെ കാര്യത്തിലും ഇപ്രകാരമാണ് സംഭവിച്ചിരിക്കുന്നത്. ദൈവം നല്ലവനത്രെ. "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലതു എന്ന് കണ്ടു." (ഉല്പത്തി 1:31) നല്ലതായതിൽ നിന്ന് നല്ലതായതിനെ വേർതിരിച്ച് എടുക്കുന്നത് എങ്ങനെയാണ്? തന്റെ സൃഷ്ടികൾക്ക് അവൻ പകർന്നു നല്കിയ നന്മയേക്കാളും ശ്രേഷ്ഠമായതൊന്നും അവൻ തനിക്കായി മാററി വെച്ചില്ല. അതായത് തന്റെ സൃഷ്ടികളേക്കാൾ ഉത്തമനാണ് താൻ എന്ന് വരുത്തുവാനായി അവൻ ശ്രമിച്ചിരുന്നില്ല.

പാടുന്ന പറവകൾക്കും, ഗാംഭീര്യമാർന്ന പർവ്വത നിരകൾക്കും പൈതങ്ങൾക്കും ഒക്കെയായി അവൻ പങ്കിട്ട സൗന്ദര്യത്തിൽ കൂടുതലായി ഒന്നും അവൻ തനിക്കായി കരുതിയില്ല.

ഒരു സുന്ദരിയായ യുവതി രൂപസൗഷ്ഠവമാർന്ന യുവരാജാവിനെ കാണുന്ന മാത്രയിൽ തന്നെ അവനിൽ പ്രേമപരവശയാകുന്നു. അതിനായി അവൾക്ക് യാതൊരു പ്രയത്നത്തിന്റെയും ആവശ്യം ഇല്ല. അപ്രകാരം തന്നെ ദൈവത്തെ പൂർണ്ണ ഹൃദയത്തോട് സ്നേഹിക്കുന്നതിന് യാതൊരു പ്രയത്നവും ആവശ്യമായിട്ടില്ല. നിങ്ങൾക്ക് അവനെ സ്നേഹ[illegible]ാതിരിക്കുവാൻ കഴികയില്ല. മാലാഖമാർ ഒരു പ്രവാചകനോട് പറഞ്ഞു: "സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു." (യേശയ്യാവ് 6:3) തന്റെ സിംഹാസനത്തിൽ അവൻ മഹത്വത്തോടെ വിരാജിക്കുന്നു.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണുന്നു." (മത്തായി 5:8) ദൈവത്തെ എല്ലാ വസ്തുക്കളിലും എല്ലാ പ്രവർത്തികളിലും ദർശിക്കുവാൻ കഴിയും. അവനെ കാണുവാൻ സാധിക്കാത്തത് നമ്മുടെ അശുദ്ധി മൂലമാണ്. ക്രിസ്തുവിന്റെ രക്തത്തിൽ കഴുകി ശുദ്ധനാക. പരിശുദ്ധാത്മാവിനെ പ്രാപിക്കുക. അപ്പോൾ നിനക്ക് കണ്ണാടിയിലെന്നതു പോലെ മുഖാമുഖമായി ദൈവത്തിന്റെ മഹത്വം ദർശിക്കുവാൻ സാധിക്കും. അപ്പോൾ നീയും തേജസ്സു പ്രാപിച്ച് അവന്റെ പ്രതിമയായി രൂപാന്തരപ്പെടുന്നു (2 കൊരിന്ത്യർ 3:18).

## മെയ് 10

"നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു" (റോമർ 5:2)

അടിസ്ഥാനമില്ലാത്ത പ്രത്യാശ അടിസ്ഥാനമുള്ള നൈരാശ്യത്തെക്കാൾ വളരെ ഉറച്ചതാണ്. ഇത് എന്റെ അനുഭവത്തിൽ കൂടി ഞാൻ അറിഞ്ഞതാണ്.

എന്നെ ഇരുപത്തിഅഞ്ചു വർഷത്തെ കഠിന വേലയ്ക്കാണ് ശിക്ഷിച്ചത്. ഞാൻ ജയിലിൽ മാരകമായ രോഗം ബാധിച്ച് കഴികയായിരുന്നു. ഡോക്ടറന്മാർ എല്ലാവരും ഞാൻ സുഖം പ്രാപിക്കും എന്നുള്ള ആശ കൈവെടിഞ്ഞിരുന്നു. ഇങ്ങനെയുള്ള ചുററുപാടിൽ കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ പീഢനം അനുഭവിക്കുന്ന ക്രിസ്ത്യാനികളെ സഹായിക്കുക എന്ന ലക്ഷ്യമുള്ള ഒരു ആഗോള മിഷനെ നയിക്കാം എന്ന് അടിസ്ഥാനമില്ലാത്ത ഒരു പ്രത്യാശയേ ഉള്ളായിരുന്നു. നൈരാശ്യവും ആത്മഹത്യയും അപ്പോൾ യുക്തിപരമായി ന്യായീകരിക്കാമായിരുന്നു. എന്റെ മകനെ ഒന്നുകൂടി കാണാം എന്ന് പോലും വിചാരിച്ചില്ല. ഇന്ന് എന്റെ മടിയിൽ എന്റെ പേരക്കുട്ടിയുണ്ട്.

ഒരിക്കലും ആശകൈവെടിയരുത്. താൽമുദിൽ പറയുന്നത് ഒരു മനുഷ്യനെ മരണശിക്ഷയ്ക്ക് വിധിച്ച് അവന്റെ തല മരക്കട്ടയിൽ വച്ച് ആരാച്ചാർ തന്റെ കോടാലിയും ഉയർത്തിപ്പിടിച്ചു നില്ക്കുമ്പോൾ "ഇപ്പോൾ ഞാൻ മരിക്കും" എന്ന് വിചാരിക്കയാണെങ്കിൽ അവൻ അവിശ്വസ്തനാണ്. ആരാച്ചാരുടെ കയ്യിൽ നിന്ന് കോടാലി താഴെ വീഴാം. റൊമേനിയൻ രാജാവ് മൈക്കൾ ദി ബ്രേവിന്റെ കാര്യത്തിൽ ഇങ്ങനെ സംഭവിച്ചതാണ്.

"യൂതനേഷിയ"(സുഖപ്പെടുത്താനാവാത്ത രോഗികളെ ചികിത്സ നിറുത്തി മരിക്കുവാൻ അനുവദിക്കുന്നത്) എന്നത് തെററാണ്. ലോകത്തിലെ എല്ലാ ഡോക്ടറന്മാരാലും ഉപേക്ഷിക്കപ്പെട്ടവർക്കു ജീവിക്കാൻ കഴിയും. നിങ്ങളുടെ വ്യാപാരം, കുട്ടികൾ ഇവയ്ക്കുവേണ്ടിയും പരിശ്രമങ്ങൾ നടത്തിയിട്ടും പുരോഗമനം ഉണ്ടാകാതിരിക്കുമ്പോഴും നിങ്ങൾ സ്വഭാവികമായും ഇവ നന്നായി വരും എന്ന് പ്രത്യാശിക്കുന്നു. നമുക്ക് നമ്മുടെ പ്രത്യാശയായി "ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്ന" (ഇയ്യോബ് 26:7) ഒരു ദൈവം ഉണ്ട്. അവൻ നല്കുന്ന പ്രത്യാശ അടിസ്ഥാനമില്ലാത്തതായി തോന്നപ്പെടുമ്പോഴും വളരെ പ്രയോജനം ഉള്ളതാണ്.

## മെയ് 11

"അടിമ വീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു" (പുറപ്പാട് 20:2)

നാം രാഷ്ട്രീയ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതില്ല എന്നാണ് ചില ക്രിസ്ത്യാനികൾ കരുതുന്നത്. ലിവിംങ്സ്റ്റൺ സുവിശേഷം അറിയാമായിരുന്നോ? അദ്ദേഹം ആഫ്രിക്കയിൽ ചെന്ന കാലത്ത് അടിമക്കച്ചവടം

നിലവിലിരുന്നു. അടിമകൾ അടിമകളായി തന്നെ കഴിയുന്നത് ലിവിങ്സ്റ്റൺ അനുവദിക്കണമായിരുന്നോ? ദൈവം അടിമകൾക്ക് മോചനം നൽകിയതിനെപ്പററി അദ്ദേഹം വേദപുസ്തകത്തിൽ നിന്നും മനസ്സിലാക്കിയിരുന്നു. നിരപരാധികളായ മനുഷ്യർ ചങ്ങലയിൽ ബന്ധിക്കപ്പെട്ട് യുദ്ധതടവുകാരെപ്പോലെ ചാട്ടയ്ക്ക് അടിക്കപ്പെട്ട് അടിമകളാക്കപ്പെടുന്നതു കണ്ട് നിർവികാരനായിരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ഈ ക്രൂര കൃത്യങ്ങൾ കണ്ട് അദ്ദേഹത്തിൻെറ രക്തം തിളച്ചു. അടിമത്വത്തിനെതിരായി കോപിക്കുന്നതിനുളള സന്മനസ്സ് പല ക്രിസ്ത്യാനികൾക്കും ഇന്ന് നഷ്ടപ്പെട്ടിരിക്കയാണ്. ചിലർ അടിമത്വത്തിനെതിരായി പോരാടുന്നവരോട് മാത്രം കോപിക്കുന്നവരാണ്.

ഇത്തരത്തിലുളള മനുഷ്യക്കച്ചവടം അവസാനിപ്പിക്കുവാൻ ലിവിങ്സ്റ്റൺ ബ്രിട്ടീഷ് ജനതയോട് ആവർത്തിച്ച് അഭ്യർത്ഥിച്ചു. അതിൽ അദ്ദേഹം വിജയം പ്രാപിക്കയും ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്തിൽ അടിമക്കച്ചവടം നിരോധിക്കപ്പെട്ടു. ഇന്ന് ലിവിങ്സ്റ്റണിൻെറ ഭൗതികാവശിഷ്ടങ്ങൾ ലണ്ടനിലെ വെസ്ററ് മിനിസ്ററർ ആബിയിൽ ബഹുമാനിതമായി അടക്കം ചെയ്യപ്പെട്ടിരിക്കുന്നു.

യഹൂദന്മാരുടെ നിയമ പെട്ടകം ഒരു ആചാര ഉപകരണം മാത്രമായിരുന്നില്ല. അത് യുദ്ധത്തിൻെറ അടയാളമായിരുന്നു. അടിമത്വത്തിൽ നിന്നും മോചിതരായ യഹൂദജനത തങ്ങൾക്ക് സ്വന്തമായി ഒരു നാടു കണ്ടെത്തുവാനായി യോർദ്ദാൻ കടന്നപ്പോൾ ഒരു പടയണിയുടെ യുദ്ധക്കൊടിപോലെ ഈ പെട്ടകം ലേവ്യരാൽ വഹിക്കപ്പെട്ട് അവർക്കു മുമ്പായി കൊണ്ടു പൊയ്ക്കൊണ്ടിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്കായുളള സമരത്തിൻെറ അടയാളമായിരുന്നു അത്.

സ്വന്തം നീതിക്കായി മാത്രമല്ല, സാമൂഹ്യ ബന്ധങ്ങളിലും നീതിക്കായി പൊരുതുന്നവരാണ് ക്രിസ്ത്യാനികൾ.

---

## മെയ് 12

---

"വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു."

(എബ്രായർ 4:3)

മനുഷ്യരെ സൃഷ്ടിച്ചത് അവർ പീഢകരോ കൊലപാതകികളോ ആകുവാനല്ല. ഒരു കുററവാളിയാകുന്നത് പ്രകൃതിവിരുദ്ധമാണ്. അതിനാൽ കുററവാളികൾ അവരെ സ്വയം പീഢിപ്പിക്കുന്നു. അങ്ങനെ പീഢിപ്പിക്കപ്പെട്ടവനുമാത്രമേ മററുളളവരേയും ദ്രോഹിക്കുവാൻ കഴിയൂ.

"വൈററ് ബുക്ക് എബവുട്ട് ദി ട്രയൽ സിനിയംവസ്കി ഡാനിയേൽ" എന്നതിൽ ലെനിൻ നിത്യവും വെളുപ്പിന് രണ്ടു മണിക്ക് തൻെറ മുറിവിട്ടിറങ്ങി വളപ്പിൽ പോകുന്നതിനെപററി വിവരിക്കുന്നു. മഞ്ഞത്തു നിന്നുകൊണ്ട് അദ്ദേഹം ചന്ദ്രനു നേരെ കൂവും. ഇത് എല്ലാ രാത്രികളിലും അദ്ദേഹം

തുടർന്നിരുന്നു. അദ്ദേഹം ആദ്യം കൂവിയിട്ട് എല്ലാം നിശബ്ദമാണോ എന്ന് ശ്രദ്ധിക്കും. അവൻ തണുത്ത് മരയ്ക്കുന്നതുവരെ വീണ്ടും വീണ്ടും കൂവും. അതിന് ശേഷം അദ്ദേഹം തന്റെ മുറിയിൽ പ്രവേശിച്ച് റഷ്യയുടെ ഭാവിയിലേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

ഈ കഥ ലെനിന്റെ അംഗരക്ഷകൻ തന്നെ പറഞ്ഞതാണ്.

എല്ലാ മനുഷ്യരും ലെനിനെയും ഹിറ്റ്ലറെയും പോലെ ഉപദ്രവകാരികൾ അല്ല എങ്കിലും പലരിലും ആ ബോൾഷെവിക് ''പദാർത്ഥം'' ഉണ്ട്. നാം നമ്മുടെ വിവാഹപങ്കാളികൾ, മാതാപിതാക്കൾ, സുഹൃത്തുക്കൾ, തൊഴിലാളികൾ എല്ലാവരേയും ഉപദ്രവം ഏല്പിക്കുന്നവരാണ്. നാം മൃഗീയരും വിദ്രോഹവാസനയുള്ളവരുമാണ്.

മററുള്ളവരെ ഉപദ്രവിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാണ് നാം. പക്ഷേ യഥാർത്ഥത്തിൽ നാം നമ്മെ തന്നെ ഉപദ്രവിക്കുന്നവരാണ്. പീഡിതമായ ഒരുവൻ കുഴപ്പക്കാരിയായിരിക്കും.

''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങനെ ആശ്വസിപ്പിക്കും'' (മത്തായി 11:28) എന്ന് യേശുവിന്റെ കരുണയോടെയുള്ള ക്ഷണം ശ്രവിച്ചാൽ നിങ്ങൾക്ക് നിങ്ങളേയും മററുവരേയും നിങ്ങളുടെ ദുഷ്ടതയിൽ നിന്ന് വിടുവിക്കുവാൻ കഴിയും.

---

## മെയ് 13

---

''കുല ചെയ്യരുത്'' (പുറപ്പാട് 20:13)

ജയിലുകളിൽ കഴിയുന്ന മോഷ്ടാക്കൾ കൊലപാതകികളെ ക്രൂരമായി വിമർശിക്കുന്നത് കണ്ടിട്ടുണ്ട്. ''ഞങ്ങൾ അനുതപിച്ച് ഞങ്ങൾ മോഷ്ടിച്ചതിന് നഷ്ടപരിഹാരം കൊടുക്കും. അതിന് സാധിച്ചില്ല എങ്കിൽ തന്നെ മോഷണം മൂലം നഷ്ടം സംഭവിച്ചവർക്ക് വീണ്ടും പണം ഉണ്ടാക്കാം. പക്ഷേ നിങ്ങൾക്ക് നിങ്ങൾ എടുത്തുകളഞ്ഞ ജീവൻ അതിന്റെ ഉടമയ്ക്ക് തിരികെ നല്കാൻ കഴികയില്ല. നിങ്ങൾ നീചരായ കുററവാളികളാണ്'' എന്നാണ് അവരുടെ ആരോപണം.

അവർ പറയുന്നതിൽ കാര്യമുണ്ട്. എല്ലാ പാപങ്ങളും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നശിപ്പിക്കുന്നു. അത് ദൈവത്തിന്റെ നിർദ്ദേശങ്ങളെ അവഗണിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. പക്ഷേ കൊലപാതകം ഒരു ക്രൂരമായ പാപം ആണ്. ഒരു മനുഷ്യന്റെ സ്വത്തോ സൽപേരോ നഷ്ടപ്പെടുത്തിയാൽ അവന് എല്ലാം നഷ്ടപ്പെടുന്നില്ല. നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാൻ അവന് അവസരം ഉണ്ട്. പക്ഷേ കൊലപാതകം തിരുത്താവുന്നതല്ല. തൽഫലമായി അത് ക്രൂരമായ പാപം ആകുന്നു.

ഇക്കാരണത്താൽ അക്രമത്തെയും വിപ്ളവത്തെയും പിന്താങ്ങുന്ന പുരോഹിതന്മാർ തെററായ ഒരു മാർഗ്ഗമാണ് അവലംബിക്കുന്നത്. ഒഴിവാക്കാവുന്ന യുദ്ധങ്ങളിലേക്ക് തങ്ങളുടെ രാജ്യങ്ങളെ നയിക്കുന്ന

ഭരണകൂടങ്ങളും തെററാണ് പ്രവർത്തിക്കുന്നത്. അതേപോലെ തന്നെ രക്തരൂക്ഷിത വിപ്ളവങ്ങൾ നടത്തുന്നവരും തെററുകാരാണ്.

വിപ്ളവത്തിന്റെ ആവശ്യം എന്താണ്?

വി.ററാർസിസ് എന്ന റഷ്യൻ സാഹിത്യകാരൻ തന്റെ "Message from an Asylum" എന്ന പുസ്തകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഞാൻ ദിനവും വേദപുസ്തകം വായിക്കുവാൻ തുടങ്ങി. അത് ഏററവും അപകടകാരിയും, വശീകരണശക്തിയുള്ളതും ആണ് എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനാൽ സഖാക്കൾ അതിന്റെ വിതരണം നിരോധിച്ചതിൽ അത്ഭുതമില്ല. കാരണം, നിങ്ങൾ വേദപുസ്തകത്തിലെ ബുദ്ധിയുള്ള ഉപദേശങ്ങൾ വായിക്കുകയാണെങ്കിൽ, നിങ്ങൾ വിപ്ളവങ്ങളെ പുച്ഛരിച്ചു തള്ളും."

പീഢിതരും ദരിദ്രരും ആയിരിക്കുമ്പോഴും നിങ്ങൾക്ക് പൂർണ്ണ ഹൃദയ സമാധാനവും സന്തോഷവും ലഭിക്കാമെങ്കിൽ, നിങ്ങൾക്ക് നിത്യവും മനോഹരവുമായ ഒരു ജീവിതം പറുദീസയിൽ ഉണ്ട് എന്ന് ഉറപ്പുള്ളപ്പോൾ, ഈ നൈമിഷിക ലോകത്തിലെ സാമൂഹിക വ്യവസ്ഥിതികൾ മാററാനായി രക്തം ചൊരിയുന്നതിനെപ്പററി നിങ്ങൾ ചിന്തിക്കയേയില്ല.

ക്രിസ്ത്യാനികൾ ഇത്തരം പ്രവൃത്തികളിൽ ഇടപെടുകയില്ല. "കുലചെയ്യരുത്" എന്ന ദൈവത്തിന്റെ നിർദ്ദേശം അവരെ ഭരിച്ചു നടത്തുന്നു.

## മെയ് 14

"വിരുന്നു വാഴി മണവാളനെ വിളിച്ചു: എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ച ശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്. നീ നല്ല വീഞ്ഞ് ഇതുവരേയും സൂക്ഷിച്ചു വച്ചുവല്ലോ എന്ന് പറഞ്ഞു."

(യോഹന്നാൻ 2:9-10)

പിശാച് ചിലപ്പോൾ നല്ല വസ്തുക്കൾ, സുന്ദരമായ വാഗ്ദാനങ്ങൾ, സ്വാർത്ഥപരമായ സുഖങ്ങൾ ഇവയെല്ലാം ആദ്യം നല്കും. ജീവിതത്തിന്റെ നല്ല പങ്കും ഇങ്ങനെ കഴിഞ്ഞശേഷം മോശമായവ തകർന്ന ജീവിതം, ആത്മീയ അന്ധത, അനുതാപം ഇവയും അന്ത്യത്തിൽ നിത്യശാപവും നല്കും.

എന്നാൽ സ്നേഹത്തിന് നല്ലതു വരുവാനിരിക്കുന്നതേയുള്ളു എന്നറിയാം. അതിന് ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നതിന്റേയും, ക്രിസ്തുവിനോടും, പരിശുദ്ധാത്മാക്കളോടും ഉള്ള കൂട്ടായ്മ ഇവ എല്ലാത്തിന്റേയും സന്തോഷവും ഉണ്ട്. ഇപ്പോൾ ഈ സന്തോഷം ക്രൂശിന്റെ കയ്പുമായി ചേർന്നിരിക്കുന്നു. ഇപ്പോൾ അത് ക്ലേശം, നിരാശ, പീഢനം, നഗ്നത ഇവയിൽ മഹത്വപ്പെടുകയാണ്. ഈ കണ്ണുനീരിന്റേയും, രക്തം ചിന്തുന്നതിന്റേയും ഇടയിലും ക്രിസ്തുവിന്റെ മണവാട്ടി അവളുടെ പ്രത്യാശ കൈവെടിയുന്നില്ല. അവളുടെ മണവാളൻ വിരുന്നു നല്കുന്ന ഭവനത്തിൽ വരുവാനിരിക്കുന്ന കാലത്തേയ്ക്ക് ഏററവും നല്ല വീഞ്ഞു കരുതിയിട്ടുണ്ട് എന്നും അവൾക്കറിയാം. അല്പകാല ജീവിതമെയുള്ളൂ എന്ന്

വിശ്വസിക്കുന്നവരെപ്പോലെ അവാക്ക് ധൃതിയില്ല. സ്നേഹം ഫലങ്ങാം ലഭിക്കുവാൻ തിടുക്കം കൂട്ടാറില്ല. മാററം വരുന്നതായ തോല്വികാം, കഷ്ടതകാം തെററുകാം എല്ലാം വഹിക്കുവാൻ അവാക്കു കഴിയും. അവസാനം വിജയം അവാക്കാണ്.

സംഘട്ടനങ്ങളാൽ പേടിപ്പിക്കപ്പെടാതെ അവയിൽ നിന്നും പ്രചോദനം നേടികൊണ്ട് ക്രിസ്ത്യാനികാം മുമ്പോട്ടു പോകുന്നു. നമ്മുടെ എതിരാളികാക്ക് ക്രിസ്തു നമുക്കു വേണ്ടി കരുതിയിരിക്കുന്ന പറഞ്ഞറിയിക്കുവാൻ വയ്യാത്ത സന്തോഷത്തെപ്പററി അറിവില്ല. നാം, സ്നേഹിക്കയും സ്നേഹം വിജയിക്കയും ചെയ്യും എന്ന് വിശ്വസിക്കുന്നു.

പാപം നിറഞ്ഞ ലോകം ക്രിസ്തുവിൻെറ സഭയെ അപകടത്തിലാക്കുന്നില്ല. നരകവാതിലുകാക്കു പോലും സഭയ്ക്ക് എതിരെ നില്ക്കുവാൻ കഴികയില്ല. അന്ത്യവിജയം നമ്മുടേതാകയാൽ പാപലോകമാണ് സഭയുടെ നിലനില്പുകൊണ്ട് അപകടത്തിലാകുന്നത്.

---

## മെയ് 15

---

"സത്യത്തിൻെറ ഫലമായ നീതിയിലും, വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊാവിൻ." (എഫെസ്യർ 4:24)

പലപ്പോഴും വിശുദ്ധിയും നന്മയും തമ്മിൽ പലരും തെററിദ്ധരിക്കാറുണ്ട്. ഇതു രണ്ടും തികച്ചും വ്യത്യസ്ഥമായ ഗുണങ്ങാം ആണ്. "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലതു എന്ന് കണ്ടു." (ഉല്പത്തി 1:31) ഈ "എത്രയും നല്ലത്"ന് ശേഷം തികച്ചും വ്യത്യസ്ഥമായ ഒന്ന് ഉണ്ടായി. "ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:3). വിശുദ്ധീകരണം നന്മയെക്കാാം വ്യത്യസ്ഥമായ ഒരു പ്രതലത്തിലുള്ളതാണ്.

വിശുദ്ധനോ ദൈവത്തിനായി വേർതിരിച്ചവനോ ആകാതെ തന്നെ ഒരുവന് നല്ലവനായിരിപ്പാൻ കഴിയും. നല്ലവനല്ലാതെ തന്നെ വിശുദ്ധരായിരിക്കുന്ന വ്യക്തികളും ഉണ്ടായേക്കാം. ഗിദയോൻ, യോവേൽ, യോശുവ മുതലായവരുടെ നന്മ എന്തായിരുന്നു? തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ വിജയത്തിനായി യുദ്ധം ചെയ്യുന്നവർ മാത്രമായിരുന്നു അവർ. ഇതിനാൽ അവർ വിശുദ്ധരായിരുന്നു. അത്താന്യോസ്, ലൂഥർ, കാൽവിൻ എന്നിവരെക്കുറിച്ച് വായിച്ചറിഞ്ഞിട്ടുള്ളവർക്ക് അവരിൽ നല്ല പ്രവർത്തികളുടെ അംശങ്ങാം മാത്രമേ കാണുവാൻ കഴിഞ്ഞുള്ളൂ എന്നു വരാം. അവരിൽ അർപ്പിതമായ സത്യത്തിനുവേണ്ടി പോരാടിയിരുന്നവരാണ് അവർ. ഈ ശ്രമത്തിൽ അവർ തങ്ങളുടെ എതിരാളികാക്കെതിരെ ആഞ്ഞടിച്ചു. സത്യം ജയം പ്രാപിക്കുമല്ലോ?

ശരിയായ ആത്മീയ ആഹാരം ഭക്ഷിച്ചാൽ മാത്രമേ നാം വിശുദ്ധരാകയുള്ളു.

സാധാരണയായി ഇരുട്ടിൽ മാത്രം കഴിയുന്ന ചിലയിനം പുഴുക്കളെ ക്രമമായി പ്രകാശത്തിൽ വളരുവാൻ പരിശീലിപ്പിക്കാമെന്ന് ഒരു പരീക്ഷണത്തിൽ കൂടി മനസ്സിലാക്കുവാൻ കഴിഞ്ഞു. അന്ത്യത്തിൽ അവ വെളിച്ചത്തിൽ കഴിയുന്ന ജീവികളായി 'പുതുജീവൻ പ്രാപിച്ചു.' ഇവയെ നുറുക്കി മററു പുഴുക്കൾക്ക് ഭക്ഷണമായി നല്കി. അവയും വെളിച്ചത്തിൽ ജീവിക്കുവാൻ ശീലിച്ചു. ഇതേ പരീക്ഷണം മററ് ജീവികളിലും നടത്തി.

നാം ഒരു പുതു മനുഷ്യനായി രൂപാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, വിശുദ്ധിയിലും നീതിയിലും ജീവിക്കുവാൻ താല്പര്യപ്പെടുന്നു എങ്കിൽ ക്രിസ്തുവിൻെറ ശരീരം ഭക്ഷിക്കുക. അവൻ മനുഷ്യനായി വന്ന് അവൻെറ ശരീരം നമ്മുടെ നിത്യ ജീവനിലേക്ക് ഉള്ള ഭക്ഷണമായി നല്കി.

---

## മെയ് 16

---

"അവൻെറ തലെയ്ക്ക് തണൽ ആകേണ്ടതിന് യഹോവയായ ദൈവം ഒരു ആവണക്കു കല്പിച്ചുണ്ടാക്കി, അതു അവനുമീതെ വളർന്നു പൊങ്ങി; യോനാ ആവണക്കു നിമിത്തം അത്യന്തം സന്തോഷിച്ചു." (യോനാ 4:6)

ബൈബിളിൽ നിഴലിനെ ഒരു മായ ആയി കണക്കാക്കുന്നു. "ഭൂമിയിൽ നമ്മുടെ ജീവകാലം ഒരു നിഴലത്രെ" (ഇയ്യോബ് 8:9). "മനുഷ്യൻ നിലനില്ക്കാത്ത നിഴൽ പോലെ ഓടിപ്പോകുന്നു" (ഇയ്യോബ് 14:2). "മനുഷ്യൻെറ ജീവകാലത്ത് അവൻ നിഴൽ പോലെ കഴിച്ചുകൂട്ടുന്ന വ്യർത്ഥമായുള്ള ആയുഷ്കാലത്തൊക്കെയും" (സഭാപ്രസംഗി 6:12) എന്ന് ശലോമോൻ പറയുന്നു. അവൻെറ പിതാവായ ദാവീദിൽ നിന്ന് കിട്ടിയതാണ് ഈ ചിന്താഗതി. "ഭൂമിയിൽ ഞങ്ങളുടെ ആയുഷ്ക്കാലം ഒരു നിഴൽപോലെയത്രെ." (ദിനവൃത്താന്തം 29:15)

യോനായെപ്പോലെയുള്ള പ്രവാചകന്മാർ പോലും ചിലപ്പോൾ ഈ നീങ്ങിപ്പോകുന്നവയെപററി "അത്യന്തം സന്തോഷിക്കും."

യോനാ ആദ്യം ഒരു കുടിലുണ്ടാക്കി അതിൻെറ നിഴലിൽ ഇരുന്നു. മനുഷ്യൻ നിർമ്മിക്കുന്നവയെല്ലാം ഒഴിഞ്ഞുപോകുന്നതാണ് എന്ന് അവൻ മറന്നിരുന്നു. പക്ഷെ ഒരു വലിയ കാററ് അടുത്ത ദിവസം അതിനെ നശിപ്പിച്ചു. നാം പണിയുന്നവ എല്ലാം നശിച്ചു പോകുന്നവയാണ്. ഒന്നും നിലനില്ക്കുന്നവയല്ല. നാമോ നമ്മുടെ സംസ്കാരമോ പോലും നിലനില്കയില്ല.

ആവണക്കിൻെറ തണലിൽ യോനാ സന്തോഷിച്ചു. പക്ഷേ പിറെറ ദിവസം ഒരു പുഴു കുത്തി അത് വാടിപ്പോയി. എല്ലാ മരങ്ങളും എന്നെങ്കിലും നശിക്കും. പുഴുവും അത് കുത്തിക്കളഞ്ഞ മരവും അതിൻെറ തണലിൽ ഇരുന്ന പ്രവാചകനും മരിച്ചു. യോനാ ഉപദേശിച്ച നിനവേ പട്ടണം അവൻെറ കാലത്ത് പശ്ചാത്തപിച്ചു എങ്കിലും, നീങ്ങിപ്പോകും. വിശ്വാസികളും അവിശ്വാസികളും മരിക്കും. ഒരു നിഴലിൽ സന്തോഷിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. നിങ്ങളുടെ സന്തോഷം നഷ്ടപ്പെട്ടതുകൊണ്ട് നാളെ നിങ്ങൾ മരിക്കുവാൻ ആഗ്രഹിക്കും. ഏതായാലും നിരാശയും നീണ്ടുനില്ക്കയില്ല. അതും എല്ലാ വികാരവും പോലെ മാറിപ്പോകുന്നതാണ്. വൃക്ഷങ്ങൾ വളരുന്നതും, മനുഷ്യർ ചിലപ്പോൾ

സന്തോഷത്തിലും കോപത്തിലും കഴിയുന്നതുമായ ഈ ഭൂമിയും കത്തിപ്പോകും.

"എനിക്ക് അയ്യോ ഭാവം തോന്നരുതോ" (യോന 4:11) എന്ന് ചോദിക്കുന്ന ദൈവം മാത്രം നിലനില്ക്കും. അവൻ എന്നേക്കും നിനവേ പട്ടണത്തെ നിലനിർത്തുകയില്ല. ഈ ലോകത്തിൽ ആരേയും അവൻ അവശേഷിപ്പിക്കയില്ല. യേശു ഉയിർപ്പിച്ച ലാസറും വീണ്ടും എല്ലാവരേയും പോലെ മരിച്ചു. എന്നേക്കും നിലനില്കുന്നത് ദൈവം മാത്രമേയുള്ളു. അവൻെറ വചനവും നിലനില്ക്കും. എന്നിൽ വിശ്വസിച്ച ആത്മാവിനോട് എനിക്ക് അയ്യോഭാവം തോന്നരുതോ? അത് നിലനില്ക്കുന്നതാണ്.

---

## മെയ് 17

---

"ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമം കെട്ടു നടന്നിട്ടില്ല, ആരുടേയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല." (2തെസ്സലോനിക്യർ 3:8)

പൗലോസ് അപ്പാസ്തോലൻെറ പല ഇടയ ലേഖനങ്ങളിലേയും കേന്ദ്രവിഷയം കത്തിജ്വലിപ്പിച്ച് പ്രകാശിക്കുന്ന ആയിരം സൂര്യബിംബങ്ങൾക്കു തുല്യം പ്രകാശമാർന്നവനും മഞ്ഞുപോലെ വെണ്മയാർന്നവനുമായ ക്രിസ്തു ആയിരുന്നു.

ക്രിസ്തു അദ്ദേഹത്തിൻെറ സുപ്രധാന വിഷയം ആയിരുന്നു എങ്കിലും ഇടയ ലേഖനങ്ങളിലെ ഏക വിഷയം ആയിരുന്നില്ല. ചിലപ്പോൾ അദ്ദേഹം തന്നെപ്പററിയും തൻെറ സഹപ്രവർത്തകരെപററിയും എഴുതി. മുകളിൽ കൊടുത്തിരിക്കുന്ന വചനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

നമുക്കും പ്രധാന ചിന്താവിഷയം സദ്ഗുണങ്ങൾ അതിരില്ലാതെ കടൽപോലെ നിറഞ്ഞു നില്ക്കുന്നവനും വിലയേറിയ മുത്തുകളാൽ നിറഞ്ഞവനുമായ ക്രിസ്തു തന്നെയാണ്. നാം അവനെ അറിയുമ്പോൾ ആനന്ദത്തിൻെറ മൂർഛയിൽ നമ്മുടെ ചിന്തകൾ അസ്തമിക്കുന്നു.

എന്നിരുന്നാലും നാം നമ്മുടെ പട്ടക്കാരെപററി ചർച്ചചെയ്യേണ്ടിയിരിക്കുന്നു. സുവിശേഷ വേല ചെയ്യുന്ന ഏതൊരു വ്യക്തിയും താഴെ പറയുന്ന സംഗതികൾ പാലിച്ചിരിക്കണം എന്ന് നിങ്ങളുടെ പട്ടക്കാരനെയും ഓർമ്മിപ്പിക്കുക.

1. അവർ തങ്ങളുടെ സഹ വിശ്വാസികളുടെ അപ്പം ചേതമില്ലാതെ അനുഭവിക്കരുത്. വർഷാവസാനം ഒരു ഡോക്ടർ എത്ര രോഗികളെ ചികിത്സിച്ചു എന്നും അതിൽ എത്രപേർ സുഖം പ്രാപിച്ചു എന്നും കണക്കുനോക്കാം. ഒരു ചെരുപ്പുകുത്തിയ്ക്ക് താൻ എത്ര ജോഡി ചെരുപ്പുകൾ നിർമ്മിച്ചു എന്നു കണക്കാക്കുവാൻ കഴിയും. അപ്രകാരം തന്നെ ഒരു വൈദീകന് താൻ സുവിശേഷം പ്രചരിപ്പിച്ചതിനെപ്പററിയും അതിൽ കൈവരിച്ച നേട്ടങ്ങളെപ്പററിയും കണക്കുകൊടുക്കുവാൻ കഴിയണം.

2. അവർ രാവും പകലും അദ്ധ്വാനിക്കണം. പകലത്തെ അദ്ധ്വാനം മാത്രം മതിയാവുകയില്ല. "അവൻെറ ന്യായ പ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീർത്തനങ്ങൾ 1:2). രാത്രിയിലും വേല തുടരുമ്പോഴാണ് ഫലം കണ്ടെത്തുന്നത്.

ക്രിസ്ത്യാനികൾ തങ്ങളുടെ പട്ടക്കാരുടെ പട്ടക്കാരായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## മെയ് 18

''എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും തകർന്നും ഇരിക്കുന്നു.'' (യെശയ്യാവ് 53:5)

പീഡനം തുടരുന്ന ഒരു രാജ്യത്ത് ഒരു പോലീസ് ഓഫീസർ ഒരു പാസ്ററനെ അറസ്ററു ചെയ്യുവാൻ വന്നു. അയാൾ പാസ്ററോട് ചോദിച്ചു. ''നിങ്ങൾ മററുള്ളവരെപോലെ എന്നെ ഒരു ഭീകരജന്തുവായി കണക്കാക്കുന്നുവോ?''

പാസ്ററർ മറുപടി പറഞ്ഞു: ''ഭീകരജന്തുവോ? ഇല്ല. നിന്നെ ആരും സ്നേഹിക്കുന്നില്ലെന്നു വിശ്വസിക്കുന്ന ഒരു അസന്തുഷ്ടനായ മനുഷ്യനായി കാണുന്നു. ദൈവം നിന്നെ സ്നേഹിക്കുന്നു. അതും ഒരു പ്രത്യേക വിധത്തിൽ. അവൻ മനുഷ്യനായിവന്നതു തന്നെ ദുഷ്ടമനുഷ്യർക്കു വേണ്ടിയാണ്. നാം നല്ലവരായതിനാലല്ല അവൻ ഭൂമിയിൽ വന്നത്. നാം വൃത്തികെട്ടവരായതിനാലാണ്. എത്രയും മോശമായവരാണോ നാം അത്രയും കൂടുതലാണ് നമ്മോടുള്ള അവൻെറ കരുണ.''

ഓഫീസർ ന്യായീകരിച്ചു ''ഞാൻ അത്രയും മോശപ്പെട്ടവനല്ല. ഞാൻ ഒരു കള്ളനുമല്ല.''

''നിങ്ങൾ കള്ളൻ ആണ്''' പാസ്ററർ പറഞ്ഞു. ''നിങ്ങൾ ദൈവത്തിങ്കൽ നിന്നു മോഷ്ടിച്ചിട്ടുണ്ട്.''

''എന്ത്?''

''നിങ്ങളുടെ പാപങ്ങളെ അവൻെറ പക്കൽ നിന്ന് മോഷ്ടിച്ചു. നമ്മുടെ പാപങ്ങൾ അവൻെറ വകയാണ്. അവൻ മനുഷ്യപുത്രനായി ജനിച്ചത് അവ വഹിക്കുവാനാണ്. നമ്മുടെ നീച പ്രവൃത്തിയാകുന്ന വൃത്തികേട് എല്ലാം അവൻേറതാണ്. നിങ്ങളുടേതല്ല. നിങ്ങൾ അവ അവനു നല്കുവാൻ വിസമ്മതിക്കുന്നു എങ്കിൽ നിങ്ങൾ ഒരു കള്ളനാണ്. ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടായവന് തൻെറ അവകാശത്തിൽ പെട്ടത് എടുത്തുകൊണ്ടുപോകുവാൻ അധികാരം ഉണ്ട്. നിങ്ങൾ മററാരുടേയോ സ്വത്തു സൂക്ഷിക്കുന്നു.''

ആ രാത്രിയിൽ പാസ്ററർ തടവിലാക്കപ്പെട്ടില്ല. ആ പോലീസ് ഓഫീസർ അവൻെറ പാപങ്ങൾ പാസ്ററോട് ഏററുപറഞ്ഞു.

നിങ്ങളും ഒരു മോഷ്ടാവാണോ? നിങ്ങൾ ചെയ്ത പാപങ്ങൾ യേശുവിന് അവകാശപ്പെട്ടതാണെങ്കിലും നിങ്ങളുടേത് എന്ന് പ്രഖ്യാപിക്കുന്നുണ്ടോ?

"അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളിയുണ്ടായി." (മത്തായി 25:6)

ഭൂമി അതിൻെറ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ ഒരു ഭാഗം സൂര്യനിൽ നിന്നും ഏററവും അകലെയായിരിക്കുന്ന സമയമാണ് അവിടെ അർദ്ധരാത്രി എന്നറിയപ്പെടുന്നത്. മനുഷ്യർ ദൈവത്തിൽ നിന്നും ഏററവും അകന്നിരിക്കുന്ന അവസ്ഥയാണ് ആത്മീകമായ അർദ്ധരാത്രി. നാം ഈ അർദ്ധരാത്രിയുടേയും അതിൻെറ പേടിപ്പെടുത്തുന്ന സംഭവവികാസങ്ങളേയും സമീപിച്ചുകൊണ്ടാണിരിക്കുന്നത്.

പക്ഷേ ലോകർ അർദ്ധരാത്രിയെ സമീപിക്കുന്നതുപോലെയല്ല ദൈവമക്കാം അതിനെ നേരിടുന്നത്. അർദ്ധരാത്രിയിൽ മിസ്രയീംകാരുടെ കടിഞ്ഞൂൽ പൈതങ്ങാം മരണമടഞ്ഞപ്പോാം ദൈവത്തിൻെറ തെരഞ്ഞെടുത്ത ജനം സ്വാതന്ത്ര്യം കൈവശമാക്കി.

കർത്താവ് ഇപ്രകാരം അരുളിചെയ്തിരിക്കുന്നു. "ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (യോഹന്നാൻ 9:4). പക്ഷേ വേദപുസ്തകത്തിൽ ഒരു കാര്യം അസാദ്ധ്യം എന്ന് പറയുമ്പോാം വിശ്വാസികാംക്ക് അത് ബാധകമല്ല. "വിശ്വസിക്കുന്നവനു സകലവും കഴിയും" (മർക്കോസ് 9:23).

വിശുദ്ധർക്കു അർദ്ധരാത്രിയിലും പ്രവർത്തിക്കുവാൻ കഴിയും. ശിംശോൻ ഗസ്സാ നഗരത്തിലെ വാതിലുകാം കൈയടക്കിയത് അർദ്ധരാത്രിയിലാണ്. "നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരാം" എന്ന വാഗ്ദാനം ബോവസിൽ നിന്നും രൂത്തിന് ലഭിച്ചത് അർദ്ധരാത്രിയിലാണ് (രൂത്ത് 3:11). പൗലോസും ശിലാസും ഫിലിപ്പിയയിലെ ജയിലധികാരിയെ കർത്താവിനായി നേടിയത് അർദ്ധരാത്രിയിലാണ് (അപ്പൊ. പ്രവർത്തികാം 16:25).

അർദ്ധരാത്രിയിൽ ദൈവത്തിൻെറ ജനം അവരുടെ മഹത്തരമായ പ്രവർത്തികാം നടപ്പാക്കുന്നു. അതിനാലാണ് സങ്കീർത്തനക്കാരൻ "നിനക്കു സ്തോത്രം ചെയ്യുവാൻ ഞാൻ അർദ്ധരാത്രിയിൽ എഴുന്നേല്ക്കും" (സങ്കീർത്തനങ്ങാം 119:62) എന്നു പാടിയിരിക്കുന്നത്.

ഈ ലോകത്തിലെ അന്ധകാരത്തെ നാം ഭയപ്പെടുന്നില്ല. നാം പ്രവർത്തിച്ചുകൊണ്ടേയിരിക്കും. നമ്മുടെ മണവാളൻ വേഗം വരുന്നു. നാം അവനെ വെറും കയ്യോട് സ്വീകരിക്കുവാൻ ഇടവരരുത്.

"ഹേ നിന്ദക്കാരെ, നോക്കുവിൻ; ആശ്ചര്യപ്പെട്ടു നശിച്ചുപോകുവിൻ."
(അപ്പൊ. പ്രവൃത്തികം 13:40)

ഹബക്കൂക് 1:5-ൽ നിന്നും പൗലോസ് ഉദ്ധരിച്ചിരിക്കുന്ന വാക്യമാണ് ഇത്. അതിനോടുകൂടി ഒരു അപ്പൊസ്തോലന്റെ അധികാരത്താൽ "നശിച്ചുപോകുവിൻ" എന്ന ശാപവാക്കുകൂടി സുവിശേഷത്തിന്റെ എതിരാളികളെ സംബോധന ചെയ്യുവാൻ ഉപയോഗിച്ചിരിക്കുന്നു. ദൈവം യെരുശലേമിന്റെ മേൽ ശാപം ചൊരിഞ്ഞിട്ടുണ്ട്. അവൻ അത്തിവൃക്ഷത്തെ ശപിച്ചു. അത് ഉണങ്ങിപ്പോയി. ഇവിടെ പൗലോസ് യഹൂദരാജ്യത്തെ മുൻകൂട്ടി അറിയിക്കയാണ് അത് നശിച്ചുപോകും എന്ന്. താമസിയാതെ അങ്ങനെ സംഭവിക്കയും ചെയ്തു. ഒരു പുതിയ യഹൂദരാജ്യത്ത് യിസ്രായേലിന്റെ ചിതറിപ്പോയ ആടുകളെ കൂട്ടികൊണ്ടുവന്ന് ഈ അടുത്ത കാലത്താണ് ദൈവം പിന്നെ അവരോടു കരുണ കാണിച്ചത്.

ഒരു അപ്പൊസ്തോലൻ എതിരാളികളോട് "നശിച്ചു പോകുവിൻ" എന്നു പറയുന്നത് അസാധാരണമായി നമുക്ക് തോന്നാം. ദൈവം സ്നേഹം ആകുന്നു എന്ന് നമുക്ക് അറിയാം. പക്ഷേ ദൈവം സ്നേഹം മാത്രമാണ് എന്ന് വേദപുസ്തകത്തിൽ എങ്ങും പറയുന്നില്ല. ദൈവത്തെപ്പററിയുള്ള വിവരണം "സ്നേഹം" എന്ന ഒററവാക്കിൽ ഒതുക്കി നിർത്തുവാൻ പററില്ല. ഒരു മനുഷ്യനെപോലും നിങ്ങാക്ക് ഒററവാക്കിൽ വിവരിക്കാൻ പററുകയില്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണ്, പക്ഷേ ഞാൻ ഒരു പുരുഷനാണ്, നീളമുള്ളവനാണ്, പാസ്റററാണ്, പാപിയാണ്, പിതാവാണ് ഇങ്ങനെ പലതുമാണ്. സ്നേഹം ദൈവത്തിന്റെ ഒരു വിശേഷകം മാത്രമാണ്. ഇതോടൊപ്പം തന്നെ ദൈവത്തിന്റെ നീതി, കോപം, ഭീകരത എല്ലാം ഉണ്ട്. ഇവ എല്ലാം അവന്റെ സ്നേഹമായി വേദപുസ്തകത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

1കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ പൗലോസ് സ്നേഹത്തെ പുകഴ്ത്തി എഴുതിയശേഷം അതേ സുവിശേഷത്തിൽ 16:22-ൽ "കർത്താവിനെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവൻ!" എന്ന് എഴുതിയിരിക്കുന്നു.

ക്രിസ്ത്യാനികാക്ക് കെട്ടുവാനും, അഴിക്കുവാനും, അനുഗ്രഹിപ്പാനും, ശപിക്കുവാനും ഉള്ള അധികാരം ഉണ്ട്. അവരുടെ ശത്രുക്കളെ വ്യക്തികളായി അവർ സ്നേഹിക്കയും അവരെ രക്ഷയിലേക്കു കൊണ്ടുവരുവാൻ പരമാവധി ശ്രമിക്കയും ചെയ്യും. പക്ഷേ അവരെ പീഢിപ്പിക്കുന്ന സ്ഥാപനങ്ങളോട് പ്രവചനത്തിലെപ്പോലെ "നശിച്ചുപോകുവിൻ" എന്നു പറയും. അവ നിശ്ചയമായും നശിക്കയും ചെയ്യും.

ജംഗിഷ്ഖാനേയും അവന്റെ ശക്തമായ ടാർട്ടാറന്മാരേയും പററി ഓർമ്മയുണ്ടോ? പതിമൂന്നാം നൂററാണ്ടിൽ ജെററ് വിമാനങ്ങളും ആററം ബോംബുകളും ഇല്ലാതെ ചൈനയിൽ നിന്ന് മദ്ധ്യ യൂറോപ്പുവരെ അവർ ആക്രമിച്ചുചെന്നു. സോവിയററുകാർ ഈ പ്രദേശം കീഴടക്കുവാൻ എടുത്തതിന്റെ പകുതി സമയമേ അവൻ എടുത്തുള്ളൂ. പക്ഷേ ജംഗിഷ്ഖാൻ മരിച്ചു.

സുവിശേഷത്തിൻെറ ശത്രുക്കളായവർ നിർമ്മിച്ച് അട്ടിയടുക്കി വച്ചിരിക്കുന്ന ബോംബുകളെ നാം പേടിക്കുന്നില്ല. അതേപോലെതന്നെ സുലൈമാനേയും അവൻെറ തുർക്കികളേയും ഓർമ്മിക്കുക. ക്രിസ്ത്യാനികൾ പ്രാർത്ഥിക്കയും "നശിച്ചു പോകുവിൻ" എന്ന ശാപവാക്ക് ഉച്ചരിക്കയും ചെയ്തപ്പോൾ ശത്രുക്കൾ നശിച്ചുപോയി. ആത്മീയ ആയുധങ്ങൾ ശക്തികൂടിയവയാണ്. അവ മാരകവുമാണ്. പത്രോസിൻെറ ഒററവാക്കു കാരണം അവിശ്വാസികളായ അനന്യാസും സഫീറയ്ക്കും മരണം ലഭിച്ചു.

## മെയ് 21

"നീതി പ്രവർത്തിപ്പിൻ" (യേശയ്യാവ് 56:1)

പത്തുവർഷം സോവിയററ് തടവിൽ കഴിഞ്ഞിരുന്ന ക്രാസ്നോവ് ലെവിററിൻ എന്ന എബ്രായ ക്രിസ്ത്യൻ എഴുത്തുകാരൻ ശാന്തി പ്രിയനായ ഒരു ക്രിസ്ത്യനുമായി നടത്തിയ സംഭാഷണം വിവരിച്ചു. ലെവിററിൻ അദ്ദേഹത്തോട് ചോദിച്ചു "ഒരു കൊളളക്കാരൻ നിൻെറ കുടുംബത്തെ ആക്രമിക്കയാണെങ്കിൽ നീ അവനുമായി ഏററുമുട്ടി അവൻെറ പക്കലെ ആയുധം തട്ടിയെടുത്ത് അവൻെറ തലയ്ക്ക് അടിക്കയില്ലേ?"

ആ ശാന്തി പ്രിയനായ ക്രിസ്ത്യാനി മറുപടി പറഞ്ഞു: "വിശുദ്ധ വേദപുസ്തകം ഇത് നിരോധിച്ചിരിക്കയാണ്. ഒരുവൻ നിൻെറ ചെകിട്ടത്ത് അടിക്കുമ്പോൾ മറെറ കരണം കാണിച്ചുകൊടുക്കുവാനാണ് യേശു പറഞ്ഞിരിക്കുന്നത്." ലെവിററിൻ മറുപടി പറഞ്ഞു: " പക്ഷേ നിങ്ങളുടെ കുട്ടികൾ കൊളളക്കാരാൽ കൊല്ലപ്പെടുന്നത് അനുവദിച്ചു കൊടുക്കണം എന്ന് യേശു പറഞ്ഞിട്ടില്ലല്ലോ?"

അദ്ദേഹം വിവരിച്ചു: "നീ മാത്രം അക്രമിക്കപ്പെടുമ്പോൾ ചെയ്യാവുന്നത് മററുളളവരും കൂടി ഉൾപ്പെട്ടിരിക്കുമ്പോൾ വ്യത്യസ്തപ്പെടുന്നു. നിരായുധനായ ഒരു വ്യക്തി മർദ്ദിക്കപ്പെടുമ്പോൾ മുമ്പോട്ട് ചെന്ന് അവനെ സഹായിക്കാത്തവൻ ഭീരുവും തൻകാര്യക്കാരനുമാണ്. ഇത് സഹിഷ്ണുത എന്ന ഗുണമായി കണക്കാക്കാവുന്നതല്ല. അസത്യം വിജയിക്കുമ്പോൾ നിശബ്ദനായിരിക്കുന്നവനും ഭീരുവും തൻകാര്യക്കാരനുമാണ്. ആർദ്രതയും നമുക്കു നേരെ വർഷിക്കപ്പെടുന്ന അസഭ്യങ്ങളെ മറക്കുന്നതും നമ്മുടെ ഏകാഗ്രത, അനീതി, കളളം, നാം ജീവിക്കുന്ന ലോകത്തിൻെറ ദുഷ്ടത എന്നിവക്കെതിരെ പോരാടുന്നതിനായി കരുതി വയ്ക്കുവാൻ നമ്മെ സഹായിക്കുന്നു."

"നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന വാക്യം നീതിയുടെ വിജയത്തിനായി പരിശ്രമിക്കുന്ന ഏവർക്കും അനുഗ്രഹകരമാണ് എന്ന് ലെവിററിൻ കരുതുന്നു. സർവ്വസാധാരണമായ രക്ഷയെപററി യൂദാ എഴുതിയിരിക്കുന്നു. രക്ഷിക്കപ്പെട്ട ഓരോരുത്തരും രക്ഷ സാർവ്വത്രികമാക്കി ക്രിസ്തുവിൻെറ തത്വങ്ങൾ ലോകത്തെ ഭരിക്കുന്ന അവസ്ഥ കൈവരിക്കുവാനായി പോരാടുന്നു.

സത്യക്രിസ്ത്യാനികൾ എല്ലാവരും അനീതിക്കും അക്രമത്തിനും എതിരായ

പോരാളികൾ ആണ്. അതിനാലാണ് അവർ പീഢിപ്പിക്കപ്പെടുന്നത്. സ്വന്തം രക്ഷയിൽ തൃപ്തനായിരിക്കാതെ മററുള്ളവരേയും രക്ഷയിലേക്കു നയിക്കുക.

## മെയ് 22

''സ്നേഹം.... അയോഗ്യമായി നടക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല.''

(1കൊരിന്ത്യർ 13:5)

ഈ വാക്യത്തിൻെറ അർത്ഥം മിക്കവാറും എല്ലാവരും മനസ്സിലാക്കുന്നത് ക്രിസ്ത്യാനികൾ ദേഷ്യപ്പെടുന്നില്ല എന്നുതന്നെയാണ്. പക്ഷേ, പലപ്പോഴും പൗലോസ് തന്നെ വളരെ കോപിച്ചിരുന്നതായി കാണും. അതേപോലെ ദൈവവും കോപിച്ചിരുന്നു. ഇതേപോലെ തന്നെ പരിഷ്കർത്താക്കളും അവരുടെ എതിരാളികളും എല്ലാം കോപിച്ചിരുന്നു. സഭയുടേയും ലോകത്തിൻെയും ഭാവി അപകടത്തിലാകുമ്പോൾ താഴ്മ വളരെ ദോഷം ചെയ്യും.

'അയോഗ്യമായി' എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽ 'aschemon' എന്നാണ്. വിവർത്തനം ചെയ്യുമ്പോൾ ഈ വാക്കിൻെറ അർത്ഥം ''സ്നേഹം ഒരു പദ്ധതിയില്ലാതെ പെരുമാറുന്നില്ല'' എന്നാണ്.

ഒരു ജീവ ശാസ്ത്രജ്ഞനെപ്പോലെ യേശു മനുഷ്യരെ തരം തിരിക്കുന്നു. അവൻ ഒരു പദ്ധതിയിൽ കൂടി അവരെ കരുപ്പിടിപ്പിക്കുന്നു. ചില മനുഷ്യരെ 'ആടുകൾ' മററുചിലർ 'ചെന്നായ്ക്കൾ' ചിലർ 'പട്ടികൾ' വേറെ ചിലർ 'കുറുക്കന്മാർ' ചിലർ 'വിഢ്ഢികൾ' 'കപട ഭക്തിക്കാർ' ചിലർ 'അണലികളും' എന്നിങ്ങനെ അവൻ വിളിക്കുന്നു. ബാക്കിയുള്ളവർ എല്ലാവരും അവൻെറ പ്രിയപ്പെട്ട അനുയായികൾ ആകുന്നു. അവന് ചുവന്ന 'വ്യാളി' എന്ന മൃഗത്തെപററിയും തിരഞ്ഞെടുക്കപ്പെട്ട പ്രാവിനെപററിയും അറിയാമായിരുന്നു. സ്നേഹം അയോഗ്യമായി നടക്കുന്നില്ല- അതായത് ഇതേപോലെ ഒരു പദ്ധതിയില്ലാതെ നടക്കുന്നില്ല.

എല്ലാ മനുഷ്യരേയും സ്നേഹിക്കണം. പക്ഷേ 'ആടുകളെപ്പോലെയും' 'ചെന്നായ്ക്കളെപ്പോലെയും' ഉള്ളവരോടും ഒരേപോലെ വർത്തിക്കുവാൻ എനിക്കു പററില്ല. അതേപോലെ തന്നെ പ്രിയ ശിഷ്യന്മാരോടെന്നപോലെ കപടഭക്തിക്കാരോടും, ദ്രോഹിക്കപ്പെടുന്നവനോട് പെരുമാറുന്നതുപോലെ സ്വേച്ഛാധിപതിയോടും പെരുമാറുവാൻ സാദ്ധ്യമല്ല. ആടുകളോടും, തൻെറ പട്ടികളോടും, ചെന്നായ്ക്കളോടും ഒരേപോലെ വർത്തിക്കുന്ന ഇടയനു ഹാ! കഷ്ടം. ഒരു നല്ല ഭർത്താവിനോടും ചീത്തയായ ഭർത്താവിനോടും ഉള്ള സ്നേഹം ഒരുപോലെയല്ല. ഒരു അനുസരണം ഉള്ള കുട്ടിയോടും അനുസരണം ഇല്ലാത്തവനോടും ഉള്ള സ്നേഹം ഒരുപോലെയല്ല. സ്നേഹത്തിൻെറ മനോഭാവം പരിതസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്.

ഒരു സംഘം ആളുകൾ നിഷ്കളങ്കനായ ഒരുവനെ ആക്രമിച്ചു എന്ന് സങ്കല്പിക്കുക. ഞാൻ അവരെയെല്ലാവരേയും സ്നേഹിക്കണം. പക്ഷേ നിഷ്കളങ്കനായ മനുഷ്യനെ സംരക്ഷിക്കുവാൻ ഗുണ്ടകളെ വെടിവച്ചിട്ടാണെങ്കി

ലും ശ്രമിക്കണം. അല്ലെങ്കിൽ ഞാൻ അയോഗ്യമായി പ്രവർത്തിക്കുന്നു. കാരണം ലോകത്തിൽ ഈ രണ്ടുകൂട്ടർക്കും വ്യത്യസ്ഥമായ സ്ഥാനങ്ങളാണ് ഉള്ളത്. ഇതു തന്നെയായിരിക്കണം സഭയെ സംരക്ഷിക്കുന്നവരോടും ഉപദ്രവിക്കുന്നവരോടും നമ്മുടെ രാഷ്ട്രത്തെ സംരക്ഷിക്കുന്നവരോടും അതിനെ ആക്രമിക്കുന്നവരോടും ഉണ്ടായിരിക്കേണ്ട മനോഭാവം.

സ്നേഹം അയോഗ്യമായി നടക്കുന്നില്ല. ഓരോ മനുഷ്യന്റെയും പദ്ധതിയില്ലുള്ള സ്ഥാനമനുസരിച്ച് വ്യത്യസ്ഥമായ മനോഭാവം ആയിരിക്കും സ്നേഹത്തിനുള്ളത്.

## മെയ് 23

''നില്ക്ക; ഏലിയാവ് അവനെ രക്ഷിപ്പാൻ വരുമോ എന്ന് നോക്കാം.''
(മത്തായി 27:49)

മററുള്ളവരുടെ കഷ്ടതകൾക്കുനേരെ കണ്ണടയ്ക്കുന്നതിനും അതേപ്പററി വികാരശൂന്യതയും അശ്രദ്ധയും പ്രകടിപ്പിക്കുന്നതിനുമുള്ള ഒരു മനോഭാവം അജ്ഞമായി മനുഷ്യരിലുണ്ട്.

ഗോൽഗോഥായിലെ ക്രൂശീകരണത്തിന്റെ സമയത്ത് മനുഷ്യരുടെ കൈകളിലും കാലുകളിലും ആണികൾ തുളച്ചുകയറുമ്പോൾ അവരുടെ നിലവിളി കേട്ടുകൊണ്ടു ഒരു വലിയ പുരുഷാരം അവിടെ കൂടിയിട്ടുണ്ടായിരുന്നു. ആ വെള്ളിയാഴ്ച ക്രൂശിക്കപ്പെട്ട മൂന്നു പേരിൽ ഒരാളെങ്കിലും ഉത്തമനായ ഒരുവൻ ആണ് എന്ന് അവർക്കു ബോദ്ധ്യം ഉണ്ടായിരുന്നു. അല്ലായിരുന്നു എങ്കിൽ അവൻ തന്റെ വേദനയുടെ പരമകാഠിന്യത്തിലും തന്നെ പീഢിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കയും ഒരു കൊള്ളക്കാരനെ ദൈവത്തിങ്കലേക്കു കൊണ്ടുവരുന്നതിനും ശ്രമിക്കയില്ലായിരുന്നു. പക്ഷേ യേശുവും നിരാശയോട് ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവിട്ടതു എന്ത്'' എന്ന് നിലവിളിക്കയാണുണ്ടായത്.

പക്ഷേ, പുരുഷാരത്തിന്റെ പ്രതികരണം എന്തായിരുന്നു. അവർ അന്യോന്യം പറഞ്ഞു. 'നില്ക്ക;.... നോക്കാം.'' അവന്റെ കഷ്ടതയെ അല്പമെങ്കിലും ലഘൂകരിക്കാൻ അവന് ഒരു തുള്ളി വെള്ളം കൊടുക്കണമെന്നോ ദയ ഉള്ള ഒരു വാക്കു പറയണമെന്നോ അവർക്കു തോന്നിയില്ല. ''നില്ക്ക; ഏലിയാവ് അവനെ രക്ഷിപ്പാൻ വരുമോ എന്ന് നോക്കാം.''

ഏലിയാവ് എന്നത് പഴയ നിയമത്തിലെ ഒരു പ്രവാചകന്റെ പേരു മാത്രമല്ല. എബ്രായ ഭാഷയിൽ ഏലിയാവ് എന്നാൽ ''യഹോവ എന്റെ ദൈവം'' എന്നർത്ഥം വരുന്ന ഒരു ചെറിയ വാക്യമാണ്. നമ്മിൽ ഓരോരുത്തർക്കും യഹോവ ദൈവമായിരിക്കണം. ദയാപൂർണ്ണനായ യഹോവയായ ദൈവം നമ്മുടെ ജീവിതത്തിന്റെ നായകൻ ആണെങ്കിൽ നാം ഒരിക്കലും ഒരു നിർദ്ദോഷിയുടെ കഷ്ടതയ്ക്കു നേരെ നിഷ്ക്രിയരായിരിക്കയില്ല.

വാസ്തവത്തിൽ ദൈവം ഇല്ലാത്തവരാണ് ഇപ്രകാരം ഒരു സമീപനം കൈക്കൊള്ളുന്നത്. ''നില്ക്ക; നോക്കാം.'' ഇത്തരത്തിലുള്ള ഒരു പുരുഷാരമാണ് ഗോൽഗോഥായിലെ ക്രൂശീകരണം കണ്ടുകൊണ്ട്

നിശ്ചലരായി നിന്നത്. അങ്ങനെയുള്ളവർ ഇന്നത്തെ കഷ്ടതകൾ കാണുമ്പോഴും നിഷ്ക്രിയരായി നില്ക്കുന്നു. അവർ ശപിക്കപ്പെട്ടവരാണ്. യേശുവിൻെറ എളിയ സഹോദരങ്ങൾ വിശക്കുന്നവരായിരുന്നാലും തടവിലായിരുന്നാലും അവർക്ക് യാതൊരു പ്രശ്നവുമില്ല. ഇങ്ങനെയുള്ളവരെ നമുക്ക് ദൈവത്തിൻെറ ന്യായ വിധിക്കു വിട്ടു കൊടുക്കാം.

ദൈവത്തിൻെറ തെരഞ്ഞെടുത്ത ജനത്തിനും വളരെയധികം നിഷ്ക്രിയത്വവും അനുകമ്പയില്ലായ്മയും കൈവിട്ടുകളയേണ്ടതായിട്ടുണ്ട്. ഏതെങ്കിലും ആവശ്യങ്ങൾ ഉള്ളയിടത്ത് നിഷ്ക്രിയരായിരിക്കരുത്; നിങ്ങൾക്കു സഹായിക്കുവാൻ കഴിയുമെങ്കിൽ സഹായിക്കുക.

## മെയ് 24

''അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ?''

(ലൂക്കോസ് 6:35)

വേദപുസ്തകത്തിൻെറ സൗന്ദര്യം അതിൽ രണ്ടു വാക്യങ്ങൾ ഇല്ലെന്നതുതന്നെ. ഒന്നാമതായി, ''നീ എന്തു പാപമാണ് ചെയ്തത്, എത്രപാപം ചെയ്തു, അവ ഏതെല്ലാം ചുററുപാടിൽ നീ ചെയ്തു, ആരോടു ചെയ്തു, നിൻെറ പാപങ്ങൾ പൊറുക്കാവുന്നതാണോ, ചെറിയതാണോ, അതോ വലിയ കുററങ്ങളാണോ.'' യേശു ഈ ചോദ്യങ്ങൾ ചോദിക്കുന്നതായി വേദപുസ്തകത്തിൽ എങ്ങും രേഖപ്പെടുത്തിയിട്ടില്ല. പകരം വേദപുസ്തകം പറയുന്നത് യേശു ഓരോ വ്യക്തിയോടും ''മകനെ, മകളെ നിൻെറ പാപങ്ങൾ മോചിച്ചിരിക്കുന്നു'' എന്ന് അവരുടെ പാപങ്ങളെ പററി അന്വേഷിക്കാതെ തന്നെ പറയുന്നു. അവൻ നിങ്ങളെ പററിയോ, നിങ്ങളുടെ കഴിഞ്ഞകാലങ്ങളെ പററിയോ ചോദിക്കുന്നില്ല.

രണ്ടാമതായി, യേശുവിനോടാരെങ്കിലും മാപ്പു പറഞ്ഞതായോ, പാപമോചനം ചോദിച്ചതായോ വേദപുസ്തകത്തിൽ ഒരിടത്തും പറയുന്നില്ല. തിരുവത്താഴത്തിനു ശേഷം യോഹന്നാൻ ഒഴികെ എല്ലാവരും ഓടിപ്പോയി. പത്രോസ് അവനെ തള്ളിപ്പറഞ്ഞു. ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ അവർ കണ്ടുമുട്ടിയപ്പോൾ ''ഞങ്ങളോടു ക്ഷമിക്കുക'' എന്നു പറഞ്ഞിരുന്നെങ്കിൽ നല്ലതായിരുന്നു. പക്ഷേ അവർ പറഞ്ഞില്ല. ഇതിൻെറ കാരണം ഒരുവൻ യേശുവിൻെറ മുഖത്തേയ്ക്കുനോക്കിയാൽ അവിടെ കരുണയും സ്നേഹവും പ്രകടമായിരുന്നതിനാൽ ''അവൻ എല്ലാം ക്ഷമിക്കുന്നു'' എന്ന് നിശ്ചയമായും മനസ്സിലാക്കാമായിരുന്നു. ഞാൻ രക്ഷപ്പെടണം എന്ന് ആഗ്രഹിക്കുന്നതിൽ കൂടുതലായി യേശു എന്നെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നതിലും ഉപരിയായി ഞാൻ സ്വർഗ്ഗത്തിൽ കാണണം എന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ നിന്ന് ഓടിപ്പോകുന്നവർ വളരെ വേഗതയിൽ ഓടേണ്ടതാണ്. എന്നിരുന്നാലും അവൻെറ അനുഗ്രഹവുമായി നിങ്ങളുടെ പുറകെവരും.

വേദപുസ്തകത്തിലില്ലാത്ത ഈ രണ്ടു വചനങ്ങളെ ആശ്രയിക്കം. അവൻ

നിങ്ങളുടെ പാപങ്ങളെ നിങ്ങൾക്കെതിരായി കണക്കാക്കുന്നില്ലെന്നും, അവൻെറ ഏററവും വലിയ ആഗ്രഹം നിങ്ങളോട് ക്ഷമിക്കുന്നതാണ് എന്നും വിശ്വസിക്ക.

## മെയ് 25

''നിങ്ങളോ......തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും ആകുന്നു.''

(1പത്രോസ് 2:9)

ഷേക്സ്പിയറുടെ വിഖ്യാത കഥാപാത്രമായ കിങ്ലിയർ പറയുന്നു ''ജന്മ സമയത്ത് നാം കരയുന്നത് വിഡ്ഢികളുടെ ഈ രംഗഭൂമിയിലേക്കു വരാനിട വന്നതു കൊണ്ടാണ്.'' അദ്ദേഹം പറയുന്നത് തികച്ചും ശരിതന്നെ. അദ്ദേഹം സ്വയമേ ഒരു വിഡ്ഢിയാണ് -- കാരണം വളരെ നേരത്തെ തന്നെ തനിക്കുള്ളതെല്ലാം തൻെറ മക്കൾക്കായി ഭാഗിച്ചുകൊടുത്തു. അവർ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ ഗർഭം ധരിക്കപ്പെട്ടവരാണ് (സങ്കീ. 51:5) എന്ന് അദ്ദേഹം അറിയേണ്ടിയിരുന്നു.

ഇത് വിഡ്ഢികളുടെ ലോകമാണ്. അത്യുത്തമനായവനെപററി ദൂഷ്യം പരത്തിയ ലോകമാണ് ഇത്. അവനെ അവർ പിശാച് എന്ന് വിളിച്ചു. ''നീ ഹിമം പോലെ ശുദ്ധനായിരുന്നാലും, മഞ്ഞുപോലെ നിർമ്മലനായിരുന്നാലും പാഴ്വാക്കുകളുടെ ആരോപണങ്ങളിൽ നിന്ന് രക്ഷപ്പെടാനാവില്ല'' എന്ന് ഹാംലററ് ഒരു സത്യം പ്രഖ്യാപിക്കയായിരുന്നു. പരിശുദ്ധമായ ഡെസ്ഡിമോണയെ വേശ്യ എന്ന് ഒഥല്ലോ വിളിച്ചു. ''മദ്യപിച്ച് മത്തനായ ഒരു തെണ്ടിപോലും തൻെറ പരിചാരികയോട് ഇങ്ങനെ സംസാരിക്കയില്ലായിരുന്നു.''

ജൂലിയററും ഒരു വിഡ്ഢിയായിരുന്നു. പതിനാലാമത്തെ വയസ്സിൽ പ്രേമപരവശയാകുവാൻ അവൾക്ക് അവകാശം ഉണ്ടായിരുന്നു. എങ്കിലും അവൾ തൻെറ പ്രേമം ബുദ്ധി പൂർവ്വമല്ല നടത്തിയത്. അവൾ റോമിയോയോട് പറഞ്ഞു: ''നിൻെറ കോമളമായ രൂപം ഞാൻ ആരാധിക്കുന്ന എൻെറ പരദൈവം ആകുന്നു.'' തൻെറ പ്രേമ ഭാജനമായവനെ ദൈവമായി കരുതുന്നത് വിഡ്ഢിത്തം ആണ്. അവൾ ഒരു വർഷം കൂടി ജീവിച്ചിരുന്നു എങ്കിൽ തൻെറ ദൈവത്തിനെ മാററി പ്രതിഷ്ഠിക്കുമായിരുന്നു.

ഹാംലെററ് ഒഫേലിയായോട് പറഞ്ഞു: ''ഒരു വിഡ്ഢിയെ വിവാഹം കഴിക്കുക; ബുദ്ധിയുള്ളവർ നിങ്ങൾ അവരെ എങ്ങനെ പിശാചുക്കൾ ആക്കും എന്ന് നന്നായി അറിയുന്നുണ്ട്.'' ബുദ്ധിയുള്ളവരായിരുന്നു കരുതലോട് പ്രവർത്തിക്കുന്നവർ എത്രപേരുണ്ട്?

കാഷ്യസിനെ പററി ഇയാഗോ പറയുന്നത് ശ്രദ്ധിക്കുക: ''അവനെ ഒരു കപ്പു മദ്യം കുടിപ്പിക്കുവാൻ കഴിഞ്ഞാൽ അവൻ എൻെറ വെപ്പാട്ടിയുടെ പട്ടിയെപോലെ വഴക്കും വിദ്വേഷവും നിറഞ്ഞവനാകും.'' മദ്യ നിർമ്മാതാക്കൾ അനേകം കപ്പ് മദ്യം നമ്മെ കുടിപ്പിച്ചു കൊണ്ടിരിക്കുന്നു. ലോകം മദോന്മത്തരായിരിക്കയാണ്.

യേശു നാം ഈ ലോകത്തിനുള്ളവരല്ല എന്ന് പറഞ്ഞത് എത്ര ശരിയാണ്.

നാം ഈ ലോകത്തിൽ അന്യരും പരദേശികളുമാണ്. നാം അതിൻെറ വിഡ്ഢിത്തത്തിൽ പങ്കു ചേരുന്നില്ല.

## മെയ് 26

"....സൽകീർത്തിയായതു ഒക്കെയും, സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചു കൊാംവിൻ." (ഫിലിപ്പിയർ 4:8)

ക്ളെയോപ്പാവും ഒരു കൂട്ടുകാരനും കൂടി എമ്മവുസ്സിലേക്കു പോകുമ്പോാം യേശുവും അവരോടു ചേർന്നു. പക്ഷേ അവർ യേശുവിനെ അറിയാതെ വണ്ണം അവരുടെ കണ്ണുകാം നിരോധിച്ചിരുന്നു. ക്ളെയോപ്പാവ് യേശുവിനോട് ചോദിച്ചു: "യറുശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ചത് അറിയാതെയിരിക്കുന്നുവോ. അവൻ അവരോട് ചോദിച്ചു ഏതു?" (ലൂക്കോസ് 24:18-19)

ആ ദിവസങ്ങളിൽ യറുശലേമിൽ പലതും സംഭവിച്ചു. യേശു അവ ഏത് എന്നറിയുന്നതിൽ താല്പര്യം കാണിച്ചു. രണ്ടു കള്ളന്മാർ ക്രൂശിക്കപ്പെട്ടു. അവൻെറ ശിഷ്യന്മാരിൽ ഒരുവന് ദുഃഖിതയായ മാതാവിനെ ആശ്വസിപ്പിക്കാമായിരുന്നു. കഴുകന്മാർ ഭക്ഷിക്കാതെ ഈ കള്ളന്മാരുടെ ശരീരം കുരിശിൽ നിന്ന് ഇറക്കുവാനായി പീലാത്തോസിനോട് ചോദിക്കാമായിരുന്നു. ഈ കള്ളന്മാരിൽ ഒരുവൻ വിശ്വാസത്തിലേക്കു വന്നു. തൻെറ അനുയായികാംക്ക് അവന് ഒരു നല്ല ശവഅടക്കം വാഗ്ദാനം ചെയ്യാമായിരുന്നു. അവനെ ക്രൂശിച്ചവരുടെ കാര്യമോ? അവർ ക്രൂരതയാണ് കാണിച്ചത്. അവരെ രക്ഷിക്കേണ്ടതാണ്. യേശുവിൻെറ ശിഷ്യന്മാരിൽ ഒരുവന് അവരെ സ്നേഹിച്ച് പാപമോചനത്തിൻെറ വഴി അവർക്കു കാട്ടികൊടുക്കയും ചെയ്യാമായിരുന്നില്ലേ?

മൂന്നു ദിവസം കഴിഞ്ഞു. അതിനുള്ളിൽ യറുശലേമിൽ എന്തെല്ലാം സംഭവിച്ചുകാണും. വീടുകാം ഒക്കെ നശിപ്പിച്ചുകാണും. ആളുകാംക്ക് മുറിവേററുകാണും. മരണങ്ങളും സംഭവിച്ചിരിക്കാം. പലരും പാപം ചെയ്തിരിക്കാം. ചിലർ യഹോവയെ സ്തുതിക്കുവാൻ പുതിയ പാട്ടുകാം എഴുതിക്കാണും. അമ്മമാർ അവരുടെ കുട്ടികളെ കരുതിക്കാണും. മററുചിലർ തങ്ങളുടെ സഹജീവികാംക്ക് ആഹാരം ഉണ്ടോ എന്ന് ഉറപ്പുവരുത്തിക്കാണും. മൂന്നു ദിവസത്തിനുള്ളിൽ പല കാര്യങ്ങാം സംഭവിക്കും. "ഏത്" എന്ന് യേശു ചോദിക്കുന്നു. അവൻ മാനുഷീക ജീവിതത്തിൻെറ എല്ലാ അവസ്ഥയിലും, നന്മയിലും പാപത്തിലും, സുഖത്തിലും ദുഃഖത്തിലും എല്ലാം താല്പര്യമുള്ളവനാണ്. അവൻ ഇവ എല്ലാം നമ്മോട് പങ്കിടുവനാഗ്രഹിക്കുന്നു.

ശിഷ്യന്മാർ യറുശലേമിൽ സംഭവിച്ച "കാര്യങ്ങളെ"പററി പറയുമ്പോാം അവരെ മനപ്രയാസപ്പെടുത്തിയ ഒരേ ഒരു കാര്യം അവർ സ്നേഹിച്ച യേശുവിന് സംഭവിച്ചതായിരുന്നു.

പല ക്രിസ്ത്യാനികളുടേയും മനപ്രയാസത്തിൻെറ ഒരേ കാര്യം സ്വർഗ്ഗത്തിലേക്കു കരേറിയ ഈ ലോകത്തിൻെറ സമാധാനവും അവസാനം

പറുദീസയും നല്കുവാൻ കഴിവുള്ളവനായ യേശുവുമായുള്ള വ്യക്തിപരമായ ബന്ധത്തെ പററിയുള്ള ഭീതിയാണ്. പക്ഷേ യേശു ജീവനാണ്. നമുക്കു ചുററുപാടുമുള്ള ജീവൻ തന്നെ. വിശക്കുന്നവരിലും, ദാഹിക്കുന്നവരിലും, നഗ്നരിലും, രോഗിയിലും, അടിമയാക്കപ്പെട്ടവരിലും ഇങ്ങനെയുള്ള നമ്മുടെ എല്ലാ സഹോദരങ്ങളിലും നാം കാണുന്നത് യേശുവിനെയാണ്. നിങ്ങൾ ദൈവത്തിൻെറ ഈ മക്കളെ കാണുമ്പോഴെല്ലാം അവനെയാണ് കണ്ടുമുട്ടുന്നത്.

## മെയ് 27

"ചിലരോ സംശയിച്ചു." (മത്തായി 28:17)

സംശയിക്കുന്ന സ്വഭാവത്തിന് ചില ഗുണങ്ങൾ ഉണ്ട്. ഭൂമി പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദുവാണ് എന്ന വിശ്വാസത്തെ കോപ്പർ നിക്കസ് സംശയിച്ചില്ലായിരുന്നു എങ്കിൽ, യൂക്ളിഡിൻെറ ഗണിത ശാസ്ത്ര തത്വങ്ങളെ ഐൻസ്ററീൻ സംശയിച്ചില്ലായിരുന്നുവെങ്കിൽ ശാസ്ത്രത്തിൻെറ ഇന്നത്തെ നില എത്ര പരിതാപകരമായിരുന്നു? തൻെറ പൂർവ്വ പിതാക്കളുടെ ബഹു ദൈവവിശ്വാസങ്ങളെ അബ്രഹാം സംശയിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് മതവിശ്വാസം എവിടെയായിരിക്കുമായിരുന്നു? യേശു കള്ള പ്രവാചകനാണ് എന്ന പ്രധാന പുരോഹിതന്മാരുടെ വിധിയെ അപ്പൊസ്തോലന്മാർ സംശയിച്ചു. അല്ലായിരുന്നെങ്കിൽ നമ്മുടെ വിശ്വാസം എന്താകുമായിരുന്നു?

സംശയിക്കുക എന്നത് നീതിനിഷ്ഠവും ആവശ്യവുമാകുന്നു. വിശ്വസ്തമായ സംശയത്തിൽ പ്രത്യക്ഷമായ ഉറച്ച വസ്തുതകളേക്കാൾ കൂടുതൽ വിവേകം ഉണ്ട്. സ്വർഗ്ഗത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തെ പററി ദൃഢനിശ്ചയം ഉള്ള പല മതനേതാക്കൾക്കും അബദ്ധം പിണഞ്ഞതുതന്നെ. കർത്താവു വീണ്ടും വരുമ്പോൾ ചില മതനേതാക്കൾ അവനോട് ചോദിക്കും. "കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കയും നിൻെറ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവീൻ എന്നു തീർത്തു പറയും." (മത്തായി 7:22-23)

നിങ്ങളുടെ ഭാവനയിൽ മാത്രം നിങ്ങൾക്കറിയാവുന്ന ദൈവത്തെ നിങ്ങൾ അറിയുന്നു എന്ന് ശഠിക്കുന്നതിനുപകരം സത്യമായി അവനെ അന്വേഷിക്കുക. ദൈവത്തെ അന്വേഷിക്കുന്നവർ അപകട വിമുക്തരാണ്. ക്രിസ്തുമതത്തിലെ മഹാനായ ഗുരുവായ വിശുദ്ധ അഗസ്ററിൻ എഴുതിയിരിക്കുന്നതു ശ്രദ്ധിക്കൂ: "നിന്നെ എൻെറ ഹൃദയത്തിൻെറ ആഴങ്ങളിൽ കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ നിന്നെ അന്വേഷിക്കുകയില്ല." സത്യമായുള്ള സംശയം വാസ്തവത്തിൽ സത്യത്തിനായുള്ള അന്വേഷണം മാത്രമാണ്. പക്ഷേ അത് ആത്മാവിൻെറ തീഷ്ണതയുള്ളതായിരിക്കണം. "മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എൻെറ ആത്മാവു നിന്നോടു ചേരുവാൻ

കാംക്ഷിക്കുന്നു'' (സങ്കീർത്തനം 42:1). മാൻ വെള്ളത്തിനായി പ്രസംഗങ്ങൾ ശ്രവിക്കുകയോ പുസ്തകങ്ങളിൽ പരതുകയോ ചെയ്യുന്നില്ല. ദാഹം ശമിപ്പിക്കുന്നതിനെപ്പററി സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിലും അതിനു താല്പര്യമില്ല. ജലത്തിൻെറ പരിശുദ്ധിയെ പററിയും തണുപ്പിനെപററിയുമുള്ള വർണ്ണനകൾ ദാഹിക്കുന്ന ഒരുവനെ തൃപ്തിപ്പെടുത്തുകയില്ല. ജലത്തിൻെറ രാസഘടന എന്താണ് എന്ന് വിശദമായി പരിശോധിക്കുന്നതും ദാഹം ശമിപ്പിക്കാൻ പര്യാപ്തമല്ല. ദാഹിക്കുന്നവന് വെള്ളം കുടിക്കുക തന്നെയാണ് ആവശ്യമായുള്ളത്.

ദൈവത്തെ അന്വേഷിക്കുന്നവനും അപ്രകാരം തന്നെ. തങ്ങളുടെ ധനമോ മക്കളേയോ നഷ്ടപ്പെടുന്നവർ കണ്ണുനീരിൻെറ നദികൾ ഒഴുക്കുന്നു. എന്നാൽ ദൈവത്തെ കണ്ടെത്തുവാൻ കഴിയാഞ്ഞതിനാൽ ഒരു കണ്ണുനീർ തുള്ളിയെങ്കിലും പൊഴിച്ച എത്രപേർ ഉണ്ട്? എത്ര പേർക്ക് ഹൃദയം തുറന്ന് സങ്കീർത്തനക്കാരൻെറ വാക്കുകളെ ആവർത്തിക്കുവാൻ കഴിയും. ''എൻെറ ആത്മാവു ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നെ, ദാഹിക്കുന്നു: ഞാൻ എപ്പോൾ ദൈവ സന്നിധിയിൽ ചെല്ലുവാനിടയാകും. നിൻെറ ദൈവം എവിടെ എന്ന് അവർ എന്നോടു നിത്യം പറയുന്നതുകൊണ്ടു എൻെറ കണ്ണുനീർ രാവും പകലും എൻെറ ആഹാരമായി തീർന്നിരിക്കുന്നു.'' (സങ്കീർത്തനം 42:2-3)

---

## മെയ് 28

---

''കർത്താവിലും അവൻെറ അമിത ബലത്തിലും ശക്തിപ്പെടുവീൻ.''
(എഫെസ്യർ 6:10)

അമേരിക്കയിൽ എലിമെൻററി സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ പത്തു ശതമാനവും ഡിസലെക്സിയ എന്ന രോഗം ബാധിച്ചവരാണ്. കാഴ്ചയിൽ ഉണ്ടാകുന്ന ഈ കുഴപ്പം മൂലം അവർക്ക് ശരിയായി വായിക്കുവാനോ എഴുതുവാനോ പറയുവാനോ കഴിയുകയില്ല. മററ് രാജ്യങ്ങളിലും ഇതേ ശതമാനം തന്നെ ഈ അസുഖം ബാധിച്ചവരുണ്ട്. അമേരിക്കയിലെ ജയിലിൽ കഴിയുന്ന എൺപതു ശതമാനം തടവുകാരും ഡിസലെക്സിയ ബാധിച്ചവരാണ്. ഈ മാനസികാവസ്ഥയിൽ അക്ഷരങ്ങളുടേയും അക്കങ്ങളുടെയും ക്രമം തെററി കുഴച്ചു മറിക്കുന്നു. മേൽക്കൂര തറയായും 'എ' എന്ന അക്ഷരം 'ഡി'യായും അക്കങ്ങളുടെ 1-2-3 എന്ന ക്രമം 2-1-3 എന്നിങ്ങനെ കൂട്ടികുഴയ്ക്കുന്നു.

തുടർച്ചയായി പഠനത്തിൽ വരുന്ന തോല്വിയിൽ നിന്നുണ്ടാകുന്ന കോപവും തകർച്ചയും കൃത്യവിലോപനമായും സാമൂഹിക ദ്രോഹമായും വെളിപ്പെടുത്തുന്നു.

എപ്പോഴും ഇങ്ങനെ സംഭവിക്കണമെന്നില്ല. യുണൈററഡ് സ്റേററ്സിൻെറ മുൻ വൈസ് പ്രസിഡൻറായിരുന്ന നെൽസൺ റോക് ഫെല്ലർ പറഞ്ഞത് അദ്ദേഹത്തിന് ജീവിതം മുഴുവനും ഈ ബുദ്ധിമുട്ട് ഉണ്ടായിരുന്നു എന്നാണ്. ''പുറകോട്ടു വായിക്കുന്ന സ്വഭാവം എനിക്കുണ്ട്. ഞാൻ അക്കങ്ങൾ എല്ലാം പുറകോട്ടാണ് കാണുന്നത്. ഞാൻ അവയെ പുറകോട്ടാണ്

കണക്കുകൂട്ടുന്നത്. ഇത് ഏററവും പരിതാപകരമാണ്.'' അദ്ദേഹത്തിന് ഒരിക്കലും സ്പെല്ലിംങ് മനപാഠമാക്കുവാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ അദ്ദേഹം ഈ വൈകല്യത്തെ അതിജീവിച്ചത് അതുമായി ചേർന്നു പോകുവാൻ പഠിച്ചതുകൊണ്ടാണ്. എഡിസന് ഡിസലെക്സിയ ഉണ്ടായിരുന്നിട്ടും വലിയ കണ്ടുപിടുത്തും നടത്തുന്നതിന് അദ്ദേഹത്തിന് തടസ്സം നേരിട്ടില്ല. പന്ത്രണ്ടു വയസ്സായിട്ടും ജനറൽ പാററണ് അക്ഷരങ്ങാം വായിക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസിഡൻറു വിത്സണും ഡിസലെക്സിയ രോഗം ഉണ്ടായിരുന്നു. ലോകം മുഴുവനും പ്രകീർത്തിക്കുന്ന ഊർജ്ജതന്ത്രജ്ഞനായ ആൽബർട്ട് ഐൻസ്ററീനും ഈ പ്രതിഭാസത്തിനടിമയായിരുന്നു.

കുട്ടികളെ രണ്ടു പ്രധാന മരുന്നുകാം നല്കി വേണം പരിപാലിക്കുവാൻ. ഇന്നത്തെ കുട്ടികാംക്കു കുറവുള്ള പോഷകങ്ങളായ വിററാമിൻ M. (morality) R (religion) മതവും ധാർമ്മിക ബോധവുമാണ്. തോല്വികാം അല്ലാതെ ജീവിതത്തിൽ പ്രയോജനമുള്ള എന്തെങ്കിലം നേടുക എന്ന ധാർമ്മിക ഉത്തരവാദിത്വം ഉണ്ട് എന്ന് കുട്ടികളെ പഠിപ്പിക്കുക. രണ്ടാമതായി, വൈകല്യങ്ങളെ എല്ലാം അതിജീവിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരുവൻ ഉണ്ടെന്നും പഠിപ്പിക്കുക.

നിങ്ങാംക്കും നിങ്ങളുടെ വൈകല്യങ്ങളെ അതിജീവിക്കുവാൻ കഴിയും.

---

## മെയ് 29

---

''നീ അവനെ (മനുഷ്യനെ) ദൈവത്തേക്കാാം അല്പം മാത്രം താഴ്ത്തി.''

(സങ്കീർത്തനം 8:5)

സൈക്കോ അനാലിസിസിൻെറ സ്ഥാപകനായ സിഗ്മണ്ട് ഫ്രോയ്ഡ് താൻ 'മനുഷ്യൻെറ കിരീടം എടുത്തു മാററുന്ന ചടങ്ങ് പൂർത്തിയാക്കി' എന്ന് അവകാശപ്പെടാറുണ്ടായിരുന്നു.

മനുഷ്യൻ ദൈവസൃഷ്ടികളുടെ മകുടം ആണ് എന്ന് കരുതപ്പെട്ടിരുന്നു. അന്നുവരെയുള്ള ധാരണകാംക്കു വിരുദ്ധമായി മനുഷ്യൻെറ വാസസ്ഥാനമായ ഭൂമി പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദു അല്ല എന്ന് കോപ്പർ നിക്കസ് തെളിയിച്ചു. നമ്മുടെ സൂര്യൻ പ്രപഞ്ചത്തിലെ കോടാനുകോടി സൂര്യന്മാരിൽ ഒന്നുമാത്രമാണ്. കോപ്പർ നിക്കസ് വിശ്വാസിയായ ഒരു ക്രിസ്ത്യാനിയായിരുന്നു. തൻെറ കണ്ടുപിടുത്തത്തിനുശേഷവും അദ്ദേഹത്തിൻെറ മതവിശ്വാസത്തിന് മാററം ഒന്നും വന്നില്ല. പക്ഷേ പ്രപഞ്ചത്തിൽ ഭൂമിക്കുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെട്ടതുകൊണ്ട് മനുഷ്യർക്കു താൻ ഒരു പ്രത്യേക സൃഷ്ടിയാണ് എന്ന് അഭിമാനിക്കാനുള്ള അവകാശം നഷ്ടപ്പെട്ടതായി ചിലർ അനുമാനിച്ചു. ഭൂമിയിൽ തന്നെ മനുഷ്യർ ഒരു പ്രത്യേക സൃഷ്ടിയല്ല എന്നും അവൻ ദൈവത്തിൻെറ പ്രത്യേക സംവിധാനപ്രകാരം ദൈവത്തിന് സംസർഗ്ഗം ചെയ്യുവാനും സൗഹൃദം പുലർത്തുവാനുമായി സൃഷ്ടിക്കപ്പെട്ടവനല്ല എന്നും ഡാർവിൻ തെളിയിച്ചതായി അവകാശപ്പെടുന്നു. ഡാർവിൻെറ സിദ്ധാന്തം മനുഷ്യൻ ഗോറില്ലായേയും

ചിമ്പാൻസിയേയും പോലെ പരിണാമത്തിൻെറ ഫലമായി രൂപംകൊണ്ട ഒരു ജീവിയാണ്. ഈ സിദ്ധാന്തവും മനുഷ്യൻ ഒരു പ്രത്യേക സൃഷ്ടിയാണ് എന്ന വിശ്വാസത്തിന് ഒരു പ്രഹരമായിരുന്നു.

നാം പരിണാമത്തിൻെറ സൃഷ്ടിയാണ് എങ്കിൽ, ആത്മാവില്ലാത്ത ഭൗതിക സൃഷ്ടി മാത്രമാണ്. വെറും മൃഗമാണ് എങ്കിൽ—ഈ തത്വങ്ങൾക്കെതിരായുള്ള ചെറുത്തുനില്പ് എന്തിലാണ് ആരംഭിക്കുന്നത്. കുരങ്ങുകളും, കാളകളും അവയെ അങ്ങനെ പരിഗണിക്കുന്നതിനെ പററി പരാതിപ്പെടുന്നുണ്ടോ? ഉറുമ്പുകൾക്ക് തങ്ങൾ ആനകളായി പരിഗണന ലഭിക്കാത്തതിൽ വിമ്മിഷ്ടമുണ്ടോ? മനുഷ്യന് താൻ ഉന്നത സൃഷ്ടിയാണ് എന്നും മററ് മൃഗങ്ങളിൽ നിന്നും വ്യത്യസ്തനായി അവയേക്കാൾ ഉന്നതനായി ദൈവത്തിൻെറ പ്രത്യേക സൃഷ്ടിയാണ് എന്ന വിശ്വാസത്തിൻെറ തുടക്കം എവിടെയാണ്? മനസാക്ഷിയുടെ ശബ്ദത്തിനും ആത്മീകമായ ഉയർച്ചക്കുമുള്ള കാംക്ഷയ്ക്കും കാരണം എന്താണ്?

"ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു" (ഉല്പത്തി 1:27). പ്രപഞ്ചത്തിൽ മറെറാരു സൃഷ്ടിയെപ്പററിയും ഇപ്രകാരം പറഞ്ഞിട്ടില്ല. ദൈവം "തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു" (സങ്കീർത്തനം 8:5). മനുഷ്യൻ സൃഷ്ടിയുടെ മകുടം ആകുന്നു. ദൈവം ലോകത്തിൽ അവതരിച്ചപ്പോൾ അവൻ മനുഷ്യവേഷം ധരിച്ചു. "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. അവന്നു വീരനാം ദൈവം, നിത്യപിതാവ് എന്ന് പേർ വിളിക്കപ്പെടും" (യെശയ്യാവ് 9:6).

നിൻെറ മഹത്വരവും പ്രത്യേകവുമായ പദവിയിൽ വിശ്വസിച്ച് അതിൻെറ ലക്ഷ്യം നിറവേററുവാനായി പരിശ്രമിക്കുക. ദൈവത്തിൻെറ പ്രതിരൂപം നിങ്ങളിൽ തിളങ്ങട്ടെ. നിൻെറ വെളിച്ചം മനുഷ്യർ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം ഉജ്ജ്വലമായി പ്രകാശിക്കട്ടെ.

---

## മെയ് 30

---

"മിസ്രയീം ദേശത്ത് ബഹുസുഭിക്ഷമായ ഏഴു സംവത്സരം വരും."

(ഉല്പത്തി 41:29)

മിസ്രയീമിന് എന്താണ് ഈ അപൂർവ്വമായ അനുഗ്രഹം നല്കിയത്? അതിന് എന്തിനാണ് ബഹുസുഭിക്ഷത? എന്തിനാണ് ക്ഷാമം വരുന്നു എന്ന് മുന്നറിയിപ്പു നല്കിയത്? ഇതിന് മൂന്നു കാരണങ്ങൾ ഉണ്ട്. ഏതെങ്കിലും ക്രിസ്തീയ പ്രവർത്തനത്തിൻേറയും വിജയത്തിൻെറയും രഹസ്യം ഇതാണ്.

1) അക്കാലത്ത് ഫറവോൻ ഓരോ അണുവിലും ഒരു രാജാവ് തന്നെയായിരുന്നു. അവൻ ഉണർന്നിരുന്നപ്പോൾ മാത്രമല്ല രാജാവായി പ്രവർത്തിച്ചത്. അവൻെറ ഉപബോധ മനസ്സിൽ നിറഞ്ഞു നിന്നത് അവൻെറ പ്രജകളുടെ നന്മയാണ്. അതാണ് അവൻ രാത്രിയിൽ സ്വപ്നമായി കാണുന്നത്.

# മെയ് 31

"സകലവും മായയത്രെ." (സഭാപ്രസംഗി 1:2)

മാസിഡോണിയയിലെ ഫിലിപ്പ് രാജാവ് കോരിന്ത്യ പട്ടണം വളഞ്ഞപ്പോഠ പട്ടണവാസികഠ എല്ലാവരും പട്ടണത്തിൻെറ രക്ഷയ്ക്കായി വിവിധ പ്രവർത്തികളിൽ വ്യാപൃതരായി. ചിലർ കോട്ടയുടെ അററകുററപണികഠ ചെയ്തു. മററു ചിലർ ശത്രുക്കഠക്കു നേരെ കുന്തങ്ങളും അമ്പുകളും തൊടുത്തുവിട്ടു. ഡയോജനിസ് എന്ന ചിന്തകനും വളരെ ഉഷാറായി പ്രവർത്തിച്ചു. അദ്ദേഹം ഒരു വീപ്പ തെരുവിലൂടെ മുമ്പോട്ടും പിമ്പോട്ടും തള്ളിക്കൊണ്ടു നടന്നു. എന്താണ് ഇങ്ങനെ കാണിക്കുന്നത് എന്ന് ചോദിച്ചപ്പോഠ അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു. "എല്ലാവരും കഠിന പ്രയത്നം ചെയ്യുമ്പോഠ മടിയനായിരിക്കുവാൻ എനിക്കിഷ്ടമില്ല."

"പക്ഷേ മററുള്ളവർ നഗരത്തിൻെറ രക്ഷയ്ക്കായി പ്രയോജനമുള്ള കാര്യങ്ങളാണല്ലോ ചെയ്യുന്നത്. നിങ്ങഠ അങ്ങനെയല്ലല്ലോ പ്രവർത്തിക്കുന്നത്?"

ഡയോജനിസ് മുറുപടി പറയാതെ വീപ്പ ഉരുട്ടുന്ന തൻെറ പണി വളരെ ഗൗരവമായി തുടർന്നു. മററുള്ളവരുടെ പ്രയത്നം തൻെറ പ്രവൃത്തി പോലെ ഉപയോഗ ശൂന്യമായിട്ടാണ് അദ്ദേഹം കരുതിയത്. കൊരിന്ത്യ പട്ടണവും മാസിഡോണിയൻ സാമ്രാജ്യവും കടന്നുപോകും. ഈ യുദ്ധത്തിൽ ആരു ജയിക്കുന്നു എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്ന വസ്തുതയല്ല. രണ്ടു പക്ഷത്തേയും പടയാളികഠ മരണമടയും. വിജയികളും വേഗം ഭൂമുഖത്തു നിന്നും മാററപ്പെടും. ഏതാനും നൂററാണ്ടുകഠക്കുശേഷം ആ യുദ്ധത്തിൻെറ വിവരങ്ങളെപററി ആർക്കാണ് അറിയേണ്ടിയിരിക്കുന്നത്? ആ യുദ്ധത്തിലെ പടയാളികഠ ആരെല്ലാമായിരുന്നു എന്ന് അറിയാവുന്നവർ ആരെങ്കിലും ഇന്ന് ഉണ്ടോ? നിത്യതയുടെ പശ്ചാത്തലത്തിൽ ആ നഗരത്തിലെ പൗരന്മാരുടെ പ്രവൃത്തി ഒരു വീപ്പ ഉരുട്ടുന്നതുപോലെയുള്ള പാഴ്വേലയായിരുന്നു.

എല്ലാം നശിച്ചു പോകുന്നതായ ഈ ലോകത്തിൽ നിലനില്ക്കുന്നതായി ഒന്നു മാത്രമേയുള്ളൂ — അനന്തനായ ക്രിസ്തു ഗോൽഗോഥായിൽ നമുക്കു വേണ്ടി പ്രവർത്തിച്ചതുമാത്രം. മററ് പ്രവർത്തികഠ അവസാനം യാതൊരു പ്രയോജനവും ഇല്ലാത്തതായി തീരുന്നു. യേശുവിൻെറ കുരിശ് പാപികളെ രക്ഷിക്കുന്നു. തന്മൂലം ദൈവപുത്രൻെറ നിത്യജീവന് അവരേയും അവകാശികഠ ആക്കുന്നു.

കർത്താവിൻെറ ക്രൂശിനെപററി ജോൺ ക്രിസോസ്ററം ഇപ്രകാരം പറയുകയുണ്ടായി: "അത് പിതാവിൻെറ നിശ്ചയവും, പുത്രൻെറ മാനവും, പരിശുദ്ധാത്മാവിൻെറ സന്തോഷവും, മാലാഖമാരുടെ അലങ്കാരവും, വിശ്വസിക്കുന്നവർക്കുള്ള ഉറപ്പും, പൗലോസ് അപ്പൊസ്തോലൻെറ മഹത്വവും ആയിരിക്കുന്നു."

നിൻെറ കഠിനാദ്ധ്വാനം നിത്യതയുടെ ദൃഷ്ടിയിൽ യാതൊരു ഫലവും ഉളവാക്കുവാൻ പര്യാപ്തമല്ലാതിരിക്കെ മററുള്ളവർ തങ്ങളുടെ സമയം ആനന്ദിക്കുന്നതിനായി ചിലവിടുന്നതു കാണുമ്പോഠ അവരെ ദ്വേഷിക്കാതിരിക്ക. ക്രൂശിതനും ഉന്നതനുമായ ക്രിസ്തുവിനെ സേവിക്കുക. ഇതു മാത്രമാണ് പാഴ്വേലയല്ലാത്ത ഒരേയൊരു പ്രവൃത്തി.

# ജൂൺ 1

"ഇപ്പോൾ ഈ എഴുത്തു വായിച്ച് അർത്ഥം അറിയിക്കേണ്ടതിനു വിദ്വാന്മാരേയും ആഭിചാരകന്മാരേയും എന്റെ മുമ്പാകെ വരുത്തിയിരിക്കുന്നു. എങ്കിലും കാര്യത്തിന്റെ അർത്ഥം അറിയിപ്പാൻ അവർക്കു കഴിഞ്ഞില്ല." (ദാനിയേൽ 5:15)

(ബാബേൽ) ബാബിലോണിലെ ബേൽശസ്സർ രാജാവ് തന്റെ പൗരപ്രമാണികളോടൊപ്പം വിരുന്നു നടത്തി ആനന്ദിച്ചുകൊണ്ടിരിക്കുമ്പോൾ ഭിത്തിയിൽ അരാമിക് ഭാഷയിലുള്ള ഒരു സന്ദേശം പ്രത്യക്ഷമായി. ഈ അസാധാരണമായ കാഴ്ച കണ്ട് ഭയന്ന രാജാവ് തന്റെ ഉപദേശകന്മാരെ വരുത്തി ഈ സന്ദേശത്തിന്റെ അർത്ഥം ആരാഞ്ഞു. പക്ഷേ അവരിലാർക്കും അതിന്റെ അർത്ഥം പറഞ്ഞുകൊടുക്കുവാൻ കഴിഞ്ഞില്ല. അപ്പോൾ രാജാവ് ദാനിയേലിനെ വരുത്തി തന്റെ ഉപദേശകർക്ക് അരാമിക് ഭാഷ അറിയത്തില്ല എന്ന് അവരോട് പരാതിപ്പെട്ടു.

അരാമിക് യഹൂദന്മാരുടെ ഭാഷയായിരുന്നു. യിസ്രയേലിൽ നിന്നുള്ള ഈ അടിമകൾ ബാബിലോണിയായിലെ ഒരു സുപ്രധാന ന്യൂന പക്ഷമായി തീർന്നു കഴിഞ്ഞിരുന്നു. ആ രാജ്യത്തെ ഒരു പ്രധാന മന്ത്രിയും പല സുപ്രധാന രാഷ്ട്രീയ നേതാക്കളും അവരിൽ ഉൾപ്പെട്ടിരുന്നു. പക്ഷെ ബാബിലോണിലെ ബുദ്ധിജീവികൾ ആരും യഹൂദന്മാരുടെ ഭാഷയോ മതമോ, മനോഭാവമോ മനസ്സിലാക്കുവാൻ മിനക്കെട്ടില്ല. ബാബിലോണിന്റെ ശത്രുക്കളായ മേദ്യക്കാരും പേർഷ്യക്കാരും രാജാവും പ്രഭുക്കളും വിരുന്നു നടത്തിക്കൊണ്ടിരുന്നപ്പോൾ രഹസ്യമായി ആ പട്ടണത്തിലേക്കു പ്രവേശിച്ചുകൊണ്ടാണിരുന്നത്. ആ രാത്രിയിൽ തന്നെ ബേൽശസ്സർ രാജാവ് കൊല്ലപ്പെടുകയും അദ്ദേഹത്തിന്റെ മഹത്തായ സാമ്രാജ്യം ശത്രുക്കളുടെ കയ്യിൽ അകപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ബുദ്ധി ജീവികൾക്ക് ബുദ്ധിയില്ലായിരുന്നു. അപകടത്തിന്റെ വ്യാപ്തിയെപററി അറിയാൻ പാടില്ലായിരുന്നതുകൊണ്ട് അവർക്കു രാജാവിന് മുന്നറിയിപ്പു നല്കാൻ കഴിഞ്ഞില്ല.

പുരാതനകാലത്തെ ആ നഗരപിതാക്കളുടെ അക്ഷന്തവ്യമായ അജ്ഞത ഇക്കാലത്തും നമുക്ക് ദർശിക്കുവാൻ കഴിയും. ഇന്നത്തെ ബുദ്ധിജീവികൾ — അവരിൽ പലരും ആഗോള സഭയുടെ അംഗങ്ങളുമാണ് — അവർ തങ്ങൾക്കു നല്ല സ്ഥാനമാനങ്ങളും അതിനൊത്ത പദവികളും നേടിയെടുക്കുവാൻ മിടുക്കന്മാരാണ്. പക്ഷേ അവർക്കു തങ്ങൾ ക്രിസ്തുവിലേക്കു നയിക്കേണ്ടതായ ജനതയെ പററി അല്പം പോലും ധാരണ ഇല്ല; മാത്രമല്ല സഭയെ ഇന്ന് ഭീഷണിപ്പെടുത്തികൊണ്ടിരിക്കുന്ന പ്രശ്നങ്ങളെപ്പററി അറിവുള്ളവരുമല്ല.

ഇന്നത്തെ ബുദ്ധിജീവികൾ ആയ ആത്മീക നേതാക്കൾ ക്രിസ്തുമതത്തെ നേരിടുന്ന മതേതരത്വത്തിന്റെ വെല്ലുവിളികൾ, കമ്മ്യൂണിസം, ഇസ്ളാം മതത്തിന്റെ ചെറുത്തുകയററം എന്നിവയെ പററി തികച്ചും അജ്ഞരാണ്.

ബേൽശസ്സർ രാജാവിന് ഉള്ള മുന്നറിയിപ്പ് ഭിത്തിയിൽ ഒരു കൈപ്പത്തി എഴുതി കാണിച്ചു. ഇന്നത്തെ ലോകത്തിനുള്ള മുന്നറിയിപ്പ് രക്തം കൊണ്ട്

എഴുതപ്പെട്ടിരിക്കുന്നു; എന്നിരുന്നിട്ടും നമ്മുടെ നേതാക്കൾക്ക് അത് വായിക്കുവാൻ കഴിയുന്നില്ല.

## ജൂൺ 2

"അപ്പൊസ്തോലനായ പൗലോസും കൂടെയുള്ള സകലസഹോദരന്മാരും ഗലാത്യ സഭകൾക്കു എഴുതുന്നത്" (ഗലാത്യർ 1:2)

പൗലോസ് ഗലാത്യ സഭകൾക്ക് ഒരു നിർദ്ദേശം നല്കുവാനായി ഒരു എഴുത്ത് എഴുതുവാൻ തീരുമാനിച്ചു. അവൻ എഴുതിയതു ദൈവത്തിൻെറ ജീവൻ നല്കുന്ന വചനമായിരുന്നു. അത് ലോകാവസാനം വരെ ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്, അഭിവൃദ്ധിക്ക് ഉതകുന്നതാണ്. ഇങ്ങനെയുള്ളപ്പോൾ നിങ്ങളുടെ മാത്രം അഭിപ്രായമല്ല എഴുതുന്നത്. സകല സഹോദരന്മാരും കൂടി ചേർന്നാണ് എഴുതുക. വിശുദ്ധന്മാർക്കു നല്കപ്പെട്ട വിശ്വാസം, എല്ലായ്പ്പോഴും എല്ലായിടത്തും എല്ലാവരും ഉയർത്തിപ്പിടിച്ച ഒരേ ഒരു വിശ്വാസം മാത്രം നിലനില്ക്കുന്നു. എല്ലാ വിശുദ്ധന്മാരുമായിട്ടുള്ള സംസർഗ്ഗത്തിൽ മാത്രമേ ഒരുവന് നിത്യസത്യത്തെ വെളിപ്പെടുത്തുവാൻ കഴികയുള്ളു. അതിനാൽ പൗലോസ് ഗലാത്യർക്കു "തന്നോടു കൂടെയുള്ള സകല സഹോദരന്മാരു"മായുള്ള കൂട്ടായ്മയിൽ ഈ എഴുത്ത് എഴുതി.

പൗലോസ് പൂർണ്ണമായും വിശ്വസിച്ച തൻെറ സഹോദരൻ യേശുവാണ്. അവനിൽ നാമും വിശ്വസിക്കുന്നു.

നമ്മുടെ സഹോദരന്മാരും ദൈവവുമായ ക്രിസ്തുവിന് അനേകം ദൂതഗണങ്ങൾ ഉണ്ട്. അവരും നമ്മുടെ സഹോദരന്മാർ ആണ്.

കൂടാതെ മഹത്വീകരിക്കപ്പെട്ട വിശുദ്ധന്മാരും നമ്മുടെ കൂടെയുണ്ട്.

യേശു മോശയോടും ഏലിയാവിനോടും സംസാരിച്ചശേഷം രൂപാന്തരം പ്രാപിച്ച മലയിൽ നിന്നും ഇറങ്ങിവന്നപ്പോൾ ശിഷ്യന്മാരോട് ആരോടും ഒന്നും പറയരുത് എന്ന് ആവശ്യപ്പെട്ടു. ഒരു മനുഷ്യനെ കണ്ടുമുട്ടിയിട്ട് "അവന് ഒരു മൂക്ക് ഉണ്ട്" എന്ന് ആരും ആരോടും പറയുകയില്ല. മനുഷ്യന് ഒരു മൂക്ക് ഉണ്ട് എന്നത് സ്വഭാവികം മാത്രമാണ്. അലൗകികമായവ എന്ന ചിന്താഗതി കെട്ടിച്ചമയ്ക്കുന്നത് നാമാണ്. മരിച്ചുപോയ വിശുദ്ധന്മാരുമായി നാം തുടർച്ചയായി സംസർഗ്ഗം നടത്തണം എന്ന് യേശു ആഗ്രഹിച്ചു.

പരേതാത്മാക്കളെ വിളിച്ചു വരുത്തുന്നതിന് നാം എതിരാണ്. നാം അവരുടെ സാമീപ്യം ആഗ്രഹിക്കുന്നില്ല. പക്ഷേ ദൈവത്തിൻെറ അടുത്തേയ്ക്കു പോയ വിശുദ്ധന്മാർ സമീപസ്ഥരാണ് എന്ന് നാം വിശ്വസിക്കുന്നു.

വേദപുസ്തകം പറയുന്നു "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുററും നില്ക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രായർ 12:1). ക്രിസ്തുമതം ഇന്നുവരെ കണ്ടിട്ടുള്ളതിൽവച്ച് ഏററവും മഹാനായ ഉപദേഷ്ടാവായിരുന്നു ജോൺ ക്രിസോസ്ററം. അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ പറയുന്നത് അദ്ദേഹം

പ്രസംഗങ്ങൾ എഴുതുന്ന സമയത്ത് പൗലോസും യോഹന്നാനും അവൻെറ അടുക്കൽ നിന്ന് അവൻെറ ചെവിയിൽ ആശയങ്ങൾ പറഞ്ഞുകൊടുക്കുന്നതായി ഒരു ക്രിസ്ത്യാനി കണ്ടു എന്നാണ്. കുട്ടികളെപ്പോലെയുള്ളവർക്കു ഈ കഥ വിശ്വസിക്കാം. ഇങ്ങനെയുള്ളവയെപററി നാം അധികം സംസാരിക്കാറില്ല. കാരണം ക്രിസ്തീയ ജീവിതത്തിൽ അത്ഭുതങ്ങൾ ഒരു സാധാരണ സംഭവമാണ് എന്നും, വിശുദ്ധന്മാരുമായുള്ള സംസർഗ്ഗം ഒരു നിത്യ സംഭവമാണ് എന്നും നാം വിശ്വസിക്കുന്നില്ല എന്ന് അത് വെളിവാകും.

നമ്മുടെ എഴുത്തുകൾ "നമ്മോടുകൂടെയുള്ള സകല സഹോദരന്മാരും" ചേർന്ന് എഴുതുക.

## ജൂൺ 3

"ധനവാനായൊരു മനുഷ്യൻ....." (ലൂക്കോസ് 16:1)
"ഒരു മനുഷ്യൻ....." (ലൂക്കോസ് 15:11)

വേദപുസ്തകം ദൈവത്തിൻെറ വെളിപ്പാടാണ്. ലാററിൻ ഭാഷയിൽ വെളിപ്പാട് എന്നവാക്കിന് രണ്ടു അർത്ഥം ഉണ്ട്. അത് മുമ്പ് ദൃഷ്ടിഗോചരമല്ലാതിരുന്ന വസ്തുതകളെ വെളിപ്പെടുത്തുന്നു, അതോടൊപ്പം തന്നെ ചില വസ്തുക്കളെ മറച്ചുവെയ്ക്കുന്നു.

ആദിമ കാലം മുതൽക്കേ നമ്മുടെ കർത്താവിൻെറ വാക്കുകൾ ഗ്രീക്കു ഭാഷയിലാണ് നമുക്ക് ലഭിച്ചുകൊണ്ടിരുന്നത്. യേശുവിൻെറ സംസാരഭാഷ അതല്ലായിരുന്നുവല്ലോ. നമുക്ക് യേശുവിൻെറ വാക്കുകൾ ഒരു തർജ്ജമയുടെ മൂടുപടത്തിലൂടെ മാത്രമേ അതിനാൽ കാണാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ മൂലവാക്കുകളുടെ പൂർണ്ണമായ അർത്ഥം നമുക്ക് അജ്ഞാതമായിരിക്കുന്നു. പഴയ നിയമത്തിലെ ദൈവത്തിൻെറ വാക്കുകളും മനുഷ്യരുടെ ഭാഷയായ എബ്രായ ഭാഷയുടെ മൂടുപടമണിഞ്ഞാണ് നമുക്കു കിട്ടിയിട്ടുള്ളത്. വേദപുസ്തകത്തിൻെറ ഉദ്ദേശം നമ്മിൽ ദൈവവും സൃഷ്ടിയും ഒന്നായിരിക്കുന്ന അനുഗ്രഹീതമായ അവസ്ഥ — ഏകദൈവം മാത്രവും നാം എല്ലാവരും അവനിൽ ഒന്നായിരിക്കയും ചെയ്യുന്ന അവസ്ഥ — മനുഷ്യർ തമ്മിൽ സംസർഗ്ഗം ചെയ്യുവാനും അവരുടെ ഉന്നതമായ ചിന്തകൾക്ക് ഭാഷയുടെ മാദ്ധ്യമം ആവശ്യമില്ലാതെയിരിക്കുന്നതുമായ അവസ്ഥ—യെപ്പററി നമ്മിൽ ഉൽക്കടമായ വാഞ്ഛ ഉളവാക്കുകയാണ്.

എബ്രായ ഭാഷയുടെ വകഭേദമായ അരാമിക് ഭാഷയിലാണ് യേശു സംസാരിച്ചത്. അരാമിക്കിലും എബ്രായ ഭാഷയിലും 'ഉണ്ടായിരിക്കുക' എന്നർത്ഥം വരുന്ന വാക്കുകൾ ഇല്ല. യേശു ഒരിക്കലും ഈ വാക്കുകൾ ഉച്ചരിച്ചിട്ടില്ല. യേശു ഒന്നിനെപററിയും അവന് അത് 'ഉണ്ടായിരുന്നു' എന്ന് പറഞ്ഞിട്ടില്ല. അതിനാൽ പീഢനം ചെയ്യാനായി പടയാളികൾ അവൻെറ വസ്ത്രം ഊരി എഴുത്തപ്പോഴും അവൻ തികച്ചും സന്തുഷ്ടനായിരുന്നു. അവർ എടുത്തുകൊണ്ടുപോയ വസ്ത്രങ്ങൾ അവന് ഉണ്ടായിരുന്നതാണ് എന്ന് അവൻ പറഞ്ഞിട്ടില്ല. എനിക്ക് ഒരു ശരീരം ഉണ്ട് എന്ന് അവൻ പറഞ്ഞിട്ടില്ല. അവർ

പീഢിപ്പിച്ച ശരീരം അവനുള്ളതായിരുന്നില്ല. അവന് സ്വന്തമായി ഒന്നും ഇല്ലായിരുന്നു. യേശു തൻെറ ശരീരം ജീവിക്കുന്ന ബലിയായി തൻെറ ക്രൂശിലെ മരണത്തിനു മുമ്പായി പിതാവായ ദൈവത്തിന് സമർപ്പിച്ചു.

അവൻ തൻെറ ശിഷ്യന്മാരേയും ഈ രീതിയിൽ ചിന്തിക്കുവാൻ പഠിപ്പിച്ചു. ''തനിക്കുള്ളത് ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല'' (അപ്പൊ. പ്രവർത്തികൾ 4:32). എല്ലാം ദൈവത്തിനുള്ളതും നാം അവൻെറ കാര്യ വിചാരകന്മാരുമാണ്. അവൻ ആവശ്യപ്പെടുമ്പോൾ നമ്മുടെ പക്കൽ നിന്ന് ധനമോ, സൽപേരോ, പ്രിയപ്പെട്ട കുട്ടികളേയോ, സുഹൃത്തുക്കളേയോ, .കീർത്തിയോ തിരിച്ചെടുക്കുവാൻ അവന് അവകാശമുണ്ട്. ഇവയെല്ലാം കാര്യ വിചാരകത്വത്തിനായി മാത്രം നമുക്കു നല്കപ്പെട്ടിരിക്കുന്നു. ഇവ നമ്മിൽ നിന്നും തിരിച്ചെടുക്കുകയാണെങ്കിൽ നമുക്ക് ഒന്നും നഷ്ടപ്പെടുന്നില്ല. അത് നമ്മുടേതല്ലല്ലോ? ഇതാണ് ക്രിസ്തീയ ജീവിതത്തിൻെറ ഒരു സന്തോഷം. എല്ലാ ക്രിസ്ത്യാനികളും ഒന്നും ഇല്ലാത്തവരും ഒന്നും ഉണ്ടായിരിക്കുവാൻ ആഗ്രഹിക്കാത്തവരും ആകുന്നു. ഉള്ളവർക്ക് അതിന് വന്നു ചേരാവുന്ന നഷ്ടത്തെപററി വ്യാകുലചിന്ത ഉണ്ടായിരിക്കും. എന്നാൽ നമുക്ക് അത് സംഭവിക്കുകയില്ല. നമ്മുടെ ജീവിതം ആത്മീയ സന്തോഷം നിറഞ്ഞതാണ്.

## ജൂൺ 4

''അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രെ; പുത്രനെങ്കിലോ ദൈവ ഹിതത്താൽ അവകാശിയും ആകുന്നു.'' (ഗലാത്യർ 4:7)

ജീനുകളും ഡി.എൻ.എ.യും കണ്ടുപിടിക്കപ്പെട്ടതോടുകൂടി നമ്മുടെ വംശ പാരമ്പര്യത്തെപ്പററി കൂടുതൽ കാര്യങ്ങൾ അറിയുവാൻ കഴിഞ്ഞു. നമുക്കു തടയുവാൻ കഴിയാത്ത കാര്യങ്ങൾ നല്ലതും ചീത്തയും. നമ്മുടെ പൂർവ്വപിതാക്കളിൽ നിന്ന് പാരമ്പര്യമായി നമ്മിലേക്കു കൈമാററം ചെയ്യപ്പെടുന്നു.

ആത്മാവിനും ഈ പാരമ്പര്യം ഉണ്ട്. ദൈവം സത്യമായും നമ്മുടെ പിതാവാണ്. സ്വർഗ്ഗീയ യറുശലേം നമ്മുടെ മാതാവും. നമുക്ക് ദൈവത്തിൽ നിന്ന് അവൻെറ രാജ്യം മാത്രമല്ല അവൻെറ സ്വഭാവവും പൈതൃകമായി കിട്ടുന്നു. ''അവൻെറ വിത്ത് അവനിൽ വസിക്കുന്നു'' (1യോഹന്നാൻ 3:9).

ഇംഗ്ളീഷ് സംസാരിക്കുന്നവരുടെ കുട്ടികൾ ഇംഗ്ളീഷ് സംസാരിക്കുന്നു. റൊമേനിയൻ ഭാഷ സംസാരിക്കുന്നവരുടെ കുട്ടികൾ റൊമേനിയൻ തന്നെ സംസാരിക്കുന്നു. ദൈവത്തിൻെറ മക്കൾ ദൈവ വചനം സംസാരിക്കും. പത്രോസ് താൻ എഴുതിയ ഒന്നാം ലേഖനം 4:11-ൽ പറയുന്നു ''ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിൻെറ അരുളപ്പാട് പ്രസ്താവിക്കുന്നു.'' ഒരുവൻ ദൈവത്തിൻെറ അനന്തരാവകാശിയാണെങ്കിൽ അവൻെറ വാക്കുകളും എഴുത്തുകളും ദൈവത്തിൻെറ അരുളപ്പാടായിരിക്കും.

നമുക്കും പൗലോസ് അപ്പൊസ്തോലൻ പറഞ്ഞതുപോലെ ''ദൈവദൂതനെപ്പോലെ ക്രിസ്തുവിനെപ്പോലെ എന്നെ കൈക്കൊൾകയത്രെ

ചെയ്തതു'' (ഗലാത്യർ 4:14). എന്നു പറയുവാൻ കഴിയണം. ദൈവത്തിൻെറ അരുളപ്പാടുകളെ പ്രസ്താവിക്കുന്നവരെ സ്വീകരിക്കുന്നത് ഇങ്ങനെ തന്നെയാണ്.

സ്വീഡനിലെ ഒരു സഹോദരി ഒരു ക്രിസ്തീയ പുസ്തകത്തിൻെറ വിവർത്തനം ചെയ്തു തീർത്തപ്പോൾ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് അവൾക്കു നന്ദി പറഞ്ഞതായി എഴുതിയിരിക്കുന്നു. ഇതുകേട്ട് ചില ക്രിസ്ത്യാനികൾ എങ്കിലും ചിരിക്കും. പുതിയ നിയമ പുസ്തകത്തിൻെറ ഒന്നാം പേജിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടതായി പറഞ്ഞിരിക്കുന്നത് ഞാൻ വിശ്വസിക്കുന്നില്ലെങ്കിൽ ഞാൻ ക്രിസ്തുമതത്തിനുവേണ്ടി എൻെറ സമയം പാഴാക്കുകയില്ല. ദൈവത്തിൻെറ അരുളപ്പാടുകളെ പ്രസ്താവിക്കുമ്പോൾ നിങ്ങൾക്ക് ദൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും അംഗീകാരം ലഭിക്കും.

## ജൂൺ 5

**"സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ." (മത്തായി 28:19)**

**ഒരുവൻ ഒരു പാതയോരത്തു നിന്ന്** ചൈനയിലെ ജനങ്ങൾ മുഴുവനും അവൻെറ മുമ്പിൽ കൂടി ഓരോരുത്തരായി ഒരു സെക്കൻെറിൽ ഒരാൾ എന്ന നിരക്കിൽ കടന്നു പോകുന്നത് കാണുന്നതായി കരുതുക. അതിന് അയാൾക്ക് അവിടെ 20 വർഷം വേണ്ടിവരും. ഈ ജനങ്ങളെയെല്ലാം വളരെ കർശനമായി ലെനിനിസ്ററ് കമ്മ്യൂണിസമാണ് ഭരിക്കുന്നത്. ലെനിൻ എഴുതിയത് ''പുരാതനമായ ചൂഷണ സംവിധാനങ്ങളെ ഇല്ലാതാക്കുവാൻ എന്തു ചെയ്താലും അതെല്ലാം നീതിയുക്തമായിരിക്കും'' എന്നാണ്. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ മതവും ഇപ്രകാരം തുടച്ചു മാററപ്പെടേണ്ട ഒരു ഘടകമാണ്. എന്നാൽ ചൈനയിൽ മരണത്തെ ഭയപ്പെടാത്തവരായ ക്രിസ്ത്യാനികളും ഉണ്ട്. മരണം അവർക്ക് വിശുദ്ധനായ മണവാളൻെറ മുറിയിലേക്കു പ്രവേശിച്ച് അവൻെറ വിശുദ്ധ ചുംബനം സ്വീകരിക്കുവാനുള്ള ഒരു മാർഗ്ഗമാണ്. ഹുനാൻ പ്രവിശ്യയിൽ നിന്നും ലഭിച്ച ഒരു റിപ്പോർട്ട് ഇപ്രകാരമാണ്. ഒരു സുവിശേഷകനെ കമ്മ്യൂണിസ്ററുകാർ തൂക്കിലിട്ടു. പക്ഷേ അവർ ഉടനെ അവിടം വിട്ടുപോയി. ക്രൈസ്തവ സഹോദരങ്ങൾ കയററ് അറുത്തു മാററി അവനെ രക്ഷിച്ചു. ആ സുവിശേഷകൻ ഇപ്പോഴും ജീവനോടിരിക്കുന്നു. തൻെറ കഴുത്തിൽ ഒരു കയറിട്ട് തന്നെ ഒരു മരത്തിലേക്കു വലിച്ചുയർത്തിയപ്പോൾ അവന് യേശു ക്രൂശിലേററപ്പെടുന്നതിനെപററി മാത്രമാണ് ചിന്തിക്കുവാൻ കഴിഞ്ഞത് എന്ന് ആ സുവിശേഷകൻ സാക്ഷീകരിക്കുന്നു.

ചൈനയിലെ മഹത്തായ ജനതയ്ക്കു വേണ്ടിയും അവിടുത്തെ ക്രൈസ്തവർക്കു വേണ്ടിയും പ്രാർത്ഥിക്കുക. ചൈനാക്കാർ ദൈവത്തിനു പ്രിയപ്പെട്ടവർ ആണ് — അനേകം ചൈനാക്കാരെ — 80 കോടിയിൽ പരം ദൈവം സൃഷ്ടിച്ചുവല്ലോ?

## ജൂൺ 6

"നിങ്ങളെ പകയ്ക്കുന്നവർക്കു ഗുണം ചെയ്വിൻ." (ലൂക്കോസ് 6:27)

വിശുദ്ധ പാട്രിക്ക് തന്റെ "കുമ്പസാരം" തുടങ്ങുന്നത് "ഞാൻ, പാട്രിക്, പാപിയും ഏററവും അവലക്ഷണമായവനും, വിശ്വസ്തരിൽ ഏററവും പിന്നിൽ നില്ക്കുന്നവനും" എന്നാണ്. നാലാം നൂററാണ്ടിൽ ഒരു ബ്രിട്ടീഷുകാരനായ അദ്ദേഹം ഐറിഷുകാരുടെ ആക്രമണ സമയത്ത് അടിമയാക്കപ്പെട്ടു. അദ്ദേഹത്തിന് വിശന്നു പൊരിഞ്ഞും നഗ്നനായും അവരുടെ ആടുകളെ മേയ്ക്കേണ്ടിയിരുന്നു. ഈ ക്രൂരമായ പെരുമാററം നിമിത്തം ചെറുപ്പക്കാരനായ ഈ ക്രിസ്ത്യാനി പയ്യനിൽ തന്റെ യജമാനന്മാരോട് ഒരു കള്ള സ്നേഹം ഉടലെടുത്തു.

തൽഫലമായി അവൻ രക്ഷപ്പെടുന്നതിൽ വിജയിച്ചു. ഇംഗ്ളണ്ടിൽ സ്വതന്ത്രനായി കഴിയുമ്പോൾ അദ്ദേഹം ഒരു സ്വപ്നം കണ്ടു. ഒരു മനുഷ്യൻ ഒരു എഴുത്തുമായി തന്നെ സമീപിച്ചു. പാട്രിക്ക് അതു വായിച്ചു: "ഐറിഷ് ജനതയുടെ ശബ്ദം." അദ്ദേഹം പല ഐറിഷ്കാരും കരഞ്ഞുപറയുന്ന ശബ്ദം കേട്ടു "ഞങ്ങൾ കെഞ്ചുന്നു. വിശുദ്ധനായ യുവാവേ ഒരിക്കൽ കൂടി വന്നു ഞങ്ങളുടെ കൂടെ നടക്കുക."

ഓടിപ്പോയ ഒരു അടിമയെ അവന്റെ യജമാനൻ പിടിക്കുകയാണെങ്കിൽ മരണം സുനിശ്ചിതമാണ്. പക്ഷേ പാട്രിക് സ്നേഹിച്ചിരുന്നതിനാൽ ഈ അപകടം അവൻ കണക്കിലെടുത്തില്ല. അവൻ ഒരു പുരോഹിതന്റെ അടുക്കൽ അവൻ ചെയ്ത പാപങ്ങൾ എല്ലാം ഏററു പറഞ്ഞു. അവന്റെ പാപങ്ങൾ എല്ലാം പൊതുവായി അറിയപ്പെട്ടു. പക്ഷേ സഭ അദ്ദേഹത്തെ അയർലണ്ടിലേക്കു വിട്ടില്ല. അദ്ദേഹം സ്വമേധയാ അവിടെ പോവുകയും തന്റെ യജമാനന്മാരെ ക്രിസ്തുവിലേക്കു കൊണ്ടുവരികയും ചെയ്തു.

നമുക്ക് പീഢകരെ രക്ഷകങ്കലേക്കു കൊണ്ടുവരാം. നിങ്ങളോട് ഏററവും കൂടുതൽ തെററു ചെയ്ത മനുഷ്യനെപററി ചിന്തിക്കുക. അവനെ മാനസാന്തരത്തിലേക്കു കൊണ്ടുവരുന്നത് ബഹുമാനത്തിന്റെ ലക്ഷണമായി കാണുക.

## ജൂൺ 7

"അറയിൽ കടന്നു വാതിൽ അടയ്ക്ക." (മത്തായി 6:6)

തത്വ ശാസ്ത്രജ്ഞന്മാർ വളരെ വിചിത്രമായ ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. മാർക്കൂസ് ഒറേലിയസ് പറഞ്ഞത് ശ്രദ്ധിക്കൂ: "ജനങ്ങൾ ഏകാന്തത തേടി പലപ്പോഴും ഗ്രാമങ്ങളിലേക്കോ, കടൽക്കരയിലോ, മലമുകളിലേക്കോ പോകാറുണ്ട്..... ഇതു വളരെ ആഭാസമാണ്. കാരണം നിങ്ങൾക്കാവശ്യമുള്ളപ്പോൾ നിങ്ങൾക്കു നിങ്ങളിലേക്കു പിൻവലിയാൻ കഴിയും. സ്വന്തം അന്തരംഗത്തിലേതുപോലെ ശാന്തവും സമാധാന നിർഭരവുമായ ഒരു

ശാന്തി സങ്കേതം മനുഷ്യന് മററെങ്ങും കണ്ടെത്താൻ കഴികയില്ല.'' തീർച്ചയായും നിങ്ങൾക്ക് ഈ ശബ്ദ മുഖരിതമായ അവസ്ഥയിലും ആന്തരികമായ നിശബ്ദത കണ്ടെത്തുവാൻ കഴിയും. പക്ഷേ അതിന് വളരെ പ്രയത്നിക്കേണ്ടിയിരിക്കുന്നു.

അതിലും ഉത്തമ ഉദാഹരണമായി നമ്മുടെ ഗുരുനാഥൻെറ ഉപദേശം അനുസരിച്ച് നോക്കൂ. അവൻ പലപ്പോഴും മരുഭൂമിയിലേക്കോ, മലമുകളിലേക്കോ പ്രാർത്ഥിക്കാനായി പോയിരുന്നു. ഇത് സാദ്ധ്യമല്ലാത്തപ്പോൾ നിങ്ങളുടെ മുറിയുടെ ഏകാന്തതയിൽ പ്രാർത്ഥിക്കാൻ ശ്രമിക്കുക.

ഈ സാങ്കേതിക യുഗത്തിൻെറ ശബ്ദമുഖരിതമായ അന്തരീക്ഷം ആത്മീകതക്കെതിരായുള്ള ഗൂഢാലോചനയുടെ ഒരു ഭാഗമാണ്. റേഡിയോയും ടെലിവിഷനും മററും നിങ്ങളുടെ നിശബ്ദതയുടെ നിമിഷങ്ങളെ കവർന്ന് എടുക്കുന്നു. കമിതാക്കളും സുഹൃത്തുക്കളും നിശബ്ദമായി ഒരുമിച്ച് ഇരിക്കയോ നടക്കയോ ചെയ്യുന്നതിൻെറ സ്വർഗ്ഗീയ കല വിസ്മരിച്ചിരിക്കയാണ്. എഴുതപ്പെടുന്നതും സംസാരിക്കുന്നതുമായ വാക്കുകൾ 80 ശതമാനവും യാതൊരു പ്രയോജനവും ഇല്ലാത്തതാണ്.

ദൈവം തൻെറ ആദ്യത്തെ വെളിപ്പാട് നല്കിയ എബ്രായർക്ക് 'വാക്ക്' എന്നർത്ഥം വരുന്ന പദങ്ങൾ ഒന്നും ഇല്ല. അവരിൽ കൂടെയാണ് ദൈവവചനം നല്കപ്പെട്ടത്, പക്ഷേ അത് എബ്രായ ഭാഷയിൽ പറയുവാൻ സാദ്ധ്യമല്ല. ''വാക്ക്'' എന്നതിന് പകരമായി അവർ 'വാസ്തവത്തിലുള്ളത്'' എന്ന് തർജ്ജമ ചെയ്യപ്പെടാവുന്ന 'davar' എന്ന പദം ഉപയോഗിക്കുന്നു. നാം സംസാരിക്കയും കേൾക്കയും ചെയ്യുന്ന വാക്കുകൾ യഥാർത്ഥമാണ് എന്ന് ഉറപ്പുവരുത്തുക.

എബ്രായ ഭാഷയിൽ യോഹന്നാൻെറ സുവിശേഷത്തിൻെറ മുഖവുര ഇപ്രകാരമാണ്. ''ആദിയിൽ യഥാർത്ഥമായത് (davar) ഉണ്ടായിരുന്നു. യഥാർത്ഥമായത് ദൈവത്തോടു കൂടെ ആയിരുന്നു. യഥാർത്ഥമായത് ദൈവം ആയിരുന്നു.''

കാര്യമില്ലാത്ത സംഗതികളെപററി വൃഥാ സംസാരിച്ച് നമ്മുടെ. സമയം നഷ്ടപ്പെടുത്താതെ നമുക്ക് നമ്മുടെ അറയിൽ കടന്ന് കതകടച്ച് ദൈവവുമായുള്ള നിശബ്ദ സംസർഗ്ഗത്തിൽ സമയം ചിലവഴിക്കാം.

## ജൂൺ 8

''ആരെങ്കിലും തൻെറ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചും കൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.''

(മർക്കോസ് 11:23)

യറുശലേമിനും ബഥാന്യക്കും ഇടയ്ക്ക് വഴിയിൽ വച്ചാണ് യേശു ഈ വചനങ്ങൾ പറഞ്ഞത്. വളരെ നിരപ്പായ ഭൂമിയാണ് ഇവിടം. അവിടെ വഴിയിൽ

തടസ്സമായി നില്ക്കുന്ന മലകൾ ഒന്നും ഇല്ല. അവൻ 'ഈ മല' എന്ന് പറയുമ്പോൾ അവിടെ ചൂണ്ടിക്കാണിക്കുവാൻ ഒന്നും ഇല്ലായിരിക്കും.

തടസ്സങ്ങളും പ്രയാസങ്ങളുമാകുന്ന മലകൾ നാം എല്ലാവരുടേയും സങ്കല്പങ്ങളിൽ ഉള്ളവയാണ്. "ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല" (ലൂക്കോസ് 10:19) എന്നും "ദൈവത്തെ സ്നേഹിക്കുന്നവർക്ക്.... സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു (റോമർ 8:28) എന്നും നമുക്ക് വാഗ്ദാനം ലഭിച്ചിട്ടുണ്ട്. യാതൊരു വസ്തുവും സംഭവവും നമ്മുടെ ആത്മാവിനെ സ്പർശിക്കയില്ല. അവ എല്ലാം അകന്നു വെളിയിൽ നില്കുകയേ ഉള്ളൂ. നമ്മെ ബുദ്ധിമുട്ടിക്കുന്നത് വ്യക്തികളോടും, സംഭവങ്ങളോടും ഉള്ള നമ്മുടെ അഭിപ്രായങ്ങളും മനോഭാവങ്ങളുമാണ്. ഇവയുടെ മേൽ നമുക്ക് അധികാരം ഉണ്ട്. നമുക്ക് അവയെ കടലിൽ എറിഞ്ഞു കളയാം.

യേശു ഈ വാക്കുകളെ പറഞ്ഞു ചുററുപാടും നോക്കുകയാണെങ്കിൽ അവ ഭൗതികമായ മലകളെ അല്ല സൂചിപ്പിക്കുന്നത്. യേശുവിൻെറ ഓരോ അനുയായിയും അവരുടെ സൗകര്യം അനുസരിച്ച് മലകളെ ഇടത്തോട്ടും വലത്തോട്ടും മാററുകയാണെങ്കിൽ ഈ ഭൂമി എങ്ങനെ ഇരുന്നേനേ. ഓരോ അനുയായിക്കും മല എവിടെയായിരിക്കണമെന്നതിനെപ്പററി വ്യത്യസ്ഥ അഭിപ്രായങ്ങൾ കാണും. യേശു മലകളെ നീക്കം ചെയ്യുന്നതിനെപ്പററി പറയുമ്പോൾ ആത്മീകമായ യാഥാർത്ഥ്യങ്ങളെപററിയാണ് പറയുന്നത്.

പലതും സംഭവിക്കട്ടെ. മനുഷ്യർ അവരുടെ ഹിതംപോലെ നിങ്ങളോട് പെരുമാറട്ടെ. ഇവ ഒന്നും നിങ്ങളുടെ വഴിയിലെ മലകളായി കാണരുത്. രണ്ടും രണ്ടും കൂട്ടിയാൽ നാലാണ്. പഴങ്ങളിൽ ചാറ് ഉണ്ട്. മനുഷ്യർ ചിലപ്പോൾ മോശമായി പെരുമാറിയേക്കാം. സംഭവങ്ങൾ അഹിതകരമായേക്കാം. എന്നിരുന്നാലും ഇവ എല്ലാം എൻെറ നന്മയ്ക്കായി പ്രവർത്തിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴിയിലെ പ്രയാസങ്ങൾ എല്ലാം നമ്മുടെ ലോകസങ്കല്പങ്ങളുടെ വകയാണ്. അവയെ നമുക്ക് എറിഞ്ഞു കളയാം.

---

## ജൂൺ 9

---

> "അതിന് ശിമോൻ: നാഥാ ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിൻെറ വാക്കിനു ഞാൻ വല ഇറക്കാം എന്ന് ഉത്തരം പറഞ്ഞു." (ലൂക്കോസ് 5:5)

വില്യം ചാമേഴ്സ് ബേൺസ് 1847-ൽ ചൈനയിലേക്കു മിഷനറിയായിപ്പോയി. ഏഴു വർഷങ്ങൾക്കുശേഷം അദ്ദേഹം ഇപ്രകാരം എഴുതി "ഞാൻ മുഖാന്തിരമായി ക്രിസ്തുവിങ്കലേക്കു കൊണ്ടുവരപ്പെട്ട ഒരൊററ ആളിനെപ്പോലും എനിക്കറിയില്ല." ദൈവം അവനെ ദീർഘമായി ക്ഷമയോടിരിക്കുവാൻ അഭ്യസിപ്പിക്കയായിരുന്നു.

മദ്ധ്യപൂർവ്വ ദേശങ്ങളിൽ 2000 വർഷങ്ങൾക്കു മുമ്പ് ഉപയോഗിച്ചിരുന്ന അതേ രീതിയിലുള്ള പ്രാകൃത വലകൾ ഉപയോഗിച്ച് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ഇപ്പോഴും കാണാൻ കഴിയും. അവരുടെ വല വീശൽ

വളരെ കഠിന പ്രയത്നമാണ്. ഒരു രാത്രി മുഴുവൻ വൃഥാ അദ്ധ്വാനിച്ചശേഷം നാം നമ്മുടെ വലകാം വീണ്ടും കടലിൽ ഇറക്കുമായിരുന്നോ? വിവേക ബുദ്ധിയും വിശ്രമിക്കുവാനുള്ള വാഞ്ചയും അതിനെതിരായിരുന്നു. "എങ്കിലും" എന്ന വാക്ക് ഇവിടെ പ്രത്യേക പ്രസക്തി ആർജ്ജിക്കുന്നു. ശീമോൻ പത്രോസ് വീണ്ടും വലകാം കടലിൽ ഇറക്കി. അത്ഭുതകരമായ മീൻപിടുത്തവും നീണ്ട അദ്ധ്വാനവും കഴിഞ്ഞതിനുശേഷവും അവനും അവന്റെ കൂട്ടാളികളും വിശ്രമിക്കുന്നില്ല. അവർ തങ്ങളുടെ പടകുകാം കരയിൽ അടുപ്പിച്ചു. പക്ഷേ അവർ വിശ്രമിക്കുവാൻ പോയില്ല. അവർ "അവനെ അനുഗമിച്ചു" (ലൂക്കോസ് 5:11).

നമുക്ക് ഇഷ്ടമല്ലാത്ത അവസ്ഥകളിലും പ്രയോജനകരമല്ലാത്ത ഫലങ്ങളിലും പോലും നാം നമ്മുടെ ജോലിയിൽ തുടർന്നുകൊണ്ടിരിക്കണം എന്നാണ് വളരെ സുപ്രധാനമായ വസ്തുത.

ആർച്ച് ബിഷപ്പ് ഫെനിലോൺ ഇപ്രകാരം എഴുതി: "ഒരുവൻ തന്റെ പ്രവർത്തിയുടെ ഫലം കാണാതെ പരിശ്രമം തുടർന്നു കൊണ്ടിരിക്കത്തക്കവണ്ണം ദൈവാത്മാവിനാൽ ശക്തീകരിക്കപ്പെട്ടിട്ടില്ല എങ്കിൽ സ്വയമേ നന്നാകുവാനോ മററുള്ളവരെ നേടിയെടുക്കുവാനോ അവനുള്ള കഴിവ് തികച്ചും പരിമിതം ആയിരിക്കും."

ഞാൻ ഒരു ലോകവ്യാപകമായ ക്രൈസ്തവ സംഘടനയുടെ പ്രസിഡൻറാണ്. ഞാൻ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരപ്പെട്ടത് ഒരു മരപ്പണിക്കാരൻ മുഖാന്തിരമാണ്. വൂംഫസ് എന്ന് പേരുള്ള ഈ ആശാരി തന്റെ മരണത്തിന് മുമ്പായി ഒരു യഹൂദനെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാൻ സാധിക്കണമേ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അവന്റെ പ്രാർത്ഥനയ്ക്കു പ്രതിഫലമായി ദൈവം രണ്ടുപേരെ നല്കി—ഞാനും എന്റെ ഭാര്യയും. ഞങ്ങാം മററുചില യഹൂദരെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവന്നു. അവർ കൂടുതൽ യഹൂദരെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുവാൻ ഇടയായി. ഇതിന്റെ ഫലം ഇന്ന് യിസ്രായേലിലെ പല എബ്രായ ക്രിസ്ത്യൻ സഭകളിലും കാണുവാൻ സാധിക്കും. ഇതിൽ പല വിശ്വാസികളും വൂംഫിന്റെ മാതൃരാജ്യമായ റൊമേനിയയിൽ നിന്നുള്ളവരാണ്. ഒരിക്കൽ ഞാൻ എന്റെ മാനസാന്തരത്തിന്റെ കഥ ഒരു ചെറിയ റൊമേനിയൻ ഗ്രാമത്തിൽ സാക്ഷീകരിച്ചപ്പോാം സദസ്സിലുണ്ടായിരുന്ന വളരെ പ്രായം ചെന്ന ഒരാാം വിങ്ങിക്കരയുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. പ്രസംഗം കഴിഞ്ഞപ്പോാം അദ്ദേഹം എന്നെ വന്നു കണ്ടു. "ദൈവം ആ ആശാരിയെ തങ്കലേക്കു കൊണ്ടുവരുവാൻ എന്നെയാണ് ഉപയോഗിച്ചത്. ജീവിതം മുഴുവനും ഞാൻ വൃഥാവിലാണ് പരിശ്രമിച്ചത് എന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ നിങ്ങളുടെ സാക്ഷ്യത്തിൽ നിന്നും പല യഹൂദ ക്രിസ്ത്യാനികളുടേയും വിശ്വാസത്തിന്റെ പിതാമഹൻ ഞാനാണ് എന്ന് മനസിലാക്കുവാൻ കഴിഞ്ഞു."

"എങ്കിലും" നീ നിന്റെ വേല സ്ഥലത്ത് വേല തുടർന്നു കൊണ്ടിരിക്കുക.

## ജൂൺ 10

"ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു." (ഗലാത്യർ 2:20)

യേശുവും വിശ്വസിക്കുന്ന ഒരാത്മാവും തമ്മിലുള്ള ബന്ധം അതുല്യമായ ഒന്നാണ്. സമാനപദങ്ങൾ ഇല്ലാത്തതിനാൽ അത് വാക്കുകളാൽ വർണ്ണിക്കുവാൻ അസാദ്ധ്യമാണ്. രക്ത സംക്രമണം നടത്തുമ്പോൾ ഒരുവൻെറ രക്തം മററൊരുവൻേറതായിത്തീരുന്നു. രക്ത സംക്രമണത്തിനുശേഷം രക്തം സ്വീകരിച്ചവന് എന്തെങ്കിലും മുറിവുണ്ടായി രക്തം ചൊരിഞ്ഞാൽ അത് രക്തം നല്കിയവൻേറതല്ല പിന്നെയോ സ്വീകരിച്ചവൻേറതു തന്നെയാണ്. കാരണം അത് അവൻേറതായിക്കഴിഞ്ഞു. ഹൃദയം മാററിവയ്ക്കലിലും ഇതു തന്നെയാണ്. ഹൃദയം മരിച്ചവൻേറതല്ല പിന്നെയോ ജീവിക്കുന്ന മനുഷ്യൻേറതാണ്. യേശുവും വിശ്വസിക്കുന്ന ആത്മാവും തമ്മിലും ഒരു രക്ത സംക്രമണം, ഒരു പറിച്ചു നടൽ, വ്യക്തിത്വത്തിൽ ഒരു വ്യത്യാസം ഇവ ഒക്കെയും സംഭവിക്കുന്നു.

ലൂഥർ പറയുന്നത് ഇപ്രകാരമാണ്. "പിതാവ് ക്രിസ്തുവിനോടു പറയുന്നു: നീ തള്ളിപ്പറയുന്ന പത്രോസാകുക, പീഢിപ്പിക്കുന്ന ശൗലാകുക, ഒററിക്കൊടുക്കുന്ന യൂദാസാകുക, പാപംചെയ്യുന്ന മഗ്ദലന മറിയ ആകുക. അപ്പോൾ യേശുവിൽ നിറയെ പാപങ്ങളാണ് എന്ന് നിയമം കണ്ടിട്ട് അവൻ മരിക്കണം എന്ന് വിധിക്കുന്നു. യേശുവാണ് മാനവരാശി അറിഞ്ഞിട്ടുള്ളതിലേക്കും വലിയ കൊലപാതകി, മോഷ്ടാവ്, നുണയൻ, വ്യഭിചാരി. അവൻ ഈ പാപങ്ങൾ ചെയ്തതല്ല പിന്നെയോ ഇവ എല്ലാം സ്വായത്തമാക്കിയതാണ്." പാപം ചെയ്യുന്ന എൻെറ വ്യക്തിത്വം അവൻ എടുത്തിട്ട് അവൻെറ വ്യക്തിത്വം എനിക്കു നല്കുന്നു. ഗലാത്യർക്ക് എഴുതിയ സുവിശേഷത്തെപററി ലൂഥർ പറയുന്നത് "ക്രിസ്ത്യാനി ക്രിസ്തുവാകുന്നു" എന്നാണ്.

വേദപുസ്തകത്തിൻെറ അടിസ്ഥാനത്തിലാണ് ലൂഥർ പറഞ്ഞിരിക്കുന്നത്. ക്രിസ്തുമത ഉപദേഷ്ടാക്കൾ എല്ലാവരും ഇതു തന്നെയാണ് പഠിപ്പിച്ചത്. ഇഗ്നേഷ്യസ് എഴുതി: "ക്രിസ്തു നമ്മുടെ അവിഭേദ്യമായ ജീവനാണ്." തോമസ്സ് അക്വിനാസ് പറയുന്നത് ക്രിസ്തുവും ക്രിസ്ത്യാനികളും "ഒരു കണക്കിൽ ഒരേ ആദ്ധ്യാത്മിക വ്യക്തിയാണ്." സ്കോട്ട്ലണ്ടിലെ കാറേറകിസം (ക്രെയ്ഗ്) പഠിപ്പിക്കുന്നത് "ക്രിസ്തു അവൻെറ അനുരൂപരായ മനുഷ്യരിൽ നിന്നും വ്യത്യസ്ഥനല്ല" എന്നാണ്.

യേശു ജനിച്ചത് ക്രൂശിക്കപ്പെടുവാനാണ്. ഇന്നും തൻെറ അനുയായികളുടെ രൂപത്തിൽ യേശു ക്രൂശിക്കപ്പെടുവാനായി ജനിക്കുന്നു. നിങ്ങളുടെ എല്ലാ കഷ്ടതകളും അവൻേറതാണ്.

# ജൂൺ 11

"കർത്താവേ, ഞങ്ങളേയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ."

(ലൂക്കോസ് 11:1)

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ പ്രാർത്ഥന താഴെ കൊടുത്തിരിക്കുന്നു:-

'കർത്താവേ, എന്നെ നിന്റെ സമാധാനത്തിന്റെ
ഉപകരണമാക്കേണമേ,
വിദ്വേഷമുള്ളിടത്ത് സമാധാനവും
സംശയം ഉള്ളിടത്ത് വിശ്വാസവും
നിരാശയുള്ളിടത്ത് പ്രത്യാശയും
അന്ധകാരാവൃതമായിടത്ത് പ്രകാശവും
സന്താപമുള്ളിടത്ത് സന്തോഷവും
എനിക്കു വിതയ്ക്കുവാൻ കഴിയേണമേ,
സ്വർഗ്ഗീയ ഗുരുനാഥാ, ഞാൻ ആശ്വസിപ്പിക്കുന്നതിനു പകരമായി ആശ്വസിപ്പിക്കപ്പെടുവാനും,
മനസ്സിലാക്കുന്നതിനു പകരമായി മനസ്സിലാക്കപ്പെടുവാനും
സ്നേഹിക്കുന്നതിലുപരിയായി സ്നേഹിക്കപ്പെടുവാനും
ഞാൻ ആഗ്രഹിക്കുന്നതിനിടവരരുതേ.
നൽകുന്നതിലാണല്ലോ നാം കൈവരിക്കുന്നത്
ക്ഷമിക്കുന്നതിലാണല്ലോ നാമും ക്ഷമിക്കപ്പെടുന്നത്
മരിക്കുന്നതിനാലാണല്ലോ നാം നിത്യജീവങ്കലേക്ക്
ജനിക്കുന്നത്."

നമ്മിൽ പലരും ഇതുപോലെ പെരുമാറാത്തത് എന്തുകൊണ്ടാണ്? കാരണം നമുക്ക് "ഞാൻ" എന്ന ഭാവം ഉള്ളതുകൊണ്ടാണ്. ഇംഗ്ളീഷിൽ മറ്റെല്ലാ വാക്കുകളും ചെറിയ അക്ഷരങ്ങളിൽ എഴുതുമ്പോഴും ഞാൻ എന്നതിനെ കുറിക്കുന്ന 'I' മാത്രം എപ്പോഴും വലിയ അക്ഷരത്തിലാണ്. 'അഹം' വളരെ അസഹ്യതയ്ക്കു കാരണമാണ്. അതിന്മൂലമാണല്ലോ എനിക്ക് അസന്തോഷവും സ്നേഹക്കുറവും ഉണ്ടാകുന്നത്. 'അഹം' ഇല്ലെങ്കിൽ നിനക്കു എന്തു നഷ്ടമാണ് വരുന്നത്?

അതിനാലാണ് കർത്താവു പറഞ്ഞത് "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെ താൻ ത്യജിച്ചു.... എന്നെ അനുഗമിക്കട്ടെ." ഒരുവൻ തന്നെ താൻ ത്യജിക്കണം. ഒരുവൻ രക്ഷിക്കപ്പെടുന്നത് 'സ്വയം' അഥവാ 'അഹം' ഇല്ലാതെയിരിക്കുമ്പോഴാണ്.

# ജൂൺ 12

"ഒന്നുമതി." (ലൂക്കോസ് 10:42)

നാം കേൾക്കുന്ന ഏററവും വലിയ പരാതി സമയമില്ല എന്നതാണ്. ഇതിൻെറ കാരണം നിശ്ചയമായും ഇവർ മാർത്തയെപ്പോലെ പല കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നതുകൊണ്ടാണ്. മറിയ അവൾക്കു സമയമില്ല എന്ന് പറയുന്നത് നിങ്ങൾ കേട്ടുകാണുകയില്ല. അവൾക്ക് ഒന്നുമാത്രം മതിയായിരുന്നു. അവളുടെ പ്രിയപ്പെട്ടവൻെറ വചനം കേൾക്കയും അവൻ പറയുന്നത് പ്രവർത്തിക്കയും ചെയ്യുക. ഒരേ സമയം രണ്ടു കാര്യങ്ങൾ ചെയ്യുവാൻ അവൻ പറയുന്നില്ല. നമ്മുടെ ജീവിതത്തിൻെറ ഓരോ നിമിഷത്തേയ്ക്കും ഒരു ജോലി മാത്രമേയുള്ളു. ഈ ഒരു ജോലി പ്രാവർത്തികമാക്കുമ്പോൾ എനിക്ക് മററ് ജോലികൾ ഒന്നും ഇല്ല. അതിനാൽ വിശ്വാസികൾക്ക് എപ്പോഴും സമയം കാണും.

ഒരു ഗ്രാമത്തിൽ ഒരു പുതിയ സുവിശേഷകൻ വന്നു. അവൻെറ പ്രസംഗം എല്ലാവരേയും അത്ഭുതപ്പെടുത്തി. ഈ വാർത്ത എളുപ്പം പരന്നു. അടുത്ത ഞായറാഴ്ച ഗ്രാമത്തിലുള്ളവർ മുഴുവനും പള്ളിയിൽ വന്നു ചേർന്നു. അവൻ അതേ പ്രസംഗം തന്നെ നടത്തി. മൂന്നാമത്തെ ഞായറാഴ്ച അടുത്ത ഗ്രാമത്തിൽ നിന്നും കൂടി മനുഷ്യർ വന്നു. അപ്പോഴും അതേ പ്രസംഗം തന്നെയായിരുന്നു. നാലാമത്തെ ഞായറാഴ്ചയും അതു തന്നെ പ്രസംഗിച്ചു. പള്ളി പ്രമാണികൾ അന്യോന്യം പറഞ്ഞു "ഇവൻ ഒരേ ഒരു പ്രസംഗം മാത്രം കാണാതെ പഠിച്ച ഒരു കബളിപ്പിക്കൽകാരനായിരിക്കും."

"നിങ്ങൾക്കു വേറെ ഒരു പ്രസംഗം പറയുവാൻ അറിഞ്ഞു കൂടെ?" അവർ ചോദിച്ചു.

"ഞാൻ ആദ്യത്തെ പ്രസംഗത്തിൽ പഠിപ്പിച്ചത് നിങ്ങൾ നിവൃത്തിയാക്കുന്നത് ഞാൻ ഇതേവരെ കണ്ടില്ല. പിന്നെ ഞാൻ വേറൊരെണ്ണം കൂടി പ്രസംഗിച്ച് നിങ്ങളെ എന്തിന് ഭാരപ്പെടുത്തണം." അയാൾ മറുപടി പറഞ്ഞു.

നാം നമ്മുടെ സമീപങ്ങളിൽ നടക്കുന്ന അപകടങ്ങളിൽ ആകാവുന്ന സഹായം ചെയ്തു കൊടുക്കുന്നില്ലെങ്കിൽ എന്തിനാണ് ധാരാളം പത്രങ്ങൾ വായിക്കയും വാർത്തകൾ കേൾക്കയും ചെയ്യുന്നത്? നാം വായിച്ചിട്ടുള്ള ഏതെങ്കിലും നല്ല കാര്യം നടപ്പിൽ വരുത്താതെ ധാരാളം പുസ്തകങ്ങൾ എന്തിനാണ് വായിക്കുന്നത്? ഞാൻ ഒരാൾ ഫോൺ ചെയ്തതു ശ്രദ്ധിക്കയും അനുകമ്പയോട് കേൾക്കാൻ ശ്രമിക്കയും ചെയ്യാതെ മറെറാരാളുടെ ഫോണിന് എന്തിന് മറുപടി നല്കണം?

നമ്മുടെ ദൈവം വളരെ കുറച്ചാണ് സംസാരിച്ചതും പ്രവർത്തിച്ചതും. അവൻ പറഞ്ഞതിൻെറ സാരം മർക്കോസ് 16 അദ്ധ്യായങ്ങളിൽ ശേഖരിച്ചിരിക്കുന്നു. അതിലെ ഓരോ വാക്കും ഓരോ പ്രവൃത്തിയും ഊതിക്കാച്ചിയ പൊന്നുപോലെ ശുദ്ധമാണ്. നിങ്ങളുടെ വാക്കുകളും പ്രവൃത്തിയും പരിശോധിക്കുക. അവയിൽ പലതും വേണ്ടാത്തതാണ് എന്ന് നമുക്ക് കാണാം. അവയെ നിയന്ത്രിക്കുമ്പോൾ നിങ്ങൾക്കു സമയവും സ്വച്ഛതയും ലഭിക്കും. നിങ്ങളുടെ മനസ്സാക്ഷിയെ

എല്ലാ വൈകുന്നേരങ്ങളിലും പരിശോധിക്കുക. നിങ്ങളുടെ പ്രവർത്തികൾ ഒക്കെ ആവശ്യമുള്ളവയായിരുന്നോ എന്ന് ഓരോ പടിയായി നിങ്ങളോട് ചോദിച്ചുകൊണ്ട് ഓരോ പകലിനേയും പുനരവലോകനം ചെയ്യുക. ആവശ്യമില്ലാത്ത ചിന്തകളേയും പ്രവർത്തിയേയും ഇല്ലാതാക്കുക.

## ജൂൺ 13

"അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."

(യോഹന്നാൻ 1:12)

ഒരിക്കൽ നെപ്പോളിയൻ ഒരു പരേഡിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിൻെറ കുതിര വിരണ്ടോടി. ചക്രവർത്തി താഴെ വീഴുവാൻ സാദ്ധ്യതയുണ്ട് എന്നു മനസ്സിലാക്കിയ ഒരു സാധാരണ പടയാളി തൻെറ ജീവൻ പണയപ്പെടുത്തി ആ കുതിരയുടെ കടിഞ്ഞാൺ കൈവശപ്പെടുത്തുകയും വളരെ ബലം പ്രയോഗിച്ച് അതിനെ നിറുത്തുകയും ചെയ്തു.

നെപ്പോളിയൻ പറഞ്ഞു: "ക്യാപ്ററൻ വളരെ നന്ദി." ഈ പടയാളിക്ക് തനിക്ക് ഒരു ക്യാപ്ററൻ സ്ഥാനം നല്കി എന്ന് മനസ്സിലായി. അയാൾ നേരെ ഓഫീസറന്മാരുടെ ഭക്ഷണശാലയിലേക്കു കടന്നു ചെന്നു. അവൻ അവിടെ ഉണ്ടായിരുന്ന ഓഫീസറന്മാരെ തൻെറ സഹപ്രവർത്തകർ എന്ന നിലയിൽ സംബോധന ചെയ്യുവാൻ തുടങ്ങി.

"നീ ഞങ്ങളെ തുല്യനായി കണക്കാക്കുവാൻ ആർ?" അവർ അവനോടു ചോദിച്ചു.

"എന്തുകൊണ്ട് പാടില്ല. ഞാൻ ഒരു ക്യാപ്ററനാണ്." അവൻ മറുപടി പറഞ്ഞു.

"ക്യാപ്ററനോ? നിനക്ക് ക്യാപ്ററൻെറ സ്ഥാനചിഹ്നങ്ങൾ ഒന്നും ഇല്ലല്ലോ? മാത്രമല്ല അതിനുള്ള വിദ്യഭ്യാസമോ ഒരു സേനാവ്യൂഹമോ ഒന്നും ഇല്ലല്ലോ?"

"എനിക്ക് ഇതൊന്നും ഇല്ലായിരിക്കാം" അവൻ ധൈര്യപൂർവ്വം മറുപടി പറഞ്ഞു. "എങ്കിലും ഞാൻ ഒരു ക്യാപ്ററനാണ്. കാരണം നെപ്പോളിയൻ ചക്രവർത്തി എന്നെ അങ്ങനെ വിളിച്ചു."

തങ്ങൾക്ക് ഒരു വിശുദ്ധൻെറ പെരുമാററ വിശേഷതയോ, കൂടുതൽ അറിവോ, മററുള്ളവരുടെ അംഗീകാരമോ ഇല്ല എന്നു കരുതി ദൈവമക്കൾ ആകുലപ്പെടേണ്ടതില്ല. 'ദൈവമക്കൾ' എന്നു വിളിച്ചത് രാജാധിരാജനാണ്. അതുമാത്രം മതിയാകും.

നിങ്ങൾക്ക് ഈ പേരു നല്കിയവൻ നിങ്ങളെ ജീവിതത്തിൽ വഴിനടത്തും; അതിൻെറ കയററങ്ങളിലും ഇറക്കങ്ങളിലും മരണത്തിലൂടെയും നിൻെറ ഉന്നതമായ വിളിക്കൊത്തവണ്ണം അവൻ നിനക്ക് വഴികാട്ടിയായിരിക്കും. നീ ദൈവ മകൻ ആണ് എന്ന് വിശ്വസിക്ക മാത്രം ചെയ്ക. ബാക്കി മുഴുവനും തനിയെ വന്നുകൊള്ളും.

## ജൂൺ 14

"സ്നാനമോ ഇപ്പോഠ..... നമ്മെ രക്ഷിക്കുന്നു." (1പത്രോസ് 3:21)

ജോൺ ക്രിസോസ്ററം പറഞ്ഞു "നാം ശരീരമില്ലാത്തവരായിരുന്നു എങ്കിൽ ദൈവം നമുക്ക് ആത്മീയ വസ്തുക്കളെ അവയുടെ ലളിതമായ രൂപത്തിൽ — ഭൗതീക രൂപമില്ലാതെ, തരുമായിരുന്നു. പക്ഷേ ഇപ്പോഠ ആത്മാക്കഠ നമ്മുടെ ശരീരത്തിലാണ് വസിക്കുന്നത്. അതിനാൽ ആത്മീക വസ്തുക്കഠ ഭൗതീക (കാണാവുന്ന) രൂപത്തിൽ തരുന്നു." അവൻ നിയമങ്ങളെപററിയാണ് പറഞ്ഞത്. അവയില്ലാതെ ക്രിസ്തീയ ജീവിതം സാദ്ധ്യമല്ല.

അഗസ്ററിൻ എഴുതി: "സർവ്വസാധാരണമായി ദൃശ്യമായ ഒരു അടയാളത്തിൽ കൂടിയോ കൂദാശയിൽ കൂടിയോ സംയോജിപ്പിച്ചല്ലാതെ മനുഷ്യരെ ശരിയായ മതത്തിൻെറയോ തെററായ മതത്തിൻെറയോ പേരിൽ കൂട്ടികൊണ്ടുവരുവാൻ കഴികയില്ല."

മാമ്മോദീസാ, വിശുദ്ധ കുർബ്ബാന, കൈവയ്പ് ഇവ എല്ലാം നമുക്ക് നല്കിയിരിക്കുന്ന അദൃശ്യമായ കൃപയുടെ ദൃശ്യമായ അടയാളമാണ്.

വിലകുറഞ്ഞ മോതിരമാണ് മണവാളൻ നല്കുന്നത് എങ്കിലും അതിന് പുതിയ ഒരു മൂല്യം ഉണ്ടാകുന്നു. രാഷ്ട്രത്തിൻെറ മുദ്രയുള്ള ഏതെങ്കിലും ലോഹം നാണയമാകുമ്പോഠ അവ വിലയുള്ളതാകുന്നു. മാമ്മോദീസ വെള്ളവും ഇപ്രകാരം തന്നെ. അത് നമ്മുടെ പാപങ്ങഠ കഴുകിക്കളയുന്നതിൻെറ അടയാളമാകുന്നു.

വിശുദ്ധ കുർബ്ബാന മദ്ധ്യേ അത് ആരെങ്കിലും അയോഗ്യമായി കണക്കാക്കുന്നോ എന്ന് നോക്കുന്നത് തെററാണ്. നിങ്ങളെതന്നെ പരിശോധിക്കുക. എല്ലാവരും അവരവരുടെ ഉത്തരവാദത്തിലാണ് കുർബ്ബാന കൈക്കൊള്ളുന്നത്. പുരോഹിതൻെറ ജീവിതം മോശമായതാണ് എന്ന് കണ്ട് അവൻെറ കയ്യിൽ നിന്നും വിശുദ്ധ കുർബ്ബാന സ്വീകരിക്കാതിരിക്കരുത്. ഒരു കൂദാശയുടെ വില അതു നല്കുന്നവൻെറ സ്വഭാവത്തെ ആശ്രയിച്ചല്ലിരിക്കുന്നത്.

കൂദാശകഠ തന്നെ നമ്മെ സഹായിക്കും എന്ന് കരുതരുത്. വിശ്വാസത്തോടുകൂടി കൂദാശകഠ സ്വീകരിച്ചാൽ മാത്രമേ അവ നമ്മെ സ്വർഗ്ഗത്തിൻെറ പാതയിൽ ശക്തിപ്പെടുത്തുകയുള്ളു.

ഇവ ഒക്കെയും ശരിയായ വീക്ഷണത്തിൽ കൂടി എടുക്കുകയാണെങ്കിൽ അവ നിങ്ങളുടെ ആത്മാവിൻെറ ശരിയായ ആഹാരമായിത്തീരും.

## ജൂൺ 15

"അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാൻകരെ വരെ അവൻെറ അടുക്കൽ വന്നു."

(മത്തായി 3:13)

യേശു സ്നാനം ഏററത് "ജലത്തെ ശുദ്ധീകരിക്കുവാനാണ്" എന്ന്

വിശുദ്ധ ഇഗ്നേഷ്യസ് പറഞ്ഞിട്ടുണ്ട്. പാപികളോടുള്ള തൻെറ കരുതലിനെ കാണിക്കുന്നതിനായിട്ടാണ് യേശു സ്നാനം ഏററത് എന്നായിരിക്കും പല വേദശാസ്ത്രജ്ഞന്മാരുടേയും അഭിപ്രായം. താൻ ഒരു പാപിയാണ് എന്ന് യേശുവിന് തോന്നിയിരുന്നോ? താൻ ശുദ്ധമാകേണ്ടതാണ് എന്ന് അവൻ ആഗ്രഹിച്ചിരുന്നോ?

മറിയത്തിൻെറ ഉദരത്തിൽ വെച്ച് ജന്മം കൊണ്ടപ്പോ൦ യേശു തൻെറ പൂർവ്വികരായ പാപികളായ അനേകം മനുഷ്യരുടെ പല ഭൗതിക ഗുണങ്ങളും കൈവരിച്ചു. മനുഷ്യൻെറ സ്വഭാവ ഗുണങ്ങളിൽ 70 ശതമാനവും പരമ്പരാഗതമായി കൈവരിക്കുന്നതാണ്. ദൈവ വചനത്തിൻെറ പരിപൂർണ്ണ അർത്ഥമനുസരിച്ച് ദൈവം പൂർണ്ണ മനുഷ്യനായിത്തീർന്നവനാണ് യേശു എങ്കിൽ അവൻ പാരമ്പര്യ നിയമത്തിനു വിധേയനാണ്. മനുഷ്യൻ എന്ന നിലയിൽ അവൻ പ്രലോഭനങ്ങ൦ക്ക് വശംവദനാവുന്നതാണ്. അവൻെറ ഗുരുക്കന്മാരും അവനു ചുററുമുള്ളവരും പാപിക൦ ആയിരുന്നു. നാം ഓരോരുത്തരേയും പോലെ അവനും പരീക്ഷക൦ക്ക് വിധേയനായിരുന്നു. നമ്മുടെ വികാരങ്ങളും വിചാരങ്ങളും അവനും ഉണ്ടായിരുന്നു. മനുഷ്യൻ എന്ന നിലയിൽ അവൻെറ അറിവ് പരിമിതം ആയിരുന്നു. ദേവാലയത്തെ രക്ഷിക്കുവാൻ അവന് വാണിഭക്കാരെയും പരീശന്മാരേയും അടിച്ചോടിക്കേണ്ടിവന്നു.

അവൻ ഒരു പാപവും ചെയ്തില്ല. എങ്കിലും അവൻെറ ജന്മം മുതലേ, അതായത് തൻെറ ജന്മം മൂലം പാരമ്പര്യ ഗുണത്താൽ കൈക്കൊണ്ട പാപങ്ങളും, ബേത്ലഹേമിലെ കുട്ടികളുടെ വധത്തിനിടയാക്കിയതിലുള്ള പാപവും മുതൽ അവനെതിരായി സംഭവിച്ച എല്ലാ പാപങ്ങളും സ്വന്തമായി അവൻ ധരിച്ചു. കുററം ചെയ്ത എല്ലാവരുടേയും ആധി അവൻ സ്വന്തം ആധിയായി കണക്കാക്കി. അവനെപ്പോലെ കുററബോധം ഉള്ളവൻ ആരും ഉണ്ടായിരുന്നില്ല. നമ്മുടെ എല്ലാം പാപങ്ങ൦ അവൻ ഏററു വാങ്ങിയതിനാൽ അവൻ ചരിത്രത്തിലെ ഏററവും വലിയ കുററവാളിയായി. ഏററവും പരിശുദ്ധന്മാരിലാണ് കുററബോധം ഏററവും ശക്തിമത്തായി പ്രകടമാകുന്നത്. പൗലോസ് തന്നെ തന്നെ പാപികളുടെ പിതാവ് എന്നു വിളിക്കുന്നു. കയ്യാഫാവും, പീലാത്തോസും, യൂദാസുമാണ് ഏററവും വലിയ കുററക്കാർ എന്ന് നാം വിധിച്ചേക്കാം. പക്ഷേ ഏററവും വിശുദ്ധനായവൻ-പാപമില്ലാത്തവൻ എല്ലാവരുടേയും പാപത്തിൻെറ ഭാരം വഹിച്ചു.

അതിനാൽ അവന് സ്നാനപ്പെടേണ്ട ആവശ്യം ഉണ്ട് എന്ന് അവൻ കരുതി.

യേശു നിനക്കു നല്കിത്തന്ന പാപക്ഷമയുടെ തണലിൽ നീ വിശ്രമിക്കരുത്. നീ ഹിമംപോലെ ശുദ്ധനായിത്തീർന്നതിനാൽ മററുള്ളവരുടെ പാപങ്ങ൦ നിന്നിലേക്ക് ഏററുകൊ൦ക.

---

## ജൂൺ 16

---

"ഓരോരുത്തൻ താന്താൻെറ ചുമടു ചുമക്കുമല്ലോ?" (ഗലാത്യർ 6:5)

ഒരു ബിഷപ്പ് വ്യഭിചാരം ചെയ്തു. ആരും അത് അറിഞ്ഞിരുന്നില്ലെങ്കിലും

അദ്ദേഹം പള്ളിയിൽ എല്ലാവരുടേയും മുമ്പിൽ ഏററുപറഞ്ഞു. തൻെറ കുപ്പായം ഊരി അൾത്താരയിൽ വച്ചശേഷം അദ്ദേഹം പറഞ്ഞു: ''ഇനിയും എനിക്ക് നിങ്ങളുടെ ബിഷപ്പായിരിക്കാൻ അവകാശമില്ല.''

എല്ലാവരും കരഞ്ഞുകൊണ്ട് പറഞ്ഞു: ''പാപം ഞങ്ങളുടേതാകട്ടെ. പക്ഷേ നീ ബിഷപ്പായിരിക്കുക.''

ഉടനെ അദ്ദേഹം പള്ളിയുടെ തറയിൽ കിടന്നിട്ട് പറഞ്ഞു. ''എൻെറ പുറത്തുകൂടി ചവുട്ടി പോകാത്തവർക്ക് ആർക്കും ദൈവത്തോട് പങ്കില്ല.'' അവർ എല്ലാവരും അങ്ങനെ തന്നെ ചെയ്തു. അവസാനത്തെ വ്യക്തിയും ചവുട്ടിപ്പോയിക്കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം കേട്ടു. ''അവൻെറ എളിമ കാരണം ഞാൻ അവൻെറ പാപം മോചിച്ചിരിക്കുന്നു.''

ഇത് നാലാം നൂററാണ്ടിൽ സംഭവിച്ചതാണ്. അന്ന് ക്രിസ്ത്യാനികൾ വിദുദ്ധന്മാരുടെ ഒരു സമൂഹമായിരുന്നു. പക്ഷേ ഇന്ന് സഭയിൽ സ്ഥാനമുളള ഒരുവനും, ഒരു സഭാ പ്രവർത്തകനും ഈ ബിഷപ്പ് പ്രവർത്തിച്ചതുപോലെ ചെയ്കയില്ല എന്ന് എനിക്ക് ഉത്തമബോദ്ധ്യം ഉണ്ട്.

എനിക്ക് സോവിയററ് യൂണിയനിലെ ഒരു വിശ്വാസ നായികയെപററി അറിയാം. അവൾ കുട്ടികളെ ക്രിസ്തുവിനെപററി പഠിപ്പിച്ചു എന്ന കാരണത്താൽ ജയിലിലായതാണ്. അവളെ ചോദ്യം ചെയ്തപ്പോഴും കോടതിയിലും അവൾ ധൈര്യത്തോടുകൂടി പെരുമാറി. അവളുടെ ജയിൽ മുറിയിൽ ഉണ്ടായിരുന്ന ഒരു ക്രിസ്ത്യാനി അവളുടെ മറച്ചു വച്ചിരുന്ന ഒരു പാപം ഏററു പറഞ്ഞു. ഈ സ്ത്രീയെ അവൾ ഒരു വലിയ നേതാവായി കണക്കാക്കിയിരുന്നതാണ്. ഇതു മൂലം അവളുടെ വിശ്വാസം നഷ്ടപ്പെട്ടു. ഇത്രയും വലിയ പാപം ഒരു ക്രിസ്ത്യാനി ചെയ്യും എന്ന് അവൾ വിചാരിച്ചിരുന്നില്ല. അവൾ സഭ ഉപേക്ഷിച്ച് ഒരു കമ്മ്യൂണിസ്ററ്കാരനെ വിവാഹം ചെയ്തു. നമ്മുടെ പാപം ഏററുപറയുമ്പോൾ മററു ചിലരെ അത് മുറിവേല്പിക്കുന്ന സമയങ്ങൾ ഉണ്ടായിരിക്കാം. നിങ്ങളുടെ പാപങ്ങൾ ദൈവത്തോട് ഏററു പറയുക. നിങ്ങളുടെ ഭാരങ്ങൾ അവൻെറ അടുത്തേയ്ക്കു കൊണ്ടുവരിക.

നിങ്ങളുടെ സഹോദര സഹോദരികളുടെ മുമ്പിൽ നിങ്ങൾ ഒരു പാപിയായി കണക്കാക്കപ്പെടുന്നതിനു ശ്രമിക്കുക. വിശുദ്ധനായി ചമയാതിരിക്കുക. ദൈവം നിങ്ങളുടെ എളിമ മൂലം പാപങ്ങൾ മോചിച്ചു തരും.

## ജൂൺ 17

''ദുഷ്ടൻ തൻെറ വഴി വിട്ടുതിരിവാൻ കരുതിക്കൊളളത്തക്കവണ്ണം നീ അവനെ പ്രബോധിപ്പിക്കാതെയിരുന്നാൽ, ദുഷ്ടൻ തൻെറ അകൃത്യം നിമിത്തം മരിക്കും. അവൻെറ രക്തമോ ഞാൻ നിന്നോടു ചോദിക്കും.''
(യെഹെസ്കേൽ 33:8)

മഞ്ഞുകാലത്ത് മിച്ചിഗൺ തടാകത്തിൽ കൊടുങ്കാററിൽപ്പെട്ട ഒരു കപ്പൽ തകരുകയുണ്ടായി. നന്നായി നീന്തൽ അറിയാവുന്ന ഒരാൾ പത്തുപേരെ ഓരോരുത്തരായി കരയിൽ എത്തിച്ചു. രക്ഷപ്പെട്ടവർ കരയിൽ ഒരിടത്ത് തീ

കത്തിച്ചു. പരിക്ഷീണനായ ആ നീന്തൽകാരൻ തീ കായുവാനായി വന്നു എന്നാൽ വീണ്ടും ചിലർ കായലിൽ നിന്ന് രക്ഷപ്പെടുവാനായി ശ്രമിക്കുന്നതു കണ്ട് അവരെ രക്ഷിക്കാനായി അയാാം വീണ്ടും തണുത്തു മരച്ച വെള്ളത്തിലേക്കിറങ്ങി.

അതിൽ നിന്നും അവനെ പിന്തിരിപ്പിക്കാൻ അവൻെറ സുഹൃത്തുക്കാം ശ്രമിച്ചു. ''നീ വളരെ ക്ഷീണിതനാണ്, നീയും വെള്ളത്തിൽ മുങ്ങിപ്പോകും.''

''മററുള്ളവർ മുങ്ങിമരിക്കുന്നത് കണ്ടിരിക്കുവാൻ എനിക്ക് കഴികയില്ല'' അവൻ മറുപടി പറഞ്ഞു.

സർവ്വശക്തിയും സമാഹരിച്ച് അവൻ വേറെ അഞ്ചുപേരെകൂടി രക്ഷപ്പെടുത്തി. അവൻെറ കഴിവിൻെറ പരമാവധി അവൻ പ്രതനിച്ചു. അവനെ തന്നെ വളരെ പ്രയാസപ്പെട്ട് വെള്ളത്തിൽ നിന്നും വലിച്ചു കയറേറണ്ടിവന്നു.

തീയുടെ അടുത്ത് അസ്തപ്രജ്ഞനായി കിടക്കുമ്പോാം അവൻ ദൂരെ വെള്ളത്തിൽ രണ്ടുപേർ ഒരു പലകയിൽ പിടിച്ചു കൊണ്ട് മരണവുമായ്ി മല്ലിടുന്നതു കണ്ടു. ''എനിക്ക് അവരേയും രക്ഷിക്കണം'' അവൻ വിളിച്ചു പറഞ്ഞു.

''അത് മഠയത്തരമാകും'' കൂടെയുണ്ടായിരുന്നവർ ഓർപ്പിച്ചു. ''നീ ആത്മഹത്യ ചെയ്യുന്നതിന് തുല്യമായിരിക്കും അത്.''

അവരുടെ വാക്കുകാം ചെവിക്കൊള്ളാതെ അവൻ കായലിൽ ചാടി ആ രണ്ടു പേരെയും കരയ്ക്കെത്തിച്ചു.

അവൻെറ ശക്തിയുടെ അവസാനത്തെ കണികപോലും ചിലവായിക്കഴിഞ്ഞിരുന്നു. എന്നിട്ടും അവന് ആശ്വസിക്കുവാൻ കഴിഞ്ഞില്ല. അവൻ മാനസീക ക്ഷോഭത്തിൽ പെട്ടു. കടുത്ത ജ്വരം ബാധിച്ച് പ്രജ്ഞയററപ്പോഴും അവൻ ഇപ്രകാരം പിറുപിറുത്തുകൊണ്ടിരുന്നു. ''എനിക്ക് പതിനേഴുപേരെ മാത്രമേ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞുള്ളൂ എന്നു പറഞ്ഞ് എനിക്ക് എങ്ങനെ കർത്താവിൻെറ മുമ്പിൽ നില്ക്കുവാൻ കഴിയും? എനിക്ക് കുറഞ്ഞ പക്ഷം ഒരാളെകൂടിയെങ്കിലും രക്ഷിക്കുവാൻ കഴിയുമായിരുന്നില്ലേ.''

നമുക്ക് ആത്മീകമായോ, ശാരീരികമായോ രക്ഷിക്കുവാൻ കഴിയുമായിരുന്ന ഓരോരുത്തരുടേയും രക്തത്തിന് നാം ഉത്തരവാദികാം ആണ്. നാം കൊലപാതകികാം അല്ലേ?

ഒരു കുററവാളിയെ കഴുകു മരത്തിലേക്കു കൊണ്ടുപോകുന്നതുകണ്ട ഫിലിപ്പുനേറി ഇപ്രകാരം പറഞ്ഞു. ''ദൈവത്തിൻെറ കൃപയില്ലായിരുന്നു എങ്കിൽ ഞാൻ അവൻെറ സ്ഥാനത്ത് ആയിരിക്കേണ്ടതായിരുന്നു.''

---

## ജൂൺ 18

---

''എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ.'' (യാക്കോബ് 1:5)

ഗ്രഹാം ഗ്രീനിൻെറ 'ദി പവ്വർ ആൻഡ് ദി ഗ്ളോറി' എന്ന പുസ്തകത്തിൽ ഒരു കഥാപാത്രം പാവപ്പെട്ട പുരോഹിതനോട് ''നിങ്ങളെപ്പോലെയുള്ളവന് എങ്ങനെ ആ കാര്യങ്ങാം വിശ്വസിക്കുന്നു എന്ന് എനിക്ക് ചിന്തിക്കുവാൻ കൂടി

വയ്യാ. ഇന്ത്യാക്കാരാണെങ്കിൽ ഒരു ഇലക്ട്രിക് ലൈററ് ആദ്യമായി കണ്ടാലുടനെ അത് അത്ഭുതമാണ് എന്ന് കണക്കാക്കും'' എന്നു പറഞ്ഞു.

പുരോഹിതൻ ഉടനെ മറുപടി പറഞ്ഞു. ''നിങ്ങളും അങ്ങനെതന്നെയാണ്. ആദ്യമായിട്ട് മരിച്ചവരിൽ നിന്ന് ഉയിർത്ത ഒരു മനുഷ്യനെ കണ്ടാൽ നിങ്ങളും അങ്ങനെത്തന്നെ ചിന്തിക്കും. വളരെ രസമുള്ള കാര്യമാണ് അല്ലേ. ഇത് അത്ഭുതങ്ങൾ സംഭവിക്കാത്ത സംഗതിയല്ല — ഇതിന് മനുഷ്യർ വേറെ എന്തോ പറയുന്നു. മരിച്ചവനുചുററും ഡോക്ടറന്മാർ നില്ക്കുന്നത് കാണുന്നില്ലേ. അവൻ ശ്വസിക്കുന്നില്ല, അവൻെറ നാഢീസ്പന്ദനം നിലച്ചു. അവൻെറ ഹൃദയം തുടിക്കുന്നില്ല. അവൻ മരിച്ചവനാണ്. അവന് ആരോ അവൻെറ ജീവൻ തിരിച്ചു നല്കുന്നു. അപ്പോൾ അവരെല്ലാം അവരുടെ അഭിപ്രായം നിയന്ത്രിക്കുന്നു. അവർ അത് ഒരു അത്ഭുതമാണ് എന്നു പറയുന്നില്ല. കാരണം ആ വാക്ക് അവർ ഇഷ്ടപ്പെടുന്നില്ല. ഇതു വീണ്ടും വീണ്ടും സംഭവിക്കുന്നു — കാരണം ഭൂമിയിൽ ദൈവത്തിൻെറ സംബന്ധമുണ്ട്. എന്നിട്ടും അവർ പറയുന്നു അത്ഭുതമല്ല എന്ന്. നാടിയിടിപ്പ്, ശ്വാസം, ഹൃദയമിടിപ്പ് ഇവ ഇല്ലാതെ നിങ്ങൾക്ക് ജീവിക്കാം എന്നു മനസ്സിലായോ. ഈ മാനസീകാവസ്ഥയ്ക്ക് മനുഷ്യർ പുതിയ പേരു കണ്ടുപിടിച്ചു. അവർ പറയുന്നു അത്ഭുതങ്ങൾ ഇല്ലെന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു എന്ന്. നിങ്ങൾക്ക് അവരോട് ചേർന്നു പോകാൻ പററില്ല.''

ദൈവത്തിൻെറ അത്ഭുതങ്ങൾ ഭൂമിയിലെ ജീവിതം സുഗമമാക്കാൻ ശ്രമിക്കുന്ന ഡോക്ടറന്മാർ എഞ്ചിനീയർ, ടെക്നീഷ്യൻ, മനോരോഗ വിദഗ്ദർ, കണ്ടുപിടുത്തക്കാർ, കൃഷിക്കാർ, ഫാക്ടറി തൊഴിലാളികൾ ഇവരുടെ ദിനം തോറുമുള്ള ജോലിയിൽ കാണാം. അവർ ഉപകരണങ്ങൾ മാത്രമാണ്. ഇവയെല്ലാം നല്കുന്നവനും അത്ഭുതം പ്രവർത്തിക്കുന്നവനും ദൈവമാണ്.

---

## ജൂൺ 19

---

''നിങ്ങൾക്കു ദൈവത്തേയും മാമോനെയും സേവിപ്പാൻ കഴികയില്ല.''

(മത്തായി 6:24)

ഒരു ക്രിസ്ത്യാനിക്ക് ദൈവത്തിൽ നിന്നും വലിയ അനുഗ്രഹങ്ങൾ ലഭിച്ചു. അവൻെറ വിശുദ്ധ ജീവിതം വളരെ പ്രസിദ്ധമായിരുന്നു. അവനെപ്പററിയുള്ള ശ്രുതി ചക്രവർത്തിയുടെ പക്കലും എത്തി. അവൻെറ ഉപദേശങ്ങൾ ശ്രവിക്കുവാൻ ചക്രവർത്തി അവനെ വിളിച്ചുവരുത്തി. സംതൃപ്തനായ ചക്രവർത്തി അവന് വളരെ സ്വർണ്ണം നല്കി. അവൻ അതു സ്വീകരിച്ചു.

വീട്ടിൽ തിരിച്ചെത്തിയ ക്രിസ്ത്യാനി കിട്ടിയ സ്വർണ്ണം കൊണ്ടു വസ്തുവകകളും വീടും വാങ്ങി.

മുമ്പ് ആ ക്രിസ്ത്യാനി പിശാചു ബാധിച്ചവരെ സൗഖ്യമാക്കിയിരുന്നു. പിശാചുബാധയുള്ള ഒരാളെ സൗഖ്യം പ്രാപിക്കുന്നതിനായി ക്രിസ്ത്യാനിയുടെ മുമ്പിൽ കൊണ്ടുവന്നു. ''ആ മനുഷ്യനെ വിട്ടു പോകുക'' ക്രിസ്ത്യാനി പിശാചിനോട് ആജ്ഞാപിച്ചു.

പിശാച് മറുപടി കൊടുത്തു ''ഞാൻ നിന്നെ അനുസരിക്കയില്ല.''

മുമ്പ് ഇപ്രകാരം വിസമ്മതം പ്രകടിപ്പിച്ചിട്ടില്ലാഞ്ഞതിനാൽ ക്രിസ്ത്യാനി വളരെ അതിശയിച്ചു. "നീ എന്നെ അനുസരിക്കാത്തത് എന്തുകൊണ്ടാണ്?"

പിശാചു പറഞ്ഞു. "ദൈവകാര്യങ്ങളിൽ മാത്രമുള്ള നിന്റെ ശ്രദ്ധ കൈവിട്ട് നീ ഞങ്ങളിൽ ഒരുവനെപ്പോലെ ആയിരിക്കയാണ്. അതുകൊണ്ടാണ് ഞാൻ നിന്നെ അനുസരിക്കാത്തത്."

ധന സമ്പത്തുള്ള ഒരു സഭ സാത്താനെതിരെയുള്ള യുദ്ധത്തിൽ ശക്തിഹീനമാണ്. അപ്രകാരം തന്നെയാണ് ധനവാനായ ഒരു ക്രിസ്ത്യാനിയും. ഒരു ക്രിസ്ത്യാനിക്ക് വളരെയധികം സ്വത്തിന്റെ കാര്യവിചാരകത്വം നടത്തുവാൻ കഴിയും. പക്ഷേ അവന്റെ സമീപനം അതു തന്റേതല്ല എന്നും ദൈവ മഹത്വത്തിനായി ഉപകരിക്കുവാൻ തക്കവണ്ണം ധനം ആർജ്ജിക്കുവാനും ഉപയോഗിപ്പാനും ദൈവം തന്നെ ശക്തനാക്കിയിരിക്കുന്നു എന്നും ഉള്ളതായിരിക്കണം.

ധനം നിന്റേതാണ് എന്ന് നീ വിചാരിക്കുന്ന നിമിഷം കർത്താവിന്റെ ശാപത്തിന് നീ പാത്രമാകുന്നു. "ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചികുഴയൂടെ കടക്കുന്നതു എളുപ്പം" (മത്തായി 19:24).

നീ നിന്റേതാണ് എന്നു വിചാരിക്കുന്ന ധനം കൈകാര്യം ചെയ്യുവാൻ തുനിയുന്നതിന് മുമ്പായി ഈ കാര്യങ്ങളെ പററി ആഴമായി ചിന്തിക്കുക.

---

## ജൂൺ 20

---

"ഇപ്പോൾ സമ്മതിക്ക." (മത്തായി 3:15)

തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ യേശു എന്തു പറഞ്ഞു എന്ന് നമുക്ക് അറിയാം. അതിനു ശേഷമുള്ള അവന്റെ പതിനെട്ടു വർഷത്തെ ജീവിതത്തെപററി സുവിശേഷങ്ങൾ പൂർണ്ണമായ മൗനമാണ് അവലംബിച്ചിരിക്കുന്നത്. പിന്നീട് അവന് മുപ്പത് വയസ്സായ ശേഷമുള്ള കാര്യങ്ങളേ പറയുന്നുള്ളൂ. അപ്പോൾ അവന്റെ ആദ്യത്തെ വാക്ക് "സമ്മതിക്ക" എന്നതാണ്.

യോഹന്നാൻ സ്നാപകൻ പല പാപികളേയും സ്നാനപ്പെടുത്തിയതു പോലെ രക്ഷകനെ താൻ സ്നാനപ്പെടുത്തുന്നത് ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. യേശു പറഞ്ഞത് "ഇപ്പോൾ സമ്മതിക്ക" എന്നാണ്.

"ശിശുക്കളെ തടുക്കരുത്" (മത്തായി 19:14) പ്രാർത്ഥനയും ആരാധനയും അവർ ശല്യപ്പെടുത്തുമെങ്കിലും അതിൽ അവരെ തടുക്കരുത്.

"രണ്ടും കൂടി കൊയ്ത്തോളം വളരട്ടെ" (മത്തായി 13:30). യേശു പറഞ്ഞു: "അവരെ വിടുവീൻ; അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ...." (മത്തായി 15:14). അവന്റെ സ്ഥാനത്ത് നാം ആയിരുന്നെങ്കിൽ 'അവരെ തുടരുവാൻ അനുവദിക്കരുത്' എന്ന് പറയുമായിരുന്നു.

ഒരു മനുഷ്യൻ ഫലം കായ്ക്കാത്ത അത്തിവൃക്ഷം വെട്ടിക്കളയുവാനാഗ്രഹിച്ചു. ഈ ഉപമയിൽ യേശുവിനെ പ്രതിനിധാനം ചെയ്യുന്ന തോട്ടക്കാരൻ പറയുന്നു: "ഈ ആണ്ടും കൂടെ നില്ക്കട്ടെ" (ലൂക്കോസ് 13:8).

മനുഷ്യനേയും വസ്തുക്കളേയും സഹിക്കുക. അവയെ വെറുതെ വിടുക.

മററുള്ളവർ ചെയ്യുന്ന ദോഷങ്ങളെപററി വിഷമിക്കാതെ തേനീച്ചകളിൽ നിന്ന് പഠിക്കുക. അവ ആരേയും പററി കരുതുന്നില്ല. പക്ഷേ മാനവരാശിയ്ക്ക് അവ മധു നല്കുന്നു. ഇതേപോലെ നിങ്ങളും ചെയ്യുക.

## ജൂൺ 21

''ദൈവത്തിൻെറ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചു കൊണ്ടിരുന്നു.'' (ഉല്പത്തി 1:2)

വിശുദ്ധ അഗസ്ററിൻ ഇപ്രകാരം എഴുതിയിരിക്കുന്നു. ''ആത്മാവിനെ ആരാധിക്കുവാനായി കല്ലും മരവും ഉപയോഗിച്ച് ഒരു ദേവാലയം സൃഷ്ടിക്കുവാൻ നമ്മോട് ആവശ്യപ്പെട്ടിരുന്നു എങ്കിൽ നമുക്ക് ആത്മാവിൻെറ ദിവ്യതയ്ക്ക് മതിയായ തെളിവു കിട്ടുമായിരുന്നു. കാരണം ദൈവം മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. പക്ഷേ നമുക്ക് അതിലും വ്യക്തമായ തെളിവാണ് ലഭിച്ചിരിക്കുന്നത്. ദേവാലയം പണിയുവാനല്ല നാം തന്നെ ദേവാലയങ്ങളായിത്തീരുവാനാണ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്.''

ആത്മാവിന് വിപരീതമായി ദൂഷ്യം പറയുന്നതു മാത്രമാണ് അക്ഷന്തവ്യമായ കുററം എങ്കിൽ ആത്മാവ് ദൈവം ആണ് എന്ന് തീർച്ചയാണല്ലോ?

വിശ്വാസിയുടെ ജീവിതത്തിൽ ആത്മാവിൻെറ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. ശമര്യയിലേക്കു പോയ യഹൂദരെ ശമര്യക്കാർ വെറുത്തിരുന്നതുകൊണ്ട് അവർ തങ്ങളുടെ ജീവൻ പണയപ്പെടുത്തിയാണ് ശമര്യയിലേക്കു പോയ്ക്കൊണ്ടിരുന്നത്. എന്നിരുന്നാലും തങ്ങളുടെ ജീവനെ പണയപ്പെടുത്തിക്കൊണ്ട് പത്രോസും യോഹന്നാനും വിശ്വാസികൾക്കു ആത്മാവിനെ പകർന്നുകൊടുക്കുക എന്ന ഏക ഉദ്ദേശ്യം വെച്ചുകൊണ്ട് ശമര്യയിലേക്കു കടന്നുചെന്നു.

അന്ധന് പ്രകാശവും, ചെകിടന് സംഗീതവും എന്നതു പോലെതന്നെ ഉപയോഗശൂന്യമാണ് ആത്മാവില്ലാത്ത മത പ്രവർത്തനങ്ങൾ. പിന്നീട് ആത്മാവ് തങ്കലേക്കു ഇറങ്ങിവരും എന്ന് വിശ്വസിച്ചതിനാലാണ് ക്രിസ്തു സ്നാനം ഏല്ക്കുവാൻ മുതിർന്നത്. എല്ലാ മതപ്രവർത്തനങ്ങളിലും നമ്മുടേയും ലക്ഷ്യം ഇപ്രകാരം ആയിരിക്കേണ്ടതാണ്.

''ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല'' (റോമർ 8:9). അതേസമയം ''ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല'' (റോമർ 8:1). അങ്ങനെയുള്ളവർ എല്ലാവരും ന്യായവിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

## ജൂൺ 22

"ആമേൻ." (വെളിപ്പാട് 22:21)

യേശു സ്നാനം ഏററു കഴിഞ്ഞശേഷം പരിശുദ്ധാത്മാവ് തൻെറ മേൽ വരേണം എന്ന് ആഗ്രഹിച്ചു. പരിശുദ്ധാത്മാവ് അവൻെറ മേൽ വരികയും ചെയ്തു.

നിങ്ങഠം പ്രാർത്ഥനയിൽ കൂടി ദൈവത്തോട് എന്തെങ്കിലും ദാനം ആവശ്യപ്പെടുമ്പോഠം നിങ്ങഠംക്ക് ഒരു ഉഠംപ്രേരണയുണ്ടാകുന്നതുവരെ പ്രാർത്ഥന ഉപേക്ഷിക്കരുത്. നിങ്ങഠം ആവശ്യപ്പെട്ട ദാനം നിങ്ങളിലേക്കു ഇറങ്ങി വരുന്നതുവരേയും ദൈവത്തിൽ നിന്ന് നിങ്ങളുടെ അപേക്ഷ സ്വീകരിച്ചു എന്ന് കേഠംക്കുന്നതുവരേയും പ്രാർത്ഥന ഉപേക്ഷിക്കാതിരിക്കുക.

"ആമേൻ" എന്ന വാക്കിൻെറ അർത്ഥം നിങ്ങഠം ദൈവത്തോട് സംസാരിച്ചിരിക്കുന്നു എന്നാണ്. പക്ഷേ ദൈവം നിങ്ങളിൽ ജീവിക്കുന്നതുകൊണ്ട് നിങ്ങളുടെ വായ്കൊണ്ട് നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നു. നിങ്ങഠം ആവശ്യപ്പെട്ടതിൻെറ അംഗീകാരമാണ് "ആമേൻ" എന്നത്.

ഡോക്ടർ ഒരു പെൺകുട്ടിയുടെ പിതാവിനോട്: "നിങ്ങളുടെ ഭാര്യ ജീവിക്കും എന്നതിന് ഒരു ആശയും ഇല്ല" എന്ന് പറയുന്നത് അവഠം കേഠംക്കുവാനിടയായി. അവഠം അടുത്ത മുറിയിൽ പോയി മുട്ടുകുത്തി തൻെറ മാതാവിൻെറ സൗഖ്യത്തിനായി പ്രാർത്ഥിച്ചു.

അവഠം തൻെറ ശബ്ദം വ്യത്യാസപ്പെടുത്തി പറഞ്ഞു: "മേരി, നിശ്ചയമായും ഞാൻ അവളെ സൗഖ്യമാക്കും."

വീണ്ടും ശബ്ദം മാററിക്കൊണ്ട് അവഠം പറഞ്ഞു: "ദൈവമേ ഞാൻ നിനക്ക് നന്ദി പറയുന്നു."

മുറിയിൽ തിരികെ വന്ന് അവളുടെ പിതാവിനോട് പറഞ്ഞു: "ദൈവം എന്നോട് അമ്മയെ സൗഖ്യമാക്കാം എന്ന് ഇപ്പോഠം വാഗ്ദാനം ചെയ്തു."

ആ അമ്മയ്ക്കു സൗഖ്യം ലഭിച്ചു. ഇതാണ് "ആമേൻ" എന്നതിൻെറ അർത്ഥം. അത് ദൈവം നിങ്ങഠം ആവശ്യപ്പെട്ടത് അംഗീകരിച്ചു എന്നതിൻെറ അടയാളം നിങ്ങളുടെ വായിൽകൂടി തന്നെ പറയുന്നതാണ്.

എല്ലാ പ്രാർത്ഥനയുടേയും അവസാനം "ആമേൻ" ഉപയോഗിക്കുക.

## ജൂൺ 23

"ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം."

(മത്തായി 3:15)

യഹൂദന്മാർ മാമ്മോദീസ കൈക്കൊള്ളണം എന്ന് അനുശാസിക്കുന്ന കല്പനകഠം ഒന്നും തന്നെ പഴയ നിയമത്തിലില്ല. കല്പനകളിൽ പെടുന്നില്ലെങ്കിൽ തന്നെയും നല്ലതായ കാര്യങ്ങഠം അനുഷ്ടിക്കുവാൻ

നാം തയ്യാറാകേണ്ടതാണ് എന്ന് യേശു പഠിപ്പിക്കുന്നു.

നാം പുകവലിക്കരുത് എന്നോ, ആഭരണങ്ങൾ അണിയരുത് എന്നോ, സൗന്ദര്യ സംവർദ്ധക വസ്തുക്കൾ ഉപയോഗിക്കരുത് എന്നോ ടെലിവിഷൻ കണ്ട് സമയം കളയരുത് എന്നോ ദൈവം വിലക്കിയിട്ടില്ല. അനുരാഗം പ്രകടിപ്പിക്കുന്നതിനെയോ, മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനെയോ വിലക്കുന്ന ദൈവ കല്പനകൾ ഇല്ല. നന്മയുള്ള കാര്യങ്ങൾ ചെയ്യുന്നത് ദൈവകല്പനകൾ അനുസരിക്കുന്നതുകൊണ്ടു മാത്രമല്ല, നമ്മോടു തന്നെ "യേശു ഇത് ഇഷ്ടപ്പെടുമോ?" എന്ന ലളിതമായ ചോദ്യം ചോദിക്കുന്നതു മൂലമാണ്.

ഒരു മനുഷ്യൻെറ നേരെ കുറെ പൊടി എറിഞ്ഞാൽ അത് അവനെ മുറിവേല്പിക്കയില്ല. അതുപോലെ തന്നെ അവൻെറ മേൽ കുറച്ചു വെള്ളം ഒഴിച്ചാലോ, കച്ചിയോ, പുല്ലോ എറിഞ്ഞാലോ അവന് ആപത്ത് ഒന്നും വരികയില്ല. പക്ഷേ മണ്ണും വെള്ളവും കച്ചിയും എല്ലാം ചേർത്താണ് ഇഷ്ടികയുണ്ടാക്കുന്നത്. ഒരു ഇഷ്ടിക എറിഞ്ഞാൽ അത് അവൻെറ തല തകർക്കും.

അപ്രകാരം തന്നെ സ്വതവേ ഹാനികരമല്ലാത്ത പല കാര്യങ്ങളുമുണ്ട്. പക്ഷേ അപ്രകാരമുള്ള സംഗതികൾ നമ്മുടെ ജീവിതത്തിൽ കടന്നുകൂടുമ്പോൾ അതിൻെറ ഭാരം നമ്മുടെ ആത്മാക്കളെ തകർത്തു എന്നു വരാം. "മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെ തന്നെ...." (ഉത്തമഗീതം 2:15).

ചെറുകുറുക്കന്മാരെ എതിർക്കണം എന്ന് ദൈവകല്പന അനുശാസിക്കുന്നില്ല. പക്ഷേ ഒരു മുന്തിരിതോട്ടത്തിൻെറ ഉടമസ്ഥൻ അതു ചെയ്യുന്നതാണ് നല്ലത്. ചില സ്വഭാവങ്ങൾ നിറുത്തിക്കളയുന്നത് നിങ്ങൾക്കു നല്ലതാണ്. ഇവ ഓരോന്നും അതിൽ തന്നെ അല്പമായ കുഴപ്പങ്ങളെ സൃഷ്ടിക്കുന്നുള്ളൂ എന്നു വരികിലും അപ്രകാരമുള്ള പല കാര്യങ്ങൾ ചേർന്നുവന്ന് നിങ്ങളുടെ ആത്മീയ ജീവിതത്തെ ഹനിക്കുന്ന ഒരു ഭാരമായിത്തീർന്നേക്കാം.

---

## ജൂൺ 24

---

"ദൈവാത്മാവ് പ്രാവ് എന്നപോലെ ഇറങ്ങി തൻെറമേൽ വരുന്നത് അവൻ കണ്ടു." (മത്തായി 3:16)

പരിശുദ്ധാത്മാവിനെപ്പോലെ വളരെ സൗമ്യതയുള്ളതും മനുഷ്യരോട് ഇണങ്ങുന്നതുമായ പക്ഷിയാണ് പ്രാവ്. ആയതിനാൽ അത് യേശുക്രിസ്തുവിന് വളരെ അനുയോജ്യമായ അടയാളമാണ്. ഇവ രണ്ടിലും പൊതുവായ മററ് ചില സംഗതികളും ഉണ്ട്.

പ്രാവുകളെ നിരീക്ഷിക്കണമെങ്കിൽ ഒരുവൻ വളരെ ശ്രദ്ധാലുവും നിശബ്ദനുമായിരിക്കണം. പ്രകൃതിയിലെ ഈ ചെറിയ ജീവികൾ ഒച്ചപ്പാടുണ്ടാക്കുന്ന മനുഷ്യർക്ക് തങ്ങളെ കാട്ടിക്കൊടുക്കുന്നില്ല. അവയെപററി

അറിയുവാനാഗ്രഹിക്കുന്നവന് നിരീക്ഷിക്കപ്പെടാതെ നിരീക്ഷിക്കുവാനും തങ്ങളെ കേൾക്കാതെ ശ്രദ്ധിക്കുവാനും ഉള്ള ഗുണങ്ങൾ ഉണ്ടായിരിക്കണം.

പരിശുദ്ധാത്മാവിൻെറ കാര്യവും ഇതേപോലെ തന്നെയാണ്. ഒരുവൻ നിശബ്ദനായി അവൻെറ സന്നിധിയിൽ മൗനമായിരിക്കണം (ഹബകൂക് 2:20). പരിശുദ്ധാത്മാവ് നിരീക്ഷിക്കപ്പെടുമ്പോൾ വർത്തിക്കുന്നതുപോലെയായിരിക്കയില്ല അത് പ്രശാന്തതയിൽ വർത്തിക്കുന്നത്.

ഇതിൽ ആദ്യത്തേതിൽ അവൻ സംശയാലുവായിരിക്കും. കാരണം അവൻെറ പ്രവൃത്തി എങ്ങനെ വ്യാഖ്യാനിക്കപ്പെടും എന്ന ചിന്ത ആയിരിക്കും. ദൈവം യഹൂദന്മാരോട് പറയുന്നത് "ഞങ്ങളുടെ കൈ ജയം കൊണ്ടു; യഹോവയല്ല ഇതൊക്കെയും ചെയ്തു എന്ന് അവരുടെ വൈരികൾ തെററായി വിചാരിക്കയും ശത്രു എനിക്കു കോപം വരുത്തുകയും ചെയ്യും എന്ന് ഞാൻ ശങ്കിച്ചിരുന്നു എങ്കിൽ, ഞാൻ അവരെ ഊതിക്കളഞ്ഞു മനുഷ്യരിൽ നിന്ന് അവരുടെ ഓർമ്മയെ ഇല്ലാതാക്കുമായിരുന്നു." (ആവർത്തന പുസ്തകം 32:26-27)

തൻെറ ശത്രുക്കൾ തന്നെ നിരീക്ഷിക്കും എന്ന് പരിശുദ്ധാത്മാവിന് അറിയാം. അതിനാൽ അവൻ അസാധാരണമായി പ്രവർത്തിക്കും എന്നും തെററിദ്ധരിക്കപ്പെടും എന്നും ഭയക്കുന്നതായി വിവരിക്കുന്നു. യേശു പറഞ്ഞു: "ചുററും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു" (യോഹന്നാൻ 11:42). അവൻ പറയാനുദ്ദേശിക്കുന്ന വാക്ക് ചുററും നില്ക്കുന്നവരുടെ നിമിത്തമല്ലായിരുന്നെങ്കിൽ നാം കരുതലോട് മാറി നിന്നേനേം എന്നായിരിക്കാം.

ശത്രുക്കൾ, പരാതിക്കാർ, ആകാംക്ഷ നിറഞ്ഞവർ ഇവരൊക്കെ പരിശുദ്ധാത്മാവിനെ നിരീക്ഷിക്കുമ്പോൾ പ്രാവിനെപ്പോലെതന്നെ അതിൻേറയും പ്രതികരണം അസാധാരണമാകും.

നിശ്ശബ്ദത പാലിക്കുക, അനാവശ്യമായി ഇടപെടാതിരിക്കുക. പരിശുദ്ധാത്മാവിന് ഇഷ്ടമുള്ളതുപോലെ പ്രവർത്തിക്കട്ടെ.

---

## ജൂൺ 25

---

"ചിലർക്കു ഭയത്തോടെ കരുണ കാണിപ്പിൻ." (യൂദാ : 23)

ആരെങ്കിലും മുങ്ങിച്ചാകുവാൻ തുടങ്ങുകയാണെങ്കിൽ ഒരു കയറ് എറിഞ്ഞു കൊടുത്തിട്ട് അവനെ കരയ്ക്കു വലിച്ചുകയററുക. അവന് വളരെ ഭാരം കൂടുതലാണ് എങ്കിൽ നിങ്ങളുടെ ശ്രമം ഉപേക്ഷിക്കുക. അല്ലാത്ത പക്ഷം നിങ്ങളും വെള്ളത്തിൽ വീണിട്ട് ഒരാൾക്കു പകരം രണ്ടു പേർ മരിക്കേണ്ടിവരും.

മനുഷ്യരെ നിത്യ രക്ഷയിലേക്കു നയിക്കുവാനുള്ള ശ്രമത്തിൻെറ പാതയിലും ഇപ്രകാരമുള്ള അപകടങ്ങൾ ഉണ്ട്. ചില പെൺകുട്ടികളെ രക്ഷയിലേക്കു കൊണ്ടുവരുവാൻ ചില ചെറുപ്പക്കാർ നടത്തിയ ശ്രമത്തിൽ രണ്ടുപേരും പാപത്തിനടിമയായിപ്പോയിട്ടുണ്ട്.

ക്രിസ്തുവിനെപ്പററി ജനങ്ങളെ അറിയിക്കാൻ പല മിഷനറിമാരും ഏഷ്യൻ രാജ്യങ്ങളിൽ പോയിട്ടുണ്ട്. അവരിൽ പലരും ബുദ്ധമതം സ്വീകരിക്കയോ

അല്ലെങ്കിൽ ഏഷ്യൻ മതവും ക്രിസ്തുമതവും തമ്മിലുള്ള സങ്കരമതങ്ങൾ സ്ഥാപിക്കയോ ചെയ്തിട്ടുണ്ട്. മററു രാജ്യങ്ങളിൽ സുവിശേഷം അറിയിക്കുവാനുള്ള സംഘടനകൾ ഉണ്ടായിട്ടുണ്ട്. സംഘടനയുടെ ധനകാര്യ സംബന്ധമായ പ്രവർത്തനങ്ങളിൽ മുഴുകി ക്രിസ്തു അതിൻെറ സംഘാടനകരുടെ ജീവിതത്തിൽ നിന്നു തന്നെ അപ്രത്യക്ഷമായ ഉദാഹരണങ്ങൾ അനവധിയുണ്ട്.

ചേരികളിലും ചെററകുടിലുകളിലും യേശുവിൻെറ സ്നേഹം എത്തിച്ചുകൊടുക്കുവാനായി പരിശ്രമിച്ച ക്രിസ്ത്യാനികളുണ്ട്. പകരം അവിടെ തങ്ങി നിന്ന് വിപ്ളവ വാഞ്ചകത ഏററുവാങ്ങി വിപ്ളവ സംഘടനകളുടെ അംഗങ്ങളായി തീർന്ന ക്രിസ്ത്യാനികളുണ്ട്. ഒരു ബുദ്ധിജീവിയുമായി ആത്മീയ കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ അവൻ നിന്നെയും തൻെറ ബുദ്ധിവാദത്തിൻെറ പരിധിയിലേക്കു വലിച്ചിഴയ്ക്കുവാനുള്ള സാധ്യതകളും ഉണ്ട്.

നിൻെറ സ്വന്തം ആത്മാവിൻെറ വിശുദ്ധത സൂക്ഷിക്കുവാൻ നിനക്കു കഴിയുന്നില്ലെങ്കിൽ നിനക്ക് മററുള്ളവരുടെ ആത്മാക്കളുടെ രക്ഷനേടുവാൻ സാധിക്കുന്നത് എങ്ങനെയാണ്? ദൈവവുമായുള്ള നിൻെറ സ്നേഹ സംസർഗ്ഗത്തിൻെറ കോട്ടവിട്ട് പുറത്തേയ്ക്കു പോകുന്നത് പ്രാർത്ഥനയോടും തയ്യാറെടുപ്പോടും കൂടെ വളരെ ചുരുക്കമായി മാത്രമേ ആകാവൂ. ശത്രുവിൻെറ നീക്കങ്ങളെപ്പററി ജാഗ്രതയോടിരിക്കുക. നിനക്ക് അപകടകരമായ യുദ്ധങ്ങൾ ഒഴിവാക്കുക. മറയത്തരം ധൈര്യമല്ല. ഭയത്തോടെ രക്ഷപ്പെടുക.

## ജൂൺ 26

"ഇതാ ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്"

(യോഹന്നാൻ 1:29)

നിങ്ങൾ ഒരു രൂപയും കൊടുത്ത് സാധനങ്ങൾ വാങ്ങിക്കുവാൻ ഒരു കുട്ടിയെ കടയിലേക്കു വിടുന്നു. അപ്പോൾ ആ കടക്കാരൻ രണ്ടു രൂപ വിലകൊടുക്കുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ ആവശ്യപ്പെട്ട സാധനങ്ങൾ കൊണ്ടുവരാഞ്ഞതിന് ആ കുട്ടിയെ ശിക്ഷിക്കുവാൻ പററുകയില്ല. ഒരു പ്രൈമറി ക്ളാസ്സിലെ കുട്ടി ആൾജിബ്രാ കണക്കുകൾ ചെയ്യുമെന്ന് അദ്ധ്യാപകന് പ്രതീക്ഷിക്കുവാൻ പററുകയില്ല.

ഇതേപോലെ ദൈവം നമ്മോട് നമ്മുടെ ആത്മാക്കളെ രക്ഷിക്കുവാൻ ആവശ്യപ്പെടുന്നില്ല. നമുക്ക് അതിനുള്ള കഴിവില്ല. നമ്മുടെ ആത്മാക്കളെ രക്ഷിക്കാത്തതിൽ നാം കുററക്കാരല്ല. നമ്മുടെ കുററം ലോകം മുഴുവനും രക്ഷിക്കുവാൻ ശക്തനായ യേശുവിങ്കലേക്കു നാം വരുന്നില്ലെന്നതാണ്. ലോകം മുഴുവനും ആകാമെങ്കിൽ എനിക്ക് എന്തുകൊണ്ട് ആയിക്കൂടാ?

അഗസ്ററിൻ എഴുതി "ലോകത്തിൽ ഒരേ ഒരു വ്യക്തിയെ പാപിയായിട്ടുള്ളായിരുന്നു എങ്കിലും യേശു ലോകത്തിനു മുഴുവനും വേണ്ടി ബലി ആയതുപോലെ അവനുവേണ്ടിയും ബലിയാകുമായിരുന്നു."

നിങ്ങൾക്കു ചെയ്യുവാൻ സാധിക്കാത്തകാര്യങ്ങൾ നിങ്ങൾ ചെയ്യണം എന്ന് യേശു ഒരിക്കലും ആവശ്യപ്പെട്ടിരുന്നില്ല. നിങ്ങളുടെ ആത്മാവിനെ അവനെ ഏല്പിക്കുക. അവൻ പ്രവർത്തിച്ചുകൊള്ളും.

"ഇതാ ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" എന്ന് സ്നാപകയോഹന്നാൻ പറയുന്ന രംഗം വരച്ചപ്പോൾ ലിയണാഡോ ഡാവിഞ്ചി യോഹന്നാൻെറ കണ്ണുകൾ ഒരു മദ്യപാനിയുടെ കണ്ണുകൾ പോലെ വരച്ചു. അതു കണ്ടിട്ട് പലരും അത് മദ്യത്തിൻെറ ദേവനായ ബാക്കസ് ആണ് എന്ന് വിശ്വസിച്ചു.

ഇത്രയും വലിയ ഒരു രക്ഷകൻ ജനിച്ചല്ലോ എന്ന സന്തോഷമാകുന്ന മദ്യമായിരിക്കും യോഹന്നാൻ കുടിച്ചത്.

നിങ്ങളുടെ എല്ലാവിധമായ പാപങ്ങളിൽ നിന്നും ഉള്ള രക്ഷയ്ക്കായി യേശുവിനോട് അപേക്ഷിക്കുക.

---

## ജൂൺ 27

---

"നസറേത്തിൽ നിന്നു വല്ല നന്മയും വരുമോ." (യോഹന്നാൻ 1:46)

വളരെ കുപ്രസിദ്ധി നേടിയ ഒരു നഗരമായിരുന്നു നസറേത്ത്. മുകളിൽ പറഞ്ഞ വാക്കുകൾ പറഞ്ഞ നഥനയേൽ വളരെ അപകടകരമായ ഒരു പാപം ചെയ്തവനായിരുന്നു—ഒരു ജനതതിയോടുള്ള വിദ്വേഷം. ഓരോ ജനക്കൂട്ടവും വിവിധ സ്വഭാവങ്ങളുള്ള വ്യക്തികൾ ഉൾക്കൊള്ളുന്നവരാണ്.

ഒരു ലൂഥറൻ പാസ്ററർ എന്നോട് പറയുകയുണ്ടായി: "എനിക്ക് ബാപ്ററിസ്ററ്കാരേപററിയും പെന്തക്കോസ്തുകാരെപററിയും ഒരു മാനസിക അതൃപ്തി ഉണ്ട്." "ഞാൻ വളരെ നാളുകളായി വ്യഭിചാരി ആയിരുന്നു" എന്ന് പറയുന്നതിലും കുററകരമായ ഒരു പാപമാണ് താൻ ഏററു പറഞ്ഞിരിക്കുന്നത് എന്ന് അവൻ അറിഞ്ഞിരുന്നില്ല. അവൻെറ മുൻ വിധി പെട്ടെന്നു തന്നെ വിട്ടുകളയേണ്ടത് അവൻെറ ചുമതല ആയിരുന്നു—നാം എല്ലാ പാപവും വിട്ടൊഴിയേണ്ടതാണല്ലോ?

മുൻ വിധിയുള്ളവർക്ക് ശരിയായ രീതിയിൽ ചിന്തിക്കുവാനുള്ള സാവകാശം നഷ്ടപ്പെടുന്നു. നിറത്തിലുള്ളവനായിരുന്നതിനാലോ അവനെ സ്വീകരിക്കാൻ കഴിയാഞ്ഞ പലരും ഉണ്ട്.

ഗലീലയിൽ നിന്നും ഒരു പ്രവാചകൻ വരും എന്ന് സമ്മതിക്കുവാൻ പരീശന്മാർക്കു കഴിഞ്ഞിരുന്നില്ല (യോഹന്നാൻ 7:52). അവൻ താഴ്ന്ന കിടയിലുള്ളവനായി ജനിച്ചതിൽ പരാതിയുള്ളവരും അനവധിയായിരുന്നു. അവർ അവനെ കളിയാക്കി ചോദിച്ചു: "ഇവൻ തച്ചൻെറ മകൻ അല്ലയോ?" (മത്തായി 13:55).

വളരെയധികം ഭത്സനങ്ങൾക്ക് പാത്രമായിത്തീർന്നിരിക്കുന്ന സഭയ്ക്ക് എന്തെങ്കിലും വിലപിടിപ്പുള്ള പരിശ്രമത്തിലേർപ്പെടുവാൻ കഴിയുമോ എന്ന് ചോദിക്കുന്നവർ അനവധിയുണ്ട്.

ദൈവം എല്ലാവരുടേയും പിതാവാണ്. എല്ലാ കൂട്ടങ്ങളിലും നന്മയുണ്ട്.

മോവാബിലെ ജനങ്ങൾ മൊത്തത്തിൽ യഹൂദനോട് മോശമായാണ് പെരുമാറിയത്. പക്ഷേ വേദപുസ്തകത്തിൽ ഒരു വിശുദ്ധ വനിതയായി പരാമർശിക്കപ്പെട്ടിരിക്കുന്ന രൂത്ത് അവരുടെ ഇടയിൽ നിന്നുള്ളവളാണ്.

ശമര്യക്കാർ ശരിയായ വിശ്വാസത്തിൽ നിന്നും തെററിപ്പിരിഞ്ഞ് പോയവരാണ്. പക്ഷേ ഒരു നല്ല ശമര്യാക്കാരൻെറ ഉപമ യേശു പറഞ്ഞിട്ടുണ്ട്.

വർഗ്ഗീയവും, രാഷ്ട്രീയവും, സഭാപരവുമായ മുൻവിധികൾ വിട്ടൊഴിയുക. ഓരോ മനുഷ്യനെയും അവൻെറ നന്മയ്ക്കോ, തിന്മയ്ക്കോ ഒത്തവണ്ണം ന്യായം വിധിക്കുക.

---

## ജൂൺ 28

---

"താഴ്മയോടെ ഓരോരുത്തൻ മററുള്ളവരെ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ." (ഫിലിപ്പിയർ 2:3)

തൻെറ മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിശുദ്ധനായ ആൻറണി ഒരു ശബ്ദം കേട്ടു: "ആൻറണീ, നീ ആ തോലു പണിക്കാരൻെറ നിലയിൽ ഇതുവരേയും എത്തിയില്ല." ഉടനെ ആൻറണി ശുദ്ധീകരണത്തിൻെറ വിധങ്ങൾ അറിയുവാൻ അയാളുടെ പക്കലേക്കു പോയി. തോല്പണിക്കാരൻ അത്ഭുതത്താൽ വണങ്ങി. ഇദ്ദേഹം തന്നെ സന്ദർശിക്കുവാൻ തക്ക യോഗ്യത എന്താണ് എന്ന് അത്ഭുതപ്പെട്ടു.

ആൻറണി ചോദിച്ചു: "നിങ്ങളുടെ ക്രിസ്തീയ പ്രവർത്തനം എന്താണ്?" അയാൾ മറുപടി പറഞ്ഞു: "രാവിലെ ഞാൻ ഉണരുമ്പോൾ ഞാൻ എന്നോടുതന്നെ പറയും എൻെറ പട്ടണത്തിലുള്ളവർ എല്ലാം എന്നെക്കാൾ ശ്രേഷ്ഠന്മാരാണ്. അവരെല്ലാം ദൈവത്തെ സന്തോഷിപ്പിക്കുന്നു. ഞാൻ ഏററവും വലിയ പാപിയാണ്. ഞാൻ ശിക്ഷയ്ക്ക് അർഹനാണ്."

മററുവരുടെ പാപങ്ങളെ പററി നാം ചിന്തിക്കേണ്ട. ന്യായം വിധിക്കുവാൻ നാം ആരാണ്? നമ്മുടെ സഹവർത്തികളെ വിധിക്കുവാനും, കുററം ചുമത്തുവാനും അഹങ്കാരത്തിന് മാത്രമേ പററുകയുള്ളു.

ഒരു മനുഷ്യൻ തൻെറ പുരോഹിതനോട് ചോദിച്ചു. ഞാൻ എന്തുചെയ്യേണം? അഹങ്കാരം എന്നെ വളരെയധികം പ്രലോഭിപ്പിക്കുന്നു.

പാസ്ററർ പറഞ്ഞു: "സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ചത് നീയാണ് എന്നു കണ്ടാൽ നിനക്ക് അഭിമാനിക്കുവാൻ ധാരാളമായി. അത് സ്വീകരിക്കുക."

ഈ ചെറുപ്പക്കാരന് അത് മനസ്സിലായില്ല.

"ലോകം സൃഷ്ടിച്ചവൻ മനുഷ്യനായി വന്നെങ്കിൽ, നീ എന്തിനാണ് അഹങ്കരിക്കുന്നത്. നീ വെറും മണ്ണും പൊടിയുമാണ്. ഹേ അസന്തുഷ്ടനായ മനുഷ്യാ നിൻെറ വേലകൾ എന്താണ്?" ഇത്രയും പറഞ്ഞ് പാസ്ററർ ആ മനുഷ്യനെ അയച്ചു.

## ജൂൺ 29

"ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല." (2 കൊരിന്ത്യർ 5:16)

"യേശു മർത്യവേഷം പൂണ്ട് ലോകത്തിൽ ഉണ്ടായിരുന്നപ്പോൾ അവൻെറ മുഖഭാവം എല്ലാവിധത്തിലുമുള്ള മനുഷ്യരുടെ മുഖങ്ങളുടെ ഒരു പ്രതിഛായ ആയിരുന്നിരിക്കണം. യേശുവിൻെറ മുഖം എപ്രകാരമായിരുന്നു എന്നത് തികച്ചും അജ്ഞാതമാണ്'' എന്ന് വിശുദ്ധ അഗസ്ററിൻ എഴുതിയിട്ടുണ്ട്.

കൊത്തുപണികളിൽ നിന്നും നാണയങ്ങളിൽ നിന്നും ജൂലിയസ് സീസറുടേയോ, യേശുവിൻെറ കാലഘട്ടത്തിലെ ചക്രവർത്തിമാരായിരുന്ന ഒക്ടേവിയൻ അഗസ്തസ്, ടൈബീറിയസ് എന്നിവരുടെ പ്രതിഛായ എപ്രകാരമാണ് എന്ന് നമുക്ക് അറിയാം. എന്നാൽ രാജാക്കൻമാരുടെ രാജാവായ ക്രിസ്തുവിൻെറ മുഖഛായ എപ്രകാരമുള്ളതായിരുന്നു എന്ന് ആർക്കും അറിവില്ല. ഇത് ദൈവ നിയോഗമാണ്. സീസറൻമാർ ചരിത്ര പുരുഷൻമാർ മാത്രമായിരുന്നു. എന്നാൽ യേശു ദൈവമാണ് — അനന്തമായ വൻകാലഘട്ടങ്ങളുടെ ഒരംശത്തിൽ മാത്രം നമ്മുടെ ഇടയിൽ അവതരിച്ചതാണ്. അവൻെറ മുഖഛായ ഏതെങ്കിലും ഒരു വർഗ്ഗത്തിൻേറയോ ലിംഗത്തിൻേറയോ, ഭൂപ്രകൃതിയുടേയോ ഘടകങ്ങളുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കരുത്.

## ജൂൺ 30

"ഒരുത്തൻ മരിച്ചാലുള്ള ന്യായ പ്രമാണം ആവിത്''
(സംഖ്യാപുസ്തകം 19:14)

യൂക്വാഡോറിലെ അക്വാ ഇന്ത്യൻസിൻെറ അടുത്തേയ്ക്കു പോയ അഞ്ചു മിഷനറിമാർ കൊല്ലപ്പെട്ടു. അവരുടെ ഭാര്യമാർ മനശാന്തിയോട് ഈ വാർത്ത ശ്രവിച്ചു. തൻെറ വിശ്വാസത്തിനുവേണ്ടി മരിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാന തത്വം. ഒരു നിയമത്തിനുവേണ്ടി മരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഒരുത്തരും അത് ദൈവത്തിൻെറ നിയമമായി സ്വീകരിക്കയില്ല.

എല്ലാവർക്കും രക്തസാക്ഷികളായി മരിക്കുവാൻ ഉള്ള അവകാശം ഇല്ല. പക്ഷേ എല്ലാ ക്രിസ്ത്യാനിയും മരണത്തിന് മുമ്പ് മരിച്ചിരിക്കേണ്ടവനാണ്. അവൻ മരിക്കുന്നതിന് മുമ്പ് ലോകത്തോടും അതിൻെറ നിയമത്തോടും പാപത്തോടും എല്ലാം നിർവ്വീര്യമായിരിക്കേണം.

"ലോകത്തോട് നിർജ്ജീവമാകുക എന്നാൽ എന്താണ് അർത്ഥം'' മക്കാറിയോസിനോട് ചോദിക്കപ്പെട്ടു.

അവൻ ഉത്തരം പറഞ്ഞു: "ഒരു സെമിത്തേരിയിൽ ചെന്ന് മരിച്ച ചിലരെ പുകഴ്ത്തുക. മററുചിലരെ ശപിക്കുക. എന്നിട്ട് എന്തു സംഭവിച്ചു എന്ന് എന്നോടു വന്നു പറയുക.''

ഈ ചോദ്യകർത്താവ് അപ്രകാരം തന്നെ ചെയ്തു. തിരികെ വന്ന് മക്കാറിയോസിനോട് പറഞ്ഞു "ആരും ഒരു വാക്കുപോലും ഉരിയാടിയില്ല."

മക്കാറിയോസ് മറുപടി പറഞ്ഞു: "അതേപോലെ ചെയ്യുക."

യൂകാഡോറിലെ അഞ്ചു രക്തസാക്ഷികൾക്കും അവരുടെ കയ്യിൽ തോക്കുകൾ ഉണ്ടായിരുന്നു. അവർക്ക് അവരുടെ ജീവനെ സംരക്ഷിക്കാമായിരുന്നു. പക്ഷേ ആ അകാ ഇന്ത്യൻസിനെ വെടിവയ്ക്കുന്നതിന് പകരം മരിക്കുവാനാണ് അവർ ഇഷ്ടപ്പെട്ടത്. അവർ മരിക്കുന്നതിന് മുമ്പേ തന്നെ നിർജ്ജീവമായവർ ആയിരുന്നു. എങ്ങനെയാണ് ഒരു മൃതശരീരം മററുവരെ വെടിവയ്ക്കുന്നത്? അവർ ദൈവത്തിനുവേണ്ടി മാത്രം ജീവനുള്ളവർ ആയിരുന്നു.

അന്ന് വെറും അൻപത്തിയാറു പേർ മാത്രമുള്ള ഒരു ജാതിയുടെ ഇടയിൽ സുവിശേഷം അറിയിക്കാനാണ് ഈ അഞ്ചുപേരും രക്തസാക്ഷികളായത്. രക്ഷിക്കപ്പെട്ടവരുടെ ഇടയിൽ എല്ലാ ജാതിയിലും ഉള്ളവർ വേണം — ഓരോ ചെറിയ ജാതിയിലെപ്പോലും അംഗങ്ങൾ വേണം.

ഈ രക്തസാക്ഷികൾ അവരുടെ വിത്ത് അവിടെ പാകി. അകാ ഇന്ത്യൻസിന് അവരുടെ ഇടയിൽ നിന്നും ആദ്യമായി ഒരു രക്തസാക്ഷിയെ ലഭിച്ചു. അവൻ അടുത്തുള്ള ഒരു ജാതിയോട് സുവിശേഷം അറിയിക്കാൻ പോയതായിരുന്നു.

ഇന്നും ശിലായുഗത്തിൽ കഴിയുന്ന മനുഷ്യർക്കുവേണ്ടി നമുക്ക് നിരന്തരമായി പ്രാർത്ഥിക്കാം.

---

## ജൂലൈ 1

"നാമും സാക്ഷികളുടെ ഇത്രയും വലിയ ഒരു സമൂഹം ചുററും നില്ക്കുന്നതു കൊണ്ട്....." (എബ്രായർ 12:1)

വിഖ്യാതരായ വിശുദ്ധൻമാരിൽ നിന്നും നമുക്ക് വളരെ പഠിക്കുവാനുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിൻെറ പിതാവ് ജോൺ-ഡി-ലെ സാലി ആണ്. അദ്ദേഹമാണ് ആദ്യത്തെ സൗജന്യ ഹൈസ്കൂളും അദ്ധ്യാപകർക്കായുള്ള പരിശീലന കേന്ദ്രവും ഫ്രാൻസിൽ സ്ഥാപിച്ചത്. അദ്ദേഹം അത്യധികമായി സ്നേഹിച്ചവനായിരുന്നതിനാൽ അദ്ദേഹത്തിന് അനേകകാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. അദ്ദേഹം പറഞ്ഞു: "അറിവില്ലായ്മ കൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നതായ അനേകം കുട്ടികളെ പററി എനിക്ക് കണ്ണുനീരോടുകൂടിയല്ലാതെ ചിന്തിക്കുവാൻ കഴികയില്ല." നാം നമ്മുടെ സ്വകാര്യ ജീവിതത്തിലെ ചില്ലറ പ്രശ്നങ്ങളാൽ പോലും അസ്വസ്ഥരാകുന്നു. എന്നാൽ അറിവില്ലാത്തവർക്കുവേണ്ടി കണ്ണുനീരൊഴുക്കുന്ന എത്രപേർ ഉണ്ട്?

ഈ ദുഃഖഭാരം പേറികൊണ്ട് ഒന്നും ചെയ്യാതിരിക്കുവാൻ അദ്ദേഹത്തിന് മനസ്സുവന്നില്ല. അദ്ദേഹം തൻെറ അതിരററ സമ്പത്തു സാധുക്കൾക്ക് വിതരണം ചെയ്തു സ്വയം ദരിദ്രനായി, ദരിദ്രരുടെ അദ്ധ്യാപകനായിത്തീർന്നു. ഇദ്ദേഹത്തിൻെറ മനോഭാവത്തെ ഞാൻ ഇന്നത്തെ കനത്ത ശമ്പളം പററുന്നവരും

ശമ്പള വർദ്ധനവിനായി സമരം ചെയ്യുന്നവരുമായ അദ്ധ്യാപകരുടെ മനോഭാവവുമായി തട്ടിച്ചുനോക്കുകയാണ്. അവർ തങ്ങളുടെ വിദ്ധ്യാർത്ഥികളുടെ മുമ്പിൽ സ്വാർത്ഥതയുടെ ഉദാഹരണമാണ്. കുട്ടികളുടെ മനസ്സിൽ തങ്ങളുടെ ദുരാർത്തിമൂലം അവർ സൃഷ്ടിക്കുന്ന ആഘാതം അവർ പഠിപ്പിക്കുന്ന സദ് ചിന്തകൾക്കു മായിച്ചുകളയുവാൻ സാദ്ധ്യമല്ല.

ഡി-ലൊ-സാലിയ്ക്ക് തന്റെ സഹക്രൈസ്തവരിൽ നിന്നും തൊഴിലില്ലാത്ത അദ്ധ്യാപകരിൽ നിന്നും വളരെ യാതനകൾ സഹിക്കേണ്ടി വന്നു.

'കൊയ്ത്തു വളരെയുണ്ട്, വേലക്കാരോ ചുരുക്കം' എന്ന കർത്താവിന്റെ വചനങ്ങളാൽ പ്രവർത്തന നിരതനായ ഒരാളാണ് സാൻ സെവറിനോയിലെ പാസിഫിക്കസ്. "ലോകത്തിന് വേദശാസ്ത്രജ്ഞന്മാരെയല്ല, അപ്പൊസ്തോലന്മാരെയാണ് ആവശ്യം" അദ്ദേഹം പ്രഖ്യാപിച്ചു. പുറജാതികളുടെ അരികിലേക്ക് സുവിശേഷവുമായി പോകുന്ന ഒരു മിഷനറി ആകുവാൻ അദ്ദേഹം തീരുമാനിച്ചു. പക്ഷേ ദൈവം അവനെ നിയോഗിച്ചത് മറെറാരു അപ്പൊസ്തോലിക പ്രവർത്തനത്തിനായിട്ടാണ്—കഷ്ടത അനുഭവിക്കുവാൻ താൻ സ്നേഹിച്ചവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിക്കാതിരിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ കാലുകളിൽ നീർകെട്ട് ബാധിച്ചു. പിന്നാലെ അന്ധതയും അദ്ദേഹത്തെ ബാധിച്ചു. അദ്ദേഹത്തിന്റെ ആത്മാവ് ആന്തരികമായ കൊടുങ്കാററുകളാൽ തകർക്കപ്പെട്ടു. സുഹൃത്തുക്കൾ അദ്ദേഹത്തെ നിന്ദിച്ചു. അവർ അദ്ദേഹത്തെ "ദൈവം കുററം വിധിച്ചവൻ" എന്ന് വിളിച്ചു. അവന്റെ കഷ്ടതകൾ അങ്ങനെയുണ്ടായതാണ് എന്നാണ് അവർ കരുതിയത്.

തന്റെ ഇഷ്ടമല്ല, ദൈവഇഷ്ടമാണ് നിറവേറേണ്ടത് എന്ന് അറിയാമായിരുന്ന ആ വിശുദ്ധൻ തന്റെ കഷ്ടതകൾ ധീരതയോട് വഹിച്ചു. തന്റെ മരണത്തിന് 300 വർഷങ്ങൾക്കുശേഷവും പാസിഫിക്കസ് ഇന്നും ആത്മാക്കളെ കർത്താവിനായി നേടിക്കൊണ്ടിരിക്കുന്നു. അദ്ദേഹം സ്നേഹപൂർവ്വം തന്റെ കഷ്ടതകളെ വഹിച്ചതിന്റെ കഥകേട്ട് ഇന്നും അനേകർ ദൈവത്തിങ്കലേക്കു വന്നുകൊണ്ടിരിക്കുന്നു. അദ്ദേഹം നേരിട്ട് പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുവാൻ പോയിരുന്നു എങ്കിൽ പോലും ഇത്രയധികം ആത്മാക്കളെ നേടുവാൻ സാധിക്കുമായിരുന്നോ എന്ന് സംശയമാണ്.

സ്വാർത്ഥത ഇല്ലാത്തവരും ദൈവഹിതത്തിന് വഴങ്ങി പ്രവർത്തിക്കുന്നവരും ആയിരിപ്പാൻ നമുക്ക് പഠിക്കാം.

---

## ജൂലൈ 2

---

"അന്വേഷിപ്പീൻ എന്നാൽ നിങ്ങൾ കണ്ടെത്തും." (മത്തായി 7:7)

നിങ്ങളുടെ ദൈനം ദിന ജീവിതത്തിൽ നിങ്ങൾ പ്രാർത്ഥനയിൽ കൂടി യേശുവിനെ കണ്ടെത്തുന്നു. അവിലായിലെ ട്രീസാ എഴുതിയത് "നിഷ്ഠയോടെ മാനസീക പ്രാർത്ഥന നടത്തുന്ന ഒരു ആത്മാവ് തനിക്കു നഷ്ടപ്പെട്ടതാണ്

എന്ന് സാത്താന് അറിയാം.'' ഈ പ്രക്രിയയെ കുറിച്ച് അവളുടെ നിർവ്വചനം ഇപ്രകാരമാണ്. ''മാനസീക പ്രാർത്ഥന എന്നാൽ നമ്മെ സ്നേഹിക്കുന്ന ദൈവവുമായുള്ള ഒരു ഉററ സുഹൃത്ത് ബന്ധം, കൂടെ കൂടെ ഹൃദയം തുറന്നുള്ള സംഭാഷണം ഇവയാണ്.''

ഇത് നാം രാവിലേയും, വൈകീട്ടും ആഹാര സമയത്തും പ്രാർത്ഥിക്കുന്നതിൽ നിന്നും തികച്ചും വിഭിന്നമാണ്. മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നവർ വളരെ കുറച്ചും, അശക്തവുമായ പ്രാർത്ഥനയാണ് പ്രാർത്ഥിക്കുന്നത്. നാം ദിവസം മുഴുവനും യേശുവുമായി സംഭവിക്കുന്ന എല്ലാ കാര്യങ്ങളെപററിയും ചെറിയ പ്രാർത്ഥനകളിലും ധ്യാനത്തിലും കൂടി ബന്ധം പുലർത്തിക്കൊണ്ടിരിക്കണം. എല്ലാ ചുററുപാടുകളിലും ദൈവം സന്നിഹിതനാണ് എന്ന് ഓർമ്മിക്കുക. നിങ്ങളുടെ ഉററ സുഹൃത്തായ അവനോട് ചെയ്യേണ്ടത് എന്ത് എന്ന് ചർച്ച ചെയ്യുക. എല്ലാ കാര്യങ്ങളിലും അവന് നന്ദി പറയുക.

'The Imitation of Christ'-ൽ നാം വായിക്കുന്നത്: ''യേശുവിനെ അന്വേഷിക്കുന്നില്ലാ എങ്കിൽ ഒരു മനുഷ്യൻ അവനോട് അവൻെറ ശത്രുക്കാംക്കും മുഴുവൻ ലോകത്തിനും ചെയ്യാവുന്നതിൽ കൂടുതൽ ദോഷം ചെയ്യുന്നു'' എന്നാണ്. നാം ദ്രോഹിക്കപ്പെടുമ്പോഴും, ദുഷ്ട മനുഷ്യരാൽ ഉത്തേജിപ്പിക്കപ്പെട്ട യുദ്ധങ്ങളും, വിപ്ളവങ്ങളും വിപത്തുകാം വരുത്തുമ്പോഴും നമ്മുടെ ഏററവും വലിയ ശത്രു നാം തന്നെയാണ് എന്ന് മനസ്സിലാക്കാതെ നിരാശരാകുന്നു.

താൻ ചെയ്യുന്ന ഒരു പ്രവർത്തിയിലും വിജയിക്കാത്ത ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഒരു അദൃശ്യ ശത്രു അവൻെറ എല്ലാ ലക്ഷ്യങ്ങളും പരാജയപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു സന്ധ്യാസമയത്ത് അവൻെറ പരാജയങ്ങളെ പററി ചിന്തിച്ച് തൻെറ കിടക്കയിൽ കിടക്കുമ്പോാം കർട്ടൻെറ പുറകിൽ നിന്ന് ഒരു കൈ അവനെ ഞെക്കി കൊല്ലുവാൻ എത്തിവരുന്നതു കണ്ടു. അവൻ അവനോടു തന്നെ പറഞ്ഞു: ''ഇപ്പോാം എൻെറ ശത്രുവിനെ കാണുവാൻ കഴിയുന്നു. ഞാൻ ശക്തിമാനാണ്. ഞാൻ അവനെ കീഴ്പ്പെടുത്തും.'' പെട്ടെന്ന് അവൻ ആ കർട്ടൻ ഒരു വശത്തേയ്ക്കു മാററി. അപ്പോാം അവൻ തൻെറ ശത്രുവിനെ കണ്ടു. അത് അവൻ തന്നെയായിരുന്നു—യേശുവിനെ അന്വേഷിക്കുന്നതിലുള്ള അവൻെറ ഉപേക്ഷ.

---

## ജൂലൈ 3

---

''ദൈവത്തിനു സകലവും സാദ്ധ്യം.'' (മത്തായി 19:26)

ഞാൻ ഒരു കൊച്ചുകുട്ടിയായിരുന്നപ്പോാം ദൈവത്തെപ്പററി ചിന്തിക്കാറില്ലായിരുന്നു. ദൈവം സർവ്വ ശക്തനായ ഒരുവൻ ആണെന്നായിരുന്നു എന്നെ പഠിപ്പിച്ചിരുന്നത്. അവനെപ്പററി എനിക്ക് അത്ര മാത്രമേ അറിയാമായിരുന്നുള്ളൂ. എനിക്ക് ഏകദേശം 8 വയസ്സുള്ളപ്പോാം മറെറാരുകുട്ടി എൻെറ മുമ്പിൽ വച്ച് ദൈവത്തെ അധിക്ഷേപിച്ച് പറഞ്ഞു: ''ദൈവം സർവ്വശക്തനാണ് എങ്കിൽ അവന് തനിക്കെടുത്തു പൊക്കാൻ

സാധിക്കാത്തവണ്ണം ഭാരമുള്ള ഒരു സാധനം സൃഷ്ടിക്കുവാൻ കഴിയുമോ? അവന് അത് സാധിക്കും എങ്കിൽ അവൻ സർവ്വശക്തനല്ല. അവന് കഴികയില്ലെങ്കിലും അവൻ പറയപ്പെടുന്നതുപോലെ സർവ്വശക്തനല്ല.''

ഈ ഫലിതം എനിക്കിഷ്ടപ്പെട്ടു എങ്കിലും സർവ്വശക്തനായ ദൈവം എന്ന ചിന്ത എൻെറ മനസ്സിൽ പിന്നീട് ഉണ്ടായിട്ടില്ല.

എനിക്ക് 27 വയസ്സുള്ളപ്പോൾ ദൈവം തനിക്ക് പൊക്കുവാൻ വയ്യാത്ത ഒരു ഭാരം സൃഷ്ടിച്ചിട്ടുണ്ട് എന്ന് പുതിയ നിയമത്തിൽ നിന്നും ഞാൻ വായിച്ചറിഞ്ഞു. അവൻ സ്വയം ഒരു ശിശുവായിത്തീർന്നു — ഏതാനും പൗണ്ടു മാത്രം തൂക്കമുള്ള ശിശു. അവന് തന്നെത്തന്നെ എടുത്തു പൊക്കുവാൻ കഴിയുമായിരുന്നില്ല. കന്യകമറിയാമിന് ദൈവത്തെ കരങ്ങളിൽ വഹിക്കേണ്ടിവന്നു — പുൽത്തൊട്ടിയിൽ നിന്നും എടുത്ത് അവനെ മുലയൂട്ടുവാനായും. കന്യകമറിയം ദൈവത്തെ കുളിപ്പിച്ചു. അവൻ തീരെ കുഞ്ഞായിരുന്നതിനാൽ അവന് അത് സ്വയം ചെയ്യുവാൻ കഴിയുമായിരുന്നില്ല. ബാലനായ അവൻ മരത്തിൽ കയറിയപ്പോൾ മരക്കൊമ്പിൽ ഉടക്കി കീറിയ അവൻെറ ഉടുപ്പ് വിശുദ്ധമാതാവ് തുന്നിക്കൊടുത്തു. അത് അവന് തയ്ക്കുവാൻ അറിയില്ലായിരുന്നു.

തനിക്ക് ഉയർത്തുവാനാവാത്ത ഒരു ഭാരം ദൈവം സൃഷ്ടിച്ചു. അവൻ മനുഷ്യപുത്രനായി അവതരിച്ചു. ഈ മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെട്ടു. അവർ അവനെ അധിക്ഷേപിച്ചു. ക്രൂശിൽ തറച്ചു. വാസ്തവമായുള്ളതായ ഏകവസ്തു ഒരു സാധാരണ വസ്തുവായി തീർന്നു. അവൻെറ ശക്തിഹീനതയെ കാഴ്ചക്കാർ അധിക്ഷേപിച്ചു. അവന് ക്രൂശിൽ നിന്നും ഇറങ്ങിവരുവാൻ കഴിഞ്ഞില്ല. പിന്നീട് അവൻ കൂടുതൽ നിശ്ചലമായ ഒരു വസ്തുവായിതീർന്നു — ഒരു മൃതദേഹം. അരിമഥ്യക്കാരനായ യോസേഫ് അവനെ അടക്കം ചെയ്തില്ലായിരുന്നു എങ്കിൽ അവൻെറ ശരീരം കഴുകന്മാരുടെ ഭക്ഷണം ആകുമായിരുന്നു. തനിക്ക് ഉയർത്തുവാനാവാത്ത ഒരു വസ്തു സൃഷ്ടിച്ചതു മൂലം ദൈവം ഉയർത്തപ്പെടുവാനാവാത്തവരെ ഉയർത്തുവാനുള്ള തൻെറ അമാനുഷ ശക്തി പ്രദർശിപ്പിക്കയാണുണ്ടായത്. യേശു ശക്തിയോട് ഉയിർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്കു കരേറി. ഒരിക്കൽ ലോകത്തിൽ നിന്നും ഉയർത്തപ്പെട്ടശേഷം അവൻ എല്ലാവരേയും തങ്കലേക്കു ആകർഷിക്കുന്നു.

ഞാൻ ശിശുവായിരുന്നപ്പോൾ എൻെറ ചിന്താഗതി തെററായിരുന്നു. ദൈവം സർവ്വശക്തനാണ്. തൻെറ സർവ്വശക്തിത്വം ഉണ്ടെങ്കിലും അവന് ഉയർത്തുവാൻ കഴിയാത്തതായ ഒരു വസ്തു അവൻ സൃഷ്ടിക്കയുണ്ടായി.

---

## ജൂലൈ 4

---

''അവന്.....വിശന്നിട്ട്'' (മത്തായി 21:18)

കോടിക്കണക്കിന് ആളുകൾ വിശന്നുവലയുന്നു. പട്ടിണികൊണ്ടും പോഷകാഹാരകുറവുകൊണ്ടും പതിനായിരങ്ങൾ ഓരോ ദിവസവും മരിക്കുന്നു. ഇവരിൽ 9900 പേർ ക്രിസ്തുവിനെപററി കേൾക്കാതെ മരിക്കുന്നു. വികസിത

രാജ്യങ്ങളിലെ ജനങ്ങൾ വിശപ്പടക്കുവാൻ ആവശ്യമായതിന്റെ അഞ്ചിരട്ടി ഭക്ഷണം കഴിക്കുന്നു. ആഫ്രിക്കയിലെ ചില സ്ഥലങ്ങളിൽ 25 ശതമാനം കുട്ടികൾ ഒരു വയസ്സാകുന്നതിന് മുമ്പ് മരിച്ചു പോകുന്നു. ഇവരുടെ ഇടയിൽ മരണസാദ്ധ്യത അമേരിക്കയിലോ ആസ്ട്രേലിയയിലോ ഉള്ള കുട്ടികളേക്കാൾ നാല്പതു ശതമാനം കൂടുതലാണ്. വിശക്കുന്നവരിൽ അധികവും കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെ ആയിരക്കണക്കിന് ഉള്ള ക്രിസ്ത്യൻ രക്തസാക്ഷികളുടെ കുട്ടികൾ ആണ്.

ക്രിസ്ത്യൻ തത്വജ്ഞാനിയായ അരിസ്ററഡ്സ് AD-125-ൽ ചക്രവർത്തി ഹാഡ്രിയാന് എഴുതി: ക്രിസ്ത്യാനികൾ മനസ്സോടും, ഗർവ്വു കൂടാതെയും ഇല്ലാത്തവന് നല്കുന്നു.... അവരുടെ ഇടയിൽ ദാരിദ്ര്യം ഉണ്ടായാൽ ആഹാരം ഒന്നും അവർ രണ്ടു മൂന്നു ദിവസത്തേയ്ക്കു ഉപവസിച്ചു ആവശ്യമുള്ളവന് അവന്റെ അത്യാവശ്യങ്ങൾ സഫലീകരിക്കുന്നതിന് സഹായിക്കുന്നു.

ഉപവസിക്കയും ത്യജിക്കുകയും ചെയ്യുക. അപ്പോൾ ന്യായവിധി നാളിൽ ദൈവം നിങ്ങളോട് പറയും: "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു" (മത്തായി 25:35).

---

## ജൂലൈ 5

"നിനക്കുള്ളതു എടുത്തു കളയുന്നവനോട് മടക്കി ചോദിക്കരുത്."

(ലൂക്കോസ് 6:30)

ഒരു ക്രിസ്ത്യാനി തന്റെ സ്വത്തുക്കൾ ചോദിച്ച കള്ളന്മാരോട് പറഞ്ഞു: "പോലീസ് വരുന്നതിനുമുമ്പ് പെട്ടെന്നു നിങ്ങളുടെ ജോലി തീർക്കൂ. ഈ സാധനങ്ങൾ ഒക്കെ നിങ്ങളുടെ കാറിൽ കയററുവാൻ ഞാനും കൂടി സഹായിക്കാം. ഈ സ്വത്തുക്കൾ കൈവശം വെച്ചിരുന്നത് എന്റെ തെററാണ്. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ഞങ്ങൾ ഈ ലോകത്തിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുവാനുള്ളവരല്ല. കള്ളന്മാർ അതു മോഷ്ടിക്കുമെന്ന് ഞങ്ങളുടെ കർത്താവ് ഞങ്ങൾക്ക് മുന്നറിയിപ്പു നല്കിയിട്ടുണ്ട്. എന്റെ ആവശ്യങ്ങൾ നിറവേററുവാൻ എന്റെ പിതാവിനെ ആശ്രയിക്കാതിരുന്നതും എന്റെ തെററു തന്നെ. നിങ്ങൾക്കു ഇപ്രകാരം തെററായ മാതൃക ആയിത്തീർന്നതിന് എന്നോടു ക്ഷമിക്കുക."

കള്ളന്മാർക്ക് ആശ്ചര്യം തോന്നി. അവർ അവനോട് കൂടുതൽ ചോദ്യങ്ങൾ ചോദിച്ചു. അവർ അവന്റെ സാധനങ്ങൾ മോഷ്ടിച്ചില്ല എന്നു മാത്രമല്ല മാനസാന്തരപ്പെടുകയും ചെയ്തു. ആ ക്രിസ്ത്യാനിയും ഒരു നല്ല പാഠം പഠിച്ചു.

"ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലോ" (1തിമൊഥെയോസ് 6:10). ക്രിസ്ത്യാനികൾ ധനത്തെ വെറുക്കേണ്ടതാണ്.

ധനത്തെപററി യേശു ശിഷ്യന്മാരെ പഠിപ്പിച്ചത് എന്ത് എന്ന് ഒരു കെട്ടുകഥയുണ്ട്. "ധനത്തെപററി കരുതലോടെയിരിക്കുക" യേശു

ശിഷ്യന്മാരോട് പറഞ്ഞു. 'എന്തുകൊണ്ട്?' അവർ ചോദിച്ചു. "ധനം പലപ്പോഴും അവിശ്വസ്ത മാർഗ്ഗങ്ങളിൽ കൂടിയാണ് സ്വരൂപിക്കപ്പെടുന്നത്" അവൻ മറുപടി പറഞ്ഞു.

"ശരിയായ മാർഗ്ഗങ്ങളിൽ കൂടി സ്വരൂപിക്കപ്പെട്ട ധനം ആണെങ്കിലോ?" അവർ വീണ്ടും ചോദിച്ചു.

"എന്നിരുന്നാലും കരുതൽ ആവശ്യമാണ്. ധനം പലപ്പോഴും പാപ പങ്കിലമായ ഉപയോഗങ്ങൾക്കായിട്ടാണ് ചിലവഴിക്കപ്പെടുന്നത്" യേശു പറഞ്ഞു.

ശിഷ്യന്മാർ മൂന്നാമതും ചോദിച്ചു: "ധനം വിശ്വസ്തമായി ആർജ്ജിച്ചതും നല്ല കാര്യങ്ങൾക്കായി ചിലവഴിക്കപ്പെട്ടതും ആണ് എന്ന് വരികലോ?"

കർത്താവു പറഞ്ഞു. "അപ്പോഴും നിങ്ങൾ കരുതലോടെയിരിക്കണം. ധനം മലിനീകരിക്കുന്ന ഒരു വസ്തുവാണ്."

---

## ജൂലൈ 6

---

"നഥനയേൽ അവനോട്: റബ്ബീ, നീ ദൈവപുത്രൻ എന്ന് പറഞ്ഞു."

(യോഹന്നാൻ 1:49)

ഇസ്ളാംമതവും നവീകരിക്കപ്പെട്ട യഹൂദമതവും യേശുവിനെ ഒരു വലിയ പ്രവാചകനായിട്ട് അംഗീകരിക്കുന്നു. അവനെ ദൈവത്തിന്റെ പുത്രനായി ആരാധിക്കുന്നത് അവർ എതിർക്കുന്നു. ഈ കാര്യത്തിൽ അവർക്ക് അല്പം വിശദീകരണം നല്കേണ്ടതുണ്ട്.

എബ്രായ ഭാഷയിൽ വിശേഷണങ്ങൾ വളരെ ചുരുക്കമായേ ഉപയോഗിക്കാറുള്ളൂ. എബ്രായർ 'വായാടിയായ മനുഷ്യൻ' എന്നു പറയുകയില്ല. അതിന് 'Ishdvarim' എന്നാണ് അവരുടെ വാക്ക്. ഇതിന്റെ അർത്ഥം 'വാക്കുകളുടെ മനുഷ്യൻ' എന്നാണ്. അതേപോലെ 'ദിവ്യം' (divine) എന്നതിന് 'Son of God' - ദൈവത്തിന്റെ പുത്രൻ എന്നാണ് പറയുന്നത്. ദൈവം സംസാരിച്ച അരാമ്യ ഭാഷയിൽ വിശേഷണങ്ങൾ ഇതിലും ചുരുക്കമാണ്. അതുകൊണ്ട് വേദപുസ്തകത്തിൽ വിചിത്രമായ ചില വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതായി കാണാം. "പ്രകാശം ഉള്ളത്" എന്നതിന് "വെളിച്ചത്തിന്റെ മക്കൾ" എന്നും "നഷ്ടപ്പെട്ടത്" എന്നതിന് നാശത്തിന്റെ പുത്രൻ" എന്നും ഒക്കെ കാണുന്നു.

നാം യേശുവിനെ 'ദൈവത്തിന്റെ പുത്രൻ' എന്നു വിശ്വസിക്കുന്നത് ലൗകീകമായ അർത്ഥത്തിലല്ല എന്ന് യഹൂദന്മാരോടും മുസ്ളീങ്ങളോടും വിവരിക്കേണ്ടതുണ്ട്. ദൈവത്തിന് ഭാര്യയും അങ്ങനെ കുട്ടികളും ജനിച്ചിട്ടില്ലല്ലോ. ഒന്നാം നൂററാണ്ടിലെ എബ്രായർക്ക് യേശുവിന് മനുഷ്യനോടുള്ള സാദൃശ്യവും പിതാവായ ദൈവത്തിനോടുള്ള ദൃഢമായ ഏകതയും കൊണ്ട് അവനെ 'ദൈവപുത്രൻ' എന്ന് വിളിക്കുന്നതിന് പകരം മററാരു വാക്കും അവരുടെ ഭാഷയിൽ ഇല്ലായിരുന്നു.

ആധുനിക ശാസ്ത്രം 'ദൈവത്തിന്റെ പുത്രൻ' എന്ന വാക്കിന് പുതിയ

ഒരു രൂപ കല്പനയാണ് നല്കുന്നത്. നാം റേഡിയോ ആക്ടീവ് എലമെൻറ് എന്നും റേഡിയോ ആക്ടീവ് ഫിലയേഷൻ എന്നും ഒക്കെ പറയുന്നു. യുറേനിയം I-ൽ നിന്നും ഇലക്ട്രോണുകൾ നിർഗ്ഗമിക്കുമ്പോൾ അത് യുറേനിയം IIആകുന്നു. പിന്നീട് ഐയോണിയവും ആകുന്നു.

''ദൈവപുത്രൻ'' എന്നതിൻെറ അർത്ഥം എന്താണ് എന്ന് മനസ്സിലാക്കുവാൻ പല ഉദാഹരണങ്ങൾ മൂലം വിശദമാക്കാം. എന്നാൽ ഒരു കാര്യം വ്യക്തമാണ്. 'ക്രിസ്തു ദൈവമാകുന്നു.' പൗരാണികർ പറഞ്ഞത് "Aut Deus, aut homo non bonus. " അവൻ ഒന്നുകിൽ ദൈവം അല്ലെങ്കിൽ മനുഷ്യനോ അല്ല.

ഇരുപതാം നൂററാണ്ടിലെ വലിയ എഴുത്തുകാരന്മാർ എല്ലാം യേശു ഒരു മനുഷ്യൻ മാത്രമാണ് എന്ന് നമ്മെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കു ശേഷവും ഇത്രയേറെ കഠിനശ്രമങ്ങൾ നടത്തി യേശു ഒരു മനുഷ്യൻ മാത്രമാണ് എന്നു മനുഷ്യരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നു എങ്കിൽ അവൻ എങ്ങനെയുള്ള ഒരു ജീവിയാണ്? അങ്ങനെയുള്ള ജീവി ദൈവത്തിൻെറ അവതാരമാണ്. അവനിൽ പൂർണ്ണമായി വിശ്വസിക്കാം.

---

## ജൂലൈ 7

---

> ''നീതിമാൻ എന്നു വെച്ചു നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാൻെറ പ്രതിഫലം ലഭിക്കും.'' (മത്തായി 10:41)

കൊരിന്ത്യയിലെ മക്കാറിയോസ് ഒരു വിശുദ്ധ പുരുഷനായിട്ടാണ് പൗരസ്ത്യ രാജ്യങ്ങളിൽ കുരുതപ്പെടുന്നത്. ഇതിനു കാരണം അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു എന്നതല്ല, അദ്ദേഹം അനേകരെ രക്തസാക്ഷിത്വം വരിക്കുവാൻ പരിശീലിപ്പിച്ചു എന്നതാണ്. രക്തസാക്ഷിക്കളത്തിലേക്കു പ്രവേശിക്കുന്ന വിശാസികളെ അദ്ദേഹം പ്രോത്സാഹിപ്പിക്കയും കർത്താവിനോടുള്ള സ്നേഹവും അവനായി കഷ്ടത അനുഭവിക്കാനുള്ള വാഞ്ഛയും അവരിൽ പകരുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു.

രക്തസാക്ഷികൾക്ക് അവർ പൗലോസിനെപ്പോലെ വിശ്വാസം കാത്ത് ഓട്ടം തികച്ചതിന് നന്മയുടെ കിരീടം നൽകപ്പെടുമ്പോൾ അവരുടെ സഹവിശ്വാസികൾക്കും അവരോടൊപ്പം കഷ്ടതകൾ വഹിച്ചവർക്കും അവരെ സഹായിച്ചവർക്കും നന്മയുടെ കിരീടങ്ങൾ നല്കപ്പെടും.

നമ്മുടെ കാലഘട്ടത്തിലും അനേകം രക്തസാക്ഷികൾ ഉണ്ട്— കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ, ഇസ്ളാം ഭരണത്തിൻ കീഴിൽ, പുറജാതികളുടെ ഇടയിൽ പല ക്രിസ്ത്യാനികളും—ക്രൈസ്തവ നേതാക്കൾ ഉൾപ്പെടെ— പീഡിപ്പിക്കുന്ന ഭരണാധികാരികളുമായി ഒത്തുതീർപ്പിലെത്തുകയും; മരണം വരിക്കുന്നതിന് പകരം സീസറുടെ മുമ്പിൽ ധൂപം കാട്ടുന്നത് അഭികാമ്യമായി കരുതുകയും ചെയ്യുന്നു. ആദിമ നൂററാണ്ടുകളിലും അനവധി ക്രൈസ്തവർ ഇപ്രകാരം ചെയ്തിരുന്നു. അക്കാലത്ത് വിശ്വാസം ഹനിക്കുന്നവരെ 'വിശ്വാസ

ഘാതകർ' എന്നു വിളിച്ചു എങ്കിൽ ഇന്ന് അവരെ ബുദ്ധിമാൻമാർ എന്നാണ് വിളിക്കുന്നത്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് തടവും മരണവും സ്വയം വരിക്കുന്നവരെ ഇന്ന് 'മദ്യപിച്ച് ലക്കുകെട്ടവർ' എന്നാണ് കരുതുന്നത്. പെന്തക്കോസ്തു നാളിൽ അപ്പൊസ്തോലൻമാരെപററിയും ഇപ്രകാരമാണ് അന്നും കരുതിയത്.

തങ്ങളുടെ വിശ്വാസത്തിൻെറ പേരിൽ ജയിലിൽ കഴിയുന്നവരും വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുമായവരുടെ പക്ഷത്ത് നാം നിൽക്കേണ്ടതാണ്. നാം അവർക്കുവേണ്ടി പ്രാർത്ഥിക്കയും അവരെ സഹായിക്കയും ചെയ്യണം. അപ്രകാരം ചെയ്യുന്നതുമൂലം നമുക്കും അവർക്കു ലഭിക്കുന്നതായ നൻമയുടെ കിരീടം നല്കപ്പെടും.

---

## ജൂലൈ 8

---

"നീ യിസ്രായേലിൻെറ രാജാവ്." (യോഹന്നാൻ 1:49)

നഥനയേൽ യേശുവിനു നല്കുന്ന 'യിസ്രായേലിൻെറ രാജാവ്' എന്ന പേര് യഹൂദൻമാരല്ലാത്തവർക്കു അവനിൽ താല്പര്യം ഇല്ലാതാക്കും എന്ന് തോന്നിയേക്കാം. 2000-വർഷങ്ങൾക്കുമുമ്പുള്ള യിസ്രായേലിൻെറ ഒരു രാജാവിനെ പററി എന്തിനാണ് ഒരു ഇംഗ്ളീഷുകാരനോ, അമേരിക്കക്കാരനോ കരുതുന്നത്?

യഹൂദൻമാരുടെ രാജാവ് ജനിച്ച് അവൻ കുട്ടിയായിരിക്കുമ്പോൾ തന്നെ വിദേശത്തുനിന്നും വിദ്വാൻമാർ അവനെ ആരാധിക്കുവാൻ വന്നു. ഇന്ന് ഇരുപതാംനൂററാണ്ടിലും എല്ലാ ജാതിക്കാരായ മനുഷ്യരും അവൻെറ മുമ്പിൽ വണങ്ങുന്നു.

അവരുടെ രാജാവിനെ ഇത്രയും പ്രധാനിയായി കാണണമെങ്കിൽ യഹൂദൻമാർക്ക് എന്തെങ്കിലും പ്രത്യേകത കാണണം. അപ്പൊസ്തോലനായ പൗലോസ് എഴുതിയിരിക്കുന്നത് "അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും, നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാക്കൻമാരും അവർക്കുള്ളവർ തന്നെ; ജഢ പ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്. അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ" (റോമർ 9:4-5).

നാസികൾ ക്രിസ്തുമതം യഹൂദൻമാരുടേതാണ് എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞു. അവർക്ക് യഹൂദനും സഭയും തമ്മിലുള്ള ബന്ധം ക്രിസ്ത്യാനികളേക്കാൾ നന്നായി മനസ്സിലായിരുന്നു.

സഭയെ കൂടാതെ യിസ്രായേലിന് നിലനില്ക്കുന്നതായി ഒന്നും പ്രവർത്തിക്കുവാൻ കഴികയില്ല. യിസ്രായേലില്ലാതെ സഭയ്ക്ക് വിജയം വരിക്കുവാനും സാദ്ധ്യമല്ല. ക്രിസ്തുവിനെ "അവർ അംഗീകരിക്കുന്നത് മരിച്ചവരുടെ ഉയിർപ്പാണ്'" (റോമർ 11:15).

ലോകത്തെ ഒന്നു ശ്രദ്ധിക്കയാണെങ്കിൽ യിസ്രായേലിൻെറ തിരഞ്ഞെടുക്കപ്പെട്ട പങ്ക് മനസ്സിലാകും. യഹൂദനായ ക്രിസ്തുവിൽ

വിശ്വസിക്കുന്ന ലോകവും യഹൂദനായ മാർക്സിനെ വിശ്വസിക്കുന്ന ലോകവും തമ്മിൽ ഉഗ്രപോരാട്ടം നടക്കുകയാണ്. ശാസ്ത്രത്തിലാണെങ്കിൽ യഹൂദനായ ഐൻസ്ററീൻെറ പേര് മുമ്പിട്ട് നില്ക്കുന്നു.

യഹൂദന്മാരുടെ മനം മാററത്തിനും യിസ്രായേലിൻെറ സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കയും ചെയ്യേണ്ടത് ഓരോ ക്രിസ്ത്യാനിയുടേയും ചുമതലയാണ്. നാം എല്ലാവരും ഇതിനുവേണ്ടി നമ്മുടെ കഴിവുകളെ ഉപയോഗിക്കണം.

## ജൂലൈ 9

"ചെന്ന് അറിയിപ്പിൻ." (ലൂക്കോസ് 7:22)

വിശുദ്ധന്മാർ ഓരോരുത്തരും താന്താങ്ങളുടെ പ്രത്യേകമായ പാതകളിൽ സഞ്ചരിക്കുന്നവരാണ്. നമ്മുടെ സാധാരണ മാനദണ്ഡങ്ങൾ ഉപയോഗിച്ച് അവരെ അളക്കുവാൻ കഴികയില്ല.

ക്രോസ്സിലെ ജോൺ ദൈവത്തെപററി ചിന്തിച്ചു കൊണ്ടിരുന്നതിനാൽ തൻെറ കൈവശമുള്ള ചുററികയോ, കത്രികയെപററിയോ ഓർക്കാഞ്ഞതിനാൽ യാതൊരു പ്രവൃത്തിയും ചെയ്യുവാൻ കഴിഞ്ഞില്ല. കോപ്പർററിനോയിലെ ജോസഫ് ദൈവത്തെപ്പററിയുള്ള ചിന്തയിൽ മുഴുകിയിരുന്നതിനാൽ ഇഹലോക ചിന്തയിലേക്കു തിരികെ വരാൻ അദ്ദേഹത്തിന് സ്വന്തം ശരീരത്തിൽ നുള്ളേണ്ടിവന്നു. അവനോട് ഓരോന്നു ചോദിച്ചപ്പോൾ ഓരോ പ്രാവശ്യവും അവൻ മറെറന്തൊക്കെയോ ആണ് കൊണ്ടുവന്നത്. കാരണം അവൻെറ മനസ്സ് മനുഷ്യരുടെ വാക്കുകളിൽ നിന്നും അനതിദൂരത്തിൽ ദൈവത്തിനു സമീപം ആയിരുന്നു.

ചില വിശുദ്ധന്മാർ മാത്രമെ ഇപ്രകാരമുള്ളൂ. ഹംഗറിയിലെ എലിസബേത്ത്, രാജ്ഞി ആയിരുന്നിട്ടും ഏററവും എളിയവരുടെ ആവശ്യങ്ങൾ പോലും അറിഞ്ഞു പ്രവർത്തിക്കുന്ന ഒരു വിശുദ്ധ ആയിരുന്നു. അവർ എലിസബേത്ത് എന്ന വ്യക്തിയിൽ നിന്നും ത്യാഗ പൂർണ്ണമായ പെരുമാററത്താൽ ഉയർന്ന് എലിസബേത്ത് എന്ന വിശുദ്ധ ആയിത്തീരത്തക്കവണ്ണം അവരുടെ വിശുദ്ധത്വം പ്രവർത്തിച്ചു.

യേശുവിനെ എന്നപോലെ തന്നെ പലവിശുദ്ധരേയും പലരും മനോരോഗികളായാണ് കണക്കാക്കുന്നത്. അവർ കർത്താവിനായി കഷ്ടത അനുഭവിക്കുന്ന ദൈവാന്വേഷികളായിരുന്നു. അവർ ഭൗതീകമായി മരിക്കുന്നതിന് മുമ്പ് തന്നെ ഈ ലോകത്തോട് മരണപ്പെട്ടവർ ആയിരുന്നു.

ജോവൻ ഓഫ് ആർക്ക്-നെ പ്പോലെ ചില വിശുദ്ധർ വലിയ പോരാളികൾ ആയിരുന്നു. മററു ചിലർ വിരക്തിയുടെ മൂർദ്ധന്യതയിൽ എത്തി. ലിസിയക്സ്-ലെ വിശുദ്ധ തെരേസയുടെ വാക്കുകൾ ശ്രദ്ധേയമാണ് "ഭക്ഷണം രുചികരമായി തോന്നുന്നു എങ്കിൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു. പക്ഷേ അത് അരുചിയായി തോന്നിയാൽ അത് ഒരു ദൈവ നിയോഗമായി കണക്കിലെടുക്കുന്നു. നിങ്ങൾക്കു വന്നു ചേരുന്നതെന്തും

ദൈവവിധി ആണ് എന്ന് വിശ്വസിക്കുന്നതാണ് വിശുദ്ധിയിലേക്കുള്ള മാർഗ്ഗത്തിൽ ആവശ്യമായി വേണ്ടിയത്.''

നീ ദൈവത്തിൻെറ വിളിയെ അറിയുക. ലോകാരംഭം മുതല്ക്കേ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നത് എന്തിനായിട്ടാണ് എന്ന് മനസ്സിലാക്കുക. എന്നിട്ട് നിൻെറ ദൈവവിളിക്കനുസരിച്ച് യേശുവിനെ പിൻതുടരുക. അത് മററുള്ളവർക്കു വിചിത്രമായി തോന്നിയാലും ഗൗനിക്കേണ്ടതില്ല.

---

## ജൂലൈ 10

---

''നിങ്ങളും തടവുകാർ എന്നപോലെ തടവുകാരേയും നിങ്ങളും ശരീരത്തിലിരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരേയും ഓർത്തുകൊൾവിൻ.'' (എബ്രായർ 13:3)

വിശ്വാസത്തിൻെറ പേരിൽ ഒരു ക്രിസ്ത്യാനിയെ റഷ്യയിൽ പത്തുവർഷത്തെ തടവിന് ശിക്ഷിച്ചു. അദ്ദേഹത്തിന് ഭാര്യയും ഒൻപതു കുട്ടികളും ഉണ്ട്. ''ജീസസ്സ് ററു ദി കമ്മ്യൂണിസ്ററ് വേൾഡ്'' എന്ന മിഷൻ ഒരു ചെറിയ തുക കൊടുത്ത് അവരെ സഹായിച്ചു. അതിന് അയാളുടെ ഭാര്യയിൽ നിന്നും ലഭിച്ച മറുപടി താഴെ കൊടുത്തിരിക്കുന്നു.

''ദൈവം അവൻെറ കുരിശിൻെറ ഭാരം അല്പം വഹിക്കുവാൻ ഞങ്ങളെ വിളിച്ചു നല്കിയതിന് അവന് മഹത്വമുണ്ടാകട്ടെ. (നാം നിസാരമായ പ്രയാസങ്ങൾപോലും വഹിക്കുവാൻ വയ്യാത്ത കുരിശായി കണക്കാക്കുന്നു. അവളെ സംബന്ധിച്ചാണെങ്കിൽ ഭർത്താവു ജയിലിൽ, യാതൊരു വരുമാനവും ഇല്ലാതെ ഒൻപതു കുട്ടികളെ തീററിപ്പോററണം. ഇവ ഒക്കെ ക്രിസ്തുവിൻെറ കുരിശിൻെറ അല്പം മാത്രമാണ് അവൾക്ക്). ''നമ്മുടെ അപ്പം കണ്ണുനീരോട് ഭക്ഷിക്കേണ്ടതാണ്. എന്നാൽ എല്ലാത്തിനും ദൈവത്തെ പുകഴ്ത്താം. ഇത്രയും ദൂരത്തിരുന്ന നിങ്ങളുടെ ഹൃദയങ്ങളെ തുറപ്പിച്ചതിന് ഞാൻ നന്ദി പറയുന്നു. സ്നേഹത്തിൻെറ കരം വളരെ നീളമുള്ളതാണ്. അതു ഞങ്ങളുടെ അടുത്തേക്കു നീട്ടി തന്നു. (പൗലോസ് 1കൊരിന്ത്യർ 13-ൽ സ്നേഹത്തിൻെറ വിശേഷണങ്ങൾ നല്കിയപ്പോൾ അതിൻെറ കരം നീളമുള്ളതാണ് എന്ന് പറയുവാൻ മറന്നു പോയി.)

''ഞങ്ങൾ തനിച്ചായപ്പോൾ ആ ദുഷ്ടന്മാർ പറഞ്ഞു ഞങ്ങൾക്ക് ജീവിക്കുവാൻ മാർഗ്ഗമില്ല എന്ന്. പക്ഷേ ഏലിയാവിനേയും ദാനിയേലിനേയും, അവനെ സേവിച്ച എല്ലാവരേയും കരുതിയവനായ ദൈവം ഞങ്ങളേയും കരുതുന്നു. അവൻെറ നാമം വാഴ്ത്തപ്പെടട്ടെ.

''ദൈവം എനിക്ക് ഒൻപതു കുട്ടികളെ തന്നിട്ടുണ്ട്. അവർ അവരുടെ പിതാവ് തിരിച്ചുവരുന്നതിനായി കാത്തിരിക്കയാണ്. പക്ഷേ അവരുടെ പിതാവ് തൻെറ ജീവൻ ക്രിസ്തുവിനു വേണ്ടി പണയം വച്ചിരിക്കയാണ്. ദൈവം തൻെറ വിശുദ്ധന്മാർക്കു നല്കിയ വിശ്വാസത്തിന് വേണ്ടി കഷ്ടപ്പാടുകൾ സഹിക്കുന്നതിനായി തൻെറ കുട്ടികളെ വേർപിരിഞ്ഞിരിക്കയാണ്.''

വിശ്വാസത്തിൻെറ പേരിൽ ജയിലിൽ കിടന്ന് കഷ്ടത അനുഭവിക്കുന്ന

സഹോദരങ്ങളെ നമുക്ക് നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. അവരുടെ കുടുംബങ്ങളെ മറക്കാതെയും ഇരിക്കാം.

## ജൂലൈ 11

"നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2കൊരിന്ത്യർ 3:18)

തത്വശാസ്ത്രം നമുക്ക് നല്കിയിട്ടുള്ള രണ്ടു പ്രസ്താവനകൾ പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധമായി തോന്നാവുന്നതാണ് എങ്കിലും വാസ്തവത്തിൽ അന്യോന്യം പരിപുഷ്ടിപ്പെടുത്തുന്നവയാണ്. ഒന്നാമത്തെ പ്രസ്താവന: 'നാം കൈക്കൊള്ളുന്നതെല്ലാം, കൈക്കൊള്ളുന്നവന്റെ ഭാവനയ്ക്ക് ഒത്ത് കൈക്കൊള്ളുന്നു' എന്നാണ്. ഇതിനാലാണ് എല്ലാ കാര്യങ്ങളെ പററിയും വിവിധങ്ങളായ അഭിപ്രായങ്ങൾ മനുഷ്യർക്കുള്ളത്.

നാം ഓരോരുത്തരും മനസ്സിലാക്കുന്നത് ഒരേയൊരു സത്യം ആണ്. പക്ഷ ഓരോരുത്തരുടേയും ചുററുപാടുകൾ, പാരമ്പര്യം, വിദ്യാഭ്യാസം, സ്വഭാവം, ബലം, ബുദ്ധിശക്തിയുടെ പരിമിതികൾ എന്നിവയ്ക്കൊത്തവണ്ണം ആണ് ഈ സത്യം ഗ്രഹിക്കുന്നത്. നാം ദൈവത്തെ ഒരിക്കലും അവന്റെ പൂർണ്ണരൂപത്തിൽ ദർശിക്കുന്നില്ല. നമ്മുടെ കണ്ണുകളിൽ കാണപ്പെടുന്ന വിധത്തിൽ മാത്രമാണ് നാം അവനെ കാണുന്നത്.

ഈ പ്രസ്താവന ദൈവത്തിനും ബാധകമാണ്. അവന് നമ്മെപ്പററി ദിവ്യതയുടെ കാഴ്ചപ്പാടിലൂടെ എല്ലാം അറിയുവാൻ കഴിയും. പക്ഷേ സത്യനിഷ്ഠമായ ഒരു ന്യായ വിധിക്ക് ഇതു മാത്രം മതിയാകയില്ല. അതിനാലാണ് ദൈവപുത്രൻ യേശു എന്ന മനുഷ്യനായത്. തന്മൂലം ദൈവത്തിന് മനുഷ്യശരീരത്തോടു കൂടി ദാരിദ്ര്യം, പീഢനം, സങ്കടങ്ങൾ, ശത്രുത, പരീക്ഷണങ്ങൾ മുതലായവ എല്ലാം ഒരു മനുഷ്യൻ അനുഭവിക്കുന്ന രീതിയിൽ തന്നെ മനസ്സിലാക്കുവാൻ സാധിച്ചു. സ്വർഗ്ഗത്തിലേക്കു കരേറിയ ശേഷം ക്രിസ്തു ദൈവത്തിന്റെ വീക്ഷണത്തിന് ഒരു പുതിയ വ്യാപ്തി കൂടി നല്കിക്കൊടുത്തു—മാനുഷീകമായ അനുഭവങ്ങൾ.

അതിനാൽ ശലോമോൻ ഉത്തമഗീതത്തിൽ (3:11) "ശലോമോൻ രാജാവിനെ...... അവന്റെ അമ്മ അവനെ ധരിപ്പിച്ച കിരീടത്തോടുകൂടെ കാൺമീൻ." എന്നു എഴുതിയിരിക്കുന്നത്.

നിത്യകാലാരംഭം മുതൽ തന്നെ ക്രിസ്തു മഹത്വത്തിന്റെ കിരീടം ധരിച്ചിരുന്നു. കന്യകമറിയം അവന് വേറൊരു കിരീടം കൂടി നല്കിക്കൊടുത്തു — മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ കിരീടം. മാനുഷീക സ്വഭാവങ്ങളും മനുഷ്യന്റെ അനുഭവങ്ങളും നേരിട്ടറിയുന്നതിനുള്ള ഒരു അവസരം ആണ് അവൾ ദൈവത്തിനു നല്കിയത്.

രണ്ടാമത്തെ പ്രസ്താവന:- "ആത്മാവിന് എല്ലാം ആകുവാനുള്ള കഴിവ് ഉണ്ട്" എന്നതാണ്. ആത്മാവിന് മനസ്സിലാക്കുവാൻ കഴിയുന്നവയും അത്

ആത്മാർത്ഥമായി സ്നേഹിക്കയും വാഞ്ചിക്കയും ചെയ്യുന്നവയോട് താദാത്മ്യം പ്രാപിക്കുവാനുള്ള കഴിവ് ആത്മാവിനുണ്ട്.

ക്രിസ്ത്യാനികൾക്ക് അവരുടെ പരിമിതികൾ അറിയാം. അവരുടെ ആത്മാവ് തങ്ങളുടെ വ്യക്തിത്വത്തിൻെറകൂട്ടിൽ ബന്ധിക്കപ്പെട്ടിരിക്കയാണ് എന്ന് അവർക്ക് അറിയാം. എന്നിരുന്നാലും അന്ത്യത്തിൽ ദൈവത്തെ അവൻെറ പൂർണ്ണ രൂപത്തിൽ കാണുവാൻ അവർ വാഞ്ചിക്കുന്നു. നമ്മുടെ ആത്മാവിന് ഇതിനുള്ള കഴിവുണ്ട്. നാം നമ്മുടെ ലക്ഷ്യം പ്രാപിക്ക തന്നെ ചെയ്യും.

## ജൂലൈ 12

''ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ....നികൃഷ്ടമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു.'' (1കൊരിന്ത്യർ 1:27-28)

ദൈവം തന്നെ വെളിപ്പെടുത്തിക്കൊടുത്ത പല മനുഷ്യരിലും വച്ച് ഏററവും പാപിയായവരെയാണ് തിരഞ്ഞെടുത്തത്. തർസോസുകാരനായ ശൗൽ ഏററവും ദുഷ്ടനായ മനുഷ്യനായിരുന്നു. അവൻ സഭകളിൽ ഭയം പരത്തി പല വിശ്വാസികളേയും കൊലചെയ്തു, പലരേയും തങ്ങളുടെ വിശ്വാസം ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കയും ചെയ്തവനായിരുന്നു.

തെററു ചെയ്യുവാനുള്ള ശക്തിയെന്നാൽ നന്മ ചെയ്യുവാനുള്ള പ്രബലമായ ശക്തി തന്നെയാണ്. ഒരു സമയത്ത് നയാഗ്രാ വെള്ളച്ചാട്ടം അമേരിക്കൻ ഐക്യനാടുകളിലും കാനഡായിലും പല വിപത്തുകളുടേയും ഉറവിടമായിരുന്നു. അതിലെ വെള്ളപ്പൊക്കത്താൽ ഒരുപാടു സ്ഥലങ്ങളിലും കൃഷി നടത്തുവാൻ അസാദ്ധ്യമായിരുന്നു. ഒരിക്കൽ ഒരു മനുഷ്യൻ തീരുമാനിച്ചു: ''ഈ വെള്ളച്ചാട്ടത്തിന് നാശം ചെയ്യുവാനുള്ള കഴിവ് ഉണ്ടെങ്കിൽ അതേപോലെ തന്നെ നല്ലതു ചെയ്യുവാനും ഉള്ള കഴിവ് ഉണ്ട്.'' അതിനാൽ ഡാമുകൾ കെട്ടി ടെർബേനുകൾ സ്ഥാപിച്ചു. ഇന്ന് നയാഗ്രാ വെള്ളച്ചാട്ടം രണ്ടു രാജ്യങ്ങൾക്കും വിദ്യുച്ഛക്തി നല്കുന്നു.

വില്യം ബൂത്ത് ബ്രിട്ടനിൽ സുവിശേഷീകരണം നടത്തുവാൻ പററിയ ആളുകളെ പരതി. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ മിക്ക പാസ്ററന്മാരും വെറും തൊഴിലിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവരും വീണ്ടും ജനിക്കാത്തവരുമാണ്. ദൈവത്തിൻെറ മക്കളായവർ വളരെ സൗമ്യരും ദയാലുക്കളുമായതിനാൽ അവരുടെ ചുററുപാടുകിൽ സമൂല പരിവർത്തനം വരുത്തുവാൻ ഉതകുന്നവരല്ല. ഈ കാരണത്താൽ അദ്ദേഹം ജയിൽ പുള്ളികളായിരുന്നവരോട് അഭ്യർത്ഥിച്ചു. ഒരിക്കൽ മാനസാന്തരപ്പെട്ടാൽ അവർ രക്ഷയുടെ സൈന്യത്തിലെ യോദ്ധാക്കളും നേതാക്കളും ആയിത്തീരുകയും വൻ കാര്യങ്ങളെ പ്രവർത്തിക്കയും ചെയ്യും.

എബ്രായ ഭാഷയിൽ ('Kedeshah'' എന്ന വാക്കിന് വേശ്യ എന്നും വിശുദ്ധൻ എന്നും അർത്ഥമുണ്ട്. മഗ്ദലന മറിയ എന്നും കേഡേഷാ (Kedeshah)ആയിരുന്നു. ആദ്യം കുറവുള്ളവളും പിന്നീട് നേട്ടങ്ങളുള്ളവളും. പാപത്തിൽ അവൾ പാഴാക്കി കളഞ്ഞ സ്നേഹം ഇന്ന് രക്ഷകൻെറ മേലും മനുഷ്യരുടെ മേലും ധാരാളമായി ചൊരിയുന്നു.

ഏററവും ചീത്തയായ മനുഷ്യരെ തിരയുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ മനപരിവർത്തനത്തിന് നിങ്ങളാൽ കഴിയാവുന്നതു ചെയ്യുക. അവർ ഏററവും വലിയ അനുഗ്രഹങ്ങളായിത്തീരും.

നിങ്ങൾ അധമനാണെങ്കിൽ നിങ്ങളിൽ ഇത് പ്രാവർത്തികമാക്കുക.

## ജൂലൈ 13

"ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏററുപറഞ്ഞുകൊണ്ട് വിശ്വാസത്തിൽ മരിച്ചു." (എബ്രായർ 11:13)

അമേരിക്കൻ സുവിശേഷകനായിരുന്ന ജോൺ മോറിസൺ അനേക രാജ്യങ്ങളിൽ സുവിശേഷ പ്രസംഗം നടത്തി ആയിരക്കണക്കിനാളുകളെ രക്ഷയിലേക്കു കൊണ്ടുവന്നതിന് ശേഷം അമേരിക്കയിലേക്കു മടങ്ങുകയായിരുന്നു. അദ്ദേഹം സഞ്ചരിച്ചിരുന്ന കപ്പലിൽ ആഫ്രിക്കയിൽ വേട്ടയ്ക്കുപോയ ശേഷം മടങ്ങുന്ന അമേരിക്കൻ പ്രസിഡൻറ് റൂസ്വെൽററും ഉണ്ടായിരുന്നു.

കപ്പൽ ന്യൂയോർക്കിലെത്തിയപ്പോൾ ആയിരങ്ങൾ അഭിവാദ്യം മുഴക്കി. ആരെയാണ് അവർ അഭിവാദ്യം ചെയ്തത്? തീർച്ചയായും അവർ അഭിവാദ്യം ചെയ്തത് ആഫ്രിക്കൻ കാട്ടുപന്നികളെ വെടിവെയ്ക്കുവാൻ പോയ പ്രസിഡൻറിനെ ആയിരുന്നു; ആത്മാക്കളെ രക്ഷിക്കുവാനായി പരിശ്രമിച്ചവനെപററി ആർക്കും അറിയില്ലായിരുന്നു. ന്യൂയോർക്കിൽ നിന്നും അവർ ഒരേ ട്രെയിനിലാണ് യാത്രചെയ്തത്. റെയിൽവേ സ്റേറഷനിലും അനേകർ റൂവെൽററിനെ അഭിവാദ്യം ചെയ്തു. മോറിസണെ സ്വീകരിക്കുവാൻ ആരും ഉണ്ടായിരുന്നില്ല.

ഒരു സുവിശേഷപ്രവർത്തകനും മനുഷ്യനാണ്. അസൂയയും അതൃപ്തിയും തന്നിൽ നിറഞ്ഞുവരുന്നതായി മോറിസണ് മനസ്സിലായി. "വളരെ കഠിനമായ യാത്രയ്ക്കുശേഷം വീട്ടിലേക്കു മടങ്ങുന്ന എനിക്ക് ഇപ്രകാരമുള്ള ഒരു സ്വീകരണമാണോ ഒരുക്കിയിരുന്നത്?" അദ്ദേഹം മനസ്സിൽ വിചാരിച്ചു. ഒരു ദൈവീക ശബ്ദം അവനെ ഓർമ്മിപ്പിച്ചു: "നീ നിൻെറ വീട്ടിൽ എത്തിയിട്ടില്ല."

ഈ ലോകത്തിൽ അംഗീകാരം ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾ വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഇവിടെ ഉയർച്ച ആഗ്രഹിക്കുവാനില്ല. നാസികളുടെ ജർമ്മനിയിൽ ജനറൽ ഐസൻഹോവറിനും വിൻസ്ററൺ ചർച്ചിലിനും വമ്പിച്ച സ്വീകരണങ്ങൾ ലഭിച്ചിരുന്നു എങ്കിൽ അവരുടെ വില എന്താകുമായിരുന്നു.

യേശു പറഞ്ഞു: "സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്കു അയ്യോ കഷ്ടം" (ലൂക്കോസ് 6:26). ദൈവത്തെ വെറുക്കുന്ന ഈ ലോകത്തിന് നീ കാമ്യനായിരിക്കുന്നു എന്നതിൻെറ ഒരു അടയാളമായിരിക്കും അത്.

നമുക്ക് സ്വർഗ്ഗത്തിൽ നമ്മുടെ വലിയ പാരിതോഷികത്തിനായി കാത്തിരിക്കുക.

## ജൂലൈ 14

"ഈ ലോകത്തിന് അനുരൂപമാകാതെ..... " (റോമർ 12:2)

ലൂക്കോസിൻെറ സുവിശേഷം 7-ാം അദ്ധ്യായത്തിൽ പറയുന്നത് സ്നാപകനായ യോഹന്നാൻ തടവിലായിരുന്നപ്പോൾ അവന് യേശു തന്നെയോ മശിഹാ എന്ന് സംശയം ഉണ്ടായിരുന്നു എന്നാണ്. യേശു ലോകത്തിൻെറ പാപം ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാടാണ് എന്ന് അവൻ തന്നെ പ്രഖ്യാപിച്ചിട്ടും അവന് സംശയം തോന്നി. ജയിൽ വാസം സാധാരണയായി മനുഷ്യരുടെ ആത്മീയ ജീവിതത്തിന് മങ്ങൽ ഏല്പിക്കും.

യോഹന്നാൻ സംശയിക്കയും തൻെറ സംശയം അന്നേവരെ സംശയമില്ലാതിരുന്ന രണ്ടു ശിഷ്യന്മാരോട് പറയുകയും ചെയ്തു. യേശു രക്ഷകനാണ് എന്ന് അവർക്ക് അറിയാമായിരുന്നു. മററാരോ അവരുടെ ഹൃദയത്തിൽ സംശയത്തിൻെറ വിത്തുകൾ പാകിയതിനാൽ അവർ വളരെ ദൂരം യാത്രചെയ്ത് യേശുവിനോട് മറെറാരാളുടെ സംശയത്തെപററി പറയുന്നതിനും അവനെ ചോദ്യം ചെയ്യുന്നതിനുമായിപോയി. അവർ യേശുവിനോട് ഇതേപററി മററുള്ളവരുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞുകാണും. അങ്ങനെ സംശയത്തിൻെറ വിത്തുകൾ വിതറുകയും ചെയ്തു.

യേശു ഉത്തരം പറഞ്ഞത്: "ചെന്ന് അറിയിപ്പിൻ" (ലൂക്കോ. 7:22).

മററുള്ളവരുടെ തെററായ മനോഭാവം നിങ്ങളിലേക്കു പടരാൻ അനുവദിക്കാതിരിക്കുക. അവൻ ഒരു വലിയ പ്രവാചകൻ ആയിരുന്നാൽ കൂടി.

സൈബീരിയയിലെ കാടുകളിൽ ഉള്ള തടവു ക്യാമ്പുകളിൽ ഉണ്ടായിരുന്ന കന്യാസ്ത്രീകൾക്ക് മരം വെട്ടിയിടുന്ന ജോലി ചെയ്യേണ്ടിയിരുന്നു. അവിടെ നിന്നും കുറച്ചു ദൂരെയായി മററ് തടവുകാരുടെ ക്യാമ്പും ഉണ്ടായിരുന്നു. അവർക്കും ഈ ജോലി തന്നെയാണ് ചെയ്യേണ്ടിയിരുന്നത്. ഒരു രാത്രിയിൽ കന്യാസ്ത്രീകൾ എല്ലാവരും കൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടു.

"തുറക്കൂ....നിങ്ങൾക്ക് ദോഷം ഒന്നും സംഭവിക്കത്തില്ല" ഒരാളുടെ ശബ്ദം കേട്ടു. കന്യാസ്ത്രീകൾ കതകു തുറക്കുവാൻ കൂട്ടാക്കിയില്ല. "തുറക്കുക. അല്ലെങ്കിൽ ഞങ്ങൾ കതകു പൊളിക്കും." പലരുടെ ശബ്ദം കേട്ടു.

അവർ കതകു തുറന്നപ്പോൾ മഞ്ഞിൽ പൊതിഞ്ഞ കോട്ടു ധരിച്ച് ഇരുപതു പുരുഷന്മാർ അകത്തുകയറി. അതിൽ ഒരാൾ പറഞ്ഞു: "നിങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് ഞങ്ങൾ കേട്ടു. ഞങ്ങളോട് ദൈവത്തെപ്പററി പറഞ്ഞു തരിക. ഞങ്ങൾ പാസ്ററന്മാരെ കണ്ടിട്ടു മുപ്പതു വർഷമായി. ഞങ്ങളോട് എന്തെങ്കിലും പറയൂ."

ആ സന്ധ്യ മുതൽ ഈ തടവുമറിയിൽ തടവുകാർ ഒന്നിച്ചു കൂടി വരുന്ന ഒരു രഹസ്യ സഭയുടെ സ്ഥാനമായി. കന്യാസ്ത്രീകൾ വിശ്വാസത്തിൽ അവരെ നയിച്ചു. സുവിശേഷങ്ങളും മറന്നുപോയ പ്രാർത്ഥനകളും പഠിപ്പിക്കയും ചിലരെ സ്നാനപ്പെടുത്തുകയും ചെയ്തു. ഇതിനു പകരമായി ഇവർ കന്യാസ്ത്രീകളുടെ കഠിന ജോലികൾ ചെയ്തുകൊടുത്തു. അങ്ങനെ അവർക്കു

പ്രാർത്ഥിക്കുവാൻ കൂടുതൽ സമയം നല്കിക്കൊടുത്തു.

ഈ ആത്മാക്കൾ ഒരു ബോൾഷെവിക് ചുററുപാടിൽ നിന്നാണ് അവരുടെ വഴി തിരഞ്ഞെടുത്തത്. എന്തെല്ലാം പ്രയാസങ്ങൾ നിങ്ങളുടെ ചുററുപാടിൽ ഉണ്ടായാലും നിങ്ങളുടെ വഴിയേ പോകുക.

---

## ജൂലൈ 15

---

"അവൻെറ (യേശു) പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?.... സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു."

(2പത്രോസ് 3:4)

ആദിമ കാലത്ത് അവിശ്വാസികൾ ക്രിസ്ത്യാനികളെ വെല്ലുവിളിക്കുവാൻ ഈ വാക്യം ഉപയോഗിച്ചു വന്നിരുന്നു. ഇന്ന് അവർക്ക് അത് സാധിക്കയില്ല. ഈ പഴയ ലോകത്തിൽ ഇന്ന് തികച്ചും പുതിയ സംഭവ വികാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കയാണ്. മനുഷ്യൻ പരമാണുവിൻെറ കേന്ദ്രത്തെ കൃത്രിമമായി മാററിമറിക്കുവാൻ പഠിച്ചുകഴിഞ്ഞു. ഇന്ന് ഭൂമുഖത്തുള്ള ഓരോ മനുഷ്യനും 15 ടൺ എന്ന കണക്കിന് ബോംബുകൾ ശേഖരിച്ചു വയ്ക്കപ്പെട്ടിരിക്കുന്നു. മനുഷ്യ വർഗ്ഗത്തിൻെറ നാശം ഏതാനും മിനിററുകൾക്കുള്ളിൽ സാദ്ധ്യമാണ്. മനുഷ്യൻ ചന്ദ്രനിൽ നടക്കുന്നു. ഏകാധിപതികൾക്കും ധനമോഹികൾക്കും മനുഷ്യരുടെ മനസ്സ് മയക്കുമരുന്നുകളിലൂടെയോ, വാർത്താവിനിമയ മാദ്ധ്യമങ്ങളിൽ കൂടെയോ മാററിമറിക്കുവാൻ സാധിക്കുന്നു. ജനപ്പെരുപ്പം, ക്ഷാമങ്ങൾ മുതലായവ മുമ്പത്തേക്കാൾ വർദ്ധിച്ചിരിക്കുന്നു. പുരോഗതി പ്രാപിച്ച രാജ്യങ്ങളിലെ പട്ടണങ്ങളിൽ പരിസരമലിനീകരണം മൂലം വായു ശ്വസിക്കുവാൻ കൊള്ളാത്തതായി തീർന്നിരിക്കുന്നു. ക്രൈസ്തവ സംസ്കാരം പ്രചരിപ്പിച്ച വെള്ള നിറക്കാരുടെ കയ്യിൽ നിന്നും അധികാരം മാററപ്പെട്ടിരിക്കുന്നു. ഇന്ന് ദരിദ്രരാഷ്ട്രങ്ങളുടെ പ്രതിനിധികൾക്കാണ് ഐക്യരാഷ്ട്ര സംഘടനയിൽ ഭൂരിപക്ഷം. അവരിൽ പലരും കമ്മ്യൂണിസ്ററ് ചൈനയോ റഷ്യയോ നിർദ്ദേശിക്കുന്നതനുസരിച്ച് വോട്ടു ചെയ്യുന്നവരാണ്.

യിസ്രായേൽ എന്ന രാജ്യം ഒരു കറയററ സത്യമായിതീർന്നിരിക്കുന്നു. ദൈവം തൻെറ ജനത്തെ വിശുദ്ധനാട്ടിലേക്കു മടക്കിക്കൊണ്ടുവന്നിരിക്കുന്നു. ഇന്ന് യറുശലേം പട്ടണം മുഴുവൻ അവരുടെ കൈവശമാണ്. ഇതും അന്ത്യസമയങ്ങളുടെ ഒരു അടയാളമാണ്.

അന്തിക്രിസ്തുവിൻെറ ശക്തികൾ സഭയെ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കുറച്ചുകാലം മുമ്പ് നടത്തിയ ഒരു അഭിപ്രായവോട്ടെടുപ്പിൻെറ ഫലങ്ങൾ 'Capital Voice' എന്ന പ്രസിദ്ധീകരണത്തിൻെറ 1974-ആഗസ്ററ് 1-ാം തീയതിയിലെ ലക്കത്തിൽ കൊടുത്തിരുന്നു. "അമേരിക്കയിലെ മെഥഡിസ്ററ് പുരോഹിതന്മാരിൽ 51% യേശുവിൻെറ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നില്ല; 60% അവൻെറ കന്യകയിലുള്ള ജനനത്തിൽ വിശ്വസിക്കുന്നില്ല; 62% സാത്താൻ ഉണ്ട് എന്ന് വിശ്വസിക്കുന്നില്ല.

എപ്പിസ്കോപ്പലിയൻ സഭയുടെ പട്ടക്കാരിൽ 89% വേദപുസ്തകം ദൈവവചനമാണ് എന്ന് വിശ്വസിക്കുന്നില്ല; അതിൽ സത്യം ഒന്നും ഇല്ല എന്നാണ് അവരുടെ വിശ്വാസം.'' ഇതെല്ലാം അന്ത്യകാലത്തിന്റെ അടയാളങ്ങളാണ്. ''മ്ലേച്ഛതയുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും'' (ദാനിയേൽ 9:27).

ഇവ ഒക്കെയും കർത്താവിന്റെ വരവിന്റെ അടയാളങ്ങളാണ്. യാതൊന്നും തന്നെ ഇപ്പോൾ ആദ്യം മുതല്ക്കേ ആയിരുന്ന പ്രകാരം അല്ല. ''എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും'' (മത്തായി 24:13).

---

## ജൂലൈ 16

---

**''ഈ വാക്കുകളെ നിങ്ങളോട് പറഞ്ഞ ആളുടെ വേഷം എന്ത്?''**
**(2 രാജാക്കന്മാർ 1:7)**

**യിസ്രായേൽ രാജാവായിരുന്ന അഹസ്യാവിനു ഒരു ദൂത് ഏലിയാവ് പറഞ്ഞയച്ചപ്പോൾ രാജാവ് ദൂതിനെ പററിയല്ല ഭൃത്യന്മാരോട് ചോദിച്ചത് പിന്നെയോ മുകളിലത്തെ ചോദ്യമാണ് ഉന്നയിച്ചത്. ഒരു ദൂതിന്റെ മൂല്യം ദൂതന്റെ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു. ''സമ്പന്നന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം'' (ലൂക്കോസ് 6:24). ഇത് ആധാരമാക്കി ഒരു പ്രസംഗം നടത്തുന്നവൻ ധനികനാകുവാൻ ആഗ്രഹിക്കുന്നവനാണെങ്കിൽ ആ പ്രസംഗം കൊണ്ട് യാതൊരു അർത്ഥവുമില്ല.**

**ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികൾ നേർവഴിയിൽ കൂടി സഞ്ചരിച്ചവർ ആയിരുന്നു.**

**നഗ്നരാക്കപ്പെട്ട് നാലുവളയങ്ങളിൽ കൈകാലുകൾ ബന്ധിച്ച് തൂക്കപ്പെട്ട് മാരകായുധങ്ങളാൽ അവർ ആക്രമിക്കപ്പെട്ടു. അവർ ഈ പീഢനം സഹിച്ചതല്ലാതെ ക്രിസ്തുവിനെ തള്ളിപ്പറയുകയോ, തങ്ങളുടെ സഹോദരങ്ങൾ എപ്പോൾ എവിടെ പ്രാർത്ഥനക്കായി കൂടി ചേരുന്നു എന്ന് ഒററിക്കൊടുക്കുകയോ ചെയ്തില്ല.**

പീഢനങ്ങളുടെ നൂററാണ്ടുകളിൽ നമ്മുടെ സഹോദരങ്ങൾ സഹിച്ച പീഢനങ്ങൾ മനുഷ്യരാൽ നിർമ്മിതമായ ഒരു മെഷീനുപോലും പിടിച്ചു നില്ക്കാനാവില്ല. വേണ്ടത്ര ആഹാരം ലഭിക്കാതെ ശോഷിച്ച അവരുടെ ശരീരങ്ങൾ അമിതാഹാരം കഴിച്ച് തടിച്ച ഗുസ്തിക്കാരുടെ ശരീരങ്ങളേക്കാൾ മെച്ചമായി പ്രതികരിച്ചു. ഇതിന്റെ കാരണം അവർ നല്ല മനുഷ്യരായിരുന്നു എന്നതായിരുന്നു.

കഷ്ടപ്പാടുകളിൽ അവർക്ക് തങ്ങളുടെ അനുകമ്പതോന്നുന്നതിന് പകരം അവരുടെ പീഢകരോടാണ് അനുകമ്പ തോന്നിയത്. അവരെ അടിക്കുകയോ പഴിക്കുകയോ ചെയ്യുന്നവരിൽ പോലും അവർ കൃപയുടെ മാലാഖമാരെ കണ്ടു. ഈ അപമാനങ്ങളിൽ കൂടി അവർ വരുവാനിരിക്കുന്ന രാജ്യത്തിലേക്കു ശുദ്ധീകരിക്കപ്പെട്ടു.

നമുക്ക് പുതിയ വേദശാസ്ത്രം ഒന്നും വേണ്ട. പിന്നെയോ ഈ പഴയ ക്രിസ്ത്യാനികളുടെ വർഗ്ഗത്തെ മാത്രമേ ആവശ്യമുള്ളൂ.

നാം നല്കുന്ന ക്രിസ്തീയ സന്ദേശത്തിൻെറ വിശ്വാസ യോഗ്യത തെളിയിക്കുവാൻ ഉതകുന്നവരാകരുതോ? ഏലിയാവിൻെറ പുറമേയുള്ള ആകാരം, ലളിതമായ വസ്ത്രധാരണം ഇവ എല്ലാം അവൻ പറഞ്ഞതിൻെറ ആത്മാർത്ഥതയെ വെളിവാക്കുന്നു.

---

## ജൂലൈ 17

---

"ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ." (സങ്കീ. 90:12)

അഗസ്ററിൻ തൻെറ 'Confession' എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:- "ആരും എന്നോട് സമയത്തെപ്പററി ചോദിക്കുന്നില്ല എങ്കിൽ അത് എന്താണ് എന്ന് എനിക്കറിയാം; പക്ഷേ ആരെങ്കിലും ചോദിച്ചാൽ എന്താണ് മറുപടി പറയേണ്ടത് എന്ന് എനിക്കറിയില്ല." "പ്രകൃതിയുടെ ഏററവും സുപ്രധാനമായതും അപരിചിതവുമായ സ്വഭാവമാണ് സമയം" എന്നാണ് റഷ്യൻ ജോതി ശാസ്ത്രജ്ഞനായ കോസിയേറഫ് പറഞ്ഞിരിക്കുന്നത്.

സമയത്തിൻെറ തത്വശാസ്ത്രത്തെപ്പററി പ്രതിപാദിക്കുവാനല്ല ഞാൻ ഉദ്ദേശിക്കുന്നത്. മനുഷ്യനെ തലമുറകളായി തിരിക്കുന്നതും മനുഷ്യനും അവൻെറ സന്തതികൾക്കും ഇഴയിൽ വിടവ് സൃഷ്ടിക്കുന്നതും സമയം ആണ്. മക്കൾ മാതാപിതാക്കളെ പഴയതും, പ്രസക്തിയില്ലാത്തതും, ഫാഷൻ കഴിഞ്ഞതും ഇന്ന് വിലയില്ലാത്ത ഒരു സദാചാരനിയമ സംഹിതയോട് പൊള്ളയായ വിശ്വസ്തത പാലിക്കുന്നവരും ആയി കാണുന്നു. അതിനാൽ ഫ്രോബിൻെറ അഭിപ്രായം "ലോകത്തിലെ ഏററവും ദുർഘടമായ ഒരു ജോലിയാണ് മാതാപിതാക്കൾ ആയിരിക്കുക എന്നത്" ശരിയാണ്.

വേദപുസ്തക പ്രകാരം തങ്ങൾക്ക് അവകാശപ്പെട്ട ബഹുമതിക്ക് അർഹരല്ലാത്തവരാണ് ചില മാതാപിതാക്കൾ. അമേരിക്കയിലെ കൊലപാതകി ആയിരുന്ന മാൻസൺ പതിനാറു വയസ്സുകാരിയായ ഒരു വേശ്യയുടെ മകനായിരുന്നു. ഗർഭഛിദ്രം നടത്തുവാനുള്ള പണം ഇല്ലാഞ്ഞതിനാലാണ് അവൾ അവന് ജന്മം നല്കിയത്. അവനെ പ്രസവിച്ച് കഴിഞ്ഞ് അവൾ ജയിലിലായി. അവനെ ചില ബന്ധുക്കളുടെ മേൽനോട്ടത്തിലാക്കി. അവർ അവന് ആവശ്യത്തിനൊന്നും കൊടുക്കാതെ വളരെ മർദ്ദിച്ചാണ് വളർത്തിയത്. പതിനാലു വയസ്സുമുതൽ മേൻസൺ ദുർഗുണ പരിഹാര ശാലകളിലും ജയിലുകളിലുമായാണ് വളർന്നത്.

ബഹുമാന്യരും ദൈവഭക്തരുമായ ചില മാതാപിതാക്കൾക്ക് അവരുടെ മക്കൾ "മുതലാളിത്ത വ്യവസ്ഥിതിയുടെ പന്നികൾ" എന്ന ബഹുമതി നല്കിയിട്ടുണ്ട്. ഇതു വളരെ ചുരുക്കമായേ ഉണ്ടായിട്ടുള്ളൂ. അതുപോലെ കടന്ന കയ്യാണ് കുമാരീകുമാരന്മാരുടെ ഇടയിലുള്ള ആത്മഹത്യകളും. ഇത് കഴിഞ്ഞ

20 വർഷങ്ങളിൽ 250% വർദ്ധിച്ചിട്ടുണ്ട്. ഇവക്കിടയിലായി തങ്ങളുടെ മാതാപിതാക്കളിൽ തൃപ്തിയില്ലാത്തവരായ ബഹുശതം യുവാക്കളും ഉണ്ട്.

സമയം പെട്ടെന്നു കടന്നു പോകുന്നു എന്നും ഒരു പുതിയ തലമുറ കടന്നുവരുന്നു എന്നും മറന്നുപോകുന്ന മാതാപിതാക്കൾക്കാണ് കുട്ടികളുടെ പ്രശ്നങ്ങൾ എന്ന പ്രശ്നം ഉണ്ടാകുന്നത് എന്ന് നാം ഓർത്തിരിക്കേണ്ടതാണ്. കുട്ടികൾക്ക് വളരെ സമൃദ്ധമായ ഒരു ഭൗതീക ജീവിതം നല്കുന്നതുകൊണ്ട് മാത്രമായില്ല. വിശുദ്ധമായ ജീവിതവും ബുദ്ധിപൂർവ്വമായ വിദ്യാഭ്യാസവും സമ്മിശ്രമായ ഒരു ഉദാഹരണമാണ് അവർക്കു നല്കേണ്ടിയിരിക്കുന്നത്.

---

## ജൂലൈ 18

---

"നീ തന്നെ.... മാതൃകയായി കാണിക്ക." (തിത്തോസ് 2:7)

വൈദീക പട്ടത്തിനുള്ള അപേക്ഷാർത്ഥിയായ ഒരുവൻ ബിഷപ്പിൻേറയും തിരഞ്ഞെടുപ്പു കമ്മററിയുടെയും മുമ്പാകെ ഹാജരാക്കപ്പെട്ടു. അവന് നല്ല യോഗ്യതാ പത്രങ്ങളും വേദശാസ്ത്രത്തിൽ ഉയർന്ന മാർക്കും ഉണ്ടായിരുന്നു. അവൻ എല്ലാ പള്ളിപ്രവർത്തനങ്ങളിലും പങ്കെടുത്തിരുന്നു എന്ന് അവൻെറ പള്ളിയിലെ പട്ടക്കാരനും സ്ഥിരീകരിച്ചു.

ദൈവതുല്യനായ ബിഷപ്പ് ഒന്നാം നൂററാണ്ടിലെ ദൈവീക പട്ടത്തിന് അർഹരോട് ചോദിച്ചിരുന്ന ചില ചോദ്യങ്ങൾ ചോദിച്ചു "ലാഭം പോലെ നഷ്ടവും നിങ്ങൾ സ്വീകരിക്കുമോ? നിങ്ങളുടെ ബന്ധുക്കളെപ്പോലെ വിദേശീയരെ സ്നേഹിക്കുമോ? നിങ്ങൾ രോഗവും—ആരോഗ്യവും, സ്വാതന്ത്ര്യവും, തടവും, അടിയും, തലോടലും, എതിർപ്പും, അംഗീകാരവും എല്ലാം ഒരേ സന്തോഷത്തോട് സ്വീകരിക്കുമോ?"

അപേക്ഷാർത്ഥി ഉത്തരം പറഞ്ഞു: "ഇല്ല." "എന്നാൽ പോയി കുറച്ചുകൂടി പഠിക്കുക." ബിഷപ്പ് പറഞ്ഞു.

പല പുരോഹിതന്മാരും വേദപുസ്തകം പഠിപ്പിക്കുവാനും വ്യാഖ്യാനിക്കാനുമാണ് തങ്ങളെ വിളിച്ചിരിക്കുന്നത് എന്നാണ് വിശ്വസിക്കുന്നത്. ഇത് രണ്ടാമത്തെ കർത്തവ്യം മാത്രമാണ്. യേശു പറഞ്ഞു: "ഞാൻ ന്യായ പ്രമാണത്തെയോ, പ്രവാചകന്മാരേയോ..... നീക്കുവാനല്ല നിവർത്തിപ്പാനത്രെ വന്നതു" (മത്തായി 5:17). മററുവർ ഉപദേശിച്ചത് യേശു നിവർത്തിച്ചു.

പ്രാസംഗികനായ ഒരു പുരോഹിതനു പകരം ദൈവഹിതം നിവർത്തിക്കുന്ന ഒരു പുരോഹിതനെ അന്വേഷിക്കുക.

# ജൂലൈ 19

"കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിൻെറ നാശം വരുന്നു."
(1തെസ്സലോനിക്യർ 5:2)

റഷ്യയിലെ മുൻ ഭരണാധികാരിയായിരുന്ന ലിയോനിഡ് ബ്രഷ്നേവ് തൻെറ മാതാവിനെ മോസ്കോയിലുള്ള ബംഗ്ളാവും, സുസജ്ജീകൃതമായ ഓഫീസും, കാഡിലാക് കാറും, കരിങ്കടൽക്കരയിലുള്ള സുഖവാസത്തിനുള്ള ബംഗ്ളാവും ഒക്കെ കാണിച്ചു കൊടുത്തു. "അമ്മയ്ക്കു തൃപ്തിയായോ" അദ്ദേഹം ചോദിച്ചു.

അവർ മറുപടി പറഞ്ഞു: "മകനേ, നിനക്ക് ഇത്രയും സമ്പത്തുണ്ട് എന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. പക്ഷേ കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വരികയാണെങ്കിൽ എന്തുചെയ്യും? അവർ നീചരാണ് അവർ ധനികരെ വെറുക്കുകയും സമ്പത്ത് എല്ലാവർക്കും തുല്യമായി പങ്കിടണമെന്ന് ശഠിക്കയും ചെയ്യുന്നു."

കമ്മ്യൂണിസ്ററ് നേതാക്കളുടെ ഉപദേശങ്ങളും ജീവിതരീതിയും തമ്മിലുള്ള അന്തരം ഹാസ്യജനകമാണ്.

ഈ ഫലിതോക്തി നമുക്കു നേരേയും പ്രയോഗിക്കപ്പെടാവുന്നതാണ്. നാം ജീവിക്കുന്ന ചുററുപാടുകൾ ഒരു ദൈവ ഭക്തയായ മാതാവിനെ കാണിച്ചുകൊടുക്കുന്നതായി ചിന്തിക്കുക. അവർ നമ്മോട് ചോദിക്കും "എല്ലാം കൊള്ളാം. പക്ഷേ യേശു വീണ്ടും വരുമ്പോൾ അതിൻെറ സ്ഥിതി എന്താകും?"

യേശു റോമിലേക്കു വന്നതായി ഒരു കഥയുണ്ട്. കൈയിൽ തോക്കുകളുമായി പട്ടാളം റോന്തുചുററിക്കൊണ്ടിരിക്കുന്നു. അവർ ക്രിസ്ത്യാനികളാണോ എന്ന് അവൻ അവരോട് ചോദിച്ചു. എല്ലാവരും തലകുലുക്കി. യേശു പറഞ്ഞു: "എൻെറ ശിഷ്യന്മാർ ആരോടും ഒരു വാക്കു പോലും കഠിനമായി പറയരുത് എന്നാണല്ലോ ഞാൻ പഠിപ്പിച്ചത്. ക്രിസ്ത്യാനികൾ ആയുധങ്ങൾ എടുക്കും എന്ന് ഞാൻ ഒരിക്കലും വിചാരിച്ചില്ല."

കടകൾക്കു മുമ്പിലുള്ള പരസ്യങ്ങൾ അവൻ കണ്ടു. "ഏററവും നല്ല ചെരുപ്പ് ഇവിടെ കിട്ടും." "ഏററവും നല്ല കാറുകൾ ഇവിടെ വില്ക്കപ്പെടും." യേശു കടയിൽ കയറിചെന്നു പറഞ്ഞു: "ഓരോരുത്തനും മററുള്ളവരുടെ മാനം സ്വന്തം അഭിമാനത്തിനു മുമ്പിലായി കരുതണം എന്നാണല്ലോ ഞാൻ പഠിപ്പിച്ചിരുന്നത്. നിങ്ങളുടെ എതിരാളികളുടെ സാധനങ്ങൾ നിങ്ങൾ എന്തുകൊണ്ട് പ്രചരിപ്പിക്കുന്നില്ല?"

അവൻ വേശ്യകളേയും കണ്ടു. അവരെല്ലാവരും മാമ്മോദീസ കൈക്കൊണ്ട ക്രിസ്ത്യാനികൾ ആയിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളിൽ അംഗങ്ങളായി വിഘടിച്ചു നില്ക്കുന്ന ക്രിസ്ത്യാനികളെ അവൻ കണ്ടു. ഒരു കത്തോലിക്കാ പള്ളിയും, ഒരു ബാപ്ററിസ്ററ് പള്ളിയും ഒരു ലൂഥറൻ പള്ളിയും അവൻ കണ്ടു. ഇതിലേതാണ് തൻെറ സഭ എന്ന് അവൻ അന്തിച്ചു നിന്നു.

അവൻ പോപ്പിനെ സന്ദർശിക്കുവാനാഗ്രഹിച്ചു. പക്ഷേ അവന് ഒരു സന്ദർശനം അനുവദിച്ചില്ല. അതിനാൽ വത്തിക്കാനിലെ സ്വിസ്സ് ഗാർഡുകളുടെ

കണ്ണുവെട്ടിച്ച് അവൻ അകത്തു കടന്നു. യേശു വളരെ ബഹുമാന്യനായിട്ടല്ല വേഷധാരണം ചെയ്തിരുന്നത്. പോപ്പിന്റെ അടുത്തുചെല്ലുമ്പോൾ പോപ്പിനെ "പരിശുദ്ധപിതാവേ" എന്ന് സംബോധന ചെയ്യണം എന്ന് അവനോട് ആവശ്യപ്പെട്ടു. യേശു മറുപടി പറഞ്ഞു: "അതു ദൈവത്തിനു മാത്രമുള്ള സംബോധനയാണ് എന്നാണല്ലോ ഞാൻ കരുതിയിരുന്നത്."

നിന്റെ ജീവിത നിലവാരം എന്താണ്? അതിന്റെ ധാർമ്മികവും ആത്മീകവുമായ നിലവാരം എങ്ങനെയുണ്ട്? എല്ലാം ഇപ്പോൾ കുററമററതായി തോന്നാം—പക്ഷേ യേശു തിരികെ വന്നാൽ?

## ജൂലൈ 20

"അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു."

(2 കൊരിന്ത്യർ 3:6)

വേദപുസ്തകത്തിലെ വാക്കുകൾ പ്രചോദനം നല്കുന്നവയാണ്. ഇതിലെ ഓരോ വാക്കും ദൈവത്തിൽ നിന്നും ലഭിച്ചവയാണ്. നാം വാക്കുകളിൽ തൃപ്തിയായാൽ മാത്രം പോരാ പിന്നെ അവയുടെ പ്രധാന ഉദ്ദേശം നേടുവാൻ ആത്മാക്കളെ രക്ഷയിലേക്കു നയിക്കുവാൻ അവ ഉപയോഗിക്കേണം എന്ന് മനസ്സിലാക്കാം.

ആമോസ് 9:11-ൽ നാം വായിക്കുന്നത് "അവർ ഏദോമിൽ ശേഷിച്ചിരിക്കുന്നവരുടേയും എന്റെ നാമം വിളിക്കപ്പെടുന്ന സകല ജാതികളുടേയും ദേശത്തെ കൈവശമാക്കേണ്ടതിന് വീണുപോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവർത്തുകയും അതിന്റെ പിളർപ്പുകളെ അടെക്കയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതനകാലത്തിൽ എന്നപോലെ പണിയുകയും ചെയ്യും എന്നാകുന്നു ഇത് അനുഷ്ഠിക്കുന്ന യഹോവയുടെ അരുളപ്പാട്" ഈ വാക്യം അന്യജാതിക്കാരായ മനുഷ്യരുടെ മേൽ യഹൂദന്മാർക്കുള്ള ആത്മീകമായ അധികാരത്തെപ്പററി പ്രവചിക്കുന്നു.

അന്യജാതികളോട് യഹൂദന്മാർക്കുള്ള അധികാരത്തെപ്പററി ആദ്യമേതന്നെ പറയുന്നത് സഹായകരമല്ലാത്തതിനാൽ പത്രോസ് ആമോസിനെ ഉദ്ധരിക്കുന്നതിൽ അല്പം വ്യത്യാസം വരുത്തുന്നു. "ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും..... എന്റെ നാമം വിളിച്ചപേക്ഷിക്കുന്ന സകലജാതികളും കർത്താവിനെ അന്വേഷിക്കും" (അപ്പൊ. പ്രവർത്തികൾ 15:16-17). ഈ രണ്ടു ഭാഗങ്ങളും വായിക്കുക. അതിന്റെ ആശയം പൂർണ്ണമായി മാറി ഇവിടെ പ്രവചനം ജാതികൾ സ്വമേധയാ കർത്താവിനെ അന്വേഷിക്കും എന്നായി. ഇത് അവർക്ക് സ്വീകാര്യമായിരുന്നു.

പുറപ്പാട് പുസ്തകം 34:35-ൽ വായിക്കുന്നത് ദൈവത്തിങ്കൽ നിന്ന് പത്തു കല്പനകൾ എഴുതിയ പലക ലഭിച്ച ശേഷം മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിപ്പിച്ചതുകൊണ്ട് അവൻ മൂടുപടം ഇട്ടു എന്നാണ്. ദൈവത്തിന്റെ വെളിപ്പാടുണ്ടായ പൗലോസിനെ ഇത് അല്പം താഴ്ത്തിക്കളയും എന്നതിനാൽ അവർ ഇത് വേറൊരു വിധത്തിൽ വിവരിക്കുന്നു "നീങ്ങിപ്പോകുന്നതിന്റെ അന്തം

യിസ്രായേൽ മക്കാം കാണാതവണ്ണം മോശ തന്റെ മുഖത്ത് മൂടു പടം ഇട്ടതുപോലെ അല്ല'' (2കൊരിന്ത്യർ 3:13).

ഉദ്ദേശത്തിനാണ് മുൻതൂക്കം നല്കുക—എങ്ങനെയാണെങ്കിലും ആത്മാവ് രക്ഷിക്കപ്പെടണം. ചിലർക്ക് ഉറച്ച ആചാരാനുഷ്ഠാനങ്ങാം സഹായകമാകാം. മററുചിലർക്ക് ലളിതമായ ആരാധനയും, ഒരു പട്ടക്കാരനോ ഒരു പ്രത്യേക മതവിഭാഗമോ ആകാം. ചിലർക്ക് വേദപുസ്തകത്തിന്റെ ഒരു പ്രത്യേക വ്യാഖ്യാനമായിരിക്കാം സഹായകമാകുന്നത്. എന്നാൽ പ്രധാനമായത് വാക്കുകളുടേയോ, ആചാര രീതികളുടേയോ വിശ്വാസമല്ല പിന്നെയോ ഏതുവിധത്തിലും ചിലരെ രക്ഷിക്കണം (1കൊരിന്ത്യർ 9:22) എന്ന ലക്ഷ്യമാണ്.

---

## ജൂലൈ 21

---

''എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും.''

(മത്തായി 24:9)

വെറുക്കപ്പെടാത്തവരായ ക്രിസ്ത്യാനികാം ഉണ്ടെങ്കിൽ അവർക്ക് എന്തോ തകരാറുണ്ടെന്നു വേണം കരുതേണ്ടത്. സുപ്രസിദ്ധ നോർവീജിയൻ നാടകകൃത്തായ ഹെൻറിക് ഇബ്സൺ പത്തൊൻപതാം നൂററാണ്ടിലെ ഏററവും തഴയപ്പെട്ട കലാകാരനായിരുന്നു. നാം ചെയ്യേണ്ടതായ കാര്യങ്ങാം അദ്ദേഹം ചെയ്തതിനാലാണ് അങ്ങനെ സംഭവിച്ചത്. നിഷിദ്ധമായി കരുതപ്പെട്ടിരുന്ന വിഷയങ്ങളെ പരസ്യമാക്കുകയും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ജനതയ്ക്ക് അരോചകമായിരുന്ന വിചാരധാരകാംക്കായി നിലകൊള്ളുകയും ചെയ്തു എന്നതായിരുന്നു അദ്ദേഹത്തിന്റെ കുററം. മനസാക്ഷിയെ സംബന്ധിച്ചിടത്തോളം മനുഷ്യൻ ഉറച്ച ഒരു നിലപാട് സ്വീകരിക്കേണ്ടതാണ് എന്നും അക്കാര്യത്തിൽ യാതൊരു ഒത്തുതീർപ്പിനും തുനിയരുത് എന്നും ആയിരുന്നു അദ്ദേഹത്തിന്റെ സുപ്രധാനമായ സന്ദേശം.

ഇക്കാരണത്താൽ അദ്ദേഹത്തിനും കുടുംബത്തിനും വളരെ കഷ്ടതകാം സഹിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ 'The Enemy of the People' എന്ന നാടകത്തിൽ ഒരു നടനെക്കൊണ്ട് അദ്ദേഹം ഇപ്രകാരം പറയിപ്പിക്കുന്നു ''നീ ഒരു ഭ്രാന്തനാണ്; നീ അഹങ്കാരത്താൽ മത്തുപിടിച്ചിരിക്കുന്നു. മനുഷ്യത്വപരമായ ആദർശങ്ങാം പറഞ്ഞ് ഒഴികഴിവുകാം കണ്ടെത്തേണ്ട. സ്വന്തം കുടുംബത്തെ ആജീവനാന്തം അപമാനത്തിലേക്കു തള്ളിക്കളയുന്ന ഏവനും ഹൃദയത്തിൽ ഒരു ചെകുത്താനാണ്; സ്വന്തം ഭാര്യയേയും മക്കളേയുംകാാം പൊതു താല്പര്യത്തെ കരുതുന്ന ചെകുത്താൻ!'' നാടകകൃത്തിന് സ്വന്തം അനുഭവത്തിൽ കോംക്കേണ്ടിവന്ന ആരോപണം ആയിരിക്കണം ഇത്!

ക്രിസ്തുവിനായി കാരാഗൃഹങ്ങളിൽ കഷ്ടത അനുഭവിക്കേണ്ടിവരുന്ന നമ്മുടെ കാലഘട്ടത്തിലെ വിശ്വാസികാംക്കും ഇതുപോലെയുള്ള ആരോപണങ്ങളെ നേരിടേണ്ടിവരുന്നു.

ഇതിന് ഇസ്ബന്റെ പ്രതികരണം വളരെ ലളിതമായിരുന്നു. അദ്ദേഹം

എഴുതി "ഒരു കൊടുങ്കാററിൽ ഓർക്കേണ്ടതായി ഒന്നു മാത്രമേയുള്ളൂ.......ഇത് കടന്നുപോകും. പലരും ചില കാര്യങ്ങാം അറിയുന്നതിനു മുമ്പായി ഓരോരുത്തരും അത് അറിയേണ്ടതുണ്ട്, ഭൂരിപക്ഷം എപ്പോഴും തെററായി സംഗതികാം മനസ്സിലാക്കുന്നു. ഭൂരിപക്ഷത്തിൻെറ അഭിപ്രായഃ ശരിയാണ് എന്ന പരമ്പരാഗതമായ തെററിദ്ധാരണയോട് യോജിക്കുവാൻ എനിക്കു സാദ്ധ്യമല്ല."

തൻെറ ഒരു പ്രധാന കഥാപാത്രത്തിനു നേരെ കോപാക്രാന്തരായ ജനക്കൂട്ടം കല്ലേറുനടത്തിയപ്പോാം ഡോ. സ്റേറാക്മാൻ ഇപ്രകാരം പറഞ്ഞു: "ഈ കല്ലുകാം വിശുദ്ധ വസ്തുക്കളായി കരുതി ഞാൻ സൂക്ഷിച്ചു വെയ്ക്കും."

ശക്തനായവൻ ഏകാന്തജീവിതം നയിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു.

പൊതുജനാഭിപ്രായത്തെ നേരിടുവാൻ നമുക്ക് പഠിക്കാം. യേശു ഒരിക്കലും ജനകൂട്ടത്തിൻെറ അന്ധതയ്ക്കു വഴങ്ങിക്കൊടുത്തില്ല. അവൻ പ്രകാശം ആകുന്നു. അവൻ പ്രഭാവത്തിനിരയാകുന്നില്ല. പ്രഭാവം പ്രചരിപ്പിക്കുന്നു. അവൻ വെറുക്കപ്പെട്ടു. പക്ഷേ അവൻ അത് ശിരസ്സാവഹിച്ചതിനാൽ മരണംവരെയും അവനെ സ്നേഹിക്കുന്നവരായ വിശ്വാസികളുടെ ഒരു സമൂഹത്തെ അവൻ നേടിയെടുത്തു.

## ജൂലൈ 22

"വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടുക." (യൂദാ:3)

നെൽസൺ തൻെറ കൗമാരത്തിൽ ഒരു സാഹസിക യാത്ര കഴിഞ്ഞ് തിരിച്ചു വീട്ടിൽ വന്നപ്പോാം തൻെറ ആൻറി രാത്രിയിൽ വളരെ വൈകി എന്ന് കുററപ്പെടുത്തി. അവർ പറഞ്ഞു: "ഭയം നിന്നെ വീട്ടിൽ വരുവാൻ പ്രേരിപ്പിച്ചില്ലല്ലോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു." "ഭയമോ, എനിക്ക് അവനെ അറിഞ്ഞുകൂടാ" നെൽസ്ൺ മറുപടി പറഞ്ഞു.

സംഘർഷമെന്ന ഭയത്തെപ്പററി നമുക്ക് അറിയില്ല. ബ്രിട്ടനിലെ വിഖ്യാതനായ ബാപ്റ്റിസ്ററ് ഉപദേശി സ്പേഗൻ ആ രാജ്യത്ത് വർദ്ധിച്ചു വരുന്ന മതനിന്ദയെ കണ്ട് അമ്പരന്നു. അദ്ദേഹം ബാപ്റ്റിസ്ററു യൂണിയൻ ഉപേക്ഷിച്ച് വിജയം പ്രതീക്ഷിക്കാതെ വേദപുസ്തകവിശ്വാസത്തിനുവേണ്ടി പോരാടുവാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: "അടുത്ത 50 വർഷത്തേയ്ക്കു പട്ടികാംക്ക് എന്നെ ഭക്ഷിക്കുവാൻ നല്കുന്നതിന് എനിക്ക് മനസ്സാണ്. പക്ഷേ ഭാവിയിൽ എൻെറ വാദം സ്ഥാപിക്കപ്പെടും."

നിന്ദാജനകവും ഹീനവുമായ പേരുകാം അദ്ദേഹത്തിന് നല്കപ്പെട്ടു. അദ്ദേഹം തൻെറ എതിരാളികളോട് പറഞ്ഞത് അവരോടുള്ള വെറുപ്പ് പ്രകടിപ്പിക്കുവാൻ പററിയ ഭാഷ ഇല്ലാത്തതിനാൽ അദ്ദേഹം മൗനമായിരിക്കുന്നു എന്നാണ്.

അദ്ദേഹം യാതൊരു വിധമായ സഹിഷ്ണതയ്ക്കും ആഗ്രഹിച്ചില്ല. അദ്ദേഹം പൂർണ്ണമായ സമർപ്പണം ആണ് ആവശ്യപ്പെട്ടത്. അദ്ദേഹത്തിൻെറ

സന്ദേശം ദൈവത്തിൽ നിന്നുള്ളതാണ് എന്ന് അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നു.

ഒരു ഗ്രാമത്തിലെ കറുത്ത വർഗ്ഗക്കാരനായ ഉപദേശി കോഴികളെ മോഷ്ടിക്കരുത് എന്ന് ഉപദേശിക്കുന്നത് ഒഴിവാക്കി കാരണം അത് സാഹോദര്യസ്നേഹത്തെ ഭംഗപ്പെടുത്തും എന്നാണ്. ഒരിക്കൽ ഒരു പാസ്ററർ ഹെരോദാവ് തൻെറ സഹോദരൻെറ ഭാര്യയെ സ്വീകരിച്ച്പാപത്തെപ്പററി പ്രസംഗിച്ചതിന് എന്നെ കുററപ്പെടുത്തി. ഇത് ആ സഭയുടെ ഏററവും ധനികനായ അംഗത്തിൻെറ പാപമായിരുന്നു. പാസ്ററർ ഈ വ്യക്തിയുടെ സംഭാവനകൾ നഷ്ടപ്പെടുത്തുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല.

വലിയ കലഹങ്ങൾ ഉണ്ടാകുന്നത് അപകടമാണെങ്കിലും സഭയിലേയും മിഷൻ പ്രവർത്തനത്തിലേയും ഇതേപോലെയുള്ള ഒത്തുതീർപ്പ് തത്വങ്ങൾക്കെതിരായി നാം പോരാടണം.

ക്രിസ്തുവിൻെറ തത്വങ്ങളെ ഒററക്കൊടുക്കുന്നവൻ ഒരിക്കലും നമ്മുടെ കൂട്ടുകാരൻ ആകയില്ല.

---

## ജൂലൈ 23

---

''എൻെറ പ്രിയൻ എനിക്കുള്ളവൻ.'' (ഉത്തമഗീതം 2:16)

ഒരു രാജാവ് തൻെറ പ്രിയപ്പെട്ട പ്രജയോട് ഒരിക്കൽ ഇപ്രകാരം പറഞ്ഞു ''നീ എന്ത് ആവശ്യപ്പെട്ടാലും അത് ഞാൻ നിനക്കു തരാം.''

പ്രജ അതേപററി ആലോചിച്ചു: ''എന്നെ ഈ രാജ്യത്തെ സൈന്യാധിപൻ ആക്കുവാൻ പറയാം. പക്ഷേ ആ സ്ഥാനം കിട്ടിക്കഴിയുമ്പോൾ എനിക്ക് പ്രധാനമന്ത്രി ആകുവാൻ ആഗ്രഹമുണ്ടായിരിക്കും. രാജ്യത്തിൻെറ പകുതി ചോദിക്കാം. കിട്ടുമ്പോൾ മറെറ പകുതി നേടുന്നതിനെപററിയായിരിക്കും എൻെറ ചിന്ത.'' അതിനാൽ അവൻ രാജാവിനോടു ആവശ്യപ്പെട്ടു: ''എനിക്ക് അങ്ങയുടെ പുത്രിയെ വിവാഹം കഴിച്ചുതരിക.''

എബ്രായ ഭാഷയിലും ഗ്രീക്കുഭാഷയിലും 'ആത്മാവ്' എന്നർത്ഥം വരുന്ന വാക്കുകൾ സ്ത്രീലിംഗത്തിലാണ്. സ്ത്രീലിംഗത്തിലായതിനാൽ വിശ്വസിക്കുന്ന ആത്മാവ് ദൈവത്തോട് ക്രിസ്തു തൻെറ വരൻ ആയിരിക്കുവാൻ അപേക്ഷിക്കുന്നു. ആയതിനാൽ നാം എല്ലാത്തിനും അവകാശികളായിത്തീരുകയും മാലാഖമാർ നമ്മെ പരിചരിക്കയും ചെയ്യും.

നമ്മുടെ മണവാളൻ എത്ര ഗംഭീരനും എത്ര ലാളിത്യമുള്ളവനും ആണ്. നഥനയേൽ അവനെ ''ദൈവപുത്രൻ'' എന്ന് വിളിച്ചു (യോഹ. 1:49). യേശു മറുപടി പറഞ്ഞു: ''സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻെറ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും'' (യോഹന്നാൻ 1:51). മനുഷ്യൻ അവനിലെ ദൈവത്വത്തെ കണ്ടെത്തിയ അതേ അളവിൽ അവൻെറ എളിയ ഹൃദയം അവനിലെ മനുഷ്യത്വത്തെ ഉയർത്തിക്കാട്ടുന്നു. മനുഷ്യത്വത്തിലുള്ള തൻെറ മണവാട്ടിക്ക് ആത്മ വിശ്വാസത്തോടുകൂടി തൻെറ അരികിൽ വരുവാൻ അവൻെറ ഈ

വെളിപ്പെടുത്തൽ സഹായിക്കുന്നു. അവൻ അവർക്കുള്ളവനല്ലോ? അവൻ നമുക്കുള്ളവനാകേണമേ എന്ന നമ്മുടെ പ്രാർത്ഥന സഫലമായിരിക്കുന്നു.

അവൻ ദൈവീകനെങ്കിലും മനുഷ്യത്വം നിറഞ്ഞ ഒരു മണവാളനാണ്. മാനുഷീകമായ പ്രശ്നങ്ങളിൽ താല്പര്യം കാണിക്കുന്നവനാണ്; താൻ പങ്കെടുക്കുന്ന ഒരു കല്യാണ വിരുന്നിൽ വീഞ്ഞ് പോരാതെ വന്നപ്പോൾ അവൻ സഹായിക്കുന്നു. അവൻെറ ഈ സ്വഭാവം ചില വിശുദ്ധന്മാരുടെ സമീപനത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്; ഈ വിശുദ്ധർ തങ്ങളുടെ വിശുദ്ധിയുടെ പേരിൽ തൻെറ സഹജീവികളുടെ പ്രശ്നങ്ങളിൽ നിന്നും വിട്ടകന്നു നില്ക്കുവാൻ താല്പര്യപ്പെടുന്നവരാണ്.

ക്രിസ്തു പ്രസംഗിക്കുക മാത്രമല്ല ചെയ്തത്; അവൻ നമ്മെ ശകാരിക്കുക മാത്രമല്ല ചെയ്യുന്നത്; അവൻ നമ്മോടൊപ്പം നിശബ്ദനായി അത്താഴം കഴിക്കയും ചെയ്യുന്നു—ഒരു മണവാളൻ തൻെറ മണവാട്ടിയോടൊപ്പം എന്നപോലെ.

ക്ളെയർവോക്സിലെ ബെർണാഡ് പറഞ്ഞതുപോലെ "നിശബ്ദനായ ദൈവം എല്ലാം നിശബ്ദമാക്കുന്നു. അവനെ നിശബ്ദനായി കാണുന്നതിന് നാം നിശബ്ദത പാലിക്കേണ്ടിയിരിക്കുന്നു." ഏററവും പ്രധാനമായ ചിന്ത "എൻെറ പ്രിയൻ എനിക്കുള്ളവൻ ആണ്" എന്നതാണ്.

---

## ജൂലൈ 24

---

"ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു." (ലൂക്കോസ് 23:43)

നമ്മുടെ പ്രാർത്ഥനയും സ്നേഹവും ആവശ്യമുള്ളലോകം കുററവാളികളുടെ ലോകമാണ്. സമൂഹത്തിന് അവർ അർഹിക്കുന്ന ശിക്ഷ നല്കുവാനേ കഴിയൂ. യേശുക്രിസ്തുവിൻെറ രക്തത്തിൽ കൂടിയുള്ള പാപമോചനം എന്ന ദിവ്യ സന്ദേശം അവർക്കു നല്കുവാൻ നമ്മെ കൊണ്ട് സാധിക്കും.

കുററവാളികളെ എപ്പോഴും അവർ കൊല ചെയ്തവരെപററിയുള്ള ചിന്ത ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. എല്ലാത്തിനും ഉപരിയായി എപ്പോഴും അവർ കൊന്നവരുടെ അവസാനവാക്കുകൾ ആയിരിക്കും ഇവരുടെ ചെവിയിൽ മുഴങ്ങുക. നാം അവരോട് വളരെ ദയയായി സംസാരിക്കേണ്ടതാണ്. അവർ കൊലപാതകികളാണ് എന്നു നാം കരുതുന്നു എന്ന് അവർക്കറിയാം.

'Therese Raquin'-ൽ എമിലി സോള കൊലപാതകിയായ ഒരു ചിത്രകാരനെപററി വിവരിക്കുന്നു. അവൻ കൊലചെയ്തു എന്ന് ആർക്കും അറിയില്ലായിരുന്നു. അദ്ദേഹം തൻെറ ചിത്രരചന തുടർന്നുകൊണ്ടിരുന്നു. പക്ഷേ എല്ലാ ചിത്രത്തിലേയും വ്യക്തികളുടെ മുഖങ്ങൾ ഒരേപോലെ ആയിരുന്നു—താൻ കൊലചെയ്തവൻെറ മുഖം പോലെ. കുട്ടികൾ, സ്ത്രീകൾ എല്ലാവരുടേയും മുഖങ്ങൾ ഒരേ വ്യക്തി എന്നു തന്നെ തോന്നിച്ചു.

കുററവാളികൾ മനുഷ്യരെ മാത്രമല്ല കൊല്ലുന്നത് പിന്നെയോ അവരിൽ മററുള്ളവർക്കുള്ള സഹതാപം കൂടി കൊന്നുകളയും. യേശു ഒഴികെ ബാക്കി

എല്ലാവരും അവരെ നിന്ദിക്കും. യേശു അവരെപ്പോലെ ക്രൂശിക്കപ്പെട്ടതിനാൽ അവൻ അവരുടെ വിധിയിൽ പങ്കുചേരുന്നു. പീലാത്തോസ് കൊലപാതകിയായ ബർബ്ബാസിനെ വിട്ടുകൊടുത്തപ്പോൾ യേശു സന്തോഷത്തോടെ അവന്റെ സ്ഥാനത്ത് മരിക്കുവാൻ തയ്യാറായിരുന്നു.

അവൻ ഒരിക്കലും കള്ളന്മാരെ നിന്ദിക്കുന്നില്ല. അവൻ അവരുമായി താരതമ്യപ്പെടുന്നതേയുള്ളൂ. "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും" (2 പത്രൊസ് 3:10).

കുററവാളികൾക്ക് യേശുവിങ്കൽ നിന്നു രക്ഷ ലഭിക്കുന്നു. യേശുവിന്റെ യഥാർത്ഥ അനുയായികളുടെ ദയയും സ്നേഹവും അവർക്കു കണ്ടെത്തുവാൻ കഴിയും.

---

## ജൂലൈ 25

---

"സദാകാലത്തേയ്ക്കും അന്ധത തമസ്സു സൂക്ഷിച്ചു വച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നെ." (യൂദാ: 13)

യൂദായുടെ ലേഖനം ഹാനോക്കിന്റെ പുസ്തകത്തെ സാക്ഷീകരിക്കുന്നു.

ഹാനോക് എഴുതി: "ഞാൻ കത്തുന്ന പർവ്വതങ്ങൾ പോലെയുള്ള ഏഴു നക്ഷത്രങ്ങൾ കണ്ടു. ഞാൻ ചോദിച്ചപ്പോൾ മാലാഖ എന്നോട് പറഞ്ഞു: 'ഇതാണ് സ്വർഗ്ഗവും ഭൂമിയും അവസാനിക്കുന്ന സ്ഥലം. ഇത് നക്ഷത്രങ്ങൾക്കും സ്വർഗ്ഗവാസികൾക്കും ഉള്ള ഒരു തടവറയാണ്. അഗ്നിയിൽ കത്തുന്ന നക്ഷത്രങ്ങൾ ദൈവത്തിന്റെ കല്പനയെ നിരസിച്ച് തക്കസമയത്ത് ഉദിക്കാതിരുന്നവയാണ്. അതിനാൽ അവൻ കോപിച്ച് അവയെ ബന്ധനത്തിലാക്കി."

ആയിരക്കണക്കിന് വർഷങ്ങളായി ബന്ധനത്തിൽ കഴിയുന്ന മാലാഖമാരും ഇന്നും ഉണ്ട് എന്ന് ഓർക്കുക. അവർ അന്ധകാരത്താൽ ചുററപ്പെട്ട് അന്ത്യനാളിലെ വിധിക്കായി കാത്തിരിക്കുന്നു.

തടവുജീവിതം വളരെ കഷ്ടകരമാണ്. മനുഷ്യർക്ക് നരകം ഇതിലും ഭയാനകമാണ്. അങ്ങനെയിരിക്കെ ചിറകുള്ളവരായി ദൈവേഷ്ടം പ്രവർത്തിക്കുവാൻ പറന്നു നടന്നിരുന്നവരായ മാലാഖമാർക്ക് തടവിൽ കഴിയുമ്പോൾ ഉള്ള പ്രയാസങ്ങൾ എത്രയധികം ആയിരിക്കും?

ചില മാലാഖമാർ തടവിൽ ആക്കപ്പെട്ടത് അവർ "തങ്ങളുടെ പ്രാഥമിക കർത്തവ്യം മറന്ന് അവരുടെ സ്വന്തം പ്രവർത്തികളിലേക്കു വ്യതിചലിച്ചതുകൊണ്ടാണ്'" (യൂദാ. 6). ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നതിന്റെ ഉത്തമമായ ചുമതല നീ നിർവഹിക്കുന്നുണ്ടോ? നിന്റെ സ്ഥലമായ പള്ളിയിൽ പോകുന്നതിനു പകരും നീ ഈ മാലാഖമാരേപ്പോലും വെറുതെവിട്ടില്ല. അവൻ നിന്നെവിട്ടു കളയുമോ?

"എന്നാൽ ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിന്റെ പ്രഭപോലെയും പലരേയും നീതിയിലേക്കുതിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനിയേൽ 12:3). നീ ഒരു പ്രകാശിക്കുന്ന

നക്ഷത്രമാണോ? നീ അനേകരെ നീതിയിലേക്കു കൊണ്ടുവരുന്നുണ്ടോ?

ഭയവും വിറയലും ശരിയായ ക്രൈസ്തവ ജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ ആവശ്യമായ അഭേദ്യ ഘടകങ്ങൾ ആകുന്നു.

## ജൂലൈ 26

''പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു.'' (ലൂക്കോസ് 1:52)

സ്ട്രിൻ ബർഗിൻെറ മിസ് ജൂലി എന്ന നാടകം ഒരു ധനിക പെൺകുട്ടിയും അവളുടെ ഭൃത്യനും തമ്മിലുള്ള പ്രേമത്തിൻെറ കഥയാണ്. ഒരേ സമയത്ത് അവർ തങ്ങളുടെ സ്വപ്നങ്ങളെപ്പററി അന്യോന്യം പറയുന്നു.

ധനികയായ പെൺകുട്ടി: ''ഞാൻ കയറിപ്പററിയ തൂണിൻെറ മുകളിൽ ഞാൻ ഇരിക്കയാണ്. എങ്ങനെ താഴേക്ക് ഇറങ്ങണം എന്ന് എനിക്കറിയത്തില്ല.... എനിക്കു താഴെ ഇറങ്ങണം പക്ഷേ ചാടുവാൻ ധൈര്യമില്ല. എനിക്കു വീഴണം പക്ഷേ ഞാൻ വീഴുന്നില്ല. ഞാൻ നിലത്ത് എത്തുന്നതു വരെ എനിക്ക് സമാധാനം കിട്ടുകയില്ല. ഞാൻ എപ്പോഴെങ്കിലും നിലത്ത് ഇറങ്ങിയാൽ എനിക്ക് അതിലും താഴേക്കു പോകണം—ഭൂമിയിലേക്കു പോകണം.''

ഭൃത്യൻ: ''ഞാൻ കൊടും വനത്തിൽ ഉയരം കൂടിയ ഒരു മരത്തിൻെറ ചുവട്ടിൽ കിടക്കുന്നതായി സ്വപ്നം കാണുന്നു. എനിക്ക് എഴുന്നേൽക്കണം. ആ മരത്തിൻെറ മുകളിലേക്കു കയറണം. അവിടെ നിന്ന് ഈ പ്രകൃതിയും അതിന്മേൽ സൂര്യൻ പ്രകാശിക്കുന്നതും കാണണം. മരത്തിൻെറ ചില്ലയിലുള്ള പക്ഷിയുടെ സ്വർണ്ണമുട്ടകൾ ഉള്ള കൂട് എടുക്കണം. ഞാൻ മുകളിലേക്ക് കയറുന്നു. വീണ്ടും കയറുന്നു. പക്ഷേ ഈ മരത്തിൻെറ തടി വളരെ വലുതാണ്. കൂടാതെ അതിൻെറ ആദ്യത്തെ ശിഖരം വളരെ മുകളിലാണ്. എനിക്ക് ആദ്യത്തെ ശിഖരത്തിൽ ചെന്നുപററിയാൽ ഒരു ഏണിയിൽ കൂടി എന്നപോലെ മുകളിൽ എത്താം.''

പല ധനികരിലും അവരറിയാതെ തന്നെ കുററബോധം ഉണ്ട്. ഇതിനാൽ അവരിൽ പലരും വിപ്ളവകാരികളോ അതിനെ പിൻതാങ്ങുന്നവരോ ആയിത്തീരുന്നു. അവർ താഴേയ്ക്ക് ഇറങ്ങണം എന്ന് അവർക്കു തോന്നുന്നു. പാവപ്പെട്ടവർക്കാണെങ്കിൽ ധനികരോട് അസൂയയാണ്. അവർക്ക് ഉയരുവാനാണ് ആഗ്രഹം.

ഈ ആന്തരിക പ്രചോദനം സാമൂഹിക ജീവിതത്തിലെ നന്മയ്ക്കായി ഉപയോഗപ്പെടുത്താം. ധനികർ തനിക്കുള്ളതിൽ നിന്ന് ഇല്ലാത്തവർക്കു കൊടുക്കുവാനും നന്മചെയ്യുവാനും യേശുവിൽ നിന്ന് പഠിക്കണം. പാവപ്പെട്ടവർ തങ്ങളുടെ കഴിവുകൾ പരമാവധി ഉപയോഗിച്ച് ധനികരോടൊപ്പം ഉയർന്നുവരുവാൻ പരിശ്രമിക്കയും വേണം.

യേശുവിനെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവൻെറ വെളിച്ചം ഉള്ളവർ ആകും (യോഹന്നാൻ 8:12). അവിശ്വാസികൾ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിക്കുന്നു (യോഹന്നാൻ 3:19). അവരുടെ വികാരങ്ങൾ അടിച്ചമർത്തപ്പെട്ടവയാകയാൽ അവ സ്വപ്നത്തിൽ കൂടിയും വിഡ്ഢിത്തമായ

ഭീകര പ്രവർത്തനങ്ങൾ, ലഹള, വിപ്ളവം ഇവയിൽ കൂടിയും പുറത്തേയ്ക്കു വരുന്നു. ഇതിൻെറ ഫലമോ ഈ പ്രത്യേകമായ അവകാശം ഉള്ളവർക്കു അവരുടെ സ്ഥാനം മുഴുവനും അനുഭവിക്കുന്നതിന് മുമ്പ് നഷ്ടപ്പെടുന്നു. അവർക്കു പകരമായി താണനിലയിൽ നിന്ന് ആ സ്ഥാനത്ത് എത്തുന്നവരുടെ ഈ മായാ മോഹം എളുപ്പം അവസാനിക്കയും ചെയ്യുന്നു.

---

## ജൂലൈ 27

---

"അവൻ ചുററുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ട് സഞ്ചരിച്ചുപോന്നു."

(മർക്കോസ് 6:6)

നമ്മിൽ പലരും നിരാശരാണ്. നാം വൻ വിജയങ്ങൾ കൈവരിക്കുന്നില്ല. യേശുവും അങ്ങനെയായിരുന്നു. അവൻ ഒരു എളിയ ഗ്രാമീണ ഉപദേശി ആയിരുന്നു. ലോകത്തിൻെറ നാനാ ഭാഗത്തുനിന്നുമുള്ള യഹൂദന്മാർ ആരാധനയ്ക്കായി യറുശലേമിൽ വന്നുകൂടുമ്പോൾ പത്തുലക്ഷത്തിൽ അധികം ജനങ്ങൾ പങ്കെടുക്കുന്ന വൻ റാലികളെ കയ്യാഫാവ് അഭിസംബോധന ചെയ്തിരുന്നു. എങ്കിലും അവൻ ഒരു വിജയം ആയിരുന്നില്ല. പീലാത്തോസിന് അവനെ എപ്പോൾ വേണമെങ്കിലും സ്ഥാനഭ്രഷ്ടൻ ആക്കാമായിരുന്നു. പീലാത്തോസ് ഒരു വിജയം ആയിരുന്നില്ല. സീസർ അവനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. സീസറും ഒരു വിജയം ആയിരുന്നില്ല. ജൂലിയസ് സീസർ സ്വന്തം മകനാലാണ് കൊല്ലപ്പെട്ടത്. ക്രിസ്ത്യാനികളെ തകർക്കുന്നതിൽ വിജയം കൈവരിച്ച നീറോ ചക്രവർത്തിയും കൊല്ലപ്പെടുകയാണുണ്ടായത്.

വളരെയധികം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുന്ന മഹാന്മാരെപ്പററി അസൂയപ്പെടേണ്ടതില്ല. അത് ഒരു തോന്നൽ മാത്രമാണ്. മഹാന്മാർ ചരിത്രം സൃഷ്ടിക്കുന്നു. പക്ഷേ അവർക്കു സൃഷ്ടിക്കുവാൻ മാത്രം കഴിയുന്ന ചരിത്രമാണ് അത്. അവരും അവരുടെ പരിസരങ്ങളുടെ അടിമയാണ്.

ഇതിലുപരിയായി നാം നമ്മുടെ പൂർവ്വകാലത്തിൻെറ സ്വാധീന വലയത്തിൽപ്പെട്ടിരിക്കയാണ്. ഫ്രഞ്ചു വിപ്ളവത്തിലെ രക്തരൂക്ഷിതമായ ഏകാധിപതിയായിരുന്ന റോബസ്പയർ അവൻെറ അമ്മയുടെ മരണശേഷം അവൻെറ പിതാവിനാൽ ഉപേക്ഷിക്കപ്പെട്ടവനായിരുന്നു.വിദ്യാഭ്യാസത്തിനായി അവന് വളരെയധികം കഷ്ടപ്പെടേണ്ടിവന്നു. അവൻെറ യുവത്വത്തിൽ ലൂയി 16-ാമൻ രാജാവും രാജ്ഞിയും അവനെ അപമാനിക്കയുണ്ടായി. അവർ അവൻെറ പട്ടണത്തിൽ വന്നപ്പോൾ സ്വാഗത പ്രസംഗം ചെയ്യുവാൻ അവനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അവർ ഒരു വാക്കു പോലും മറുപടി പറയാതെ അവിടം വിട്ടു പോകയാണുണ്ടായത്. ഇത് അവനെ ഒരു മനുഷ്യവിദ്വേഷി ആക്കിത്തീർത്തു. ആയിരക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കുന്നതിൽ അവൻ ആനന്ദം കണ്ടെത്തി. ഗില്ലട്ടിനിൽ മനുഷ്യരക്തം ഒഴുകുന്ന കാഴ്ച അവനെ ആനന്ദിപ്പിച്ചു.

നാം കൊലപാതകികൾ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. കൊലപാതകി ആയിരിക്ക എന്നത് എന്നും പ്രകൃതി വിരുദ്ധമാണ്. അതിനാൽ കൊലപാതകികൾ വലിയ തെററാണ് ചെയ്യുന്നത്. റോബസ്പിയറും ബുദ്ധിമോശമായാണ് പെരുമാറിയത്. അവനും ഗില്ലട്ടിനിൽ മരിച്ചു. അവൻ യാതൊന്നും നേടിയില്ല. രാഷ്ട്രം നെപ്പോളിയൻ എന്ന പുതിയ ചക്രവർത്തിയെ സ്വാഗതം ചെയ്തു.

ലോകം ദർശിക്കുന്ന വിധത്തിലുള്ള വിജയം ആഗ്രഹിക്കരുത്. അത് അഹങ്കാരം വർദ്ധിപ്പിക്കും. നിങ്ങളുടെ പാരമ്പര്യവും അല്ലാത്തതുമായ ഭാരങ്ങൾ വഹിക്കുക. യേശുവിനെപ്പോലെ വിനയവും എളിമയും ഉള്ള ഹൃദയമുള്ളവരാകുവാൻ പഠിക്കുക. അവൻ ഒരു തച്ചനായും, ആരും ഇഷ്ടപ്പെടാത്ത ഗുരുവായും ഇരിക്കുന്നതിൽ സംതൃപ്തി കണ്ടെത്തി ഗ്രാമങ്ങളിൽ ഉപദേശിച്ചു സഞ്ചരിച്ചു. അവൻ ക്രൂശിക്കപ്പെട്ടു. പക്ഷേ അവൻ ഉയിർത്തെഴുന്നേല്ക്കയും ചെയ്തു.

## ജൂലൈ 28

''ഞാൻ അവയോട് ഒരു സമാധാന നിയമം ചെയ്തു.''

(യെഹസ്കേൽ 34:25)

യഹൂദവനിതയായ സിമോൺ വെയ്ൽ നാസികളുടെ അധീനതയിലായിരുന്ന ജർമ്മനിയിൽ നിന്ന് ബ്രിട്ടനിലേക്കു രക്ഷപ്പെട്ടു. അവിടെവച്ച് അവൾ ക്ഷയരോഗം ബാധിച്ച് മരണമടഞ്ഞു. അവൾ സ്നാനപ്പെട്ടിരുന്നില്ലെങ്കിലും ക്രിസ്തീയ തത്വങ്ങൾ അടങ്ങിയ പല പുസ്തകങ്ങളും അവളിൽ നിന്ന് ലഭിച്ചു. അവൾ ഒരു സഭയിലേയും അംഗമായിരുന്നില്ല. പക്ഷേ അവളുടെ ആത്മാവിന് ഒരു പ്രത്യേക ദൈവവിളി ഉണ്ടായിരുന്നു.

സഭയിൽ തെററായ പാരമ്പര്യമായ ആചാരങ്ങൾ എന്നു പറയുന്നവ അവൾക്കു സഹിക്കാമായിരുന്നില്ല. അവളുടെ അഭിപ്രായത്തിൽ പാരമ്പര്യം എന്നാൽ പഴയ ചാമ്പൽ വിശ്വസ്തതയോട് സൂക്ഷിക്കുന്നതല്ല പിന്നെയോ പഴയ അഗ്നി പുതിയ ഇന്ധനങ്ങൾ ചേർത്ത് കെടാതെ സൂക്ഷിക്കുക എന്നാണ്.

യേശു പെട്ടെന്ന് യുദ്ധക്കളത്തിൽ രണ്ടു സൈന്യങ്ങളുടേയും മദ്ധ്യത്തിൽ രണ്ടു ഭാഗത്തേയും ക്രിസ്ത്യാനികളോട് ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുക'' എന്ന് പറയുമ്പോൾ എന്താണ് സംഭവിക്കുക എന്ന് അവൾക്ക് ഊഹിക്കുവാൻ കൂടി പ്രയാസമായിരുന്നു. അവൻ രണ്ടു വശത്തുനിന്നും ഉള്ള വെടിയുണ്ടകളാൽ മരിച്ചു വീഴും. ഞായറാഴ്ച രണ്ടു സൈന്യത്തിലും ഉള്ള ക്രിസ്തുവിൻെറ ഘാതകർ അവർ കൊലചെയ്തവനെ, ആരാധിക്കയും അവരുടെ പിതൃരാജ്യത്തിൻെറ വിജയത്തിനു വേണ്ടി അതായത് ശത്രുവിൻെറ തോല്വിയ്ക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യും.

പല ക്രിസ്തീയ ചിന്തകരും സ്നേഹത്തിലുള്ള അസ്ഥിരതമൂലം

ബുദ്ധിമുട്ടേണ്ടിവന്നിട്ടുണ്ട്. യുദ്ധം, വിപ്ളവങ്ങൾ, വർഗ്ഗസമരങ്ങൾ ക്രിസ്ത്യാനികളുടെ ഇടയിലെ ഭിന്നിപ്പ് ഇവ എല്ലാം വലിയ ദൈവ ദൂഷണമാണ്. കാരണം ഇവ "ദൈവ സ്നേഹംതന്നെ" എന്ന വചനത്തിൻെറ എതിർ ദിശയിലുള്ളവയാണ്.

"സമാധാനം ഉണ്ടാക്കുന്നവർ; അവർ ദൈവത്തിൻെറ പുത്രൻമാർ എന്ന് വിളിക്കപ്പെടും" (മത്തായി 5:9). നമുക്ക് എല്ലാ മനുഷ്യരുമായി സമാധാനം കണ്ടെത്താൻ ശ്രമിക്കാം. അത് നമ്മിൽ അധിഷ്ഠിതമാണല്ലോ?

---

## ജൂലൈ 29

---

"ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു."

(ഉല്പത്തി 2:3)

വേദപുസ്തകത്തിൽ 7 എന്ന അക്കം വിശുദ്ധിയുടെ അടയാളമായിട്ട് പലപ്പോഴും കാണപ്പെടുന്നത്.

"ആദാം മുതൽ ഏഴാമനായ ഹാനോക്കും" (യൂദാ 14) പ്രവചിച്ചിരിക്കുന്നു. എല്ലാ ഏഴാം സംവത്സരവും നിലം ഉഴുകയില്ല. ഇപ്രകാരം 7 പ്രാവശ്യം 7 കഴിഞ്ഞുള്ള വർഷം യഹൂദൻമാർ പെരുന്നാളായി ആചരിച്ചുവന്നു. അന്ന് അതു വരെ വിററ ഭൂമി മുഴുവൻ അതിൻെറ ആദ്യത്തെ കൈവശക്കാരന് തിരികെ ലഭിക്കും. സൃഷ്ടിയുടെ സമയം 7 ദിവസങ്ങൾ ആയിരുന്നു. ശുദ്ധിയുള്ള മൃഗങ്ങളിൽ നിന്നും 7 എണ്ണം വീതം മഹാ പ്രളയത്തിൽ നിന്നും രക്ഷിക്കപ്പെട്ടു. യോഹന്നാൻെറ സുവിശേഷത്തിൽ യേശു താൻ ആരാണ് എന്ന് 7 വിധത്തിൽ വെളിപ്പെടുത്തുന്നു. യേശുവിൻെറ കുരിശിലെ 7 മൊഴികൾ സുപരിചിതമാണല്ലോ. വെളിപ്പാടു പുസ്തകത്തിൽ 7 സഭകൾക്കുള്ള കത്തുകൾ ഉണ്ട്. അങ്ങനെ പലതും.

7 എന്ന അക്കം എന്താണ് ഒരു വിശുദ്ധ സംഖ്യയായിരിക്കുന്നത്? കൽദായക്കാർക്ക് ഇന്ന് നമുക്കുള്ള പത്ത് അക്കങ്ങൾക്കു പകരം ആറ് അക്കങ്ങളും പൂജ്യവും അടങ്ങുന്ന ഗണിതസമ്പ്രദായമാണ് ഉണ്ടായിരുന്നത്. നമ്മുടെ പത്തക്കമുള്ള ഗണിത സമ്പ്രദായവും പൂർണ്ണമല്ല. കമ്പ്യൂട്ടറുകളിൽ രണ്ടക്കം 1 എന്ന അക്കവും പൂജ്യവും — മാത്രമുള്ള ഒരു രണ്ടക്ക സംവിധാനമാണ് (binary) ഉപയോഗപ്പെടുത്തുന്നത്. കൽദായരുടെ ആറക്ക ഗണിതത്തിൽ 7 എന്ന സംഖ്യ 10 എഴുതുന്നതുപോലെയാണ് എഴുതിയിരിക്കുന്നത്.

7 എന്ന അക്കം അവർ എഴുതുമ്പോൾ, മനുഷ്യൻെറ ഒന്നുമില്ലായ്മയെ പ്രതിനിധീകരിക്കുന്ന 0 എന്ന അക്കത്തോടൊപ്പം ദൈവത്തെ പ്രതിനിധീകരിക്കുന്ന 1 കൂടി ചേർക്കുമ്പോൾ ഒന്നുമില്ലാത്ത മനുഷ്യൻ പ്രാധാന്യം പ്രാപിക്കുന്നു— മററു എല്ലാ സംഖ്യകളേക്കാളും ഉപരിയായി. അതിനാലാണ് ആ അക്കം (7) വിശുദ്ധിയുടെ അടയാളമായിത്തീർന്നത്.

യഹൂദൻമാർ കൽദായരുടെ പിൻതലമുറക്കാർ ആയിരുന്നു. അങ്ങനെ 7 എന്ന അക്കം അവർക്കും വിശുദ്ധ സംഖ്യയായി. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ അവസാനത്തെ അക്കമായ 6 വിലയില്ലാത്തതും

നിചവുമായ എല്ലാത്തിനും അടയാളമായിത്തീർന്നു. വെളിപ്പാടു പുസ്തകത്തിലെ (13:18) മൃഗത്തിന്റെ സംഖ്യ 6,6,6 എന്നതാണ്. ഓരോ 6 എന്ന അക്കവും അല്പതയത്തെ കുറിക്കുന്നു. ഒരു കുഞ്ഞാടിന് അതിനെ നശിപ്പിക്കുവാൻ കഴിയും.

നിങ്ങൾ 7 എന്ന അക്കത്തെ പ്രതിനിധാനം ചെയ്യുന്നു എങ്കിൽ — സ്വയം ത്യജിച്ച് ഒന്നുമില്ലാത്ത 0 ആയ ഒരു മനുഷ്യൻ ദൈവത്തെ (1) തനിക്കു മുമ്പിൽ പരിചയായി വച്ചിരിക്കുന്നു എങ്കിൽ— ഏതു വലിയ മൃഗത്തേയും നിനക്ക് ഭയപ്പെടാനില്ല. അവയെല്ലാം കടലാസു പുലികൾ മാത്രമായിരിക്കും. നീ തന്നെ ജയാളിയായിരിക്കും.

---

## ജൂലൈ 30

---

"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും."

(മത്തായി 5:5)

വാഷിങ്ടണേയും നെപ്പോളിയനേയും ഒന്നു താരതമ്യപ്പെടുത്തിനോക്കാം.

വാഷിങ്ടൺ വിനയം ഉള്ളവൻ ആയിരുന്നു. അദ്ദേഹം ഒരു രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം ആഗ്രഹിച്ചു. അതു ലഭിക്കയും ചെയ്തു. ഇതുകൊണ്ട് അദ്ദേഹം സംതൃപ്തനായി. അവന് രാജസ്ഥാനം വാഗ്ദാനം ചെയ്തപ്പോൾ അദ്ദേഹം അത് നിരസിച്ചു. അദ്ദേഹം ഒരു പുതിയ സ്വതന്ത്രരാഷ്ട്രം നേടിയെടുത്തു.

നെപ്പോളിയൻ അവന്റെ കീർത്തിയിൽ താല്പര്യമുള്ളവനായിരുന്നു. രാജ്യത്തിന്റെ ജനറലായിട്ടും മതിയായില്ല. രാജ്യപ്രതിനിധിയായിട്ടും മതിയായില്ല. പ്രധാന പ്രതിനിധിയാകണമെന്നായിരുന്നു. അവസാനം അവൻ ചക്രവർത്തിയായിത്തീർന്നു. അവൻ മററ് രാജാക്കന്മാരെ നിഷ്കാസനം ചെയ്ത് തന്റെ കുടുംബത്തെ അവിടെ പ്രതിഷ്ഠിച്ചു. അവന് യാതൊരു കാര്യവും ഇല്ലായിരുന്നിട്ടുകൂടി ഈജിപ്തിലും മോസ്കോയിലും യുദ്ധം നടത്തി. അവൻ ഒരു തടവുകാരനായി രാജ്യഭ്രഷ്ടനായി മരിച്ചു. അവന്റെ സാമ്രാജ്യം നാമാവശേഷമായി.

നിങ്ങളുടെ മുൻകൂട്ടിയുള്ള വ്യാപാരങ്ങൾ എത്ര? ആർക്കും എല്ലാ കുഴച്ചുമറിച്ചല്ലാതെ എല്ലാം പ്രവർത്തിക്കുവാൻ കഴികയില്ല. ആർക്കും അഹങ്കാരിയും സ്വർത്ഥലോലുപൻ എന്നും ഉള്ള കീർത്തിയിൽ കൂടെയല്ലാതെ അവന്റെ കീർത്തി വർദ്ധിപ്പിക്കുവാൻ കഴികയില്ല.

---

## ജൂലൈ 31

---

"നിങ്ങൾ സന്താന പുഷ്ടിയുള്ളവനായി പെരുകി....വാഴുവിൻ."

(ഉല്പത്തി 1:28)

യേശുവിന്റെ കാലഘട്ടത്തിൽ ഒരു യഹൂദ റബ്ബി അവിവാഹിതനായിരിക്കു

ന്നത് മോശമായിട്ടാണ് കരുതപ്പെട്ടിരുന്നത്. എങ്കിലും യേശു വിവാഹിതനായിരുന്നില്ല. അവൻ പല യുവതികളാലും സ്നേഹിക്കപ്പെട്ടിരുന്നിരിക്കാം. "ദൈവത്തിൻേറയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നവൻ" (ലൂക്കോസ് 2:52) തീർച്ചയായും യുവതികൾക്കും പ്രിയങ്കരനായിരുന്നിരിക്കണം. അവൻ മനുഷ്യനായിരുന്നു. അവന് ചിലരോട് പ്രത്യേകം താല്പര്യം തോന്നിയിരിക്കാമെങ്കിലും അവൻ പിതാവിൽ നിന്നും തനിക്ക് ലഭിച്ചിരുന്ന ദൗത്യത്തിനായി അവയെല്ലാം നിരാകരിച്ചു.

എന്നാൽ മററുള്ളവരും ഇപ്രകാരമായിരിക്കണം എന്ന് അവൻ നിർദ്ദേശിച്ചില്ല. മാത്രമല്ല അവൻ കാനാവിലെ കല്യാണത്തെ തൻെറ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹിച്ചു. "വിവാഹം എല്ലാവർക്കും മാന്യവും...ആയിരിക്കട്ടെ" (എബ്രായർ 13:4) എന്ന് ദൈവ വചനം നമ്മെ പഠിപ്പിക്കുന്നു. ഇത് വിവാഹ പങ്കാളികൾ തമ്മിലുള്ള സംസാരത്തിലും ഒരുമിച്ച് ആഹാരം കഴിക്കുന്നതിലും മാത്രമല്ല, ലൈംഗീക ചേഷ്ടകളിലും സംഭോഗത്തിലും അർത്ഥവത്തായിരിക്കുന്നു.

ക്രിസ്ത്യാനികൾ വിവാഹിതരായിരിക്കാനോ അവിവാഹിതരായിരിക്കാനോ തീരുമാനിച്ചെന്നു വരാം. ബിഷപ്പുമാർ വേദപുസ്തകപ്രകാരം വിവാഹിതരായിരിക്കേണ്ടതാണ്. (1 തിമൊഥെയോസ് 3:2) ക്രിസോസ്ററം പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. "അവിവാഹിതരായിരിക്കുന്നത് ലൈംഗിക പരിശുദ്ധിയുടെ ഒന്നാം ശ്രേണിയും വിവാഹത്തിൽ വിശ്വസ്തത പുലർത്തുന്നത് രണ്ടാം ശ്രേണിയുമാണ്. വിവാഹിതർ പൂർണ്ണ സ്നേഹത്തോടെ തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നത് ലൈംഗിക പരിശുദ്ധി തന്നെ."

നിങ്ങളുടെ വിവാഹ ജീവിതത്തിൽ ലൈംഗികത പൂർണ്ണമായും അനുഭവിക്കുക. ലൈംഗീകത വൃത്തികേടുള്ളതാണ് എന്ന പഴഞ്ചൻ ചിന്താഗതികളെ അതിജീവിക്കുക. നമ്മുടെ ലൈംഗീക അവയവങ്ങൾ സൃഷ്ടിച്ച് "സന്താനപുഷ്ടിയുള്ളവരായി പെരുകി വാഴുവീൻ" എന്ന് ആജ്ഞ നല്കിയവൻ, വിവാഹിതർ ഒരു ശരീരം ആയിരിക്കേണം എന്ന് പഠിപ്പിച്ചവൻ, വിവാഹത്തിൽ നാം നമ്മുടെ ലൈംഗീക കടമകൾ നിർവഹിക്കുന്നതിൽ നാം ചെയ്യുന്ന മററ് എല്ലാ നല്ല കാര്യങ്ങളിലുമെന്നതുപോലെ പ്രസാദിക്കുന്നവനാണ്.

വിവാഹിതർ തമ്മിലുള്ള ലൈംഗീക ബന്ധത്തിൽ തെററായോ നാണക്കേടായോ യാതൊന്നുമില്ല. ദൈവം മനുഷ്യരാശിക്കു നല്കിയിരിക്കുന്ന ഈ സുന്ദരമായ ദാനത്തിനായി നാം അവന് നന്ദി പറയാം.

കന്യകകളും അവിവാഹിതരും അവർ ആയിരിക്കുന്ന അവസ്ഥയ്ക്കായി ദൈവത്തോട് നന്ദിയുള്ളവർ ആയിരിക്കട്ടെ. അവരുടേതായ അവസ്ഥയും അതിൻേറതായ അനുഗ്രഹങ്ങൾ ഉൾപ്പെട്ട — വിവാഹിതർക്ക് ഇല്ലാത്തതായ അവസരങ്ങൾ ഉള്ള ഒരു വിളിയാണ്. പീഢനങ്ങളുടെ അവസരത്തിൽ അവിവാഹിതരായവർ കുടുംബത്തെ പററി ഭാരപ്പെടുന്നവരേക്കാൾ കൂടുതലായി ചെറുത്തു നിന്നിട്ടുണ്ട് എന്നത് ഒരു സത്യം മാത്രമാണ്.

# ആഗസ്ററ് 1

"വിവാഹം എല്ലാവർക്കും മാന്യവും ....ആയിരിക്കട്ടെ."

(എബ്രായർ 13:4)

ഓരോ വിവാഹവും ഓരോ സാഹസീക യത്നമാണ്. തികച്ചും വ്യത്യസ്തരായ രണ്ടു വ്യക്തികൾ ഒരുമിച്ച് വസിക്കുന്നത് സാദ്ധ്യമാകണമെങ്കിൽ അത്യധികം സ്നേഹം കൂടിയേ തീരൂ. സ്നേഹം ഇല്ലാതെയുള്ള വിവാഹബന്ധം നിയമസാധുതയുള്ള ലൈംഗീക ബന്ധം മാത്രമായിത്തീരും.

ലൈംഗീകതയെ വ്യവസായവൽക്കരണത്തിൽ നിന്നും മോചിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. വധുവിന്റെ സ്വത്തു മോഹിച്ചോ, വരന്റെ ഉന്നതസ്ഥാനം മോഹിച്ചോ നടത്തപ്പെടുന്ന ഒരു വിവാഹത്തെ സാധൂകരിക്കുവാൻ ആരും തയ്യാറാവുകയില്ല. വിവാഹബന്ധത്തെ അതിന് അന്യമായ പ്രശ്നങ്ങളിൽ നിന്നും വിടുവിപ്പാനും നാം ശ്രമിക്കേണ്ടതാണ്. പാർട്ടി, വർഗ്ഗം, പൗരത്വം, സഭാഘടകങ്ങൾ എന്നിവ അതിന് അതിർവരമ്പുകളാകരുത്. വിവാഹ പങ്കാളികൾ ഒരേ മതക്കാരായിരിക്കുന്നത് തികച്ചും ആഗ്രഹിക്കാത്തതു തന്നെ. പക്ഷേ ആര് ആരെ സ്നേഹിക്കണം എന്ന് നിബന്ധന വയ്ക്കുന്നത് അഭികാമ്യമല്ല. അന്യോന്യം വിദ്വേഷത്തിലിരുന്ന കുടുംബത്തിൽ പെട്ടവരായിരുന്നതിനാലാണ് റോമിയോയ്ക്കും, ജൂലിയററിനും മരണം വരിക്കേണ്ടി വന്നത്. കത്തോലിക്കർ പ്രൊട്ടസ്ററൻറുകാരുമായി വഴക്കടിച്ചിരുന്നു എന്ന കാരണത്താൽ സ്നേഹം കൊല്ലപ്പെടേണ്ടതുണ്ടോ? അറബികൾ യഹൂദന്മാരുമായും, കറുത്തവർഗ്ഗക്കാർ വെള്ളക്കാരുമായും കലാപത്തിലായിരുന്നത് സ്നേഹത്തിന്റെ നിര്യാണത്തിന് കാരണമാകേണ്ടതുണ്ടോ? എല്ലാ കാര്യങ്ങളിലും ഏകാഭിപ്രായമില്ല എങ്കിൽ തന്നെ രണ്ടു വ്യക്തികൾക്ക് അന്യോന്യം സ്നേഹിക്കുകയും രമ്യതയോട് സഹവസിക്കയും ചെയ്യരുതോ?

സ്ത്രീകളെ ഭോഗവസ്തുക്കളായി മാത്രം കരുതുകയും, അവരെ അവന്റെ ധന സമൃദ്ധിയുടെ അടയാളമായി അണിയിച്ചൊരുക്കിയും കെട്ടിച്ചമച്ചും അവതരിപ്പിക്കയും, ഒരുവൻ തന്റെ സാന്മാർഗ്ഗീകമായ കടമകൾ മറന്ന് അവരെ ആരാധിക്കയും, അവരെ അടിമകളെപോലെ കരുതുകയും ചെയ്യുമ്പോഴൊക്കെയും സ്ത്രീകൾ പ്രകൃതിവിരുദ്ധമായ പെരുമാററത്തിന് ഇടയാക്കപ്പെടുകയാണ്.

ഒരു ഡോക്ടറോ, എഞ്ചിനീയറോ, ഓഫീസറോ ആയിരിപ്പാൻ യോഗ്യതയുള്ള ഇന്നത്തെ ആധുനിക വനിതയുടെ മേൽ ഭാര്യ, ഭർത്താവിന്റെ ചൊൽപടിയിൽ നിന്നുകൊള്ളണം എന്ന 2000 വർഷങ്ങൾ പഴക്കമുള്ള പ്രമാണം അടിച്ചേൽപ്പിക്കുവാൻ സാധിക്കയില്ല. അന്നത്തെ വനിതയുടെ പിന്നോക്ക നിലവാരമാണ് അന്ന് അത്തരം ഒരു കല്പനയ്ക്കു കാരണമായത്. അല്ലാതെ കർത്താവിന്റെ ആഗ്രഹമല്ല. ഇന്നത്തെ പരിഷ്കൃതമായ വനിത ഭർത്താവിന് തുല്യവും കർത്താവ് തന്റെ സഭയെ സ്നേഹിച്ചതുപോലെ പൂർണ്ണ സ്നേഹത്തോടും ബഹുമാനത്തോടും കൂടിയ പെരുമാററത്തിന് അർഹയാണ്.

## ആഗസ്ററ് 2

"നീതിമാനോ വിശ്വാസത്താൽ ജീവിക്കും." (ഹബകൂക് 2:4)

താൽമുദ് (മക്കോത്ത്)-ൽ എഴുതിയിരിക്കുന്നത് റബ്ബി സിമലാ പറയുന്നു: "613 കല്പനകൾ മോശയ്ക്ക് കൊടുത്തു. ദാവീദ് വന്ന് അവയെ 11 എണ്ണം ആക്കി കുറച്ചു. അവ:- (1) നിഷ്കളങ്കനായി നടക്കുക. (2) നീതി പ്രവർത്തിക്കുക (3) ഹൃദയപൂർവ്വം സത്യം സംസാരിക്കുക (4) നാവുകൊണ്ട് കുരള പറയരുത് (5) കൂട്ടുകാരന് ദോഷം ചെയ്യരുത് (6) കൂട്ടുകാരന് അപമാനം വരുത്തരുത് (7) വഷളനെ നിന്ദ്യനായി എണ്ണുക (8) യഹോവ ഭക്തന്മാരെ ബഹുമാനിക്ക (9) സത്യം ചെയ്യരുത് (10) ദ്രവ്യം പലിശയ്ക്കു കൊടുക്കരുത് (11) കുററമില്ലാത്തവനെതിരായി കൈക്കൂലി വാങ്ങരുതു (സങ്കീ. 15).

യേശയ്യാവ് അത് ആറെണ്ണമാക്കി കുറച്ചു:-

(1) നീതിയായി നടക്കുക (2) നേർ പറയുക (3) പീഢനത്താലുള്ള ആദായം വെറുക്കുക (4) കൈക്കൂലി വാങ്ങരുത് (5) രക്തപാതകത്തെക്കുറിച്ചു കേൾക്കാതെ വണ്ണം ചെവിപൊത്തുക (6) ദോഷത്തെ കണ്ടു രസിക്കാതെ കണ്ണു അടച്ചു കളയുക (യേശയ്യാവ് 33:15-16).

മീഖാ വന്ന് അത് മൂന്നെണ്ണം ആക്കി:-

(1) ന്യായം പ്രവർത്തിക്ക (2) ദയാതല്പരനായിരിക്ക (3) ദൈവത്തിൻെറ സന്നിധിയിൽ താഴ്മയോടെ നടക്കുക (മീഖാ. 6:8).

ഹബകൂക് അത് ഒന്നാക്കി: "നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും."

എല്ലാ കല്പനകൾക്കും വ്യാപ്തി നല്കുന്നതും മൂല്യം നൽകുന്നതും വിശ്വാസം എന്ന മഹത്തായ തത്വമാണ്. വിശ്വാസമില്ലാത്ത പ്രമാണങ്ങൾ ആചരിക്കുന്നത് ദൈവത്തെ തൃപ്തിപ്പെടുത്തുന്നില്ല.

പൗലോസ് ഹബകൂകിൻെറ ഈ വാക്യം കൂടെ കൂടെ പറയുന്നുണ്ട്. നവോത്ഥാനത്തിൻെറ സമയത്ത് ഇതിൻെറ വില ലൂഥർ വീണ്ടും കണ്ടുപിടിച്ചു. പല കല്പനകൾ നിങ്ങൾക്കു ഭാരമാകുന്നു എങ്കിലോ, നിങ്ങളുടെ ലക്ഷ്യത്തിലെത്തുവാൻ സഹായിക്കുന്നില്ലെങ്കിലോ, ഇവയിൽ ഒന്ന് വിടാതെ പിടിച്ചുകൊൾക:- യേശുക്രിസ്തുവിൽ വിശ്വാസം വയ്ക്കുക എന്നാൽ നീ ജീവിക്കും.

## ആഗസ്ററ് 3

"നീ ചെന്നു നിനക്കുള്ളതു വിററു ദരിദ്രർക്കു കൊടുക്കുക."

(മത്തായി 19:21)

ഫാദർ സെറാപ്പിയൻ അലക്സാന്ത്രിയയിൽ തണുപ്പുകൊണ്ട് മൃതപ്രായനായ ഒരു മനുഷ്യനെ കണ്ടുമുട്ടിയതായി ഒരു കഥയുണ്ട്. അദ്ദേഹം സ്വയം ചോദിച്ചു: "ഒരു സന്യാസി എന്ന് സ്വയം കരുതുന്ന എനിക്ക് ഈ

പാവപ്പെട്ട മനുഷ്യൻ, അതായത് ക്രിസ്തുതന്നെ, തണുപ്പുകൊണ്ട് കഷ്ടപ്പെടുമ്പോൾ വസ്ത്രങ്ങൾ ധരിക്കുവാൻ എന്തു യോഗ്യതയാണുള്ളത്? ഈ മനുഷ്യൻ തണുപ്പുകൊണ്ട് മരിക്കാനിടയായാൽ അന്ത്യവിധിയിൽ തീർച്ചയായും എന്നെ കൊലപാതകിയായി കണക്കാക്കും.'' അദ്ദേഹം തന്റെ വസ്ത്രം ഊരി ആ സാധു മനുഷ്യന് കൊടുത്തു.

പിന്നീട് അദ്ദേഹം ഒരിടത്തിരുന്ന് സുവിശേഷം വായിക്കുവാൻ തുടങ്ങി. അതു വഴിപോയ ഒരു പോലീസുകാരൻ അദ്ദേഹം നഗ്നനായിരിക്കുന്നതു കണ്ട് ചോദിച്ചു: ''ഫാദർ സെറാപ്പിയൻ, ആരാണ് അങ്ങയുടെ വസ്ത്രം അപഹരിച്ചത്?'' അദ്ദേഹം മറുപടി പറഞ്ഞു: ''ഈ പുസ്തകം അവനെപററിയാണ് പറയുന്നത്.''

പിന്നീട് അദ്ദേഹം ഒരു മനുഷ്യന് കടം വീട്ടുവാൻ കഴിയാഞ്ഞതിനാൽ അവനെ ജയിലിലേക്കു കൊണ്ടുപോകുന്നത് കണ്ടു. സെറാപ്പിയൻ തന്റെ സുവിശേഷ പുസ്തകം വിററ് അവന്റെ കടം വീട്ടി.

അദ്ദേഹം നഗ്നനായി തന്റെ മുറിയിൽ തിരികെ വന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യൻ ചോദിച്ചു: ''ഗുരോ, അങ്ങയുടെ വസ്ത്രങ്ങൾ എവിടെയാണ്?'' അദ്ദേഹം മറുപടി പറഞ്ഞു: ''നമുക്ക് എവിടെ അത് ആവശ്യമായി വരുമോ അവിടെക്ക് ഞാൻ അത് അയച്ചു.'' ശിഷ്യൻ വീണ്ടും ചോദിച്ചു: ''അങ്ങയുടെ സുവിശേഷ പുസ്തകം എവിടെ?'' അദ്ദേഹം മറുപടി പറഞ്ഞു: ''നിനക്കുള്ളതെല്ലാം വിററ് പാവങ്ങൾക്കു കൊടുക്കുക'' എന്ന് എന്നോട് ദിവസവും ഉപദേശിച്ചവൻ അത് ആവശ്യപ്പെട്ടു. അതുകൊണ്ട് ഞാൻ അതു വിററു. ന്യായവിധിനാളിൽ ആത്മവിശ്വാസത്തോടെ നില്ക്കുവാൻ പ്രാപ്തനായി.''

ഉറച്ച വിശ്വാസത്തിന്റെ ഇത്ര നല്ല അനേകം ഉദാഹരണങ്ങൾ നമ്മുടെ കൺമുമ്പിലുള്ളപ്പോൾ നാം അല്പവിശ്വാസം കൊണ്ട് തൃപ്തിപ്പെടുന്നതെന്തിനാണ്? ചൂതുകളിക്കാർ തങ്ങൾക്കുള്ളതെല്ലാം ഒരു അക്കത്തിൽ പണയപ്പെടുത്തുന്നു. നാം അതിൽ വിശ്വസിക്കുന്നു എന്ന് നാം അറിയുന്നു. അവൻ നിത്യ ദൈവവും സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവും ആകുന്നു. അവനിൽ നമുക്ക് പൂർണ്ണ വിശ്വാസം അർപ്പിച്ച് അവന്റെ ആജ്ഞ നിറവേററാൻ നമ്മുടെ പരമാവധി ശ്രമിക്കാം.

---

## ആഗസ്ററ് 4

---

''നിങ്ങളോ..... തിരഞ്ഞെടുക്കപ്പെട്ട ജാതിയാകുന്നു.'' (1പത്രൊസ് 2:9)

ഒരുവനെ ദൈവം തിരഞ്ഞെടുത്തത് എന്ന് എങ്ങനെ നമുക്ക് അറിയാൻ കഴിയും? അവന്റെ വിനയം മൂലമോ?

ദൈവം അബ്രഹാമിനെ ഒരു വലിയ ജാതിയാക്കി എങ്കിലും 'ദൈവത്തിന്റെ സ്നേഹിതൻ' ആയവൻ പറഞ്ഞു ''പൊടിയും വെണ്ണീറുമായ ഞാൻ കർത്താവിനോടു സംസാരിപ്പാൻ തുനിഞ്ഞുവല്ലോ'' (ഉല്പത്തി 18:27). മോശയും അഹരോനും ദൈവത്തിന്റെ നാമത്തിൽ ശക്തന്മാരായ

പ്രമാണികളോട് പൊരുതി എങ്കിലും അവർ ശത്രുക്കളോട് സംസാരിക്കുമ്പോൾ പോലും ഭൃത്യന്മാരെപ്പോലെ പ്രവർത്തിച്ചു. "കോരപ്പീൻ.... നിങ്ങൾ അഹരോന്റെ നേരെ പിറുപിറുപ്പാൻ തക്കവണ്ണം അവൻ എന്തുമാത്രമുള്ളൂ. (സംഖ്യാപുസ്തകം 16:8-11) ദൈവം ദാവീദിനെ ഭൂമിയിലേക്കും വലിയ രാജാവാക്കി എന്നിട്ടും അവൻ പറഞ്ഞതു: "ഞാനോ മനുഷ്യനല്ല ഒരു ക്രിമിയത്രെ" (സങ്കീ. 22:6). ദൈവം പൗലോസിനെ തന്റെ അപ്പോസ്തോലന്മാരിൽ ശ്രേഷ്ഠനാക്കി എന്നിട്ടും അവൻ എഴുതിയതു: "ഞാൻ അപ്പൊസ്തോലന്മാരിൽ ഏററവും ചെറിയവനല്ലോ!" (1 കൊരിന്ത്യർ 15:9). ദൈവം തിരഞ്ഞെടുക്കുന്നവന് മററാരിലും ശ്രേഷ്ഠൻ എന്ന് തോന്നുകയില്ല. അവർ "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം" (ലേവ്യപുസ്തകം 19:18) എന്ന കല്പന അതേപോലെ തന്നെ പാലിക്കുന്നു. എബ്രായ ഭാഷയിൽ ഈ വാക്യം "നിന്റെ കൂട്ടുകാരനെ സ്നേഹിക്കുക, അവൻ നിന്നെപ്പോലെയാകുന്നു" എന്നാകുന്നു. നിന്നെപ്പോലെതന്നെ ശേഷിയുള്ളവനും, വിലയുള്ളവനും, നിന്നെപ്പോലെ തന്നെ നന്മയും തിന്മയും ഉള്ളവനും ആകുന്നു. ഇത് അവനെ സ്നേഹിക്കുവാൻ മതിയായ കാരണമാണ്. തിരഞ്ഞെടുക്കുന്നത് കൃപയാൽ ആകുന്നു. അപ്പോൾ നമ്മുടെ യോഗ്യത ഒന്നും കണക്കിലെടുക്കാതെയാണ്. ശ്രേഷ്ഠൻ എന്ന മനോഭാവം ന്യായീകരിക്കത്തക്കതല്ല, മറിച്ച് നമ്മുടെ കൂടെയുള്ളവന്റെ ഭൃത്യന്മാർ എന്ന നിലയിലേക്കു നാം താഴ്ത്തപ്പെടുന്നു.

---

## ആഗസ്ററ് 5

---

"നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ." (റോമർ 12:1)

സ്കോട്ട്ലാൻറിലെ റീജൻറ് ആയിരുന്ന മേർടൺ പ്രഭു ജനറൽ അസംബ്ളിയുടെ ഒരു കമ്മററി യോഗത്തിൽ അവർ രാജാവിന്റെ അനുവാദമില്ലാതെ അപ്രകാരം ഒരു യോഗം നടത്തുന്നത് രാജ്യദ്രോഹമായി പരിഗണിക്കാവുന്നതാണ് എന്ന് പ്രഖ്യാപിച്ചു. ആൻഡ്രൂ മെൽവിൽ മറുപടി പറഞ്ഞു: "അപ്രകാരമെങ്കിൽ ഭരണാധികാരികളുടെ അധികാരമില്ലാതെ വലിയ ജനകൂട്ടത്തെ വിളിച്ചുകൂട്ടിയിരുന്ന യേശുവും ശിഷ്യന്മാരും രാജ്യദ്രോഹ കുററമാണല്ലോ ചെയ്തത്."

റീജൻറ് കോപം കൊണ്ട് വിറച്ചു. "നിങ്ങളിൽ കുറെ എണ്ണത്തെ തൂക്കിലിടുകയോ നാടുകടത്തുകയോ ചെയ്യാതെ ഈ രാജ്യത്ത് സമാധാനം ഉണ്ടാകയില്ല."

മെൽവിൽ പറഞ്ഞു: "ഇപ്രകാരമാണോ നിന്റെ പ്രജകളോട് സംസാരിക്കുന്നത്? എന്റെ ശരീരം വായുവിൽ കിടന്നോ തറയിൽ കിടന്നോ ആണ് ചീയുന്നത് എന്നത് എനിക്ക് പ്രശ്നമല്ല. ഈ ഭൂമി കർത്താവിന്റേതാണ്. ഒരു നല്ല കാര്യത്തിനായി എന്റെ ജീവൻ കൊടുക്കുവാൻ ഞാൻ എപ്പോഴും തയ്യാറാണ്. ദൈവനാമം വാഴ്ത്തപ്പെടട്ടെ."

തൻെറ വിശ്വാസത്തിൻെറ പേരിൽ അഡ്മിറൽ ഗോലിഗ്നിക് മുറിവേൽക്കേണ്ടിവന്നു; വിരൽ മുറിച്ചു മാററിയാണ് ഡോക്ടർ വെടിയുണ്ട പുറത്തെടുത്തു കളഞ്ഞത്. "ദൈവം ആഗ്രഹിക്കാതെ ഒന്നും സംഭവിക്കുന്നില്ല. ദൈവത്തിനുവേണ്ടി ഈ മുറിവേല്ക്കേണ്ടിവന്നതിൽ എനിക്കു സന്തോഷമേയുള്ളൂ. അവൻ എന്നെ ശക്തീകരിക്കുന്നതിനായി പ്രാർത്ഥിക്കുക. എന്നെ വെടിവച്ച ആളിനോടും അതിന് അവനെ പ്രേരിപ്പിച്ചവരോടും ഞാൻ ആത്മാർത്ഥമായി ക്ഷമിക്കുന്നു."

അദ്ദേഹത്തെ വാളുകൊണ്ട് കുത്തിക്കൊന്നു. ആ ശരീരം അവർ മച്ചിൽ നിന്നും താഴേക്കു വലിച്ചെറിഞ്ഞു.

ബെർത്തലേമ്യയിലെ രാത്രി ഈ സംഭവത്തോടുകൂടിയാണ് തുടങ്ങിയത്. അദ്ദേഹത്തെപ്പോലെ വിശ്വാസികളായ അനേകർ ആ രാത്രി കൊല്ലപ്പെട്ടു. "കപട വിശ്വാസികളുടെ മരണം സഭയെ ശക്തിപ്പെടുത്തുന്നു" എന്ന് പറഞ്ഞ് സന്യാസിമാർ കൊലപാതകികളെ പ്രേരിപ്പിച്ചു.

"ദൈവമേ എനിക്കു സ്കോട്ട്ലൻറിനെ തരിക. അല്ലെങ്കിൽ ഞാൻ മരിക്കേണമേ" എന്നു പ്രാർത്ഥിച്ച നോക്സിനെപ്പോലെയുള്ള അനേകം മഹാന്മാർ ഇവാഞ്ചലിക്കൽ സഭയിൽ ഉണ്ടായിരുന്നിട്ടുണ്ട്. ആത്മാർത്ഥമായി പ്രാർത്ഥിക്കയും വിശുദ്ധ ലക്ഷ്യത്തിനായി പീഢനവും മരണം തന്നെയും വരിക്കുവാൻ സന്നദ്ധരായിരിക്കയും ചെയ്യാൻ നമുക്ക് അവരെ മാതൃകയാക്കാം.

---

## ആഗസ്ററ് 6

---

"നിങ്ങാ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിൻെറ മഹത്വത്തിനായി ചെയ്വീൻ." (1കൊരിന്ത്യർ 10:31)

മനുഷ്യർ മാനസാന്തരപ്പെടുന്നത് പ്രസംഗങ്ങളിൽകൂടി, പുസ്തകത്തിൽ കൂടി, വ്യക്തികളുടെ സാക്ഷ്യങ്ങളിൽ കൂടി മാത്രമാണ് എന്നത് ശരിയല്ല. നിങ്ങാ ഭക്ഷിക്കുമ്പോഴും കുടിക്കുമ്പോഴും എല്ലാം ദൈവത്തിൻെറ മഹത്വത്തിനായി ചെയ്യുക. ഭക്ഷിക്കുമ്പോഴും, വ്യാപാരത്തിലും മാനസോല്ലാസത്തിലും മനുഷ്യർ നിങ്ങളുടെ പെരുമാററങ്ങളെ ശ്രദ്ധിച്ച് സത്യത്തിൽ എത്തിച്ചേരുവാൻ സഹായിക്കുന്നു.

ഒരു വിശ്വാസിയുടെ അടുത്ത് ഒരാാ സത്യത്തിൻെറ വഴിയെപററി അന്വേഷിച്ചു. അയാാ ഉത്തരം പറഞ്ഞു: "നിങ്ങാആ അരുവിയുടെ മർമ്മരശബ്ദം കോക്കുന്നുണ്ടോ? അവിടെയാണ് അതിൻെറ തുടക്കം." അദ്ദേഹത്തിന് ദൈവം സൃഷ്ടിച്ച ഭൂമിയിലെ മററ് എല്ലാ പ്രതിഭാസങ്ങളെയും ചൂണ്ടിക്കാട്ടാമായിരുന്നു. അല്ലെങ്കിൽ ഏതെങ്കിലും വിശുദ്ധൻെറ വെളിപാടിനേയും കാട്ടിക്കൊടുക്കാമായിരുന്നു.

ഒരു സത്യോപാസകൻ എന്നാൽ വിശ്വാസ വൃക്ഷത്തിൽ കയറിയ ഒരു മനുഷ്യനാണ്. ഈ വൃക്ഷം മുകളിൽ നിന്ന് താഴേക്കു വളരുന്നു. കാരണം ഇതിൻെറ വേര് ദൈവത്തിലാണ്. വാക്കുകാ മാത്രമല്ല ഇതിൽ കയറുന്ന ഓരോ നിമിഷത്തിൻെറയും വിചിത്രത ഉത്ഭവത്തെപററി പറയുന്നു. ദൈവം എന്നെ

സൃഷ്ടിക്കാതിരുന്ന സമയത്ത് ലോകം സൃഷ്ടിക്കുന്നതിന് മുമ്പ് അവൻെറ പദ്ധതിയിൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. ഞാൻ അവനിൽ ഉണ്ടായിരുന്നു. ഞങ്ങൾ ഒന്നായിരുന്നു. അവൻ എന്നെ സൃഷ്ടിച്ചു. ഞാൻ സൃഷ്ടിയും അവൻ എൻെറ ദൈവവും ആയി.

ഞാൻ കയറി ഏററവും മുകളിൽ എത്തുമ്പോൾ അതായത് ഞാൻ വന്ന വേരിൽ എത്തുമ്പോൾ ഞാൻ സൃഷ്ടിയല്ലാതാകും. ദൈവം എൻെറ ദൈവവും അല്ലാതാകും. അപ്പോൾ ഞങ്ങൾ ഒന്നായി. ഈ ഏകത്വം, ഈ പ്രത്യേകത ഞാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും മതപരമായ കാര്യമല്ലെങ്കിൽ തന്നെയും തെളിഞ്ഞുകാണും. മൺപത്രങ്ങളിലെ ഈ നിധികളിൽ കൂടി അതു തന്നെ വെളിവാക്കുന്നു.

ആർക്കെങ്കിലും എൻെറ പ്രവർത്തനത്തിൽ ദിവ്യമായതൊന്നും കാണാൻ കഴിഞ്ഞില്ലെങ്കിൽ, അത് ഒരുവൻ പുതുതായി ജനിച്ചില്ലെങ്കിൽ സ്വർഗ്ഗരാജ്യം കാണ്മാൻ കഴിയുന്നില്ല (യോഹന്നാൻ 3:3) എന്നതുകൊണ്ടാണ്. അവർ യേശുവിനെ ദൈവത്തിൻെറ പുത്രൻ ആണ് എന്ന് മനസ്സിലാക്കിയിട്ടില്ല.

ആൻജലസ് സിലിഷ്യസ് പറയുന്നത് നമ്മുടെ ശരീരം വെറും തോടുകളാണ്. അതിൽ നിത്യജീവൻ തൻെറ കുഞ്ഞുങ്ങളെ വിരിയിക്കാൻ ആഗ്രഹിക്കുന്നു. ദൈവത്താൽ പ്രശോഭിതമായവരുടെ ഭക്ഷണത്തിൻെറയും പാനം ചെയ്യുന്നതിൻെറയും രീതിയും ദിനം തോറുമുള്ള മററ് കാര്യങ്ങളിലും നമ്മുടെ ദിവ്യത്വത്തിൻെറ നിഗൂഢത വെളിപ്പെടും.

---

## ആഗസ്ററ് 7

---

"യഹോവ തന്നു; യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ." (ഇയ്യോബ് 1:21)

ഒരു മനുഷ്യൻ തൻെറ മകൻ മരണമടഞ്ഞപ്പോൾ അങ്ങനെയുള്ള അവസരങ്ങളിൽ സാധാരണ കാണാറുള്ളപ്രകാരം അതീവ ദുഃഖം പ്രകടിപ്പിക്കാതെയിരിക്കുന്നതു കണ്ട് അദ്ദേഹത്തിൻെറ ഒരു സുഹൃത്തു ചോദിച്ചു. "നിനക്ക് നിൻെറ മകനോട് അതിയായ സ്നേഹം ഉണ്ടായിരുന്നിട്ടും അവൻെറ മരണത്തിൽ നീ ദുഃഖിക്കാതെയിരിക്കുന്നത് എന്താണ്?"

അദ്ദേഹം മറുപടി പറഞ്ഞു: "എനിക്ക് മകനില്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് ഞാൻ അതെചൊല്ലി ദുഃഖിച്ചില്ല. ഇപ്പോൾ എൻെറ മകൻ മരിച്ച ശേഷം ഞാൻ വീണ്ടും പഴയ അവസ്ഥയിലെത്തിയിരിക്കയാണ്. ഞാൻ എന്തിനാണ് ദുഃഖിക്കുന്നത്?"

വിശ്വാസികൾക്ക് വിഷമഘട്ടങ്ങളിൽ പതറാതെ നിലകൊള്ളുവാൻ കഴിയും.

മാൻതോൽ ധരിച്ച്, ഒരു കയർ അരയ്ക്കുകെട്ടി ഓടക്കുഴൽ വായിച്ചുകൊണ്ടിരിക്കുന്ന ഒരുവനെ ഒരിക്കൽ കൺഫ്യൂഷ്യസ് കണ്ടു "നിനക്ക് എന്താണിത്ര സന്തോഷം?" അദ്ദേഹം അവനോടു ചോദിച്ചു.

ആ മനുഷ്യൻ മറുപടി പറഞ്ഞു: "സന്തോഷിക്കുവാൻ എനിക്കു വളരെയധികം ഉണ്ട്. മനുഷ്യൻ സൃഷ്ടിയുടെ മകുടം ആണ്. ദൈവം എന്നെ ഒരു

മനുഷ്യനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്, മൃഗമായിട്ടല്ല. പലരും ചെറുപ്പത്തിൽ തന്നെ മരണമടയുന്നു. ഞാൻ ഇത്രത്തോളം പ്രായമായിക്കഴിഞ്ഞു. പലരും തടവിലോ രോഗശയ്യയിലോ ആണ്. ഞാൻ സ്വതന്ത്രനും ആരോഗ്യവാനും ആണ്. ഞാൻ ഇന്നു രാവിലെ വയറു നിറയെ ആഹാരം കഴിച്ചു. എനിക്ക് ഇന്ന് രാത്രിയിലേക്കും ആഹാരം ഉണ്ട്. സംതൃപ്തനല്ലാതിരിക്കുവാൻ എനിക്കു കാരണം ഒന്നും ഇല്ലല്ലോ?''

ഒരുവൻ ഇപ്രകാരം ഭൗതീകമായ ചിന്തകളിൽ നിന്നും വിമുക്തനാകുമ്പോൾ മാത്രമാണ് അവന് ആത്മീക ജീവിതത്തിൽ മുന്നേറുവാൻ സാധിക്കുന്നത്.

പല മനുഷ്യർക്കും അകാരണമായ ഭയങ്ങൾ ഉണ്ട്. നിന്റെ സംഭാഷണം മധുരമായതാണെങ്കിൽ, അതിന്റെ പ്രതിധ്വനിയും മധുരമുള്ളതായിരിക്കും. നീ നിവർന്നു നടക്കുകയാണെങ്കിൽ നിന്റെ നിഴലും നിവർന്നതല്ലായിരിക്കുമോ? ഒരു ക്രിസ്ത്യാനി ആരേയുമോ ഒന്നിനേയുമോ ഭയപ്പെടുകയില്ല.

യേശു തന്റെ ശിഷ്യന്മാരെക്കാളുപരിയായി ആനന്ദത്തിന്റെ തൈലത്താൽ അഭിഷക്തനായിരുന്നു. അവൻ തന്റെ ശിഷ്യന്മാരേയും അതേ തൈലത്താൽ അഭിഷേകം ചെയ്യുന്നു. നമുക്ക് ഒരിക്കലും ഒന്നും നഷ്ടപ്പെടുന്നില്ല. അവൻ കർത്താവും നമ്മെ സ്നേഹിക്കുന്നവനുമാകുന്നു. അവൻ നമ്മിൽ നിന്നും എടുക്കുന്നവ അവൻ പലമടങ്ങായി തിരികെ നല്കുന്നു.

## ആഗസ്ററ് 8

''അന്ത്യകാലം വരെ അവരിൽ പരിശോധനയും ശുദ്ധീകരണവും നിർമ്മലീകരണവും സാധിക്കേണ്ടതിന് ബുദ്ധിമാന്മാരിൽ ചിലർ വീഴും.'' (ദാനിയേൽ 11:35)

യേശു തന്റെ ശിഷ്യന്മാരോട് തന്നെ കാണിച്ചു കൊടുക്കുന്ന ദിവസം അവർ അവനെ ഉപേക്ഷിക്കും എന്ന് മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. പത്രോസ് തന്നെ തള്ളിപ്പറയും എന്ന് മുൻകൂട്ടി പറഞ്ഞു. പക്ഷേ ഇതിൽ വിചിത്രമായ സംഗതി അവന്റെ ശിഷ്യന്മാരിൽ ഒരുത്തൻ പോലും ''ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ'' എന്നു പറയേണ്ട ഏററവും അനുയോജ്യമായ സമയം ആയിരുന്നിട്ടുകൂടി അങ്ങനെയുള്ള വിധിയിൽ നിന്ന് രക്ഷിക്കുവാൻ ആവശ്യപ്പെടുന്നില്ല.

കർത്താവിന്റെ പ്രാർത്ഥനയിലെ സർവ്വനാമങ്ങൾ എല്ലാം ബഹുവചനത്തിലുള്ള പദമാണ്. നമ്മൾ പറയുന്നത് ''ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ'' എന്ന് ക്രിസ്തുവിന്റെ മുഴുവൻ സഭയ്ക്കുവേണ്ടിയാണ്. ഇതിന്റെ അർത്ഥം സഭ നശിച്ചു പോകരുതേ എന്നാണ്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു വീഴ്ചയിൽ കൂടി പോകേണമോ എന്ന് തീരുമാനിക്കുന്നത് ദൈവത്തെ ഭരമേല്പിച്ചിരിക്കുന്നു.

അവൻ അങ്ങനെ തീരുമാനിക്കുന്നെങ്കിൽ ദൈവത്തിന്റെ മടിത്തട്ട് നമുക്കുവേണ്ടി നിലകൊള്ളുന്നു എന്ന് അറിഞ്ഞുകൊണ്ട് നാം സന്തോഷത്തോട് അവന്റെ മടിയിലേക്കു വീഴും. അവൻ എന്നെ തള്ളിയിട്ടാൽ ആ വീഴ്ച എന്നെ

മുറിവേൽപ്പിക്കയില്ല. അവ എല്ലാം ദൈവത്തിൻെറ അനുഗ്രഹങ്ങൾ ആണ്. കൂടാതെ അവ എല്ലാം നല്ല ലക്ഷ്യങ്ങളെ നിവർത്തിക്കുന്നു.

യേശു പത്രോസിനോട് അവന് വീഴ്ച സംഭവിക്കും എന്നു മാത്രമല്ല അതിൽ നിന്നും തിരികെ വന്നശേഷം തൻെറ സഹോദരന്മാരെ ഉറപ്പിക്കും എന്നും പറഞ്ഞു. അവൻെറ വീഴ്ചയ്ക്കു ശേഷമായതിനാലും, അതിലുള്ള അവൻെറ പരിചയത്താലും അവർ അസാമാന്യ ധൈര്യത്താൽ പൗരുഷമായ വാക്കുകൾ ഉപയോഗിച്ച് പെന്തക്കോസ്തു നാളിൽ മനുഷ്യരെ വെല്ലുവിളിക്കുന്നതായി കാണാം. ഇത് അവൻെറ ജീവൻ തന്നെ അപകടത്തിൽ ആക്കുമായിരുന്നു.

സഭാചരിത്രം പറയുന്നത് തൻെറ ഭാര്യയോടൊപ്പം ക്രൂശിക്കുവാൻ വിധിച്ചപ്പോൾ അവൻെറ അവസാനത്തെ ആഗ്രഹം തല താഴ്‌വശത്തായി ക്രൂശിക്കേണം എന്നായിരുന്നു. അവൻെറ യജമാനനെപ്പോലെ തല മുകളിലായി ക്രൂശിക്കപ്പെടുവാൻ താൻ അർഹനല്ല എന്ന് തോന്നി. കുരിശിൽ കിടന്ന് അവൻ പറഞ്ഞു: ''ഈ തലകീഴായ ലോകത്തിൽ ഞാൻ ഇപ്പോൾ ശരിയായ നിലയിലാണ്. മനുഷ്യൻ എപ്പോഴും ചെയ്യേണ്ടതുപോലെ ഞാൻ മുകളിലേക്ക്, സ്വർഗ്ഗത്തിലേക്കു നോക്കുന്നു.''

പൈതലായ യേശു ''യിസ്രായേലിൽ പലരുടേയും വീഴ്ചയ്ക്കും എഴുന്നേൽപ്പിനും'' (ലൂക്കോസ് 2:34) വേണ്ടി പുറപ്പെട്ടതാണ്. ഈ രണ്ടു വിധികളും നാം സ്വീകരിക്കുക.

---

## ആഗസ്റ്റ് 9

---

''അവനോടു കൂട്ടായ്മ ഉണ്ട് എന്ന് പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല.''

(1യോഹന്നാൻ 1:6)

ഇപ്പോൾ 'ആൻറിനോമിയനിസം' (antinomianism-anti-law) എന്നപേരിൽ അറിയപ്പെടുന്ന തെററായ വിശ്വാസത്തെപ്പററിയാണ് അപ്പൊസ്തോലൻ ഇവിടെ പ്രതിപാദിക്കുന്നത്. ഈ വിശ്വാസസംഹിതപ്രകാരം ഒരുവന് പാപത്തിൽ ജീവിച്ചുകൊണ്ട് തന്നെ ദൈവവുമായി ഒത്തുതീർപ്പിൽ കഴിയാം എന്നാണ് തെററായ ഈ പഠിപ്പിക്കൽ പറയുന്നത്. അൻറിനോമിയൻ വിശ്വാസികൾ അവരുടെ വിശ്വാസം ഇപ്രകാരമാണ് എന്ന് വെട്ടിതുറന്നു പറയുന്നില്ല. എങ്കിലും ഫലത്തിൽ ജീവിതത്തെപ്പററിയുള്ള സമീപനം അപ്രകാരമാണ്.

തൻെറ കാലഘട്ടത്തിലെ ആൻറിനോമിയൻ ചിന്താഗതിക്കാരോട് അപ്പൊസ്തോലൻ വളരെ കരുതലോടെയാണ് ഉപദേശിക്കുന്നത്. 'നാം പറയുന്നു' എന്ന് അവനെകൂടി ഉൾപ്പെടുത്തിക്കൊണ്ട് എഴുതുമ്പോൾ, തെററായ വിശ്വാസം കൈക്കൊള്ളുവാൻ എല്ലാവർക്കും പ്രേരണയുണ്ടാകാം എന്ന ധ്വനി പ്രകടമാണ്.

''ഇരുട്ടിൽ നടക്കുക'' എന്നത് ''പാപത്തിൽ ജീവിക്കുക'' എന്ന അർത്ഥത്തിലാണ് എഴുതിയിരിക്കുന്നത്. മാത്രമല്ല, വർത്തമാനകാലത്തിൽ

ഇതെപ്പററി എഴുതിയിരിക്കുന്നതിനാൽ തുടർച്ചയായി അപ്രകാരം പാപത്തിൽ ജീവിക്കുന്നതിനെപററിയാണ് പ്രതിപാദിച്ചിരിക്കുന്നത് എന്ന് അനുമാനിക്കാം. ക്രിസ്ത്യാനികൾ പാപം ചെയ്യുന്നുണ്ട് എന്നത് ഒരു സത്യം മാത്രമാണ്. ചിലർ പലപ്പോഴും, ചിലർ വലിയ പാപങ്ങളും ചെയ്യുന്നുണ്ട്. "നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെതന്നെ വഞ്ചിക്കുന്നു" (1യോഹ. 1:8) എന്ന് അപ്പൊസ്തോലൻ പറയുമ്പോൾ ഈ സത്യം അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. "ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിൻെറ അടുക്കൽ ഉണ്ട്" (1യോഹ. 2:1). പക്ഷേ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പാപം ചെയ്യുന്നത് ഒരു സാധാരണ സംഭവമല്ല. അവൻെറ സ്വാഭാവികമായ ചര്യയിൽ നിന്നുമുള്ള വ്യതിചലനമാണ് പാപം. ദൈവത്തിൻെറ മക്കൾ പാപം ചെയ്യുന്നു എങ്കിലും സൽപ്രവൃത്തികൾ അവരുടെ ജീവിതത്തിൽ നിന്നും തുടച്ചുമാററപ്പെടത്തക്കവണ്ണം പാപത്തിന് പ്രസക്തി നല്കുവാൻ അവർ ഇടം കൊടുക്കുകയില്ല. അവർ ഇരുട്ടിലല്ല പ്രകാശത്തിലത്രേ നടക്കുന്നത്. അവർ പ്രകാശത്തിൽ നടക്കുന്നതിനാൽ അവർക്കു തങ്ങളുടെ പാപത്തെപററി ബോദ്ധ്യം വരികയും അവർ അതേപററി അനുതപിക്കയും ചെയ്യുന്നു.

പാപം ഒരു സ്വഭാവിക ജീവിതചര്യയായിട്ടുള്ളവർക്ക് എന്തു മാത്രം മതവിശ്വാസം ഉണ്ടെങ്കിലും യാതൊരു പ്രയോജനവുമില്ല. അവർക്ക് ദൈവവുമായി സംസർഗ്ഗം സാദ്ധ്യമല്ല.

നാം അന്ത്യനാളുകളിലാണ് കഴിയുന്നത്. സാന്മാർഗ്ഗികതയും നിയമങ്ങളും, നീതിയും തകർന്നുകൊണ്ടിരിക്കും. ആൻറിനോമിയനിസം എന്ന ദുർവിശ്വാസം, അതായത് മതവിശ്വാസത്തോട് ബന്ധപ്പെട്ടുനിന്നുകൊണ്ടുള്ള നിയമ രഹിതമായ ജീവിത രീതി, ഇന്ന് വളരെ അപകടകരമാണ്. നാം അതേപററി ബോധവാന്മാരായിരിക്കേണ്ടതാണ്.

---

## ആഗസ്ററ് 10

---

"അവൻ ദൈവരൂപത്തിൽ ഇരിക്കെ.....തന്നെ താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ." (ഫിലിപ്പിയർ 2:7)

നിക്കോളോ പഗാനിനി ലോകം കണ്ടതിൽ വച്ച് ഏററവും നല്ല ഒരു വയലിൻ വാദകനായിരുന്നു. ജർമ്മൻ കവിയായിരുന്ന ഹെൻറിച്ച് ഹെയ്ഗനെപ്പോലെയുള്ള ബുദ്ധിമാന്മാരായവർപോലും പഗാനിനി സാത്താനുമായി ഉടമ്പടി ഉണ്ടാക്കി പ്രതിഭ, ധനം, കീർത്തി ഇവയ്ക്കു പകരമായി തൻെറ ആത്മാവ് അവനു നല്കി എന്ന് വിശ്വസിച്ചിരുന്നു.

പഗാനിനിയുടെ കീർത്തിയുടേയും ഐശ്വര്യത്തിൻെറയും വളർച്ച പ്രയാസങ്ങളിൽ കൂടിയായിരുന്നു. തനിക്ക് വീട്ടാൻ വയ്യാത്ത കടം മൂലം ഉത്തമർണ്ണന്മാരുടെ ശല്യം മൂലം അദ്ദേഹം വെനീസിൽ നിന്ന് വിയന്നായിലേക്ക് ഒളിച്ച് ഓടി. അവിടെ അദ്ദേഹം വിവാഹങ്ങളിലും ചേരികളിലെ മദ്യശാലകളിലും പാടി തൻെറ ജീവസന്ധാരണം

നടത്തേണ്ടിയിരുന്നു. അദ്ദേഹത്തിൻെറ മോശമായ വസ്ത്രധാരണത്താൽ വലിയ ഹോട്ടലുകൾ ഒന്നും അദ്ദേഹത്തെ സ്വീകരിച്ചില്ല. ഒരിക്കൽ ഒരു മൂന്നാം തരം റസ്റ്റോറൻറിൽ വയലിൻ വായിച്ചപ്പോൾ ഒരു വിദ്യാർത്ഥി "ഈ വഹിക്കാൻ വയ്യാത്ത ശബ്ദകോലാഹലം നിർത്താം" എന്ന ഉറപ്പിന്മേൽ അദ്ദേഹത്തിന് കുറേ നാണയങ്ങൾ നല്കി.

ഈ വ്രണപ്പെടുത്തലുകൾ അദ്ദേഹത്തിൽ ഒരു ഭ്രാന്തമായ താല്പര്യം ഉണർത്തി. അദ്ദേഹം അവിടത്തെ കിരീടാവകാശിയുടെ കൊട്ടാരത്തിൽ ഒരു മത്സരത്തിൽ വിജയിച്ചു. അന്നു മുതൽ അദ്ദേഹത്തിന് ഒരു ഉജ്ജ്വലമായ ജീവിതം തുറക്കപ്പെട്ടു. അദ്ദേഹത്തിന് ലോകത്തിൻെറ കീർത്തികളും കണക്കാക്കുവാൻ വയ്യാത്ത ധനങ്ങളും ഉണ്ടായി. സ്ത്രീകൾ അവരെ അവനു സമർപ്പിച്ചു. പഗാനിനി തൻെറ ആത്മാവിനെ നശിപ്പിച്ചിട്ട് ജീവിതത്തിൽ വിജയം നേടി. അദ്ദേഹം ഒരു അസന്തുഷ്ടനായ മനുഷ്യനായി. മുഖസ്തുതി തേടുന്നവനും, വർണ്ണിക്കുവാൻ വയ്യാത്ത ലുബ്ധുള്ള ഒരു പണക്കൊതിയനും ഇവയ്ക്കു പുറമെ കഴിഞ്ഞ കാലത്തേയും ഇപ്പോഴത്തേയും വരുംകാലങ്ങളിലേയും എല്ലാ കലാകാരന്മാരോടും അസൂയാലുവും ആയിരുന്നു. അവൻെറ കണ്ണിൽ അവൻെറ കലയ്ക്കു മാത്രമേ വില ഉണ്ടായിരുന്നുള്ളൂ.

അദ്ദേഹം തൻെറ സംഗീതം മററാരും പാടരുത് എന്ന ഉദ്ദേശത്താൽ വളരെ പ്രയാസമേറിയ സംയോജനത്താൽ എഴുതി. ഒരു ലക്ഷാധിപതി ആയിട്ടുകൂടി പഗാനിനി ആണികൾ, കടലാസ് കഷണങ്ങൾ, കയറ് മുതലായവ പെറുക്കി എടുത്തിരുന്നു. അദ്ദേഹം ഏററവും വിലകുറഞ്ഞ ആഹാരം കഴിച്ചു. തനിക്ക് പണം നഷ്ടപ്പെട്ടേക്കും എന്ന് കണ്ട് അദ്ദേഹം സ്നേഹിച്ച സ്ത്രീകളെ എല്ലാം നിരസിച്ചു.

സന്തോഷത്തിൻെറ വിലയ്ക്ക് വിജയം കൈവരിച്ച് അത് അനുഭവിക്കുവാനുള്ള കഴിവും അതു നല്കുന്നവൻെറ വേലയ്ക്കായി അത് ഉപയോഗിക്കുവാനുള്ള അവസരവും നഷ്ടപ്പെടുത്തി. ഇതാണ് പഗാനിനിയുടെ ദുഃഖകരമായ കഥ. നമ്മുടെ കഴിവുകളെ വർദ്ധിപ്പിക്കുക, വിജയം നേടുക. പക്ഷേ നമ്മുടെ ഹൃദയത്തിൽ പാപത്തിൻെറ കളകൾ വളരുവാൻ അനുവദിക്കരുത്. നിങ്ങൾ വിജയം നേടുമ്പോൾ വിശ്രമിക്കുക. അത് ആസ്വദിക്കുക. മററുള്ളവരെ അത് ആസ്വദിക്കുവാൻ സഹായിക്കുക.

## ആഗസ്ററ് 11

"നിന്നെ വിളിച്ചാൽ ചെന്നു ഒഴുക്കത്തെ സ്ഥലത്ത് ഇരിക്ക."

(ലൂക്കോസ് 14:10)

നാം എല്ലാവരും സാമ്പത്തികമായ പുരോഗതി ആഗ്രഹിക്കുന്നുണ്ട്. കുറച്ചുകൂടി വലിയ വീട്, കുറെ കൂടി വിപുലമായ ബിസ്സിനസ്സ്, കുറച്ചുകൂടി വലിയ പള്ളി, അല്ലെങ്കിൽ മിഷൻ ഇങ്ങനെ വളർച്ചയ്ക്കായി വെമ്പൽ എവിടെയും കാണാം. ഇതെല്ലാം എന്തിനായിട്ടാണ്? വളർച്ചയ്ക്കുവേണ്ടി മാത്രം വളരുകയെന്നത് കാൻസർ ബാധിച്ച ജീവ കോശങ്ങളുടെ തത്വശാസ്ത്രം ആണ്.

വിജയത്തിനുള്ള കുറിപ്പടികഠം പലതുണ്ട്. യേശു അവയൊന്നും പഠിച്ചില്ല. പകരം അവൻ തൻെറ പിതാവിനോട് നിരപ്പായിരിപ്പാനും, അവൻെറ ചുമതലകഠം — അത് കുരിശോ കിരീടമോ ഉഠംക്കൊള്ളുന്നവ ആയിരുന്നാൽ പോലും ആത്മാർത്ഥമായി നിർവഹിക്കുവാനും പരിശ്രമിച്ചു.

വേദപുസ്തക തത്വങ്ങഠം കൈവിടരുത്. പണത്തിനായി വിവാഹം കഴിക്കരുത്. അനാശാസ്യമായ മാർഗ്ഗങ്ങളിൽ കൂടി പണം സമ്പാദിക്കയുമരുത്. ജനവഞ്ചനയുടെ രാഷ്ട്രീയ ജീവിതത്തിൽ നേട്ടം കൈവരുത്തരുത്. ഒരു ക്രിസ്തീയ ജീവിതം നയിക്കേണ്ട ബാദ്ധ്യതയെ കുറിച്ച് ശരിക്കും മനസ്സിലാക്കിക്കൊടുക്കാതെ ആരേയും സഭയുടെ അംഗത്വത്തിലേക്കു ക്ഷണിക്കരുത്. വലിയ വരുമാനമോ അനേകരെ മാനസാന്തരപ്പെടുത്തുക എന്നതോ മാത്രം ആഗ്രഹിച്ച് സുവിശേഷ വേല നയിക്കരുത്. സുവിശേഷ വേലയുടെ ലക്ഷ്യം സത്യം അതിൻെറ എല്ലാവിധ പരിശുദ്ധിയോടും കൂടി പരിരക്ഷിക്കയെന്നതും കൂടിയായിരിക്കണം.

മതസൗഹൃദത്തിൻെറ പേരിൽ സത്യത്തിൻെറ ഒരു തരിമ്പുപോലും കൈവിട്ടു കളയരുത്. എല്ലാവരേയും സ്നേഹിക്കുക. പക്ഷേ വേദപുസ്തകത്തിലെ സത്യങ്ങഠംക്കായി നിലകൊള്ളുന്നവരെ മാത്രം നിങ്ങളുടെ സഹോദരരായി കൈക്കൊള്ളുക.

നിങ്ങഠം ദരിദ്രരോ, ശ്രദ്ധിക്കപ്പെടാത്തവരോ, ഒരു ചെറിയ സഭയുടെ അംഗങ്ങളോ ആണ് എന്നതിൽ പരിഭവിക്കരുത്. ഇതെപററി ലജ്ജിക്കുന്നവർ തെററായ രീതിയിലുള്ള വളർച്ചക്കായി കാംക്ഷിച്ചു എന്നു വരാം. പശുതൊട്ടിയിൽ കിടക്കേണ്ടി വന്നതിനെപററിയോ, രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിക്കപ്പെടേണ്ടവന്നതിനെപ്പററിയോ യേശു ലജ്ജിച്ചിരുന്നില്ല.

മററൊരുവൻെറ കുടുംബത്തിലോ, ബിസിനസ്സിലോ, ഇടവകയിലോ, മിഷനിലോ, ചരിത്രം ഉണ്ടാക്കി വലിയവൻ ആകുവാൻ ശ്രമിക്കരുത്. നിൻെറ സഹചാരി നേതൃത്വം ഏറെറടുക്കട്ടെ. രണ്ടാമനായി പ്രവർത്തിക്കുവാൻ സന്നദ്ധനായിരിക്കുക. ഇപ്രകാരം ചെയ്യുന്ന പക്ഷം നിങ്ങഠംക്ക് വിജയം വരിച്ച് സന്തോഷമില്ലാത്ത ഒന്നാമനെക്കാളും കൂടുതലായി നിൻെറ എളിയ സ്ഥാനത്തിൽ ആനന്ദം കൈവരിക്കുവാൻ സാധിക്കും.

---

## ആഗസ്ററ് 12

---

"സർവ്വഭൂമിയും അവൻെറ സന്നിധിയിൽ മൗനമായിരിക്കട്ടെ."

(ഹബകൂക് 2:20)

ദൈവത്തെ കണ്ടെത്തുവാനുള്ള മുൻവ്യവസ്ഥ നിശബ്ദതയാണ്. റേഡിയോ, ടെലിവിഷൻ, എയർകണ്ടീഷനറുകഠം, മററ് മെഷീനുകഠം നമ്മുടെ സംസാരം ഇവ എല്ലാം തന്നെ നിർത്തിവയ്ക്കേണ്ടതാണ്.

പല ആത്മാക്കഠംക്കും നിശബ്ദനായ ദൈവത്തെ കണ്ടു മുട്ടുവാൻ സാധിക്കാത്തതിൻെറ കാരണം അവരുടെ വീടുകളിലെ ശബ്ദകോലാഹലങ്ങഠം ആണ്.

പ്രയോജനമില്ലാത്ത സംസാരം ധാരാളമായുണ്ട്. എന്നാൽ പ്രയോജനമില്ലാത്ത നിശബ്ദതയെപററി എനിക്കറിയില്ല. നിശബ്ദത പൂർണ്ണതയാണ്. വാക്കുകാം അതിൻെറ ചെറിയ കഷ്ണങ്ങാം മാത്രമാണ്.

നിങ്ങാം വചനങ്ങളോ, അല്ലെങ്കിൽ മററാരുടെ എങ്കിലും വാക്കുകളോ ഗാഢമായവ എന്ന് വിലമതിക്കുമ്പോാം അവ അഗാധ നിശബ്ദതയിൽ നിന്ന് ഉത്ഭവിച്ചതാണ് എന്ന് ഓർക്കുക. നിങ്ങാംക്ക് എന്തുകൊണ്ട് നദിയുടെ ഉത്ഭവ സ്ഥാനത്തേയ്ക്ക് വന്നുകൂടാ? നിങ്ങാം വചനങ്ങളിൽ എന്തുകൊണ്ട് അവസാനിപ്പിച്ചു? നമ്മെ ജീവനുള്ള വെള്ളത്തിൻെറ ഉറവിടത്തിലേക്ക് ആര് നയിക്കും?

ഞാൻ ലോകം ചുററി പല പ്രാവശ്യം യാത്രചെയ്തിട്ടുണ്ട്. പക്ഷേ ഏററവും രസകരമായ യാത്ര ഞാൻ നിശബ്ദതയിൽ എൻെറ ഹൃദയത്തിൻെറ ആഴത്തിൽ ദൈവം എന്നെ കണ്ടു മുട്ടുവാൻ ഇഷ്ടപ്പെടുന്ന സ്ഥലത്ത് നടത്തിയ യാത്രകാം ആയിരുന്നു.

ബാഹ്യമായ ശബ്ദകോലാഹലങ്ങളെ ഉപേക്ഷിക്കുക. അതുപോലെ തന്നെ തർക്കങ്ങാം, വ്യാമോഹങ്ങാം, മനപ്രയാസങ്ങാം എന്നീ ആന്തരീകമായ ശബ്ദകോലാഹലങ്ങളും ഉപേക്ഷിക്കുക. നിങ്ങളുടെ മണവാളൻ കാത്തിരിക്കുന്ന നിശബ്ദതയുടെ രാജ്യത്ത് സ്വർണ്ണ വാതിലുകളിൽ കൂടി കയറുക.

---

## ആഗസ്ററ് 13

---

''അതിന്നു മറിയ: ഇതാ, ഞാൻ കർത്താവിൻെറ ദാസി;''

(ലൂക്കോസ് 1:38)

കന്യകമറിയാമിൻെറ സ്വഭാവ ഗുണങ്ങാം അവളെ ആദരണീയ ആക്കുന്നു. അവയിൽ ഒന്ന് അവളുടെ സ്വതന്ത്രമായ നിലപാട് ആണ്.

അവാംക്കു മാലാഖ പ്രത്യക്ഷമായപ്പോാം അവാം തികച്ചും ഒരു കൃഷീവല കന്യക ആയിരുന്നിരിക്കണം. കർത്താവിൻെറ മാതാവ് ആകുവാനായി അവാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന് മാലാഖ അവളെ അറിയിച്ചപ്പോാം തനിക്കു വരാമായിരിക്കുന്ന കുഴപ്പങ്ങളെപ്പററി അവാം ശരിക്കും അറിഞ്ഞിരുന്നു. എല്ലാവരും, അവളുടെ മണവാളൻ ഉാംപ്പെടെ, അവാം പാപം ചെയ്തു എന്നു കരുതും. വിവാഹ നിശ്ചയം കഴിഞ്ഞവർക്ക് വ്യഭിചാരത്തിനുള്ള ശിക്ഷ അക്കാലത്ത് കല്ലെറിഞ്ഞു കൊല്ലുന്നതായിരുന്നു. ഇരുപതു നൂററാണ്ടുകാം കടന്നുപോയി. എങ്കിലും ഇന്നും അവാം കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ അവഹേളനത്തിന് പാത്രമാണ്. പ്രവചനങ്ങളും അവാം അറിഞ്ഞിരുന്നു. അവളുടെ പാട്ട് അത് വെളിവാക്കുന്നുണ്ട്. തന്മൂലം കർത്താവിൻെറ മാതാവാകുക എന്നാൽ ദുഃഖങ്ങളുടേയും മാതാവാകുകയാണ് എന്ന് അവാംക്ക് അറിയാമായിരുന്നു. കാരിരുമ്പാണികാം തൻെറ മകൻെറ കൈകാലുകാം തുളയ്ക്കുമ്പോാം തൻെറ ഹൃദയത്തിൽ കൂടി ഒരുവാാം കടക്കും എന്ന് അറിഞ്ഞിരുന്നു.

തൻെറ പ്രതിശ്രുത വരനോടോ, മാതാപിതാക്കളോടോ, പ്രായമായ ബന്ധുക്കളോടൊ, പട്ടക്കാരോടൊ ഇതെപ്പററി ചർച്ച ചെയ്തതിനുശേഷം മറുപടി നല്കുവാൻ തക്കവണ്ണം കൂടുതൽ സമയം അനുവദിക്കണം'എന്ന് അവരം മാലാഖയോട് ആവശ്യപ്പെടേണ്ടതായിരുന്നു'എന്ന് കരുതുന്നവരുണ്ടാകാം.

അവരം മനുഷ്യരുടെ ആലോചനയ്ക്കു ചെവികൊടുത്തിരുന്നു എങ്കിൽ രക്ഷയുടെ പദ്ധതികരം ആകമാനം ഇന്ന് നിറവേററപ്പെടാത്തതായിരിക്കുമായിരുന്നു. പിൽക്കാലത്ത് യേശുവിനെ കണ്ട പൗലോസിനെപ്പോലെ അവളും "മാംസരക്തങ്ങളോട് ആലോചിച്ചില്ല" (ഗലാത്യർ 1:16). കന്യകമറിയാമും ആരോടും ആലോചിക്കാതെ പെട്ടെന്ന് തന്നെ മാലാഖയ്ക്ക് ഉത്തരംനല്കി "നിൻെറ വാക്കുപോലെ എനിക്കു ഭവിക്കട്ടെ."

സ്ത്രീകളിൽ ഏററവും പരിശുദ്ധയായവരം, വിശുദ്ധിയുടെ മകുടോദാഹരണമായവരം വിവാഹത്തിന് മുമ്പുള്ള ഗർഭം എന്ന അപമാനം സ്വയം വരിച്ചു. അവരം ചെയ്തത് തികച്ചും ശരിയായിരുന്നു എന്ന് അവരം അറിഞ്ഞിരുന്നു.

വേദപുസ്തകപ്രകാരം വിധേയത്വവും നിശബ്ദരായിരിക്കുന്നതും വനിതകളുടെ ആദർശ ഗുണങ്ങളാണ്. പക്ഷേ ഒരു ക്രൈസ്തവ വനിതയുടെ വിധേയത്വം അവളുടെ ബലഹീനതയിൽ നിന്ന് ഉത്ഭവിക്കുന്നതല്ല. അവരം മഹതിയും തൻെറ ഭർത്താവിന് എളിമയുടെ ഉദാഹരണമായി വർത്തിക്കുവാൻ അർഹതയും ഉള്ളവരം ആകയാൽ അവരം ഭർത്താവിന് കീഴ്പ്പെട്ടിരുന്നു. അവർ ആന്തരീകമായി ആർജ്ജിച്ച അളവററ സ്വാതന്ത്ര്യ ബുദ്ധിയിൽ അധിഷ്ഠിതമാണ് തൻെറ ഭർത്താവിന് അവരം സ്നേഹോപചാരമായി അർപ്പിക്കുന്ന അവനോടുള്ള ആശ്രിതത്വം.

---

## ആഗസ്ററ് 14

---

"അവൻ യരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെകുറിച്ച് സംസാരിച്ചു." (ലൂക്കോസ് 9:31)

ക്രിസ്തുവിൻെറ ശത്രുക്കളായവർ സഭയും നാസിസവും തമ്മിൽ രഹസ്യ ധാരണയുണ്ടാക്കി എന്ന് നുണ പറഞ്ഞു പരത്തി. ഹിററ്ലർ നാലായിരം കത്തോലിക്കാപുരോഹിതന്മാരെ കൊന്നൊടുക്കി എന്നും ആയിരക്കണക്കിന് പേരെ തടവിൽ ആക്കിയിട്ടുണ്ട് എന്നതും ഒളിച്ചു വച്ചു. ഇതേ വിധിക്ക് ഇരയായ പ്രൊട്ടസ്ററൻറ് പാസ്റററന്മാരുടെ എണ്ണം അറിഞ്ഞുകൂടാ. പുരോഹിതന്മാർ മാത്രമല്ല പതിനായിരക്കണക്കിന് സാധാരണക്കാരും ഈ കാലഘട്ടത്തിൽ ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവനെ നല്കി. എപ്പോഴത്തേയുംപോലെ അന്നും സഭയിൽ യൂദാക്കരം ഉണ്ടായിരുന്നു. പക്ഷേ സഭയെ പ്രതിനിധീകരിക്കുന്നവർ വിശുദ്ധർ ആണ്.

ആഗസ്ററ് 14- പുരോഹിതനായ ജേക്കബ്ബ് ഗാപ്പിൻെറ വധശിക്ഷ നടത്തിയ ദിവസമാണ്. മരണത്തിലേക്കു കൊണ്ടുപോകും മുമ്പ് അദ്ദേഹം എഴുതി: "ഈ ദിവസം എൻെറ ജീവിതത്തിലെ ഏററവും ഭംഗിയേറിയ ദിവസമായി

ഞാൻ കണക്കാക്കുന്നു. ഞാൻ സാധാരണക്കാരെയെന്നപോലെ വിഷമം പിടിച്ച പല മണിക്കൂറുകളിൽ കൂടി കടന്നുപോയി. പക്ഷേ എനിക്ക് മരണത്തിനുവേണ്ടി എന്നെ നന്നായി ഒരുക്കുവാൻ കഴിഞ്ഞു. സ്വർഗ്ഗം ഒഴികെ എല്ലാം മാഞ്ഞുപോകുന്നു. ഞാൻ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഞാൻ എൻെറ പിതൃരാജ്യത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നു.''

ജോൺ സെ്റയിമർ എന്ന പുരോഹിതൻ തൻെറ അവസാനത്തെ കത്തിൽ എഴുതി: ''മാപ്പിനു വേണ്ടിയുള്ള എൻെറ അപേക്ഷ തള്ളിക്കളഞ്ഞു. ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് സ്വർഗ്ഗത്തിലേക്കുള്ള ഒരു പറക്കൽ ആണ്. ഞാൻ സന്തോഷത്തോടെ മരിക്കുന്നു.''

ബേൽഹാർഡ് ലെയ്ചൻ ബർഗ് തൻെറ കൂടെയുള്ള തടവുകാരനോട് അവർ രണ്ടുപേരുടേയും തലകൾ വിസർജ്ജന വസ്തുക്കളുള്ള വീപ്പകളിൽ താഴ്ത്തുകയും വടികൾകൊണ്ട് അടിക്കയും ചെയ്തപ്പോൾ പറഞ്ഞു: ''എൻെറ രക്ഷകൻെറ ഹിതമല്ലാതെ ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല. അവനെ ക്രൂശിക്കുവാൻ കൊണ്ടുപോയപ്പോൾ അവർ അവനെ തുപ്പി. നിശബ്ദമായിരിക്കുക.'' അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ട് മരിച്ചു.

യേശു പല കാര്യങ്ങളും സഫലമാക്കി. അതിൽ പ്രധാനമായത് അവൻ യറുശലേമിൽ നിർവ്വാണം പ്രാപിക്കാനുള്ള അധികാരം സഫലമാക്കി എന്നതാണ്. അവൻെറ മരണത്തിന് ഒരു അർത്ഥം ഉണ്ടായിരുന്നു. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു. അവൻ പ്രാർത്ഥിച്ചുകൊണ്ടും അവൻെറ പ്രിയപ്പെട്ടവരെ കരുതിക്കൊണ്ടും അവൻെറ കൂടെ ക്രൂശിക്കപ്പെട്ടവന് ദൈവത്തിൻെറ രാജ്യം തുറന്നുകൊടുത്തും കൊണ്ട് അവൻ ശരിയായ വിധത്തിൽ മരിച്ചു.

എല്ലാവരേയും രക്തസാക്ഷി ആകുവാൻ വിളിക്കുന്നില്ല. പക്ഷേ ഒരു അന്തസുററ നിലയിൽ പ്രത്യാശയോടും സ്നേഹത്തോടും മരിച്ചാൽ എല്ലാ ക്രിസ്ത്യാനികൾക്കും ഒരു നല്ല സാക്ഷ്യം നല്കുവാൻ കഴിയും. നിങ്ങളുടെ മരണം ഒരു സഫലതയായിരിക്കണം.

---

## ആഗസ്ററ് 15

---

''ചിലർ അറിയാതെ ദൈവദൂതനെ സല്ക്കരിച്ചിട്ടുണ്ടല്ലോ?''

(എബ്രായർ 13:2)

സ്വയം അറിയാതെ തന്നെ ഏററവും അധികം ദൈവദൂതന്മാരെ സൽക്കരിക്കുന്നത് കമ്മ്യൂണിസ്ററ് ജയിൽ അധികൃതരാണ്. ഇതാ ഒരു ഉദാഹരണം.

സോവിയററ് യൂണിയനിൽ തടവിലായിരിക്കുന്ന ഒരു ഓർത്തഡോക്സ് പുരോഹിതന് തോട്ടപ്പണികൾ ആണ് നല്കിയത്. ഒരു ദിവസം ഒരു ബാലൻ തോട്ടത്തിൽ നിന്നും ആപ്പിൾ മോഷ്ടിക്കുവാൻ പതുങ്ങിവരുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം അവനെ പിടികൂടി. അടികൊണ്ടേക്കും എന്ന് ഭയന്ന് ബാലൻ നിലവിളിക്കുവാൻ തുടങ്ങി. അദ്ദേഹം അവൻെറ പോക്കററിൽ ആപ്പിൾ

നിറച്ചുകൊടുത്തു. കുറെ ആപ്പിൾ അവൻെറ കൈനിറയെയും കൊടുത്തിട്ട് അദ്ദേഹം അവനോടു പറഞ്ഞു: "നിനക്ക് എപ്പോൾ വേണമെങ്കിലും ഇവിടെ കടന്നുവരാം. ഗെയിററുവഴി തന്നെ വന്നു കൊള്ളുക. നിൻെറ കൂട്ടുകാരേയും വിളിച്ചു കൊണ്ടുവരണം. നിങ്ങൾക്കു നല്കുവാനായി ഇവിടെ ധാരാളം ആപ്പിൾ പഴങ്ങൾ ഉണ്ട്." താമസിയാതെ തന്നെ അവിടെ ഏകദേശം മുപ്പതു ബാലന്മാർ ഒരുമിച്ചുകൂടി. അവർ തോട്ടം സന്ദർശിക്കുന്നത് ഒരു പതിവാക്കി. പുരോഹിതൻ അവനോട് സുവിശേഷം അറിയിച്ചു വന്നു. യുവാക്കളോട് സുവിശേഷം അറിയിക്കുന്നത് സോവിയററ് യൂണിയനിൽ നിരോധിക്കപ്പെട്ടിരിക്കയാണ്. അദ്ദേഹം അവനെ ക്രൈസ്തവ ഗാനങ്ങളും പഠിപ്പിച്ചു. കുറച്ചു നാളുകൾക്കുശേഷം മാനസാന്തരപ്പെട്ട ബാലന്മാർ തങ്ങളുടെ മാതാപിതാക്കളേയും ഈ യോഗങ്ങളിലേക്കു കൂട്ടികൊണ്ടുവന്നു. അവിടെ പുതിയ ഒരു രഹസ്യ സഭ അപ്രകാരം സ്ഥാപിതമായി.

ഒരു അദ്ധ്യാപകൻ ഈ "കുററം" കണ്ടുപിടിച്ച് പുരോഹിതനെ ഒററികൊടുത്തു. ആ തടവിൽ ആരും അദ്ദേഹത്തെ പിന്നീട് കണ്ടിട്ടേയില്ല. ഒരു ദൈവദൂതനെപ്പോലെ അദ്ദേഹം എവിടെ നിന്ന് എന്നറിയാതെ പ്രത്യക്ഷപ്പെടുകയും എവിടേയ്ക്ക് എന്നറിയാതെ അപ്രത്യക്ഷനാവുകയും ചെയ്തു. പക്ഷേ അദ്ദേഹം സ്വർഗ്ഗത്തിൻെറ സൗരഭ്യവും ദൈവസ്നേഹത്തിൽ ഉന്മത്തരായ ആത്മാക്കളുടെ ഒരു സമൂഹവും അവിടെ ബാക്കി വച്ചിട്ടാണ് കടന്നു പോയത്.

ഇദ്ദേഹം സത്യമായുള്ള ഓർത്തഡോക്സ് സഭയിലെ ഒരു പുരോഹിതനായിരുന്നു. ഇദ്ദേഹം കമ്മ്യൂണിസ്ററുകാരുമായി സഹകരിക്കുവാൻ വിസമ്മതിച്ച ടിക്കോൽ പാത്രിയർക്കീസിൻെറ അനുഗാമി ആയിരുന്നു. മെത്രാപ്പോലീത്താ ആയിരുന്ന വെനിയാൻമിനും അനേകം മററു പട്ടക്കാരും വെടിവച്ചു കൊല്ലപ്പെട്ടു. പക്ഷേ ഇന്നും അവരുടെ സഭ വളർന്നും സ്നേഹത്തിൽ മുന്നേറികൊണ്ടും ഇരിക്കുന്നു. സ്വയം അറിയാതെ തന്നെ ഇപ്രകാരമുള്ള ദൈവദൂതന്മാരെ തടവിൽ കാത്തുസൂക്ഷിക്കുന്ന സോവിയററ് യൂണിയൻെറ മഠയത്തത്തിൽ നമുക്ക് അനുതപിക്കാം.

ക്രിസ്തുവിൻെറ സഭയെ എങ്ങനെ നയിക്കണം എന്ന് കമ്മ്യൂണിസ്ററുകാരുടെ അഭിപ്രായം ബാപ്ററിസ്ററ് പാസ്ററായ ഒഡിൻസ്റോവ് സ്വീകരിക്കാൻ വിസമ്മതിച്ചു. ഇദ്ദേഹത്തെ അറസ്ററ് ചെയ്ത് നായ്ക്കൾക്കു മുമ്പിൽ കടിയേററ് കഷ്ടത അനുഭവിക്കാനായി ഇട്ടുകൊടുത്തു. ആ ജയിൽ അധികാരിയും ദൈവദൂതനെ പാർപ്പിച്ചവനാണ്.

ഒരു സഹോദരനെ സ്വീകരിക്കുമ്പോൾ ഓരോ ക്രിസ്ത്യാനിയുടെയും ഉള്ളിൽ ഭയ ബഹുമാനങ്ങൾ ഉണ്ടായിരിക്കും. അവൻ ഒരു ദൈവദൂതനായിരിക്കുമോ? ഗലാത്യർ വിശുദ്ധ പൗലോസിനെ ഒരു ദൈവദൂതനെപ്പോലെയോ ക്രിസ്തുവിനെപ്പോലെയോ തന്നെയാണ് കൈക്കൊണ്ടത്. (ഗലാത്യർ 4:4)

## ആഗസ്ററ് 16

''യേശു അവളോട് പറഞ്ഞു: ''സ്ത്രീയെ, എനിക്കും നിനക്കും തമ്മിൽ എന്തു?'' (യോഹന്നാൻ 2:4)

ജർമ്മൻ സത്യോപാസകനായ മെയ്സ്ററർ എക്ഹാററ് എഴുതി: ''സ്ത്രീ എന്നാണ് ആത്മാവിൻെറ യഥാർത്ഥമായ പേര്.'' ലൂഥറിൻെറ പുരോഹിതനായ സ്ററാവ്പിററ്സ് എഴുതി: ''നിത്യ ജീവൻെറ ഫലം നേടുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ ഒരു സ്ത്രീയായി തീരണം.'' യേശുവിനെ സംബന്ധിച്ചിടത്തോളം സ്ത്രീ ബഹുമാന്യ ആയിരുന്നു. അവാം തൻെറ അമ്മയെ ഇങ്ങനെ വിളിച്ചതിൻെറ കാരണം ഉല്പത്തി 3:15-ൽ സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തല തകർക്കും എന്ന് പറഞ്ഞിരിക്കുന്ന സ്ത്രീ അവളാണ്.

ഇത് പ്രകോപിപ്പിക്കുവാൻ പറഞ്ഞവാക്കുകളല്ല. ഇതേപററി പറഞ്ഞിരിക്കുന്ന ഒരേ സുവിശേഷകൻ യോഹന്നാൻ മാത്രമാണ്. അവൻ ഈ കഥ യേശുവിൻെറ അമ്മയിൽ നിന്നും കേട്ടതാകാം. യേശു ക്രൂശിക്കപ്പെട്ടശേഷം യോഹന്നാൽ അവളെ തൻെറ ഭവനത്തിലേക്കാണ് കൂട്ടികൊണ്ടുപോയത് (യോഹന്നാൻ 19:27).

തർജ്ജമയിൽ ഈ വാക്കുകാം അല്പം രൂക്ഷമാണ്. ഗ്രീക്ക് മൂല ഭാഷയിൽ 'Ti emoi kai soi' എന്നാണ്. ഇത് പഴയ കാലത്തെ മതങ്ങളിൽ അത്ഭുതത്തെ കുറിച്ച് പറയുന്നതാണ്. ഇതിൻെറ ഏകദേശം അർത്ഥം ''നമ്മുടെ രണ്ടിൻേറയും ഇടയിൽ എന്ത് അത്ഭുതകരമായ ദ്രാവകമാണ് ഒഴുകുന്നത്? നീ എങ്ങനെ എൻെറ ഉദ്ദേശം ഊഹിച്ചെടുത്തു?''

അവൻ വീണ്ടും അവളോട് പറയുന്നു: ''എൻെറ നാഴിക ഇതുവരെ വന്നിട്ടില്ല.'' അത്ഭുതം പ്രവർത്തിക്കുവാനുള്ള സമയം അവസാനതുള്ളി വീഞ്ഞും തീർന്നശേഷമേ വരികയുള്ളായിരുന്നു. കാരണം അവൻ വെള്ളവും വീഞ്ഞും കലർത്തി എന്ന് ആരും സംശയിക്കയും ചെയ്യരുതായിരുന്നു. മനുഷ്യൻെറ അത്യന്തത ദൈവത്തിൻെറ പ്രവർത്തനത്തിനുള്ള അവസരങ്ങളാണ്.

ഏതായാലും അവൻെറ അമ്മ ഇടപെട്ടതിൽ അവൻ അധികം താമസിച്ചില്ല. ഒരു കനാന്യക്കാരി സ്ത്രീയുടെ അപേക്ഷ കേട്ടവൻ (മത്തായി 15:28) എങ്ങനെ തൻെറ വിശുദ്ധ മാതാവിൻെറ അപേക്ഷ കോക്കാതിരിക്കും?

അവാക്ക് അവൻ എന്തുചെയ്യും എന്ന് അറിയാമായിരുന്നു. അതിനാൽ അവാം ശുശ്രൂഷക്കാരോട് ''അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വീൻ'' എന്നു പറഞ്ഞു. അവന് നല്ലതു കല്പിക്കുവാനേ കഴികയുള്ളൂ എന്ന് അവാക്ക് അറിയാമായിരുന്നു. അത് അസാധാരണമായ കല്പന ആയി തോന്നും. വീഞ്ഞു വേണ്ട സമയത്ത് കല്പാത്രത്തിൽ വെള്ളം നിറയ്ക്കുവാൻ പറഞ്ഞത് വിരുന്നുകാർക്ക് കുളിക്കുവാനാണ് എന്ന് തോന്നിക്കുമായിരുന്നു.

ഇതു നമ്മുടെ ജീവിതത്തിൻേറയും തത്വമാക്കുക. അവൻ പറയുന്നത് എന്താണെങ്കിലും അനുസരിക്കുക.

# ആഗസ്ററ് 17

''പ്രധാന ദൂതനായ മിഖായേൽ മോശയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ കർത്താവ് നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളൂ.''
(യൂദാ. 9)

പുരാതന കാലത്തെ ചരിത്രകാരന്മാരായിരുന്ന അലക്സാന്ത്രിയായിലെ ഫിലോയും ഫ്ളാവിയസ് ജെസെഫയും പീലാത്തോസിനെ അഴിമതിക്കാരനും, കുററവാളിയും, ജനങ്ങൾക്കു വിരോധമായി ആലോചന ചെയ്യുന്നവനും, നിരപരാധികളെ കൊലപ്പെടുത്തുന്നവനും, കിരാതത്വം നടപ്പിലാക്കുന്നവനുമായി ട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. യേശുവിൻെറ കാല ഘട്ടത്തിലെ മഹാപുരോഹിതന്മാരെപ്പററിയും താൽമുദിൽ കഠിനവാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്.

എന്നിരുന്നാലും സുവിശേഷത്തിൽ ഈ വ്യക്തികളെപ്പററി ദോഷമായി ഒരു വാക്കുപോലും കാണുവാൻ സാധിക്കയില്ല. സുവിശേഷകാരന്മാർക്ക് വിദ്വേഷം ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിരിക്കുന്നത്. വിശ്വാസവും പ്രവൃത്തിയും ഉദിപ്പിക്കുവാൻ പര്യാപ്തമായ വാക്കുകൾ മാത്രം ഉപയോഗിക്കയും തങ്ങളുടെ വിരോധികളായവരെ ജനങ്ങൾക്കു മുമ്പിൽ കരിതേച്ചു കാണിക്കുവാൻ ശ്രമിക്കാതിരിക്കയും ചെയ്യുന്നത് അവരുടെ പ്രത്യേകമായ സ്വഭാവഗുണമാണ്.

ഒരു ക്രിസ്ത്യാനിക്ക് കൈകൊള്ളാവുന്ന ഒരേ ഒരു നിലപാട് സ്നേഹം മാത്രമാണ്. മരം മുറിക്കുന്നവനും വൃക്ഷം തണൽ നല്കുന്നു. നിന്ദിതരായവർക്കും പൗർണ്ണമി തൻെറ പ്രകാശം മറച്ചുവയ്ക്കുന്നില്ല.

വിലാപങ്ങൾ 2:21-ൽ യിരമ്യാവ് ദൈവത്തോട് പറയുന്നു: ''നിൻെറ കോപദിവസത്തിൽ നീ അവരെ (കന്യകമാരും യൗവ്വനക്കാരും) കൊന്നു കരുണ കൂടാതെ അറുത്തു കളഞ്ഞു.'' വാസ്തവത്തിലുള്ള കൊലപാതകികൾക്കെതിരായി കഠിനവാക്കുകൾ പ്രയോഗിക്കുന്നത് കുററകരമായിരുന്നതിനാൽ അവൻ കഠിനവാക്കുകളാൽ അപ്രാപ്യനായ ദൈവത്തെ കുററം പറയുവാൻ മുതിരുന്നു.

തങ്ങൾ സ്വയം വരുത്തിവയ്ക്കുന്ന കഷ്ടതകൾക്കായി കുററവാളികൾ പോലും നമ്മുടെ സ്നേഹവും ദയയും, ബഹുമാനവും പോലും അർഹിക്കുന്നു. അവരെ ചീത്തപറയുന്നത് ക്രൈസ്തവമായ സമീപനം അല്ല. ഏററവും ഭയങ്കരമായ നഷ്ടം മനസ്സ് നഷ്ടപ്പെടുന്നതാണ്. നമ്മുടെ എതിരാളിക്ക് അപമാനം വരുത്തുന്ന എന്തെങ്കിലും കണ്ടെത്തുന്നത് തികച്ചും പാഴ്വേലയാണ്.

ക്രിസ്തുവിൻെറ മരണം ചില കൊലപാതകികളുടെ പ്രവർത്തന ഫലമല്ലായിരുന്നു. അത് ദൈവ നിശ്ചയം നിറവേററപ്പെട്ടതാണ്. എല്ലാ സൃഷ്ടിയുടേയും കർത്താവായ ദൈവം തന്നെയാണ് പുനരുത്ഥാനത്തിനായി എല്ലാത്തിനും അന്ത്യം നല്കുന്നത്. തൻെറ തിരഞ്ഞെടുക്കപ്പെട്ടവരെ തങ്കലേക്കു കൊണ്ടുവരുവാനായി അവർ ദുഷ്ടന്മാരേയും ഉപയോഗിച്ചു എന്നു വരാം. എല്ലാം ദൈവത്തിൽ നിന്നും വരുന്നു എന്ന് വിശ്വസിക്കുന്നവർ തങ്ങളുടെ

കൊലയാളികളെപ്പററിപ്പോലും ചീത്തവാക്കുകൾ ഉപയോഗിക്കുകയില്ല.

അപ്രകാരമെങ്കിൽ നമ്മോട് തെററു ചെയ്യുന്നവരോട് നീചമായ വാക്കുകൾ ഉപയോഗിക്കുന്നത് നാം എത്രകണ്ട് കുറയ്ക്കേണ്ടിയിരിക്കുന്നു.

## ആഗസ്ററ് 18

"ഒരു വിഗ്രഹം ഉണ്ടാക്കരുത്." (പുറപ്പാട് 20:4)

ബൈബിളിൽ മനുഷ്യർ വണങ്ങിയ മൂർത്തികളെ പററി നാം വായിക്കുമ്പോൾ ഇത് പുരാതനകാലത്തു നടന്നതാണല്ലോ എന്ന് ചിന്തിക്കും. ഇപ്പോഴും മനുഷ്യവംശത്തിൻെറ ഒരു ഭാഗം എന്തു പിന്നോക്കമാണ് എന്ന് നാം മനസ്സിലാക്കുന്നില്ല. എല്ലാ പദാർത്ഥങ്ങൾക്കും ജീവനുണ്ട് എന്ന് വിശ്വസിക്കുന്നതും മന്ത്രവാദവും ഇന്നും ലോകത്തിൽ നിലവിലുള്ള മതങ്ങളാണ്.

ഉദാഹരണമായി ആഫ്രിക്കയിലെ ഘാനയിലുള്ള കോൺകോബാസ്-അവരുടെ ഏററവും വലിയ ആരാധന ഒരു മാന്ത്രികത്തകിടായിരുന്നു. ക്രിസ്ത്യാനികൾ ആയപ്പോൾ അവർക്ക് അത് ഉപേക്ഷിക്കേണ്ടിവന്നു. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. ഇന്നും ആ മാന്ത്രികത്തകിടിന് ശക്തിയുണ്ട് എന്നും അതിൻെറ ഉടമസ്ഥന് സ്വത്തും ഭാര്യമാരേയും ആരോഗ്യവും നല്കുന്നു എന്നും അവർ വിശ്വസിക്കുന്നു. ഇതിന് യാഗം അർപ്പിക്കുവാൻ അവർ കോഴി,ആട് മുതലായ കൊണ്ടുവരുന്നു.

ഗുരുമേഡിലെ മാന്ത്രികത്തകിട് ചിലപ്പോൾ മനുഷ്യ രക്തം ആവശ്യപ്പെടുന്നു. ഒരു മന്ത്രവാദി ഒരു മനുഷ്യന് വിഷം നല്കി. അവൻെറ ശരീരം മുഴുവനും നീരുവന്നു വിങ്ങി. ഉടനെ അവരുടെ മുഖ്യൻ ആ മനുഷ്യന് തിരിച്ചു ജീവൻ നല്കാൻ മന്ത്രവാദിയോട് ആവശ്യപ്പെട്ടു. ഉടനെ നീരു വന്നതു മുഴുവനും അപ്രത്യക്ഷമായി. ഇത് മിഷനറിമാർ സാക്ഷ്യം പറയുന്നു.

ആ ജാതിക്കാർ ഈ മാന്ത്രികത്തകിടിനെ തങ്ങളുടെ കുടുംബങ്ങളിലും ഉപരിയായി വിലമതിക്കുന്നു.

ചില കോൺകോബാസ് ഈ മന്ത്ര വിശ്വാസവും ക്രിസ്തീയ വിശ്വാസവും കൂടി ചേർക്കുവാൻ ഇഷ്ടപ്പെടുന്നു. ഇത് മിഷനറിമാർ അംഗീകരിക്കുന്നില്ല.

ഈ മാന്ത്രികത്തകിടിനെ വണങ്ങുന്ന കിരാതർക്കുവേണ്ടി പ്രാർത്ഥിക്കാം. അതേപോലെതന്നെ വിഗ്രഹങ്ങളിലും ഭാഗ്യം നല്കും എന്നു പറയുന്ന, ഏലസ്സുകളിലും വിശ്വസിക്കുന്ന അന്ധവിശ്വാസികളായ ആധുനിക മനുഷ്യർക്കു വേണ്ടിയും പ്രാർത്ഥിക്കാം.

## ആഗസ്ററ് 19

"അബ്രഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു." (മത്തായി 1:2)

തർജ്ജമയിൽ ഈ വാക്യം ഭൂതകാലത്തിലാണ് കൊടുത്തിരിക്കുന്നത്. ഗ്രീക്കു ഭാഷയിൽ മൂലപദത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് 'aorist'

എന്നാണ്. "സമയ പരിധിയില്ലാത്തതായ" എന്ന് അർത്ഥം ഈ വാക്കിന് വരുന്നുണ്ട് ഈ രീതിയിലുള്ള പ്രയോഗങ്ങൾക്ക്. ഇതു പുതിയ നിയമത്തിൽ പല ഭാഗത്തും പ്രയോഗിച്ചിട്ടുണ്ട്. നിത്യമായ വർത്തമാനകാലം എന്നോ, സമയ പരിധിക്കതീതമായത് എന്നോ ഇപ്രകാരമുളള പദ പ്രയോഗങ്ങൾ വ്യാഖ്യാനിക്കപ്പെടാവുന്നതാണ്.

ഗ്രീക്കു ഭാഷയിൽ 'aorist' രീതിയിലുള്ള കർമ്മപ്രയോഗം കർത്താവിൻെറ വംശാവലിയെ വിവരിക്കുന്നതിന് നല്കിയിരിക്കുന്നതിൽ നിന്നും ഇത് ഒരു ചരിത്രസംഭവം മാത്രമല്ല എന്നു നാം മനസ്സിലാക്കേണ്ടതാണ്. ഈ വംശാവലി ലൂക്കോസ് 3-ാം അദ്ധ്യായത്തിലുളള വംശാവലിയുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ അവ രണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നു കാണാം. അത് ചരിത്രം മാത്രമല്ല എന്നതിനാൽ അവ തമ്മിൽ പൊരുത്തപ്പെടേണ്ട ആവശ്യം ഇല്ല.

പൂർവ്വികന്മാരുടെ സംഖ്യ നാല്പത്തിരണ്ടു തലമുറകളായി കൃത്രിമമായി വെട്ടിച്ചുരുക്കിയതിൽ നിന്നും ചില തലമുറകളെ വിട്ടുകളഞ്ഞിരിക്കുന്നതിൽ നിന്നും ഈ ലിസ്ററിൻെറ ഉദ്ദേശം വിഭിന്നമാണ് എന്നു വ്യക്തമാണ്. ഇത് ദൈവീകത്വത്തിലേക്കുള്ള പ്രവേശനത്തെ സൂചിപ്പിക്കുന്ന പരമ്പരയാണ്. ആദിമ ക്രൈസ്തവരിലെ വിശ്വാസ ധീരന്മാർ കന്യകമറിയാമിനെപ്പോലെ ക്രിസ്തു അവരിൽ ജീവിച്ചു കൊണ്ട് അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങിയവരെപ്പററി ധ്യാനിക്കയും അങ്ങനെ കന്യകമറിയം വരെയുള്ള തലമുറകളിലൂടെ കടന്ന് അവളിലെ ആത്മീയത കണ്ടെത്തുകയും ചെയ്തു. ലൂക്കോസിൻെറ സുവിശേഷത്തിലെ വംശാവലി യേശുവിൽ നിന്നും തുടങ്ങി പുരാതന ചരിത്രത്തിലേക്കു കടന്നുപോകുന്നതാണ്.

ആദിമ സഭയിലേതു പോലെയല്ലെങ്കിലും എല്ലാ ക്രിസ്ത്യാനികളും ഇപ്രകാരമുള്ള ഘടകങ്ങൾ തരണം ചെയ്യുന്നുണ്ട്. അബ്രഹാമിൻെറ അവസ്ഥ യിസ്ഹാക്കിൻെറ അവസ്ഥയെ ജനിപ്പിക്കുന്നു. അതിനാലാണ് ഗ്രീക്കു ഭാഷയിൽ ഭൂതകാലം ഉപയോഗിക്കുന്നതിന് പകരമായി സമയാതീതമായ 'aorest' —സമയപരിധികൾക്കതീതമായത് എന്ന് ഉപയോഗിച്ചിരിക്കുന്നു. നാം സമയത്തിൻെറ അടിമകളാകുവാനല്ല, സമയത്തിന് അതീതമായി ജീവിക്കുവാനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

## ആഗസ്ററ് 20

"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛരിച്ചാൽ അവൻ തന്നെത്താൻ നിഷേധിക്കട്ടെ." (ലൂക്കോസ് 9:23)

ഒരു വിശ്വാസിയോട് ഒരു പരിഹാസി ചോദിച്ചു: "പരമ ദൈവം എല്ലായിടത്തും ഉണ്ട് എന്ന് നിങ്ങൾ പറയുന്നെങ്കിൽ അത് ഈ പട്ടിയിലും കാണുമോ?" അതിൻെറ ഉത്തരം "ബൗ, ബൗ എന്നായിരുന്നു." ഒരു പട്ടിയോട് ചോദിച്ചാൽ ഉത്തരം നല്കാവുന്ന രീതിയിൽ ബുദ്ധിപൂർവ്വമായ മറുപടി ആയിരുന്നു.

നിങ്ങൾ ആരോടെങ്കിലും ചോദിക്കുന്ന ഓരോ ചോദ്യത്തിൻേറയും ഉത്തരം ആ വ്യക്തിയുടെ സ്വഭാവത്തിനനുസരിച്ചായിരിക്കും. ഈ കാര്യത്തിൽ മനുഷ്യരും പട്ടികളും വ്യത്യസ്തരല്ല. നിങ്ങൾ പരമ ദൈവത്തെപ്പററിയുള്ള ഉയർന്ന ചോദ്യങ്ങൾ ചോദിക്കുക. ഒരു മനുഷ്യനും ആ ചെറിയ ജീവിയുടെ ബൗ ബൗ-നേക്കാൾ വലിയ ഉത്തരം കാണുകയില്ല.

നാം നമ്മുടെ ഇടുങ്ങിയ കാഴ്ചപ്പാടിൽ കൂടിയാണ് കാര്യങ്ങൾ കാണുന്നത്. ഓരോ കാഴ്ചപ്പാടും അന്ധതയുടെ ഒരു ബിന്ദുവാണ്. കാരണം മററ് വീക്ഷണങ്ങളെ അതു നിർവ്വീര്യമാക്കുന്നു. കണ്ണുകൾ ഉയർത്തിയാൽ നിങ്ങൾ മേൽക്കൂര കാണുന്നു. അല്ലാതെ തറ കാണുന്നില്ല. വാതിൽക്കലേക്കു നോക്കിയാൽ ജനൽ എൻെറ കാഴ്ചപ്പാടിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

യേശു അനേകവിധമായ രക്ഷ തരുന്നു. അവയിൽ കാഴ്ചപ്പാടിൽ കൂടി ഉള്ളവയും ഉൾപ്പെടുന്നു. ഒരു ക്രിസ്ത്യാനി അവനെ ത്യജിക്കുന്നു. ഇതിൻെറ അർത്ഥം അവനെ അവൻ തന്നെ ത്യജിക്കുന്നു എന്നാണ്. അവൻ ഏതെങ്കിലും സ്ഥാനത്തുനിന്ന് കാര്യങ്ങളെ കാണുന്നില്ല കാരണം അവന് സ്ഥാനമേ ഇല്ല. പാമ്പുകൾക്ക് മാളവും പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രന് അവൻെറ തല ചായ്ക്കുവാൻ സ്ഥലമില്ല.

തല ചായ്ക്കുവാൻ സ്ഥലം ഇല്ല എന്നത് നിങ്ങളെ സ്വതന്ത്രനാക്കുന്നില്ല. നിങ്ങൾ ഏതെങ്കിലും ഒരു വശത്തുകൂടി മാത്രം വസ്തുതകളെ മേലിൽ കാണുന്നില്ല. പരമദൈവത്തെപററിയുള്ള നിങ്ങളുടെ ഉത്തരം സാധാരണമായ "ബൗ, ബൗ" അല്ല. നിങ്ങൾക്ക് പൂർണ്ണതയുടെ ഉൾവിളിയുണ്ട്. നിങ്ങൾ അതിൻെറ സാക്ഷികൾ ആവുകയും ചെയ്യും.

## ആഗസ്ററ് 21

"ഇവൻ പാപികളെ കൈക്കൊണ്ടു." (ലൂക്കോസ് 15:2)

തെക്കേ അമേരിക്കയുടെ തീരത്തുനിന്നും പത്തു മൈൽ ദൂരെയായി സ്ഥിതി ചെയ്യുന്ന ഒരു ദ്വീപ സമൂഹമാണ് 'ഡെവിൾസ് ഐലൻറ്' (Devils Island) ആ ദ്വീപുകൾക്കു ചുററുമുള്ള കടൽ എപ്പോഴും ക്ഷോഭിച്ചിരുക്കുന്നതും സ്രാവുകളെകൊണ്ട് നിറഞ്ഞതുമാണ്. വർഷങ്ങളായി ഈ ദ്വീപുകളിൽ കുററവാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടുത്തെ കാലാവസ്ഥ ജോലി ചെയ്യുന്നതിന് അനുകൂലമല്ലാത്തതിനാൽ ഈ കുററവാളികൾ അധികം ജോലികൾ ചെയ്തിരുന്നില്ല.

അവരിൽ പലരുടേയും അധഃപതനത്തിനുകാരണം മദ്യപാനംആയിരുന്നു. (മദ്യ നിർമ്മാതാക്കൾ നിർബന്ധിതമായി ഒരു വർഷം അവരുടെ ഉല്പന്നങ്ങളുടെ ഇപ്രകാരമുള്ള ഉപഭോക്താക്കളുമൊത്ത് ഇതു പോലെ ഒരു സ്ഥലത്ത് താമസിക്കുന്നത് നന്നായിരിക്കും). ഇവരിൽ 80 ശതമാനവും മദ്യപാനികളുടേയും ലൈംഗീക രോഗികളുടെയും മക്കൾ ആയിരുന്നു. അവരുടെ പിതാക്കന്മാരുടെ അകൃത്യങ്ങൾ അവർക്ക് കഠിന തടവിന് കാരണമായി.

1933-ൽ ഫ്രാൻസിലെ രക്ഷാ സൈന്യം ഈ വെറുക്കപ്പെട്ട

ജനങ്ങളുമൊത്ത് കഴിയുവാനും അവരുടെ ഇടയിൽ ക്രിസ്തുവിനായി പ്രവർത്തിക്കാനും സന്നദ്ധത പ്രകടമാക്കി. ഒരു ഓഫീസർ പറഞ്ഞു: "ദൈവ സ്നേഹം കൂടാതെ ഇപ്രകാരമുള്ള മനുഷ്യരെ സ്നേഹിക്കുന്നത് അസാദ്ധ്യമാണ്. എൻെറ ചിന്തകളെപോലും ഇത്രയും വെറുക്കപ്പെട്ട ആ സ്ഥലത്തേക്ക് അയയ്ക്കുവാൻ എനിക്കു വെറുപ്പാണ്."

ഇതൊക്കെ അവഗണിച്ച് അവർ അവിടെപോയി. ഒരു മീററിംഗിൻെറ വിവരണം ഇപ്രകാരമാണ്. "തലമൊട്ടയടിച്ച് ഉടുപ്പിൻെറ കൈചുരുട്ടിക്കയററി, പച്ചകുത്തിയ കൈത്തണ്ടകളുമായി കുററവാളികൾ, ഒരുവൻെറ പക്കൽ അവൻെറ ഭാര്യയുടെയും കുഞ്ഞിൻേറയും പടമുള്ള രണ്ട് തകിടുകൾ ഉണ്ടായിരുന്നു. ഒരുവൻ ഇപ്രകാരം എഴുതിവച്ചിരുന്നു: "എൻെറ അമ്മേ, അമ്മയുടെ മകനെ അമ്മ ഒന്നു കണ്ടെങ്കിൽ." "ദുഃഖത്തിൻെറ മകൻ" എന്നും എഴുതിയിരുന്നു. അവർ നിശ്ചലരായിരുന്ന് ദൈവവചനം കേട്ടു.

കുറെ നാളുകൾക്കു ശേഷം കുററവാളികളിൽ ഒരാൾ മാനസാന്തരപ്പെട്ട് രക്ഷാസൈന്യത്തിൽ ചേർന്നു. അവൻ ഒരു കൊലപാതകി ആയിരുന്നു. പോലീസിന് അവനെപററി ഒന്നും അറിയാൻ പാടില്ലായിരുന്നു. രക്ഷാ സൈന്യത്തിൻെറ ഒരു യോഗത്തിൽ വച്ച് മാനസാന്തരപ്പെട്ട അവൻ തൻെറ പാപങ്ങൾ ഏററു പറഞ്ഞു. അവൻ രക്ഷാസൈന്യത്തിൻെറ പ്രവർത്തനങ്ങളെ സഹായിച്ചു. അവൻ പറഞ്ഞു: "എന്നെ നശിപ്പിച്ച മനുഷ്യനെ ഞാൻ അറിയുന്നതിനു മുമ്പായി എന്നെ രക്ഷിച്ച മനുഷ്യ പുത്രനെപററി ഞാൻ അറിഞ്ഞിരുന്നു എങ്കിൽ എത്ര നന്നായിരുന്നു."

ചാൾസ് പീൻ എന്ന ഈ മിഷനറിയുടേയും അദ്ദേഹത്തിൻെറ സഹപ്രവർത്തകരുടേയും പരിശ്രമ ഫലമായി അനേകർ രക്ഷിക്കപ്പെടുകയും അവിടുത്തെ അവസ്ഥയ്ക്കു മാററം വരികയും ചെയ്തു. ഇന്ന് ഡെവിൾസ് ഐലൻറ് ഒരു ശിക്ഷാ സ്ഥലം അല്ല. കുററവാളികളെ സ്നേഹിക്കുക എന്നത് രക്ഷാ സൈന്യം ക്രിസ്തുവിൽ നിന്നു പഠിച്ചു കഴിഞ്ഞു.

## ആഗസ്ററ് 22

"അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വീൻ."

(യോഹന്നാൻ 2:5)

ലിസിയക്സിലെ തെരേസാ ഒരു പാവപ്പെട്ട കുടുംബത്തിലെ ഇളയ പെൺകുട്ടിയായിരുന്നു. ഒരു ക്രിസ്തുമസിന് മൂത്ത സഹോദരിമാരുടെ അവശേഷിച്ച കളിപ്പാട്ടങ്ങളിൽ ഒരു പെട്ടി കളിപ്പാട്ടം അവർക്കു നല്കിയിട്ട് അവൾ അതിൽ ഏതു തിരഞ്ഞെടുക്കുവാൻ ഇഷ്ടപ്പെടുന്നു എന്നു ചോദിച്ചു: "ഞാൻ അവ എല്ലാം തിരഞ്ഞെടുക്കുന്നു" എന്ന് അവൾ മറുപടി പറഞ്ഞു. പതിനഞ്ചാമത്തെ വയസ്സിൽ അവൾ ഒരു കാർമലയിററ് കോൺവെൻറിൽ ചേർന്നു. അവിടെ അവൾക്ക് ഏതെങ്കിലും ഒരു പ്രത്യേക ക്രിസ്തീയധർമ്മത്തിൽ തൻെറ താല്പര്യം കാട്ടേണ്ടിയിരുന്നു. അതിനും അവൾ പറഞ്ഞതു: "ഞാൻ എല്ലാം തിരഞ്ഞെടുക്കുന്നു."

ദൈവമാതാവും നമ്മെ പഠിപ്പിക്കുന്നത് അവൻ എന്തു കല്പിച്ചാലും വിവേചനം ഒന്നും കൂടാതെ അതു ചെയ്‌വാനാണ്. നിങ്ങൾ അവൻെറ കല്പനകളിൽ നിന്ന് തിരഞ്ഞെടുപ്പു നടത്തിയാൽ നിങ്ങൾ പറയുന്നത്: "ഞാൻ അവൻ കല്പിച്ചതു ചെയ്യുന്നില്ല. ഞാൻ എൻെറ ഇഷ്ടമാണ് ചെയ്യുന്നത്" എന്നാണ്. നാം യോദ്ധാക്കളെപ്പോലെ യുദ്ധത്തിന് പോകുവാൻ ആജ്ഞാപിക്കുമ്പോൾ മരണം സുനിശ്ചിതമാണെങ്കിൽ കൂടി അനുസരിക്കയും അതേപോലെ തന്നെ അവൻ ആജ്ഞാപിച്ചാൽ നാണം കെട്ട തിരിഞ്ഞോട്ടമാണെങ്കിൽ കൂടി അനുസരിക്കയും വേണം.

മോശ ജനത്തോടു പറഞ്ഞു: "ആകയാൽ നിങ്ങളുടെ ദൈവമായ യഹോവ കല്പിച്ചതു പോലെ ചെയ്‌വാൻ ജാഗ്രതയായിരിപ്പീൻ. ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാററുത്." (ആവർത്തനപുസ്തകം 5:32) കല്പനകൾക്കു വലത്തു വശവും ഇടത്തു വശവും ഉണ്ടോ?

കല്പന പറയുന്നത് "മോഷ്ടിക്കരുത്." കൂടുതൽ സുഖങ്ങൾ അനുഭവിക്കാനായി മോഷ്ടിക്കാം. പാവങ്ങളെ സഹായിക്കുവാനായി മോഷ്ടിക്കാം. നീ കള്ളം പറയതരുത്. സ്വാർത്ഥ താല്പര്യങ്ങൾക്കായി കള്ളം പറയാം. ജീവനെ രക്ഷിക്കുവനായും കള്ളം പറയാം. വലത്തു വശത്തിൻേറയും ഇടത്തുവശത്തിൻേറയും പാപങ്ങൾ നിലവിലുണ്ട്. അവൻെറ കല്പനകളുടെ യുക്തി കണ്ടെത്തുവാനല്ല നാം ശ്രമിക്കേണ്ടത്. അവയെ അനുസരിക്കയും പാപം ഒഴിവാക്കയും ചെയ്യണം.

നമുക്കു പരമമായ പൊതുപെരുമാററചട്ടങ്ങൾ ഉണ്ട്. ചില അപൂർവ്വ പരിതസ്ഥിതിയിൽ പ്രത്യേക അനുമതിയില്ലാതെ നമുക്ക് അതിനെ ലംഘിക്കുവാൻ സാദ്ധ്യമല്ല. സ്നേഹം പരമോന്നതമായ അളവുകോൽ ആണ്. അവൻെറ കല്പനകൾ നിങ്ങൾക്കു എത്ര അസാധാരണമെന്നും അയുക്തമെന്നും തോന്നിയാലും അവൻ കല്പിക്കുന്നത് എല്ലാം ചെയ്യുക.

## ആഗസ്ററ് 23

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു."

(യോഹന്നാൻ 14:6)

സത്യവും അസത്യവും ഒരുമിച്ച് നീന്തിക്കുളിക്കുവാൻ പോയി അസത്യം സത്യത്തിൻെറ വസ്ത്രങ്ങൾ മോഷ്ടിച്ചുകൊണ്ടുപോയി. സത്യമാകട്ടെ അസത്യത്തിൻെറ വസ്ത്രങ്ങൾ ധരിച്ച് തൻെറ നില താഴ്ത്തിക്കളയുവാൻ തയ്യാറല്ലായിരുന്നതിനാൽ വസ്ത്രമില്ലാതെയായി. അങ്ങനെയാണ് "നഗ്നസത്യം" എന്ന പ്രയോഗത്തിൻെറ ആരംഭം. അസത്യമാകട്ടെ സത്യത്തിൻെറ വസ്ത്രങ്ങൾ ധരിച്ച് ഇന്നും മനുഷ്യവർഗ്ഗത്തെ കബളിപ്പിച്ചു കൊണ്ടിരിക്കുന്നു.

സത്യത്തിന് ഒരിക്കലും അസത്യവുമായി ഒത്തുതീർപ്പിലെത്തുവാൻ കഴികയില്ല. അവർക്ക് ഒരുമിച്ച് ഒരേ പാതയിൽ സഞ്ചരിക്കുവാനും സാദ്ധ്യമല്ല. എന്നാൽ അസത്യത്തിന് ഇരയാക്കപ്പെട്ട മനുഷ്യനോടുള്ള സമീപനം തികച്ചും

വ്യത്യസ്ഥമാണ്. അവനോട് സത്യത്തിന് നിറഞ്ഞ സ്നേഹമാണുള്ളത്. മോഷ്ടിക്കപ്പെട്ട വസ്ത്രങ്ങൾ ഉപേക്ഷിച്ച് നഗ്നനായി നടക്കുവാൻ അവനെ സത്യം പ്രേരിപ്പിക്കുന്നു.

ഇംഗ്ളണ്ടിലെ ഹെൻറി നാലാമൻ ഒരു ധീരനായിരുന്നു. അദ്ദേഹം മഹാനായ ഹെൻറി എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹം സത്യത്തിൽ ഉറച്ചു നില്ക്കുകയും അസത്യത്തിൻെറ പാതയിൽ നടക്കുന്നവരോടുപോലും ദയയോട് പെരുമാറുന്നവനും ആയിരുന്നു.

അദ്ദേഹത്തിനെതിരായി അപകീർത്തി പ്രചരിപ്പിക്കുകയും വിദ്രോഹം കാട്ടുകയും ചെയ്ത ഒരു ക്യാപ്ററനെപ്പററി അദ്ദേഹം അറിയുവാനിടയായി. അവൻ ക്ഷമിക്കപ്പെടുകയും അനേകം സമ്മാനങ്ങൾക്ക് പാത്രമാവുകയും ചെയ്തിരുന്നു എങ്കിലും അവന് രാജാവിനെ സ്നേഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഹെൻറി നാലാമൻ പറഞ്ഞു: "അവൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അവൻ എന്നെ സ്നേഹിക്കത്തക്കവണ്ണം ഞാൻ അവനോട് അത്യധികമായി ദയ കാണിക്കും." ആത്മാർത്ഥത നടിച്ചു നടക്കുന്ന അസത്യവാദികളെപ്പോലും നഗ്നസത്യം മാനസാന്തരപ്പെടുത്തുന്നു.

തൻെറ നടപടികളെ ശ്ളാഘിച്ചിരുന്നവരോട് ഹെൻറി നാലാമൻ ഇപ്രകാരം പറഞ്ഞിരുന്നു. "20 ടൺ വിന്നാഗരികൊണ്ട് കിട്ടാവുന്നതിലധികം ഈച്ചകളെ ഒരു സ്പൂൺ തേൻ കൊണ്ട് കൂട്ടിവരുത്തുവാൻ കഴിയും."

തെററു ചെയ്യുന്നവരേയും സ്നേഹിക്കുക. അറിഞ്ഞുകൊണ്ടുതന്നെ അസത്യമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവനെപ്പോലും സ്നേഹിക്കുക. സത്യം സത്യവും അസത്യം അസത്യവും ആകുന്നു എന്ന് ഓർക്കുക. അവയെ കൂട്ടി കുഴക്കാതെയും തെററിദ്ധരിക്കാതെയും ഇരിക്കുവാൻ ശ്രദ്ധിക്കുക.

---

## ആഗസ്ററ് 24

---

"എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്." (1കൊരിന്ത്യർ 12:4)

എ.ഡി. 165-നോട് അടുത്ത് ബിഷപ്പ് കാർപ്പസീനെ ജീവനോട് തീയിലിട്ടു കൊന്നു. കാരണം അദ്ദേഹം അന്യമതക്കാരുടെ ദൈവത്തിന് ധൂപം വയ്ക്കുവാൻ നിരസിച്ചു. കൈയ്യാളുകൾ ദഹിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: "നമുക്ക് എല്ലാവർക്കും അമ്മ ഒരു ഹവ്വാ തന്നെയാണ്. നാം മനുഷ്യൻ മനുഷ്യനോട് പ്രവർത്തിച്ചതുപോലെ ചെയ്യുന്നു." അദ്ദേഹത്തെ യാഗപീഠത്തിലേക്കു കയററിയപ്പോൾ അയാളുടെ മുഖം പ്രകാശിച്ചു. ഇതിനെപററി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ ഈ ലോകത്തിൽ നിന്നും പറിച്ചു മാററപ്പെട്ടു. അതിനാൽ ദൈവത്തിൻെറ മഹത്വം കണ്ടു."

മാഗ്ഡേബർഗിലെ വിശുദ്ധ മെക്നിൽഡ്-ന് ദൈവീകമായ നിഗൂഢതകളെപ്പററി എഴുതുവാൻ അറിയാമായിരുന്നു. അവൾ എഴുതി: "പരമ ദൈവത്തിൻെറ കിണററിൽ നിന്നും ഉള്ള വെള്ളം കൊണ്ട് തൻെറ തിരഞ്ഞെടുക്കപ്പെട്ടവളുടെ പുഷ്പങ്ങളിൽ ത്രിത്വം തൻെറ മധുരമേറിയതായ

മഞ്ഞുതുള്ളികഠം തളിക്കുന്നു. ഈ പുഷ്പങ്ങളുടെ ഫലം ഒരു നിത്യനായ ദൈവവും, ഒരു നശ്വരനായ മനുഷ്യനും ഒരു നിത്യജീവൻെറ വാഗ്ദാനവും ആകുന്നു. നമ്മുടെ രക്ഷകൻ നമ്മുടെ മണവാളൻ ആകുന്നു.''

അവഠംക്കു മറെറാരു വിധത്തിലും എഴുതുവാൻ അറിയാമായിരുന്നു. അവഠം തൻെറ ബിഷപ്പിന് എഴുതി: ''നിൻെറ ബഹുമാനം പാപങ്ങളാൽ ചീഞ്ഞ് അഴുകുന്നു. നീ വെറും ഭിക്ഷക്കാരനെപ്പോലെയാണ്. കാരണം നിനക്കു സ്നേഹമാകുന്ന രാജകീയ നിധിയുടെ കുറവ് ഉണ്ട്. യേശു നിനക്കെതിരായി ന്യായം വിധിക്കും.'' ഇതേപോലെയുള്ള കത്തുകഠം മൂലം അവഠം വളരെ വിദ്വേഷിക്കപ്പെട്ടു.

സാക്സോണിക്യയിലെ പ്രഭു ആയിരുന്ന ഫ്രഡറിക്നോട് ഒരിക്കൽ തന്നോട് എതിർത്ത എർഫുർട്ട് പട്ടണം ആക്രമിക്കുവാൻ ആവശ്യപ്പെട്ടു. ഈ ദൗത്യം വെറും അഞ്ചുപേരുടെ ജീവൻ കൊണ്ട് നേടാം എന്നു പറഞ്ഞപ്പോഠം അദ്ദേഹം പറഞ്ഞു: ''ഒന്നു തന്നെ എന്നെ സംബന്ധിച്ചിടത്തോളം അധികമാണ്.'' അദ്ദേഹം സമാധാനം ഇഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ സിംഹാസനം അപകടത്തിലാകും എന്ന് അറിയാമായിരുന്നിട്ടുകൂടി അദ്ദേഹം ലൂഥറിനെ സംരക്ഷിച്ചു. ഇതിനെപററി അദ്ദേഹത്തെ താക്കീതു ചെയ്തപ്പോഠം അദ്ദേഹം പറഞ്ഞു: ''അറിഞ്ഞുകൊണ്ട് ദൈവത്തിനെതിരായി പ്രവർത്തിക്കുന്നതിലും ഭേദം ഞാൻ ഒരു വടി എടുത്തും കൊണ്ട് ഭിക്ഷക്കാരനെപ്പോലെ പോകുവാൻ ഇഷ്ടപ്പെടുന്നു.''

പല വിശുദ്ധന്മാർ, ദൈവത്തിൻെറ പല വിധത്തിലുള്ള വിളികഠം ഇവ എല്ലാം നമുക്ക് അനുസരണത്തിൻെറ ഉദാഹരണങ്ങളാണ്.

---

## ആഗസ്ററ് 25

---

''നിങ്ങഠം എന്തു വിശേഷം ചെയ്യുന്നു?'' (മത്തായി 5:47)

സാർ ചക്രവർത്തിമാരുടെ ഭരണകാലത്ത് പാവിയക് ജയിലിൽ ഒരു വിദ്യാർത്ഥിയെ ചാട്ടയ്ക്കടിച്ചു എന്നതിനാൽ ജനറൽ ട്രെപോവിനെ സസൂലിച്ച് എന്ന റഷ്യൻ വിപ്ളവകാരി വെടിവച്ചു കൊന്നു. 1907-ൽ മറെറാരു വിപ്ളവകാരിയായ വനിത റാഗോസിനിക്കോവ പരിഷ്കൃതവേഷങ്ങഠം ധരിച്ച് പിറേറർസ്ബർഗിലുള്ള സെൻട്രൽ ജയിലിൽ ചെന്ന് അവിടുത്തെ കമാൻഡറിനെ കാണണം എന്ന് ആവശ്യപ്പെട്ടു. തടവിലായിരുന്ന തൻെറ സുഹൃത്തുക്കളെ ചാട്ടക്കടിക്കുന്ന ഗവൺമെൻറ് നയത്തിനെതിരെ പ്രതിഷേധം പ്രകടിപ്പിക്കുവാനാണ് അവഠം എത്തിയത്. അവളുടെ പരിഷ്കൃത വേഷത്തിനുള്ളൽ 13 റാത്തൽ സ്പോടക വസ്തുക്കഠം ഒളിപ്പിച്ചു വച്ചിരുന്നു. കമാൻഡർ വന്നപ്പോഠം അവഠം തൻെറ തോക്കു കൊണ്ട് അയാളെ കൊന്നു. സ്ഫോടക വസ്തുക്കളുടെ ലക്ഷ്യം മറെറാന്നായിരുന്നു. അവളെ അറസ്ററ് ചെയ്തു രഹസ്യപ്പോലീസിൻെറ ആസ്ഥാനത്തേയ്ക്ക് കൊണ്ടുപോകും എന്ന് അവഠംക്ക് അറിയാമായിരുന്നു. അവിടെ കടന്നുചെല്ലുവാൻ മററ് മാർഗ്ഗങ്ങഠം ഒന്നും ഇല്ലാതിരുന്നതിനാൽ അവിടെ എത്തുമ്പോഠം സ്ഫോടന വസ്തുക്കഠം

പൊട്ടിച്ച് ആ സ്ഥാനം തകർക്കുവാൻ ഒരു മനുഷ്യബോംബായിട്ടാണ് അവശ അവിടെ എത്തിയത്. പക്ഷേ അവളുടെ ദേഹപരിശോധന നടത്തിയപ്പോൾ സ്ഫോടക വസ്തുക്കൾ കണ്ടുപിടിക്കപ്പെട്ടു.

അവളെ തൂക്കി കൊല്ലുവാൻ വിധിച്ചു. മരണത്തെ പ്രതീക്ഷിച്ചു കഴിയുന്ന കാലഘട്ടത്തിൽ അവൾ തന്റെ വീട്ടിലേക്കു എഴുതി: "മരണം എന്നത് ഒന്നുമല്ല. എനിക്ക് ചെയ്യാമായിരുന്ന കാര്യങ്ങൾ സാധിക്കാതെ മരിക്കേണ്ടിവരുന്നല്ലോ എന്നതാണ് എന്നെ പേടിപ്പെടുത്തുന്ന ചിന്ത. തൂക്കിക്കൊല്ലപ്പെടുമ്പോൾ റാഗോസിനിക്കോവയ്ക്ക് 20 വയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളു.

ക്രിസ്തീയ വിശ്വാസികൾ ഇന്നും കമ്മ്യൂണിസ്ററു രാജ്യങ്ങളിലും മുസ്ളീം രാജ്യങ്ങളിലും ചാട്ടയടിക്ക് ഇരയാക്കപ്പെടുന്നുണ്ട്. മാത്രമല്ല അവരെ പീഢിപ്പിക്കയും ചെയ്യുന്നു. പക്ഷേ ഒരിക്കലും നാം വിപ്ളവകാരികളുടെ മാർഗ്ഗം സ്വീകരിക്കയില്ല. പക്ഷേ നമ്മുടെ സഹവാസികളെ പരിരക്ഷിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി ഉറച്ച തീരുമാനം എടുത്ത സസൂലിച്ചിനേയും റാഗോസിനിക്കോവയേയും പോലെയുള്ള പ്രവർത്തകരെ ആവശ്യമുണ്ട്. നമ്മുടെ ധൈര്യവും ഉത്സാഹവും വിപ്ളവകാരികളുടേതിനേക്കാളും കൂടുതലായി നമുക്ക് ഉണ്ടായിരിക്കേണ്ടതാണ് എന്നാണ് യേശു പഠിപ്പിക്കുന്നത്. ഇത് അടിമത്വത്തിൽ കഴിയുന്ന നമ്മുടെ സഹോദരീസഹോദരന്മാരെ വിടുവിക്കുവാനും സഹായിക്കുവാനും നമ്മെ പ്രാപ്തരാക്കും.

---

## ആഗസ്ററ് 26

---

"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?"

(മത്തായി 27:46)

ററിറേറാ ആദ്യമായി ഭരണത്തിൽ വന്നപ്പോൾ ധാരാളം പേർ അദ്ദേഹത്തിന്റെ ക്രൂരതയ്ക്കു ഇരയായി. ഓർത്തഡോക്സ് പള്ളിയിലെ ഒരു സഹായി താൻ വെടിവയ്ക്കപ്പെടുന്നതിന് മുമ്പ് തൂങ്ങി മരിച്ചു. അയാൾ തന്റെ ഭാര്യയ്ക്ക് ഒരു കുറിപ്പ് എഴുതി: "ഞാൻ ദൈവം മറന്നുപോയ ഒരു ലോകത്തെപററി അവനെ ഓർമ്മിപ്പിക്കുവാൻ പോകയാണ്."

പല വിശ്വാസികളും കഷ്ടതയിൽ കൂടി കടന്നുപോകുമ്പോൾ ചോദിക്കുന്ന ഒരു ചോദ്യമാണ് "ദൈവം എവിടെ?" എന്ന്. ഇയ്യോബും ദാവീദും ദൈവത്തെ ചോദ്യം ചെയ്തു. യേശുപോലും കുരിശിൽ കിടന്നുകൊണ്ട് അപ്രകാരം തന്നെ ചോദ്യം ചെയ്തു.

തർസോസുകാരനായ ശൗൽ എന്ന പീഢകനെ മാനസാന്തരപ്പെടുത്തിയപ്പോൾ ദൈവം അവന് ആദ്യമായി കാണിച്ചുകൊടുത്തത് "എന്റെ നാമത്തിനു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു" (അപ്പൊ. പ്രവർത്തികൾ 9:16) എന്നായിരുന്നു. മാതാപിതാക്കൾ, അദ്ധ്യാപകർ, പട്ടക്കാർ എല്ലാവരും കുട്ടികളേയും മുതിർന്നവരേയും സഹിഷ്ണുത പഠിപ്പിക്കേണ്ടതാണ് ഇതിനെപററിയുള്ള അറിവില്ലാതെ ഒരു ശരിയായ ജീവിതം നയിക്കുവാൻ

പ്രയാസമാണ്. "തീപ്പൊരി ഉയരെ പറക്കും പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു" (ഇയ്യോബ് 5:7). നമ്മെ പ്രയോജനമില്ലാത്ത പലതും പഠിപ്പിക്കുന്നില്ല. നമ്മെ ധാരണയോടുകൂടി സഹിക്കുവാൻ പഠിപ്പിക്കുന്നില്ല. അതിനാലാണ് ദുഃഖങ്ങളിൽ നൈരാശ്യം തോന്നുന്നത്.

ജീവിതവും യഥാർത്ഥ്യവും മൂടുപടത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു. യഹൂദ മഹാപുരോഹിതന്മാർക്ക് കട്ടിയുള്ള രണ്ട് മറയ്ക്കുള്ളിൽ കൂടി കടന്നു ചെന്നാൽ മാത്രമേ യറുശലേം ദേവാലയത്തിലെ ഏററവും പരിശുദ്ധമായ സ്ഥലത്ത് എത്തുവാൻ കഴിയുകയുള്ളായിരുന്നു. മൂടുപടം ഇട്ട ഒരു മുസ്ളീം വനിത നമ്മോട് ചിരിക്കുകയാണോ, കോപിക്കയാണോ എന്ന് അറിയാൻ പററുകയില്ല. അതേപോലെതന്നെ ദൈവത്തെ മറച്ചിരിക്കുന്ന മൂടുപടം മൂലം നമുക്ക് ദൈത്തിൻെറ ഉദ്ദേശങ്ങളെ കാണുവാൻ കഴിയുന്നില്ല.

യേശുവിൻെറ മരണസമയത്ത് തിരശ്ശീല കീറിപ്പോയി. ഇതിനു ശേഷം അവൻ ഉയിർത്തെഴുന്നേല്ക്കപ്പെട്ടു. നമുക്കു വേണ്ടി മൂടുപടം കീറപ്പെട്ടു. എല്ലാം നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നു എന്നു നാം കാണും. ദൈവം നമ്മുടെ സമീപത്തു തന്നെയുണ്ട്. അവൻ നമ്മെ മറന്നു കളയുന്നില്ല.

---

## ആഗസ്ററ് 27

---

"അവൻ...... തന്നെത്താൻ താഴ്ത്തി." (ഫിലിപ്പിയർ 2:8)

വേദപുസ്തകം കൈകൊണ്ട് പകർത്തി എഴുതിയിരുന്ന കാലത്ത് ഫ്രാൻസിലെ ഒരു രാജാവ് ഒരു ക്രൈസ്തവ സന്യാസിയോട് വ്യഭിചാരത്തെ കുററപ്പെടുത്തുന്ന വാക്കുകൾ ഒഴിവാക്കികൊണ്ട്ഒരു വേദപുസ്തകപ്രതി തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു.

നമ്മിൽ പലരും അതിനു പകരമായി അനുസരണത്തെപററി നിർദ്ദേശിക്കുന്ന വാക്യങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ഒരു കയ്യെഴുത്തുപ്രതി ആവശ്യപ്പെടുമായിരുന്നു. ഈ ഒരു നിബന്ധന ഇല്ല എങ്കിൽ ബാക്കി എല്ലാം നമുക്ക് സഹിക്കാവുന്നതാണ്.

ക്രിസ്തുവിനോടുള്ള അനുസരണം പൂർണ്ണമായിരിക്കണം. അവൻ ഒരിക്കൽ ആജ്ഞാപിച്ചാൽ അതിൻെറ ഭവിഷ്യത്ത് എന്തായിരിക്കും എന്ന് നാം ആലോചിച്ചു നിന്നുകൂടാ. സായുധരായ ശത്രുക്കളുടെ വെടിവയ്പിനു നേരെ മുന്നേറുന്ന പടയാളിയ്ക്ക് തൻെറ അനുസരണം മരണത്തിലേക്കുള്ള മുന്നേററത്തിൻെറ കാരണമാകാം എന്ന് അറിയാം. അതാണ് ശരിയായ അനുസരണം അർത്ഥമാക്കുന്നത്.

ക്രിസ്തുവിൻെറ ഒരു കല്പന അനുസരിക്കുന്നത് നന്മ ചെയ്യുവാൻ നമുക്കുള്ള നിരവധി സന്ദർഭങ്ങളെ നഷ്ടപ്പെടുത്തുമോ? നമ്മുടെ ബുദ്ധി യേശുവിൻേറതിനേക്കാൾ മികച്ചതല്ല. തൻെറ കല്പനയുടെ നന്മ തിന്മകൾ അവൻ മനസ്സിലാക്കിയിട്ടുണ്ട്. അവൻ എന്തെങ്കിലും ആവശ്യപ്പെട്ടാൽ നാം ആലോചിച്ചിരിക്കാതെ അതു ചെയ്യുന്നു. ബുദ്ധിയുള്ളവർ ആലോചിച്ചു മാത്രം പ്രവർത്തിക്കൂ എന്ന് ശഠിച്ച് നാം അവൻെറ കല്പനകൾ നടപ്പാക്കുന്നതിന്

കാലവിളംബം വരുത്തുകയില്ല. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "നിന്റെ കല്പനകളെ പ്രമാണിക്കേണ്ടതിന് ഞാൻ താമസിയാതെ ബദ്ധപ്പെടുന്നു" (സങ്കീ. 119:60).

നമ്മുടെ കാലഘട്ടത്തിലെ സാമൂഹിക സംഘടനകൾ പാവപ്പെട്ടവരെ സഹായിക്കുന്നതിനാൽ ക്രിസ്ത്യാനികൾ ആ കടമ വിട്ടൊഴിഞ്ഞിരിക്കയാണ്. രോഗികളെ പരിചരിക്കുവാൻ ആശുപത്രികളും, അനാഥരെ കാത്തു സൂക്ഷിക്കുവാൻ അനാഥാലയങ്ങളും ഉണ്ട് എങ്കിലും ഇപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് വ്യക്തിഗതമായ സ്നേഹം പകർന്നു നൽകുവാൻ കഴികയില്ല.

മുമ്പ് പോർട്ടുഗീസ് ആഫ്രിക്കയിൽ കറുത്ത വർഗ്ഗക്കാർ തങ്ങളുടെ രോഗികളെ ഗവൺമെന്റ് ആശുപത്രിയുടെ മുമ്പിലൂടെ കൂടുതൽ ദൂരം പിന്നിട്ട് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതെ ഒരു ക്രിസ്ത്യൻ ആതുരാലയത്തിലേക്കു കൊണ്ടുപോയിരുന്നു. കാരണം ആരാഞ്ഞപ്പോൾ അവർ മറുപടി പറഞ്ഞു: "ചികിത്സ ഒന്നുതന്നെയായിരിക്കാം; പക്ഷേ കൈകൾ വ്യത്യസ്ഥമാണ്."

അനുസരിക്കയും സ്നേഹിക്കയും ചെയ്ക. ലോകത്തിലെ നല്ല പ്രവർത്തികൾക്ക് നിങ്ങളുടെ വ്യക്തിപരമായ ചൈതന്യം പകർന്നു നൽകുക.

## ആഗസ്റ്റ് 28

"യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ചു ചെയ്തു." (യോഹന്നാൻ 2:11)

അപരിഷ്കൃതരായ കാട്ടുജാതികളുടെ ഇടയിൽ കഴിഞ്ഞ മിഷനറിമാർ പറയുന്നത് അവരെ അത്ഭുതപ്രവർത്തകരായിട്ടാണ് ഈ കാട്ടുജാതിക്കാർ കാണുന്നത് എന്നാണ്. മിഷനറികൾക്ക് വെള്ളത്തെ കത്തിക്കുവാൻ, നാറുന്ന വെള്ളത്തെപ്പോലും (പെട്രോൾ) കത്തിക്കാൻ അറിയാമായിരുന്നു. ഒരു തീപ്പെട്ടി ഉരച്ച് ഒരു നിമിഷത്തിനുള്ളിൽ തീ ഉണ്ടാക്കുമ്പോൾ ആ കിരാതർ രണ്ടു തടി കട്ടകൾ വളരെ നേരം ഉരച്ചെങ്കിൽ മാത്രമേ തീ ഉണ്ടാകയുള്ളായിരുന്നു. മിഷനറിമാർ തോക്കുകൊണ്ട് വേട്ടയാടി, അവർക്കു തയ്ക്കുവാൻ അറിയാമായിരുന്നു, വായ് തുറക്കാതെ തന്നെ ചില അസാധാരണമായ അടയാളങ്ങൾ കടലാസിൽ വരച്ച് അന്യോന്യം സംസാരിച്ചു.

പേൾ ബക്ക് അവളുടെ നോവലുകളിൽ പറയുന്നു: ചൈനയുടെ വിദൂര ഭാഗങ്ങളിലെ ആളുകൾ ഇംഗ്ളണ്ടിൽ വീടുകൾ ഒന്നിനു മുകളിൽ ഒന്നായി പണിയുന്നു (ഫ്ളാററുകൾ) എന്നും വണ്ടികൾ കുതിരകൾ ഇല്ലാതെ നീങ്ങും എന്ന് പറഞ്ഞപ്പോഴും അവളെ അവിശ്വസിച്ചു. ഈ ചൈനാക്കാർ അത് ഒരു യക്ഷികഥയാണ് എന്ന് കരുതി.

ചൈനയിൽ പോയിവന്ന ആദ്യത്തെ യൂറോപ്പുകാരനായ മാർക്കോപോളോ ചെറിയ കണ്ണും പിന്നിലേക്കു തലമുടിയും വളർത്തിയ മനുഷ്യരെ കണ്ടു എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് "നുണയൻ മാർക്കോപോളോ" എന്ന പരിഹാസപ്പേര് നല്കി.

പിന്നെ എന്താണ് അത്ഭുതകരമായത്? മററൊരു വ്യക്തിയേക്കാൾ ബുദ്ധിപരമായതും ആത്മീകമായി അറിവുള്ളതും പ്രവർത്തിക്കാൻ കഴിവുള്ളവനും ആയ ഉന്നതനായ ഒരു വ്യക്തിയാണ് അത്ഭുതകരമായത്.

യേശു ഒരു ഉന്നതനായ വ്യക്തിയായിരുന്നു. അവൻ ദൈവം മനുഷ്യരൂപത്തിൽ മനുഷ്യരുടെ ഇടയിൽ ജീവിക്കുകയായിരുന്നു. സാധാരണ മനുഷ്യർക്കു ചെയ്യാൻ കഴിയാത്തത് അവന് ചെയ്യുവാൻ കഴിഞ്ഞു.

ഇപ്പോൾ അവൻ സർവ്വ മഹത്വത്തോടും കൂടി സ്വർഗ്ഗത്തിൽ ഇരിക്കുന്നു. സാധാരണക്കാരായ മനുഷ്യരുടെ അനുഭവങ്ങൾ വെച്ച് അവൻെറ കഴിവിൻെറ പരിധി നിശ്ചയിക്കരുത്. നമുക്ക് സങ്കല്പിക്കാവുന്നതിൽ കൂടുതൽ അവന് പ്രവർത്തിക്കുവാൻ കഴിയും. നിങ്ങളുടെ പ്രശ്നങ്ങളും മാനവജാതിയുടെ പ്രശ്നങ്ങളുമായി അവൻെറ അടുക്കലേക്കു വരിക. അവൻെറ അത്ഭുതകരമായ കഴിവിൽ വിശ്വാസം അർപ്പിക്കുക. അവനു വെള്ളത്തെ വീഞ്ഞാക്കാൻ കഴിവുണ്ട്. അവനു കണ്ണുനീരിനെ സന്തോഷത്തിൻെറ അനുഭവമാക്കുവാൻ കഴിയും.

---

## ആഗസ്ററ് 29

---

''മനുഷ്യൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞു.'' (സങ്കീ. 104:15)

യഹൂദന്മാരുടെ വിശുദ്ധ ഗ്രന്ഥങ്ങളിലൊന്നായ താൽമുദ് പ്രകാരം തങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞ സന്തോഷാവസരങ്ങൾക്ക് മനുഷ്യന് ദൈവത്തിൻെറ മുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടിയിരിക്കുന്നു.

ഈ ചിന്താഗതി ശരിയാണ്. ദൈവം സൃഷ്ടിച്ചതൊക്കെയും നല്ലതുതന്നെ — മുന്തിരിച്ചാറിനെ പുളിപ്പിക്കുന്ന ബാക്ടീരിയ ഉൾപ്പെടെ. പാപം പല സമയങ്ങളേയും ദുഃഖത്തിൻെറ സന്ദർഭങ്ങളാക്കി മാററിയിട്ടുണ്ട്; എന്നിരുന്നാലും ഇപ്പോഴും ''ചിരിപ്പാൻ ഒരു കാലം..... നൃത്തം ചെയ്വാൻ ഒരു കാലം'' (സഭാപ്രസംഗി 3:4) ഇവയുണ്ട്.

യേശു കാനായിലെ കല്യാണ സമയത്ത് വെള്ളം വീഞ്ഞാക്കിയതിൽ കൂടി മതവിശ്വാസം മാനുഷീകമായ സന്തോഷങ്ങളും ആനന്ദവും അനുഭവിക്കുന്നതിനെതിരല്ല എന്ന് നമുക്ക് കാണിച്ചു തരികയായിരുന്നു. അവ അതിൽ തന്നെ കുറവുള്ളതല്ല എന്നും അവ മാത്രമായിരിക്കരുത് ജീവിത ലക്ഷ്യം എന്നും ഓർമ്മ വേണം. ഈ അതിർ വരമ്പുകളിൽ നിന്നുകൊണ്ട് ഒരു ക്രിസ്ത്യാനിക്ക് ലോകത്തിൻെറ സന്തോഷങ്ങൾ അനുഭവിക്കാം.

കാനായിൽ വളരെ അധികം വെള്ളം വീഞ്ഞാക്കി തീർത്ത യേശു സന്തോഷം അനുഭവിക്കുന്നതിന് നിന്നെ ശകാരിക്കും എന്ന് ചിന്തിക്കരുത്. അവൻ ഉണ്ടാക്കിയ വീഞ്ഞ്, വെള്ളത്തിൽ നിന്നും ഉണ്ടാക്കപ്പെട്ടതായിരുന്നതിനാൽ വീര്യം കുറഞ്ഞതായിരുന്നില്ല എന്നും ഓർക്കുക.

ഒരു ക്രിസ്ത്യാനി പാപം പാടെ ഒഴിഞ്ഞുകളയണം; പക്ഷേ ജീവിതം പൂർണ്ണതയുള്ളതാക്കുന്ന സന്തോഷങ്ങൾ കൈവിടേണ്ടതില്ല. സൗന്ദര്യം, കല, സന്തോഷം മുതലായവ മനുഷ്യനെ ദൈവവുമായി കൂട്ടിച്ചേർക്കുന്നു.

ജീവിതത്തിലെ സന്തോഷത്തിനായി ദൈവത്തോട് കടപ്പെട്ടിരിക്കുന്നതും, നിത്യവും പുതുമയുള്ളതുമായ സ്നേഹം നിറഞ്ഞതാണ് മതവിശ്വാസം.

## ആഗസ്ററ് 30

''നമുക്കു പിതാവിൽ നിന്നു കല്പന ലഭിച്ചതുപോലെ അവിടുത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു ഞാൻ കണ്ടു അത്യന്തം സന്തോഷിച്ചു.'' (2യോഹന്നാൻ 5)

പുരാതന സത്യങ്ങളെ മുറുകെ പിടിക്കേണ്ടതായ സമയത്ത് മനുഷ്യൻ ബുദ്ധിമാനും, കാര്യക്ഷമതയുള്ളവനും, പരിഷ്കാരിയും ആകാൻ കിണഞ്ഞു പരിശ്രമിക്കുന്നു.

വിക്ടോറിയാ രാജ്ഞിയെ മന്ത്രിമാർ ചില കാര്യങ്ങളിൽ അനുയോജ്യമായ നടപടി എന്ന് പറഞ്ഞ് ഉപദേശിച്ചപ്പോൾ അവർ അക്ഷോഭ്യയായി മറുപടി പറഞ്ഞു: ''എന്നോട് അനുയോജ്യം എന്നതിനെപററി പറയേണ്ട. ശരി എന്നാണ് എന്ന് പറഞ്ഞാൽ മതി.''

ചില ക്രിസ്ത്യാനികൾ കമ്മ്യൂണിസ്ററ് രഹസ്യപ്പോലീസിൽ ചേർന്നു. അവരുടെ ഉദ്ദേശം അവർക്കു കിട്ടുന്ന ഔദ്യോഗിക സ്ഥാനത്തുനിന്ന് സഭയെ സഹായിക്കാം എന്നായിരുന്നു. അതിൻെറ പ്രത്യാഘാതങ്ങൾ അവർ മുൻകൂട്ടി കണ്ടിരുന്നില്ല. കൊലചെയ്യുവാൻ അവരോട് ആജ്ഞാപിക്കപ്പെട്ടു. അനുസരിച്ചാൽ അവർക്ക് തങ്ങളുടെ ഉദ്യോഗസ്ഥാനങ്ങൾ വെച്ചുകൊണ്ടിരിക്കാം. അതോടൊപ്പം മററ് ക്രൂരതകൾ ലഘൂകരിക്കുവാനും ചെറിയ സാദ്ധ്യതയുണ്ട്. സത്യത്തിൻെറ പേരിൽ അനുസരിച്ചില്ലെങ്കിൽ അവരുടെ നിലപാട് എന്തായിരുന്നു എന്ന് യാതൊരു അറിവും ആർക്കും ഇല്ലാതെ അവർ മരിക്കേണ്ടിവരും. അവരോട് ആജ്ഞാപിച്ചത് എങ്ങനെയാണെങ്കിലും നിറവേററപ്പെടും. അവരുടെ മരണം മൂലം ആർക്കും യാതൊരു പ്രയോജനവും ഉണ്ടാകാതെ അവർ മരിക്കേണ്ടിവരും.

ജീവിതം ചിലപ്പോൾ കൊടും ഭീതിയിൽ വേരൂന്നിയിരിക്കാം. ഓരോ ധാന്യമണിയും അതു കതിരാകുന്നതിനു മുമ്പ് ചേറിനോടു കൂടെ വളം ഇടപെടുന്നു.

ഒരുവന് തൻെറ മുമ്പിൽ ദാരുണമായ സംഭവങ്ങൾ മാത്രമേ തിരഞ്ഞെടുക്കുവാനുള്ളൂ എങ്കിൽ എന്തുചെയ്യും? അനുയോജ്യമായതു തിരഞ്ഞെടുക്കാതെ ദൈവത്തിൻെറ കല്പന തിരഞ്ഞെടുക. ''കുല ചെയ്യരുത്.''

ഒരു തടവു ക്യാമ്പിൽ നിക്കോളേവ് എന്ന യഹൂദനോട് യഹൂദനാണ് എന്നല്ലാതെ യാതൊരു കുററവും ചെയ്യാത്ത മററ് ആറ് യഹൂദന്മാരെ തൂക്കി കൊല്ലുവാൻ ആജ്ഞാപിച്ചു. അവൻ അങ്ങനെ ചെയ്താൽ നിഷ്ക്കളങ്കരായ ആറുപേർ മരിക്കും. അവൻ നിരസിച്ചാൽ ഏഴു യഹൂദന്മാർ മരിക്കും. അവരുടെ വൃദ്ധരായ ഏഴു മാതാക്കൾ വിലപിക്കയും ചെയ്യും. അവൻ തൻെറ നിരാശ്രയായ അമ്മയെ പററി ഓർത്തു. അവൻെറ കൂടെയുള്ള ആറ് യഹൂദന്മാരെ തൂക്കി കൊന്നു. അവനു തന്നോടുതന്നെ ഒരിക്കലും മാപ്പു നൽകാൻ കഴിഞ്ഞില്ല. അവൻ

നിരസിച്ചിരുന്നു എങ്കിൽ ഒരിക്കലും അനുതാപം ഉണ്ടാകയില്ലായിരുന്നു. എപ്പോഴും ദൈവത്തിൻെറ കല്പനകൾ തിരഞ്ഞെടുക്കുക.

## ആഗസ്ററ് 31

"നിൻെറ വചനം സത്യം ആകുന്നു." (യോഹന്നാൻ 17:17)

ഇന്നത്തെ നമ്മുടെ 'പുതിയ നിയമം' ഒന്നാം നൂററാണ്ടിൽ അപ്പൊസ്തോലന്മർാക്കു വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ തന്നെയാണ് ഉൾക്കൊള്ളുന്നത് എന്നതിന് എന്നാണ് ഉറപ്പ്?

പുതിയ നിയമത്തിന് പുരാതന ഗ്രീസിലെ എല്ലാ ലിഖിതങ്ങളെക്കാളും കൂടുതലായി ഒരു വിശേഷമുണ്ട് — അതിൻെറ കയ്യെഴുത്തുപ്രതികളാണ് ഏററവും പഴക്കമുള്ള ലിഖിതങ്ങൾ.

ഹോമറിൻെറ ഏററവും പുരാതനമായ കയ്യെഴുത്തുപ്രതി ഇപ്പോഴുള്ളത് എ.ഡി. 10-ാം നൂററാണ്ടിൽ എഴുതപ്പെട്ടതാണ്. അതിൻെറ എഴുത്തുകാരൻെറ മരണത്തിനുശേഷം 2000 വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ടതാണ് അത്. പിൻഡാറിൻെറ കവിതകൾ എഴുതപ്പെട്ടതിനും (450 B.C.) അതിൻെറ ഏററവും പഴക്കമുള്ള കയ്യെഴുത്തു പ്രതികൾക്കും (A.D. 1150) തമ്മിൽ 1600 വർഷത്തെ ഇടവേളയുണ്ട്.

ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയ നിയമം പൂർണ്ണമാക്കപ്പെട്ടത് എ.ഡി. 100നോട് അടുത്താണ്. അതിൻെറ ഏററവും പുരാതനമായ പൂർണ്ണമായ കയ്യെഴുത്തുപ്രതി A.D. 300-ലേതാണ്. ഇവ തമ്മിൽ 200 വർഷത്തെ വ്യത്യാസമേയുള്ളു. ഈ 200 വർഷങ്ങളിൽ തന്നെ അന്നത്തെ ക്രിസ്ത്യാനികളുടെ എഴുത്തുകളിൽ പുതിയ നിയമ ഭാഗങ്ങൾ ധാരാളമായി ഉദ്ധരിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും ആദിമ കയ്യെഴുത്തു പ്രതികളുടെ പ്രാമാണ്യത്തെപ്പററി ഉറപ്പായ തെളിവുകൾ ലഭ്യമാണ്. ഇന്നത്തെ ആധുനിക പരിഭാഷയ്ക്ക് ആധാരമാക്കിയിട്ടുള്ളത് പുതിയ നിയമത്തിൻെറ 4000-ത്തോളം കയ്യെഴുത്തുപ്രതികളും അവയുടെ താരതമ്യ പഠനവുമാണ്.

നമുക്ക് പുതിയ നിയമത്തിൻെറ ഉപദേശങ്ങളിൽ പൂർണ്ണമായും വിശ്വസിക്കാം. അതിലെ സുപ്രധാനമായ ഉപദേശം എന്താണ് എന്ന് നോക്കാം. "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" (യോഹന്നാൻ 3:5).

നാം ശാരീരികമായി ജനിക്കുമ്പോൾ നാം ഒരു വെള്ളം നിറഞ്ഞ സഞ്ചിയിലാണ് ജനിക്കുന്നത്. നാം ജലത്തിൽ നിന്നും ഉത്ഭവിച്ചവരാണ് എങ്കിലും ഈ ലോകത്തിൽ ജനിച്ചതുകൊണ്ട് അത് നമ്മെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുന്നില്ല. എല്ലാവരും രക്ഷിക്കപ്പെടും എന്ന ഉപദേശം അപകടകരമാകാം. വെള്ളം നിറഞ്ഞ സഞ്ചിയിൽ ജനിച്ചവരോട് അവർ ആത്മാവിലും ജനിക്കേണ്ടതാണ് എന്ന് യേശു പറയുന്നു.

വെസ്ലി ഈ വിഷയത്തെ പററി അനേകം തവണ പ്രസംഗിച്ചിട്ടുണ്ട്. "നീ വീണ്ടും ജനിക്കണം" എന്തിന് എന്ന് ചോദിച്ചപ്പോൾ "നീ വീണ്ടും ജനിച്ചവൻ

ആകേണ്ടതിനായി'' എന്നായിരുന്നു അദ്ദേഹത്തിൻെറ ഉത്തരം.

യേശു ഇപ്രകാരം അരുളിചെയ്തിട്ടുണ്ട്. നമ്മുടെ പുതിയ നിയമത്തിൽ ഉള്ള അവൻെറ വാക്കുകൾ ആധികാരികമാണ് എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം.

---

## സെപ്തംബർ 1

---

''വെള്ളത്തിൽ നിന്നും കയറിയ ഉടനെ ആകാശം പിളരുന്നതും ആത്മാവു തൻെറ മേൽ വരുന്നതും കണ്ടു.'' (മർക്കോസ് 1:10)

മേലുദ്യോഗസ്ഥൻെറ ഉത്തരവ് കേൾക്കുന്ന നിമിഷം തന്നെ പട്ടാളക്കാർ മാർച്ചു ചെയ്യുവാൻ തുടങ്ങുന്നു.

മർക്കോസിൻെറ സുവിശേഷത്തിലെ ഒരു പ്രത്യേകതയാണ് അതിൽ ഗ്രീക്കിൽ 'ഉടനെ' എന്നർത്ഥം വരുന്ന 'evthus' എന്ന വാക്ക് അസാധാരണമാം വിധം കൂടുതൽ തവണ ആവർത്തിക്കുന്നു എന്നത്. ''നിനക്കുള്ളതെല്ലാം വിററ് ദരിദ്രർക്ക് കൊടുക്കുക'' എന്ന് യേശു പറഞ്ഞ ധനികനാണ് മർക്കോസ് എന്ന് ചിലർ കരുതുന്നുണ്ട്. അവന് വളരെയധികം സമ്പത്തുണ്ടായിരുന്നു. അവൻ കർത്താവിനെ വിഷാദമഗ്നനാക്കി. ഇത്രയും സമ്പത്ത് വിട്ടെറിയുന്നത് അവന് പ്രയാസമായിരുന്നു. പക്ഷേ പിന്നീട് അവൻ തൻെറ അനുസരണക്കേടിൽ അനുതപിച്ച് കർത്താവ് അവനോട് ആജ്ഞാപിച്ചതു ചെയ്തു. പക്ഷേ അത് 'ഉടനെ' ചെയ്യുവാൻ കഴിഞ്ഞില്ലല്ലോ എന്ന് അവൻ ദുഃഖിച്ചിരിക്കണം. ഇക്കാരണത്താലാകാം അവൻ തൻെറ സുവിശേഷത്തിൽ ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും 'ഉടനെ' എന്നു വാക്ക് വീണ്ടും വീണ്ടും ഉപയോഗിച്ചിരിക്കുന്നത്.

പഴയ കാലത്തെ യോദ്ധാക്കൾ അവരുടെ കുന്തവും പരിചയും തങ്ങളുടെ സമീപത്തു തന്നെ വച്ചുകൊണ്ടാണ് ഉറങ്ങിയിരുന്നത് എന്ന് കേട്ടിട്ടുണ്ട്. ഒരു ക്രിസ്ത്യാനി കല്പനകൾ അനുസരിക്കുവാൻ എല്ലാ സമയവും തയ്യാറായിരിക്കണം—രാപകൽ വ്യത്യാസമില്ലാതെ. ശലോമോൻെറ ഗീതത്തിൽ വധു പറയുന്നതുപോലെ ''ഞാൻ ഉറങ്ങുന്നു എങ്കിലും എൻെറ ഹൃദയം ഉണർന്നിരിക്കുന്നു.' (ഉത്തമഗീതം 5:12)

കാനായിലെ കല്യാണ വിരുന്നിൽ മറിയം പറഞ്ഞു: ''അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ'' (യോഹന്നാൻ 2:5). ഇത് ശ്രദ്ധിക്കുക; 'അവൻ നിങ്ങളോട് കല്പിച്ചതു ചെയ്യുക' എന്നല്ല ആ വാക്യം.

''ദൈവ വചനം പരന്നു '' (അപ്പൊ. പ്രവർത്തി 6:7) എന്നും ''ദൈവവചനം മേല്ക്കുമേൽ പരന്നുകൊണ്ടിരുന്നു '' (അപ്പൊ. പ്രവർത്തികൾ 12:24) എന്നും എഴുതിയിരിക്കുന്നു. ക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പു മാത്രമല്ല സംസാരിച്ചത്. അതിനു ശേഷം അവൻ ഊമനായില്ല. അവൻ ഓരോ തലമുറയ്ക്കും ഉപദേശങ്ങൾ നല്കികൊണ്ടിരിക്കുന്നു. ''അവൻ അത്ഭുതമന്ത്രി'' (യെശയ്യാവ് 9:6) ആകുന്നു. ഇത് ഇന്ന് നിൻെറ ജീവിതത്തിലും ശരിയാണ്. ദിനവും അവൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുക. അവൻ പറയുന്നത് ഉടനെ അനുസരിക്കുക.

# സെപ്തംബർ 2

''കാള തന്റെ ഉടയവനെ അറിയുന്നു.'' (യെശയ്യാവ് 1:3)

ഈ ഭാഗത്ത് മനുഷ്യരേയും മൃഗങ്ങളേയും (കാളയേയും, കഴുതയേയും) തമ്മിൽ ഒരു താരതമ്യപ്പെടുത്തൽ നടത്തുന്നു. ഈ താരതമ്യപഠനം മൃഗങ്ങൾക്കു അനുകൂലമായാണ് കാണുന്നത്.

ഈ താരതമ്യപ്പെടുത്തൽ മനുഷ്യനേയും ഒരു എലിയേയും തമ്മിലായിരുന്നെങ്കിൽ കൂടി മനുഷ്യർക്ക് അനുകൂലമാകയില്ലായിരുന്നു. എലികൾക്ക് ആഹാരം തിന്നുന്നതും അതുകൊണ്ട് മരിക്കുന്നതും തമ്മിലുള്ള ആകസ്മികമായ ബന്ധം തെളിയിക്കുവാൻ അറിയാമായിരുന്നു. വിഷം കലർത്തിയ ആഹാരം അവയ്ക്കു നല്കിയാൽ അവയിൽ ഒരെണ്ണം ചത്താൽ അത് മററുള്ളവർക്ക് ഒരു മുന്നറിയിപ്പാണ്. അവ ഒന്നു പോലും പിന്നെ ആ ആഹാരം തൊടുകയില്ല.

കുമാഫെൻ പോലെയുള്ള വിഷങ്ങൾ നല്കി എലികളിൽ പരീക്ഷണം നടത്തി. എലികൾ എന്നിട്ടും ഇതിന്റെ കാരണം കണ്ടുപിടിച്ച് അവയുടെ കുഞ്ഞുങ്ങളിലേക്ക് ആ വിഷം വെറുക്കുവാനുള്ള മനോഭാവം ജന്മനാ കടത്തിവിട്ടു. കൂടാതെ ഒരു എലിക്ക് ഒരു വിഷത്തെപ്പററി അറിവുണ്ടെങ്കിലും അതിന്റെ പ്രതികൂല ഫലങ്ങൾ അറിഞ്ഞതാണെങ്കിലും മററ് എലികൾ ഇതൊന്നും അറിയാതെ തങ്ങളുടെ കൂട്ടിൽ ആ വിഷം വച്ചിട്ടുണ്ട് എങ്കിൽ ബുദ്ധിമാനായ ഈ എലി മററ് എലികൾ വിഷം വച്ച ആ ആഹാരം തൊടുന്നത് തടയും. ആക്രമണത്തിൽ കൂടിയാണെങ്കിൽ കൂടി ആ എലി മററ് എലികളെ ആത്മഹത്യ ചെയ്യുന്നതിൽ നിന്നും തടയും.

മരണം വളരെ താമസിച്ചുണ്ടാകുന്ന ഫലമാണെങ്കിൽ കൂടി മരണം നല്കുന്ന വസ്തുക്കളിൽ നിന്ന് എലികൾക്ക് തങ്ങളെ സൂക്ഷിക്കുവാനും അവരുടെ കൂട്ടത്തിലുള്ളവയെ മുൻകൂട്ടി അറിയിക്കാനും ഉള്ള കഴിവുണ്ട്. പക്ഷേ മനുഷ്യരായ നാം സൃഷ്ടികളിലേക്കും ശ്രേഷ്ഠരായ നാം നമുക്ക് നിത്യനാശത്തിന് കാരണമാകുന്ന പാപത്തിൽ നിന്നും നമ്മെ കരുതുന്നില്ല. നമുക്ക് എലികൾക്കുള്ള അത്രയും പോലും ഉത്സാഹം മററുള്ളവരെ പാപത്തിൽ അകപ്പെടാതിരിക്കുവാൻ താക്കീതു നല്കുന്നതിൽ ഇല്ല. നേരെ മറിച്ച് നാം മററുള്ളവരെകൂടി പാപത്തിലേക്കു ആകർഷിക്കയും അവരെ അതിൽ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

യേശു നമ്മോടു പറഞ്ഞതു പക്ഷികളിൽ നിന്നും പഠിക്കുവാനാണ് (മത്തായി 6:22) യെശയ്യാവ് നാം കാളകളിൽ നിന്നും കഴുതകളിൽ നിന്നും പഠിക്കുവാൻ പറയുന്നു. എലികളിൽ നിന്നു പോലും പഠിക്കേണ്ടി വരുന്നതിൽ നമുക്ക് അപമാനം തോന്നേണ്ടതാണ്. പാപം വിഷമാണ്. അവയിൽ നിന്നും ഒഴിഞ്ഞുമാറുകയും മററുള്ളവർ അതിൽ പെടുന്നത് തടയുകയും ചെയ്യുക.

# സെപ്റ്റംബർ 3

"പിമ്പിലുള്ളതു മറന്നു." (ഫിലിപ്പിയർ 3:13)

Shema Israel, Adonai Eloheinu Adonai ehad എബ്രായ ഭാഷയിലുള്ള ഈ പ്രാർത്ഥനയുടെ വിവർത്തനം "യിസ്രായേലേ കേൾക്ക; നിൻെറ കർത്താവായ ദൈവം ഏകദൈവം ആകുന്നു" എന്നാണ്. ഈ പ്രാർത്ഥന ഉരുവിട്ടുകൊണ്ടാണ് ആയിരക്കണക്കിന് യഹൂദന്മാർ നാസി ഭീകരനായ ഐക്മാൻെറ വിഷവാതക അറകളിലേക്കു പ്രവേശിച്ചത്. ഐക്മാൻ ആ കാഴ്ച പുഞ്ചിരിയോടെ കണ്ടു കൊണ്ടു നിന്നു.

ഇരുപതു വർഷങ്ങൾക്കു ശേഷം ഐക്മാൻ ബ്യൂനോസ് അയേർസിൽ വച്ച് യിസ്രായേലിൻെറ രഹസ്യപ്പോലീസിനാൽ അറസ്ററു ചെയ്യപ്പെട്ടു. തടവിലായിരിക്കുമ്പോൾ അദ്ദേഹം ഈ പ്രാർത്ഥന ഉരുവിടുന്നതുകേട്ട് യിസ്രായേല്യരായ ഗാർഡുകൾ അത്ഭുതപ്പെട്ടു. അവൻ ഒരു ദൈവിവശ്വാസിയല്ല എന്ന് അവകാശപ്പെട്ടിരുന്നതിനാൽ ഇത് കൂടുതൽ ആശ്ചര്യജനകമായിരുന്നു.

വലിയ കുററവാളികളുടേയും കൊലപാതകികളുടേയും ലോകം എനിക്കു പരിചിതമാണ്. തങ്ങളുടെ ക്രൂരതകൾക്കിരയായവരുമായി ഏതോ അത്ഭുതകരമായ ഒരു താദാത്മ്യം പ്രാപിക്കുവാൻ അവർക്കു ഒരു പ്രത്യേകതയാണ്. യഹൂദന്മാരെ കൂട്ടക്കൊല ചെയ്തവർ യഹൂദന്മാരേക്കാൾ അധികമായി യഹൂദ രീതികളോട് പററിച്ചേരുന്നു. ഗർഭഛിദ്രം തൊഴിലാക്കിയവർ "എന്നെ കൊന്നത് എന്തിന്?" എന്ന് ചോദിക്കുന്ന കുട്ടികളുടെ ഒരു കൂട്ടത്തെ സ്വപ്നം കണ്ടേക്കാം. ഹിരോഷിമായിൽ ആററം ബോംബ് ഇട്ട ആളോട് റിപ്പോർട്ടറന്മാർ 'അതേ പററി നിനക്കു എന്തു തോന്നി?' എന്നു ചോദിച്ചപ്പോൾ അവൻെറ മുറുപടി "അതെപ്പററി അവർക്കു എന്തു തോന്നി?" എന്ന മറുചോദ്യമായിരുന്നു.

നമ്മുടെ ജീവിതത്തിലും നമ്മുടെ കുററങ്ങൾക്ക് ഇരയാകുന്ന അനേകർ ഉണ്ട്. യേശുവാണ് ഇതിനും ഒരു മാതൃക. പാപമില്ലാത്ത കുഞ്ഞാട് ഒററിക്കൊടുക്കപ്പെട്ടു, നിന്ദിക്കപ്പെട്ട് പീഢനം അനുഭവിച്ച് നമ്മുടെ പാപങ്ങൾക്കായി മരിക്കപ്പെട്ടു. അവൻ മരിക്കുമ്പോൾ "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" എന്നാണ് പ്രാർത്ഥിച്ചത്.

അതിനുശേഷം അവൻ നമ്മോട് സംസാരിക്കുന്നു. "നിങ്ങളുടെ പാപങ്ങൾക്ക് ഇരയായ ഞാൻ നിങ്ങളോട് ക്ഷമിക്കുന്നു. നിങ്ങളുടെ കുററങ്ങൾക്കിരയായവരും ഇപ്പോൾ പാപക്ഷമയുടെ ലോകത്തിലാണ് കഴിയുന്നത്. നീ മാത്രമാണ് നിന്നോട് ക്ഷമിക്കാതിരിക്കുന്നത്. നിൻെറ കുററം നിന്നെ തുടർന്നും സന്ദർശിച്ചുകൊണ്ടിരിക്കുന്നു. പാപക്ഷമ സ്വീകരിക്കുക. നിന്നോടു തന്നെ ക്ഷമിക്കുക. അതോടുകൂടി നീ തെററു ചെയ്തവരുമായുള്ള അനാരോഗ്യകരമായ താരതമ്യപ്പെടുത്തൽ അവസാനിക്കും. നിനക്ക് ഒരു പുതിയ വ്യക്തിത്വം ലഭിക്കും."

## സെപ്തംബർ 4

"ദ്രവ്യാഗ്രഹം സകല ദോഷത്തിനും ഹേതുവല്ലോ."

(1തിമൊഥെയോസ് 6:70)

ഈ വാക്യത്തിൽ പറയുന്നത് വളരെ വാസ്തവമാണ്. ധാരാളം പണത്തിൻെറ ഉടമസ്ഥത തന്നെ ഒരു വലിയ ദോഷമാണ്. സാധാരണയായി മനുഷ്യന് കളങ്കപ്പെട്ടവനാകാതെ അതു കൈകാര്യം ചെയ്യുവാൻ കഴിയുകയില്ല.

മററൊരു വലിയ ദൂഷ്യം പണത്തിൻെറ അഭാവമാണ്. വിശക്കുന്ന ഒരുവൻ ദേഷ്യം ഉള്ളവനാണ്. പണമില്ലാത്ത മനുഷ്യരാണ് വിപ്ളവങ്ങളും അതിനോടു കൂടിയുള്ള കൂട്ടക്കൊലകളും ഉണ്ടാക്കുന്നത്.

ഭിക്ഷ കൊടുക്കുവാൻ യേശു നമ്മെ പഠിപ്പിക്കുന്നു. അവൻെറ ഉദ്ദേശം ദരിദ്രർക്കും ധനവാന്മാരുടെ പക്കൽ നിന്ന് അല്പം പണം കിട്ടട്ടെ എന്നാണ്. ഇതിൽ കൂടി നാം അവരെ അപകടകരമായ മേഖലയിൽ നിന്നും മാററി കൊണ്ടുവരന്നു.

പണം അപകടകാരിയാണ്. ഇതിൻെറ പേരു പറയുന്നതു തന്നെ ദോഷം ചെയ്യും. അത് ഇല്ല എങ്കിലും ഉണ്ട് എങ്കിലും നമുക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

പണം നിലവിൽ ഇല്ല എന്നുള്ള ധാരണയിൽ ജീവിക്കുന്നതാണ് പരിഹാരമാർഗ്ഗം. നിങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്നതിൽ പണം പങ്കാളിയാകരുത്. ധാരാളം പണം കിട്ടുന്ന ജോലി അന്വേഷിക്കാതെ നിങ്ങൾ സമൂഹത്തിന് ഉപയോഗമുള്ളവനാകുവാൻ ഉതകുന്ന ജോലി തേടുക. വിലകൂടിയ സാധനങ്ങൾ വാങ്ങരുത്. അത് വമ്പു പറയുവാൻ ഇട നല്കും. അതേപോലെ തന്നെ വിലകുറഞ്ഞവയും വാങ്ങരുത്. അത് ലോകത്തോടുള്ള നിങ്ങളുടെ നിസംഗത തെളിയിക്കും. ആവശ്യമുള്ളതു മാത്രം വാങ്ങുക.

നിങ്ങളുടെ ശുദ്ധീകരിക്കപ്പെട്ട ഹൃദയങ്ങൾ നിങ്ങൾക്ക് ഈ നിസ്സാരവസ്തു — പണം ഉണ്ടായിരിക്കണമൊ ഇല്ലായെയിരിക്കണമൊ എന്ന് തീരുമാനിക്കട്ടെ. പണം ഉണ്ടായിരിക്ക എന്നതോ, ഇല്ലാതെയിരിക്ക എന്നതോ, നിങ്ങളുടെ മാനസീകാവസ്ഥയെ ബാധിക്കുവാൻ ഇടയാക്കരുത്.

## സെപ്തംബർ 5

"അവർ എല്ലാവരും ഒന്നാകേണ്ടതിന്നു...."

(യോഹന്നാൻ 17:21)

"ന്യൂ സൊസൈററി" എന്ന ബ്രിട്ടീഷ് പ്രസിദ്ധീകരണം ഓർക്കസ്ട്രാകളിൽ അംഗങ്ങളായ സംഗീതജ്ഞരെപററി ഒരു പഠനം നടത്തുകയുണ്ടായി. വിവിധ തരത്തിലുള്ള വാദ്യോപകരണങ്ങൾ വായിക്കുന്നവർക്കു തമ്മിൽ അന്യോന്യം വളരെ മോശമായ അഭിപ്രായമാണുള്ളത് എന്നാണ് ഈ പഠനം വെളിപ്പെടുത്തുന്ന ഒരു വസ്തുത. അന്യോന്യം

വിഘടിച്ചുനില്ക്കുന്ന ഈ മനുഷ്യരാണ് പ്രശാന്തസുന്ദരമായ സംഗീതം സൃഷ്ടിക്കുന്നത് എന്നതാണ് അത്ഭുതകരം.

കണ്ടക്ടർ തൻെറ ബാററൺ ഉയർത്തുമ്പോഠം അവരുടെ മനോവികാരങ്ങഠം എല്ലാം മാററി വയ്ക്കപ്പെടുന്നു. സംഗീതം വിജയകരമായി അവതരിപ്പിക്കണം എന്ന ചിന്തമാത്രമാണ് അപ്പോഠം എല്ലാവരേയും ഭരിക്കുന്നത്.

ഈ ലോകത്തിൻെറ മക്കഠം ചിലപ്പോഠം പ്രകാശത്തിൻെറ മക്കളേക്കാഠം ബുദ്ധിയുള്ളവരാണ്.

ക്രിസ്ത്യാനികഠം പല രാജ്യങ്ങളിൽ നിന്നും വർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായ ചുററുപാടുകഠം, അനുഭവങ്ങഠം സാമൂഹ്യതലങ്ങഠം എന്നിവയിൽ നിന്നും ഉള്ളവരാകയാൽ അവർ തമ്മിൽ അഭിപ്രായവ്യത്യാസമോ അല്പം ഒക്കെ ശത്രുതയോ പ്രതീക്ഷിക്കാവുന്നതേയുള്ളൂ. നാം ദൈവീകത്വത്തിൻെറ പങ്കാളികഠം ആണ് എങ്കിലും മനുഷ്യരത്രെ. പക്ഷേ കർത്തൃസേവയിൽ ഒന്നായിതീരുന്നു.

ഇവയിൽ ഏതാണ് വലുത് എന്ന് നിങ്ങഠം സ്വയം ചോദിക്കുക:- നാം ഒരുമിച്ച് പ്രവർത്തിക്കുന്ന ആദർശങ്ങളോ അതോ നാം വിഘടിച്ചു നില്ക്കുന്നതായ സാമാന്യ സംഗതികളോ? അപ്പോഠം നിങ്ങഠംക്കു ശരിയായി സ്നേഹിക്കുവാനുള്ള മനോഭാവം കൈവരിക്കുവാൻ സാധിക്കും.

---

## സെപ്തംബർ 6

---

"ഞാൻ ഉറങ്ങുന്നു എങ്കിലും എൻെറ ഹൃദയം ഉണർന്നിരിക്കുന്നു."

(ഉത്തമഗീതം 5:2)

ഉറങ്ങുന്ന സമയം നമുക്ക് നഷ്ടപ്പെടുന്ന സമയം ആകരുത്.

വിഖ്യാതനായ റഷ്യൻ രസതന്ത്രജ്ഞൻ മെൻ ഡേലീവിന് വളരെക്കാലത്തെ പരിശ്രമത്തിനുശേഷവും മൂലകങ്ങളുടെ ഗുണങ്ങഠം സംബന്ധിച്ച് വ്യക്തിപരമായ ഒരു തീരുമാനത്തിൽ എത്തുവാൻ കഴിഞ്ഞില്ല. ഒരിക്കൽ രാത്രിമുഴുവനും ശ്രമിച്ചിട്ട് അദ്ദേഹം തൻെറ പരീക്ഷണ ശാലയിൽ കിടന്ന് ഉറങ്ങിപ്പോയി അത് ഒരു പട്ടികയാണ് എന്ന് അദ്ദേഹം സ്വപ്നം കണ്ടു. അവൻ ഉറക്കമുണർന്നപ്പോഠം ഉടനെ അത് കുറിച്ചെടുത്തു. റിംസി കോർസ കോവിൻെറ സ്നേഗുറോച്ച്കാ എന്ന സംഗീത നാടകത്തിലെ സംഗീതം അദ്ദേഹത്തിന് തൻെറ സ്വപ്നത്തിൽ കൂടി കിട്ടിയവയാണ്. ബെച്ച്ടെറേവ് എന്ന മനശാസ്ത്രജ്ഞൻ തൻെറ പ്രധാനപ്പെട്ട പ്രശ്നങ്ങഠം എല്ലാം ശ്രദ്ധിച്ചു പഠിച്ചത് സന്ധ്യാസമയങ്ങളിലായിരുന്നു. കാരണം അദ്ദേഹം ഉണർന്നു വരുമ്പോഠം ഉത്തരങ്ങഠം തയ്യാറായിരിക്കും. ചതുരംഗകളിക്കാരനായ കാർപോവ് ഒരു കരു നീക്കുന്നതിനെപററി സ്വപ്നം കണ്ടത് താൻ ഒരു മത്സരക്കളിയിൽ വിജയിക്കുവാൻ സഹായിച്ചു.

ചിലപ്പോഠം നമ്മുടെ ഞരമ്പുകഠം നാം ഉണർന്നിരിക്കുമ്പോഴത്തെക്കാളും ഉറങ്ങുമ്പോഴായിരിക്കും കൂടുതൽ പ്രവർത്തനക്ഷമതയിൽ ഇരിക്കുന്നത്. അതിനാൽ രാവിലെ സമയത്താണ് സന്ധ്യാസമയത്തേക്കാഠം

ബുദ്ധിപൂർവ്വമായി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കുക.

ഒരു സന്ധ്യസമയത്ത് പുതിയ നിയമത്തിലെ കന്യക മറിയം തെററു ചെയ്തു എന്ന് വിശ്വസിച്ച് അവളെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. അവൻ ശരിക്ക് ഉറങ്ങിയില്ല. അവൻെറ ഹൃദയം ഉണർന്നിരുന്നു. അവൻ രാവിലെ ശരിയായത് പ്രവർത്തിച്ചു. അവൻ മറിയത്തിനെ തൻെറ ഭാര്യയായി സ്വീകരിച്ചു. ഒരു സ്വപ്നത്തിൽ കൂടി യേശുകുഞ്ഞിനെ എങ്ങനെ ഹെരോദാവിൻെറ കയ്യിൽ നിന്നും രക്ഷിക്കണം എന്നും എപ്പോഠം പലസ്തീനിലേക്കു തിരികെ വരണം എന്നും യോസേഫ് മനസ്സിലാക്കി. ഫറവോനും നെബുക്കദ്നേസർനും സ്വപ്നത്തിൽ കൂടി പ്രധാനപ്പെട്ട മുന്നറിയിപ്പുകഠം ലഭിച്ചു. അങ്ങനെ തന്നെ പഴയ നിയമത്തിലെ യോസേഫും മററു പലർക്കും സ്വപ്നത്തിൽ കൂടി അറിയിപ്പുകഠം ലഭിക്കുകയുണ്ടായി.

നിങ്ങളുടെ ഉറക്കത്തിൻെറ സമയം ശരിയായി വിനിയോഗിക്കുക. നിങ്ങളുടെ അവസാനത്തെ ചിന്തയും ദൈവത്തിൻെറ വചനത്തെ പററിയാകട്ടെ. പ്രാർത്ഥനയോടുകൂടി ദിവസം അവസാനിപ്പിക്ക. നിങ്ങഠം ഉറങ്ങുമ്പോഠം ചിലപ്പോഠം ദൈവം നിങ്ങളോട് സംസാരിച്ചേക്കാം.

## സെപ്തംബർ 7

''സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെററിലും അകപ്പെട്ടു പോയെങ്കിൽ ആത്മീകരായ നിങ്ങഠം അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ.'' (ഗലാത്യർ 6:11)

വിശ്വാസത്തിനുവേണ്ടി ധീരമായ നിലപാട് സ്വീകരിച്ചതിൻെറ പേരിൽ മൂന്നു പ്രാവശ്യം ജയിൽ ശിക്ഷയനുഭവിച്ച ഒരു റഷ്യൻ എബ്രായ ക്രിസ്ത്യൻ എഴുത്തുകാരനാണ് ക്രാസ്നോവ് ലെവിററിൻ. ''നിങ്ങഠംക്ക് എന്നെ വിലയ്ക്കു വാങ്ങുവാനോ എന്നെ ഭയപ്പെടുത്തുവാനോ സാധിക്കയില്ല '' എന്നാണ് അദ്ദേഹം തന്നെ ചോദ്യം ചെയ്യുവാൻ വന്നവരോട് പറഞ്ഞത്.

താൻ തലതൊട്ട മകനും ഒരു ക്രിസ്ത്യൻ എഴുത്തുകാരനുമായ ക്രാസിൻ ജയിലിൽ ആയിരുന്നപ്പോഠം പീഢനം നിമിത്തം ചില ക്രൈസ്തവ നേതാക്കളുടെ പേരുകഠം വെളിപ്പെടുത്തി. ഇത് ജയിൽ വിമുക്തനായ ശേഷവും ക്രാസ്നോവ് ലെവിററിനെ ദുഃഖപ്പെടുത്തിയിരുന്നു.

ക്രാസിനിൻെറ വിചാരണയ്ക്ക് ക്രാസ്നോവ് ലെവിററിനെ സാക്ഷിയായി വിസ്തരിച്ചു. മററു ക്രിസ്ത്യാനികളെ ഒററിക്കൊടുത്തതിൻെറ പേരിൽ അദ്ദേഹത്തിന് അവനോട് വിദ്വേഷം നിറഞ്ഞിരുന്നു. കോടതിയിൽ മിസ്സസ് ഹൊഡറോവിച്ച് എന്ന വനിതയെ അദ്ദേഹം കണ്ടു മുട്ടി. അവിടെ അവർ എന്തിനായി വന്നു എന്ന് അദ്ദേഹം ചോദിച്ചു. ''ഞാൻ ക്രിസ്ത്യാനി അല്ല എങ്കിലും കഷ്ടത അനുഭവിക്കുന്നവരോട് എനിക്കു സഹതാപമുണ്ട്; അവർ കൂടെയുള്ളവരെ ഒററിക്കൊടുക്കേണ്ടി വന്നാലും അവർ അനുഭവിക്കേണ്ടിവന്ന പീഢനങ്ങഠം കണക്കിലെടുക്കുമ്പോഠം അവർ സഹതാപം അർഹിക്കുന്നു '' ആ വനിത മറുപടി പറഞ്ഞു. തൻെറ വിദ്വേഷ മനോഭാവത്തെപററി ക്രാസ്നോവ്

ലെവിററിൻ ലജ്ജിച്ചു. അദ്ദേഹം തന്നെയാണ് ഈ സംഭവകഥ പ്രസിദ്ധീകരിച്ചത്.

പീഡനത്തെ നേരിടുമ്പോറം മാത്രമല്ല മററ് പ്രശ്നങ്ങളെ നേരിടുമ്പോഴും ചില ക്രൈസ്തവർ ഉറപ്പും ധൈര്യവും പ്രകടമാക്കുമ്പോറം മററ് ചിലർ അവയ്ക്കു കീഴടങ്ങുന്നു. ചില സാഹചര്യങ്ങളിൽ പിടിച്ചു നിൽക്കുവാൻ സാധിക്കുന്നവർക്ക് മററ് ചില അവസരങ്ങളിൽ പരാജയം സംഭവിക്കുന്നു. പരാജയപ്പെടുന്നവരെ കുററം വിധിക്കുവാൻ നാം അർഹരല്ല. പകരം അവർക്കു സഹായ ഹസ്തം നീട്ടികൊടുക്കുകയും സൗമ്യമായ വാക്കുകളാൽ അവരെ ശക്തിപ്പെടുത്തുകയുമാണ് നമ്മുടെ കർത്തവ്യം.

## സെപ്തംബർ 8

"എന്റെ ശത്രുക്കറം.......എന്നെ നിന്ദിക്കുന്നു." (സങ്കീ. 42:10)

ക്രിസ്ത്യാനികളെ വർഗ്ഗീയതക്കെതിരായും വർണ്ണ വിവേചനത്തിനെതിരായും ഉപദേശിക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു രാജ്യത്തിനെതിരായുള്ള മനോഭാവം പ്രചരിപ്പിക്കുന്നത് ഒരു വലിയ അപകടമാണ്. അത് നമ്മുടെ മുൻ തലമുറകളിൽ യഹൂദന്മാർക്കെതിരായി നടപ്പിലിരുന്ന വിരോധം പോലെയാണ്. ഇത് യുക്തിക്കു നിരക്കാത്തതും ദൈവഹിതകരമല്ലാത്തതുമാണ്.

ലോകത്തിലെ സഭാപ്രവർത്തനങ്ങളിൽ മിഷനുകറംക്കാവശ്യമായ പണവും, സിംഹഭാഗം ആളുകളേയും നല്കുന്നത് ക്രൈസ്തവരാഷ്ട്രങ്ങളാണ്. അത്തരം രാജ്യങ്ങളുടെ പതനം ആഗോള മിഷനറി പ്രവർത്തനത്തിൻേറയും പതനമായിരിക്കും. അതിനാൽ ക്രൈസ്തവരാജ്യങ്ങറംക്കെതിരായ നിരൂപണങ്ങറം സാത്താൻ നടത്തുന്നവയാണ്.

യഹൂദന്മാരെ പണക്കൊതിയൻമാരെന്നും വഞ്ചകൻമാരെന്നും പറഞ്ഞതുപോലെ ഇപ്പോറം ചില ക്രൈസ്തവ രാഷ്ട്രങ്ങറം പാവപ്പെട്ട രാജ്യങ്ങളെ നശിപ്പിക്കുന്നു എന്ന നുണ പ്രചരണം ചില കോണുകളിൽ നിന്നും നടക്കുന്നുണ്ട്. അവികസിത രാജ്യങ്ങളുമായി ബന്ധം തുടങ്ങുന്നതിനു മുമ്പ് തന്നെ അവർ മററുള്ളവരേക്കാറം വളരെ മുമ്പിൽ ആയിരുന്നു. അവരുടെ ഉയർന്ന സാമ്പത്തീക സ്ഥിതിയുടെ കാരണം പിന്നോക്ക രാഷ്ട്രങ്ങളെ ചൂഷണം ചെയ്തതിനാലല്ല എന്നുള്ളത് സ്പഷ്ടമാക്കുവാൻ ഇതൊരു തെളിവാണ്. വികസിത രാഷ്ട്രങ്ങറം ധാരാളമായി സാധനങ്ങറം ഉപയോഗിച്ചു തീർക്കുന്നു എന്നത് വാസ്തവമാണ്. പക്ഷേ ശ്രദ്ധിക്കേണ്ട ഒരു സംഗതി ഇത്തരം രാഷ്ട്രങ്ങളിൽ പ്രതിശീർഷ ഉല്പാദനം താരതമ്യേന കൂടുതലാണ് എന്നുള്ളതാണ്. ഇത് അവരുടെ ഉപയോഗങ്ങറം കഴിഞ്ഞ് വിദേശ സഹായം നല്കുന്നതിനും പര്യാപ്തമാണ്.

അവികസിത രാജ്യങ്ങളിലെ പട്ടിണി മാററുവാൻ അവരാണ് സഹായിക്കുന്നത്. ആയതിനാൽ മററു രാഷ്ട്രങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവരാഷ്ട്രങ്ങറംക്കെതിരായ പ്രചരണങ്ങറം സൂക്ഷിക്കുക. അതു

മിഷൻ പ്രവർത്തനങ്ങളെ തകർക്കുവാനും, ലോകത്തിലെ മുഴുവനും മതസ്വാതന്ത്ര്യം നശിപ്പിക്കുവാനും സാത്താൻ ഉപയോഗിക്കുന്ന ആയുധങ്ങളാണ്.

## സെപ്തംബർ 9

"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല." (യോഹന്നാൻ 3:5)

പുതുതായി ജനിക്കാത്ത ഒരുവനും ദൈവരാജ്യത്തിൽ കടക്കുകയില്ല എന്നല്ല കടപ്പാൻ കഴികയില്ല എന്നാണ് യേശു പറഞ്ഞിരിക്കുന്നത്. ജീവനുള്ള വസ്തുക്കളിൽ ഒരു ഘടകമായിരിക്കുവാനേ അതിന് കഴികയുള്ളൂ. ഒരു ചെടിക്ക് ഒരു മൃഗം ആകുവാൻ സാധിക്കുകയില്ല. ഏതെങ്കിലും മൃഗത്തിൻെറ ഭക്ഷണമായി അതിൻെറ ശരീരത്തിൻെറ ഭാഗമാകുവാൻ മാത്രമേ അവയ്ക്കു കഴികയുള്ളൂ. ഒരു മൃഗത്തിന് ഒരുമനുഷ്യൻ ആകുവാൻ കഴിയുകയില്ല. മനുഷ്യൻ മൃഗങ്ങളേക്കാൾ ഉന്നതമായ തലത്തിൽ ആണ്. മനുഷ്യൻ മൃഗത്തെ ഭക്ഷിക്കുമ്പോൾ ആ മൃഗം മനുഷ്യൻെറ ശരീരത്തിൻെറ അംശമാകുന്നു.

ഒരു മനുഷ്യന് സ്വന്ത പ്രവർത്തികൊണ്ടുമാത്രം ദൈവപൈതൽ ആകുവാൻ കഴികയില്ല. ദൈവ പൈതലും മനുഷ്യരും തമ്മിലുള്ള അന്തരം മനുഷ്യരും കുരങ്ങും തമ്മിലുള്ള അന്തരത്തിലും വലിയതാണ്. കാരണം മനുഷ്യരും കുരങ്ങും സൃഷ്ടികൾ മാത്രമാണ്; പക്ഷേ ദൈവ പൈതങ്ങൾ ദൈവീകത്വത്തിൻെറ പങ്കാളികളാണ്. മനുഷ്യന് തൻെറ പ്രയത്നങ്ങളാൽ ദൈവരാജ്യത്തിൻെറ അവകാശികളാകുവാൻ സാധിക്കയില്ല. എല്ലാം ഉൾക്കൊള്ളുന്ന സഭയുടെ സ്നേഹത്തിലൂടെ അവർ അതിൻെറ ഘടകങ്ങളാക്കപ്പെടുകയാണ്.

അതിനായി മനുഷ്യന് ഈ ലോകത്തോടും അതിൻെറ പാപങ്ങളോടും നിയമങ്ങളോടും മരിക്കേണ്ടതായിരിക്കുന്നു. 'അഹം' എന്ന ഭാവം അവനിൽ അസ്തമിക്കേണ്ടിയിരിക്കുന്നു. നാം സ്വയം ത്യജിക്കേണ്ടതാണ് എന്ന് യേശു പറയുന്നു. ഒരു ക്രിസ്ത്യാനി ഇപ്രകാരമുള്ള സ്വയത്തിൻെറ മരണം അനുഭവിച്ചവനായിരിക്കും അതിനുശേഷം അവൻ ദൈവത്വത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നു. അവൻ ദൈവപൈതലായി തീരുന്നു. ഒരു പുതുജന്മം സംഭവിക്കുന്നു.

ജീവൻ പ്രാപിക്കേണ്ടതിനായി മരിക്കുക. മരിച്ചവന് തനിക്കുചുററുമുള്ള മനുഷ്യ ശബ്ദങ്ങളെപററി ബോധമില്ല. അവൻ തനിക്കു ചുററും സംഭവിക്കുന്നതെന്താണ് എന്നതിൽ താല്പര്യം പ്രകടിപ്പിക്കുന്നുമില്ല.

പുതിയ ജന്മത്തിനു ശേഷവും നാം ഭാഗികമായി മനുഷ്യരായിരിക്കുന്നു. പക്ഷേ ദൈവ പൈതലായവന് അവൻെറ ഉള്ളിൽ ഈ ലോകത്തിൻെറ പാപങ്ങളോടും മോഹങ്ങളോടും വിട്ടകന്ന് കഴിയുവാനുള്ള ഒരു ആന്തരീക താവളം ഉണ്ട്.

തൻെറ പഴയ ജീവിത രീതി തുടർന്നു കൊണ്ടുപോകുന്ന ഒരു ദൈവ പൈതൽ വീട്ടിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന മൃതശരീരം പോലെ ദുർഗന്ധം പരത്തുകയേ ഉള്ളൂ.

വിവിധങ്ങളായ മതചടങ്ങുകാംക്ക് അർഹിക്കാത്തതായ പ്രാധാന്യം നൽകേണ്ടതില്ല. വീണ്ടും ജനിക്കുക എന്നതാണ് ഏററവും പ്രധാനമായിട്ടുളളത്.

## സെപ്തംബർ 10

''എനിക്കു കരുണ തോന്നേണം എന്നുളളവനോട് കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുളളവനോട് കനിവു തോന്നുകയും ചെയ്യും.'' (റോമർ 9:5)

ഒരു മനുഷ്യനെ മനോരോഗ വിദഗ്ദൻെറ അടുത്തുകൊണ്ടുവന്നു. അയാളുടെ ഭ്രാന്തിൻെറ കാരണം അയാാം ഒരു മൃതശരീരമാണ് എന്ന് അയാാം വിശ്വസിച്ചതാണ്. മനോരോഗ വിദഗ്ദന് ആ മനുഷ്യനെ ഒരു മൃതശരീരത്തിൽ നിന്നും രക്തം വരുന്നില്ല എന്നും അവൻെറ ശരീരത്തിൽ ഒരു സൂചികൊണ്ടു കുത്തിയാൽ കൂടി രക്തം ഒഴുകും എന്ന് കാണിച്ച് സുഖപ്പെടുത്താം എന്ന് പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു.

മനശാസ്ത്രജ്ഞൻ ഈ രോഗിയെ മോർച്ചറിയിൽ കൊണ്ടു പോയി മൃതശരീരങ്ങാം കാണിച്ചുകൊടുത്ത് അവയിൽ നിന്ന് രക്തം ഒഴുകുകയില്ല എന്ന് മനസ്സിലാക്കികൊടുത്തു. പിന്നെ അവൻ ജീവിക്കുന്നവനാണ് എന്ന് മനസ്സിലാക്കികൊടുക്കുവാൻ അയാാം ഒരു പേനാകത്തികൊണ്ട് രോഗിയുടെ വിരലിൽ കുത്തി. അപ്പോാം രക്തം ഒഴുകി. ആ രോഗി ഉറക്കെ പറഞ്ഞു: ''അങ്ങനെ ഞാൻ തെററിദ്ധരിക്കപ്പെട്ടു. മൃതശരീരങ്ങളും രക്തം ഒഴുക്കും.''

ചിലപ്പോാം നമുക്ക് ക്രിസ്തുവിനെപററി നാം സാക്ഷീകരിച്ചിരിക്കുന്ന പലരേയും പററി ആശ്ചര്യം തോന്നും. ഇവരിൽ ചിലർ നമ്മുടെ കുടുംബത്തിലെ പ്രിയപ്പെട്ടവർ ആണെങ്കിൽപോലും അവർ സുവിശേഷത്തിൻെറ സന്ദേശം സ്വീകരിക്കുന്നില്ല. ഇത് നമ്മുടെ കുററമായി കണക്കാക്കാൻ പററുകയില്ല.

ജയവും അജയ്യവും ആയ അജ്ഞത നിലനില്ക്കുന്നു. മനുഷ്യൻെറ പ്രതികരണം സാധാരണയായി യുക്തി വിരുദ്ധമാണ്. ഒരു മനുഷ്യൻ ജനിച്ചു വളർന്ന ചുററുപാടുകളിൽ നിന്നുലഭിച്ചതോ, വിദ്യാഭ്യാസത്തിൽ നിന്നു ലഭിച്ചതോ, ഒരുപ്രത്യേക മതവിഭാഗത്തിൻെറ അംഗമായതിനാലുളളതോ, ഒരു രാജ്യത്തിൻേറതോ ആയി ലഭിച്ച നിലപാട് എത്ര ശക്തിയുക്തമായ വാദങ്ങാം ആണെങ്കിൽ കൂടി അവ അപൂർവ്വമായേ വിജയിക്കാറുളളൂ. പൂർണ്ണ പൂർവ്വ ധാരണകാം എപ്പോഴും സത്യത്തേക്കാാം ശക്തിയുളളതായിരിക്കും.

ക്രിസ്തുവിനുവേണ്ടി സാക്ഷ്യം പറയുകയും പ്രാർത്ഥിക്കയും ചെയ്യുന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ലോകസ്ഥാപനത്തിൻ മുമ്പായി നാം എന്തിനുവേണ്ടി നിയോഗിക്കപ്പെട്ടുവോ അത് പൂർത്തീകരിക്കുമ്പോാം തിരഞ്ഞെടുക്കപ്പെട്ടവർക്കു സാക്ഷ്യം ലഭിക്കും. തോല്പിക്കപ്പെടാവുന്ന അജ്ഞതയുടെ മേൽ സംഭാഷണങ്ങളിൽ കൂടിയും ഉദാഹരണങ്ങളിൽ കൂടിയും ജയം നേടാം. അജയ്യമായ അജ്ഞത സ്നേഹവാനും നീതിമാനുമായ ദൈവത്തിൻെറ കരങ്ങളിൽ ഭരമേല്പിക്കുകയാണ് വേണ്ടത്. മററുളളവരെ

ബോദ്ധ്യപ്പെടുത്തുവാൻ നിങ്ങൾക്കു കഴിവില്ല എന്നതിനാൽ അന്യായമായി കുററപ്പെടുത്തി നിങ്ങളുടെ ഹൃദയസമാധാനം നഷ്ടപ്പെടുത്തരുത്.

## സെപ്തംബർ 11

"കുല ചെയ്യരുത്." (പുറപ്പാട് 20:13)

സ്വയ രക്ഷക്കായി ഒരു മെഷീൻ ഗൺ വാങ്ങിച്ച ആദ്യത്തെ വ്യക്തി അബ്രഹാം ലിങ്കൺ ആയിരുന്നു. അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായില്ല. അദ്ദേഹം വെടിയേററു മരിച്ചു.

അമേരിക്കക്കാരനായ ഗാററ്ലിംഗ് ആണ് മെഷീൻ ഗൺ കണ്ടുപിടിച്ചത്. ഒരു പടയാളിക്ക് നൂറു പടയാളികളുടെ ജോലി ചെയ്യുവാൻ സാധിക്കും എങ്കിൽ വലിയ സേനാ വ്യൂഹങ്ങളുടെ ആവശ്യം ഒഴിവാക്കാൻ കഴിയും എന്നാണ് അദ്ദേഹം കരുതിയത്. പക്ഷേ സേനാവ്യൂഹങ്ങളുടെ അംഗസംഖ്യ വർദ്ധിച്ചു വന്നതേയുള്ളൂ.

"നിൻെറ രസതന്ത്രവും വിദ്യുദ്ശക്തിയും ഉപേക്ഷിക്കുക. നിനക്ക് പണം സമ്പാദിക്കണമെങ്കിൽ യൂറോപ്യൻമാർക്ക് അന്യോന്യം കൊലപ്പെടുത്തുവാൻ കൂടുതൽ സൗകര്യമുള്ള ഏതെങ്കിലും കണ്ടുപടിക്കുക" എന്ന് യൂറോപ്പിൽ നിന്നും ലഭിച്ച ഉപദേശത്തിൻെറ വെളിച്ചത്തിൽ ഹിരാം മാക്സിം എന്ന ശാസ്ത്രജ്ഞൻ കുറെ കൂടെ മെച്ചമായ ഒരു മെഷീൻ ഗൺ കണ്ടുപിടിച്ചു. അദ്ദേഹം അതിൽ നിന്നും ധാരാളം പണം സമ്പാദിക്കുകയുണ്ടായി. യൂറോപ്യന്മാർ മാത്രമല്ല ആഫ്രിക്കക്കാരും, ഏഷ്യാക്കാരും, ആസ്ട്രേലിയക്കാരും എല്ലാം അന്യോന്യം കൊലപ്പെടുത്തുവാൻ ഈ കണ്ടുപിടുത്തം ഉപകരിച്ചു. അമേരിക്കക്കാരും ഈ കുരുതിയിൽ അവരുടെ പങ്ക് നല്കി.

മദ്ധ്യകാല ഘട്ടങ്ങളിൽ യുദ്ധങ്ങളിൽ പങ്കെടുക്കുന്നവർ പൊതുവെ മാനിച്ചിരുന്ന മര്യാദകൾ പലതും ഉണ്ടായിരുന്നു. അമേരിക്കൻ ആഭ്യന്തര കലഹകാലമായപ്പോഴേക്കും അതൊക്കെ മാററപ്പെട്ട് എതിരാളിയെ കുഴിച്ചുമൂടുന്ന സംസ്കാരം നടപ്പിലായി. ജപ്പാനിലെ പട്ടണങ്ങളുടെ മേൽ നടത്തപ്പെട്ട അണുബോംബു പ്രയോഗത്തിനുശേഷം കുഴിച്ചു മൂടുവാൻ മൃതശരീരങ്ങളും ഇല്ലാതായി.

മൂന്നാം ലോകമഹായുദ്ധത്തിൽ ഏതു തരം ആയുധങ്ങളാണ് ഉപയോഗിക്കുക എന്ന് ഊഹിക്കാൻ കഴിയുകയില്ല. പക്ഷേ നാലാം ലോകമഹായുദ്ധം പ്രാകൃതമനുഷ്യരെപ്പോലെ കല്ലും വടികളും ഉപയോഗിച്ചായിരിക്കും പൊരുതുക എന്നാണ് ഐൻസ്ററീൻ പറഞ്ഞത്.

ഇതിൻെറ ഉത്തരം ലളിതമാണ്. അത് നിങ്ങൾ "കുലചെയ്യരുത്" എന്ന ദൈവവചനം നടപ്പിലാക്കുകയാണ്. മരണപ്പെടുന്നതിനെ ദൈവം തടയുന്നില്ല. കുലചെയ്യുന്നതിനെയാണ് അവൻ നിരോധിച്ചിരിക്കുന്നത്. നിത്യജീവനെപ്പററി യുള്ള ബോധം ഭയത്തെ അകററുന്നു. ദൈവമക്കൾക്ക് സന്മാർഗ്ഗത്തിൻെറ പാതകാത്തു സൂക്ഷിക്കുവാൻ സാധിക്കും. ലോകം ആയുധ ശേഖരങ്ങൾക്കു

പിന്നാലെ പായുന്ന ഈ അവസരത്തിൽ നമുക്കു നമ്മുടെ മുമ്പാകെ വച്ചിട്ടുള്ള ഓട്ടം തികക്കേണ്ടിയിരിക്കുന്നു—വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിങ്കലേക്കുള്ള ഓട്ടം. (എബ്രായർ 12:1-2)

ലോകം ആയുധങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുവാനായി പരിശ്രമിക്കുന്ന ഈ അവസരത്തിൽ നമുക്ക് നമ്മുടെ സ്നേഹവും ദയയും പകരുന്ന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനായി പരിശ്രമിക്കാം.

## സെപ്തംബർ 12

"അവനോടുള്ള എന്റെ നിയമം ജീവനും സമാധാനവുമായിരുന്നു"

(മലാഖി 2:5)

ക്രിസ്ത്യാനികൾ അവരുടെ സമാധാനം കാത്തുസൂക്ഷിക്കുന്നു. അവരുടെ ശത്രുക്കളോട് പൊരുതി എന്തിന് അവരുടെ ശക്തി പാഴാക്കി കളയണം. സമാധാനമാണ് അവരുടെ ദീർഘായുസ്സിന്റെ രഹസ്യം. സമാധാനത്തിൽ കൂടി ശത്രുക്കളെ അതിജീവിക്കുന്നതാണ് അവരെ അടിപ്പെടുത്തുവാൻ ശ്രമിക്കുന്നതിലും നല്ലത്. യഹൂദന്മാരെ നോക്കൂ. ഏകദേശം രണ്ടായിരം വർഷത്തോളം അവർക്കു യാതൊരു സൈന്യവുമില്ലായിരുന്നു. എന്നിട്ടും അവർ ശത്രുക്കളെ അതിജീവിച്ചു. അവർക്കു സൈന്യം ഉണ്ടായകാലം മുതൽ അവരുടെ കഷ്ടതകളും തുടങ്ങി.

ക്രിസ്ത്യാനികൾ തങ്ങളുടെ സമാധാനം സംരക്ഷിക്കുന്നു. അവർ സന്തോഷമായിരിക്കുവാനുള്ള കാര്യങ്ങൾ മാത്രം കണക്കിലെടുക്കുന്നു. എന്നാൽ അവരെ ശ്രേഷ്ഠന്മാരാക്കിയ കഷ്ടതകളെ ഒന്നു തിരിഞ്ഞു നോക്കുവാൻ മറക്കുന്നു.

മഴയും വെള്ളപൊക്കവും വരുമ്പോൾ അവർ പെട്ടകത്തിൽ കയറുന്നു. നിങ്ങൾക്ക് മഴയിൽ നിന്നും രക്ഷപ്പെടാൻ മാത്രമുള്ള മിടുക്ക് ഇല്ലെങ്കിൽ ഒരു കുടകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. നിങ്ങൾ ന്യുമോണിയ പിടിക്കുന്നതു വരെ നനയുകയേ ഉള്ളൂ.

ക്രിസ്ത്യാനികൾ അവരുടെജീവിതം ശാന്തതയോടും ഉൽകണ്ഠകളില്ലാതെയും നയിക്കുന്നു. യേശു സഭയുടെ തലവനാണ് അതിനാൽ തലവേദനകളുടെ മേൽ പൂർണ്ണ അധികാരം അവനാണ്.

ഒരു റിപ്പോർട്ടർ ഒരു വൃദ്ധയോട് അവരുടെ ജന്മദിനത്തിൽ ചോദിച്ചു: "105 വയസ്സുവരെ ജീവിക്കുന്നതിന്റെ രഹസ്യം എന്താണ്?" അവർ പറഞ്ഞു: "ശ്വസിക്കുന്നത് നിലനിർത്തുകയാണ് ഈ രഹസ്യം." യേശു ശിഷ്യന്മാരുടെ മേൽ ഊതിയിട്ടു പറഞ്ഞു. "പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ." (യോഹന്നാൻ 20:22)

പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്ന ഒരുതരം നിശ്വാസമുണ്ട്. മററ് പലവിധത്തിലുള്ള നിശ്വാസങ്ങളും ഉണ്ട്. "ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിച്ചു." (അപ്പൊ. പ്രവൃത്തി.

19:1) വിശ്വാസത്തിൻെറ നിശബ്ദ നിശ്വാസം ഉണ്ട്. അതു സമാധാന ജീവിതത്തെ ദീർഘിപ്പിക്കുന്നു.

## സെപ്തംബർ 13

"നിങ്ങളോ മനുഷ്യർ കഴിക്കുന്ന, വല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നതു എനിക്കു എത്ര ലഘുകാര്യം." (1കൊരിന്ത്യർ 4:3)

നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രാൻസിലെ ചക്രവർത്തിയായി സ്വയം പ്രഖ്യാപിച്ചു. അതിനുശേഷവും ഇംഗ്ളണ്ടിലെ ഭരണകൂടം അദ്ദേഹത്തെ ജനറൽ എന്നു മാത്രമാണ് സംബോധന ചെയ്തിരുന്നത്. ഇതേപററി നെപ്പോളിയൻ ഒരു സ്നേഹിതനോടു പറഞ്ഞു: "അവർ അവർക്കിഷ്ടമുള്ള രീതിയിൽ എന്നെ സംബോധന ചെയ്തു കൊള്ളട്ടെ. പക്ഷേ ഞാൻ ആരാണ് എന്നതിനെ തടയുവാൻ അവർക്കു കഴിയുകയില്ല."

പല ആളുകഠക്കും തങ്ങളുടെ നയ പരിപാടികളെ രാഷ്ട്രീയ ചിന്താഗതികഠ താറുമാറാക്കുന്നുണ്ട്. പൊതുജനത്തിൻെറ കയ്യടി വാങ്ങുവാനുള്ള ആകാംക്ഷയിൽ അവർ നിരാകരിക്കും എന്ന് ഭയന്ന്, തങ്ങളെപററി മററുള്ളവർ എന്തു പറയുന്നു എന്ന് കാതോർത്ത് അവരുടെ ഈ ജീവിതത്തിൽ താൻ ആയിരിക്കേണ്ടുന്നത് നഷ്ടപ്പെടുത്തുന്നു. തങ്ങളുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുവാനുള്ള ഏക അവസരം നഷ്ടമാക്കുന്നു.

തെററിദ്ധരിക്കപ്പെടുന്നതിനെ തടയുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവനായ മോശ പോലും തൻെറ സഹോദരിയായ മറിയത്താൽ തെററിദ്ധരിക്കപ്പെട്ടു. ഓരോ ദൈവ പൈതലും ചിന്തിക്കാതെ സംസാരിക്കുന്ന മനുഷ്യരുടെ ദുരാരോപണങ്ങഠക്കും അടിസ്ഥാനമില്ലാത്ത അപവാദങ്ങഠക്കും ഇരയാകുന്നുണ്ട് എന്നത് ഒരു സത്യം ആണ്.

മററുള്ളവർക്ക് നിങ്ങളെപ്പററിയുള്ള അഭിപ്രായത്തെ പററി വിചാരപ്പെടരുത്. നിങ്ങഠ നിങ്ങളായിരിക്കുക. യേശു ഒരു ഒന്നാം കിട രക്ഷകനാകുന്നതിന് മുമ്പ് തൻെറ മാതാവിന് ഒരു ഒന്നാം കിട പുത്രനും ഒരു ഒന്നാംകിട മരപ്പണിക്കാരനുമായിരുന്നു. ലിങ്കണും ഗാർഫീൽഡിനും ചുരുക്കം സുഹൃത്തുക്കഠ മാത്രമേയുള്ളായിരുന്നു. എങ്കിലും അവർ ഉത്തമ വ്യക്തികളായിരുന്നതിനാൽ അമേരിക്കയുടെ പ്രസിഡൻറുമാരായി തിരഞ്ഞെടുക്കപ്പെട്ടു.

നിങ്ങളുടെ സ്വഭാവത്തിലെ കറകളും നിങ്ങളുടെ പാപങ്ങളും ദൈവത്തോട് ഏററു പറയുന്നു എങ്കിൽ ദൈവം തിരഞ്ഞെടുത്ത് ആക്കിയ പ്രകാരം സൽപ്രവൃത്തികഠ ചെയ്യുന്നവനായ അവൻെറ പൈതലായിരിക്കുവാൻ നിങ്ങഠക്കു കഴിയും.

തൻെറ കടബാദ്ധ്യതകളുടെ പേരിൽ ഫ്രാൻസിസ് ബേക്കൺ രണ്ടു പ്രാവശ്യം അറസ്ററ് ചെയ്യപ്പെടുകയുണ്ടായി. അറേറാണി ജനറലായിരിക്കുമ്പോഠ അദ്ദേഹം പീച്ച് മാം എന്ന വൃദ്ധ പുരോഹിതനെ രാജ്യദ്രോഹപരമായ

ആശയങ്ങൾ ഉൾപ്പെടുത്തി എന്ന തെററായ ആരോപണം ചെലുത്തി കോടതി വിചാരണ സമയത്ത് ബുദ്ധിമുട്ടിച്ചിട്ടുണ്ട്. പിന്നീട് ബേക്കൺ താൻ കൈക്കൂലി വാങ്ങിയിരുന്നതായി സമ്മതിച്ചിട്ടുണ്ട്. പക്ഷേ പിന്നീട് അദ്ദേഹം അനുതപിക്കുകയും അതിനുശേഷം ലോകം കണ്ടിട്ടുള്ളതിൽ വച്ച് മഹാനായ ബുദ്ധിശാലി ആയിത്തീരുകയും ചെയ്തു. ജോലിയിൽ നിന്നും വിരമിച്ച ശേഷം അദ്ദേഹം എഴുതിയ പുസ്തകങ്ങൾ അദ്ദേഹത്തെ നൂററാണ്ടുകളായി മഹാന്മാരുടെ ഗണത്തിൽ പ്രതിഷ്ഠിക്കുവാൻ പര്യാപ്തങ്ങളായിരിക്കുന്നു. അദ്ദേഹത്തിൻെറ പുസ്തകങ്ങൾ എക്കാലത്തുമുള്ളവർക്കും ശരിയായ രാജ്യതന്ത്രജ്ഞതയിൽ വഴികാട്ടികളാണ്.

നിങ്ങൾ എന്താണോ അതായിരിക്കുക. നിങ്ങൾ ദൈവത്താൽ അവൻെറ മഹത്തായ ഉപദേശങ്ങളുടെ നിറവിലേക്കായി അയയ്ക്കപ്പെട്ടവരാണ്. മററുള്ളവരുടെ വാക്കുകളും നിങ്ങളുടെ ഭൂതകാലത്തെ തെററുകളും നിങ്ങളെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുക.

---

## സെപ്തംബർ 14

---

> "ആടുകൾ അവൻെറ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും." (യോഹന്നാൻ 10:4,5)

പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ ലോകമെമ്പാടുമുള്ള യഹൂദന്മാർ അത്യധികം സന്തോഷിച്ചു. മശിഹാ ആഗതനായി എന്ന വാർത്ത സ്പെയിനിൽ നിന്ന് റഷ്യയിൽ എത്തി. ആ മശിഹായുടെ പേർ സബ്ബതായ് സിവി എന്നായിരുന്നു.

ധനവാന്മാർ അവരുടെ സ്വത്തുക്കൾ എല്ലാം ദരിദ്രർക്കു കൊടുത്തു. യഹൂദന്മാരിൽ ചിലർ മഞ്ഞിൽ കിടന്ന് ഉരുണ്ടു. ചിലർ തങ്ങളുടെ നെഞ്ചിൽ വലിയ കല്ല് എടുത്തു വച്ച്കൊണ്ട് കിടന്നു. മററു ചിലർ തങ്ങളെ ചമ്മട്ടികൊണ്ട് അടിച്ചു. ഇവയെല്ലാം ചെയ്തത് തങ്ങളുടെ പാപങ്ങളിൽ നിന്നും ശുദ്ധരായിട്ട് പരിശുദ്ധ നാട്ടിലേക്കു തങ്ങളെ തിരികെ കൊണ്ടുപോകുവാൻ വന്ന മശിഹായെ കാണുവാൻ തങ്ങളെ യോഗ്യരാക്കുവാൻ വേണ്ടി ആയിരുന്നു.

സീയോൻ നഷ്ടപ്പെട്ടതിനെപററിയുള്ള അവരുടെ വിലാപം അവസാനിക്കുവാൻ പോകയാണ് എന്ന് സബ്ബതായ് സിവി പറഞ്ഞു. അദ്ദേഹം അത് വീണ്ടെടുക്കുവാൻ വന്നവൻ ആകുന്നു. പോളണ്ടിലെ ഒരു കോൺവെൻറിൽ വളർത്തികൊണ്ടുവന്ന ഒരു യഹൂദ പെൺകുട്ടി അവൾ മശിഹായുടെ മണവാട്ടി ആണ് എന്ന് സ്വപ്നം കണ്ടിരുന്നു. അവൾ സബ്ബതായ്യുടെ ഭാര്യയായി. അവൻ അഭിഷേകം ചെയ്യപ്പെട്ടവനാണ് എന്ന് അവളും വിശ്വസിച്ചു.

സബ്ബതായ്യെ ടർക്കിയിലെ സുൽത്താൻെറ മുമ്പിൽ കൊണ്ടുവന്നപ്പോൾ സുൽത്താൻ പറഞ്ഞു. "നീ ദൈവത്തിൻെറ ദൂതനാണെങ്കിൽ അതു തെളിയിക്കൂ. ഞങ്ങൾ എല്ലാവരും നിന്നെ ബഹുമാനിക്കാം. എൻെറ വില്ലാളികൾ നിൻെറ നേരെ

അമ്പ് എയ്യും. നീ മരിച്ചില്ലെങ്കിൽ നിന്നെ മശിഹായായി അംഗീകരിക്കാം. ഇല്ലെങ്കിൽ നീ ഞങ്ങളുടെ വിശ്വാസം സ്വീകരിക്കുക. അല്ലെങ്കിൽ നീ മരിക്കേണ്ടിവരും.''

സബ്ബതായി ഒട്ടും സന്ദേഹിച്ചില്ല. അവൻ ടർക്കിക്കാരുടെ ഒരു വെള്ള തലപ്പാവ് ധരിച്ച് മുഹമ്മദിൻെറ മതം സ്വീകരിച്ചു. അവൻ സുൽത്താനോട് പറഞ്ഞു: ''ഞാൻ മശിഹാ അല്ല, അങ്ങയുടെ നിസാരനായ ഒരു പ്രജയാണ്."

യഹൂദന്മാർ യേശുവിൽ വിശ്വസിച്ചില്ല. അവർ സബ്ബതായ്യിൽ വിശ്വസിച്ചു. സത്യത്തെ ഉൾക്കൊള്ളുന്നതിനു പകരും കപട നാട്യക്കാരെ വിശ്വസിക്കുന്ന പ്രവണത സകലരിലും ഉണ്ട്. എല്ലാ നൂററാണ്ടുകളിലും മനുഷ്യർ രക്ഷകൻ എന്ന് പറഞ്ഞ് മനുഷ്യരുടെ വിശ്വാസം പിടിച്ചു പററാറുണ്ട്. അവസാനം അവർ എല്ലാവരും തന്നെ വഞ്ചകർ ആണ് എന്ന് തെളിഞ്ഞിട്ടും ഉണ്ട്.

അധികാരികൾ യേശുവിനെ വെല്ലുവിളിച്ചപ്പോൾ അവർ മരണത്തിൻെറ അമ്പുകൾ അവനിൽ തറയ്ക്കുവാൻ അനുവദിച്ചു. ഇതാ അവൻ ജീവിക്കുന്നവനും ജീവൻ നല്കുന്നവനും ആകുന്നു.

മതവിശ്വാസത്തിൻെറ നഭോ മണ്ഡലത്തിൽ ഏതെങ്കിലും പുതിയ പേരു പ്രത്യക്ഷപ്പെട്ടാൽ സൂക്ഷിക്കുക. മനുഷ്യരെ രക്ഷിക്കുന്ന ഒരേ ഒരുനാമം മാത്രമേയുള്ളൂ.

---

## സെപ്തംബർ 15

---

''നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഇതു ഞാൻ നിങ്ങൾക്കു എഴുതുന്നു.''
(1 യോഹന്നാൻ 2:1)

ഒരു ക്രിസ്ത്യാനി പാപം ചെയ്യാതിരിക്കേണ്ടതാണ്. ''അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല.'' (1യോഹന്നാൻ 3:6) ഒരു വിശ്വാസി പാപത്തിലേക്കു വഴുതി വീഴുന്ന ചുരുക്കം സന്ദർഭങ്ങൾ ഉണ്ടായേക്കാം. പക്ഷേ അതിൽ അവൻ നിരാശപ്പെടേണ്ടതില്ല. ''ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമ്മുടെ പിതാവിൻെറ അടുക്കൽ ഉണ്ട്.'' (1യോഹന്നാൻ 2:1)

പീഡനത്തിന് സഭയെ അമർത്തുവാൻ കഴിഞ്ഞിട്ടില്ല; സമയം അതിൻെറ ശക്തിക്ക് ഒരു കുറവും വരുത്തിയിട്ടില്ല; പക്ഷേ അതിലെ അംഗങ്ങളുടെ നിരന്തരമായ കുററകൃത്യങ്ങൾ അതിൻെറ നിലനിൽപിനെയും സ്ഥിരതയേയും പ്രതികൂലമായി ബാധിച്ചിരിക്കയാണ്. പാപം ചെയ്യുന്നത് ക്രൈസ്തവരുടെ ജീവിത രീതി ആയിക്കൂടാ.

നമുക്ക് കളങ്കമില്ലാത്തവരായിരിക്കുവാൻ സാധിക്കയില്ലായിരിക്കാം. പക്ഷേ സർ വാൾട്ടർ സ്കോട്ട് തൻെറ കൃതികളെപററി പറഞ്ഞതുപോലെ ഓരോ ക്രിസ്ത്യാനിക്കും തൻെറ പ്രവൃത്തികളെ പററി പറയുവാൻ കഴിയണം. ''ഞാൻ എൻെറ കാലഘട്ടത്തിൽ അധികം എഴുതിയ ആൾ ആയിരുന്നിരിക്കാം. പക്ഷേ അവയിൽ ഞാൻ ആരുടേയും വിശ്വാസം ഭജ്ഞിക്കുവാനോ, ആരുടേയും

നയങ്ങളെ കളങ്കപ്പെടുത്തുവാനോ എൻെറ മരണകിടക്കയിൽ എനിക്ക് മായ്ച്ചു കളയണം എന്ന് തോന്നത്തക്ക ഏതെങ്കിലുമോ എഴുതിയിട്ടില്ല എന്ന് അവകാശപ്പെടുവാൻ സാധിക്കുന്നതിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്."

പാപങ്ങരം ക്ഷമിക്കപ്പെടും, പക്ഷേ അനുഗ്രഹങ്ങരം ക്ഷമിക്കപ്പെട്ട പാപങ്ങളിൽ നിന്നും അല്ല ലഭിക്കേണ്ടത്. അവ ഉത്തമമായ പ്രവർത്തികരംക്കുള്ള പ്രതിഫലം ആണ്. എത്ര വൈകിയാലും അവയ്ക്കുള്ള പ്രതിഫലം ലഭിക്ക തന്നെ ചെയ്യും. നല്ല ഒരു പ്രവർത്തിയുടെ ഉടനെയുള്ള പ്രതിഫലം അതിലുള്ള ചാരിതാർത്ഥ്യമാണ്.

ഈ ചെറിയ പ്രതിഫലമാണ് ക്ഷമിക്കപ്പെട്ട പാപങ്ങളെ പററിയുള്ള ദുഃഖത്തേക്കാരം ആഗ്രഹിക്കത്തക്കത്. "പാപം ചെയ്യരുത്'" എന്ന് വേദപുസ്തകം ഉപദേശിക്കുന്നു.

---

## സെപ്തംബർ 16

---

"നിങ്ങളിൽ ഒരുവന് ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ."

(യാക്കോബ് 1:5)

ചൊവ്വാഗ്രഹത്തിലെ മനുഷ്യർ ഇപ്പോരം ഉണ്ടായിരുന്നെങ്കിൽ അവരുടെ ശാസ്ത്രജ്ഞന്മാരോട് ഭൂമിയിലെ ജീവനെ പററി ചോദിച്ചാൽ അങ്ങനെ ഒന്ന് ഇല്ലായിരുന്നു എന്ന് പറയുമായിരുന്നു. പ്രപഞ്ചത്തിലെ കോടിക്കണക്കിനുള്ള നക്ഷത്രങ്ങളിൽ എന്തു സംഭവിക്കുന്നു എന്ന് നമുക്ക് അറിയാൻ പററുന്നില്ല.

നമുക്ക് നമ്മുടെ സമീപം ഉള്ളവയെപററിയും ജന്തുക്കളെപററിപോലും അറിയാൻ കഴിയുന്നില്ല. 1975 ഡിസംബറിൽ സോവിയററ്സ്കായ റഷ്യാ എന്ന പ്രസിദ്ധീകരണത്തിൽ ചില ആശ്ചര്യകരമായ കാര്യങ്ങരം പ്രസിദ്ധപ്പെടുത്തി. ഒരു പൂച്ച ഒരു വഴിയിൽ കൂടി പോകയായിരുന്നു. അതിലെ ഒരു കാർ വളരെ വേഗത്തിൽ പാഞ്ഞുവന്നു. പൂച്ച അത് കണ്ടിരുന്നില്ല. ഒരു പട്ടി അതിനെ അവസാന നിമിഷത്തിൽ തടഞ്ഞു നിർത്തിയില്ലായിരുന്നെങ്കിൽ അതു നിശ്ചയമായും ചത്തുപോകുമായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ ലിവിങ്സ്ററൺ പട്ടണത്തിൽ ഒരു മനുഷ്യന് ഒരു പട്ടി ഉണ്ടായിരുന്നു. ഒരു കാക്ക ഈ മനുഷ്യൻെറ അടുക്കൽ തീററി തിന്നുവാൻ സ്ഥിരമായി വന്നുകൊണ്ടിരുന്നു. ഒരു ദിവസം പട്ടിയെ കാണാനില്ലാതായി. വളരെ തിരഞ്ഞിട്ടും അതിനെ കണ്ടുപിടിക്കുവാൻ പററിയില്ല. കാക്ക പഴയതിലും തീററിയോട് വളരെ അത്യാർത്തി കാട്ടി തുടങ്ങി. അതിന് ഒരു കഷണം ഇറച്ചി കിട്ടിയാലുടനെ പറന്നു പോയിട്ട് വീണ്ടും ആഹാരത്തിനായി കരഞ്ഞു കൊണ്ടുവരും. ഇങ്ങനെ ഒരാഴ്ച കഴിഞ്ഞപ്പോരം ആ മനുഷ്യൻ ഈ കാക്ക എങ്ങോട്ടാണ് പോകുന്നത് എന്നറിയാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം കാക്കയെ പിൻതുടർന്നുചെന്നപ്പോരം പട്ടി ഒരു കുഴിയിൽ വീണു കിടക്കുന്നതായി കണ്ടു. ഈ കാക്ക അതിനെ സംരക്ഷിച്ചു കൊണ്ടിരുന്നു.

മുഹമ്മദ് വാലി എന്ന കെയ്റോക്കാരൻ എഞ്ചിനീയർ കടലിൽ ഒരു

വീർപ്പിച്ച മെത്തയിൽ ആയിരുന്നപ്പോഠം ഒഴുക്കുകഠം അദ്ദേഹത്തെ വളരെ ദൂരം വഹിച്ചുകൊണ്ടുപോയി. ഡോഠംഫിനുകഠം ഒരു ദിവസം മുഴുവനും അദ്ദേഹത്തെ മൈലുകഠം തള്ളികൊണ്ടു വന്നില്ലായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ ജീവൻ നഷ്ടപ്പെട്ടുപോയേനേ.

തനിക്ക് ജലപാനം ചെയ്യണം എന്ന് തോന്നുമ്പോഠം ചിമ്പാൻസി കുറെ ഇലകഠം കൂട്ടിപ്പിടിച്ച് ഒരു കപ്പിൻെറ ആകൃതിയിൽ ആക്കുന്നു.

ദൈവം (ഇത്രയും ബുദ്ധി മൃഗങ്ങഠംക്ക് നല്കിയെങ്കിൽ) തൻെറ സൃഷ്ടികളിൽ ശ്രേഷ്ഠനായവന് അപാരമായ ബുദ്ധി തീർച്ചയായും നല്കിയിട്ടുണ്ട്.

ദൈവം പറയുന്നു "മകനെ, വകതിരിവിനെ കാത്തുകൊള്ളേണ്ടതിനും.... പരിജ്ഞാനത്തെ പാലിക്കേണ്ടതിനും എൻെറ ബോധത്തിന് ചെവി ചായ്ക്ക. (സദൃശ്യവാക്യങ്ങഠം 5:1) അപ്പോഠം നിനക്ക് ജീവൻെറ വെളിച്ചം ഉണ്ടാകും."

---

## സെപ്തംബർ 17

---

"നിങ്ങഠം വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തുയാചിച്ചാലും നിങ്ങഠംക്കു ലഭിക്കും." (മത്തായി 21:22)

ഈ വാക്യം നമ്മുടെ അനുഭവങ്ങഠംക്കു വിപരീതമാണ് എന്ന് തോന്നിയേക്കാം. ഒരുത്തനും അവൻ പ്രാർത്ഥനയിൽ ആവശ്യപ്പെട്ടത് എല്ലാം ദൈവത്തിൽ നിന്നും ലഭിച്ചിട്ടില്ല.

നമ്മിൽ പലരും കർത്താവിൻെറ ഈ വചനം തെററിദ്ധരിച്ചിരിക്കയാണ് എന്നാണ് ഞാൻ കരുതുന്നത്. സാധാരണയായി നാം പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത് നാം ആഗ്രഹിക്കുന്ന കാര്യങ്ങളല്ലാ നാം പ്രാർത്ഥനയ്ക്കായി മുട്ടുകുത്തുന്നതിന് മുമ്പ് ആഗ്രഹിച്ചിരുന്ന കാര്യങ്ങളാണ്. ഇപ്രകാരമുള്ള കാര്യങ്ങഠം നിറവേററപ്പെടും എന്ന് യാതൊരു ഉറപ്പും തന്നിട്ടില്ല. നിങ്ങഠം പ്രാർത്ഥിക്കുമ്പോഠം ഉണ്ടാകുന്ന ആഗ്രഹങ്ങളെ പററിയാണ് യേശു പറഞ്ഞിരിക്കുന്നത്.

പ്രാർത്ഥന എന്നത് ദൈവത്തിൻെറ ഭയങ്കരമായ രാജത്വത്തിൻെറ മുമ്പിൽ നില്കുന്നതും, മുട്ടിന്മേൽ നിന്ന് അവനുമായി സംസാരിക്കുന്നതും ആകുന്നു എങ്കിൽ അവൻെറ ആലിംഗനത്തിൽ സ്വയം മറക്കുന്നതാണ് എങ്കിൽ, അതിനു മുമ്പ് ഉണ്ടായിരുന്ന ആഗ്രഹങ്ങഠംക്കൊന്നും അപ്പോഠം അവിടെ യാതൊരു സ്ഥാനവും ഉണ്ടായിരിക്കയില്ല. സ്നേഹം മാത്രമേ അപ്പോഠം ബാക്കി ഉണ്ടാകയുള്ളൂ—ദൈവത്തോടുള്ള സ്നേഹവും മററുള്ളവരുടെ നിത്യ രക്ഷയ്ക്കായി ഉള്ള വാഞ്ചയിൽ നിന്നുദിക്കുന്ന സ്നേഹവും. ഈ പ്രാർത്ഥന സതുതിയുടെ പ്രാർത്ഥന ആയിരിക്കും. കൂടുതൽ ഗാഢമായി സ്തുതികഠം കരേററുവാൻ ആവശ്യപ്പെടുന്ന ആർക്കും ദൈവം അത് നിരസിക്കയില്ല.

തൻെറ ജീവിതാന്ത്യത്തോട് അടുത്ത് വിശുദ്ധ കാതറൈൻ ഇപ്രകാരം പറയുകയുണ്ടായി. "കർത്താവേ, കഴിഞ്ഞ 35 വർഷങ്ങളായി ഞാൻ നിന്നോട് ഒന്നും ആവശ്യപ്പെട്ടിട്ടില്ല എന്ന് നീ അറിയുന്നുവല്ലോ?" ഈ ഹൃദയഭാവത്തോടെ

നീ ആവശ്യപ്പെടുന്നതെന്തും നല്കപ്പെടും അതെന്തായാലും അളവില്ലാതെ ലഭിക്കുന്നതാണ്.

ശലോമോൻെറ ഗീതത്തിൽ വധു ഇപ്രകാരം പറയുന്നു: ''ഞാൻ പ്രേമപരവശയായിരിക്കുന്നു.'' (ഉത്തമഗീതം 5:8) അവരം ഔഷധങ്ങളോ യാതൊരു വിധമായ രോഗസൗഖ്യങ്ങളോ ആവശ്യപ്പെടുന്നില്ല. ലാസറിന് അസുഖമാണ് എന്ന് മാർത്തയും മറിയയും യേശുവിനെ അറിയിച്ചു. ലാസറിനെ സൗഖ്യമാക്കണം എന്ന് അവർ അപേക്ഷിച്ചില്ല. ഉന്നതമായ വിശ്വാസമുള്ള അടുത്ത എല്ലാ ആഗ്രഹങ്ങളും ഇല്ലാതെയായി കർത്താവുമായുള്ള അടുത്ത ബന്ധം മാത്രം ലഭിക്കുവാനുള്ള വാഞ്ച ഉണ്ടാകുന്നു. ആ ആഗ്രഹം ആണ് നിറവേററപ്പെടുന്നത്.

നാം പ്രാർത്ഥനയ്ക്കായി ഇരിക്കുന്നതിന് മുമ്പ് നാം ആഗ്രഹിച്ചതും പ്രാർത്ഥനയുടെ സമയത്ത് ആവശ്യപ്പെട്ടതും ആയ എല്ലാ കാര്യങ്ങളും ദൈവം നടത്തിത്തരികയാണെങ്കിൽ ഫലം ഭയങ്കരമായിരിക്കും.

ഷേക്സ്പിയർ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക:-

''നമ്മെതന്നെ അറിയാതെ നാം പലപ്പോഴും നമുക്ക് ഹാനികരമായ കാര്യങ്ങരംക്കായിപോലും അപേക്ഷിക്കുന്നു.

ഇവ ബുദ്ധി നിറഞ്ഞതായ ഉന്നതശക്തികരം നമ്മുടെ നന്മയെ കരുതി നൽകാതിരിക്കുന്നു. അപ്രകാരം പ്രാർത്ഥനകരം ഫലവത്താകാത്തതിൽ നാം പ്രയോജനപ്പെടുന്നു.''

---

## സെപ്തംബർ 18

---

''നഗ്നനായി ഞാൻ എൻെറ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടുവന്നു.
നഗ്നനായിതന്നെ മടങ്ങിപ്പോകും.'' (ഇയ്യോബ് 1:21)

സോവിയററ് യൂണിയനിൽ നിന്നും ഉള്ള ഒരു രസകരമായ കഥ ഇപ്രകാരമാണ്.

ഇറച്ചിക്കു വളരെ ദൗർലഭ്യമുള്ള ഉക്രെയിനിൽ ഇറച്ചികടയുടെ മുമ്പിൽ ധാരാളം ആളുകരം രാത്രി മുതൽ വരിവരിയായി നിന്നിരുന്നു. രാവിലെ അവിടുത്തെ ഗവൺമെൻറ് സ്റേറാറുകളുടെ ഡയറക്ടർ വന്ന് അറിയിച്ചു: ''ഇന്ന് പന്നിയിറച്ചി മാത്രമേയുള്ളൂ. അതും ഇത്രയും പേർക്കുള്ളതില്ല. അതിനാൽ യഹൂദന്മാർ വീട്ടിൽ പൊയ്ക്കൊള്ളുക. അവർക്ക് ഒന്നും ഇല്ല.'' യഹൂദന്മാർ തിരികെപ്പോയി.

ഒരു മണിക്കൂറിന് ശേഷം വീണ്ടുംഅയാരം വന്ന് അറിയിച്ചു. ''ഞങ്ങരംക്ക് നല്കുന്ന അളവ് കുറച്ചതായി അറിയിച്ചിരിക്കുന്നു. അതിനാൽ ജോലി ചെയ്യുന്നവർക്കു മാത്രമേ ഇറച്ചിലഭിക്കയുള്ളൂ. ആയതിനാൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ചവർക്കൊക്കെ പോകാം.'' അവരും തിരികെപ്പോയി.

രണ്ടു മണിക്കൂർ കഴിഞ്ഞ് വീണ്ടും അറിയിപ്പുണ്ടായി. ''വളരെ കുറച്ച് ഇറച്ചിയേ ഉള്ളൂ. അതു പാർട്ടി അംഗങ്ങരംക്കു മാത്രമാണ്. മററ് എല്ലാവർക്കും പോകാം.''

അവിടെ അവശേഷിച്ച കമ്മ്യൂണിസ്ററുകാർ എല്ലാവരും മഴപെയ്യുവാൻ

തുടങ്ങിയതിനാൽ നനഞ്ഞു അവിടെ തന്നെ നിന്നു. ഒരു മണിക്കൂർ കഴിഞ്ഞ് ഡയറക്ടർ വന്ന് വീണ്ടും പറഞ്ഞു: ''ഞങ്ങാക്ക് ഇപ്പോൾ ഒരു അറിയിപ്പു കിട്ടി. ഇന്ന് ഇറച്ചി ഉണ്ടായിരിക്കുന്നതല്ല."

ഒരു കമ്മ്യൂണിസ്ററുകാരൻ പറഞ്ഞു: ''ആ വൃത്തികെട്ട യഹൂദന്മാർക്കാണ് ലാഭം ഉണ്ടായത്.'' മററാരാൾ ചോദിച്ചു ''നിങ്ങൾ എന്താണ് അങ്ങനെ പറഞ്ഞത്?'' ''അവരാണ് ആദ്യമേ വീട്ടിൽ പോയവർ.''

ഈ കഥയ്ക്ക് ആത്മീകമായ ഒരു വശം ഉണ്ട്. അവസാനം നാം എല്ലാവരും വെറും കയ്യോടെ ഇരിക്കേണ്ടിവരും. നാം ഈ ലോകത്തിൻെറ ഇമ്പങ്ങൾക്കായി ഇവിടെ വരിയായി നില്ക്കുന്നു. നാം ഇവിടം വിടുമ്പോൾ ഒരു സൂചിപോലും നമ്മുടെ കൂടെ കൊണ്ടുപോകാൻ സാധിക്കയില്ല. നമ്മുടെ എല്ലാ സ്വത്തുക്കളും ഇട്ടിട്ട് പോകേണ്ടിവരും. അവ എല്ലാം ആദ്യമേ തള്ളി ഉപേക്ഷിക്കുന്നവർക്കാണ് ലാഭം ഉണ്ടാകുന്നത്.

സൂര്യനു കീഴെ ഉള്ളവ എല്ലാം വെറും പൊള്ളയായവ ആണ് എന്നും, നാം നഗ്നരായിട്ട് ലോകത്തിലേക്ക് വന്ന് നഗ്നരായി തന്നെ തിരികെ പോകും എന്നും ക്രിസ്ത്യാനികൾക്ക് അറിയാം. അവർ മരിക്കുന്നതിന് മുമ്പേ മരിച്ചവർ ആണ്. എല്ലാവരേയും അവസാനം വഞ്ചിച്ചതിനെ അവർ തള്ളിക്കളയുന്നു. അവർ ആദ്യമേയും നേരത്തേ തന്നേയും അവരുടെ ഭവനത്തിൽ—ആത്മീക ഭവനത്തിൽ എത്തി അവിടെ സമയം ചിലവഴിക്കുന്നു.

## സെപ്തംബർ 19

''ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു.''

(എബ്രായർ 9:27)

പല ജാപ്പനീസ് ഭവനങ്ങളിലും ''നിൻെറ ഹൃദയം കഴുകുക'' അഥവാ ''നിൻെറ ആത്മാവിനെ ശുദ്ധീകരിക്കുക'' എന്നർത്ഥം വരുന്ന ലിഖിതങ്ങൾ പുരാതന ഭാഷയിൽ ഏററവും മുഖ്യസ്ഥാനത്ത് എഴുതിവച്ചിരിക്കുന്നതായി കാണാം.

ഈ ഭൂമിയിൽ നമുക്ക് ഒരു വാസസ്ഥാനം ഉണ്ട് എന്നതാണ് നാം തമ്മിൽ നിന്നും കഴുകികളയേണ്ടതായ കറകളിൽ പ്രധാനമായ ഒന്ന്.

കിഷാഗോട്ടാമി എന്നു പേരുള്ള ഒരു വനിത കർത്താവിനോട് ഇപ്രകാരം പറഞ്ഞതായി ഒരു കഥയുണ്ട്. ''എൻെറ ഏക മകൻ മരിച്ചുപോയി എനിക്ക് അവനെ മണ്ണോടു ചേരുന്നതിനായി നല്കുവാൻ കഴികയില്ല. സഹായത്തിനായി ഞാൻ എല്ലാവരോടും അപേക്ഷിച്ചു എങ്കിലും ഫലമുണ്ടായില്ല. ഇപ്പോൾ ഞാൻ നിൻെറ അടുക്കൽ വന്നിരിക്കയാണ്. അവനെ ഉയിർത്തെഴുന്നേല്പിക്കുവാൻ നിനക്കു സാധിക്കും എന്ന ആഗ്രഹവുമായി. എനിക്ക് എൻെറ കുട്ടിയെ കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല.''

യേശു മറുപടി പറഞ്ഞു: ''ശരി ഞാൻ നിൻെറ കുട്ടിയെ ജീവിപ്പിക്കാം. ഇതിനായി എനിക്ക് കുറെ ഉപ്പ് ആവശ്യമുണ്ട്. അതു കൊണ്ടുവരിക. അവൾ

ഉടനെ അടുത്ത വീട്ടിൽ നിന്നു ഉപ്പു വാങ്ങുവാനായി ഓടി. യേശു അവളോട് വിളിച്ചു പറഞ്ഞു. "കിഷാഗോട്ടാമി, ആരും മരിച്ചിട്ടില്ലാത്ത ഒരു വീട്ടിൽ നിന്നുള്ള ഉപ്പാണ് ആവശ്യം." ഈ നിബന്ധന പാലിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകയില്ല എന്നാണ് അവൾ വിചാരിച്ചത്.

ആദ്യം കണ്ട വീട്ടിൽ അവൾ ഉപ്പ് ചോദിച്ചു. ഉപ്പ് കൊടുക്കുവാൻ അവർ തയ്യാറായിരുന്നു എങ്കിലും അവിടുത്തെ ഗൃഹനാഥൻ അടുത്തയിടെ മരിച്ചുപോയി എന്ന് അവർ അവളോട് പറഞ്ഞു. അവൾ വേറൊരു വീട്ടിലേക്ക് ഓടി. അവിടെ ഗൃഹനാഥയാണ് മരിച്ചത്. മൂന്നാമതൊരു വീട്ടിൽ അവിടുത്തെ കുട്ടി മരിച്ചു പോയിരുന്നു. ഇതോടെ അവളുടെ കണ്ണു തുറക്കുകയും കർത്താവ് അവൾക്കു മനസ്സിലാക്കികൊടുക്കുവാൻ ഉദ്ദേശിച്ചത് എന്താണ് എന്ന് അവൾ അറികയും ചെയ്തു.

അവൾ കർത്താവിന്റെ അടുക്കൽ തിരിച്ചെത്തി. "ആരും മരിക്കാത്ത ഒരു ഭവനവും ഇല്ല എന്ന് എനിക്ക് മനസ്സിലാക്കിതന്നതിന് നന്ദി. എനിക്കും എന്റെ കുട്ടിക്കും അങ്ങ് നിത്യജീവൻ നൽകേണമേ."

ഇഹലോകവാസത്തോടുള്ള പ്രതിപത്തിയും മരണത്തോടുള്ള ഭയവുമാണ് നമ്മെ പിശാചിന് അടിമകൾ ആക്കുന്നത്. നിങ്ങളുടേയും പ്രിയപ്പെട്ടവരുടേയും മരണം ജീവിതം എന്നപോലെ തന്നെ ഒരു യാഥാർത്ഥ്യമാണ് എന്ന് മനസ്സിലാക്കുക. അതോടൊപ്പം തന്നെ കർത്താവായ യേശു നല്കുന്ന പുനരുത്ഥാനം കൈക്കൊള്ളുകയും ചെയ്യുക.

---

## സെപ്തംബർ 20

---

"അവർ അസൂയ കൊണ്ടാകുന്ന അവനെ ഏല്പിച്ചതു." (മത്തായി 27:18)

ചാം പോളിയോൻ എന്ന വിദ്യാർത്ഥി ഭാഷകളിൽ ഒഴികെ മററെല്ലാ വിഷയങ്ങളിലും വളരെ പുറകിൽ ആയിരുന്നു. പതിനൊന്നു വയസ്സായപ്പോഴേക്കും അവൻ എബ്രായ, അറബി, സുറിയാനി, കൽദായ, പേർഷ്യൻ, കോപ്ററിക് എന്നീ ഭാഷകൾ പഠിച്ചുകഴിഞ്ഞിരുന്നു. പതിനേഴു വയസ്സായപ്പോഴേക്കും അവന്റെ 'ഫറവോൻമാരുടെ കീഴിൽ ഈജിപ്ത്'' എന്ന പുസ്തകത്തിൽ കൂടി പ്രസിദ്ധനാകുകയും ഉന്നത വിദ്യാപീഠത്തിലെ അംഗമാവുകയും ചെയ്തു. ഇരുപതു വയസ്സായപ്പോഴേക്കും അവൻ സർവ്വകലാശാല പ്രൊഫസർ ആവുകയും ചെയ്തു.

അവന്റെ ഏററവും വലിയ ആഗ്രഹം പുരാതന ഈജിപ്തിലെ ചിത്രലിപികൾ വ്യാഖ്യാനിക്കുക എന്നതായിരുന്നു. അവൻ അതിൽ വിജയിച്ചപ്പോൾ ഒരു സുഹൃത്തിന്റെ ഭവനത്തിലേക്ക് ഓടി ചെന്നിട്ട് "ഞാൻ കണ്ടു പിടിച്ചു" എന്നു പറഞ്ഞു. പക്ഷേ അവന്റെ സുഹൃത്ത് "നീ ഇതിൽ രണ്ടാമനാണ്" അലക്സാണ്ടർ ലെനോയർ പഴയ ഈജിപ്തിലെ അടയാളങ്ങളുടെ വിവർത്തനം സഹിതം ഒരു വിതരണ പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് " എന്നു പറഞ്ഞപ്പോൾ അവന് ബോധക്ഷയം സംഭവിച്ചു പിന്നീട് ഇദ്ദേഹം ഇതേപററി വിഷമിക്കാൻ ഒന്നും ഇല്ല എന്നും

ലെനോയറുടെ പുസ്തകം വെറും കബളിപ്പിക്കൽ മാത്രമാണ് എന്നും മനസ്സിലാക്കി. എങ്ങനെ ആയിരുന്നാലും ചാംപോലിയൻെറ സ്വഭാവം വെളിപ്പെട്ടു. അവൻപോലും താൻ ശാസ്ത്രത്തിൻെറ താല്പര്യത്തിൽ പ്രവർത്തിച്ചു എന്ന് വിശ്വസിച്ചു കാണും. എന്നാൽ അങ്ങനെയല്ല. അവൻ തൻെറ കീർത്തിയെപററി മാത്രമേ താല്പര്യപ്പെട്ടിരുന്നുള്ളൂ. മററ് ആരെങ്കിലും അവരുടേതായ സംഭാവനകൾ ഒന്നും അതേ ശാസ്ത്രത്തിൽ കൊണ്ടുവരുന്നത് ഇദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അവൻ അസൂയാലുവുമായിരുന്നു. ആ വിഭാഗത്തിലെ എല്ലാ കണ്ടുപിടുത്തങ്ങളും തൻെറ പേരിൽ അറിയപ്പെടണം എന്ന് അവൻ ആഗ്രഹിച്ചു.

ചാംപോലിയൻ പിന്നീട് അസൂയയുടെ ഇരയായി തീർന്നു. മററ് ആർക്കെങ്കിലും കീർത്തിയുണ്ടാകുന്നത് സഹിക്കുവാൻ കഴിയാത്തവരായ തൻെറ സഹപ്രവർത്തകർ അദ്ദേഹത്തെ തള്ളിപ്പറയുകയും ജയിലിലാകുകയും ചെയ്തു.

യേശുവിനെ കുററക്കാരൻ എന്ന് വിധിച്ചതിൻെറ പിന്നിലെ കാരണവും ഇതേപോലെയുള്ള മനോഭാവം ആയിരുന്നു. ഒന്നാമതായി അസൂയ ആയിരുന്നു. മററ് എല്ലാവരേക്കാൾ നന്നായി ഉപദേശം പ്രസംഗം ചെയ്യുവാൻ അവന് അറിയാമായിരുന്നു. അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചു. അവൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നപ്പോൾ മററ് എല്ലാവരും ബഹുമാനിക്കപ്പെട്ടതേയുള്ളൂ. വേദശാസ്ത്രത്തിൽ ഡോക്ടർ ബിരുദം ഒന്നും ഇല്ലാതെയിരുന്നിട്ടും അവൻ മശിഹാ എന്ന് ധൈര്യസമേതം പറഞ്ഞു.

അസൂയാലുക്കൾ ആകുവാനുള്ള പ്രവണത നാം എല്ലാവരിലും ഉണ്ട്. അസൂയാലുക്കൾ സ്വർഗ്ഗരാജ്യത്തിന് അവകാശികൾ ആവുകയില്ല.

---

## സെപ്തംബർ 21

---

"പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിൻെറ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുക." (ഫിലിപ്പിയർ 3:14)

എഴുപതുവയസ്സുള്ള ഒരു നോർവീജിയൻ വനിത അവൾക്കു 14 വയസ്സുള്ളപ്പോൾ കർത്താവിനെ സാക്ഷീകരിക്കുന്നത് ഒരിക്കൽ ഞാൻ കേൾക്കുക ഉണ്ടായി.

അവൾ ഒരു പട്ടക്കാരൻ തൻെറ പ്രസംഗത്തിൽ അന്ത്യവിധിയെപററി വിവരിക്കുന്നത് കേട്ടു. ദൈവം തൻെറ ധവള സിംഹാസനത്തിൽ ആരൂഢനായിരിക്കും. ദൈവം തൻെറ കൈകൊണ്ട് അടയാളം കൊടുക്കുമ്പോൾ കർട്ടനു പിമ്പിൽ നിന്നും അനാദൃശ്യ സൗന്ദര്യമുള്ളതും പ്രകാശം പരത്തുന്നതുമായ ജീവികൾ പ്രത്യക്ഷപ്പെട്ട് കുററം വിധിക്കേണ്ടതായ ഒരോരുത്തരുടേയും മുമ്പിൽ നില്കും. ഇത്രയും ശോഭയും തേജസ്സും മുമ്പ് കണ്ടിട്ടില്ലാത്ത മനുഷ്യർ ദൈവത്തോട് ചോദിക്കും. "ഈ അത്ഭുത ജീവികൾ ആരാണ്."

ദൈവം മറുപടി പറയും: "ഇത് എൻെറ വാക്കുകൾ പ്രമാണിച്ചിരുന്നു

എങ്കിൽ നിങ്ങൾ ഓരോരുത്തരും ആകുമായിരുന്ന രൂപമാണ്."

തങ്ങൾക്കു നഷ്ടമായതെന്താണ് എന്ന് ഓരോരുത്തരും മനസ്സിലാക്കയും ലജ്ജിച്ച് തങ്ങൾ നഷ്ടപ്പെടുത്തിയ വലിയ അവസരത്തെപ്പററി ദുഃഖിച്ച് അവർ നരകത്തിലേക്ക് ഓടിപ്പോകയും ചെയ്യും.

ഈ വിവരണമാണ് അവളെ ക്രിസ്തുവിങ്കലേക്കു കൊണ്ടു വന്നത്. ഞാൻ ഇതു കേട്ടത് നാല്പതു വർഷങ്ങൾക്കു മുമ്പാണ്. എന്റെ പ്രസംഗങ്ങളിലും ഞാൻ ഈ വിവരണം നല്കിയതു കേട്ട് അനേകർ രക്ഷകനിലേക്ക് വന്നിട്ടുണ്ട്. ആ പട്ടക്കാരന്റെ പ്രസംഗം അയാൾ മരിച്ച് ഒരു നൂററാണ്ടു കഴിഞ്ഞിട്ടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

വാസ്തവത്തിലുള്ള 'ഞാനും' ആദർശത്തിലുള്ള 'ഞാനും' ഉണ്ട്. ഇപ്പോൾ ഞാൻ ആയിരിക്കുന്ന അവസ്ഥയും ദൈവം എന്നെകുറിച്ച് ആലോചിച്ചിരുന്നതും ആഗ്രഹിച്ചിരുന്നതുമായ അവസ്ഥയുമാണ് അവ. എനിക്ക് എന്റെ ദൈനംദിന ജീവിതം അന്നന്നത്തെ ആഗ്രഹങ്ങൾ അനുസരിച്ചുകൊണ്ടുപോകാം. അതല്ല എങ്കിൽ ആദർശത്തിലുള്ള എന്നെ കൈവെടിയുവാനായി ശ്രമിക്കാം. ആദർശത്തിലുള്ള ഞാനാണ് ദൈവം ഞാൻ ആയിരിക്കേണം എന്ന് ആഗ്രഹിച്ചിരിക്കുന്ന അവസ്ഥ.

ആ ദിനത്തിൽ ലജ്ജിതരാകാതിരിക്കാനായി നാം കരുതലുള്ളവരായിരിക്കാം.

---

## സെപ്തംബർ 22

---

> "അങ്ങനെ ഏക ലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാ വിധി വന്നതുപോലെ ഏക നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു." (റോമർ 5:18)

ഒരു ചികിത്സാലയത്തിലെ രോഗിയെ വേരുവരെ ഉണങ്ങിയ വലിയ അത്തിമരം കാണിച്ചുകൊണ്ട് ഡോക്ടർ അതിന്റെ കഥ പറഞ്ഞു. "അതിനെ നശിപ്പിച്ചത് ഒരു ചെറിയ പുഴുവാണ്.

"രണ്ടു വർഷം മുമ്പ് ഇതേതോട്ടത്തിലുള്ള മററ് ഏത് മരത്തേയും പോലെ ഇതും വളരെ ആരോഗ്യമുള്ളതായിരുന്നു. ഒരു ദിവസം മൂന്നിഞ്ചു നീളമുള്ള ഒരു പുഴു മരത്തിന്റെ തൊലി തുളച്ചു കയറുവാൻ പരിശ്രമിക്കുന്നത് ഞാൻ കണ്ടു. ആ പുഴുവിനെ കൊല്ലുകയോ, ശല്യപ്പെടുത്തുകയോ ചെയ്യരുത് എന്ന് ഒരു പ്രകൃതി ശാസ്ത്രജ്ഞൻ എന്നോട് ആവശ്യപ്പെട്ടു. അദ്ദേഹം ഈ പുഴു ആ മരത്തെ നശിപ്പിക്കുവാൻ എത്ര സമയം എടുക്കും എന്ന് അറിയുവാൻ ആഗ്രഹിച്ചു. ഞാൻ അതിനെ അനുകൂലിച്ച് ആ പുഴു തന്റെ ജോലി തുടരുന്നതിന് അനുവദിച്ചു. ആ പുഴു വളരെ എളുപ്പം ആ മരത്തിന്റെ തൊലിയിൽ ഒരു സുഷിരം ഉണ്ടാക്കി. അതിന് ശേഷം വളരെ പെട്ടെന്ന് ആ മരത്തിന്റെ ഇലകൾ നഷ്ടപ്പെട്ടുതുടങ്ങി. ഒരു വർഷം കഴിഞ്ഞപ്പോഴേക്കും ആ മരം പൂർണ്ണമായും നിർജ്ജീവമായി. പുഴു ആ മരത്തിന്റെ ഹൃദയം വരെ തുരന്നു ചെന്നു."

ആദാമും ഹവ്വായും ഒരേ ഒരു പാപം ചെയ്തതിനാൽ അവർക്കും അവരുടെ പിൻഗാമികൾക്കും പറുദീസ എന്നന്നേക്കുമായി നഷ്ടപ്പെട്ടു. മോശയ്ക്ക് ഒരു

പാപത്തിൻെറ ഫലമായി വാഗ്ദത്ത നാട്ടിൽ കയറുവാൻ കഴിഞ്ഞില്ല. പലരും തങ്ങളുടെ ഒരു ദുഷ്പ്രവർത്തി മുഖേന ജയിൽ ജീവിതം അനുഭവിക്കേണ്ടിവന്നു.

പാപത്തിൻെറ ഫലം പോലെ നന്മയ്ക്കും അതിൻെറ നല്ല ഫലമുണ്ട്. ഒരു മനുഷ്യൻെറ ഒരു പാപം അവനെ നശിപ്പിക്കുന്നതുകൂടാതെ തൻെറ മക്കളുടെ മേൽ തലമുറകൾവരേയും അതിൻെറ ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടതായി വരും. അതേപോലെ തന്നെ ക്രിസ്തുവിൻെറ ഒരു പ്രവർത്തി, ഗോൽഗോഥായിൽ ക്രൂശിൽ കിടന്ന് കഷ്ടത അനുഭവിച്ച് മുഖേന അവനിൽ വിശ്വസിക്കുന്ന ഏവനും രക്ഷയുടെ അനുഭവം നേടിത്തന്നു.

ഇത്തരം പ്രലോഭകമായ നിങ്ങളുടെ പാപം അപ്രധാനമെന്ന് കരുതണ്ട. നിങ്ങളുടെ വിശ്വാസം യേശുക്രിസ്തുവിൻെറ ഒരു പ്രവർത്തിയിൽ അർപ്പിക്കുക.

## സെപ്തംബർ 23

"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവൻെറ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവൻെറ തേജസ്സായി കണ്ടു." (യോഹന്നാൻ 1:14)

ഗ്രാമത്തിൽ നിന്നും എത്തിയ ഒരു റെഡ്ഇന്ത്യാക്കാരൻ സാൻ ഫ്രാൻസിസ്കോയിലെ ഒരു ആധുനിക മന്ദിരത്തിൽ വച്ച് നടത്തിയ ഒരു ക്രൈസ്തവ സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു. നിയമത്തെ പററിയും കൃപയെപററിയും വളരെ ചൂടുപിടിച്ച ചർച്ചകൾ നടന്നു. ഒട്ടുമുക്കാലും മനസ്സിലാകാതെയിരുന്ന റെഡ് ഇന്ത്യാക്കാരന് അവസാനം സംഗതി കുറേശ്ശെ മനസ്സിലായി തുടങ്ങി. തൻെറ അഭിപ്രായം പ്രകടിപ്പിക്കുവാൻ അവൻ അവസരം കാത്തു.

അവൻ പറഞ്ഞു: "ഞങ്ങളുടെ ഗ്രാമത്തിനടുത്തുള്ള റെയിൽവേ സ്റേറഷൻ ചെറുതും പഴയതും വൃത്തികെട്ടതുമാണ്. "തുപ്പരുത്" എന്ന് അവിടെ ഒരു ബോർഡു വച്ചിരുന്നതുകണ്ട് ഞാൻ അവിടെ തുപ്പി. അതിനുശേഷമാണ് ഞാൻ ഈ മനോഹരമായ മന്ദിരത്തിൽ എത്തിയത്. തുപ്പരുത് എന്ന ബോർഡ് ഞാൻ ഇവിടെ എങ്ങും കണ്ടില്ല. അങ്ങനെ ഒരു ബോർഡ് ഇവിടെ ഇല്ല. അതിനാൽ ഞാൻ ഇവിടെ തുപ്പിയും ഇല്ല. ആദ്യത്തെ സംഭവം എന്നെ നിയമം കാട്ടിത്തന്നു, രണ്ടാമത്തേതോ കൃപ ആകുന്നു."

ഒരു നിയമത്തിനും, ദൈവത്തിൻെറ നിയമത്തിനുപോലും ജീവൻ നല്കാൻ സാധിക്കയില്ല. (ഗലാത്യർ 3:21) പക്ഷേ നിയമത്തിന് അസാദ്ധ്യമായത് ദൈവം തൻെറ പുത്രനെ മനുഷ്യനായി അയച്ചതിനാൽ സാദ്ധ്യമാക്കിത്തീർത്തു. (റോമർ 8:3)

"അതു ചെയ്യരുത്" എന്ന ഒരു ലിഖിതം, അത് ദൈവത്തിൻെറ കയ്യാൽ എഴുതപ്പെട്ടതാണെങ്കിൽ തന്നെ, സ്ഥിരമായി പാപം ചെയ്യുന്ന ഒരുവനെ അതിൽ നിന്നും അകററിനിർത്തുവാൻ പര്യാപ്തമാകുന്നതെങ്ങിനെയാണ്? അത് അവൻെറ അന്തരംഗത്തെ കൂടുതൽ പിരിമുറുക്കം കൊള്ളിക്കുകയേ ഉള്ളൂ.

റെയിൽവേസ്റേറഷൻ വൃത്തികെട്ടതും അവിടെ ആകർഷകമായി

ഒന്നുമില്ലാത്തതുമായിരുന്നു. അതിനാൽ അപ്രകാരം ഒരു വിലക്കു കല്പിച്ചിരുന്നതിനെതിരായി അവിടെ തുപ്പുന്നതിൽ ഞാൻ ആനന്ദിച്ചു. പക്ഷേ ക്രിസ്തു എന്നെ മറെറാരു മാനസീകാവസ്ഥയിലേക്കാണ് കൊണ്ടുവരുന്നത്. അവൻ എന്നെ അവനോടൊപ്പം സ്വർഗ്ഗ സ്ഥലങ്ങളിൽ ഇരുത്തുന്നു. ഞാൻ വിശുദ്ധന്മാരുമായി സംസർഗ്ഗത്തിൽ ആയിരിക്കയും എനിക്കു ചുററും സൗന്ദര്യമുള്ള വസ്തുക്കൾ മാത്രം കാണുകയും ചെയ്യുന്നു. ആരും തുപ്പരുത് എന്ന് പറഞ്ഞ് എന്നെ വിലക്കുന്നില്ല. പക്ഷേ ഞാൻ അത് എന്തിനു ചെയ്യണം.

നിയമത്തിൻെറ പാതയിൽ നിന്ന് കൃപയുടെ പാന്ഥാവിലേക്കു വരിക.

---

## സെപ്തംബർ 24

---

> "നീയോ ഇന്നവനോടു പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക."
>
> (2തിമൊഥെയോസ് 3:14)

ഡാർവിൻെറ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയതാണ് പലരുടേയും വിശ്വാസങ്ങൾ, തൻെറ തത്വങ്ങളിൽ നിന്നും നിരീശ്വരത്വം അനുമാനിച്ചെടുക്കാത്ത ഒരേ ഒരു വ്യക്തി ഡാർവിൻ മാത്രമായിരുന്നു.

കുലീനമായ ബ്രിട്ടീഷ് വനിത ലേഡി ഹാപ്പ് എപ്പോഴും അദ്ദേഹത്തിൻെറ മരണത്തിന് മുമ്പ് ശയ്യാവലംബയായിരുന്നപ്പോൾ അദ്ദേഹത്തിൻെറ അടുത്തുണ്ടായിരുന്നു. അപ്പോൾ അയാൾ വേദപുസ്തകം നിരന്തരമായി പഠിച്ചു. ഒരു ദിവസം അദ്ദേഹം എന്താണ് വായിക്കുന്നത് എന്ന് അവൾ ചോദിച്ചു.

"എബ്രായർ" അയാൾ ഉത്തരം പറഞ്ഞു. "അതി ഗംഭീരമായ പുസ്തകം തന്നെ എബ്രായർ എന്നു ഞാൻ അതിനെ പറയുന്നു." പിന്നീട് ചില വാക്യങ്ങളിൽ കൂടി കയ്യ് ഓടിച്ചുകൊണ്ട് അവയെ വ്യാഖ്യാനിക്കുകയുണ്ടായി.

അവൻ സൃഷ്ടിപ്പിൻെറ ചരിത്രത്തെപ്പററി പലരുടേയും ശക്തമായ അഭിപ്രായങ്ങളെപ്പററിയും സൃഷ്ടിയുടെ മഹത്വവും അതിനെപററി ഉല്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതും എല്ലാം അവൾ ചൂണ്ടിക്കാട്ടി.

അദ്ദേഹം വളരെ ദുഃഖിതനായി കാണപ്പെട്ടു. അയാളുടെ വിരലുകൾ വിറയ്ക്കുകയും ചെയ്തു. കഠിനവേദനയോട് അദ്ദേഹം പറഞ്ഞു: "ഞാൻ അടിസ്ഥാനമില്ലാത്ത ആശയങ്ങളുള്ള ഒരു ചെറുപ്പക്കാരൻ ആയിരുന്നു. ഞാൻ ചോദ്യങ്ങൾ ഉന്നയിച്ചു. നിർദ്ദേശങ്ങൾ നല്കി. എപ്പോഴും എല്ലാത്തിനേയും കുറിച്ച് അത്ഭുതപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ എൻെറ ആശയങ്ങൾ കാട്ടുതീപോലെ പരന്നു. മനുഷ്യർ അതിൽ നിന്നും ഒരു മത വിഭാഗം ഉണ്ടാക്കി."

വീണ്ടും അല്പ സമയത്തിനുശേഷം അദ്ദേഹം "വിശുദ്ധനായ ദൈവത്തെ"പററിയും ഈ "പുസ്തകത്തിൻെറ മഹിമ"യെ പററിയും പറഞ്ഞു. ഈ സമയം അത്രയും വേദപുസ്തകം കരുതലോട് കയ്യിൽ പിടിച്ചിരുന്നു.

പെട്ടെന്ന് അദ്ദേഹം പറഞ്ഞു: ''എനിക്ക് ആ തോട്ടത്തിൽ വേനൽക്കാലത്തേയ്ക്കുള്ള ഒരു വീടുണ്ട്. അവിടെ മുപ്പത് ആളുകൾ ഉണ്ട്. അതാ! അവിടെ.'' അദ്ദേഹം തുറന്നു കിടന്ന ജനാലയിൽ കൂടി ചൂണ്ടിക്കാട്ടി. ''നിങ്ങൾ അവിടെ പ്രസംഗിക്കണം. നിങ്ങൾ ഗ്രാമങ്ങളിൽ വേദപുസ്തകം വായിക്കും എന്ന് എനിക്കറിയാം. നാളെ ഉച്ചയ്ക്ക് എൻെറ ഭൃത്യന്മാരും അയൽക്കാരും അവിടെ ചെന്നു ചേരണം. നിങ്ങൾ അവരോട് സംസാരിക്കയില്ലേ.''

''ഞാൻ എന്തിനെപററി സംസാരിക്കണം.'' അവൾ ചോദിച്ചു. ''യേശുക്രിസ്തുവും അവൻെറ രക്ഷയും, ഇത് ഏററവും നല്ല വിഷയമല്ലേ. അതിനുശേഷം നിങ്ങൾ കുറെ പാട്ടുകൾ പാടണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ മൂന്നു മണിക്ക് മീററിംഗ് തുടങ്ങുകയാണെങ്കിൽ ഈ ജനലു തുറന്നു കിടക്കും. അപ്പോൾ ഞാൻ നിങ്ങളോടു കൂടി പാട്ടുകൾ പാടുന്നതിൽ പങ്കുചേരുന്നു എന്ന് മനസ്സിലാക്കാം.''

അടിസ്ഥാനമില്ലാത്ത ആശയങ്ങളുമായി നടന്ന ഈ ചെറുപ്പക്കാരനാണോ യഥാർത്ഥ കുററവാളി അതോ സ്ഥിരീകരിക്കപ്പെടാത്ത തത്വങ്ങൾ ഉയർത്തിപ്പിടിച്ച് ലക്ഷക്കണക്കിനാളുകളുടെ വിശ്വാസം നശിപ്പിച്ച ശാസ്ത്രജ്ഞന്മാരാണോ?

നാം നമ്മുടെ മരണശയ്യയിൽ എന്തു ചിന്തിക്കുന്നുവോ അതിനാണ് പ്രാധാന്യം. ചെറുപ്പത്തിൽ തത്വങ്ങൾ രൂപീകരിക്കുവാനും അത് അനുസരിച്ച് പ്രവർത്തിക്കുവാനും സാഹസപ്പെടരുത്. നീതിയുടെ പഴയ പാതകളെ തേടുക.

---

## സെപ്തംബർ 25

---

''യേശുവിൻെറ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങും.'' (ഫിലിപ്പിയർ 2:10)

ചെറുപ്പക്കാരനായ ഒരു ബ്രാഹ്മണൻ വിഖ്യാത പ്രാസംഗികനായ സ്ററാൻലി ജോൺസിൻെറ അടുക്കൽ വന്ന് അദ്ദേഹത്തോട് പറഞ്ഞു: ''നിങ്ങളുടെ പ്രസംഗത്തിന് വളരെയധികം പ്രതികരണം ഉണ്ടാകുന്നുണ്ട്. ക്രിസ്തു അനേക വഴികളിൽ ഒന്നാണ് എന്ന് പ്രസംഗിച്ചാൽ കൂടുതൽ നന്നായിരിക്കും. ഞങ്ങൾ കൃഷ്ണനെ സ്നേഹിക്കുന്നു. കാളിയെ ആരാധിക്കുന്നവർ അനേകർ ഉണ്ട്. നിങ്ങൾ എൻെറ അഭിപ്രായം സ്വീകരിക്കയാണെങ്കിൽ ഇന്ത്യ മുഴുവനും നിങ്ങളെ ശ്രദ്ധിക്കും.''

ഈ പരീക്ഷ ക്രിസ്തുമതത്തിൻെറ ആരംഭം മുതൽ ഉണ്ടായിരുന്നു. റോമാസാമ്രാജ്യം വളരെയധികം മതസഹിഷ്ണുതയുള്ളതായിരുന്നു. അവരുടെ ദൈവങ്ങളുടെ ഗണത്തിൽ (Pantheon) ഒരുവനായി അവർ ക്രിസ്തുവിനെ സന്തോഷത്തോടെ കൈക്കൊള്ളുമായിരുന്നു. ക്രിസ്തുമാത്രമാണ് ഏകവഴി എന്നും മററെല്ലാ ദൈവങ്ങളും വ്യർത്ഥമാണ് എന്നും ഉള്ള ശുഷ്കാന്തി ആയിരുന്നു ആദിമ ക്രിസ്ത്യാനികളുടെ പീഢനത്തിന് കാരണമായത്.

എൻെറ വ്യക്തിപരമായ താല്പര്യം ഒന്നിലധികം മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുന്നതായിരിക്കും. പക്ഷേ യാതൊരു കാര്യത്തിലും ഈ പ്രപഞ്ചം

എൻെറ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല നിർമ്മിച്ചിട്ടുളളത്. എന്നേക്കാൾ ബുദ്ധിമാനായ ആരോ അദ്ദേഹത്തിൻെറ ഉന്നതമായ അറിവിൻെറ വെളിച്ചത്തിലാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്നത്. അത് ഞാൻ അപ്രകാരം സ്വീകരിച്ചേ പററൂ. എനിക്ക് മററൊരു മാർഗ്ഗവുമില്ല. എനിക്ക് വ്യത്യസ്തമായ ചുററുപാടുകളിൽ ജനിച്ച് വളർത്തപ്പെട്ടിരുന്നുവെങ്കിൽ കൊളളാമായിരുന്നു എന്ന് ആഗ്രഹമുണ്ട്. പക്ഷേ എൻെറ ജീവിതവും എൻെറ അറിവോ സമ്മതമോ കൂടാതെ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നതനുസരിച്ച് നടത്തപ്പെടുകയാണ്. മററുവർ എങ്ങനെ രക്ഷിക്കപ്പെടണം എന്ന് തീരുമാനിക്കാൻ എനിക്ക് അധികാരം ഇല്ല. ഈ പ്രപഞ്ചത്തിൻെറ നായകൻ രക്ഷയുടെ ഒരു മാർഗ്ഗം മാത്രമേ ഒരുക്കിയിട്ടുളളൂ.

അവനോട് തർക്കിച്ചിട്ട് കാര്യമില്ല. യേശുക്രിസ്തുവിനെ കൈക്കൊളളുക; നീ രക്ഷിക്കപ്പെടും. അവനെ അവഗണിക്കയും നിരസിക്കയും ചെയ്താൽ നീ ശിക്ഷാവിധിക്ക് പാത്രമാകും. അത്രയ്ക്കു ലളിതമാണ് ഈ മർമ്മം. ദൈവം നമ്മുടെ താല്പര്യങ്ങളെപററി ചോദിച്ചിട്ടില്ല. ഒരു സ്വർഗ്ഗം മാത്രം ഉണ്ടായിരിക്കുന്നതാണ് നമുക്കു താല്പര്യമായിട്ടുളളത്. നരകവും ഒരു യാഥാർത്ഥ്യമാണ്. അതിൽ പെടാതെ സൂക്ഷിക്കുക വളരെ എളുപ്പമാണ്.

---

## സെപ്തംബർ 26

---

"അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും."

(മത്തായി 24:13)

മൂന്നുവയസ്സുളള ഒരു കുട്ടിയെ കൊണ്ട് അവളുടെ അമ്മ ഒരു ദിവസം വളരെ ബുദ്ധിമുട്ടി. വീണ്ടും കോപിക്കേണ്ടിവന്ന ഒരു സംഭവത്തിനുശേഷം ആ അമ്മ പറഞ്ഞു: "റിബേക്കാ, ഞാൻ നിൻെറ കാര്യങ്ങൾ കൊണ്ട് ക്ഷീണിതയായിരിക്കുന്നു."

നിഷ്കളങ്കയായ ആ കുട്ടി ഉത്തരം പറഞ്ഞു: "എന്നാൽ നീ പോയി കിടക്കൂ."

ആ കുട്ടിയുടെ ഉത്തരം വളരെ ശരിയായിരുന്നു. ചൈനയിലെ ഒരു ചൊല്ല് ഇപ്രകാരമാണ്. "നിങ്ങൾക്കു പുഞ്ചിരിക്കുവാൻ കഴിയാത്ത ദിവസങ്ങളിൽ നിങ്ങളുടെ കട തുറക്കരുത്." ഞാൻ അതിൻെറ കൂടെ അല്പം കൂടി ചേർക്കട്ടെ. "നിങ്ങൾക്ക് പുഞ്ചിരിക്കാൻ വയ്യാത്ത അവസ്ഥ വന്നാൽ നിൻെറ കട പൂട്ടിക്കൊളളണം." നാം എപ്പോഴും കരുണയുളളവരും നല്ലവരുമായിരിക്കേണ്ടതുണ്ട്. ഒരു ദിവസത്തിൻെറ ഇരുപത്തിനാലു മണിക്കൂറും അങ്ങനെയാകാൻ നമ്മെകൊണ്ട് സാദ്ധ്യമല്ല. ചിലപ്പോൾ നാം പിടിച്ചിരിക്കുന്ന കയറിൻെറ അററം വരെ നാം എത്തിയിരിക്കാം. ഈ സമയം കിടക്കുവാൻ പോകേണ്ട സമയമാകുന്നു. കുറഞ്ഞ പക്ഷം നമ്മുടെ സംസാരവും കത്തുകൾ എഴുതുന്നതെങ്കിലും നിർത്തിവയ്ക്കണം.

നാം എല്ലാവരിലും പരസ്പര വിരുദ്ധമായ ആഗ്രഹങ്ങൾകാണും. ഒരേ വ്യക്തി തന്നെ സുന്ദരനായി വൃത്തിയുളള വസ്ത്രം ധരിക്കുവാനും, ഒരു സന്യാസിയാകുവാനും, ഒരു ലക്ഷാധിപതിയാകുവാനും ദൈവത്തിൻെറ

ദരിദ്രനും, വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലെ ഒരു യോദ്ധാവും ഒരു സമാധാന പ്രിയനും, ജീവിതത്തിൻെറ സുഖങ്ങാം എല്ലാം അനുഭവിക്കുവാനും അതേസമയം ഒരു വിശുദ്ധൻ ആകുവാനും ഇച്ഛരിക്കുന്നുണ്ടായിരിക്കും. ''ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു.'' (ഗലാത്യർ 5:17) ജഡത്തിലും ആത്മാവിലും പലവിധമായ പ്രവണതകളും നമ്മെ പ്രലോഭിപ്പിക്കും. നമുക്ക് ഒരേസമയത്ത് പരസ്പര വിരുദ്ധമായ രണ്ട് പാപങ്ങാം ചെയ്യുവാൻ സാധിക്കയില്ല. ഒരേസമയം ഒരാാം ധൂർത്തനും പിശുക്കനും ആകാൻ സാദ്ധ്യമല്ല. ഒരാാംക്ക് രണ്ട് വിധത്തിലുള്ള വിശുദ്ധർ ആകുവാൻ കഴിയുകയില്ല. ഒരു ജോൻ ഓഫ് ആർക്കിനെപ്പോലെയും ഒരുസന്യാസിയെപ്പോലെയും ആകുവാൻ ഒരാാംക്ക് അസാദ്ധ്യമാണ്. ''ഇവ ഒന്നിനോട് മറേറത് വിരുദ്ധമായതിനാൽ നിനക്ക് ആകേണ്ടത് ആകുവാൻ പററുകയില്ല.''

വില്യം ജയിംസ് പറഞ്ഞത് നമുക്ക് തിരഞ്ഞെടുക്കുവാനുള്ളവയെ എല്ലാം പരിശോധന നടത്തിയിട്ട് ഏററവും നല്ലതു തിരഞ്ഞെടുക്കണം.

നിങ്ങാം അമ്മയാകുവാൻ തീരുമാനിച്ചാൽ ആദ്യാവസാനം വരെ അമ്മയെപ്പോലെ ഇരിക്കുക. നിങ്ങളുടെ വിശ്വാസത്തിലുള്ള കുട്ടിയോ സഹോദരനോ എന്തു ചെയ്താലും ഒരിക്കലും തള്ളാതെ തളരാതെ വെറുക്കാതിരിക്കുക.

---

## സെപ്തംബർ 27

---

''സന്തോഷമുള്ള ഹൃദയം മുഖപ്രസാദമുണ്ടാക്കുന്നു.''

(സദൃശവാക്യങ്ങാം 15:13)

ഒരിക്കലും പള്ളിയിൽ പോയിട്ടില്ലാത്ത രണ്ടു കുട്ടികാം ഒരു പ്രാർത്ഥനായോഗം നടക്കുമ്പോാം ജനലിലൂടെ അകത്തേക്കു ഒളിഞ്ഞു നോക്കി. ആ ശുശ്രൂഷ വളരെ തണുപ്പനായിരുന്നു.

''അവർ എന്തു ചെയ്യുകയാണ്?'' ഒരു കുട്ടി ചോദിച്ചു. മറെറ കുട്ടി മറുപടി പറഞ്ഞു: ''അവർ എന്തു ചെയ്യുകയായാലും അവർക്ക് അത് ഇഷ്ടമാകുന്നില്ല എന്നത് അവരുടെ മുഖഭാവത്തിൽ നിന്നും വ്യക്തമാണ്.

ഇതിനു വിപരീതമായി ഒരു ഹിന്ദു ഒരു ക്രൈസ്തവനോട് ഒരിക്കൽ ചോദിക്കയുണ്ടായി. ''നിങ്ങളുടെ മുഖത്ത് ഇത്രയും പ്രകാശം വരുവാൻ തക്കവണ്ണം നിങ്ങാം ഏതു ക്രീം ആണ് തേക്കുന്നത്?''

''ഒന്നും തേക്കുന്നില്ല.'' ക്രിസ്ത്യാനി മറുപടി പറഞ്ഞു. ഹിന്ദുവിന് വിശ്വാസമായില്ല. അല്ല, നിങ്ങാം ക്രിസ്ത്യാനികാം അങ്ങനെ ചെയ്യുന്നുണ്ട്. നിങ്ങളുടെ മുഖം പ്രകാശിക്കുന്നു.''

ക്രിസ്തീയ മതത്തിന് പല രൂപഭേദങ്ങാം ഉണ്ട്. ഇവയിൽ ഏററവും സന്തോഷകരമായത് തിരഞ്ഞെടുക്കുക. ക്രിസ്തുവിൻെറ ഗോൽഗോഥായിലെ മരണം എന്ന ഒററ പ്രവർത്തിയിലാണ് ക്രിസ്ത്യാനികാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.

സോർകാസിനെപ്പോലെ "അവ൦ വളരെ സൽപ്രവർത്തികളും ധർമ്മങ്ങളും ചെയ്തു പോന്നവളായിരുന്നു." (അപ്പൊ. പ്രവർത്തി 9:36) നമ്മുടെ മതവും സൽപ്രവർത്തികൾ നിറഞ്ഞതാകട്ടെ. കളങ്കമററ ഒരു മനസാക്ഷിപോലെ ഉത്തമമായി യാതൊന്നും നിങ്ങളുടെ മുഖത്തിനു ശോഭകൂട്ടുവാനായി ഇല്ല. ക്രിസ്തുവിൻെറ പ്രവർത്തികൾ അനുകരിച്ച് നിങ്ങളുടെ ജീവിതവും സൽപ്രവൃത്തികളാൽ നിറയ്ക്കുന്നത് നിങ്ങളുടെ തേജസ്സ് വർദ്ധിപ്പിക്കും.

മതം ഉള്ള മനുഷ്യനാണ് മനുഷ്യൻെറ മതത്തേക്കാൾ കൂടുതൽ പ്രാധാന്യം. ഒരു ചടങ്ങിനേക്കാൾ പ്രാധാന്യമുള്ളതാണ് ആ ചടങ്ങ് എന്നതിനെ ഉദ്ദേശിച്ചു നടത്തുന്നതോ അത്—ആത്മാവ്. ചടങ്ങുകൾ മാത്രമുള്ള മതം നിന്നെ സന്തുഷ്ടനാക്കാൻ കഴികയില്ല. നിൻെറ മുഴുവൻ വ്യക്തിത്വവും അതിൽ കേന്ദ്രീകരിച്ചിരിക്കണം. "മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനും ഒരുവനോടു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വീൻ." (കൊലൊസ്യർ 3:12-13) നിൻെറ ഹൃദയം സ്വതന്ത്രമാകുമ്പോൾ നിൻെറ രൂപം സന്തോഷാത്മകമായിരിക്കും.

## സെപ്തംബർ 28

"ദൂരത്തുനിന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിചെന്ന് അവൻെറ കഴുത്തു കെട്ടിപ്പിടിച്ചു ചുംബിച്ചു." (ലൂക്കോസ് 15:20)

ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു സ്ത്രീയ്ക്ക് ഒരേ ഒരു മകൾ ഉണ്ടായിരുന്നു. അവളെ പട്ടണത്തിൽ ഒരു വീട്ടു വേലക്കാരിയായി വിട്ട് അവളുടെ സമ്പാദ്യം കൊണ്ട് ഒരു പറമ്പു വാങ്ങാം എന്ന് അമ്മ തീരുമാനിച്ചു. ആ പെൺകുട്ടി ഒരു ധനിക കുടുംബത്തിലാണ് വേല ചെയ്തിരുന്നത്. അവൾ സുന്ദരിയും ബുദ്ധിശാലിയുമായിരുന്നു. അവൾ വേലചെയ്ത് കിട്ടുന്നതിനേക്കാൾ കൂടുതൽ വരുമാനം ഉണ്ടാകുന്ന മാർഗ്ഗം കണ്ടു പിടിച്ചു. താമസിയാതെ അവൾക്ക് കാറ്, ആഭരണങ്ങൾ വസ്ത്രങ്ങൾ എല്ലാം ഉണ്ടായി. അവൾക്ക് അവളുടെ ആത്മാവ് നഷ്ടപ്പെടുകയും അമ്മയെ മറക്കുകയും ചെയ്തു. ഇങ്ങനെ പാർട്ടികളിലും വിനോദങ്ങളിലുമായി പത്തുവർഷം കടന്നുപോയി.

ഒരു രാത്രിയിൽ അവൾക്കു പശ്ചാത്താപം ഉണ്ടായി. "ഞാൻ എങ്ങനെ അമ്മയെ അവഗണിക്കും" അവൾ സ്വയം പറഞ്ഞു. ഉടനെ കാറ് ഓടിച്ച് അർദ്ധരാത്രിയോടുകൂടി അവളുടെ ഗ്രാമത്തിൽ എത്തി. അവളുടെ വീടിൻെറ വാതിൽ മലർക്കെ തുറന്നു കിടന്നു. തൻെറ അമ്മയ്ക്ക് അസുഖമാണെന്നും ഒരു ഡോക്ടർ വന്നിരിക്കാമെന്നും അവൾ ഊഹിച്ചു. അവളുടെ അമ്മയുടെ കിടപ്പുമുറിയിൽ വിളക്കു കത്തുന്നതായും അവൾ കണ്ടു.

അവൾ ഉമ്മറത്തേയ്ക്കു കയറിയപ്പോഴേക്കും അവളുടെ അമ്മയുടെ ശബ്ദം കേട്ടു. "ജൂൻ, നീ തന്നെയല്ലേ?"

"അതേ" അവൾ മറുപടി പറഞ്ഞു. "എന്താണ് നമ്മുടെ വാതിൽ ഇത്ര രാത്രിയായിട്ടും തുറന്നിട്ടിരിക്കുന്നത്."

''പത്തുവർഷം മുമ്പ് നീ ഇവിടുന്നു പോയശേഷം ഞാൻ ഇന്നുവരെ അത് അടച്ചിട്ടില്ല.''

മകൾ വീണ്ടും ചോദിച്ചു: ''എന്താണ് മുറിയിൽ വിളക്ക് ഇത്ര രാത്രിയായിട്ടും കത്തിക്കൊണ്ടിരിക്കുന്നത്?''

അമ്മ മറുപടി പറഞ്ഞു: ''നീ ഇവിടുന്നു പോയശേഷം ഇന്നുവരെ ഞാൻ അത് അണച്ചിട്ടില്ല. ഒരു സ്നേഹനിധിയായ അമ്മയുടെ ഹൃദയം നിനക്കായി കാത്തിരിക്കയായിരുന്നു.''

നിങ്ങൾക്കും ഇതേ അനുഭവം തന്നെയുണ്ടാകും. നിങ്ങൾ പാപത്തിൽ മുഴുകി നിങ്ങളുടെ നാളുകൾ ചിലവഴിച്ചിട്ട് നിങ്ങളുടെ സ്വർഗ്ഗീയ ഭവനത്തിലേക്കു തിരികെ വരുമ്പോൾ അതിൻെറ വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കുന്നതും വിളക്കു കത്തികൊണ്ടിരിക്കുന്നതും കാണാം. ദൈവം സ്നേഹനിധിയായ അമ്മയെപോലെ നിങ്ങളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്നു.

---

## സെപ്തംബർ 29

---

''സ്നേഹത്തിൽ ഭയമില്ല.'' (1യോഹന്നാൻ 4:18)

ഇൻഡോനേഷ്യയിൽ പ്രവർത്തിച്ചിരുന്ന ഒരു മിഷനറി അവിടുത്തെ ജനങ്ങളെ പാപത്തിൽ നിന്നും മോചിപ്പിച്ചതിനുശേഷം അവരുടെ ഭയങ്ങളിൽ നിന്നും മോചിപ്പിച്ചതിനെപ്പററി പറയുകയുണ്ടായി. പലതരത്തിലുള്ള ഭയങ്ങൾ അവരുടെ ജീവിതത്തെ തന്നെ നിയന്ത്രിച്ചിരുന്നു.

ചില പക്ഷികളുടെ ശബ്ദം കേട്ടാൽ പിന്നെ അവർ ആ വഴിയെ പോകാതെ തിരികെ വീട്ടിൽ വന്നിരിക്കും. സാത്താൻെറ പ്രത്യേക ശക്തി ആ പക്ഷികൾക്കുണ്ട് എന്ന് അവർ ഭയന്നിരുന്നു.

പാടത്ത് ഒരു പാമ്പിനെ കണ്ടാൽ അവർ അവിടെ പണി നിർത്തിവയ്ക്കും. ഒരു പന്നിയേയോ, കോഴി, അരി, പണം മുതലായവ മന്ത്രവാദി പറയുന്നതനുസരിച്ച് ബലികഴിച്ചശേഷമേ പണിതുടരുകയുള്ളൂ. അതിനു സാധിച്ചില്ലെങ്കിൽ എത്ര ഫലഭൂയിഷ്ടമായ ഭൂമി ആണെങ്കിലും പിന്നെ അവിടെ കൃഷിപ്പണികൾ തുടരുകയില്ല.

കളകൾ തീവച്ച് നശിപ്പിക്കുമ്പോൾ അതിൽപെട്ട് ഏതെങ്കിലും മൃഗം ചത്തുപോയാൽ അവിടെ വിളനാശം സംഭവിക്കും എന്ന് അവർ ഭയന്നിരുന്നു. സാത്താന് ബലിയാണ് ഇതിന് പരിഹാരമാർഗ്ഗം.

കുട്ടികൾക്ക് അസുഖം വന്നാൽ അവരുടെ കൈത്തണ്ടയിൽ മന്ത്രം ജപിച്ച് കെട്ടിയിരുന്നു. ചെകുത്താൻ കുട്ടികളുടെ ആത്മാക്കളെ ആക്രമിക്കാതിരിക്കാനാണ് ഇപ്രകാരം ചെയ്തിരുന്നത്.

ആധുനിക യുഗത്തിലുള്ള നമുക്ക് ഇത്തരം ഭയങ്ങൾ ഇല്ല. എന്നാൽ നമുക്ക് നമ്മുടേതായ ഭയങ്ങൾ നിരവധിയുണ്ട്. ബിസിനസ്സിൽ നഷ്ടം സംഭവിക്കുമോ എന്ന ഭയം, ജോലി നഷ്ടപ്പെടുമോ എന്ന ഭയം, യുദ്ധങ്ങളെപ്പററിയുള്ള ഭയം മുതലായവ.

'ഭയപ്പെടേണ്ട' എന്ന വാക്കുകൾ വേദപുസ്തകത്തിൽ 366 പ്രാവശ്യം

ആവർത്തിച്ചിരിക്കുന്നു. ഓരോ ദിവസത്തിനും ഒന്നുവീതം അധിവർഷത്തിൽ 366 ദിവസങ്ങാം ഉള്ളതുപോലും വിട്ടിട്ടില്ല. നാം ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. (റോമർ 8:28) കലണ്ടറിലെ ഓരോ ദിവസവും സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ട.

## സെപ്തംബർ 30

''എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.''

(യോഹന്നാൻ 11:25)

ജർമ്മൻ വ്യവസായിയായ ക്രൂപ്പ് യുദ്ധത്തിനുവേണ്ടിയുള്ള ആയുധങ്ങൾ നിർമ്മിച്ചു. ലക്ഷക്കണക്കിന് ആളുകളെ കൊല്ലുവാനുള്ള ഉപകരണങ്ങൾ അയാൾ പലരാജ്യങ്ങൾക്കു വിതരണം ചെയ്തു. അയാളെ മരണത്തെപററിയുള്ള ഭയം വേട്ടയാടിയിരുന്നു. അയാളുടെ ജീവചരിത്രകർത്താവ് പറയുന്നത് മരണം എന്ന വാക്ക് ഉച്ചരിക്കുന്നതുപോലും അയാൾ തൻെറ ഭവനത്തിൽ നിരോധിച്ചിരുന്നു എന്നാണ്. അയാളുടെ ഭവനത്തിൽവച്ച് ഒരു ബന്ധു മരിച്ചപ്പോൾ അയാൾ അവിടുന്ന് ഓടിപ്പോയി. ഇതെപ്പററി കുററപ്പെടുത്തിയതിന് അയാൾ ഭാര്യയെ ഉപേക്ഷിച്ചു.

അവസാനം അയാൾ രോഗിയായപ്പോൾ തൻെറ ജീവൻ പത്തുവർഷത്തേക്കുകൂടി നീട്ടിക്കൊടുക്കാമെങ്കിൽ ഒരു ലക്ഷം മാർക്ക് കൊടുക്കാം എന്ന് ഒരു ഡോക്ടറോട് വാഗ്ദാനം ചെയ്തു. അത് നിഷ്ഫലമായിരുന്നു.

ഒരു വിശ്വാസിയുടെ മനോഭാവം ഇതിൽ നിന്ന് എത്രയോ വ്യത്യസ്തമാണ്.

ശവകോട്ടയുടെ മേൽനോട്ടക്കാരൻെറ ഒരു കുട്ടിയെപ്പററി എനിക്കറിയാം. ശവകോട്ടയിൽ കൂടി രാത്രിയിൽ നടന്നു പോകുവാൻ പേടിയുണ്ടോ എന്ന് ചോദിച്ചപ്പോൾ അവളുടെ ഉത്തരം ''ഇല്ല, എൻെറ വീട് അതിൻെറ അങ്ങേ അററത്താകയാൽ ഭയം ഇല്ല'' എന്നായിരുന്നു. അതേപോലെ നമുക്ക് നമ്മുടെ ഭവനം നാം കടന്നുപോകുന്ന മരണമാകുന്ന വഴിയുടെ അററത്താണ്.

എല്ലാവരും ധനികരും, സ്വതന്ത്രരും, സന്തോഷമുള്ളവരുമായ ഒരു നല്ല സമൂഹം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്ന എല്ലാവരോടും നാം സഹതപിക്കുകയേ ഉള്ളൂ. ഈ ഉദ്ദേശങ്ങൾ എല്ലാം സാക്ഷാത്ക്കരിക്കപ്പെട്ടാൽ ആര് മരിക്കുവാനും, ഈ മനോഹരമായ ജീവിതം ഉപേക്ഷിക്കുവാനും താല്പര്യപ്പെടും. ദാരിദ്ര്യത്തിൽ കഴിയുന്നവർ മരിക്കുന്നതിനേക്കാൾ പ്രയാസത്തോടെയാണ് സന്തോഷമുള്ളവർ മരിക്കുന്നത്. ഭാവിയിലെ സാങ്കല്പിക സ്വർഗ്ഗത്തിലെ സന്തോഷവാന്മാരായ വാസികളും മരിക്കേണ്ടവരാണ്.

വാർദ്ധക്യമില്ലാതെ നിരന്തരമായ യൗവ്വനവും മരണമില്ലാതെ അനന്തമായ ജീവനും നല്കാത്ത ഓരോ വിഭാഗവും വഞ്ചകരാണ്. മരണത്തിൽ അവസാനിക്കുന്ന സമൃദ്ധമായ ജീവിതം വധ ശിക്ഷയ്ക്കു വിധിച്ചവർക്ക്

നല്കുന്ന വിരുന്നു സൽക്കാരം പോലെയാണ്.

യേശു മരണത്തെ ജയിച്ചു. അവൻ കല്ലറയിൽ നിന്ന് ഉയിർക്കപ്പെട്ടു. അവൻ നിത്യമായ ജീവൻ നല്കുന്നു. അവനാണ് നമ്മുടെ പ്രത്യാശ.

## ഒക്ടോബർ 1

"ഉയരത്തിലുള്ളതു അന്വേഷിപ്പീൻ." (കൊലൊസ്സ്യർ 3:1)

ഒരു ക്രിസ്ത്യാനി തൻെറ വീടിനു മുമ്പിൽ 'Linquenda' എന്ന ലിഖിതം വച്ചിരുന്നു. ലാററിൻ ഭാഷയിലുള്ള ഈ പാദത്തിൻെറ അർത്ഥം 'ഞാൻ ഇതു വിട്ടു പോകേണ്ടതാണ്" എന്നാണ്.

നമുക്ക് നമ്മുടെ ബിസ്സിനസ്സ്, നമ്മുടെ ലൈബ്രറി, നമ്മുടെ പ്രിയപ്പെട്ടവർ, നമ്മുടെ ശരീരം ഇതൊക്കെ വിട്ടുപോകേണ്ടതാണ് എന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്.

ഒരു ദിവസം പിച്ചക്കാരൻ ഒരു ധനികൻെറ വാതിലിൽ മുട്ടി ഒരു ദിവസം പാർക്കേണ്ടതിന് അനുവാദം ചോദിച്ചു.

ധനികൻ കോപിച്ചു പറഞ്ഞു: "നിന്നെ അകത്തു കടത്തുകയില്ല. ഇതൊരു ഹോട്ടലും മററും അല്ലല്ലോ?"

പിച്ചക്കാരൻ മറുപടി പറഞ്ഞു: "ക്ഷമിക്കണം ഞാൻ വേറെ എവിടെയെങ്കിലും താമസിച്ചുകൊള്ളാം. നിൻെറ വീടിൻെറ ഭംഗി എന്നെ വശീകരിക്കുന്നു. ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കയില്ല. പക്ഷേ എൻെറ കൗതുകം കൊണ്ടുമാത്രം ചോദിക്കയാണ്: ആരാണ് ഇതു പണിയിച്ചത്?"

ധനവാൻ മറുപടി പറഞ്ഞു: "എൻെറ പിതാവാണ് ഇതു പണിയിപ്പിച്ചത്."

"അതുകൊള്ളാം, അദ്ദേഹം ഇപ്പോഴും ജീവിച്ചിരുപ്പുണ്ടോ?"

"ഇല്ല. അദ്ദേഹത്തിൻെറ മരണശേഷമാണ് എനിക്ക് ഈ സ്വത്തുക്കൾ കൈവശം കിട്ടിയത്.

"നിങ്ങൾക്ക് കുട്ടികൾ ഉണ്ടോ? നിങ്ങളുടെ മരണശേഷം ആരായിരിക്കും ഇതിന് അവകാശി?"

"എൻെറ മൂത്തമകൻ. അവൻ ഈയിടെ വിവാഹം കഴിച്ചതേയുള്ളൂ. എൻെറ മരണശേഷം അവനായിരിക്കും ഇവിടെ താമസിക്കുന്നത്."

അപ്പോൾ ആ പിച്ചക്കാരൻ പറഞ്ഞു: "അപ്പോൾ ഈ വീട് ഞാൻ വിചാരിച്ചതുപോലെ ഒരു ഹോട്ടൽ തന്നെയാണ് ആരെങ്കിലും ഒരു മുറി ചോദിക്കുമ്പോൾ ഹോട്ടലുടമ കോപിക്കുന്നത് ഞാൻ ആദ്യമായിട്ടാണ് കാണുന്നത്."

നമ്മുടെ എല്ലാം ഭവനങ്ങൾ ഹോട്ടലുകൾ ആണ്. ഞാൻ ഈ വരികൾ എഴുതുവാനുപയോഗിക്കുന്ന വീട്ടിൽ മുമ്പ് ആരൊക്കെ താമസിക്കുന്നു എന്ന് എനിക്ക് യാതൊരു അറിവുമില്ല. ഇനിയും ആരാണ് ഇവിടെ കഴിയുക എന്നും എനിക്കറിവില്ല. "Linquenda" നമുക്ക് എല്ലാം വിട്ടൊഴിയണം.

യേശു നമ്മെ അവൻെറ പറുദീസ എന്ന നിത്യഭവനത്തിലേക്കു ക്ഷണിക്കുവാനാണ് വന്നത്. ഈ താത്ക്കാലിക ഭവനത്തിൽ നിന്നും നിൻെറ

മനസ്സും ആഗ്രഹങ്ങളും അകററി നിർത്തുക. നിനക്ക് ഇത് വിട്ടൊഴിഞ്ഞേ മതിയാകൂ.

## ഒക്ടോബർ 2

''യേശുവോ: ശിശുക്കളെ എൻെറ അടുക്കൽ വരുവാൻ വിടുവീൻ; അവരെ തടുക്കരുത്; എന്നു പറഞ്ഞു.'' (മത്തായി 19:14)

''ശിശുക്കളെ എൻെറ അടുക്കൽ വരുവാൻ വിടുവീൻ; അവരെ തടുക്കരുത് '' എന്ന വാചകം പൂർത്തീകരിക്കുന്നതിന് മുമ്പ് യേശു പറയേണ്ടിയിരുന്നു 'ശിശുക്കാം വരുന്നത് തടുക്കരുത്'... യേശുവിൻെറ അടുക്കൽ വരുവാൻ കഴിയുന്നതിന് മുമ്പ് അവർ ജനിക്കണമല്ലോ?

ഇന്ന് ഒരു ഭ്രൂണത്തിന് ജീവിക്കുവാനുള്ള അവകാശം ഉണ്ടോ എന്നതിനെപ്പററി വളരെയധികം ചർച്ചകാം നടക്കുന്നുണ്ട്. ഒരു മനുഷ്യ ജീവിക്ക് ഗർഭം ധരിക്കപ്പെടുവാൻ അവകാശമുണ്ടോ അതോ ഈ അവകാശം ഗർഭനിരോധന ഗുളികകാം മൂലം ഇല്ലാതാക്കണമോ? ഗർഭച്ഛിദ്രം നടത്തുന്നവരും ജനന നിയന്ത്രണ പദ്ധതിക്കാരും അവരുടെ വാദം ജനസംഖ്യാ വർദ്ധനവ്, ദാരിദ്ര്യം വളരെ കഷ്ടതകാം ഇവയെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്.

പ്രശ്നം ഒരു ഭ്രൂണത്തിന് നിലനില്ക്കുവാനുള്ള അവകാശം ഉണ്ടോ എന്നതല്ല എന്ന് ഞാൻ വിശ്വസിക്കുന്നു. പകരം ഞാൻ ചോദിക്കയാണ് അണു ആയുധങ്ങാം, പട്ടിണി, വിശപ്പ് ഇവയ്ക്ക് നില നില്ക്കുവാനുള്ള അവകാശം ഉണ്ടോ? ഈ കാര്യത്തിൽ ഒരു വിപ്ളവം വന്നേ ഒക്കുകയുള്ളൂ. മററുള്ളവരെ കൊല്ലുകയും ആവശ്യമെങ്കിൽ സ്വയം മരിക്കുകയു ചെയ്യുവാൻ തയ്യാറാകുന്നവരുടെ വിപ്ളവങ്ങാംക്കു മാത്രമേ ഞാൻ എതിരുള്ളൂ. ഇവർക്ക് സമൂഹത്തിൽ എങ്ങനെ മാററം വരുത്തണമെന്ന് ഒരു വിവരവും ഇല്ല.

ലോകത്തിലെ ധനിക രാഷ്ട്രങ്ങളിൽ മൂന്നാം സ്ഥാനം അമേരിക്കൻ ഐക്യനാടുകാംക്കാണ്. പള്ളിയിൽ പോകുന്നവരുടെ കണക്കുനോക്കുകയാണെങ്കിൽ ഒന്നാമത്തെ സ്ഥാനം അതിനാണ്. പക്ഷേ അമേരിക്കയിലെ മൊത്തമായ ദേശീയ ഉല്പാദനത്തിൻെറ അനുപാതം വച്ച് നോക്കുകയാണെങ്കിൽ സാമ്പത്തിക സഹായങ്ങാം നല്കുന്നതിൽ അമേരിക്കയേക്കാം മുമ്പിൽ മററ് പതിമൂന്നു സ്വതന്ത്ര രാഷ്ട്രങ്ങാം ഉണ്ട്. ഇത് ലോക ബാങ്കിൻെറ കണക്കാണ്. 1960 മുതലാണ് ഇത് കുറയ്ക്കപ്പെട്ടത്.

ഒരു വിപ്ളവം വിജയിക്കുന്നതിൻെറ രഹസ്യം പരിപൂർണ്ണസ്നേഹമാണ് എന്ന് നമുക്കറിയാം. തീവ്രവാദികാം തങ്ങളുടെ ക്രൂരമായ പ്രവർത്തികാം നടപ്പാക്കുന്ന നിശ്ചയദാർഢ്യം സ്നേഹം തങ്ങളുടെ ആയുധമാക്കിയവരിൽ കാണുവാൻ കഴിയുന്നില്ല. അങ്ങനെയെങ്കിൽ മാത്രമേ അണു ആയുധ യുദ്ധവും, വിശപ്പും, പട്ടിണിയും മുഖേനയുള്ള അപകടങ്ങളും ഒഴിഞ്ഞുപോകൂ. അപ്പോാം യേശുവിൻെറ അടുക്കൽ വരുവാനായി കുട്ടികാം എന്തിന് ലോകത്തിലേക്കു വരാതിരിക്കണം?

# ഒക്ടോബർ 3

"യേശു...ഒരു ചമ്മട്ടി ഉണ്ടാക്കി." (യോഹന്നാൻ 2:15)

എലീമാസ് എന്ന ക്ഷുദ്ര പ്രവാചകനോട് പൗലോസ് പറഞ്ഞു "സകല കപടവും സകലധൂർത്തും നിറഞ്ഞവനേ പിശാചിൻെറ മകനേ" ഇതു പറഞ്ഞ് അവൻ കുരുടനാകട്ടെ എന്ന് ശപിച്ചു (അപ്പൊ. പ്രവൃ. 13:9–11). എതിരാളി ആയ ഒരുവനോട് സൗമ്യമായി പെരുമാറിയിരുന്നു എങ്കിൽ അത് പൗലോസ് പാപം ചെയ്യുകയായിരുന്നിരിക്കും.

ദൈവ വചനത്തെ എതിർത്ത ഒരു പ്രഭുവിന് ലൂഥർ കത്തെഴുതിയത്: "കഴുതകളിൽ കഴുതേ, പട്ടീ, കള്ളാ, ചെകുത്താൻെറ മകനേ" എന്നൊക്കെ സംബോധന ചെയ്തുകൊണ്ടാണ്. പിന്നീട് ഒരു കത്തിൽ അദ്ദേഹം താൻ ഇത്രയും സൗമ്യമായി എഴുതിയല്ലോ എന്ന് അത്ഭുതപ്പെടുകയും ഇപ്രകാരം വിശദീകരിക്കയും ചെയ്യുന്നു. "ആരോടും വിദ്വേഷവും ശത്രുതയും ഇല്ലാത്തവനാണ് ക്രിസ്ത്യാനി. അവനിൽ നന്മയും സ്നേഹവും മാത്രമേയുള്ളൂ. പക്ഷേ ഒരു പ്രാസംഗികന് ധൈര്യം ഉണ്ടായിരിക്കേണം. അവൻ പൂർണ്ണ സത്യം പ്രസംഗിക്കണം. ദൈവവചനവും അതാണ് അനുശാസിക്കുന്നത്. അത് ലോകത്തെ മുഴുവനും ബാധിക്കുന്നു. അത് നാടുവാഴികളുടെ കഴുത്തിൽ കത്തി വയ്പിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ആർക്കും ഒരു ദോഷവും ചെയ്യുകയില്ല. പക്ഷേ ദൈവ വചനത്തിൻെറ ശത്രുക്കളുമായി യാതൊരു കൂട്ടായ്മയും സൗഹൃദവും ആയികൂടാ."

ഓരോ ക്രിസ്ത്യാനിയും സഭയിലും ലോകത്തിലും നടമാടുന്ന അനീതികൾക്കെതിരായി പോരാടുന്നവർ ആയിരിക്കണം. സമൂഹത്തിലെ നീതിക്കും, സമാധാനത്തിനും, പുരോഗതിക്കുംവേണ്ടി അവർ പോരാടേണ്ടതാണ്. "ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാല്കാരം ചെയ്യുന്നു" (മത്തായി 11:12).

ചില്ലറ വഴക്കുകളിൽ പങ്കെടുക്കുന്നത് ക്രിസ്ത്യാനികൾക്ക് യോജിച്ചതല്ല. തൻെറ ഭാര്യയോടൊ, അയൽക്കാരനോടൊ അവർ വഴക്കിടുകയില്ല. പക്ഷേ തൻെറ സഭയെ അതിക്രമിച്ചു കടന്ന ദുഷ്ടത കാണുമ്പോൾ ചാട്ട കൈയ്യിലേന്തി പള്ളിയിൽ കടന്നു ചെന്ന ക്രിസ്തുവിനെ അവർ മാതൃകയാക്കുന്നു. അവർ ഭയമില്ലാതെ അവിടെ ചാട്ട പ്രയോഗിക്കണം. യേശു വ്യാപാരികളോട് ക്ഷമ ചോദിച്ചില്ല. സ്നേഹം തണുത്തതും ഔപചാരികവും ആയിരിക്കുന്നില്ല എന്നതുപോലെ പാപത്തിനെതിരായ കോപം മര്യാദയുള്ള വാക്കുകളിൽ വിവരിക്കുക പ്രയാസമാണ്. പാപത്തോട് ക്ഷമ കാണിക്കേണ്ടതില്ല. പാപിയെ സ്നേഹിക്കുകയും അവൻെറ പാപത്തെ എതിർത്തുകൊണ്ട് അവനെ ഉണർത്തുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യം ആണ്.

## ഒക്ടോബർ 4

''ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്. അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ.''

(റോമർ 9:5)

സോവിയററ് ജയിലിൽ ഒരു ക്രിസ്തീയ തടവുകാരനായ എ.പെറോവ് 'ഞാൻ യഹൂദനായിരുന്നെങ്കിൽ' എന്ന ഒരു ഗാനം എഴുതി. അതിൽ നിന്നും ഉള്ള ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:-

''ഞാൻ യഹൂദനായിരുന്നെങ്കിൽ ഞാൻ എന്നെ മററൊന്നും വിളിക്കുമായിരുന്നില്ല.

നാം എല്ലാം സഹോദരങ്ങളാണ്. നമുക്ക് നമ്മുടെ പാരീസും, റോമും, വാഷിങ്ടണും ഉണ്ട്.

പക്ഷേ യിസ്രയേൽ അത് ഒരു പ്രത്യേകതയാണ്.

യിസ്രായേൽ കായേനും അതേ സമയം ഹാബേലുമാണ്.

അത് യജമാനനും ഭൃത്യനുമാണ്.

യിസ്രായേലിൽ നിന്ന് സ്വാതന്ത്ര്യവും സത്യവും, ഏററവും വലിയ പാപവും ഏററവും അഗാധമായ പശ്ചാത്താപവും വരുന്നു.

യിസ്രായേൽ ആരംഭവും അന്ത്യവുമാകുന്നു—ഒരു അത്ഭുതം—

അവിടെ നിന്ന് എല്ലാവരുടേയും രക്ഷവരുന്നു.

ഞാൻ യഹൂദനായിരുന്നെങ്കിൽ-സംഭവഗത്യാ, എല്ലാവരും ഇതായിരിക്കേണം, ആരേയും ന്യായം വിധിക്കാതെയും അപവാദം പരത്താതെയും.

നമ്മുടെ രാജ്യത്തിനും ദേശത്തിനും അഭിമാനം നേടിത്തരുന്നു.

യഹൂദന്മാർ ഉപ്പാകുന്നു. അവർ അർത്ഥവും അന്തസത്തയുമാകുന്നു.

ഓർക്കുക, നിങ്ങൾ ദാവീദിനെപ്പോലെയുള്ളവരുടെ പിൻഗാമിയാണ്.

ക്രിസ്തു നിങ്ങളിൽ നിന്നല്ലോ വന്നത്.

നിങ്ങളുടെ ശക്തികളെ വിട്ടു കളയരുത്, യുദ്ധത്തിലും, പരീക്ഷണത്തിലും കൊടുംങ്കാററിലും

വിജയത്തിൻെറ ദിനങ്ങളിലും വൻ ദുഃഖങ്ങളിലും

നിങ്ങളുടെ ശക്തന്മാരായ മുൻഗാമികളെ അർഹിക്കുവാൻ, നിങ്ങൾ ഒരു യഹൂദനാണ് എന്ന് ഓർക്കുക.

ഞാൻ ഒരു യഹൂദനായിരുന്നെങ്കിൽ.

ഒരു യഹൂദനാകുന്നതിൽ, തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ ഒരു അംഗമാകുന്നതിൽ, നമ്മുടെ സ്വർഗ്ഗീയ വാസസ്ഥലമായ യെറുശലേം എന്നു പേരുള്ള ഒരു തലസ്ഥാന നഗരം ഉണ്ടാകുവാൻ, ഇവയിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ? നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കേണം കാരണം ''പുറമേ യഹൂദനായവൻ യഹൂദനല്ല..... അകമെ യഹൂദനായവൻ അത്രെ യഹൂദൻ.... അവനു മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും.'' (റോമർ 2:28-29)

നമുക്ക് സന്തോഷത്തോട് യിസ്രായേൽ എന്ന പേരുവഹിക്കാം. നമുക്ക്

യിസ്രായേലിനെ സ്നേഹിക്കാം. യഹൂദൻേറയും, എബ്രായൻേറയും, ക്രിസ്ത്യാനിയുടേയും രാഷ്ട്രമായ യിസ്രായേലിനെ തന്നെ. യിസ്രായേലിനെ ഒലിവു മരത്തോട് ഒട്ടിച്ചു ചേർക്കപ്പെട്ടതിനാൽ "നമുക്ക് എല്ലാവർക്കും കൂടി നല്കപ്പെട്ട യഹൂദൻ" എന്ന മനോഹരമായ പേരിൻെറ കീർത്തി വർദ്ധിപ്പിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വം കൂടിയാണ് എന്ന് നമുക്ക് ഓർക്കാം.

## ഒക്ടോബർ 5

"നിങ്ങളും തടവുകാർ എന്നപോലെ തടവുകാരേയും നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരേയും ഓർത്തുകൊൾവിൻ."

(എബ്രായർ 13:3)

ബോസ്ററണിൽ മേരിഡയർ എന്ന ക്വേക്കർ സഭാ അംഗത്തിൻെറ ബഹുമതിക്കായി അവരുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ഈ വിശ്വാസി തൻെറ വിശ്വാസത്തിൻെറ പേരിൽ രണ്ടു പ്രാവശ്യം തടവിലാക്കപ്പെടുകയും അതിന് ശേഷം തൂക്കിലേററപ്പെടുകയും ചെയ്യപ്പെട്ടു.

ഇത് 17-ാം നൂററാണ്ടിലാണ് സംഭവിച്ചത്. അന്ന് മസാച്ചുയെസ് പ്യൂരിട്ടൻ വിഭാഗക്കാരുടെ അധീനതയിലായിരുന്നു. അവർ വിശ്വാസത്തിൽ വളരെ യാഥാസ്ഥിതികത്വം വച്ചുപുലർത്തിയിരുന്നതിനാൽ ക്രിസ്ത്യാനികൾക്ക് ആന്തരീകമായ പ്രകാശം, ദൈവവുമായി പട്ടക്കാരുടേയോ ചടങ്ങുകളുടേയോ സഹായം കൂടാതെ നേരിട്ടുള്ള സംസർഗ്ഗം തുടങ്ങിയ ചിന്താഗതികൾ അംഗീകരിക്കുവാൻ തയ്യാറായില്ല. അതിനാൽ അവിടെ വരുന്ന ക്വേക്കർ വിശ്വാസികൾ അറസ്ററ് ചെയ്യപ്പെട്ട്, ചാട്ടയ്ക്കടിക്കപ്പെട്ട് കഠിന തടവിൽ ആക്കപ്പെടേണം എന്ന് അവർ ഒരു നിയമം ഉണ്ടാക്കി. ഒരു പ്യൂരിട്ടൻെറ പീഢനത്തിനിരയായ ഒരു ക്വേക്കറെ സഹായിച്ചു എന്ന കുററത്തിനൊരുവനെ ചാട്ടയ്ക്കടിച്ച് നാടുകടത്തുകയുണ്ടായി. ആരെയെങ്കിലും മാനസാന്തരപ്പെടുത്തുന്ന ക്വേക്കറെ നാടുകടത്തിയിരുന്നു. അവർ തിരികെ വരികയാണെങ്കിൽ തൂക്കികൊന്നിരുന്നു.

തടവിലായ ചില ക്വേക്കർ വിശ്വാസികളെ കാണാൻ റോഡ് ഐലണ്ടിൽ നിന്നും ബോസ്ററണിൽ എത്തിയതായിരുന്നു മേരിഡയർ. അവരെ ചാട്ടയ്ക്കടിച്ചു നാടുകടത്തി. മൂന്നു മാസത്തിനുശേഷം അവർ തിരികെ വന്നപ്പോൾ അവരെയും രണ്ടു സഹ വിശ്വാസികളേയും തൂക്കിക്കൊല്ലുവാൻ വിധിച്ചു. മേരി ആ വിശ്വാസികളുടെ വധ ശിക്ഷ നടപ്പാക്കുന്നതു കണ്ടു. അതിനുശേഷം അവളുടെ കൈകൾ കൂട്ടികെട്ടി തലമുടികെട്ടി കുരുക്കിലേക്ക് കടത്തി. അവസാന നിമിഷത്തിൽ അവൾക്കു മാപ്പുകൊടുത്ത് നാടുകടത്തി.

പക്ഷേ അവൾ വീണ്ടും മടങ്ങിഎത്തി. അവളുടെ സഹോദരന്മാർ ജയിലിൽ ആണ് എന്ന് അവൾ അറിഞ്ഞിരുന്നു. പരസ്യമായി ചാട്ടയ്ക്കടിക്കുന്നുതും നാവ് ചുട്ടുപഴുത്ത കമ്പികൊണ്ട് കിഴിക്കുന്നതുമായ ശിക്ഷകൾ ലഭിക്കാമായിരുന്നിട്ടും അവൾ ധൈര്യമായി പ്രവർത്തനം തുടർന്നു.

കോടതിയിൽ ഹാജരാക്കപ്പെട്ടപ്പോൾ അവൾ പറഞ്ഞു. "നിങ്ങളുടെ

ന്യായമില്ലാത്ത നിയമം നിങ്ങാം മാററിയില്ല എങ്കിൽ എൻെറ മരണശേഷം സത്യം സുവിശേഷിക്കുവാൻ കർത്താവ് അനേകരെ അയയ്ക്കും. സത്യത്തിൻെറ സ്വാതന്ത്ര്യത്തിന് മുമ്പിൽ എൻെറ ജീവൻ ഒരു പ്രശ്നമേയല്ല."

പല രാജ്യങ്ങളിൽ തങ്ങളുടെ വിശ്വാസത്തിൻെറ പേരിൽ തടവിലായിരിക്കുന്ന ആയിരക്കണക്കിന് ക്രൈസ്തവ സഹോദരങ്ങാം ഇന്നും ഉണ്ട്. നാമും നമ്മുടെ ജീവൻ അവർക്കു വേണ്ടി നല്കാൻ തയ്യാറായിരിക്കേണ്ടതാണ്.

---

## ഒക്ടോബർ 6

---

"അവൻ ശമര്യയിൽ കൂടി കടന്നുപോകേണ്ടി വന്നു." (യോഹന്നാൻ 4:4)

യഹൂദന്മാരിൽ ഒട്ടുമുക്കാലും പേരെ ബാബിലോണിയായിൽ തടവിൽ കൊണ്ടുപോയശേഷം ശമര്യയിൽ അവശേഷിച്ചിരുന്നവർ അവർക്കു പകരമായി കൊണ്ടുവന്നവരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു യഹൂദമതവും ഒരു അന്യജാതിമതവും ചേർന്ന ഒരു വിശ്വാസം തുടർന്നു കൊണ്ടുവന്നു. യഹൂദന്മാർ അടിമപ്പണിയിൽ നിന്ന് തിരികെ വന്നപ്പോാം ഇവരെ ശമര്യക്കാർ എന്ന് വിളിച്ചു തിരസ്കരിച്ചു.

ഇവരു തമ്മിലുള്ള വിദ്വേഷം വളരെ ഭയങ്കരമായിരുന്നതിനാൽ അന്യോന്യം ഒരു ഗ്ളാസ്സ് വെള്ളം പോലും നല്കിയിരുന്നില്ല. താൽമുദ് പഠിപ്പിച്ചത് ശമര്യക്കാർക്ക് നിത്യജീവനിൽ യാതൊരു പങ്കും ഇല്ലാതെയിരുന്നതിനാൽ അവരോടുകൂടി ആഹാരം കഴിക്കുന്നത് പന്നിമാംസം ഭക്ഷിക്കുന്നതുപോലെ പാപം ആണ് എന്നായിരുന്നു. അവരെ പിശാചുക്കളായി കണക്കാക്കിയിരുന്നു.

ശമര്യയുടെ തലസ്ഥാനം ശേഖേം ആയിരുന്നു. യഹൂദന്മാർ അതിനെ മദ്യപാനി എന്നർത്ഥം വരുന്ന 'സിഖാർ' എന്ന പരിഹാസ പേര് വിളിച്ചിരുന്നു.

യഹൂദന്മാർ ശമര്യയിൽ കൂടി കടന്നു പോകുന്നത് ഒഴിവാക്കിയിരുന്നു. യേശു യഹൂദനായിരുന്നിട്ടും കൂടി ശമര്യയിൽ കൂടി പോയി. അവൻെറ മതത്തിലുള്ളവർ വെറുക്കുകയും അവജ്ഞകാട്ടുകയും ചെയ്തിരുന്നവരോടുകൂടി പങ്കു ചേർന്നു. യെരീഹോവിൽ എല്ലാവരും വെറുത്ത സഖായി എന്നു പേരുള്ള ചുങ്കക്കാരൻെറ അതിഥിയാകുവാനും അവർ തീരുമാനിച്ചു.

നാം മററുള്ളവരെ നിന്ദിക്കുകയും വെറുക്കുകയും ചെയ്യുമ്പോാം നമ്മെതന്നെയാണ് ഉപദ്രവിക്കുന്നത്. അങ്ങനെ ചെയ്യുന്നതുമൂലം നാം യേശുവിനെ അവരുടെ പക്ഷത്ത് നല്കുകയാണ്.

മററുള്ളവരോട് നാം കാണിക്കുന്ന വിദ്വേഷത്തെ ന്യായീകരിക്കുവാൻ നമ്മുടെ ഹൃദയം നല്കുന്ന വാദങ്ങാംക്ക് ചെവികൊടുക്കാതിരിക്കുക. യേശു പാപികളുടെ സ്നേഹിതനാണ്. നിങ്ങളും അവരുടെ സ്നേഹിതനാകുക.

# ഒക്ടോബർ 7

"കർത്താവേ, പ്രയാസപ്പെടേണ്ട" (ലൂക്കോസ് 7:6)

ഈ ലോകത്തെ ദൈവം സങ്കടം നിറഞ്ഞു നിന്ന അവസ്ഥയിലാണ് സൃഷ്ടിച്ചത് എന്ന് അറിയുന്നത് ലോകത്തിൻെറ ഇന്നത്തെ സ്ഥിതി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും. പ്രധാന മാലാഖയായ ലൂസിഫറിൻെറ പതനത്തിനുശേഷമാണ് ദൈവം ലോകം സൃഷ്ടിച്ചത്. ദൈവവുമായി വിഘടിച്ച ലൂസിഫർ മാലാഖമാരിൽ മൂന്നിലൊന്നു ഭാഗത്തെയും തൻെറ ഒപ്പം കൊണ്ടുപോയി.

ദൈവവും ലോകവും തമ്മിലുളള ബന്ധം കൂടുതലായി മനസ്സിലാക്കുവാനും നമുക്ക് പ്രയാസപ്പെടുകയും വിഷമിക്കുകയും ചെയ്യുന്നവനായ ഒരു ദൈവമാണുളളത് എന്നത് ധ്യാനിക്കുന്നതിലൂടെ കഴിയും. ദൈവം യെശയ്യാവിൽ കൂടെ പറയുന്നു "നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളേയും ഞാൻ വെറുക്കുന്നു; അവ എനിക്കു അസഹ്യം;" (യെശയ്യാവ് 1:14) യെശയ്യാവ് വീണ്ടും എഴുതി "മനുഷ്യരെ മുഷിപ്പിക്കുന്നതു പോരാഞ്ഞിട്ടോ നിങ്ങൾ എൻെറ ദൈവത്തെകൂടെ മുഷിപ്പിക്കുന്നതു?" (യെശയ്യാവ് 7:13)

ദുഃഖങ്ങളിൽ നിന്നു വിടുതലും സുഖവും നാം എപ്പോഴും ദൈവത്തിങ്കൽ നിന്ന് ആവശ്യപ്പെടുന്നു. ഇതു ശരി തന്നെ. പക്ഷേ നാം അവനു പകരം നൽകുന്നതിനെപ്പററിയും ആലോചിക്കേണ്ടതില്ലേ? അവനെ ആശ്വസിപ്പിക്കേണ്ട തില്ലേ?

ലിസിയക്സിലെ വിശുദ്ധ തെരേസയെപററി ഒരു സംഭവകഥയുണ്ട്. ഒരു കന്യാസ്ത്രീ മററൊരു കന്യാസ്ത്രീയോട് തൻെറ ഏതോ പ്രയാസത്തെപ്പററി പറയുക ആയിരുന്നു. അപ്രകാരം ചെയ്തത് മററുളളവരുടെ ഹൃദയത്തെ ഭാരപ്പെടുത്തരുത് എന്ന് തെരേസ ആ കന്യാസ്ത്രീയെ ഉപദേശിച്ചു. ആ കന്യാസ്ത്രീ പറഞ്ഞു: "നീ പറയുന്നതു ശരിതന്നെ മേലിൽ ഞാൻ എൻെറ പ്രയാസങ്ങൾ യേശുവിനോടു മാത്രമേ പറയുകയുളളൂ."

"അരുത്. യേശുവിനോട് പറയരുതേ" വിശുദ്ധ അപേക്ഷിച്ചു. "അവന് എത്രയധികം കഷ്ടതകൾ സഹിക്കേണ്ടിവന്നു. നിൻെറ പ്രയാസങ്ങൾ നീ തന്നെ അനുഭവിക്കുക. അവനു വിശ്രമം നല്കുക."

തൻെറ കുരിശു രൂപം രാവിലെ തലയിണയിൽ വച്ചിട്ട് യേശുവിനോട്: "നീ ഇനി വിശ്രമിക്ക, ഞാൻ നിനക്കായി പണിയെടുക്കാം." എന്ന് അവൾ പ്രാർത്ഥിക്കുമായിരുന്നു.

ദൈവം നമ്മെ രക്ഷിച്ചു. അവന് ഇപ്പോഴുളളതിൽ കൂടുതലായി ദുഃഖവും ക്ഷീണവും നല്കുന്നതിൽ നിന്നും നമുക്ക് അവനെ രക്ഷിക്കാം.

# ഒക്ടോബർ 8

"എല്ലാ..... ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ." (എഫെസ്യർ 4:31)

De mortuis nihil nise bene എന്നാൽ "മരിച്ചവരെപ്പററി നല്ലതല്ലാതെ ഒന്നും പറയരുത്." ഇത് തെററായ തത്വമാണ്. ചരിത്രപരമായ യഥാർത്ഥതയ്ക്കും ന്യായത്തിനും മററ് മനുഷ്യരുടെ തിന്മകളിൽ നിന്ന് പഠിക്കേണ്ടതിനും ആയി അവരുടെ പാപങ്ങളെപററി പറയുവാൻ നമുക്ക് കഷ്ടപ്പാട് ഉണ്ട്. ഈ പഴഞ്ചൊല്ല് ആത്മാക്കാം നമ്മോട് പ്രതികാരം ചെയ്യും എന്ന് മനുഷ്യർ വിശ്വസിച്ചിരുന്ന കാലത്തെയാണ്.

എൻെറ അഭിപ്രായത്തിൽ ജീവിച്ചിരിക്കുന്നവരെപ്പററി ദൂഷ്യം പറയരുത്. ഒരു വ്യക്തിയിൽ കുററപ്പെടുത്തേണ്ട കാര്യങ്ങാം കാണുമ്പോാം വേദപുസ്തകത്തിൽ അതിൻെറ കാരണത്തെപ്പററിയുള്ള ചില നിശ്ചിത നിർദ്ദേശങ്ങാം നല്കുന്നുണ്ട്. ഒന്നാമതായി ഒരു മനുഷ്യനെ അവൻെറ പാപങ്ങളെ കണക്കിലെടുക്കാതെ സ്നേഹിക്കുക. സ്നേഹിക്കുന്നവർക്കേ കുററപ്പെടുത്തുവാൻ അവകാശം ഉള്ളൂ. രണ്ടാമതായി അവനിൽ എന്താണ് തെററായി കാണുന്നത് എന്ന് അവനോടു പറയണം. അവൻ അത് അംഗീകരിക്കുന്നില്ലങ്കിൽ മററുള്ളവരുടെ സഹായത്താൽ അവനെ ഉപദേശിക്കുക. അതിനുശേഷം അവൻ കൂടിവരുന്ന പള്ളിയിൽ പറയുക. പൊതുവായ പാപങ്ങാം ആണെങ്കിൽ അത് ചിലപ്പോാം പൊതുവായി പറയുവാൻ ഇടയാകും. പക്ഷേ ഒരിക്കലും ഒരു പരദൂഷണം പറയുന്നവനോ ഒരു അപവാദിയോ ആകരുത്.

പരദൂഷണം പണ്ടു പണ്ടേയുള്ള പാപമാണ്. മുനഷ്യന് മുമ്പ് തന്നെ ആ പാപം ഉണ്ടായിരുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ കുററം ചുമത്തുന്ന അപവാദി സാത്താനാണ്. (വെളിപ്പാട് 12:10) നാം പാപം ചെയ്യുന്നതിന് മുമ്പേ അവൻ നമ്മെ കുററപ്പെടുത്തികൊണ്ട് നമ്മെ സൃഷ്ടിക്കരുത് എന്ന് ആവശ്യപ്പെട്ടു. ഒരു വ്യക്തി നിങ്ങളുടെ ജീവിതത്തിൽ പ്രവേശിക്കുന്നതിനു മുമ്പേ അപവാദം പറഞ്ഞിട്ടുണ്ടാകും.

യേശുവിനെ ക്രൂശിച്ചത് പരദൂഷണം മുഖേനയാണ്. അവർ അവനെപററി നുണകാം പ്രചരിപ്പിച്ചു. അവൻ ശമര്യക്കാരനാണ് അവനിൽ ഭൂതം ഉണ്ട്, അവൻ നിയമങ്ങാം ലംഘിക്കുന്നു, അവൻ ദൈവ ദൂഷകനാണ് എന്നിങ്ങനെ അവനെ ദുഷിച്ചു. യേശുവിൻെറ മരണം പരദൂഷണം മുഖേനയായിരുന്നു എന്ന് അറിയാവുന്നതിനാൽ ക്രിസ്ത്യാനികളായ നാം അവയിൽ നിന്ന് ഒഴിഞ്ഞു മാറി നില്കുകയും ഒരിക്കലും അത് ശ്രദ്ധിക്കാതിരിക്കയും വേണം.

# ഒക്ടോബർ 9

"ദൈവം ലോകത്തിൽ ദോഷത്വമായതു തിരഞ്ഞെടുത്തു."

(1കൊരിന്ത്യർ 1:27)

പലരും മനോവിഷമങ്ങളിൽ കൂടി കടന്നു പോയിട്ടുള്ളവരാണ്. ചിലർ മനോരോഗികളായി ചികിത്സയിൽ കഴിഞ്ഞിട്ടുണ്ടാകും. പക്ഷേ അവർ സുഖമായി തിരിച്ചെത്തിയാലും അവരെ ഭ്രാന്തൻമാരായാണ് എല്ലാവരും പരിഗണിക്കുന്നത്. അവർ മനോരോഗികളായിരുന്നു എന്നും ആ കാരണത്താൽ മററുള്ളവർ അവരുടെ അഭിപ്രായങ്ങൾക്ക് വിലകൊടുക്കയില്ല എന്നും അവർക്ക് അറിയാം.

കമ്മ്യൂണിസ്ററ് തടവറകളിൽ പീഢനംമൂലം മാനസീക രോഗികളായി തീർന്നവരുമായി സഹവാസംമൂലം എനിക്ക് അവരുടെ അനുഭവങ്ങളെപ്പററി നേരിട്ടറിവുണ്ട്. നേരത്തേ മനോരോഗം ഉണ്ടായിരുന്നവരോ ഇപ്പോഴും മനോരോഗ ബാധിതരോ ആയവരെപററി തരംതാഴ്ത്തി ചിന്തിക്കുന്നത് അടിസ്ഥാന രഹിതമാണ്. നിങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ അതിനെ പ്രാർത്ഥനയോടുകൂടെ നേരിടുക. ഈ അവസ്ഥയിലുള്ള മററുള്ളവരെ ആശ്വസിപ്പിക്കുക.

അഡോൾഫ് വൂൾഫ്ളിയുടെ ചിത്രങ്ങൾ യൂറോപ്പിലെ പല നഗരങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ കലയെപററി അനേകം പഠനങ്ങൾ നടന്നിട്ടുണ്ട്. നിരവധി പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. വൂൾഫ്ളി പ്രഖ്യാതനായ ചരിത്രകാരൻ എന്നതിനോടൊപ്പം തന്നെ ഒരു എഴുത്തുകാരൻ എന്ന നിലയിലും ഒരു സംഗീത സംവിധായകൻ എന്ന നിലയിലും പ്രശസ്തനായിരുന്നു.

അദ്ദേഹത്തിൻെറ ജീവചരിത്രം ശ്രദ്ധേയമാണ്. അദ്ദേഹത്തിന് 7 വയസ്സുള്ളപ്പോൾ പിതാവ് അമിത മദ്യപാനം മൂലം മരണമടഞ്ഞു. പത്തുവയസ്സു മുതൽ അഡോൾഫ് ജീവിക്കാനായി ജോലി ചെയ്തു തുടങ്ങി. അദ്ദേഹത്തിന് മുപ്പതു വയസ്സുള്ളപ്പോൾ മൂന്നു വയസ്സുള്ള ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തുവാൻ ശ്രമിച്ചു എന്ന ആരോപണം ചുമത്തി ഭ്രാന്താശുപത്രിയിൽ ആക്കി. വൂൾഫ്ളി അവിടെ 35 വർഷം ചിലവഴിച്ച് 1930-ൽ അവിടെവച്ചു തന്നെ മരിക്കയും ചെയ്തു. അവന് സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. അവനെ ചിത്രകല ആരും അഭ്യസിപ്പിച്ചില്ല. ഭ്രാന്താശുപത്രിയിൽ ഉണ്ടായിരുന്ന ചുരുക്കം ചില പുസ്തകങ്ങൾ ഒഴികെ സ്വയം വിദ്യഭ്യാസം നേടുവാൻ സാഹചര്യങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു.

ദൈവം നല്കിയിട്ടുള്ള നൈസർഗീക കഴിവുകൾ ഉപയോഗിച്ച് ഒരുവന് മനോരോഗത്തെ തോല്പിച്ച് സമൂഹത്തിന് ഉപകാരി എന്നു മാത്രമല്ല സമൂഹത്തിൽ ഉന്നതനായ വ്യക്തി ആയിത്തീരാമെങ്കിൽ ദൈവത്തിൽ വിശ്വാസം അർപ്പിച്ചിരിക്കുന്ന ദൈവ പൈതലിന് പരിശുദ്ധാത്മാവിൻെറ സഹായത്തോടെ എത്രയധികം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും?

നിങ്ങൾ എന്നെങ്കിലുമോ ഇപ്പോഴോ മാനസീകരോഗിയായിരുന്നു അഥവാ

ആണ് എങ്കിൽ ദൈവം തന്നെയാണ് നിന്നോട് കോപിച്ച് നിനക്ക് ഈ രോഗം വരുത്തിയിരിക്കുന്നത് (രൂത്ത് 1:20-21) ദൈവം എടുത്തുകളയുന്നത് അവൻ ഏഴു മടങ്ങായി തിരികെ നല്കും എന്ന് ഇയ്യോബിന്റെ കാര്യത്തിൽ തെളിയിച്ചിട്ടുള്ളതാണ്. ഭ്രാന്ത് ഒരു പരാധീനത മാത്രമല്ല ഒരു നേട്ടം കൂടിയാണ്.

നിങ്ങൾക്ക് അറിയാവുന്ന വ്യക്തിക്ക് കലാപരമായ പാടവം ഉണ്ടായിരിക്കയില്ല എങ്കിൽതന്നെ അവന് നിങ്ങളുടെ കുടുംബത്തിന്റേയോ നിങ്ങളുടെ സഭയുടേയോ പ്രയോജനകാരിയായ ഒരംഗം ആയിരിക്കുവാൻ സാധിക്കുന്നതാണ്.

---

## ഒക്ടോബർ 10

---

"അവർ സ്തോത്രം പാടി" (മത്തായി 26:30)

നിങ്ങൾ കേൾക്കുന്ന പാട്ടുകളെ സൂക്ഷിക്കുക. റോക്ക് സംഗീതമാണ് മാരകമായത്.

ദൈവത്തിന്റെ വെളിപ്പാട് എഴുത്തുകൾ മാത്രമല്ല. എബ്രായ വേദപുസ്തകത്തിൽ സംഗീതത്തിന്റെ അടയാളങ്ങളും ഉണ്ട്. അതു വായിക്കുവാനല്ല. അത് വാക്കുകളുടെ ഉയർച്ച താഴ്ച അനുസരിച്ചു ആലപിക്കുവാനാണ്. അതിന്റെ സ്വരമാധുര്യം കൂടി ഉൾക്കൊണ്ടാലെ വേദപുസ്തകം പൂർണ്ണമായും ദൈവത്തിന്റെ വെളിപ്പാട് ആവുകയുള്ളൂ.

അധമമായതും അസഭ്യമായതും ധാർമ്മികമായി തെററിക്കുന്നതുമായ സംഗീതം ഉണ്ട്. സെർവാൻറ്സ്, ഗ്വേയ്ഥേ, ടോൾസ്റേറായി എന്നീ അതികായന്മാർ ചില അസന്മാർഗ്ഗികമായ സംഗീതത്തെപററി ഭയം പ്രകടിപ്പിച്ചിട്ടുണ്ട്. കുടുംബങ്ങളെ തകർക്കുന്ന സംഗീതങ്ങൾ ഇന്ന് ഉണ്ട്. പരസ്പരവിരുദ്ധങ്ങളായ സംഗീതങ്ങൾ ശ്രവിച്ചാൽ രണ്ടു തലമുറകൾ തമ്മിലുള്ള ധാരണ അസാദ്ധ്യമാകും. എല്ലാ ശാസ്ത്രീയ സംഗീതങ്ങളും നല്ലതല്ല. ബീഥോവന്റെ ക്രെവ്ററ്സർ സോനാററ ശ്രദ്ധിക്കുന്ന ആർക്കും അതിലെ ശൃംഗാര രസത്തെ അതിജീവിച്ച് പിടിച്ചു നിൽക്കാൻ സാദ്ധ്യമല്ല എന്ന് ടോൾസ്റേറായി പറയുന്നു. അവരുടെ സദാചാരം അപകടത്തിലാവുകയും അവസരം ലഭിച്ചാൽ സംഭവിക്കാത്തത് സംഭവിക്കുകയും ചെയ്യും.

വെൽഡിയുടെ ഒഥല്ലോയിൽ മൂർ ഡെസ്ഡിമോണായെ ശ്വാസം മുട്ടിക്കുമ്പോഴുണ്ടാകുന്ന സംഗീതം കേട്ടാൽ ഭയാനകമായി തോന്നും. ശലോമി സ്നാപക യോഹന്നാന്റെ തല ഒരുതാലത്തിൽ കൊടുക്കുവാൻ ആവശ്യപ്പെടുമ്പോഴത്തെ സ്ട്രാവൂസിന്റെ സംഗീതം കേട്ടാൽ ഞെട്ടിപ്പോകും. എല്ലാ സംഗീത നാടകത്തിന്റേയും ഇതിവൃത്തങ്ങൾ അധോലോക അംഗങ്ങൾ എഴുതിയതായിരിക്കാം. അങ്ങനെ നാടക വേദികളിൽ കുററങ്ങൾ സ്വർഗ്ഗീയ സംഗീതത്തിന്റെ തുണയോടുകൂടി അവതരിപ്പിക്കുന്നു. ഇത് പാപങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കുന്നു.

Passion According to St. Matthew എന്ന ബീഥോവന്റെ സംഗീതത്തിൽ യേശുവിനെ ചമ്മട്ടികൊണ്ട് അടിക്കുന്നതിനെ പററി പാടുന്നതു

കേട്ടിട്ട് ആളുകൾ പരസ്പരം മന്ത്രിക്കും ''എത്ര ഭംഗിയേറിയ സ്വരമാധുര്യം.''

പല പാപങ്ങളും ഇങ്ങനെയാണ് നമ്മുടെ ആത്മാവിൽ ശക്തിപ്പെടുന്നത്. ക്രിസ്ത്യാനികൾ സംഗീതത്തിന്റെ കാപട്യത്തെപ്പററി സൂക്ഷ്മതയുള്ളവരാണ്.

യേശു സ്തോത്രം ചെയ്തുകൊണ്ട് ഗത്സമനയിലേക്കു പോയി. അവന്റെ സംഗീതലയങ്ങൾ പാടുക. ദൈവത്തിന് നല്ലതു എന്നു തോന്നുന്ന സംഗീതം മാത്രം ശ്രവിക്കുക.

## ഒക്ടോബർ 11

''വാങ്ങി ഭക്ഷിപ്പീൻ; ഇത് എന്റെ ശരീരം.'' (മത്തായി 26:26)

ഒന്നാം ലോക മഹായുദ്ധക്കാലത്ത് ഏകദേശം 20 ലക്ഷം അർമേനിയാക്കാർ തങ്ങളുടെ രാഷ്ട്രത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ തുർക്കികളാൽ കൊല്ലപ്പെടുകയുണ്ടായി.

ഡെർ എസ്ഡോർ എന്ന സ്ഥലത്ത് ഒരു പററം അർമേനിയക്കാരെ വെടിവച്ചു കൊല്ലുവാൻ നിരത്തി നിർത്തി. അവരിലൊരുവനായ മേവി എന്ന ആൾ പടയാളികളോട് പറഞ്ഞു: ''ഒരാൾക്ക് അവന്റെ ദൈവത്തെ ആരാധിക്കുവാൻ സമയം കൊടുക്കാതെ അവനെ കൊല്ലരുത് എന്നാണല്ലോ ഖുറാൻ അനുശാസിക്കുന്നത്.'' അവർ മേവിയുടെ അഭ്യർത്ഥന അംഗീകരിച്ചു.

അവൻ വെളിപ്പാട് 2:10 ആസ്പദമാക്കി ഒരു ചെറുപ്രസംഗം നടത്തി. ''നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ..... മരണ പര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ജീവ കിരീടം നിനക്കു തരും.'' അവർ ഒരുമിച്ചു പാടുകയും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്തു. അവർക്കു അപ്പം ഇല്ലാഞ്ഞതിനാൽ നിലത്തു നിന്നും കുറച്ചു മണൽ വാരിയെടുത്ത് ''വാങ്ങി ഭക്ഷിപ്പീൻ; ഇത് എന്റെ ശരീരം'' എന്നു വാഴ്ത്തി വിതരണം ചെയ്തു എല്ലാവരും അല്പം മണൽ വിഴുങ്ങി. അതിനുശേഷം അവരെ വെടിവച്ചു. പെട്ടെന്നു തന്നെ മരിക്കാതിരുന്നവർ തങ്ങളുടെ രക്തത്തിൽ വിരൽ മുക്കി. മരിച്ചുകൊണ്ടിരിക്കെതന്നെ മേവി അവരോടു പറഞ്ഞു: ''എല്ലാവരും ഇതിൽ നിന്നു കുടിപ്പീൻ. ഇതു അനേകർക്കുവേണ്ടി പാപമോചനത്തിനുവേണ്ടി ചൊരിയുന്ന എന്റെ രക്തം.''

ക്രിസ്തു രണ്ട് സ്വഭാവങ്ങൾ അടങ്ങുന്ന ഒരു വ്യക്തിയാണ്. ഒരു മനുഷ്യനും ഒരു ദൈവവും. അവന് രണ്ട് ശരീരങ്ങളും ഉണ്ട്. ഒന്ന് ഒരു യഹൂദനായ മരപ്പണിക്കാരന്റെ ശരീരം—അത് മരണശേഷം മഹത്വത്തിൽ സ്വർഗ്ഗത്തിലേക്ക് കരേററപ്പെട്ടു. രണ്ടാമത്തേത് സഭ എന്ന അവന്റെ ശരീരം. വിശുദ്ധ കുർബ്ബാനയിൽ ''ഇത് എന്റെ ശരീരമാകുന്നു'' എന്നു പറയുമ്പോൾ ഈ രണ്ടു ശരീരങ്ങളേയും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. യേശു 2000 വർഷങ്ങൾക്കു മുമ്പ് പലസ്ററീനിൽ വച്ച് രക്തം ചൊരിയുകയും കഷ്ടം അനുഭവിക്കുകയും ചെയ്തത് തന്റെ മർത്ത്യ ശരീരത്തിലായിരുന്നു. ഇന്നും അവനായി കഷ്ടത അനുഭവിക്കുന്നവർ രക്തം ചൊരിയുമ്പോൾ അവന്റെ ശരീരം തന്നെയാണ് അതു അനുഭവിക്കയും രക്തം ചൊരിയുകയും ചെയ്യുന്നത്. അവർ സ്വന്തരക്തത്തിലുള്ള വിശുദ്ധ കുർബ്ബാനയിൽ പങ്കു കൊണ്ടപ്പോൾ അത്

അവൻെറ രക്തം ആയിരുന്നു.

നിങ്ങഠം അവൻെറ ശരീരത്തിൻെറ അംശമാകുന്നു. അതിന്നുയോഗ്യമായ രീതിയിൽ പെരുമാറുക.

## ഒക്ടോബർ 12

"മൂഢാ, ഈ രാത്രിയിൽ നിൻെറ പ്രാണനെ നിന്നോട് ചോദിക്കും."

(ലൂക്കോസ് 12:20)

എത്ര വർഷത്തെ ജീവിതം നമുക്കുണ്ട്.

ഒരു രാജാവ് തൻെറ വിദൂഷകന് ഉന്നത സ്ഥാനത്തിൻെറ അടയാളമായി ഒരു വടിനല്കി കൊണ്ട് പറഞ്ഞു: "ഞാൻ നിങ്ങളെ വിദൂഷകന്മാരുടെ തലവനായി നിയമിക്കുന്നു. നീ നിന്നെക്കാഠം കോമാളിയായവനെ എന്നെങ്കിലും കണ്ടാൽ ഇത് അവന് കൈമാറിയേക്കണം."

വർഷങ്ങഠം കടന്നുപോയി. രാജാവ് മരണ ശയ്യയിൽ ആയി ഈ വിദൂഷകൻ രാജാവിനോട് ചോദിച്ചു: "നീ എവിടേക്ക് പോകുന്നു എന്ന് നിനക്ക് അറിയാമോ?"

"ഇല്ല. ഞാൻ മരിക്കും എന്നേ എനിക്കറിയുള്ളൂ." രാജാവ് മറുപടി പറഞ്ഞു.

"അപ്പോഠം രാജാക്കന്മാർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തതുണ്ട്. നിങ്ങഠം നിങ്ങഠംക്കായി എന്തെങ്കിലും ധനം ഈ ലോകത്തിൽ നിന്നും പോകുമ്പോഠം കൊണ്ടുപോകാൻ കരുതിയിട്ടുണ്ടോ?"

"ഞാൻ ഒരിക്കലും അതെപററി ചിന്തിച്ചിട്ടില്ല."

"നിങ്ങഠംക്ക് ഒരിക്കൽ മരിക്കണം എന്ന് അറിയാമായിരുന്നിട്ടും നിങ്ങഠം നിശ്ചിതമായ യാതൊന്നും തിരഞ്ഞെടുത്തിട്ടില്ല. നിങ്ങഠം സ്വർഗ്ഗത്തിനുവേണ്ടി ഒരുങ്ങിയില്ല. നിങ്ങഠംക്ക് നരകം ഒഴിവാക്കാൻ കഴിഞ്ഞില്ല."

"ഈ കാര്യങ്ങളെ പററി അഗാധമായി ചിന്തിക്കുവാൻ പോലും സമയം ചിലവാക്കിയില്ല."

വിദൂഷകൻ തൻെറ ഉടുപ്പിൻെറ കയ്യിൽ ഒളിപ്പിച്ചു വച്ചിരുന്ന വടി എടുത്ത് രാജാവിന് തിരിച്ചു നല്കി. "ഇപ്പോഠം ഞാൻ നിങ്ങളെ വിഡ്ഢികളുടെ തലവനായി നിയമിക്കുന്നു" എന്നു പറഞ്ഞു.

നിങ്ങഠം മരിക്കും എന്ന് ഓർക്കുക. എന്നാൽ മരണം എപ്പോഠം സംഭവിക്കും എന്ന് അറിയില്ല എന്നും ഓർത്തുകൊള്ളുക.

## ഒക്ടോബർ 13

"ക്രിസ്തുവിൻെറ അപ്പൊസ്തലന്മാർ എന്ന അവസ്ഥയ്ക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങഠം മനുഷ്യരോട്, നിങ്ങളോടാകട്ടെ മററുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല."

(1 തെസ്സലൊനീക്യർ 2:6)

ഒരു ക്രിസ്ത്യാനി എളിമയും അനുസരണയും ഉള്ളവനായിരിക്കേണം

എന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒരു ചെകിട്ടിൽ അടിക്കുമ്പോൾ അവൻ മറെറ ചെകിടും കാട്ടികൊടുക്കണം. ചിത്രം വരയ്ക്കുവാനുള്ള കാൻവാസ് ചിത്രകാരനോട് കയർക്കുന്നില്ല; അതിൽ ചിത്രകാരൻ അവന് ഇഷ്ടമുള്ള പടം വരയ്ക്കുന്നു — അത് തെണ്ടിയുടേയോ, രാജാവിൻെറയോ ചിത്രം ആകാം. ഒരു ക്രിസ്ത്യാനി ജീവിതത്തിലെ ചുററുപാടുകളെ ദൈവത്തിങ്കൽ നിന്നും ലഭിച്ചവയായി മനസ്സിലാക്കി സ്വീകരിക്കുന്നു. അവനു പുരോഗതി ഉണ്ടായാൽ അവൻ അതിൽ അഹങ്കരിക്കുന്നില്ല. ഒരു മനോഹരമായ പടം വരയ്ക്കാനുപയോഗിച്ച ബ്രഷിന് അതിൽ അഭിമാനിക്കാനെന്തിരിക്കുന്നു? ചിത്രകാരനാണ് മഹത്വത്തിന് അർഹനായത്. ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധവും ഇപ്രകാരം ഉള്ളതാണ്. ഒരു ക്രിസ്ത്യാനി ആരിൽ നിന്നും പുകഴ്ച പ്രതീക്ഷിക്കയില്ല.

ക്രിസ്തുവും പൗലോസും എളിമ ഉള്ളവരായിരുന്നു. അവരുടെ എളിമ ഒരു പ്രത്യേക രീതിയിൽ ഉള്ളതായിരുന്നു എന്നത് ശ്രദ്ധേയമാണ്. മററുള്ളവരെ അതു മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. "ഞാൻ എൻെറ മഹത്വം അന്വേഷിക്കുന്നില്ല." (യോഹന്നാൻ 8:10) "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകുന്നു." (മത്തായി 11:29) എന്നും യേശു പറഞ്ഞു. താൻ പുകഴ്ചയും മഹത്വവും അല്ല കാംക്ഷിക്കുന്നത് എന്ന് പൗലോസും മററുള്ളവരോട് പറയേണ്ടിവന്നിട്ടുണ്ട്. സാധാരണ ഗതിയിൽ ഒരുവൻ തൻെറ എളിമയെപ്പററി മററുള്ളവരോട് പറഞ്ഞുകൊണ്ട് നടക്കാറില്ല. ഒരുവൻ മററുള്ളവർക്കു വളരെ അഹങ്കാരിയും നിഗളിയുമായി തോന്നപ്പെടുമ്പോൾ മാത്രമാണ് അവർക്കു തങ്ങളുടെ നിലപാട് എന്താണ് എന്ന് വിവരിക്കേണ്ടിവരുന്നത്.

ഒരു ക്രിസ്ത്യാനി തൻെറ കാര്യങ്ങളിൽ എളിമയുള്ളവനായിരിക്കുന്നു എങ്കിലും ദൈവത്തിങ്കൽ നിന്നു ലഭിച്ചിട്ടുള്ള ദൂതിൻെറ കാര്യത്തിൽ അവനു പ്രത്യേക സമീപനമാണുള്ളത്. ഈ ദൗത്യം അവൻ എല്ലാ അധികാരത്തോടും കൂടി നിർവഹിക്കുന്നു; അതിനായി ആരുമായി എതിരിടുവാനോ മററുള്ളവർക്കു ഭാരമോ, അലോരസമോ ആയി തോന്നപ്പെടുവാനോ ഇടയായാലും അവർ അത് ചുമതലയോട് കൂടെ നിറവേററുന്നു. "ക്രിസ്തുവിൻെറ അപ്പൊസ്തോലന്മാർ എന്ന അവസ്ഥയ്ക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും" (1തെസ്സലോനിക്യർ 2:6) താൻ മനുഷ്യരുടെ ഇടയിൽ പുകഴ്ച ആഗ്രഹിക്കുന്നില്ല എന്ന് പൗലോസ് എഴുതിയപ്പോൾ അവൻ അങ്ങനെ ഒരു ദൗത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു.

ദൈവവേലയ്ക്കായി നിങ്ങളുടെ അധികാരം ഉപയോഗിക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞിരിക്കുക.

## ഒക്ടോബർ 14

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ." (മത്തായി 5:44)

റൊമേനിയായിലെ പീഢിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾ യേശുവിൻെറ ഉപദേശം അനുസരിക്കുന്നതിനെ കുറിച്ചുള്ള ചില യഥാർത്ഥ സംഭവങ്ങൾ താഴെ

കൊടുത്തിരിക്കുന്നു.

ബി. എന്ന വ്യക്തി കമ്മ്യൂണിസ്ററ് ഗവൺമെൻറിൻെറ ഒരു വക്കീൽ ആയിരുന്നു. പാർട്ടിയുടെ വിദ്വേഷത്തിന് പാത്രീഭൂതനായപ്പോൾ അയാളെ തൻെറ സഖാക്കൾ തന്നെ ജയിലിലാക്കി. ഒരിക്കൽ അയാളെ പട്ടിണിക്കിട്ടിരുന്ന ജയിലിൽ നിന്നും ഖനികളിൽ ജോലിചെയ്യുന്ന തടവുകാരുടെ ജയിലിലേക്കു മാററി. അവിടെ കൂടുതൽ ആഹാരം നല്കിയിരുന്നു. കാരണം ഖനികളിൽ കഠിനമായ ജോലികൾ തടവുകാർക്ക് ചെയ്യേണ്ടിയിരുന്നു. ആ അവസരത്തിൽ ജയിലിൻെറ വാതില്ക്കൽ വച്ച് ഒരു അപരിചിതൻ അയാൾക്കു ഭക്ഷിക്കുവാൻ എന്തോനല്കി. അയാൾ ഭക്ഷിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആ അപരിചിതൻ അയാളുടെ അടുത്തു ഇരുന്നു. അയാൾ ആ അപരിചിതൻ എത്ര വർഷത്തേയ്ക്കാണ് ശിക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് ആരാഞ്ഞു. 20 വർഷത്തേയ്ക്കാണ് എന്ന് അയാൾ മറുപടി പറഞ്ഞു.

''എന്താണ് കാരണം.''

''പോലീസ് അന്വേഷിച്ചുകൊണ്ടിരുന്ന ഒരു പാസ്ററർക്ക് ആഹാരം നല്കിയതിനാണ്.''

''ആ നല്ല പ്രവർത്തിക്ക് നിങ്ങളെ ആരാണ് ശിക്ഷിച്ചത്.''

''എൻെറ വിചാരണ നടത്തിയപ്പോൾ നിങ്ങൾ ആയിരുന്നു ഗവൺമെൻറിൻെറ വക്കീൽ. നീ എന്നെ തിരിച്ചറിഞ്ഞില്ല. പക്ഷേ ഞാൻ നിന്നെ മനസ്സിലാക്കി. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. തിന്മയെ നന്മകൊണ്ട് പകരം വീട്ടുവാനാണ് യേശു ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. വിശന്നിരിക്കുന്ന ഒരുവന് ആഹാരം നല്കുന്നത് ഉചിതമാണ് എന്ന് നിന്നെ മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിച്ചു.''

ഡോക്ടർ മുൺടേനുവിൻെറ പിതാവ് റൊമേനിയായിലെ ഒരു ഓർത്തഡോക്സ് പാസ്ററർ ആയിരുന്നു എന്ന കാരണത്താൽ കൊല്ലപ്പെട്ടു. എന്തോ കാരണത്തിന് ഈ ഡോക്ടർ തൻെറ പിതാവിൻെറ ഘാതകർക്ക് അസുഖം ബാധിച്ചപ്പോൾ അദ്ദേഹം അവർക്ക് വൈദ്യസഹായം നല്കിയതു കൂടാതെ തൻെറ അപ്പവും ആഹാരസാധനങ്ങളും കൂടി നല്കി.

സോററ്സേ ഒരു ക്രിസ്ത്യാനിയെ ഒരുന്യായവും ഇല്ലാതെ 20 വർഷത്തേയ്ക്കു ശിക്ഷിച്ചു. കുറച്ചു കാലത്തിനുശേഷം തന്നെ ശിക്ഷിച്ച ജഡ്ജിയും ജയിലിലാക്കപ്പെട്ടു. അദ്ദേഹം ജയിലിൽ മരണ ശയ്യയിലായി. അദ്ദേഹത്തിൻെറ മലവും മൂത്രവും ജയിലിലെ ചുററുപാടിൽ വെള്ളമോ മററ് സാമഗ്രികളോ ഇല്ലാതെ മാറേറണ്ടിയിരുന്നു. സോററ്സേ തൻെറ ശത്രുവിനെ മരണം വരെ ഒരു സഹോദരനെപ്പോലെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തു. അവൻ ആ ജഡ്ജിയെ സമാധാനിപ്പിക്കയും മാപ്പു നല്കുകയും ചെയ്തു.

# ഒക്ടോബർ 15

"ദൈവത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിൻെറ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ." (അപ്പൊ. പ്രവൃ. 4:19)

യേൽ യൂണിവേഴ്സിററിയിൽ നടത്തിയ മാനസീക പരീക്ഷണങ്ങൾ ഒരു സാധാരണ വ്യക്തി എത്ര മാത്രം അധികാരത്തിനു വഴങ്ങി തങ്ങൾക്കു യാതൊരു വിധമായ മാനുഷീക വികാരവും കൂടാതെ മററൊരു വ്യക്തിയിൽ എത്രമാത്രം കഠോരമായ പീഡനം ഏല്പിക്കും എന്ന് തെളിയിച്ചു.

ഈ പരീക്ഷണത്തിന് ഷോക്ക് നല്കുന്ന ഒരു യന്ത്രവും മൂന്നു വ്യക്തികളേയുമാണ് ഉപയോഗിച്ചത്. പരീക്ഷകൻ ഒരു അധികാരിയായിരുന്നു. മററൊരാൾ ഒരു വിദ്യാർത്ഥിയായി അഭിനയിക്കണം. മൂന്നാമത്തെ വ്യക്തി- പരീക്ഷണ വസ്തു. അയാൾ അദ്ധ്യാപകനായി ഈ വിദ്യാർത്ഥിയെ പഠിപ്പിക്കുന്നു.

ഇലക്ട്രിക് ഷോക്ക് നല്കുന്ന യന്ത്രം യഥാർത്ഥമായി തോന്നിച്ചു. ഇതേൽ 15 മുതൽ 415 വരെ വോൾട്ടുകൾ അടയാളപ്പെടുത്തിയ സ്വിച്ചുകളിൽ ചെറിയ ഷോക്ക് കടുപ്പം ഉള്ള ഷോക്ക്, 'അപകടം' 'അതികഠിനമായ ഷോക്ക്' എന്നും അവസാനത്തെ സ്വിച്ചിൽ 'XXX' എന്നും അടയാളപ്പെടുത്തിയിരുന്നു. വിദ്യാർത്ഥിയുടെ പങ്കു വഹിച്ച വ്യക്തിക്ക് ഇതു യാതൊരു ഷോക്കും നല്കിയിരുന്നില്ല.

അദ്ധ്യാപകനായ വ്യക്തി "വിദ്യാർത്ഥി"യെ നിസാരമായ പല കാര്യങ്ങളും പഠിപ്പിച്ചശേഷം പരീക്ഷിക്കുന്നു. "വിദ്യാർത്ഥി" തെററായ ഉത്തരം നല്കിയാൽ പരീക്ഷണവസ്തുവായ അദ്ധ്യാപകൻ ആദ്യം ചെറിയ ഷോക്കും പിന്നീട് കഠിനമായതും, അതികഠിനമായ ഷോക്കും നല്കുന്നു. വിദ്യാർത്ഥി ഉച്ചത്തിൽ കരയുകയും ഹൃദയത്തിൽ വിമ്മിട്ടം ഉണ്ട് എന്ന് പരാതി പറയുകയും ബോധക്ഷയം കാണിക്കുകയും ചെയ്തു. അദ്ധ്യാപകൻ അത് യഥാർത്ഥമെന്ന് വിശ്വസിച്ചു.

പരീക്ഷകൻ കൂടുതൽ ശക്തിയേറിയ ഷോക്കുകൾ നല്കുവാൻ അദ്ധ്യാപകനോട് ആജ്ഞാപിക്കയും "വിദ്യാർത്ഥി"യുടെ കഠിനമായ വേദനയെ അവഗണിച്ച് അതു തുടരുവാനും പറയുന്നു.

യേൽ യൂണിവേഴ്സിററിയിൽ നടത്തിയ പരീക്ഷണത്തിൽ മൂന്നിൽ രണ്ടു ഭാഗവും അദ്ധ്യാപകർ പരീക്ഷകനെ അനുസരിച്ചു. വിദ്യാർത്ഥി പ്രദർശിപ്പിച്ച കഠോര വേദനയിൽ സന്തുഷ്ടരായില്ല. അവർക്കു നല്കിയ ആജ്ഞ അവർ പൂർത്തീകരിച്ചു. ജർമ്മനിയിൽ ഇതേ പരീക്ഷണത്തിൽ 85% പേരും അധികാരിയെ അനുസരിച്ചു.

ദൈവസ്നേഹത്തിൻെറ എതിരായി എന്തുതന്നെ ആജ്ഞാപിച്ചാലും ക്രിസ്ത്യാനികൾ അനുസരിക്കയില്ല. ഈ മനസ്സിൻെറ സ്വാതന്ത്ര്യം എന്ന കാരണത്താൽ മൃഗീയരായ ഭരണകർത്താക്കൾ ക്രിസ്ത്യാനികളെ വെറുക്കുന്നു. നമ്മുടെ സ്വാതന്ത്ര്യം നാം ഒരിക്കലും ഉപേക്ഷിക്കരുത്. അല്ലാത്തപക്ഷം നാമും കുററവാളികളുടെ കൂടെ പങ്കാളികൾ ആകും.

## ഒക്ടോബർ 16

"സാറായി അബ്രഹാമിനോട്: ഞാൻ പ്രസവിക്കാതിരിപ്പാൻ യഹോവ എന്റെ ഗർഭം അടെച്ചിരിക്കുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും; പക്ഷേ അവളാൽ എനിക്കു മക്കൾ ലഭിക്കും എന്നു പറഞ്ഞു. അബ്രഹാം സാറായിയുടെ വാക്കുകൾ അനുസരിച്ചു." (ഉല്പത്തി 16:2)

ഈ വാക്യത്തെപ്പററി താൽമുദിൽ പറയുന്നതു തന്റെ ദാസിയെ സ്വീകരിപ്പാൻ സാറാ അപേക്ഷിച്ചപ്പോൾ അബ്രഹാം അവളുടെ ആജ്ഞയ്ക്കു വഴങ്ങുകയായിരുന്നു എന്നത്രെ.

എബ്രായ ഭാഷയിൽ "വാക്കു അനുസരിച്ചു" എന്നത് മൂന്നു വിധത്തിൽ പറയാം. 'Shamoa lekol, Shamoa el kol, Shamoa lekol.' 'Lekol' എന്നാൽ ഒരാളുടെ ആജ്ഞയ്ക്ക് വഴങ്ങുക എന്നാണ്. ഉല്പത്തി 3:17-ൽ ദൈവം ആദാമിനോട് "നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിച്ചു" എന്നു പറയുന്നതിൽ നിന്നും ഹവ്വായും ആദാമിന്റെ മേൽ നിയന്ത്രണാധികാരം പുലർത്തി തന്റെ ഇഷ്ടം നടപ്പാക്കി. അങ്ങനെ ആദാം നിഷിദ്ധമായിരുന്ന വൃക്ഷത്തിന്റെ ഫലം തിന്നു എന്ന് മിഡ്റാഷിൽ വ്യാഖ്യാനിക്കുന്നു. ഈ വ്യാഖ്യാനം "വാക്ക് അനുസരിച്ചു" എന്നത് Shamoa lekol എന്ന അർത്ഥത്തിൽ ആണ്.

മറെറാരാൾ തന്റെ അധികാരം വാക്കുകളിൽ കൂടി ഉപയോഗിച്ച് നമ്മെ പാപത്തിലേക്കു നയിക്കുവാൻ ശ്രമിക്കുന്നത് നമുക്ക് മനസ്സിലാക്കാം.

കർത്താവായ യേശു പറഞ്ഞത് "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു..... നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം." (മത്തായി 20:25-27) ഒരു ദാസൻ അപേക്ഷിക്കുകയേ ഉള്ളൂ. അവൻ ആജ്ഞാപിക്കയില്ല. നാം സ്നേഹത്താലോ അല്ലെങ്കിൽ ഒരു ഉപദേശത്തിലെ നന്മയെ കണക്കാക്കിയോ അത് അനുസരിക്കും. അല്ലാതെ അനുസരിച്ചില്ലങ്കിൽ മററുള്ളവർ നമുക്ക് കഷ്ടത നല്കും എന്ന പേടിയാലല്ല. നമ്മെ സ്നേഹിക്കുന്ന ഒരു വ്യക്തി നമുക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും നല്കുന്നു.

ക്രിസ്ത്യാനികൾ വലിയ സ്വേച്ഛാധിപതികൾക്കു വഴങ്ങുകയില്ല എന്നു മാത്രമല്ല ദൈനം ദിന ജീവിതത്തിൽ അവർ നടപ്പാക്കുന്ന കഠോരതകൾക്കും വഴങ്ങുകയില്ല.

## ഒക്ടോബർ 17

"എല്ലാവരും പാപം ചെയ്തു." (റോമർ 3:23)

ഒരിക്കൽ ഒരു നിരീശ്വരൻ ക്രിസ്തുമതത്തെ അധിക്ഷേപിച്ചു. വിശ്വാസികളുടെ ഇടയിലുള്ള ദൂഷ്യത്തെ പററിയായിരുന്നു അയാളുടെ വാദം. ഒരു

വിശ്വാസി അയാളോട് ചോദിച്ചു: "നിരീശ്വരൻമാരുടെ സ്വഭാവ ദൂഷ്യത്തെപററി അത്ഭുതപ്പെടുന്ന ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?"

നിരീശ്വരവാദി ഉത്തരം പറഞ്ഞു: "ഇല്ല." "ഇതാണ് ഇതു തമ്മിലുള്ള വ്യത്യാസം." വിശ്വാസി പറഞ്ഞു.

ക്രിസ്തുമതം ഉന്നതമായ ആത്മീക ആദർശങ്ങളും സദാചാര നിലവാരവും നമ്മെ ഉൽബോധിപ്പിക്കുന്നു. ക്രിസ്തുവിൻെറ ജീവിതം തന്നെ ഇതിൻെറ ഉദാഹരണമാണ്. മനുഷ്യർ പാപത്തിൽ ജനിക്കുന്നതിനാൽ അവൻ എത്ര ഒക്കെയത്നിച്ചാലും ഈ ഉന്നതമായ നിലവാരത്തിൽ എത്തിച്ചേരുവാൻ ഉള്ള ശ്രമത്തിൽ പരിപൂർണ്ണ വിജയം സാദ്ധ്യമാകയില്ല.

എന്നാൽ നിരീശ്വരത്വത്തിന് ഇതേപോലെ യാതൊരു പെരുമാററ ചട്ടങ്ങളും ഇല്ല. മാർക്സ് തൻെറ കമ്മ്യൂണിസ്ററ് മാനിഫെസ്റേറായിൽ എഴുതിയിരിക്കുന്നത് താൻ മതങ്ങൾ മാത്രമല്ല നിർത്തലാക്കുവാൻ ആഗ്രഹിക്കുന്നത് എല്ലാ സദാചാരങ്ങളും കൂടി ഇല്ലാതാകണം എന്നത്രേ. സദാചാരം ഇല്ലാത്തയിടത്ത് പരസ്പര വൈരുദ്ധ്യവും ഉണ്ടാകയില്ല.

ഈ കാര്യത്തിൽ നമ്മെ പരിഹസിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം പാപികളാണ് എന്നത് വാസ്തവത്തിൽ നമ്മെ ദുഃഖിപ്പിക്കുന്നു. പക്ഷേ നാം പരിശ്രമിച്ചിട്ടും നമ്മുടെ ലക്ഷ്യത്തിൽ എത്തുവാൻ കഴിയുന്നില്ലെങ്കിലും നാം ജീവിതത്തിൽ ഉന്നതമായ ലക്ഷ്യം കണ്ടിട്ടുള്ള ഒരു കൂട്ടം മനുഷ്യരാണ്.

ഞങ്ങളോടൊപ്പം ചേരുക. ഒരു പക്ഷേ ഒരു വലിയ കൂട്ടമായാൽ നമുക്ക് കുറെ കൂടി വിജയം നേടുവാൻ കഴിഞ്ഞേക്കും.

## ഒക്ടോബർ 18

"ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിൻെറ ഭക്തി വിരുദ്ധമായ വൃഥാലാപങ്ങളേയും തർക്ക സൂത്രങ്ങളേയും ഒഴിഞ്ഞു നില്ക്ക."

(1തിമോഥെയോസ് 6:20)

ശാസ്ത്രജ്ഞാനം നിങ്ങളുടെ വിശ്വാസത്തെ നശിപ്പിക്കുവാൻ അനുവദിക്കരുത്. അത്ഭുതങ്ങളെ അംഗീകരിക്കാത്ത ശാസ്ത്രജ്ഞാനം ശാസ്ത്രീയമല്ല.

ഊർജ്ജതന്ത്രത്തിൽ ചാൾസിൻെറ സിദ്ധാന്തം ഉണ്ട്. ഇതിൻപ്രകാരം ഒരു സ്ഥിരമായ സമ്മർദ്ദത്തിൽ വാതകത്തിൻെറ വ്യാപ്തം ആബ്സല്യൂട്ട് ടെംപറേച്ചറിന് ആനുപാതികമാണ്. ഓരോ ഡിഗ്രി താപമാനം കുറയുമ്പോഴും വാതകത്തിൻെറ വ്യാപ്തം 1/273 കുറയുകയും -273°C-ൽ വ്യാപ്തം ഇല്ലാതാകയും വേണം. പക്ഷേ ഇതു സംഭവിക്കുന്നില്ല. ഇതിൻെറ ഒരു കാരണം -273°C വരെ വാതകങ്ങളെ തണുപ്പിക്കുവാനുള്ള ബുദ്ധിമുട്ട് ആയിരുന്നു. രണ്ടാമതായി, ഇത്രയും താഴ്ന്ന താപനിലയിൽ എത്തുമ്പോഴേക്കും വാതകത്തിൽ ഒരു അവസ്ഥാന്തരം സംഭവിക്കുന്നു എന്നാണ്. 40,000 അടി ഉയരത്തിനു മുകളിൽ സമ്മർദ്ദവും താപനിലയും തമ്മിലുള്ള ബന്ധം വ്യത്യാസപ്പെടുന്നതായിട്ടാണ് കാണപ്പെട്ടത്.

40,000 അടിക്കു മുകളിൽ ചാംസ് സിദ്ധാന്തം തകർക്കപ്പെടുന്നു എന്നോ അല്ലങ്കിൽ അവിടെ വച്ച് നമുക്ക് ഇതുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു സിദ്ധാന്തം പ്രാവർത്തികമാകുന്നു എന്നോ ശാസ്ത്രത്തിന് അംഗീകരിക്കേണ്ടിയിരിക്കുന്നു. അപ്രകാരമെങ്കിൽ അത്ഭുതങ്ങൾ സംഭവിക്കാവുന്നതാണ് എന്ന് ശാസ്ത്രത്തിന് അംഗീകരിക്കേണ്ടിവരും. യേശുവിന്റെ ഉയിർപ്പ് എന്ന അത്ഭുതവും സാദ്ധ്യമാകാം എന്നും സമ്മതിക്കേണ്ടിവരും. ഇപ്പോഴും അറിയപ്പെടാത്തതായ നിയമങ്ങൾ ഉണ്ട് എന്ന് സമ്മതിക്കയാണെങ്കിൽ, അപ്രകാരമുള്ള നിയമങ്ങൾ വേദപുസ്തകത്തിലെ അത്ഭുതങ്ങൾക്കു പിന്നിൽ വർത്തിക്കുന്നു എന്ന വാദം അംഗീകരിക്കേണ്ടിവരും.

വേദപുസ്തകത്തിൽ വിശ്വസിക്കുക. ഒരു ശാസ്ത്രത്തിനും അതിനെ ഖണ്ഡിക്കുവാൻ സാധിക്കയില്ല.

---

## ഒക്ടോബർ 19

---

''നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേയ്ക്കു കാണുന്നതും പിന്നെ മാഞ്ഞു പോകുന്നതുമായ ആവിയല്ലേ?''

(യാക്കോബ് 4:14)

നിങ്ങൾ ഒരു പ്രധാന വ്യക്തി ആണെന്നു വിചാരിക്കുമ്പോൾ നിങ്ങൾ ലോകത്തിൽ ഏററവും പ്രധാനപ്പെട്ടവർ ആണെന്നും നിങ്ങളുടെ സ്ഥാനം മററ് ആരാലും അലങ്കരിക്കപ്പെടുവാൻ സാദ്ധ്യമല്ല എന്നും നിങ്ങൾ വിശ്വസിക്കുവാനിടയാകുന്നു. ഇങ്ങനെയുള്ള സമയത്ത് നിങ്ങളുടെ കൈ ഒരു തൊട്ടിവെള്ളത്തിൽ മുക്കിയ ശേഷം അവ പിൻവലിച്ച് നിങ്ങളുടെ സ്ഥാനത്തെ കുഴിനോക്കുക. അപ്പോൾ നിങ്ങളുടെ ഒഴിച്ചു കൂടുവാൻ പാടില്ലാത്ത അവസ്ഥ ശരിക്കും മനസ്സിലാകും. വെള്ളത്തിൽ നിങ്ങളുടെ കയ്യ് ഉണ്ടായിരുന്നു എന്നതിന്റെ യാതൊരു ലക്ഷണവും കാണുകയില്ല.

സഭയുടെ പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിച്ചിരുന്ന പല ക്രിസ്ത്യാനികളേയും എനിക്കറിയാം. അവരെ ഒക്കെ ഏകാധിപത്യ ഭരണകൂടങ്ങൾ തടവിലാക്കി. അവർ സ്വതന്ത്രരായി വന്നപ്പോൾ സഭ അവരുടെ അഭാവത്തിലും പഴയതുപോലെ തന്നെ നിലനില്ക്കുന്നതായി കാണുവാൻ അവർക്കു സാധിച്ചു. ചിലയിടത്തൊക്കെ അവരുടെ അഭാവം യുവാക്കൾക്കും അവരേക്കാൾ കഴിവുള്ളവർക്കും വളരുവാനുള്ള ഇട ഒരുക്കി.

ദൈവത്തിന്റെ പുത്രനായ യേശു കല്ലറയിൽ കിടന്നു. ഗ്രഹങ്ങൾ അവയുടെ പാതകളിൽ കൂടി സഞ്ചരിക്കുന്നു. പുഷ്പങ്ങൾ ഉണ്ടാകയും കുട്ടികൾ കളിക്കയും ചെയ്യുന്നു. യേശുവിനെ കൂടാതെ നമ്മുടെ പ്രവർത്തനം തുടരുവാനും നാം ഒഴിച്ചുകൂടാൻ പാടില്ലാത്തവർ അല്ല എന്ന് മനസ്സിലാക്കിത്തരുവാനും വേണ്ടി അവൻ ഒരു ചെറിയ കാലയളവിലേക്ക് ലോകത്തിൽ നിന്നും പിൻവാങ്ങിയിരിക്കയാണ്. അവൻ ഉയിർത്തെഴുന്നേററപ്പോൾ അവന് പുതിയ അധികാരങ്ങൾ ഉണ്ടായി.

പുണ്യാത്മാക്കൾ ആരും അവർ ലോകത്തിൽ ഒഴിച്ചുകൂടാൻ

പാടില്ലാത്തവരായി കണക്കാക്കിയിരുന്നില്ല. തൻെറ അഭാവം സഭയെ പീഢിപ്പിക്കയില്ല എന്നു മനസ്സിലാക്കികൊണ്ട് ബാസിൻ തൻെറ പീഢകരോട് ഇപ്രകാരം പറഞ്ഞു. ''ഞാൻ നാടുകടത്തലിനെ ഭയപ്പെടുന്നില്ല കാരണം ലോകം മുഴുവനും ദൈവത്തിൻേറതാണ്. നിങ്ങൾക്ക് എന്നിൽ നിന്നും ഒന്നും തട്ടിപ്പറിക്കുവാൻ സാദ്ധ്യമല്ല. കാരണം എൻെറ വകയായി ഒന്നും ഇല്ല. മരണം എനിക്ക് ഒരു നേട്ടമാണ്. അത് എന്നെ ഞാൻ ആർക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ ആ ക്രിസ്തുവുമായി ഒത്തു ചേരുവാൻ സഹായിക്കുന്നു.

തങ്ങൾ സുപ്രധാന വ്യക്തികൾ ആണ് എന്ന് കണക്കാക്കാത്തതിനാൽ പുണ്യാത്മാക്കൾ പ്രധാന വ്യക്തികളായി കണക്കാക്കപ്പെടുന്നു.

## ഒക്ടോബർ 20

''ആകയാൽ എൻെറ അനുകാരികൾ ആകുവിൻ എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.'' (1കൊരിന്ത്യർ 4:16)

ഒരു ദിവസം ഒരു പിതാവ് മദ്യശാലയിലേക്കു പോയി. അല്പസമയത്തിനുള്ളിൽ അയാളുടെ ചെറിയ ആൺകുട്ടിയും അവിടെ എത്തി. ''ഞാൻ എവിടെയാണ് എന്ന് എങ്ങനെ നീ കണ്ടുപിടിച്ചു?'' പിതാവ് ചോദിച്ചു.

കുട്ടി മറുപടി പറഞ്ഞു: ''മഞ്ഞിൽ പതിഞ്ഞ നിൻെറ കാല്പാടുകളെ ഞാൻ പിൻതുടർന്നു.''

ഒരു ആപ്പിൾ മരത്തിൽ നിന്നും വളരെ ദൂരെ ചെന്ന് വീഴുകയില്ല. നമ്മുടെ പിൻഗാമികൾ നമ്മുടെ കാല്പാടുകളെ പിൻതുടരുന്നു. നമ്മുടെ കാല്പാടുകൾ എവിടേയ്ക്കാണ് നയിക്കുന്നത്?

ഒരിക്കൽ ഞാൻ ഒരു ജയിലിൻെറ വാതിൽക്കൽ നില്ക്കുകയായിരുന്നു. അവിടെ ജീവപര്യന്തം ഒരു കുററവാളിയെ കയ്യിലും കാലിലും ചങ്ങലയാൽ ബന്ധിച്ചിരുന്നു. ഗേയ്ററിനു മുമ്പിൽ പുതിയ കുററവാളികളേയും കൊണ്ട് ഒരു പോലീസ് വാൻ എത്തി അവരിൽ ഈ കുററവാളിയുടെ പുത്രനും ഉണ്ടായിരന്നു. ഒരു കൊലപാതകിയായ അവനേയും ജീവപര്യന്തം ശിക്ഷിച്ച് കയ്യിലും കാലിലും ചങ്ങലയാൽ ബന്ധിച്ചിരുന്നു. പിതാവും പുത്രനും അവിടെ കണ്ടു മുട്ടി.

മകൻ ചങ്ങലയിട്ടു ബന്ധിച്ച തൻെറ കൈ പിതാവിൻെറ നേരെ ഉയർത്തിയിട്ടു ചോദിച്ചു: ''നീ എനിക്ക് ജന്മം നല്കിയത് ഇതിനു വേണ്ടി ആയിരുന്നോ?''

പിതാവ് തലകുനിച്ചു നിന്നതല്ലാതെ ഒരു വാക്കുപോലും പറഞ്ഞില്ല.

നമ്മുടെ ചുവടുകൾ എങ്ങോട്ടു നയിക്കുന്നു?

നാം അബ്രഹാം പിതാവിൻെറ കാൽചുവടുകളെ പിൻ തുടരുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കു ശേഷവും യഹൂദന്മാരും, ക്രിസ്തുമതവും, ഇസ്ളാം മതവും ഇന്നും ഈ കാല്പാടുകളെ പിൻതുടരുന്നു. കൊടുങ്കാററിനോ, വെള്ളപ്പൊക്കങ്ങൾക്കോ അവയെ തുടച്ചു മാററുവാൻ കഴിഞ്ഞിട്ടില്ല. ക്രിസ്തുവിൻെറ രക്തം ചിന്തിയ സ്വയം പരിത്യാഗമാകുന്ന പാതയിൽ കൂടി

പൗലോസ് നടന്നു. കഴിഞ്ഞ 2000 വർഷം ക്രിസ്ത്യാനികൾ അവനെ പിൻഗമിച്ചു.

നിങ്ങളുടെ ചുവടുകളെ സൂക്ഷിക്കുക. അതിൽ സഞ്ചരിക്കുന്നവർ നിങ്ങൾ മാത്രമല്ല.

---

## ഒക്ടോബർ 21

---

"അല്ലയോ, തിമൊഥെയോസേ, നിൻെറ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധികാത്തുകൊള്ളുക." (1തിമൊഥെയോസ് 6:20)

നവോത്ഥാന പ്രസ്ഥാനത്തിനു ശേഷം സഭയ്ക്കുണ്ടായ ഏററവും വലിയ ഒരു നഷ്ടം പുരാതനകാലത്തെ വിശുദ്ധന്മാരുടെ ആദർശങ്ങളും ഉദാഹരണങ്ങളും വിസ്മരിച്ചു എന്നതാണ്.

ആ കാലത്ത് വിശുദ്ധന്മാർ വിനയം ഉള്ളവരായിരുന്നു. രണ്ടാമത്തെ എക്യൂമിനിക്കൽ കൗൺസിലിൽ ജോൺ ക്രിസോസ്ററം കോൺസ്ററാൻറിനോപ്പിളിൻെറ ബിഷപ്പായിരിക്കുന്നതിനെപ്പററി വാദപ്രതിവാദം ഉണ്ടായപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ യോനാ പ്രവാചകനെക്കാൾ ഒട്ടും ഭേദമല്ല. എന്നെ കടലിൽ എറിയുക. ഈ വഴക്ക് അവസാനിക്കട്ടെ." 1തിമൊഥെയോസ് 6:20 വാക്യം തൻെറ ഇടവകക്കാരോട് അവസാന വാക്കുകളായി പറഞ്ഞുകൊണ്ട് തൻെറ അധികാരത്തിൽ നിന്നും അദ്ദേഹം പിൻവാങ്ങി.

അദ്ദേഹം എല്ലാം ത്യജിക്കുവാൻ തയ്യാറായിരുന്നു എങ്കിലും സത്യത്തിൽ നിന്നും അണുവിട വ്യതിചലിക്കുവാൻ തയ്യാറായിരുന്നില്ല. അദ്ദേഹത്തിൻെറ ഉപദേശം ഇപ്രകാരമാണ്. "അഭിപ്രായങ്ങളോട് പൊരുത്തപ്പെടുന്നതുപോലെ തന്നെ അവയുമായി വ്യതിചലിച്ചു നില്ക്കുവാനും സാധിക്കും.....നാം അവിശ്വസ്തയോടു കൂടി പ്രവർത്തിക്കേണ്ടപ്പോഴും, അതിക്രമത്തോടും ആയുധത്തോടും പൊരുതേണ്ടപ്പോഴും നാം സമയത്തേയും ഭരിക്കുന്നവരേയും കണക്കിലെടുക്കരുത്. (സഭയെ ഭരിക്കുന്നവരേയും) നാം തിന്മയുമായി ഒരിക്കലും സൗഹൃദം പാടില്ല. ദുഷ്പ്രേരണയുമായി യാതൊരു സമ്പർക്കവും പാടില്ല. ദൈവത്തേക്കാൾ മറെറന്തിനേയും ഭയക്കുന്നതാണ് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഭയാനകമായ അവസ്ഥ. കാരണം ഈ ഭയം നമ്മെ വിശ്വാസത്തിൻെറയും സത്യത്തിൻെറയും ഒററുകാരനാക്കി മാററുന്നു.

ജോൺ ക്രിസോസ്ററം ഒരു ഉപദേശി ആയിരുന്നു. അദ്ദേഹം തൻെറ ശ്രോതാക്കളെ അനുതപിക്കുവാനായി ആഹ്വാനം ചെയ്തു. അദ്ദേഹം സമൂഹത്തിലെ ദൂഷ്യങ്ങളായ മോശമായ വസ്ത്രധാരണം, ആഡംബരം എന്നിവയേയും, പുരോഹിത വർഗ്ഗം അധികാരത്തിനുവേണ്ടി മത്സരിക്കുന്നതും, സഭയിലെ ഭിന്നിപ്പും കുററപ്പെടുത്തി. അദ്ദേഹം പറഞ്ഞു: "പരസ്പര വിരോധത്തെപ്പോലെ മറെറാന്നും ദൈവത്തെ കോപിപ്പിക്കുന്നില്ല. നാം ഏററവും നല്ല പ്രവർത്തി ചെയ്താലും ഐക്യത നഷ്ടപ്പെടുത്തിയാൽ, ദൈവത്തിൻെറ ശരീരത്തെ ഭിന്നിപ്പിച്ചാൽ നാം ശിക്ഷിക്കപ്പെടും."

നാടുകടത്തപ്പെട്ട അദ്ദേഹത്തിൻെറ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു. " എല്ലാത്തിനും ദൈവം സ്തുതിക്കപ്പെടട്ടെ."

## ഒക്ടോബർ 22

"ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു. നമുക്കുവേണ്ടി തന്നെ താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ." (എഫെസ്യർ 5:2)

1969-ാം ആണ്ട് കെനിയായിലെ ക്രിസ്ത്യാനികൾക്കു വളരെ കഷ്ടത നിറഞ്ഞതായിരുന്നു. അവർ അവിടുത്തെ കിക്കു വർഗ്ഗക്കാരുടെ വിശ്വാസം സ്വീകരിക്കുവാൻ വിസമ്മതിച്ചതിനാൽ പലരേയും ആ വർഗ്ഗക്കാർ കുത്തികൊല്ലുകയും അടിച്ചുകൊല്ലുകയും ചെയ്തു. അങ്ങനെ അടിച്ചു കൊല്ലപ്പെട്ട ഒരു സഹോദരൻെറ ഭാര്യയും അടിയേററ് ആശുപത്രിയിൽ ആയിരുന്നു. അയാളുടെ ശവസംസ്കാരത്തിന് ഭാര്യയെ ആശുപത്രിയിൽ നിന്നും കൊണ്ടുവന്നു. ശവസംസ്കാര ചടങ്ങിൽ പങ്കുകൊള്ളുവാൻ എത്തിയ ആയിരക്കണക്കിന് ആളുകളിൽ അദ്ദേഹത്തെ വെറുത്തവരും ഉണ്ടായിരുന്നു.

മുറിവേററ ആ വിധവ തൻെറ ഭർത്താവിൻെറ കുഴിമാടത്തിൽ നിന്ന് ഇപ്രകാരം പറഞ്ഞു: "ഈ ശവസംസ്കാര ശുശ്രൂഷ തീരും മുമ്പ് നിങ്ങളോട് എൻെറ ഭർത്താവ് മരിക്കുന്നതിന് മുമ്പായി പറഞ്ഞ കാര്യങ്ങൾ ഞാൻ പറയുവാനാഗ്രഹിക്കുന്നു. അദ്ദേഹം എല്ലാവരേയും തൻെറ ഘാതകരേയും പൂർണ്ണമനസ്സോടെ സ്നേഹിക്കുന്നു എന്നും യേശു എല്ലാവരേയും സ്നേഹിക്കുന്നതിനാൽ എല്ലാവരോടും ക്ഷമിച്ചിരിക്കുന്നു എന്നും താൻ സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നും പറയുവാനായി ആവശ്യപ്പെട്ടു. ഈ വിധവയായ ഞാൻ എൻെറ ഭർത്താവിൻെറ മൃതശരീരത്തിന് മുമ്പിൽ വച്ച് നിങ്ങളോട് പറയുന്നു. ഞാൻ അദ്ദേഹത്തെ വധിച്ച ആരേയും വെറുക്കുന്നില്ല. ഞാൻ അവരെ സ്നേഹിക്കുന്നു. ക്രിസ്തു അവർക്കു വേണ്ടിയും കൂടി മരിച്ചതിനാൽ ഞാൻ അവർക്കു മാപ്പു നല്കുന്നു."

ഇതാണ് ക്രിസ്തീയമായ മാപ്പു നല്കൽ. നിങ്ങളെ എന്നും ദ്രോഹിച്ചിട്ടുള്ളവരുടെ ഒരു ലിസ്ററ് ഉണ്ടാക്കുക. അതിൽ വലിയ അക്ഷരത്തിൽ ഇപ്രകാരം എഴുതുക. "യേശു അവരെ സ്നേഹിക്കുന്നു." ഇതിനു ശേഷം ഈ ലിസ്ററ് കത്തിച്ചു കളഞ്ഞ് നിങ്ങളെ ഉപദ്രവിച്ചിട്ടുള്ളവർക്ക് എന്നേക്കും മാപ്പു നല്കുക. നിങ്ങൾ എത്രപേരെ ദ്രോഹിച്ചു എന്ന് ഓർക്കുക. ഒരു വിദ്വേഷം മനസ്സിൽ സൂക്ഷിക്കുന്നത് ക്രൈസ്തവ മാർഗ്ഗം അല്ല.

## ഒക്ടോബർ 23

"ഓരോരുത്തൻെറ പ്രവർത്തി ഇന്നവിധം എന്ന് നീ തന്നെ ശോധന ചെയ്യും." (1കൊരിന്ത്യർ 3:13)

ലോകം ആദരിക്കുന്നവനും ഊർജ്ജതന്ത്രത്തിലെ അവസാന തത്വം കണ്ടു പിടിച്ചവനുമായ ഐൻസ്റ്റീൻ തൻെറ ജീവിതത്തിൻെറ അവസാനത്തിൽ ഇപ്രകാരം പറയുകയുണ്ടായി. "ഞാൻ ഇത് അറിഞ്ഞിരുന്നെങ്കിൽ ഞാൻ ഒരു പ്ളംബർ ആയിത്തീർന്നേനേം." ഇതിൻെറ കാരണം ദുഷ്ടന്മാരിൽ നിന്നും അദ്ദേഹത്തിൻെറ കണ്ടുപിടിത്തങ്ങൾ എങ്ങനെ ഒളിച്ചു വയ്ക്കണം എന്ന് അദ്ദേഹത്തിന് അറിഞ്ഞുകൂടായിരുന്നു. അദ്ദേഹത്തിൻെറ തത്വമാണ് ആദ്യത്തെ അണുബോംബ് ഉണ്ടാക്കുവാൻ ഉപയോഗിച്ചത്.

ഇത് "ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു." എന്ന് പൗലോസ് അപ്പൊസ്തോലൻെറ ജീവിതാവസാന വാക്കുകളിൽ നിന്നും എത്ര വ്യത്യസ്തമാണ്.

ഐൻസ്റ്റീനെപ്പോലെ തന്നെ പൗലോസും ഒരു ഗൂഢതത്വം കണ്ടുപിടിച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാർക്ക് ഒപ്പം അന്യജാതിക്കാരും ദൈവരാജ്യത്തിലേക്കു യോഗ്യരാണ് എന്നതായിരുന്നു അത്. ദൈവം അദ്ദേഹത്തിൽ മററ് പല ദൈവീക രഹസ്യങ്ങളും ഭരമേല്പിച്ചിരുന്നു. അവ എല്ലാം ഉപകാരപ്രദവുമായിരുന്നു. അദ്ദേഹം അത് ലോകത്തിന് വെളിപ്പെടുത്തിയതിൽ ഖേദിക്കുന്നില്ലായിരുന്നു.

തങ്ങളുടെ പ്രവർത്തനങ്ങൾ എത്രമാത്രം പാപികളായ മനുഷ്യരാശിക്ക് വെളിപ്പെടുത്തണം എന്ന് ഉള്ളതിൽ ദൈവത്തിൻെറ വഴികാട്ടലില്ലാതെ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞൻമാരുടെ പ്രവർത്തനം മൂലം രാദശക്തി ഈ നൂററാണ്ടിൻെറ ആരംഭത്തിലേതിനേക്കാൾ മുപ്പത്തി അഞ്ച് മടങ്ങ് കൂടുതൽ ഇന്ന് ലോകത്തിൽ ഉണ്ട്. ശാസ്ത്രജ്ഞന്മാർ മതതത്വങ്ങളെ പരസ്പര വിരുദ്ധങ്ങളാക്കി മാററിയിട്ടുള്ള ദൈവം ഇല്ലാത്ത ശാസ്ത്രത്തിൻെറ വിജയത്തിൽ മാനവരാശി നിലനില്ക്കുമോ എന്നാണ് അറിയേണ്ടത്. വായു, നദികൾ, കടലുകൾ എല്ലാം മലിനീകരിക്കപ്പെട്ടിരിക്കുന്നു.

ദൈവത്തെ സാക്ഷീകരിക്കുന്ന ഓരോ ക്രിസ്ത്യാനിയുടേയും പ്രവർത്തനം മൂലം അനേകം ആളുകൾ നിത്യജീവന് അവകാശികളായിട്ടുണ്ട്.

ജീവിതാവസാനത്തിൽ നിങ്ങൾ ചെയ്തതിനെപററി നിങ്ങൾ ദു:ഖിക്കുമോ അതോ ക്രിസ്തുവിനെ സേവിച്ച് നിങ്ങളുടെ ജീവിതം മഹത്വപൂർണ്ണമാക്കുമോ?

## ഒക്ടോബർ 24

"കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം." (മത്തായി 23:13)

യേശു കപടഭക്തിക്കാരെ കുററപ്പെടുത്തുകയും കപടഭക്തിയെ

സൂക്ഷിച്ചുകൊാംവാൻ നമ്മോട് പറയുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ കൂടരുത് എന്ന് അവൻ ഒരിക്കലും പറഞ്ഞില്ല.

പല ക്രിസ്ത്യാനികളും സഭയിൽ കപടഭക്തിയാണ് എന്ന് പറഞ്ഞ് സഭയെ ഉപേക്ഷിച്ചു. ബിസിനസ്സിൽ മുഴുവനും കപടമാണ്. പക്ഷേ അതിൽ കൂടെ പണം ഉണ്ടാക്കുന്നത് ആരും തടയുന്നില്ല. തലമുറകാം തമ്മിൽ രാജ്യങ്ങാം തമ്മിൽ, ആണും പെണ്ണും തമ്മിൽ ഉള്ള ബന്ധം എല്ലാം കപടമാണ്. ഇതു കണക്കാക്കാതെ മനുഷ്യൻ പ്രേമിക്കയും മക്കളും മാതാപിതാക്കളുമായി സഹവസിക്കയും ചെയ്യുന്നു. രാജ്യങ്ങാം സഹവർത്തിക്കുന്നു. വിവാഹജീവിതം കാപട്യം നിറഞ്ഞതാണ് എന്ന് കണ്ട് അവിവാഹിതരായി കഴിയുന്നവർ എത്രപേർ ഉണ്ട്?

നരകം മാത്രമാണ് കാപട്യത്താൽ നിറഞ്ഞ സ്ഥലം. സഭയിൽ കപടഭക്തിക്കാരാണ് എന്ന കാരണത്താൽ പള്ളിയിൽ പോകാത്ത നിങ്ങാം കപടമനുഷ്യരാൽ നിറയപ്പെട്ടിരിക്കുന്ന നരകത്തിൽ പോകാതെ സൂക്ഷിക്കുക. പള്ളിയിൽ നിങ്ങാം കപടഭക്തിക്കാരോടൊപ്പം ഒരു മണിക്കൂറെ ചിലവിടുന്നുള്ളൂ പക്ഷേ നരകത്തിലാണെങ്കിൽ എന്നും അവരോടൊപ്പം ആയിരിക്കും.

നിങ്ങാം കപടതയെ വെറുക്കുന്നു എങ്കിൽ സ്വർഗ്ഗത്തിലെത്തുവാനുള്ള മാർഗ്ഗങ്ങാം തേടുക. സത്യം നിലനില്ക്കുന്ന ഒരേ സ്ഥലം അതു മാത്രമാണ്.

സഭയിൽ കൂടെയല്ലാതെ ഒരു രക്ഷയും ലഭ്യമല്ല. ദൈവത്തെ പിതാവായി കാണുന്നവൻ സഭയെ മാതാവായി കാണുന്നു. സ്നേഹിക്കുന്ന ഒരു കുഞ്ഞ് തൻെറ അമ്മ അസുഖത്തിലാകുമ്പോാം തള്ളിക്കളയുകയില്ല. ഇതേപോലെ തന്നെ സഭയിൽ ചില തെററുകാം ഉണ്ട് എന്ന കാരണത്താൽ ഒററ ക്രിസ്ത്യാനിയും തൻെറ സഭയെ തള്ളുകയില്ല. ദൈവത്തിൻെറ വചനവും നിയമങ്ങളും സൂക്ഷിക്കുന്നത് സഭയാണ്. അവിടെയാണ് വിശുദ്ധരുമായി സംസർഗ്ഗം ഉണ്ടാകുന്നത്.

കപട ഭക്തിയെപററി പറയുന്നവർ തൻെറ കണ്ണിലെ കോല് എടുത്തിട്ട് മററുള്ളവൻെറ കണ്ണിലെ കരട് എടുക്കുക.

---

## ഒക്ടോബർ 25

---

"യഹോവയുടെ ദയയോ എന്നും എന്നേക്കും......ഉണ്ടാകും."

(സങ്കീർത്തനങ്ങാം 103:7)

എബ്രായ ഭാഷയിലെ ആദ്യത്തെ അക്ഷരം ആൽഫായായാണ്. ഇത് എഴുതിയാൽ ഒരു മനുഷ്യൻ സ്വർഗ്ഗത്തിലേക്കും ഭൂമിയിലേക്കും ചൂണ്ടി കാട്ടി നില്ക്കുന്നതുപോലെയുള്ള ഒരു രൂപമാണ്. അതായത് മുകളിലുള്ള ലോകത്തിൻെറ പ്രതിബിംബമാണ് താഴെയുള്ള ലോകം എന്ന് കാണിക്കുന്നു.

ഗണിത ശാസ്ത്രജ്ഞനായ ജോർജ്ജ് കാൻറർ ആൽഫാ അവ്യവ (infinite)ത്തിൻെറ അടയാളമായി ഗണിത ശാസ്ത്രത്തിലേക്കു കൊണ്ടുവന്നു. ഗണിത ശാസ്ത്രത്തിൽ ട്രാൻസ്ഫിനിററ് എന്ന ആശയം സംഭാവന ചെയ്തതും അദ്ദേഹമാണ്.

എന്താണ് ഈ ട്രാൻസ്ഫിനിററ്? ഒരു പേപ്പറിൽ പത്ത് ഇഞ്ചു നീളമുള്ള ഒരു വര വരയ്ക്കുക. ഈ രേഖയിലുള്ള ബിന്ദുക്കളുടെ എണ്ണം അനന്തമാണ് എന്നു നമുക്ക് അറിയാം. കാൻററുടെ അഭിപ്രായം "വ്യക്തമായും അല്ല" എന്നാണ്. ഈ വരയെ പത്തു ഭാഗമാക്കുക. ഒരിഞ്ചു നീളമുള്ള ഈ രേഖയിലെ ബിന്ദുക്കാം അനന്തമാണ്. അതിനാൽ ആദ്യത്തെ വരയിലുള്ള ബിന്ദുക്കാം അനന്തതയിലും കൂടുതലാണ്. ഇതിനെ അയാാം ട്രാൻസ്ഫിനിററ് എന്നു പറയുന്നു. ഇതേപോലെ മാത്രമേ നമുക്ക് വേദപുസ്തകത്തിൽ "എന്നും എന്നേക്കും" എന്നു പറയുന്നതിനെ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഇതിൽ അനേകം അനന്തതകാം ഉാംക്കൊള്ളുന്നു.

ആൽഫാ മാത്രമേ അതിൻെറ ഓരോ ഭാഗവുമായി തുല്യമായിരിക്കുന്നുള്ളൂ. അതിൻെറ ഓരോ ഭാഗവും അതിനോട് പൂർണ്ണതയുള്ളതാകുന്നു. ഒരു യഹൂദനായ ആശാരി ഒരു അപ്പൊസ്തോലനോട് പറയുന്നു: "എന്നെ കാണുന്നവൻ എൻെറ പിതാവിനെ കാണുന്നു." യേശുമാത്രം 'എല്ലാം' ആകുന്നു. വിശ്വസിക്കുന്ന ഏവരിലും അവനെ കാണുവാൻ കഴിയും.

ആദിമ ക്രിസ്ത്യാനികാംക്ക് "ഒരു സഹോദരനെ കാണുന്നത് ദൈവത്തെ കാണുന്നതുപോലെ ആയിരുന്നു." ലൂഥർ എഴുതിയിരിക്കുന്നു "ഒരു ക്രിസ്ത്യാനി ക്രിസ്തുവാണ്." യേശു പറഞ്ഞിരിക്കുന്നത് വിശക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും ചെയ്യുന്ന സഹായം ദൈവത്തിനു ചെയ്യുന്നതുപോലെയുള്ള നന്മപ്രവർത്തിയാണ്. അവൻ തന്നെയാകുന്നു വിശക്കുന്നവനും തടവിൽ കഴിയുന്നവനും.

ഇത് യുക്തിഹീനമായി തോന്നാം. പക്ഷേ ഇത് വിശ്വാസത്തിലെ സത്യമാണ്.

---

## ഒക്ടോബർ 26

---

"ഹേ മരണമേ, നിൻെറ വിഷമുള്ള് എവിടെ." (1കൊരിന്ത്യർ 15:35)

ഒരു പഴയ ക്രിസ്തീയ കഥയുണ്ട്. അതായത് തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ കഠിനമായ കഷ്ടതയിൽ ദൂതന്മാരുടെ സ്വരം കോംക്കുന്നു.

ഒരു വിശ്വാസി തൻെറ ജീവിതം മുഴുവൻ പ്രകൃതിയിലേയും മനുഷ്യനിലേയും സ്വന്തം ഹൃദയത്തിലേയും ദിവ്യത്വം കണ്ടെത്തുന്നതിനായി ചിലവഴിച്ചു. അവൻ യഹോവയുടെ നാമത്തിൻെറ അർത്ഥം തേടി. വയസ്സുകാലത്ത് അവൻ വിശ്വാസത്തിൻെറ പേരിൽ ശിക്ഷിക്കപ്പെട്ട് ഒരു പുലിയുടെ മുമ്പിലേക്ക് എറിയപ്പെട്ടു.

പുലിയുടെ മുമ്പിൽ എറിയപ്പെടുന്നതിനുമുമ്പായി അയാാം കമ്പി അഴിക്കുള്ളിൽ കൂടി ആ വന്യമൃഗത്തെ സൂക്ഷിച്ചുനോക്കി. ആ പുള്ളികളുടെ ക്രമവും ആകൃതിയും അവൻ വർഷങ്ങളായി തിരഞ്ഞ ദൈവ നാമത്തിൻെറ അർത്ഥം മനസ്സിലാക്കി കൊടുത്തു. എന്തിനാണ് തനിക്ക് ഈ ക്രൂരമായ ശിക്ഷ നല്കപ്പെട്ടത് എന്ന് ഉടനെ അവനു മനസ്സിലായി. തൻെറ ആഗ്രഹം സഫലമാകുന്നതിനുള്ള ഒരേ മാർഗ്ഗം അതായിരുന്നു. അതിനായി പുള്ളി

പുലിയുമായി നേരിൽ കണ്ട് ആ രഹസ്യം മനസ്സിലാക്കുന്നതിന് ദൈവം ഇടയാക്കി.

ഇതേപോലെയുള്ള മരണം മരണമേ അല്ല എന്ന് അവനു മനസ്സിലായി.

മരണം നമ്മെ എല്ലാം ഏതൊരു വിധത്തിലെങ്കിലും വിഴുങ്ങിക്കളയും. "നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ എന്തു തിരയുകയായിരുന്നു?" ഇതാണ് പ്രധാനം. നിങ്ങൾ ശരിയായ വസ്തു തിരഞ്ഞു എങ്കിൽ മരണം നിങ്ങൾക്ക് അത് വെളിപ്പെടുത്തിത്തരും. ദൈവസന്നിധിയിൽ എത്തുവാനുള്ള മാത്രമായിരിക്കും മരണം. ഇത് മരണത്തിൽകൂടെ മാത്രമല്ല നമ്മുടെ ഓരോ കഷ്ടതയിലും കൂടെ സാദ്ധ്യമാണ്. ദൈവനാമത്തെ അതിൻെറ രൂപത്തിൽ തിരയുക.

## ഒക്ടോബർ 27

"അന്നുമുതൽ യേശു യറുശലേമിൽ ചെന്നിട്ടു, മൂപ്പന്മാർ, മഹാ പുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചു തുടങ്ങി." (മത്തായി 16:21)

ദി പേർഷ്യൻ ഇമ്മോർട്ടൽസ്, അമേരിക്കൻ ഗ്രീൻ ബററററ്സ്, ജർമ്മൻ എസ് എസ്, സോവിയററ് ഗ്വാഡിയാ പോലെ എല്ലാ സൈന്യങ്ങൾക്കും ഒരു പ്രത്യേക വിഭാഗം ഉണ്ടായിരിക്കും. ജപ്പാനിലെ കമികാസെ പൈലററ്കൾ വിഖ്യാതരാണ്. അവർ ജീവനോടിരിക്കുമ്പോൾ തന്നെ അവരുടെ മരണ ശുശ്രൂഷ നടത്തിയിരിക്കും. അവർ ഒരു യുദ്ധവിമാനത്തിൽ കയറികഴിഞ്ഞ് അത് പുറത്തുനിന്നും പൂട്ടിക്കളയും. അതിനുശേഷം അവർ ആ വിമാനത്തിലെ ബോംബുകളുമായി ഏതെങ്കിലും ശത്രുക്കപ്പലിൽ ചെന്ന് പതിക്കുകയേ ഉള്ളൂ. അവർ മരിക്കും എന്നത് നിശ്ചയമാണ്. പക്ഷേ അവരുടെ മരണത്തോടൊപ്പം അവർ ശത്രുക്കളേയും നശിപ്പിക്കുന്നു.

യേശു ഈ കമികാസെ വിമാനക്കാരെപ്പോലെയാണ് അവൻ അറിഞ്ഞുകൊണ്ടുതന്നെ പാപികൾക്കായി ക്രൂശിൽമരിച്ചു.

"നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ" (റോമർ 12:1). നമ്മുടെ സ്നാനം നമ്മുടെ മരണ ശുശ്രൂഷയാണ്. നാം ദൈവത്തോടുകൂടെ അടക്കപ്പെട്ടിരിക്കുന്നു. ഈ അനുഭവത്തിൽ കൂടി പോയവർ മാത്രമേ സഭയുടെ തിരഞ്ഞെടുക്കപ്പെട്ടവരാകുന്നുള്ളൂ. ക്രിസ്തുവിൻെറ പീഢാനുഭവത്തിൽ പങ്കാളികളായവർക്കേ അവൻെറ ഉയിർത്തെഴുന്നേല്പിൻെറ ശക്തി അറിയുവാൻ കഴിയൂ.

1955-ൽ പ്രൊഫസർ സിംഗിലിടൺ ജനീവയിൽ വച്ചു നടത്തിയ ഒരു കോൺഫറൻസിൽ ബ്രൂക്ക് ഹെവൻ അണുശക്തി കേന്ദ്രത്തിനടുത്തു വളർത്തിയ ചില പുഷ്പങ്ങൾ . കാണിച്ചു. അവ വെള്ള നിറത്തിൽ ഉള്ളവയായിരുന്നു. ഇപ്പോൾ അവ കരിം ചുവപ്പാണ്. ഇന്നേവരെ അറിയപ്പെടാത്ത ഒരു വർഗ്ഗം ആയി. അവയുടെ എല്ലാ കോശങ്ങളും രൂപാന്തരം പ്രാപിച്ച് പുതിയ വർഗ്ഗമായി വളരുന്നു.

ഇതേപോലെയാണ് യേശുവിനോടൊപ്പം ഉയിർത്തെഴുന്നേററ ഒരു മനുഷ്യനും. അവൻ ദൈവരാജ്യത്തിൻെറ ഒരു വീര പടയാളി ആയിത്തീരുന്നു.

## ഒക്ടോബർ 28

"ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു."
(ഗലാത്യർ 2:20)

ഓരോരുത്തരും അവരവരുടേതായ വ്യക്തിത്വം നില നിർത്തുക എന്ന ഒരു അനുഗ്രഹം ദൈവം നമുക്ക് തന്നിട്ടുണ്ട്. വ്യക്തിത്വം പ്രപഞ്ചത്തിൻെറ ഒരു ഭാഗമല്ല. പക്ഷേ പ്രപഞ്ചം വ്യക്തിത്വത്തിൽ ഉൾക്കൊണ്ടിരിക്കുന്ന എല്ലാത്തിൻെറയും ഒരു ഭാഗം മാത്രമാണ്. കാരണം പ്രപഞ്ചത്തിൽ ഉള്ള എല്ലാവസ്തുക്കളും നമ്മുടെ ചിന്താവസ്തു ആണ്. എന്നാൽ വ്യക്തിത്വം നമുക്ക് ഇന്ദ്രിയ ഗോചരം അല്ല. അത് എപ്പോഴും ഒരുവനിൽ ഉൾക്കൊള്ളുന്നതാണ്.

യേശു പറഞ്ഞു: "ഞാൻ തന്നെ വഴിയും, സത്യവും, ജീവനുംആകുന്നു." "ഞാൻ" എന്ന ദിവ്യ വ്യക്തിയാണ് ഈ വാക്കുകൾ പറഞ്ഞത്. ഈ വാക്യത്തിൻെറ അടിസ്ഥാനത്തിൽ കഴിഞ്ഞ 2000 വർഷത്തോളം നാം അവൻ വഴിയും, സത്യവും, ജീവനും ആകുന്നു എന്ന് സ്ഥാപിച്ചിരിക്കുന്നതു ശരിയല്ല. നാം "അവനെ" വെറും "അവൻ" ആക്കി മാററുമ്പോൾ ക്രിസ്തു നമ്മുടെ ഒരു ചിന്താവസ്തു ആയി മാറുന്നു. അത് സത്യമാകണമെന്നില്ല. ക്രിസ്തു യേശു ഒരിക്കലും "അവൻ" ആകുവാൻ ഇഷ്ടപ്പെട്ടില്ല. യേശു എന്നും "ഞാൻ" ആയിരുന്നു. യേശു തൻെറ പൂർണ്ണതയിൽ എല്ലാ വിശ്വാസികളിലും "ഞാൻ" ആയി ജീവിക്കുന്നു. യേശുവിനെപ്പോലെ തന്നെ ഒരു "ഞാൻ" ആണ് ഓരോ വിശ്വാസിയും. യേശു എന്നെ കാണുന്ന അവൻെറ കണ്ണുകളും എൻെറ കണ്ണുകളും ഒന്നു തന്നെയാണ്.

ഒരു കാമുകൻ തൻെറ കാമുകിയുടെ വീടിൻെറ കതകന്മേൽ രാത്രിയിൽ മുട്ടി വിളിച്ചു. "ആരാണ് അത്" എന്ന് അവൾ ചോദിച്ചു.

"ഇതു ഞാനാണ്" അവൻ ഉത്തരം പറഞ്ഞു

അകത്തുനിന്നും അവൾ മറുപടി പറഞ്ഞു "എൻെറ മുറി ഇടുങ്ങിയതും കിടക്ക വിസ്താരം ഇല്ലാത്തതുമാണ്. നിനക്ക് ഇവിടെ ഇടം ഇല്ല. പൊയ്ക്കൊള്ളുക."

അവൾ തന്നെ നിരസിച്ചത് എന്തിനാണ് എന്ന് മനസ്സിലാകാതെ അവൻ പോയി. അവൾ തന്നെ അഗാധമായി സ്നേഹിക്കുന്നു എന്ന് അവന് അറിയാമായിരുന്നു. ലോകത്തിൽ കുറെനാൾ ചുററിത്തിരിഞ്ഞശേഷം അവന് ഒരു ബോധോദയം ഉണ്ടായി. വീണ്ടും ഒരു രാത്രിയിൽ അവൻ ആവളുടെ കതകിന്മേൽ മുട്ടി.

അവൾ ചോദിച്ചു: "ആരാണ്?"

അവൻ പറഞ്ഞു: "ഇതു നീ തന്നെയാണ്."

ഉടനെ കതകു തുറക്കപ്പെട്ടു. അവൾ പറഞ്ഞു: "വർഷങ്ങളായി ഞാൻ

നിനക്കു വേണ്ടി കാത്തിരിക്കയാണ്."

നാം സ്വർഗ്ഗവാതിൽ എത്തുമ്പോഠം സ്വതന്ത്രരായിരിക്കണം—ഈ ലോകത്തിൻെറ എല്ലാ കാര്യങ്ങളിൽ നിന്നും മുക്തരായിരിക്കേണം. നമുക്ക് നമ്മുടേതായ ഒരു വ്യക്തിത്വം ഉണ്ടായി ഒരു 'ഞാൻ' ആകണം. പക്ഷേ ഈ ഞാൻ ക്രിസ്തുവിൻെറ ഒരു പ്രതി രൂപമായിരിക്കേണം. നിങ്ങഠംക്കും ആ വാതില്ക്കൽ വെച്ച് യേശുവിനോട് "ഇതു നീ തന്നെയാണ്" എന്ന് പറയുവാൻ കഴിയണം. അപ്പോഠം ആ വാതിൽ നിങ്ങഠംക്കായി തുറക്കപ്പെടും.

---

## ഒക്ടോബർ 29

---

"നിങ്ങഠം ഇച്ഛിക്കുന്നതു ചെയ്യാതെവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ?" (ഗലാത്യർ 5:17)

ഒരു പടയാളി തൻെറ ശത്രുവിനെതിരെ യുദ്ധം ചെയ്ത് അവനെ എങ്ങനെ തോല്പിക്കണം എന്നതിനെപററി ഒരു പദ്ധതി തയ്യാറാക്കി. പക്ഷേ തൻെറ തോക്ക് ഒന്നു നീട്ടുവാൻ ശ്രമിച്ചിട്ട് അവനു സാധിച്ചില്ല. തൻെറ പദ്ധതികഠം തയ്യാറാക്കിയപ്പോഠം താൻ ആരാണ് എന്നതിനെപററി ചിന്തിക്കുവാൻ അവൻ മറന്നിരുന്നു. താൻ കുട്ടികഠം കളിക്കുന്ന ഒരു പേപ്പർ പടയാളി മാത്രമാണ് എന്ന വസ്തുത അവൻ മറന്നു പോയിരിക്കുന്നു.

നമ്മിൽ പലരും ദൈവത്തിനും മാനവരാശിക്കും പ്രയോജനകരമായ ജീവിതം നയിക്കണമെന്നുള്ള പ്ളാനുകഠം തയ്യാറാക്കും. അതു വൃഥായാണ്. നാം പാപത്തിൽ ജനിച്ചു വളർന്നവരാണ് എന്നുള്ള കാര്യം നാം മറന്നിരിക്കുന്നു. നമ്മുടെ ഏററവും നല്ല പ്രവർത്തിപോലും വൃത്തിഹീനമായ കീറത്തുണിപോലെയാണ്. നാം കഴിവുകേടുകളുടെ ഉറവിടമായതിനാൽ നമ്മുടെ നല്ല പ്ളാനുകഠം നടപ്പാകാൻ കഴിയാതെ വരുന്നു. നാം അത്യാഗ്രഹത്തിൻെറ ഉറവിടവും പൈശാചിക ശക്തിയുടെ കയ്യിലെ കളിപ്പാട്ടങ്ങളും ആണ്. നാം ഓരോരുത്തരും ഓരോ പേപ്പർ പടയാളികളാണ്. നമ്മുടെ പ്ളാനുകഠം യാഥാർത്ഥ്യത്തിൽ പ്രാവർത്തികമാണെങ്കിൽ നാം ക്രിസ്തുവിൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും പടയാളികഠം ആയിത്തീരണം.

ഈ അത്ഭുതം ക്രിസ്തുവിൽ കൂടെ മാത്രമെ ലഭ്യമാകുന്നുള്ളൂ. അവൻ നമുക്ക് പുതു ജീവൻ നല്കുന്നു. അവൻെറ ശരീരം ഭക്ഷിക്കുവാനും രക്തം പാനം ചെയ്യുവാനും അവൻ നമ്മോട് ആവശ്യപ്പെടുന്നു.

അവൻ നമ്മെ അവൻെറ ആത്മീക ദിവ്യതയിൽ പങ്കാളികളാക്കുന്നു. അവൻ നമുക്ക് പുതുജീവൻ നല്കി അവൻെറ ശക്തി പ്രദാനം ചെയ്യുന്നു.

അവൻ പേപ്പർ പടയാളിയെ യഥാർത്ഥ പടയാളി ആക്കി മാററുന്നു. അതിനുശേഷമേ പോരാട്ടം തുടങ്ങുവാൻ സാധിക്കയുള്ളൂ.

## ഒക്ടോബർ 30

"അവൻ മുഴുവനും ശുദ്ധിയുള്ളവൻ" (യോഹന്നാൻ 13:10)

ഒരു ആശാരിക്ക് തൻെറ പുത്രൻ ഹൃദയ വേദന നല്കിയിരുന്നു. ഓരോ പ്രാവശ്യവും തൻെറ പുത്രൻ തെററു ചെയ്യുമ്പോൾ ഒരു കതകിന്മേൽ അയാൾ ഓരോ ആണി അടിച്ചുവയ്ക്കും. കുറച്ചു കാലങ്ങൾക്കുശേഷം ആ കതക് ആണികൾ കൊണ്ട് നിറഞ്ഞു. ദൂരെ ഒരു സ്ഥലത്തു വച്ച് ആ മകൻ ഇത് അറിയുവാനിടയായി. മകൻ പശ്ചാത്തപിച്ച് പിതാവിനോട് മാപ്പുചോദിച്ചു. ഉടനെ ആ പിതാവ് ആദ്യത്തെ ആണി കതകിൽ നിന്ന് പിഴുതുമാററി. അതിനുശേഷം ആ പുത്രൻ ദൈവത്തിങ്കലേക്കു തിരിഞ്ഞു നല്ല പ്രവർത്തികൾ ചെയ്യുവാൻ തുടങ്ങിയപ്പോൾ ആ പിതാവ് ആണികൾ ഓരോന്നായി പിഴുതുമാററുവാൻ തുടങ്ങി.

അവസാനം ഈ പുത്രൻ ഒരു വിശുദ്ധനായി തിരിച്ചു വന്നപ്പോൾ അവൻ പിതാവിൻെറ സന്തോഷത്തിൻെറ ഉറവിടമായി. അപ്പോൾ അവസാനത്തെ ആണിയും കതകിൽ നിന്ന് മാററപ്പെട്ടു. പിതാവ് ഈ കതക് പുത്രനെ കാണിച്ചു എന്താണ് സംഭവിച്ചത് എന്ന് വിവരിച്ചു.

മകൻ ഉടനെ പറഞ്ഞു: "ആണികൾ എല്ലാം പോയി എങ്കിലും അതിൻെറ ദ്വാരങ്ങൾ അവശേഷിക്കുന്നു."

ഈ പഴുതുകൾ അടയ്ക്കുവാൻ കഴിവുള്ളവനെപ്പററി പിതാവ് സന്തോഷത്തോടെ അവനു പറഞ്ഞുകൊടുത്തു. എബ്രായ ഭാഷയിൽ 'asham" എന്ന വാക്കിൻെറ അർത്ഥം "പാപത്തിനു വേണ്ടി അർപ്പിക്കുന്ന ബലി" എന്നു മാത്രമല്ല പ്രായശ്ചിത്തം, നഷ്ടപരിഹാരം എന്നും അർത്ഥം ഉണ്ട്. യെശയ്യാവ് 53:10-ൽ യേശു തൻെറ ജീവൻ ഒരു യാഗമായി നല്കി നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി അവ കഴുകി കളയുകയും ചെയ്തു എന്ന് എഴുതിയിരിക്കുന്നു. നാം ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലാത്തവരാക്കി നമ്മെ അവൻ തീർത്തു. നാം മഞ്ഞിനെക്കാളും വെണ്മയുള്ളവരായി തീർന്നിരിക്കുന്നു.

## ഒക്ടോബർ 31

"സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം."
(ദാനിയേൽ 10:21)

ദൂതൻ ദാനിയേലിനോട് ഒരു സത്യഗ്രന്ഥത്തെ പററി പറയുകയും അതിലെ വിവരങ്ങളെ അറിയിക്കുകയും ചെയ്യുന്നു. ഈ സത്യഗ്രന്ഥത്തിൽ ഉൾക്കൊണ്ടിരിക്കുന്ന അവർണ്ണനീയമായ ദൈവീക യാഥാർത്ഥ്യങ്ങൾ മനുഷ്യരുടെ ഭാഷയിൽ പരിഭാഷപ്പെടുത്തിയതാണ് നമ്മുടെ വേദപുസ്തകം. ഇന്ന് നമ്മുടെ കൈയ്യിലുള്ള വേദപുസ്തകം എബ്രായ ഗ്രീക്കു ഭാഷകളിലുള്ള വേദപുസ്തകം തന്നെ ദൈവീക സമ്പത്തുകളെപററി മനുഷ്യരുടെ പുരാതന

ഭാഷയിലേക്കുള്ള വിവർത്തനമാണെങ്കിൽ കൂടി എന്ത്- ലോകത്തിൽ ഇന്ന് വചനം ഘോഷിക്കുന്ന എല്ലാ ഉപദേശിമാരും തങ്ങളുടെ വേദപുസ്തകം ഉയർത്തികൊണ്ട് പറയും "ഇതു ദൈവത്തിൻെറ വചനങ്ങാം ഉാംക്കൊള്ളുന്ന പുസ്തകമാണ്."

വേദപുസ്തകത്തിലെ വാക്കുകളെ മാത്രമല്ല അതിൻെറ മൂല്യങ്ങളെ മനസ്സിലാക്കുക. യേശു പറഞ്ഞു: "ഇനിയും നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ നിങ്ങാംക്ക് ഇപ്പോഠം വഹിപ്പാൻ കഴിവില്ല" (യോഹന്നാൻ 16:12). എന്തുകൊണ്ട് നമുക്ക് എല്ലാം വഹിപ്പാനും അങ്ങനെ അവനുപറയുവാനുള്ളവ ഗ്രഹിക്കുന്നാവാനും കഴിവുള്ളവർ ആയിക്കൂടാ. അടിസ്ഥാന തത്വങ്ങളെ പററി വീണ്ടും വീണ്ടും എബ്രായരോട് വിവരിക്കേണ്ടി വന്നപ്പോഠം പൗലോസ് ഗിദ്യോൻ, യിപ്താഹ് മുതലായവരുടെ ആത്മീക ജീവിതത്തെപററി വിവരിക്കാൻ സമയം പോരാ എന്നു പറയുന്നു (എബ്രായർ 11:32). നാമും ഈ ആത്മീക തത്വങ്ങളെ ബുദ്ധി ഉപയോഗിച്ച് മനസ്സിലാക്കാവുന്നതേയുള്ളൂ. യൂദാ നമ്മുടെ പൊതുവിലുള്ള രക്ഷയെകുറിച്ച് എഴുതുവാൻ ശ്രമിക്കുമ്പോഠം തന്നെ അഭക്തരായ ചിലരെപററി നമുക്ക് മുന്നറിയിപ്പു നല്കുന്നു (യൂദാ: 3). യൂദായും നമ്മെ പ്രബോധിതിക്കുന്നതായി കാണാം.

വേദപുസ്തകം വിരൽ ചൂണ്ടുന്ന യാഥാർത്ഥ്യങ്ങളെ പററി മനസ്സിലാക്കുക. സ്വർഗ്ഗത്തിൽ ഒരു സത്യഗ്രന്ഥം ഉണ്ട് എന്ന് ഓർക്കുക.

## നവംബർ 1

"ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിന് മഹത്വം കൊടുപ്പാൻ മടങ്ങിവന്നവരായി ആരേയും കാണുന്നില്ലല്ലോ?" (ലൂക്കോസ് 17:18)

ദൈവം എല്ലാം നന്മകളേയും ഒരു വിരുന്നിന് ക്ഷണിച്ചു. അവരിൽ രണ്ടുപേരൊഴികെ മറെറല്ലാവരും അഭിവാദനം ചെയ്യുകയും കെട്ടിപ്പിടിക്കയും ചെയ്തു. എന്നാൽ മാറിനിന്ന ഇവർ രണ്ടുപേരോടും ദൈവം ചോദിച്ചു "നിങ്ങാംക്ക് അന്യോന്യം പരിചയം ഇല്ലേ?" അവർ പറഞ്ഞു: "ഇതിനു മുമ്പ് ഞങ്ങാം കണ്ടുമുട്ടിയിട്ടേ ഇല്ല." അവരുടെ പേര് "ഔദാര്യം" എന്നും "നന്ദി" എന്നുമായിരുന്നു.

ഒരു റോമൻ അടിമയെപററി ഒരു ഐതിഹ്യം ഉണ്ട്. ആൻഡ്രേക്ളിസ് എന്ന അടിമ തൻെറ ക്രൂരനായ യജമാനനിൽ നിന്നും ഓടിപ്പോയി. അയാാം ലിബിയൻ മരുഭൂമിയിലെ ഒരു ഗുഹയിൽ ഒളിച്ചിരുന്നു. അവിടെ ശരീരത്തിൽ മുള്ളു തറച്ചതിനാൽ വേദനകൊണ്ട് പുളയുന്ന ഒരു സിംഹത്തെ കണ്ടു, അയാാം ആ മുള്ള് എടുത്തുമാററി ആ മുറിവ് കരിയുവാൻ സഹായിച്ചു. അതിനുശേഷം ആൻഡ്രോക്ളിസും ആ സിംഹവും ഉററ സുഹൃത്തുക്കളായി.

അവസാനം യജമാനൻ തൻെറ അടിമയെ കണ്ടുപിടിച്ച് അവനെ കൂച്ചി കെട്ടി റോമിലേക്കു കൊണ്ടുവന്നു. അവരുടെ നിയമം അനുസരിച്ച് അവനെ ഒരു വന്യമൃഗത്തിൻെറ മുമ്പിലേക്ക് എറിഞ്ഞു. പക്ഷ ആ മൃഗം അവൻ മുറിവു

കരിയുവാൻ സഹായിച്ച സിംഹം ആയിരുന്നു. അവനെ വിഴുങ്ങുന്നതിനു പകരം സിംഹം തൻെറ ചങ്ങാതിയെ പെട്ടെന്ന് തിരിച്ചറിഞ്ഞ് അവൻെറ കാല്ക്കൽ നിശബ്ദനായി ഇരുന്നു. ആൻഡ്രോക്ളിസ് ഈ മൃഗത്തിൻെറ മനോഭാവത്തിൻെറ കാരണം കാഴ്ചക്കാരോട് വിവരിച്ചു. അവൻ മോചിപ്പിക്കപ്പെട്ടു.

മനുഷ്യരേക്കാൾ കൂടുതലായി നന്ദി മൃഗങ്ങളിൽ കാണുവാൻ കഴിയും. ടർക്കി ഭാഷയിലെ ഒരു പഴഞ്ചൊല്ല് ഇപ്രകാരമാണ്. "നിങ്ങൾ ആർക്കെങ്കിലും ഒരു സഹായം ചെയ്തിട്ടുണ്ട് എങ്കിൽ അവനെ പേപ്പട്ടിയെപ്പോലെ ഒഴിവാക്കുക. അവൻ നിങ്ങളെ ആ പട്ടിയെപ്പോലെ കടിക്കും." നൂററാണ്ടുകളായി നമുക്ക് ലഭിച്ച പരിചയത്തിൽ നിന്നും ഉടലെടുത്തതാണ് ഈ ചൊല്ല്. മററുള്ളവർ നമ്മോട് കാണിക്കുന്ന നിന്ദയെപററി നാം എപ്പോഴും പരാതി പറയും. എന്നാൽ നമ്മോട് നന്മ ചെയ്തിട്ടുള്ളവരുടേയും നാം നന്ദി കാണിച്ചിട്ടില്ലാത്തവരുടേയും ഒരു ലിസ്ററ് നമുക്ക് ഉണ്ടാക്കാം.

ആദ്യമായി നാം ദൈവത്തിനോട് നന്ദിയുള്ളവരായിക്കാം. രക്ഷ നല്കിയതിന് ക്രിസ്തുവിനോട് നന്ദിയുള്ളവരായിരിക്കാം. പരിശുദ്ധാത്മാവിൻെറ നടത്തിപ്പിന് നന്ദിയുള്ളവരായിരിക്കാം. നമ്മുടെ മാതാപിതാക്കൾക്ക്, അദ്ധ്യാപകർക്ക്, ഡോക്ടർമാർക്ക് എന്നു വേണ്ട നമുക്കു വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരോടും നന്ദിയുള്ളവരായിരിക്കാം.

---

## നവംബർ 2

---

"അവരിൽ പരിശോധനയും, ശുദ്ധീകരണവും, നിർമ്മലീകരണവും സാധിക്കേണ്ടതിന് ബുദ്ധിമാന്മാരിൽ ചിലർ വീഴും."

(ദാനിയേൽ 11:35)

ഇംഗ്ളീഷ് ഭാഷയിലെ 'disappointment' (നിരാശ) എന്ന വാക്കു തെററാണ്. അത് 'His appointment' (ദൈവീക നിയോഗം) എന്നായിരിക്കും ശരി. ക്രോസ്സിലെ പൗലോസ് എഴുതിയിരിക്കുന്നത് "ഒരു തീരുമാനം പൂർണ്ണമായും നശിച്ചുപോയി എന്നു തോന്നുമ്പോഴായിരിക്കും അത് വിജയിക്കുന്നതായി നമുക്ക് മനസ്സിലാകുന്നത്." ദു:ഖവെള്ളിയാഴ്ചദിവസം ലോകത്തിൻെറ പ്രത്യാശ ആയിരുന്ന യേശു കുരിശിൽ കിടന്ന് "എൻെറ ദൈവമേ, എന്നെ കൈവിട്ടത് എന്ത്?" എന്നു കരഞ്ഞുകൊണ്ട് മരിച്ചു. എല്ലാം നശിച്ചതുപോലെയായി. എന്നാൽ ഇത് വിജയകരമായ ഉയിർപ്പിൻെറ തയ്യാറെടുപ്പ് ആയിരുന്നു.

ലിങ്കൺ ഒരു പൊളിഞ്ഞ ബിസ്സിനസ്സുകാരനായിരുന്നു. അതിനാൽ അദ്ദേഹത്തിന് അമേരിക്കയിലെ ഏററവും വലിയ രാജ്യതന്ത്രജ്ഞൻ ആകുവാൻ കഴിഞ്ഞു. പല വിവാഹ ബന്ധങ്ങളും നാശത്തിൻെറ വക്കിൽ എത്തിയ ശേഷവും വിജയിച്ചിട്ടുണ്ട്. മരിച്ചുപോകും എന്ന് തീർച്ചപ്പെടുത്തിയ പലരും അതിനുശേഷവും വളരെകാലം നല്ല ആരോഗ്യത്തോടെ ജീവിച്ചിരുന്നിട്ടുണ്ട്. ഞാൻ തന്നെ പല പ്രാവശ്യം മരണത്തിൻെറ വക്കിൽ എത്തിയിട്ടുണ്ട്. പാപത്തിൽ ആണ്ടു

കിടന്ന പല ക്രിസ്ത്യാനികളും പിന്നീട് വിശുദ്ധരായി തീർന്നിട്ടുണ്ട്. യേശുവിനെ ഒററിക്കൊടുത്ത ദിവസം പത്രോസ് അവനെ തള്ളിപ്പറഞ്ഞത് അവൻെറ സുവിശേഷ ജീവിതത്തിൽ ഒരു വലിയ അപമാനം ആയിത്തീർന്നശേഷം അവൻ വീണ്ടും സഭയുടെ തലവനായി അധികാരത്തിൽ വരും എന്ന് പ്രതീക്ഷിച്ചതേയില്ല. അവൻെറ പരീക്ഷയിൽ അവന് തോല്‌വി സംഭവിച്ചിട്ടും യേശു മാപ്പ് നല്കിയതിനാൽ അവൻ തിരിച്ചുവന്ന് സഭയുടെ നേതൃത്വം എടുത്ത് പ്രയോജനകരമായ ജീവിതം നയിച്ച് രക്തസാക്ഷിയായി മരിച്ചു.

1759-ൽ ക്രോസ്സിലെ പൗലോസ് എഴുതിയത് "എൻെറ ഗാഢമായ മാനസീക പ്രാർത്ഥനയിൽ ഞാൻ എന്നെ മരണത്തിനായി ഒരുക്കുന്നു." ഏതാനും സ്ഥലത്തുകൂടി സുവിശേഷം പ്രചരിപ്പിക്കാനുണ്ടായിരുന്നതിനാൽ മരിക്കാറായ അദ്ദേഹം തൻെറ മനസ്സു മാററി തൻെറ പ്രവർത്തനം പതിനാറു വർഷത്തേയ്ക്കു വീണ്ടും തുടർന്നു.

അദ്ദേഹം എഴുതി: "ഈ ലോകത്തിൽ സംഭവിക്കുന്ന നിർഭാഗ്യങ്ങൾ ജീവിക്കുന്ന ദൈവത്തിൻെറ കരങ്ങളിൽ കൂടി സ്വീകരിച്ച് അവൻെറ പരിശുദ്ധാത്മാവിന് വഴങ്ങിയാൽ ദൈവീക കല്പനകളുടെ വഴിയേ നടക്കുവാൻ അത് നമ്മെ സഹായിക്കുന്നു. പക്ഷേ ഇവയിൽ നിന്നും പിൻവാങ്ങുന്നത് താല്കാലികമായ പ്രയോജനം ലഭിക്കുന്നതിന് ഒരു മാർഗ്ഗം മാത്രമാണ്."

നിങ്ങളുടെ നൈരാശ്യങ്ങളെ തള്ളിക്കളയാതെ സംരക്ഷിക്കുക അവ ദൈവത്തിൻെറ നിയോഗങ്ങളായി തെളിയിക്കപ്പെടും.

---

## നവംബർ 3

---

"മനുഷ്യൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞു." (സങ്കീ. 104:15)

"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലതു എന്ന് കണ്ടു" (ഉല്പത്തി 1:31). മററ് വസ്തുക്കളെപ്പോലെ വീഞ്ഞും മനുഷ്യന് സന്തോഷം നല്കുന്നു. "കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം, വിലപിപ്പാൻ ഒരു കാലം, നൃത്തം ചെയ്യുവാൻ ഒരു കാലം" (സഭാപ്രസംഗി 3:4).

ക്രിസ്തു നമ്മെ പഠിപ്പിച്ചപ്രകാരം ഈ ജീവിതം നിത്യതയിലേക്കുള്ള ഒരു കവാടം മാത്രമാണ് എന്നത് ശരിയാണ്. എന്നാൽ ഒരു നല്ല അടുക്കും ചിട്ടയും ഉള്ള വീടിൻെറ പ്രവേശന കവാടവും ഭംഗിയായി സൂക്ഷിച്ചിരിക്കും.

കാനാവിൽ വച്ച് വെള്ളം വീഞ്ഞാക്കിയെടുത്തപ്പോൾ യേശു നമ്മെ കാണിച്ചുതന്നത് ഒരു നല്ല മതം ഭൗതീക സുഖങ്ങളെ മുഖ്യ സ്ഥാനം നല്കി കൂടുതൽ സമയം അവയിൽ ചിലവഴിക്കാതെയും അവയിൽ ദൂഷ്യങ്ങൾ ഉൾക്കൊള്ളാഞ്ഞിടത്തോളം കാലം ഒഴിവാക്കുന്നില്ല എന്നാണ്.

ഈ അതിരുകൾക്കുള്ളിൽ നിന്ന് സന്തോഷ പൂർണ്ണമായ ഒരു ജീവിതം ക്രിസ്ത്യാനികൾ നയിക്കുന്നതിൽ തെററില്ല. ക്രിസ്ത്യാനികൾ പാപത്തെയാണ് ഉപേക്ഷിക്കേണ്ടത് അല്ലാതെ ജീവിതത്തിലെ സന്തോഷങ്ങളെയല്ല.

പല മനുഷ്യരും ദൈവം ഇല്ലാത്ത ജീവിതമോ അല്ലെങ്കിൽ ജീവിതം ഇല്ലാതെ ദൈവത്തെ സേവിക്കുക എന്നതോ മാത്രമേ അറികയുള്ളൂ. ക്രിസ്തു ഇതിൽ മാററം വരുത്തുന്നു. അവൻ സന്തോഷകരമായ ഒരു ജീവിതം ദൈവത്തിൽ കൂടി പ്രദാനം ചെയ്യുന്നു. ക്രിസ്തുവിൽ കൂടി ലഭിക്കുന്ന സന്തോഷം ഒരു ആരോഗ്യവാനായ കുട്ടിയിൽ കാണുന്ന സന്തോഷമാണ്—അല്ലാതെ സ്വയം പീഢനം നല്കുന്ന ഒരു സന്യാസിയുടേതല്ല. ഇത് ക്രിസ്തീയ ജീവിതത്തിൽ അനിവാര്യമാണ്.

നിങ്ങൾ ക്രിസ്തുവിനോടൊപ്പം കാനാവിൽ ഉണ്ടായിരുന്നു എങ്കിൽ അവൻ ചെയ്തതിനോട് നിങ്ങൾ യോജിക്കുമോ? അതോ കല്യാണ സദ്യയിൽ പങ്കെടുത്ത് സന്തോഷിക്കുന്നവരോട് അവൻ കോപിച്ച് പ്രസംഗിക്കുന്നത് ഇഷ്ടപ്പെടുമോ?

## നവംബർ 4

"അതു നീങ്ങിപ്പോകും." (1കൊരിന്ത്യർ 13:8)

ദാവീദ് രാജാവ് ഒരു സ്വർണ്ണപ്പണിക്കാരനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: "ഞാൻ ദുഃഖിച്ചിരിക്കുമ്പോൾ എനിക്ക് സന്തോഷം തോന്നുന്നതും; സന്തോഷത്തിൽ ഇരിക്കുമ്പോൾ ദുഃഖം തോന്നത്തക്കതുമായ ഒരു മോതിരം പണിതു കൊണ്ടുവരിക. നിനക്ക് ഇതിനായി ഞാൻ രണ്ടു ദിവസം നല്കുന്നു. നീ മോതിരം കൊണ്ടുവന്നാൽ നിനക്ക് തക്കതായ പ്രതിഫലം നല്കും. ഇല്ല എങ്കിലോ നിന്റെ ശിരച്ഛേദം നടത്തും."

സ്വർണ്ണപ്പണിക്കാരൻ നിരാശനായി മടങ്ങി. തന്റെ ജീവൻ നഷ്ടപ്പെടും എന്ന് തീർച്ചയായി. അപ്രകാരം ഒരു മോതിരം ആർക്കു നിർമ്മിക്കുവാൻ കഴിയും?

അവൻ കൊട്ടാരത്തിൽ നിന്നും പുറത്തു വന്നപ്പോൾ അവിടെ കളിച്ചുകൊണ്ടിരുന്ന കുട്ടി ശലോമോൻ അയാളുടെ ദുഃഖത്തിന്റെ കാരണം തിരക്കി. അയാൾ അവനോട് രാജാവ് ആവശ്യപ്പെട്ട സംഗതിയെപററി പറഞ്ഞു.

കുട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു: "നിസാരമായ ഇരുമ്പുകൊണ്ട് ഒരു മോതിരം നിർമ്മിച്ച് അതിൽ 'ഇതു നീങ്ങിപ്പോകും' എന്ന് എഴുതുക. ഇതിൽ കൂടുതലായി ഒന്നും ആവശ്യമില്ല. ദുഃഖത്തിന്റെ സമയത്ത് രാജാവ് അതിൽ നോക്കി അത് നീങ്ങിപ്പോകും എന്നു വായിച്ച് സമാധാനം കണ്ടെത്തും. സന്തോഷവേളകളിൽ രാജാവ് അതിൽ നോക്കി ലോകത്തിന്റെ സുഖങ്ങൾ നൈമിഷികങ്ങളാണ് എന്ന് ഓർക്കും."

സ്വർണ്ണപ്പണിക്കാരൻ ഇപ്രകാരം ഒരു മോതിരം ഉണ്ടാക്കി രാജാവിന് നല്കി പ്രതിഫലവും നേടി.

നിങ്ങളുടെ ഇന്നത്തെ ബുദ്ധിമുട്ടുകൾ മാറിപ്പോകും. അവയെ പററി ഇന്ന് ചിന്തിച്ച് അധികം വിഷമിക്കേണ്ട. അഞ്ചു വർഷങ്ങൾക്കു മുമ്പ് നിങ്ങൾ നവംബർ 4-ന് എന്തിനെ പററി ദുഃഖിച്ചു എന്ന് ഓർക്കുന്നുവോ? നിങ്ങൾക്കു യാതൊരു ഓർമ്മയും അതെപ്പററി കാണുകയില്ല. അതേപോലെ തന്നെ ഇന്നത്തെ ദുഃഖങ്ങളും താമസിയാതെ മറക്കപ്പെടും. അതുപോലെ നിങ്ങൾ സന്തോഷിക്കുമ്പോൾ

നിങ്ങൾക്കു സ്വർഗ്ഗം ലഭിച്ചിട്ടില്ല എന്ന് ഓർക്കുക. ഈ ലോകസുഖങ്ങൾ എല്ലാം താല്കാലികമാണ്.

ക്രിസ്ത്യാനികൾ നിത്യമായ വാസസ്ഥാനം ആണ് തേടുക. അവിടെ അവരുടെ കണ്ണുനീരു ഒപ്പിമാററപ്പെടും.

---

## നവംബർ 5

---

"നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സ്നേഹിക്കേണം."

(മത്തായി 22:37)

മുസ്ളീങ്ങൾ യേശുവിൻെറ ജീവിതത്തിലെ ഒരു ഐതീഹ്യത്തെ പററി പറയുന്നുണ്ട്.

ഒരു ദിവസം യേശു ഒരു ജനക്കൂട്ടം ദുഃഖിതരായി നില്ക്കുന്നതുകണ്ടു. അവൻ അവരോട് ദുഃഖത്തിൻെറ കാരണം ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു തങ്ങൾ വളരെ ഭീകരമായ ഒരു നരകത്തെപററി കേൾക്കുകയുണ്ടായി. തങ്ങൾ അവിടെ ചെന്ന് പതിക്കും എന്ന് ഭയക്കുകയും ചെയ്യുന്നു.

പിന്നീട് അവൻ ദുഃഖിതരായ മറെറാരുകൂട്ടം ജനത്തെ കണ്ടു. അവരുടെ ദുഃഖത്തിൻെറ കാരണം ചോദിച്ചപ്പോൾ മറുപടി പറഞ്ഞത് അവർ ഒരു സ്വർഗ്ഗത്തെപററി കേൾക്കുന്നു, അതു നഷ്ടപ്പെട്ടതിൽ ദുഃഖിക്കുന്നു എന്നാണ്.

അതിനുശേഷം അവൻ ആഹ്ളാദിക്കുന്ന ഒരു ജനക്കൂട്ടത്തെ കണ്ടു. അവർ സത്യം കണ്ടെത്തിയതിൽ സന്തോഷിക്കയാണ് എന്ന് അവനോട് പറഞ്ഞു.

യേശു പറഞ്ഞു: "ഈ മനുഷ്യൻ നരകത്തിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നു. ഇവർക്കു സ്വർഗ്ഗം നിശ്ചയമായും ലഭിക്കും."

നന്മയ്ക്ക് തക്ക പ്രതിഫലവും തിന്മയ്ക്കു നിത്യ ശിക്ഷയും ദൈവം വാഗ്ദാനം ചെയ്യുന്നു. ക്രിസ്ത്യാനികളുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം ദൈവത്തെ സ്നേഹിച്ച് സത്യത്തിൽ സന്തോഷിക്കയും എന്നാണ്. ക്രിസ്തു കാട്ടിയ പാതയിൽ കൂടി സഞ്ചരിച്ച് നിത്യനരകത്തിന് ഇടയായാലും സാത്താന് പറുദീസ നല്കാൻ സാധിച്ചാലും നാം ക്രിസ്തുവിൻെറ കുരിശിൻെറ പാതയിൽ കൂടി തുടരേണ്ടതാണ്. അവൻ നല്കുന്ന സ്വർഗ്ഗത്തിനുവേണ്ടി മാത്രമല്ല നാം അവനെ സേവിക്കുന്നത്, പിന്നെയോ അവനോടുളള സ്നേഹം കൊണ്ടുമാത്രമാണ്.

മാഡം ഡി ഗുയോൻ പ്രാർത്ഥിച്ചു: "ദൈവമേ! നീ വരുവാനുളള ലോകത്തിൽ എനിക്കു തരുവാൻ ആഗ്രഹിക്കുന്നത് എൻെറ സുഹൃത്തുക്കൾക്കു നല്കുക. ഈ ലോകത്തിൽ തരുവാനാഗ്രഹിക്കുന്നത് എൻെറ ശത്രുക്കൾക്കു നല്കുക. എനിക്കു നിന്നെ തന്നെ നല്കുക."

# നവംബർ 6

"അവൻ പടകിൽ കയറി." (മത്തായി 8:23)

പണ്ടുകാലത്ത് ഒരു പൗരസ്ത്യ ചക്രവർത്തി തന്റെ കൊട്ടാരത്തിന്റെ വരാന്തയിൽ ഇരുന്ന് തന്റെ രാജ്യത്തിന്റെ തീരത്തുകൂടി പോകുന്ന കപ്പലുകളെ നോക്കി രസിക്കയായിരുന്നു. അവന്റെ ഭരണത്തിൻ കീഴിലുണ്ടായ പുരോഗതിയുടെ പ്രതീകമായിരുന്നു അവ ഓരോന്നും.

തന്റെ സമീപത്തു നിന്ന പുരോഹിതനോട് അയാാം ചോദിച്ചു: "ഒരു വർഷത്തിൽ എത്ര കപ്പലുകാം നമ്മുടെ തുറമുഖത്ത് വരുകയും പോകയും ചെയ്യുന്നു. എന്താണ് നിങ്ങളുടെ അഭിപ്രായം?" പുരോഹിതൻ പറഞ്ഞു: "വെറും നാല് എണ്ണം മാത്രം." രാജാവിന് ദേഷ്യം തോന്നി. തന്റെ മുഖത്തു നോക്കി ഇവൻ കളിയാക്കുന്നുവോ?.

"നിനക്ക് ഇങ്ങനെ മറുപടി പറയുവാൻ എങ്ങനെ തോന്നി?" രാജാവ് ചോദിച്ചു. "ഇപ്പോാം തന്നെ നൂറു കപ്പലുകളിൽ കൂടുതൽ കാണുന്നല്ലോ? എന്നിട്ടും നീ പറയുന്നത് നാല് എണ്ണം മാത്രമേ ഒരു വർഷത്തിൽ ഇവിടെ എത്തുന്നുള്ളൂ എന്ന്."

പുരോഹിതൻ വീണ്ടും പറഞ്ഞു: "ഞാൻ പറഞ്ഞതുപോലെ നാലു എണ്ണം മാത്രം - അവയിൽ ഒന്ന് - സാഹസം പ്രവർത്തിക്കുവാനുള്ള ആഗ്രഹം, മറെറാന്ന്-രസിക്കുവാനുള്ള ആഗ്രഹം, മൂന്നാമത്-കീർത്തിതേടുക, നാല്- പണത്തിനു പിന്നാലെ ഓടുക — എന്നിവ മാത്രം. അവയിൽ എന്ത് പേരു എഴുതിയിരുന്നാലും എല്ലാ കപ്പലുകളുടേയും ശരിയായ പേര് ഇവയാണ്. ഈ ശക്തി മാത്രമാണ് മനുഷ്യനെ നയിക്കുന്നത്."

ഗന്നേസരത്ത് തടാകത്തിൽ ഒരു ചെറിയ പടക് ഉണ്ടായിരുന്നു. അതിൽ യേശുകയറി. ആ പടകിന് "ദൈവനാമമഹത്വത്തിനായി നിസ്വാർത്ഥ സ്നേഹം" എന്ന് മറെറാരു പേരുകൂടി ഉണ്ടായിരുന്നു.

അത് ഒരു പ്രത്യേക പടകായിരുന്നു. മർക്കോസ് 4:37-39 ൽ യേശു കാററിനേയും കടലിനേയും ശാസിക്കയും അവ അവനെ അനുസരിക്കയും ചെയ്തതായി പറയുന്നു. പക്ഷേ ഇതിനേക്കാാം വലിയ ഒരു അത്ഭുതം ആ സന്ധ്യയ്ക്കു സംഭവിച്ചു. 'പടകിൽ തിരതള്ളി കയറുകകൊണ്ട് അത് മുങ്ങുമാറായി. (37-ാം വാക്യം) കപ്പലിൽ വെള്ളം നിറഞ്ഞാൽ അത് മുങ്ങിപ്പോകും. കടൽ ശാന്തമാണെന്നതോ ശക്തിയേറിയ കാററ് അടിച്ചു എന്നതോ അപ്രസക്തമാണ്. യേശുവിന്റെ കപ്പൽ അല്ല എങ്കിൽ അത് വെള്ളം നിറഞ്ഞാൽ മുങ്ങിപ്പോകും. അവന്റെ കപ്പലിന്റെ പാമരത്തിൽ കാററടിച്ചില്ലെങ്കിലും അതിന്റെ തുഴക്കാർ തുഴഞ്ഞില്ലെങ്കിലും അത് മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കും. മതനിന്ദ, ഭിന്നത, പാപം ഇവകൊണ്ട് മുങ്ങുമാറായാലും സഭയാകുന്ന പടക് മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. ഇത് ഹൈഡ്രോഡൈനാമിക് തത്വത്തിനെതിരായി മുമ്പോട്ടു പോകും. വെള്ളം നിറഞ്ഞാൽ മുങ്ങാതെ പോകുന്ന ഒരേ കപ്പൽ യേശുവിന്റെ കപ്പൽ മാത്രമാണ്. കാരണം അതിന്റെ ലക്ഷ്യം ശരിയായുള്ളതാണ്.

നിങ്ങളുടെ യാത്രയ്ക്ക് ശരിയായ കപ്പൽ തിരഞ്ഞെടുക്കുക.

## നവംബർ 7

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു."
(2കൊരിന്ത്യർ 5:17)

20-ാം നൂററാണ്ടിൻെറ രാഷ്ട്രീയ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട വസ്തുതയാണ് റഷ്യയിലെ കമ്മ്യൂണിസ്ററു ഭരണം. ഇതുകൊണ്ട് ആത്മാക്കാംക്കു എന്തു ലഭിച്ചു?

മോസ്കോയിൽ വെച്ചു നടന്ന നിരീശ്വര വാദികളുടെ ഒരു സമ്മേളനത്തിൽ ഒരു നേതാവ് ഒരു ഗ്ളാസ്സ് വെള്ളം എടുത്തു കാണികളെ കാണിച്ചു. അയാാം അതിൽ എന്തോ പൊടി ഇട്ടു. അപ്പോാം അതിന് വീഞ്ഞിൻെറ നിറമായി.അയാാം പറഞ്ഞു: "കാനാവിൽ വച്ച് യേശു ഇതുപോലെയുള്ള ഒരു പൊടി തൻെറ ഉടുപ്പിൻെറ കൈയ്യിൽ ഒളിച്ചു വെച്ചിരുന്നു. അന്ന് കാനാവിലെ മനുഷ്യർ ബുദ്ധിയില്ലാത്തവരായിരുന്നതിനാൽ യേശു അത്ഭുതം ചെയ്തു എന്ന് വിശ്വസിച്ചു. ഇത് ഒരു മാജിക് മാത്രമാണ്. എനിക്ക് യേശുവിനേക്കാാം ഭംഗിയായി ഇപ്രകാരം ചെയ്യുവാൻ സാധിക്കും. ഈ വീഞ്ഞ് വീണ്ടും വെള്ളമാക്കാൻ എനിക്കു കഴിയും." ഇതിൽ വേറൊരു പൊടി ചേർത്തപ്പോാം അത് വീണ്ടും വെള്ളമായി. "ഇനി ഇതു വീണ്ടും വീഞ്ഞാക്കി മാററാം." മററൊരു പൊടിയിട്ട് അയാാം വീണ്ടും അത് വീഞ്ഞാക്കി.

സദസ്സിൽ നിന്നും ഒരു ക്രിസ്ത്യാനി എഴുന്നേററു നിന്ന് പറഞ്ഞു. "സഖാവേ! നിങ്ങളുടെ അത്ഭുതശക്തികൊണ്ട് ഞങ്ങളെ നിങ്ങാം അത്ഭുതപ്പെടുത്തി. ഞങ്ങാം നിങ്ങളോട് ഒരു കാര്യം മാത്രം ആവശ്യപ്പെടുന്നു. ഇപ്പോാം നിങ്ങാം ഉണ്ടാക്കിയ വീഞ്ഞിൽ നിന്നും ദയവുചെയ്ത് അല്പം നിങ്ങാം കുടിക്കാമോ?"

"ക്ഷമിക്കണം. ഞാൻ വെള്ളത്തിൽ ഇട്ട പൊടി വിഷം ഉള്ളതാണ്" എന്നായിരുന്നു മറുപടി.

ആ ക്രിസ്ത്യാനി പറഞ്ഞു: "നിങ്ങാം കമ്മ്യൂണിസ്ററുകാരും യേശുവും തമ്മിലുള്ള വ്യത്യാസം ഇതാണ്. യേശു നല്കിയ വീഞ്ഞ് ഹൃദയങ്ങളെ സന്തോഷിപ്പിച്ചതും 2000 വർഷങ്ങളായി മനസ്സുകളെ പ്രകാശിപ്പിക്കുന്നതും ആയിരുന്നു. നിങ്ങളും വെള്ളം വീഞ്ഞാക്കുന്നു. എന്നാൽ അത് ഹൃദയങ്ങളെ ഭയവും വിദ്വേഷവുമാകുന്ന വിഷങ്ങളാൽ നിറയ്ക്കുന്നതാണ്."

മനുഷ്യരുടെ ഹൃദയത്തിൽ മാററം വരുത്താതെ ഒരു വിപ്ളവവും മാനവരാശിക്ക് നീണ്ടു നില്ക്കുന്ന നന്മ നേടിക്കൊടുക്കുന്നില്ല. പുതിയ ജന്മം നല്കുന്ന വിപ്ളവമാണ് ആവശ്യം. യേശുക്രിസ്തുവിനെപ്പോലെ അത് മനുഷ്യനെ പുതിയ സൃഷ്ടിയാക്കുന്നവയായിരിക്കണം.

## നവംബർ 8

"നിങ്ങാം പ്രാർത്ഥിക്കുമ്പോാം ചൊല്ലേണ്ടിയത്....." (ലൂക്കോസ് 11:2)

ആദ്യ സഭയ്ക്ക് യൂസിബിയസ് എഴുതിയ ഒരുപ്രാർത്ഥന നമുക്ക് സ്വീകരിക്കാം:-

"ദൈവമേ, എന്നെ ഒരു മനുഷ്യൻേറയും ശത്രുവാക്കരുതേ,
നിത്യതയെ നേടുവാൻ പ്രവർത്തിക്കുന്നവനാക്കണമേ,
മററുള്ളവർക്കെതിരായി ദൂഷ്യം കണ്ടെത്തുന്നവാനിടയാകരുതേ,
അഥവാ ദൂഷ്യം സംഭവിച്ചാൽ, എന്നോടു കരുണ തോന്നേണമേ
എനിക്ക് നന്മയെ മാത്രം സ്നേഹിക്കയും, തേടുകയും, ലഭിക്കയും ചെയ്യുവാൻ സഹായിക്കേണമേ.
എനിക്ക് എല്ലാവരുടേയും നന്മ ആഗ്രഹിക്കുവാനും, അസൂയ ഉണ്ടാകുവാതിരിക്കുവാനും സഹായിക്കേണമേ.
എന്നോട് മററാരും കോപിക്കുവാനിടയാകരുതേ,
ഞാൻ എന്തു തെററു ചെയ്താലും പറഞ്ഞാലും
ഞാൻ നല്ലതാകുന്നതുവരെ പശ്ചാത്തപിക്കുവാൻ ഇടയാകണമേ!
എൻെറ എതിരാളിയേയോ എന്നെയോ വേദനിപ്പിച്ച്
എനിക്കു വിജയം ലഭിക്കുവാനിടയാകരുതേ.
അന്യോന്യം വിദ്വേഷത്തിലിരിക്കുന്നവരെ രമ്യതപ്പെടുത്തുവാൻ എന്നെ സഹായിക്കേണമേ.
എൻെറ സഹായം ആവശ്യമുള്ളവരെ എൻെറ പൂർണ്ണ കഴിവും ഉപയോഗിച്ച് സഹായിക്കുവാൻ ഇടയാകേണമേ.
ആപത്തിൽ പെട്ടിരിക്കുന്ന കൂട്ടുകാരനെ തള്ളിക്കളയുവാൻ എന്നെ ഇടയാക്കരുതേ.
എന്നെ തന്നെ ബഹുമാനിക്കാൻ സഹായിക്കേണമേ.
ഇതിനായി എൻെറ വികാരങ്ങളെ നിയന്ത്രിക്കുവാൻ സഹായിക്കേണമേ.
ആരു ദോഷം പ്രവർത്തിച്ചു, ആരാണ് ദുഷ്ടൻ എന്ന് പറയുവാൻ എനിക്ക് ഇടവരുത്തരുതേ.
നല്ല മനുഷ്യരെ തേടി അവരുടെ ചുവടുകളെ അനുഗമിക്കുവാൻ എന്നെ സഹായിക്കണമെ."

## നവംബർ 9

"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ." (മത്തായി 5:9)

തിബെയ്ഡ് മണലാരണ്യത്തിലെ ഒന്നാം തലമുറക്കാരായ സന്യാസികളിൽ ആവ്വാ ഫാഹോൻ വയസ്സായതിനാൽ തനിക്കു വേണ്ടി താഴ്വരയിൽ ഒരു കുടിലു കെട്ടിയശേഷം കുന്നിൻെറ മുകളിലുള്ള തൻെറ പഴയ കുടിൽ ആവ്വാ ജോർജ്ജിന് നല്കി. പക്ഷേ താമസിക്കാതെ അയാാം താൻ ചെയ്ത ഈ പ്രവർത്തിയെ

പററി ദുഃഖിക്കുവാൻ തുടങ്ങി. കാരണം ധാരാളം ആളുകൾ ആവ്വാ ജോർജ്ജിൽ നിന്നും വചനം കേൾക്കുവാൻ വരുന്നത് അയാൾ കണ്ടു.

അസൂയ മൂത്ത ഫാഹോൻ, ഉടനെ തൻെറ കുടിലിൽ നിന്നും മാറിത്തരണം എന്ന സന്ദേശവുമായി തൻെറ ഒരു ശിഷ്യനെ ആവ്വാ ജോർജ്ജിൻെറ അടുത്തേയ്ക്ക് അയച്ചു. ഈ ശിഷ്യൻ ആവ്വാ ജോർജ്ജിൻെറ അടുത്തു ചെന്നു പറഞ്ഞു: "പിതാവായ ഫാഹോൻ അങ്ങയുടെ ഭക്തിയെ അങ്ങേയററം വിലമതിച്ച് നിങ്ങളുടെ പ്രാർത്ഥനകൾക്കുവേണ്ടി സമാധാനത്തിൻെറ സന്ദേശവുമായി എന്നെ അങ്ങയുടെ അടുത്തേയ്ക്ക് അയച്ചിരിക്കയാണ്."

ശിഷ്യൻ തിരികെ വന്നപ്പോൾ ഫാഹോൻ ചോദിച്ചു: "നിന്നോടു ഞാൻ പറഞ്ഞതുപോലെ തന്നെ നീ അവനോട് പറഞ്ഞോ?"

ശിഷ്യൻ മറുപടി പറഞ്ഞു: "അവൻ അർഹിക്കുന്നവിധത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്."

ആവ്വാ ജോർജ്ജ് തൻെറ വാസസ്ഥാനം മാററിയില്ല. ആളുകൾ അയാളുടെ അടുത്ത് തടിച്ചുകൂടികൊണ്ടിരുന്നു. രണ്ടാം പ്രാവശ്യവും ഫാഹോൻ തൻെറ ശിഷ്യനെ അയച്ചു. "എൻെറ കുടിലിൽ നിന്ന് ഉടനെ തന്നെ മാറുവാൻ ആ കപട ഭക്തിക്കാരനോട് പറയുക. അല്ലാത്തപക്ഷം ഞാൻ ഒരുവടിയുമായി ചെന്ന് അവനെ അടിച്ചു പുറത്താക്കും" ഇപ്രകാരം പറയുവാൻ ശിഷ്യനോട് പറഞ്ഞു.

ആ ശിഷ്യൻ ആവ്വാ ജോർജ്ജിൻെറ അടുത്തുചെന്ന് ഇപ്രകാരം പറയുകയുണ്ടായി. "പിതാവായ ഫാഹോൻ അങ്ങയെ വളരെയധികം സ്നേഹിക്കുന്നു. അദ്ദേഹം തൻെറ സ്നേഹവായ്പും അനുഗ്രഹവും അറിയിക്കുവാൻ എന്നോട് പറഞ്ഞിരിക്കുന്നു. അവൻ ദിവസവും നിനക്കു വേണ്ടി പ്രാർത്ഥിക്കുന്നു."

തിരിച്ചുവന്ന ശിഷ്യൻ തൻെറ ഗുരുവിനോട് പറഞ്ഞു: "വേണ്ട രീതിയിൽ ഞാൻ അയാളോട് പറഞ്ഞിട്ടുണ്ട്." മൂന്നാം പ്രാവശ്യവും ഇപ്രകാരം സംഭവിച്ചു.

തൻെറ സ്ഥാനത്തു നിന്നും ആവ്വാ ജോർജ്ജ് മാറാത്തതിനാൽ ഫാഹോൻ അയാളെ അടിച്ചു പുറത്താക്കുവാൻ ഒരു വടിയുമായി പോയി. മററൊരു വഴിയിൽ കൂടി ആ ശിഷ്യൻ ഓടി ഫാഹോനേക്കാളും മുമ്പിൽ എത്തി ജോർജ്ജിനോട് പറഞ്ഞു. "എനിക്ക് എൻെറ ഗുരുവിനെ പിൻതിരിപ്പിക്കാൻ കഴിഞ്ഞില്ല. വയസ്സാണെങ്കിലും അദ്ദേഹം അങ്ങയുടെ അനുഗ്രഹത്തിനായി ഈ കുന്നു കയറി വരുന്നുണ്ട്."

ജോർജ്ജ് ഫാഹോനെ കാണുവാനായി ചെന്നു. അയാളുടെ മുമ്പിൽ മുട്ടുകുത്തി നിന്ന് .ഇപ്രകാരം പറഞ്ഞു: "അങ്ങയുടെ ശിഷ്യൻ മൂലം എന്നെ അറിയിച്ച സ്നേഹ സന്ദേശങ്ങൾക്കായി വളരെ നന്ദി. ഞാൻ അവയ്ക്കൊന്നും യോഗ്യനല്ല. അവിടുന്ന് എന്നെ അനുഗ്രഹിക്കുവാനായി ഈ കുന്ന് കയറി വരേണ്ടിയിരുന്നില്ല."

ആവ്വാ ഫാഹോന് തൻെറ ശിഷ്യൻ അവൻെറ കടമ എങ്ങനെ നിർവ്വഹിച്ചു എന്ന് മനസ്സിലായി. അയാൾ ആവ്വാ ജോർജ്ജിനെ ആശ്ലേഷിച്ചു. തിരിച്ചു തൻെറ കുടിലിൽ ചെന്ന് തൻെറ ഈ ശിഷ്യനോട് പറഞ്ഞു. "ഇന്നുവരെ ഞാൻ നിൻെറ ഗുരുവും നീ എൻെറ ശിഷ്യനും ആയിരുന്നു. ഇനി മുതൽ നീ എന്നെ പഠിപ്പിക്കുക. കാരണം നിനക്കാണ് സ്നേഹത്തിൻെറ വഴി അറിയാവുന്നത്."

# നവംബർ 10

''തോട്ടത്തിൻെറ നടുവിൽ ജീവവൃക്ഷവും നന്മ തിന്മകളെ കുറിച്ചുള്ള അറിവിൻെറ വൃക്ഷവും യഹോവയായ ദൈവം നിലത്തു നിന്നുമുളപ്പിച്ചു.''
(ഉല്പത്തി 2:9)

എല്ലാ വൃക്ഷവും ജീവൻെറ വൃക്ഷമാണ്. ഒന്നാമതായി അത് പക്ഷികൾക്കായി പ്രകൃതി നല്കിയിരിക്കുന്നതാണ്. കർത്താവ് എല്ലാ മരത്തിൻേറയും കാര്യം പറഞ്ഞിരിക്കുന്നത് വാസ്തവമാണ്. ''ആകാശത്തിലെ പറവകൾ വന്ന് അതിൻെറ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു'' (മത്തായി 13:32).

മരങ്ങൾ പക്ഷികൾക്കു മാത്രമായിട്ടുള്ളതല്ല. എലികൾ അതിൻെറ വേരുകൾക്കിടയിൽ മാളം ഉണ്ടാക്കുന്നു. പലതരം ചെടികൾ, പ്രാണികൾ, മൃഗങ്ങൾ മുതലായവയ്ക്ക് ആഹാരവും അഭയവും ഈ മരങ്ങളുടെ കീഴിൽ കിട്ടുന്നു. കൂടാതെ അതിൻെറ തണലിൽ ഇരുന്ന് മനുഷ്യൻ സംസാരിക്കുവാൻ സ്ഥലം കണ്ടെത്തുന്നു.

200-ൽ പരം പ്രാണികൾ ഒരു ഓക്ക് മരത്തിൽ അധിവസിക്കുന്നു. ധാരാളം കടന്നലുകളും മററ് കീടങ്ങളും അതിൻെറ പൂവ് ആഹാരമാക്കുന്നു. വിട്ടിലുകൾ അതിൻെറ തൊലി തിന്നുന്നു. പുഴുക്കൾ അതിൻെറ ഇലകൾ ഭക്ഷിക്കുന്നു. ആ വൃക്ഷത്തിൽ അണ്ണാനും ചുണ്ടെലികളും ഉണ്ടാകും. മൂങ്ങകൾ ആ എലികളെ ഭക്ഷിച്ച് അതിൻെറ തടിയിലെ പൊത്തുകൾ കൂടുകളാക്കുന്നു.

ആ ഓക്കു വൃക്ഷത്തിൽ വള്ളിച്ചെടികൾ, ഇത്തിൾ, പായൽ, പന്നൽ ചെടികൾ ഇവ എല്ലാം ഉണ്ടായിരിക്കും. ആ വൃക്ഷത്തിൻെറ കാലാവസാനത്ത് കൂണുകളും മററു തരത്തിലുള്ള പൂപ്പലും അതിനെ ആക്രമിക്കും.

ഓക്കു മരം ഇവ എല്ലാത്തിനോടും വളരെ ആതിഥ്യമര്യാദയുള്ള വൃക്ഷമാണ്. പ്രേമികൾ ഇതിൻെറ തണലിൽ സല്ലപിക്കുന്നു. മരത്തിൻെറ കീഴിൽ മനുഷ്യർക്കു ദൂതന്മാരെ കണ്ടുമുട്ടുവാനും ഇടയാകും. ഒരു ഓക്കു മരത്തിൻെറ കീഴിൽ വിശ്രമിക്കുമ്പോഴാണ് അബ്രഹാം ദൂതന്മാരെ കണ്ടുമുട്ടിയത്. വിശ്വാസികളെ പനയോടും ഉപമിച്ചിട്ടുണ്ട് (ഉത്തമഗീതം 7:7). അവർ ആററരികത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയുമാണ് (സങ്കീ. 1:3). അവയിൽ ജീവനുണ്ടെന്നു മാത്രമല്ല മററുള്ളവർക്കു ജീവിക്കുവാനുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നു. അനേകം ജീവികൾക്ക് അത് ജീവൻെറ വൃക്ഷം കൂടിയാണ്.

ഒരു വൃക്ഷത്തിൻെറ തടി ഒരു കുരിശു പണിയാനായി ഉപയോഗിച്ചു. അതിൽ കൂടി മാനവരാശിയുടെ രക്ഷയ്ക്കുള്ള മാർഗ്ഗം പൂർത്തിയായി. ആ വൃക്ഷം മരിച്ചിട്ടും അതിൽ നിന്നും പ്രയോജനം ഉണ്ടായി. നാമും ദൈവത്തിൻെറ തോട്ടത്തിലെ വൃക്ഷങ്ങളാകാം.

## നവംബർ 11

"പലരും ഇടറി അന്യോന്യം ഏല്പിച്ചു കൊടുക്കുകയും പകെക്കയും ചെയ്യും." (മത്തായി 24:10)

ചൈനയിലെ സഭയുടെ ഏററവും വലിയ ദൂഷ്യം കമ്മ്യൂണിസ്ററ് ഭരണത്തിൻെറ കീഴിൽ അത് തള്ളിപ്പറയൽ പ്രസ്ഥാനം തുടങ്ങിയതാണ്. സുഹൃത്തുക്കളും കുടുംബങ്ങളും തങ്ങളുടെ രക്ഷയെ മാത്രം കരുതി മററുള്ളവരെ ഒററിക്കൊടുക്കുവാൻ തുടങ്ങി. 1951-ൽ 152 പ്രൊട്ടസ്ററൻറ് സഭാ നേതാക്കൾ പങ്കെടുത്ത ഒരു "ക്രിസ്തീയ" സമ്മേളനത്തിൽ അവർ മെഥഡിസ്ററ് ബിഷപ്പായ ചെൻ, സുവിശേഷകനായ കു-ജെൻ-എൻ, ഇവർക്കു വധശിക്ഷ നല്കണം എന്ന് ആവശ്യപ്പെട്ടു. എന്നാൽ കമ്മ്യൂണിസ്ററ് പാർട്ടിക്കാർ ഈ സഹോദരങ്ങളേക്കാൾ കരുണയുള്ളവർ ആയിരുന്നു. അവർ ബിഷപ്പിന് 5 വർഷത്തെ തടവേ നല്കിയുള്ളൂ. കു-വിനെ പററി ആരും പിന്നീട് ഒന്നും കേട്ടില്ല. അദ്ദേഹവും ഏതെങ്കിലും ഒരു ജയിലിൽ കിടന്നു മരിച്ചു കാണും.

ക്രിസ്ത്യൻ പാസ്ററററായ ലൂ-ചി-വെയ് യുടെ പുത്രി അദ്ദേഹത്തെ ഒരു പൊതു സമ്മേളനത്തിൽ കുററപ്പെടുത്തി. അവൾ പറഞ്ഞു: "എനിക്ക് ആളുകളുടെ പിൻതുണ നഷ്ടപ്പെടുത്തി എന്നെ തെററായ വിധത്തിൽ നയിച്ചതിന് എൻെറ പിതാവിനെ ഞാൻ കുററപ്പെടുത്തുന്നു." പിതാവ് വിലപിക്കുവാൻ തുടങ്ങി. അവൾ തുടർന്നു. "നിൻെറ ഈ മുതല കണ്ണുനീർ എൻെറ മനസാക്ഷിയെ വശീകരിക്കും എന്ന് വിചാരിക്കുന്നുണ്ടോ?"

ആയിരക്കണക്കിന് ക്രിസ്ത്യാനികൾ തങ്ങളുടെ ഉററവരെ തള്ളിപ്പറയുവാൻ പ്രേരിപ്പിക്കപ്പെടുന്നു. 'ക്രിസ്ത്യൻ ഫാർമർ'-ൻെറ എഡിറററായ ബ്രദർ സൺ ഇങ്ങനെയുള്ള മാനസികമായ സമ്മർദ്ദം മൂലം ആത്മഹത്യചെയ്തു. വാച്മാൻ നീ, വാങ്-മിൻ-ററാ എന്നിവരെപ്പോലെയുള്ള വളരെ കുറച്ചു പേർക്കു മാത്രമേ ഇതു ചെറുത്തു നില്ക്കുവാൻ കഴിഞ്ഞുള്ളൂ.

നിങ്ങളുടെ ക്രിസ്തീയ ജീവിതത്തെ ആശ്രയിച്ചിരിക്കും നിങ്ങൾ ഒററുകാരനോ അല്ലെങ്കിൽ അതിനെ ചെറുത്തുനില്ക്കുന്നവനോ ആകുന്നത്. തർസോസുകാരനായ ശൗൽ മാനസാന്തരപ്പെട്ടശേഷം ദൈവം അനന്യാസിന് പ്രത്യക്ഷപ്പെട്ടു പറഞ്ഞു. "എൻെറ നാമത്തിനുവേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും" (അപ്പൊ. പ്രവർത്തി 9:16).

പീഢനം സഹിക്കുക എന്ന പ്രധാന ക്രിസ്തുമത തത്വം അംഗങ്ങളെ പഠിപ്പിക്കാത്ത ഒരു ക്രിസ്തീയ സഭയും അതിൻെറ കടമ പൂർത്തീകരിക്കുന്നില്ല. നിങ്ങളെ കഷ്ടതകൾക്കും പീഢനങ്ങൾക്കും ഏല്പിച്ചുകൊടുക്കുക. കീഴടങ്ങാതെ അവ സഹിക്കുവാൻ പഠിക്കുക. നിങ്ങൾക്ക് ഇതിൻെറ ഫലം ലഭിക്കുന്ന ഒരു സമയം വരും

# നവംബർ 12

''യഹോവ അബ്രഹാമിന് പ്രത്യക്ഷനായി അവനോട്.....നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക.'' (ഉല്പത്തി 17:1)

ഒരു കഥ ഇപ്രകാരമാണ്. ഒരിക്കൽ ഒരു പിശാചും സുഹൃത്തും കൂടി ഒരു വഴിയേ നടക്കുകയായിരുന്നു. അപ്പോൾ അവരുടെ എതിർവശത്തുനിന്നും വന്ന ഒരു മനുഷ്യൻ കുനിഞ്ഞ് വഴിയിൽ നിന്നും എന്തോ എടുത്തു അവന്റെ സഞ്ചിയിൽ ഇടുന്നതായി കണ്ടു. സാത്താൻ തന്റെ സുഹൃത്തിനോട് ''ഈ മനുഷ്യൻ ഇപ്പോൾ സത്യത്തിന്റെ ഒരു അംശം കണ്ടെത്തിയിരിക്കുന്നു.''

''ഇത് നിനക്ക് ഒരു ആപത്താണ്'' സുഹൃത്തു മറുപടി പറഞ്ഞു. ''അല്ല.'' പിശാചു പറഞ്ഞു. ''ഈ സത്യം പ്രചരിപ്പിക്കുന്നതിന് ഒരു സ്ഥാപനം ഉണ്ടാകുക എന്ന ആശയം ഞാൻ അവന് നല്കും. അപ്പോൾ ഈ സത്യം നിഷ്ഫലമായിപ്പോകും.''

നമുക്ക് ഈ സ്ഥാപനങ്ങളെ പരിത്യജിക്കുവാൻ പററുകയില്ല. യേശു ഒരു സഭ സ്ഥാപിക്കാതെ അവന്റെ ഉപദേശങ്ങൾ മാത്രം നല്കിയിട്ട് മരിച്ച് ഉയിർത്തെഴുന്നേററില്ലായിരുന്നെങ്കിൽ ഇന്ന് അവന് അനുയായികൾ ആരും ഉണ്ടാകയില്ലായിരുന്നു.

അവൻ നല്കിയ സഭയിൽ നമുക്ക് വേദപുസ്തകങ്ങളും മററും ഉണ്ട്. സഭ അതിന്റെ സത്യത ഉറപ്പു വരുത്തുകയും, അതിലെ പല ഭാഗങ്ങളെ വ്യാഖ്യാനിക്കുകയും, തലമുറകളായി ക്രിസ്ത്യാനികൾക്കു ലഭിക്കുന്ന അനുഗ്രഹത്തെ സംരക്ഷിക്കയും ചെയ്യുന്നതു കൂടാതെ സ്നാനവും വിശുദ്ധ കുർബ്ബാനയും നല്കുന്നു.

നാം എല്ലാവരും അബ്രഹാമിനെപ്പോലെ വിശ്വാസവീരരായിരിക്കാം. തന്റെ കുടുംബാംഗങ്ങൾ അല്ലാതെ മററാരും അവനിൽ വിശ്വസിക്കാതിരുന്നപ്പോഴും അബ്രഹാം തന്റെ പാത തിരഞ്ഞെടുത്തു ദൈവത്തിനു മുമ്പായി നടന്നു. എല്ലാ കുരങ്ങുകളും മനുഷ്യരാകണം എന്നും എല്ലാ ആദിവാസികളും സംസ്കാരം ഉള്ള പ്രതിഭാശാലികൾ ആയിരിക്കണം എന്നും ആഗ്രഹിക്കുവാനെ കഴികയുള്ളൂ. ഇതേപോലെ മനുഷ്യർക്കു അവൻ ആയിരിക്കുന്നതുപോലെ കഴിയുവാനെ പററുകയുള്ളൂ. അതിനാൽ വിശ്വാസ ജീവിതം നയിക്കുവാൻ മനുഷ്യർക്കു സഭ എന്ന ഒരു സ്ഥാപനം കൂടിയേ തീരൂ.

ഇതേസമയം സഭയാകുന്ന സ്ഥാപനം സത്യം അറിയിക്കുന്നതിനോടൊപ്പം തന്നെ അത് ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യും. കാരണം ഇവ നയിക്കുന്നത് കുറവുകൾ ഉള്ള മനുഷ്യർ തന്നെയാണ്. ദൈവരാജ്യം നമ്മിൽ കണ്ടെത്തിയാൽ നമുക്ക് ഉണ്ടാകുന്ന യഥാർത്ഥ്യമായുണ്ടാകുന്ന അനുഭവങ്ങളെ മാററി പ്രതിഷ്ഠിക്കുവാൻ ഒന്നിനും സാദ്ധ്യമല്ല.

ആയതിനാൽ സഭയോട് വിശ്വസ്തരായിരുന്നുകൊണ്ട് ദൈവത്തിന്റെ പാതയിൽ അവരോടൊപ്പം സഞ്ചരിക്കുക.

# നവംബർ 13

"നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പീൻ; അവർ കണക്കു ബോധിപ്പിക്കേണ്ടവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു." (എബ്രായർ 13:17)

നിങ്ങൾ സഭാ പുരോഹിതൻമാരിൽ കുററം കാണുകയും സഭയിൽ നിന്ന് പിരിഞ്ഞു പോകയോ ഒരു പിളർപ്പ് ഉണ്ടാക്കുകയോ ചെയ്ത് സ്വർഗ്ഗത്തിലെ (സിയോനിലെ) ഒരു ശല്യക്കാരനാകരുത്.

ക്രിസ്തുവിനെ വാതില്ക്കൽ മുട്ടുന്നവനായി കരുതുന്ന ലാവോദിക്യയിലെ സഭയെപ്പോലെയുള്ള ഒരു സഭയെ നയിക്കുന്നവനായാലും എല്ലാ പുരോഹിതൻമാരും യേശുവിൻെറ വലംകയ്യിൽ ഉള്ള നക്ഷത്രം ആകുന്നു (വെളിപ്പാട് 2:1). വഴിതെററിയ പുരോഹിതൻമാരെ മാററിക്കളയുവാൻ ദൈവത്തിനും അവൻ പ്രത്യേകം നിയോഗിച്ചിരിക്കുന്നവർക്കും മാത്രമേ അധികാരമുള്ളൂ. തെററിദ്ധാരണമൂലം നാം കളകളോടൊപ്പം ഗോതമ്പുചെടിയും പിഴുതു കളയും. നാം ഒരു പരിശുദ്ധനായ മനുഷ്യനെ അരമത്തോരയ്ക്കു മുമ്പിൽ നിന്ന് ഓടിച്ചു കളയുമ്പോഴും അവനെ നിരന്തരം കുററപ്പെടുത്തുമ്പോഴും നാം ദൈവ വേലയാണ് ചെയ്യുന്നത് എന്ന വിശ്വാസം നമ്മെ വഞ്ചിക്കുന്നു.

എല്ലാ സഭാംഗങ്ങളും പാസ്ററർക്കെതിരായി സംസാരിച്ചിരുന്നതിനാൽ അദ്ദേഹത്തിന് തൻെറ സഭയിൽ ഒരു നൻമയും നേടുവാൻ കഴിഞ്ഞില്ല. അദ്ദേഹം തൻെറ സ്ഥാനം ഒഴിഞ്ഞു. അതിനുശേഷം അയാളുടെ പ്രസംഗങ്ങൾ ഓർത്ത് പലരും മാനസാന്തരപ്പെട്ടു. ആ പാസ്ററർ അവരുടെ കൂടെ ഉണ്ടായിരുന്നപ്പോൾ ആരും അയാളുടെ വില മനസ്സിലാക്കിയിരുന്നില്ല. അയാളെ ഏററവും അധികം വെറുത്തിരുന്ന ശെമ്മാശൻ അനുതപിച്ച് അദ്ദേഹത്തെ കാണുവാൻ ചെന്നു. പാസ്റററുടെ ഭാര്യ ശെമ്മാശനോട് ഇപ്രകാരം പറഞ്ഞു: "അയാൾ മരിച്ചു കൊണ്ടിരിക്കുകയാണ്, അദ്ദേഹത്തെ കാണുവാൻ പോകേണ്ട. നിങ്ങളുടെ മുഖം കണ്ടാൽ അദ്ദേഹത്തിൻെറ വേദന വർദ്ധിക്കും."

മരിക്കുവാൻ തുടങ്ങുന്ന ഒരു വിശുദ്ധന് വേദനയുടെ ഉറവിടമാകുന്നത് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഭീകരമായ വസ്തുതയാണ്.

ശെമ്മാശൻ അകത്തുകയറി. പാസ്ററർ അയാളുടെ ക്ഷീണിച്ച കണ്ണ് ഒരിക്കൽ മാത്രം തുറന്ന് ഇപ്രകാരം പറഞ്ഞു: "എൻെറ അഭിഷക്തനെ സ്പർശിക്കരുത്, എൻെറ പ്രവാചകനൻമാർക്ക് ഉപദ്രവം വരുത്തരുത്. ഞാൻ ഒരു പാപിയായിരുന്നു. നിങ്ങൾ എന്നോട് ചെയ്തത് ഞാൻ അർഹിക്കുന്നതായിരുന്നു. വിഷമിക്കേണ്ട. ഈ വാക്കുകൾ ഓർക്കുക. നിങ്ങൾ കുററം കാണുന്നവർ ദൈവത്തിൻെറ അഭിഷക്തർ ആയിരിക്കാം. എൻെറ അഭിഷക്തനെ തൊടരുത്. എൻെറ പ്രവാചകൻമാരെ ഉപദ്രവിക്കരുത്." ഇത്രയും പറഞ്ഞുകൊണ്ട് അയാൾ മരിച്ചു.

ഒരു പുരോഹിതനും തൻെറ ഉപദേശങ്ങളിലോ ജീവിതത്തിലോ പരിപൂർണ്ണൻ അല്ല—എങ്കിലും അവരെ ആദരിക്കേണ്ടതാണ്.

സ്നേഹിക്കപ്പെടാത്ത ഒരു പാസ്ററർക്ക് തൻെറ സഭയ്ക്കായി നന്മ ഒന്നും നേടുവാൻ കഴികയില്ല.

## നവംബർ 14

''നീയും നിൻെറ കുടുംബവും രക്ഷ പ്രാപിക്കും.''

(അപ്പൊ. പ്രവൃ. 16:31)

ചില വിശുദ്ധന്മാരുടെ വിശ്വാസം അത്യന്തം പരിക്ഷിക്കപ്പെടുന്നു. അങ്ങനെയുളളവർക്ക് തങ്ങളുടെ ഭക്തിയുടെ ആഴം തെളിയിക്കുവാനും അവസരം ലഭിക്കുന്നു.

16-ാം നൂററാണ്ടിൽ സ്പെയിനിൽ അൻെറാണിയോ ഹെറിസുയേലോയെ തൻെറ സുവിശേഷ പ്രബോധനമായ വിശ്വാസത്തിൻെറ പേരിൽ കൊലകുററിയിൽ വധിക്കുവാൻ വിധിച്ചു. ജൂലിയൻ ഹെർനാൺഡസ് വീഞ്ഞു പെട്ടികളിൽ വച്ച് സ്പാനിഷ് വേദപുസ്തകങ്ങളും സുവിശേഷ ലേഖനങ്ങളും ഒളിച്ചുകടത്തി. ഒളിച്ചു കടത്തുക എന്നത് ക്രിസ്തു സഭയിലെ ഒരു പഴയ ശീലമാണ്. ഇദ്ദേഹത്തെ പിടികൂടുകയും മൂന്നു വർഷം വരെ കഠിനമായ പീഢനം നല്കുകയും ചെയ്തു. എന്നിട്ടും അദ്ദേഹം വേദപുസ്തകങ്ങൾ നല്കിയവരെ ഒററിക്കൊടുത്തില്ല. ഹെറിസുലേലായിക്ക് ഇപ്രകാരം ഒരു വേദപുസ്തകം ലഭിച്ചതിനെ തുടർന്നാണ് അദ്ദേഹം മാനസാന്തരപ്പെട്ടത്.

കൊലമരത്തിലേക്കു കൊണ്ടുവന്നപ്പോൾ ഹെറിസുയേലാ വിശ്വാസിയായ തൻെറ ഭാര്യ മരണത്തെ ഭയന്ന് വിശ്വാസം പിൻവലിച്ചത് ഓർത്ത് ദുഃഖിച്ചു. ഈ കാരണത്താൽ അവളുടെ വധശിക്ഷ ജീവപര്യന്തം തടവാക്കി ഇളവുചെയ്തുകൊടുത്തു. ഒരു വാക്കു മാത്രം പറഞ്ഞാൽ മതി അൻേറാണിയോവിനും കൊലമരത്തിൽ നിന്നും രക്ഷപ്പെടാം. അങ്ങനെ തിരിച്ചു ജയിലിൽ പോയി എന്നെങ്കിലും ഒരു മോചനം ലഭിച്ച് ഭാര്യയുമായി ഒത്തു ജീവിക്കയും ചെയ്യാമായിരുന്നു.

എന്നാൽ അവന് ഇതിലും ഉന്നതമായ ഒരു ലക്ഷ്യം ഉണ്ടായിരുന്നു. എല്ലാ വിശ്വാസികൾക്കും ദൈവം നല്കിയ ഒരു വാഗ്ദാനം — നീയും നിൻെറ കുടുംബവും രക്ഷിക്കപ്പെടും എന്ന വാഗ്ദാനം. അവൻെറ വായിൽ തുണി കയററുന്നതുവരെ തൻെറ ഭാര്യയോട് പശ്ചാത്തപിക്കുവാൻ അവൻ ഉപദേശിച്ചു. പാപികളെ രക്ഷിക്കുവാൻ മതിയായ ദൈവവചനത്തിൽ അവൻ വിശ്വസിച്ചു. അതു പിൻമാററക്കാരേയും ക്രിസ്തുവിൻെറ സന്നിധിയിലേക്കു കൊണ്ടുവരുവാൻ മതിയായതാണ് എന്ന് ഉറച്ചു വിശ്വസിച്ചു.

അവൻ മരിച്ചു. അവൻെറ ഭാര്യ ജയിലിലേക്കു പോയി. പക്ഷേ അവൾക്ക് അവിടെ സമാധാനം കിട്ടിയില്ല. എട്ടുവർഷം അവൾ മാനസീക പോരാട്ടം തുടർന്നു. അവസാനം അവൾ തൻെറ വിശ്വാസം ഉറപ്പിച്ചു പറഞ്ഞു. അവളെ അവർ ചുട്ടുകരിച്ചു. അങ്ങനെ സ്വർഗ്ഗത്തിൽ തൻെറ ഭർത്താവിൻെറ സന്നിധിയിൽ അവളും ചെന്നുചേർന്നു.

നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാവർക്കും വേണ്ടി ദൈവത്തിൻെറ വാഗ്ദാനത്തിൽ വിശ്വസിക്കുക.

## നവംബർ 15

"ദൈവത്തിൻെറ ആലോചന ഒട്ടും മറച്ചു വയ്ക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ." (അപ്പൊ. പ്രവൃ. 20:27)

ഒരു വേദപുസ്തക വില്പനക്കാരൻ ഒരു വേദപുസ്തം ഒരു സ്ത്രീയ്ക്ക് വില്ക്കുവാൻ ശ്രമിച്ചു. അവൾ അത് നിരസിച്ചു. എന്നാൽ അയാൾ യാതൊരു വിലയും വാങ്ങാതെ ഒരു പുതിയ നിയമം അവൾക്കു നല്കി.

അവളുടെ ഭർത്താവ് കളിയാക്കി. "ഞങ്ങൾ ഭാര്യാഭർത്താക്കന്മാർ ആണ്. അതിനാൽ അവൾക്കുള്ള എല്ലാത്തിൻേറയും പകുതി എനിക്കുള്ളതാണ്." അയാൾ ഒരു കത്തി എടുത്ത് ആ പുതിയ നിയമം രണ്ടായി മുറിച്ചു.

കുറച്ച് ആഴ്ചകൾക്കു ശേഷം അയാൾ ഭാര്യയോട് ചോദിച്ചു: "ഈ പുസ്തകത്തിൻെറ മററെ പകുതി എവിടെ? എനിക്ക് അത് ആവശ്യമുണ്ട്. എൻെറ കയ്യിലുള്ള പകുതി ഭാഗത്തിൽ മുടിയനായ പുത്രൻ പിതാവിൻെറ അടുക്കൽ തിരികെ വന്ന് എന്തോ പറയുന്നിടത്തു വച്ച് തീരുന്നു. എനിക്ക് അവൻ എന്താണ് പറഞ്ഞത് എന്നറിയുവാൻ ആകാംക്ഷയുണ്ട്. അത് നിൻെറ കയ്യിലുള്ള പകുതി ഭാഗത്തിലാണ്."

ഈ മനുഷ്യൻ മാത്രമല്ല വേദപുസ്തകത്തെ രണ്ടായി വിഭജിച്ചത്. യേശു വന്നത് അനുഗ്രഹവും സത്യവും നിറഞ്ഞവനായിട്ടാണ്. ചില ഉപദേശിമാർ സത്യത്തെ പററി മാത്രം പ്രസംഗിക്കുന്നു. അനുഗ്രഹം മററുള്ളവർക്കായി വിട്ടുകൊടുക്കുന്നു. മററുള്ളവർ ഇതിൻെറ എതിരു പ്രസംഗിക്കുന്നു.

വേദപുസ്തകം പാപമോചനവും പശ്ചാത്താപവും ഒത്തുചേർന്നാണ് പറയുന്നത്.

യേശു നമ്മുടെ പാപങ്ങൾക്കായി മരിച്ചു എന്നത് മാത്രം കണക്കിലെടുത്താൽ പോരാ. "നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗവുമായി സമർപ്പിപ്പീൻ" (റോമർ 12:1). എന്നും എഴുതിയിരിക്കുന്നു.

## നവംബർ 16

"സത്യത്തെ അറിഞ്ഞിരിക്കുന്ന എല്ലാവരും...." (2യോഹന്നാൻ: 1)

ഒരു മനുഷ്യന് സത്യം എങ്ങനെ കണ്ടെത്താം. അതു കണ്ടെത്തുന്നതിനാവശ്യമായ ആത്മീകവും ബുദ്ധിപരവുമായ യോഗ്യതകൾ നമുക്ക് ഉണ്ടോ? നാം അതു കണ്ടുമുട്ടുകയാണെങ്കിൽ തിരിച്ചറിയുവാൻ കഴിയുമോ?

നാം ചെറിയവരാണ്. ഒരുവന് പക്ഷിയെ പിടിക്കുന്ന വലയിൽ സൂര്യനെ

പിടിക്കാൻ പററുമോ? മൂന്നുവയസ്സുകാരനായ കുട്ടിയെ ലൈബ്രറിയിൽ വിട്ടിട്ട് ദാന്തെയുടെ ഡിവൈൻ കോമഡി എന്ന പുസ്തകം നോക്കി എടുത്തു കൊണ്ടുവരാൻ പറഞ്ഞാൽ ഈ കുട്ടി എങ്ങനെ അതു തിരിച്ചറിയും?

സത്യത്തെ കണ്ടുപിടിക്കുവാൻ സത്യം എന്താണ് എന്നതിനെപററി ശരിയായ വിവരണം കിട്ടിയിരിക്കണം. കൂടാതെ സത്യത്തെപററിയുളള നിർവ്വചനങ്ങളിൽ ശരിയായത് ഏത് എന്ന് അറിയുവാനും, മതം, രാഷ്ട്രീയം മുതലായവയിൽ സത്യമെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതിൽ ശരിയായ സത്യം എന്ത് എന്നറിയുവാനും നമുക്ക് സത്യത്തിൻെറ ലക്ഷണങ്ങളെ പററി അറിവുണ്ടായിരിക്കേണം. എങ്കിൽ മാത്രമേ സത്യം തിരിച്ചറിയുവാൻ കഴികയുളളൂ. മുൻകൂട്ടി അറിഞ്ഞിരിക്കുന്ന സത്യത്തെ പററി അറിവില്ലാത്തവന് സത്യം ഒരിക്കലും കണ്ടെത്താനാവില്ല.

നാം ഒരു ദുർവൃത്തത്തിലാണ്. സത്യം കണ്ടെത്തുവാൻ കഴിയുന്നില്ല. ഒരിക്കൽ നാം സത്യം എന്ന് ഉറപ്പിച്ചു വിശ്വസിച്ചിരുന്ന വസ്തുതകൾ പിന്നീട് തെററാണ് എന്ന് തെളിയിക്കപ്പെടുവാൻ ഇടയായ അനുഭവങ്ങളുടെ ഒരു ശവകോട്ടയാണ് മനുഷ്യ ചിന്താഗതിയുടെ ചരിത്രം.

സത്യം എന്നാൽ ഒരു 'ഞാൻ' ആകുന്നു. ഇതിൽ നിന്നും വേറിട്ടു നില്കുന്ന ഒന്നും സത്യമല്ല. ആയതിനാൽ യേശു പറഞ്ഞു: ''ഞാൻ തന്നെ സത്യം ആകുന്നു'' (യോഹന്നാൻ 14:6).

സത്യത്തിൻെറ നിയമം ഒരു മനുഷ്യനിൽ മററാരുടേയും നിയമം ആയിരിക്കയില്ല.

യേശുവിനെപ്പോലെ ആകുന്ന മാർഗ്ഗമാണ് സത്യം. കൂടുതലായി യേശുവിനെപ്പോലെ ആകുന്നുവോ എന്നിൽ വസിക്കുന്ന സത്യത്തിൻെറ അളവും കൂടുന്നു. ആ സത്യം എനിക്കു തിരയേണ്ടതില്ല. അത് എന്നിൽ ഉൾക്കൊളളുന്നു. സത്യത്തെ തിരയുന്നതിന് യാതൊരു അർത്ഥവുമില്ല.

അന്യനായിട്ടല്ല ദൈവം നമ്മെ നയിക്കുന്നത്. അവൻ നമ്മോട് തദാത്മ്യം പ്രാപിക്കുകയാണ് ചെയ്യുക.

---

## നവംബർ 17

---

''നിങ്ങളുടെ അലങ്കാരം....ഇങ്ങനെ പുറമെയുളളതല്ല.'' (1പത്രോസ് 3:3)

തൻെറ വിശ്വാസത്തിൻെറ പേരിൽ പേർപെച്ചുവാ എന്ന യുവതി ജയിലിലായി. അവൾ രക്ഷകനെ നിരസിച്ചിരുന്നു എങ്കിൽ അവൾക്ക് ഇതിൽ നിന്നും രക്ഷപ്പെടാമായിരുന്നു. അവളുടെ വൃദ്ധനായ പിതാവ് അവളോട് അപ്രകാരം ചെയ്യുവാൻ അപേക്ഷിക്കുകയുണ്ടായി.

അവൾ പിതാവിനോട് പറഞ്ഞു: ''അങ്ങ് ഇവിടെ ഇരിക്കുന്ന ഈ ചെറിയ കുടം കണ്ടോ?''

അയാൾ പറഞ്ഞു: ''ഉവ്വ്''

വീണ്ടും അവൾ ചോദിച്ചു: ''ഇതിൻെറ പേര് കുടം എന്നല്ലാതെ മറെറന്തെങ്കിലും വിളിക്കാൻ പററുമോ?''

അയാൾ പറഞ്ഞു: "ഇല്ല"

ഉടനെ പേർപെച്ചുവാ പറഞ്ഞു: "ക്രിസ്ത്യാനി ആയിരിക്കുന്ന ഞാൻ അതല്ലാതെ മററൊന്നും ആകുന്നില്ല."

അവളുടെ പിതാവ് തൻെറ വാർദ്ധക്യത്തെ കണക്കിലെടുക്കണം എന്നും, അയാളെ കുററവാളിയായ മകൾ ഉണ്ട് എന്ന് പറഞ്ഞ് മററുള്ളവർ കളിയാക്കാനിട വരുത്തരുതേ എന്നും കൂടാതെ അവളുടെ കുട്ടിയെ പററി ചിന്തിക്കുവാനും ആവശ്യപ്പെട്ടിട്ടും അവൾ അചഞ്ചലയായി നിന്നു. അവൾ ഉറച്ച ക്രിസ്ത്യാനി ആയിരുന്നതിനാൽ അവൾ അശേഷം കുലുങ്ങിയില്ല. ഒരു കുടം മററൊന്നും ആകാത്തതുപോലെ അവളും ക്രിസ്ത്യാനിയായി തന്നെ നിലകൊണ്ടു.

അവിശ്വാസിയായ പിതാവിനെ അവളുടെ മുമ്പിൽ വെച്ച് അടിച്ചു. അവളുടെ കുട്ടിയെ അവളിൽ നിന്നും തട്ടിയെടുത്തു. എന്നിട്ടും അവൾ ആയിരിക്കുന്നിടത്തായി തന്നെ അവൾ നിലനിന്നു.

വന്യമൃഗങ്ങളുടെ മുമ്പിൽ എറിയപ്പെട്ടപ്പോൾ അവളുടെ വസ്ത്രം കീറിപ്പോയി. അവളുടെ കഷ്ടതകളേക്കാൾ മുൻതൂക്കം അവളുടെ നഗ്നത മറച്ചുവെയ്ക്കുന്നതിനായി നല്കികൊണ്ട് അവൾ കാലുകൾ മറച്ചു വച്ചു. അവൾ രക്ത സാക്ഷിയായി മരിച്ചു.

ക്രിസ്ത്യാനികളെ നിങ്ങൾ ആയിരിക്കുന്നതുപോലെ നിലകൊള്ളുക. കാരണം നിങ്ങൾക്ക് മററൊന്നും ആയിരിക്കുവാൻ സാദ്ധ്യമല്ല.

---

## നവംബർ 18

"ഈ ലോകത്തിന് അനുരൂപമാകരുത്." (റോമർ 12:2)

ഒരു ക്രിസ്ത്യാനി വളരെ സൂക്ഷമതയോടുകൂടി വേണം താൻ വായിക്കുന്നതും, കാണുന്ന ടെലിവിഷൻ പ്രോഗ്രാം, പൊതു ചടങ്ങുകൾ എന്നിവ തിരഞ്ഞെടുക്കേണ്ടത്. ഒരു മോശമായ പ്രദർശനത്തിനുപോയി ഭൂതാവിഷ്ടയായി വന്ന ഒരു സ്ത്രീയെ പററി 3-ാം നൂററാണ്ടിലെ ക്രൈസ്തവ ഉപദേശകനായ തെർത്തുല്യൻ പറയുന്നു. ബാധയൊഴിപ്പിക്കൽ സമയത്ത് ഒരു വിശ്വാസിയിൽ ആധിപത്യം സ്ഥാപിച്ചതിന് ഈ ഭൂതത്തെ ശകാരിച്ചപ്പോൾ അത് ഉറപ്പിച്ചു പറഞ്ഞു: "ഞാൻ വളരെ ന്യായമായി മാത്രമാണ് പ്രവർത്തിച്ചത്. അവളെ എൻെറ അധികാരപരിധിയിൽ ഞാൻ കണ്ടു."

പ്രദർശനങ്ങളിൽ ചിലവ നല്ലതും നിഷ്കളങ്കമായതും ചിലപ്പോൾ വളരെ മേന്മയേറിയതും ഉണ്ടായിരിക്കും. ഇതിനെ വളരെ ലളിതമായി വിവരിക്കാം. പിത്തരസത്തിൽ വിഷം കലക്കി ആരും നേർപ്പിക്കുന്നില്ല. മോശമായ വസ്തുക്കൾ നല്ല സ്വാദുള്ളതും വിശിഷ്ടമായി രുചിപ്പെടുത്തുന്നു എന്നു മാത്രം. ആയതിനാൽ ഒരു പ്രദർശനം നിർദ്ദോഷമെന്നു തോന്നിയാലും അതിന് പോകുന്നത് കരുതലോടെയാകട്ടെ.

ക്രിസ്ത്യാനികൾക്ക് സന്തോഷകരമായ അവരുടെ കല്യാണ വിരുന്ന് വരുവാനിരിക്കുന്നതേയുള്ളൂ. ജീവിതത്തിൽ ലഭ്യമാകുന്ന സുഖങ്ങളെ ആസ്വദിക്കുവാൻ നാം വെപ്രാളം കാട്ടരുത്. നമ്മുടെ ആരാധനയിൽ ലോകം

എത്രയും സൗഹൃദം കാട്ടുന്നുവോ അത്ര മാത്രമേ നാമും അങ്ങോട്ട് കാട്ടാവൂ.

യേശു പറഞ്ഞു: "ലോകമോ സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും" (യോഹന്നാൻ 16:20). ലോകം ഇന്ന് സന്തോഷിക്കുമ്പോൾ അതിൽ നിലനില്ക്കുന്ന അനീതിയെ ഓർത്ത് നമുക്ക് ദുഃഖിക്കാം. എന്നാൽ ലോകം ദുഃഖിക്കുന്ന സമയത്ത് നമുക്ക് സന്തോഷിക്കാം.

രണ്ടു ജീവിതത്തിൻേറയും സന്തോഷം ഒരാൾക്കു നേടുവാൻ കഴികയില്ല. ദിവസവും ദിനപത്രങ്ങളിൽ ഇന്ന് എന്ത് വിനോദങ്ങൾ ഉണ്ട് എന്ന് അരിച്ചു നോക്കുന്നതിന് പകരം നിങ്ങൾ കുരിശ് എടുത്ത് അവരെ അനുഗമിക്കുക.

---

## നവംബർ 19

---

"മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണ സദ്യയ്ക്കു ചെന്നു." (മത്തായി 25:10)

നവീകരണ പ്രസ്ഥാനത്തിന് മുമ്പ് ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ വിചാര ധാരകളെപററി നാനൂറ് വർഷങ്ങൾക്കു ശേഷം ജീവിക്കുന്ന നമുക്ക് മനസ്സിലാക്കാൻ പ്രയാസമാണ്.

ഒരു സന്യാസി എഴുതിയ ഈ വാക്കുകളെ അന്ന് 13-ാം നൂററാണ്ടിൽ ആരും എതിർത്തിരുന്നില്ല. "എല്ലാവരും രക്ഷകൻെറ രക്തവും അമ്മയായ വിശുദ്ധ കന്യകയുടെ പാലും ശരിയായി ഉപയോഗിക്കയാണെങ്കിൽ ക്രിസ്തുവിൻെറ കുടുംബത്തിൽ പ്രവേശിക്കുവാൻ അനുയോജ്യരാണ്. വന്ദ്യമായ ആ രക്തം വീരന്മാരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ വേദനയെ ആശ്വസിപ്പിക്കുകയും കന്യകമറിയത്തിൻെറ മുലപ്പാൽ നമ്മുടെ പാന പാത്രത്തെ മധുരിപ്പിക്കയും ചെയ്യുന്നു."

വേദപുസ്തകത്തെപററി അന്ന് നല്ല അറിവുണ്ടായിരുന്നില്ല. അതിൽ ക്രിസ്തുവിൻെറ രക്തത്തിൻെറ ശുദ്ധീകരണ ശക്തിയെ പററി പറയുന്നു. എന്നാൽ കന്യകമറിയത്തിൻെറ മുലപ്പാലിന് രക്ഷിക്കുവാനുള്ള കഴിവ് ഉണ്ട് എന്നത് മനുഷ്യരുടെ ഭാവനയിൽ നിന്നും ഉടലെടുത്തതാണ്.

അക്കാലത്ത് മനുഷ്യർ വിശുദ്ധകളേയും ആദരിക്കുവാൻ ഇഷ്ടപ്പെട്ടു. ഇതു വളരെയേറെക്കാലത്തേയ്ക്കു നിലനിന്നുവന്നു.

ഇന്ന് വാട്ട്ബർഗ്, ലൂഥർ പ്രസംഗിച്ചിരുന്ന ഒരു സ്ഥലം എന്നു മാത്രമേ അറിയപ്പെടുന്നുള്ളൂ. ഈ സ്ഥലത്തു തന്നെയാണ് ഹംഗറിയിലെ വിശുദ്ധയായ എലിസബേത്ത് പ്രാർത്ഥിച്ചതും ഉന്നതയാക്കപ്പെട്ടതും. രാജ്ഞിയായി ആഢംബരജീവിതം നയിച്ചപ്പോൾ പാവങ്ങളുടെ കഷ്ടത മറന്നുപോകരുത് എന്ന ഉദ്ദേശത്തിൽ അവർ പണികഴിപ്പിച്ച ആശുപത്രി ഇന്നും കൊട്ടാര വാതില്ക്കൽ കാണുവാൻ കഴിയും.

അവരുടെ അവസാനത്തെ വാക്കുകൾ ഇപ്രകാരമായിരുന്നു. "ദൈവം തൻെറ സ്നേഹിതരെ കല്യാണ സദ്യയ്ക്കു ക്ഷണിക്കുന്ന സമയം എത്തിയിരിക്കുന്നു. മണവാളൻ തൻെറ മണവാട്ടിയെ തിരയുന്നു. നിശബ്ദമായിരിക്ക!"

ഇത് ഒരു നവംബർ 19-ാം തീയതി ആയിരുന്നു.

# നവംബർ 20

"നിങ്ങളുടെ നിർമ്മലമായ നടപ്പുകണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും." (1പത്രൊസ് 3:1)

ഒരു ശാബ്ബത് ദിവസം റബ്ബി മെയ്ർ സിനഗോഗിൽ പോയിരിക്കയായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെ രണ്ടു ചെറിയ ആൺകുട്ടികൾ ഒരു മരത്തിൽ നിന്നും വീണു മരിച്ചു പോയി. അദ്ദേഹത്തിന്റെ ഭാര്യ ബെറൂറിയ കുട്ടികളുടെ ശവ ശരീരങ്ങൾ എടുത്ത് മുകളിലത്തെ മുറിയിൽ ഒരു ഷീററ് ഇട്ട് മൂടിവച്ച ശേഷം ആഹാരം പാകം ചെയ്യുന്നതിനായി പോയി.

അദ്ദേഹം തിരിച്ചുവീട്ടിൽ വന്ന് പ്രാർത്ഥനയ്ക്കു ശേഷം ആഹാരം കഴിക്കുവാനിരുന്നപ്പോൾ കുട്ടികൾ എവിടെ എന്ന് ചോദിച്ചു. ഭാര്യമറുപടി പറഞ്ഞു: "അവർ കുട്ടികൾ അല്ലേ. അവരിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നത്?"

അദ്ദേഹം ആഹാരം കഴിച്ച ശേഷം അവർ പറഞ്ഞു: "എനിക്ക് നിങ്ങളോട് ഒരു കാര്യം ചോദിക്കുവാനുണ്ട്. എന്റെ അയൽക്കാരി അവളുടെ ഭർത്താവു കള്ളുകുടിയനായതിനാൽ എന്റെ പക്കൽ വിലകൂടിയ ഒരു കമ്മൽ സൂക്ഷിക്കുവാനായി ഏല്പിച്ചിരുന്നു. ഇപ്പോൾ അവളുടെ ഭർത്താവ് മരിച്ചശേഷം അത് തിരിച്ചു നല്കുവാൻ അവൾ ആവശ്യപ്പെടുന്നു. പക്ഷേ, ഞാൻ അവ വളരെ ഇഷ്ടപ്പെടുന്നു. നിങ്ങൾ വീട്ടിൽ ഇല്ലാത്ത അവസരത്തിൽ ഞാൻ അവ അണിഞ്ഞ് വളരെ സന്തോഷിക്കാറുണ്ട്. ഞാൻ അതു തിരികെ കൊടുക്കണമോ?"

റബ്ബി പറഞ്ഞു: "നിന്റെ ചോദ്യം കേട്ട് ഞാൻ അത്ഭുതപ്പെടുന്നു. നീ അവ തിരികെ കൊടുത്ത് ഇത്രയും കാലം നിന്റെ കയ്യിൽ സൂക്ഷിക്കുവാൻ അവസരം നല്കിയതിന് നന്ദിയും പറയണം."

അവൾ പറഞ്ഞു: "എന്നോടൊപ്പം വരിക, അവ എത്ര ഭംഗിയുള്ളതാണ് എന്ന് ഞാൻ കാട്ടിത്തരാം."

അവർ അദ്ദേഹത്തെ മുകളിലത്തെ മുറിയിൽ കൂട്ടികൊണ്ടുപോയിട്ട് പുതപ്പു വലിച്ചു മാററിയിട്ട് പറഞ്ഞു: "ഇവ രത്നങ്ങളാണ്. നമ്മുടെ സമയം നാം ഇവരോടൊപ്പം സന്തോഷമായി ചിലവഴിച്ചു. ഇനിയും ഇതിന്റെ ഉടമസ്ഥന് ഇവ സന്തോഷത്തോടുകൂടി തിരിച്ചു നല്കാം."

അദ്ദേഹം പറഞ്ഞു: "നല്ലവളായ ഭാര്യയുള്ളവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. ദൈവം തന്നു; ദൈവം എടുത്തു. അവന്റെ നാമം മഹത്വപ്പെടുന്നു."

നമ്മുടെ നഷ്ടങ്ങളേയും ഇപ്രകാരം നമുക്ക് കണക്കാക്കാം.

## നവംബർ 21

"സന്തോഷത്തോട് കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു."

(2കൊരിന്ത്യർ 9:7)

വിശ്വാസിയായ ഒരു ക്രിസ്ത്യാനി തന്റെ സഹോദരനോട് പറഞ്ഞത്: "പള്ളിയ്ക്ക് കൊടുക്കുവാനുള്ളത് എല്ലാ ഞായറാഴ്ചയും ഞാൻ മാററിവച്ച് നല്കും. എനിക്കു പോകാൻ പററിയില്ലെങ്കിൽ എന്റെ ഭാര്യ അതുകൊണ്ട് കൊടുക്കുവാൻ ആവശ്യപ്പെടും. അല്ലാത്തപക്ഷം അടുത്ത ആഴ്ചയിൽ അതിന്റെ ദശാംശം കൂടി ചേർത്ത് നല്കും. നിങ്ങൾ ഈ കാര്യത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു."

ആ സഹോദരൻ മറുപടി പറഞ്ഞു: "പള്ളിയിൽ പോകുന്നതിനു മുമ്പ് ഞാൻ കുടുംബസമേതം മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കും. അപ്പോൾ ഒരു സ്വതന്ത്ര രാജ്യത്ത് ജീവിക്കുവാനും ദൈവത്തിന്റെ ആലയത്തിൽ പോകുവാനും സ്വാതന്ത്ര്യം നല്കിയതിന് അവന് നന്ദിപറയും. ഒരു പട്ടക്കാരനെ നല്കിയതിനും നമ്മുടെ സഭയുടെ സുവിശേഷ പ്രസ്ഥാനത്തിനും മററ് എല്ലാ കാര്യങ്ങൾക്കും നന്ദി പറയും. അതിനുശേഷം എത്ര നല്കണം എന്ന് ഞാൻ തീരുമാനിക്കും. അത് പള്ളിയിൽ നല്കുകയും ചെയ്യും."

കുറച്ചു കാലത്തിനു ശേഷം ഇവർ രണ്ടു പേരും വീണ്ടും കണ്ടു മുട്ടി. അപ്പോൾ രണ്ടാമത്തെവ്യക്തി പറഞ്ഞു "ഞാൻ നിന്റെ മാർഗ്ഗം പരീക്ഷിച്ചു നോക്കി. അതു വളരെ നല്ലതാണ്. പള്ളിയ്ക്ക് എന്തു തുക നല്കണം എന്ന് പ്രാർത്ഥനയ്ക്കുശേഷം തീരുമാനിച്ചാൽ എനിക്കു ലഭിച്ച അനുഗ്രഹങ്ങൾ കണക്കിലെടുത്തു നോക്കുമ്പോൾ അത് വളരെ ചെറിയ തുകയായിരുന്നു. എന്നാൽ ഞാൻ ആ തുക വർദ്ധിപ്പിച്ചു. അപ്പോൾ എനിക്കു കൂടുതലായി അനുഗ്രഹങ്ങളും ലഭിക്കുവാൻ തുടങ്ങി. അങ്ങനെ നല്കുന്നതിൽ ഞാൻ സന്തോഷം കണ്ടെത്തി. ഞാൻ മുമ്പത്തെക്കാളും സന്തോഷവാനാണ്."

നിങ്ങൾ എങ്ങനെയാണ് സംഭാവന നല്കുന്നത്? ദൈവത്തിന്റെ നടത്തിപ്പിൻ പ്രകാരമാണോ?

## നവംബർ 22

"ഞാൻ ന്യായ പ്രമാണത്തേയോ പ്രവാചകന്മാരേയോ.....നീക്കുവാനല്ല നിവർത്തിപ്പാനത്രെ വന്നതു."

(മത്തായി 5:17)

ജപ്പാനിലെ ബൈബിൾ സൊസൈററിയുടെ മുൻ പ്രസിഡൻറായിരുന്ന ഷുൺ-ഷോക്ക് ഒരു കഥ വിവരിക്കുന്നു.

രണ്ടാം ലോക മഹായുദ്ധം അവസാനിച്ചപ്പോൾ ഓക്കിനാവാ ദ്വീപിലെ ഷിൻ മാൻ ബൂക്ക് എന്ന ഗ്രാമത്തിൽ ചെന്ന പട്ടാളക്കാർക്ക് വളരെ ഹാർദ്ദവമായ സ്വീകരണം ലഭിച്ചു. ഈ ഗ്രാമത്തിലെ വീടുകളും വഴികളും

വൃത്തിയുള്ളതായിരുന്നു. അവിടുത്തെ ആളുകളും മററ് ജപ്പാൻകാരെക്കാളും സന്തോഷമുള്ളവരും ആയിരുന്നു.

ഈ വ്യത്യാസത്തിൻെറ കാരണം മുപ്പത് വർഷം മുമ്പ് ഒരു അമേരിക്കക്കാരനായ സുവിശേഷകൻ അവിടെ ചെന്നിരുന്നു എന്നതാണ്. അദ്ദേഹം അധികം നാൾ അവിടെ താമസിച്ചില്ലെങ്കിലും അവരെ ഉപദേശിക്കുകയും ഒരു വേദപുസ്തകം അവർക്കു നല്കുകയും ചെയ്തു.

സഹോദരന്മാരായ ഷോസേയും മാഗോണും ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ജീവിക്കുവാൻ തുടങ്ങി. അവർക്ക് മറെറങ്ങുമുള്ള ക്രിസ്ത്യാനികളുമായി യാതൊരു സമ്പർക്കവും ഇല്ലായിരുന്നു. അവർ ഈ പുസ്തകത്തിൽ കൂടി രക്ഷിതാവിനെ കണ്ടെത്തി. അവൻെറ കല്പനകൾ നിവർത്തിച്ചു. അവർ മററുള്ളവരോട് സാക്ഷ്യം പറഞ്ഞു. ഈ സഹോദരന്മാരിൽ ഒരുവൻ ഗ്രാമത്തിൻെറ തലവനും മററവൻ അദ്ധ്യാപകനും ആയി. വേദപുസ്തകം ദിവസവും സ്കൂളിൽ വായിക്കുവാൻ തുടങ്ങി. ഗ്രാമത്തിൻെറ ഭരണവും വേദപുസ്തക പ്രകാരമായി.

മുപ്പതു വർഷം മുമ്പ് ലഭിച്ച വേദപുസ്തകം ശരിയായി ഉപയോഗിച്ചതുമൂലം ആ ഗ്രാമത്തിൻെറ ജീവിതം വ്യത്യാസപ്പെട്ടതായി കാണുവാൻ കഴിഞ്ഞു.

നിങ്ങളുടെ വേദപുസ്തകം അലമാരിയിൽ ഇരിക്കുന്നതേയുള്ളോ? അത് നിങ്ങളുടെ ജീവൻ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ? നിങ്ങൾ നിത്യവും അതിൽ നിന്ന് പഠിക്കയും അത് പ്രാവർത്തികമാക്കയും ചെയ്യുന്നുണ്ടോ? നിങ്ങൾ അതിലെ ഉപദേശങ്ങൾ സ്കൂളിലും, ഫാക്ടറികളിലും സമൂഹത്തിലും എത്തിക്കുന്നുണ്ടോ?

നിങ്ങളുടെ വേദപുസ്തകം എങ്ങനെ ഉപയോഗിക്കണം എന്ന് അറിയത്തില്ലങ്കിൽ ഈ ജപ്പാൻകാരായ സഹോദരന്മാരെ കണ്ടു പഠിക്കുക.

## നവംബർ 23

"ഇന്ന് നിങ്ങൾ അവൻെറ ശബ്ദം കേൾക്കുന്നു എങ്കിൽ ....നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത്." (സങ്കീ. 95:8)

ഒരു യുവാവ് തൻെറ മാതാവിനോട് പറഞ്ഞു: "എനിക്ക് വേദപുസ്തകം സ്വീകരിക്കുവാൻ കഴിയുകയില്ല. എനിക്ക് മനസ്സിലാക്കാൻ പററാത്ത പല കാര്യങ്ങളും അതിൽ ഉണ്ട്. അതിന് യാതൊരു അർത്ഥവുമില്ല."

മാതാവ് മറുപടി പറഞ്ഞു: "നീ യുദ്ധത്തിന് പോയിരുന്നപ്പോൾ ഒരിക്കൽ എനിക്ക് എഴുതിയിരുന്നല്ലോ 'എനിക്കു മനസ്സിലാക്കാൻ പററാത്ത അവസ്ഥയാണ് നിങ്ങളുടെ എഴുത്തിൽ വിവരിക്കുന്നത്. മൂന്നു വർഷമായി ഞാൻ വീട്ടിൽ നിന്നും അകന്നു നില്ക്കുന്നു എന്നത് ശരിയാണ്. ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരുന്നെങ്കിൽ ചിലപ്പോൾ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചേനേ."

വേദപുസ്തകം എത്രമാത്രം നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ലയോ

അത്രമാത്രം നാം അതിൽ നിന്നും അകന്നു കഴിയുന്നു എന്നും നമ്മുടെ സ്വർഗ്ഗ ഭവനത്തിൽ നിന്നും എത്രയും ദൂരെയാണ് എന്നും കാണിക്കുന്നു. നിങ്ങളുടെ പിതൃഭവനത്തിലേക്കു തിരിച്ചു ചെല്ലുക. അപ്പോൾ നിങ്ങൾക്കു മനസ്സിലാകുവാൻ കഴിയും.

ഉടനെ തന്നെ അപ്രകാരം ചെയ്യുക.

ഗ്രീക്ക് ഏകാധിപതിയായിരുന്ന ആർക്കാക്കസ് ഒരു വിരുന്നിന് പോകുന്ന വേളയിൽ "വളരെ പ്രധാനപ്പെട്ടത്" എന്ന് പറഞ്ഞ് ആരോ ഒരു എഴുത്ത് ഏല്പിച്ചു.

"പ്രധാനപ്പെട്ട കാര്യങ്ങൾ നാളത്തേയ്ക്കു മാററിവയ്ക്കാം" അയാൾ പറഞ്ഞു.

അല്പ സമയത്തിനുശേഷം അയാൾ കുടിച്ചു മത്തനായിരുന്നപ്പോൾ കൊലയാളിയുടെ കത്തി അയാളുടെ നെഞ്ചിൽ തുളച്ചു കയറി. അയാളെ കൊല്ലുവാൻ പദ്ധതി ഉണ്ട് എന്ന് താക്കീതു ചെയ്തിരുന്ന കത്തിൽ അയാളുടെ രക്തം വീണു.

പൈശാചിക ശക്തികൾ നമ്മെ വളരെ ദൂരെയും വളരെക്കാലത്തേയ്ക്കും പിതൃ ഭവനത്തിൽ നിന്നും അകററി നിർത്തുന്നു. ഇവ അന്ത്യത്തിൽ നമ്മുടെ ആത്മീക മരണത്തിന് ഇടയാക്കുന്നു.

താക്കീതു ശ്രദ്ധിക്കുക. തിരിച്ചു വരിക.

---

## നവംബർ 24

---

"കർത്താവേ, ഞങ്ങളേയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ."

(ലൂക്കോസ് 11:1)

എന്റെ ചെറുപ്പത്തിൽ എന്നെ പഠിപ്പിച്ചിരുന്നത് നാം വരൾച്ചയുടെ കാലത്ത് ഒരു മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കാൻ പോയാൽ ഒരു കുടയും കൂടി എടുക്കണം എന്നായിരുന്നു. ഇത് വിശ്വാസത്തിന്റെ ഒരു അടയാളം ആയിരുന്നു.

യഹൂദ മഹാപുരോഹിതൻ വർഷത്തിൽ ഒരിക്കൽ മാത്രം അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുമ്പോൾ തന്റെ പ്രാർത്ഥനയുടെ അവസാനത്തിൽ "ദൈവമേ, വഴിപോക്കരുടെ പ്രാർത്ഥന കേൾക്കരുതേ" എന്ന് പറയുന്നതായി താൽമുദിൽ ഞാൻ വായിക്ക ഉണ്ടായി.

എല്ലാ വഴിയാത്രക്കാരനും യാത്രാദിവസങ്ങളിൽ നല്ല കാലാവസ്ഥ ആഗ്രഹിക്കുന്നു. നാം കുട എടുത്തിട്ടുണ്ടോ ഇല്ലയോ എന്ന് നോക്കി ദൈവം മഴ പെയ്യിക്കണോ വേണ്ടയോ എന്ന് തീരുമാനിച്ചാൽ ലോകം എങ്ങനെയിരിക്കും.

ഒരു പട്ടക്കാരനോട് ഒരിക്കൽ മഴ പെയ്യുവാൻ പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടപ്പോൾ മറുപടി പറഞ്ഞത്: "കാററിന്റെ ഗതി ഇങ്ങോട്ട് അല്ലാതിരിക്കുമ്പോൾ പ്രാർത്ഥിക്കാം" എന്നാണ്.

നമ്മുട കർത്താവു പറഞ്ഞു: "കാററ് അടിക്കേണ്ടിടത്ത് അടിക്കുന്നു." പ്രകൃതിയെ നയിക്കുന്ന വസ്തുനിഷ്ടമായ ചില നിയമങ്ങൾ ഉണ്ട്. നമ്മുടെ ഇഷ്ടാനുസരണം പ്രകൃതി പ്രവർത്തിക്കാത്തതിനാലാണ് നാം അത് നമുക്ക്

അനുകൂലമാകുവാൻ പ്രാർത്ഥിക്കുന്നത്. ഇത് വാസ്തവത്തിൽ രണ്ടും രണ്ടും കൂടി കൂട്ടിയാൽ നാല് ആകരുതേഎന്ന് പ്രാർത്ഥിക്കുന്നതുപോലെ തെററായ സംഗതിയാണ്.

ഒരു ക്രിസ്ത്യാനിയുടെ പ്രാർത്ഥന "നിൻെറ ഹിതം നടക്കട്ടെ." എന്നായിരിക്കണം. ഏലിയാ പ്രവാചകന് മഴ പെയ്യിക്കുവാൻ സാധിച്ചു. യേശു കാററിനെ ശാസിച്ചു. നിങ്ങാം അവരെ അനുകരിക്കുവാൻ ശ്രമിക്കുന്നുവോ? നിങ്ങളുടെ നിലയിൽ അങ്ങനെ ചെയ്യുവാൻ കഴികയില്ല.നിങ്ങാം ആത്മീക ശക്തി പ്രാപിക്കയും ദൈവഹിതം അറിയുന്നവരായി തീരുകയും വേണം. കാലാവസ്ഥാ ശാസ്ത്രജ്ഞന്മാർക്ക് അറിയാൻ പാടില്ലാത്ത കാര്യങ്ങാം നിങ്ങാം അറിഞ്ഞിരിക്കണം.

---

## നവംബർ 25

---

"നീ ലോകത്തിൽ നിന്ന് എനിക്ക് തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിൻെറ നാമം വെളിപ്പെടുത്തിയിരിക്കുന്നു." (യോഹന്നാൻ 17:6)

എ.ഡി. 627-ൽ നോർത്താംബ്രിയയിലെ രാജാവായിരുന്ന എഡ്വിനെ ക്രിസ്തുമതം സ്വീകരിക്കുവാൻ പോലീനസ് എന്ന സന്യാസി പ്രേരിപ്പിച്ചപ്പോാം രാജാവ് ഇരു മനസ്സിലായിരുന്നു. ഉടനെ ഒരു പടയാളി ഇപ്രകാരം പറഞ്ഞു:

"അല്ലയോ രാജാവേ! എൻെറ അഭിപ്രായത്തിൽ മനുഷ്യൻെറ ലോക ജീവിതം മഞ്ഞുകാലത്ത് അങ്ങ് വലിയ പ്രൗഢിയോട് ഇരുന്ന് ആഹാരം കഴിക്കുന്ന ആ മുറിയിൽ ചിറകിട്ട് അടിച്ചു പറക്കുന്ന ആ കുരുവിയെപ്പോലെയാണ്. തണുപ്പുകാററിൽ നിന്നും മററും സുഖമായിരിക്കുന്ന ആ മുറിയിൽ ആ കുരുവി ഒരു വാതിലിൽ നിന്നും മറെറാന്നിലേക്ക് പറക്കുന്നു. അല്പസമയത്തിനുശേഷം അത് മഞ്ഞിലേക്ക് അപ്രത്യക്ഷമാകുന്നു. ഇതുപോലെതന്നെ മനുഷ്യജീവിതവും അല്പകാലത്തേയ്ക്കു മാത്രമേയുള്ളൂ. എന്നാൽ വരാനിരിക്കുന്ന ജീവിതത്തെ പററി നമുക്ക് ഒന്നും അറിഞ്ഞുകൂടാ. ആയതിനാൽ ഈ പുതിയ തത്വം നമുക്ക് നിശ്ചിതമായി ഒന്ന് വാഗ്ദാനം ചെയ്യുന്നതിനാൽ സ്വീകരിക്കാൻ യോഗ്യമാണ്."

ക്രിസ്തുവിൻേറതായ ഈ പുതിയ തത്വം മനുഷ്യരുടെ ഈ വക അന്വേഷണങ്ങളുടെ ഉത്തരം നല്കുന്നു. യേശു നമുക്ക് പിതാവിൻെറ നാമം വെളിപ്പെടുത്തി തന്നിരിക്കുന്നു. ഈ പിതാവിനെ പററിയുള്ള അറിവ് ഒരുവന് നിത്യജീവൻ നേടിത്തരുന്നു. ഒരു വസ്തുവിൻെറ യഥാർത്ഥമായ പേര് ഒരു മനുഷ്യന് അറിയാം എങ്കിൽ ആ വസ്തുവിൽ ഉാംക്കൊള്ളുന്ന ശക്തി അവൻെറ നിയന്ത്രണത്തിൽ ആയിരിക്കും എന്ന വിശ്വാസം പല ഗ്രന്ഥങ്ങളിൽ കൂടി പുരാതന കാലം മുതൽ നിലനിന്നുകാണുന്നു. ഈ ചിന്താഗതി ശരിയാണ്. നമുക്ക് ഒരു വസ്തുവിൻെറ ശരിയായ പേര് അല്ലെങ്കിൽ അതിൻെറ നിർദ്ദിഷ്ട രൂപ ഘടകങ്ങളെ പററി അറിയാം എങ്കിൽ നമുക്ക് അതിൽ പ്രവർത്തിക്കുവാൻ കഴിയും.

യേശുവിൽ കൂടി ദൈവം സ്നേഹമാകുന്നു എന്ന് നമുക്ക് അറിയാൻ കഴിഞ്ഞു. ദൈവത്തിൻെറ സ്നേഹം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്.

## നവംബർ 26

"എൻെറ കണ്ണിനെതിരെ നിന്നു." (ഇയ്യോബ് 4:16)

ഒരു വിദ്യാർത്ഥി ഒരിക്കൽ ഒരു ജ്ഞാനിയായ സന്യാസിയുടെ അടുത്തു ചെന്നിട്ട് പറഞ്ഞു: "ഗുരുവേ! എന്നെ ദൈവത്തെക്കുറിച്ച് പഠിപ്പിക്കുക."

സന്യാസി നിശബ്ദനായി ഇരുന്നു.

വീണ്ടും വിദ്യാർത്ഥി പറഞ്ഞു: "ഗുരൂ, എന്നെ ദൈവത്തെ പററി പഠിപ്പിക്കുക."

എന്നിട്ടും സന്യാസി നിശബ്ദനായിരുന്നു.

മൂന്നാം പ്രാവശ്യവും വിദ്യാർത്ഥി ചോദിച്ചപ്പോൾ സന്യാസി പറഞ്ഞു: "ഞാൻ നിന്നെ ദൈവത്തെ പററി പഠിപ്പിച്ചു. ഞാൻ നിശബ്ദമായിരുന്നു."

ദൈവത്തെ വാക്കുകളിൽ വിവരിക്കുക എന്നാൽ അത് വലയിൽ തിരപിടിക്കുവാൻ ശ്രമിക്കുന്നതു പോലെയാണ്. മനുഷ്യൻ വേട്ടയ്ക്കു പോകുമ്പോഴും, വ്യക്തി ബന്ധങ്ങളിലും മററും അന്യോന്യം മനസ്സിലാക്കേണ്ട ആവശ്യം വന്നതിൽ നിന്നും ഉത്ഭവിച്ചതാണ് വാക്കുകൾ. നമുക്ക് അവ ഒഴിച്ചു കൂടാൻ പാടില്ലാത്തവയാണ്. പക്ഷേ നാം നമ്മുടെ വാക്കുകളായ 'യജമാനൻ, പിതാവ് സ്നേഹം' എന്നീ വാക്കുകൾ ദൈവത്തെ വിളിക്കുമ്പോൾ അവ തെററായ അർത്ഥം കൂടി ഉൾക്കൊള്ളിക്കുന്നു. ഒരു യജമാനൻ ചൂഷണക്കാരൻ ആകാം. ലൂഥറിന് കർത്താവിൻെറ പ്രാർത്ഥന പറയുന്നതിൽ വലിയ ബുദ്ധിമുട്ടുണ്ടായിരുന്നു. കാരണം അദ്ദേഹം ദൈവത്തെ "പിതാവേ" എന്ന് വിളിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിൻെറ പിതാവ് വളരെ നിഷ്ഠൂരനായിരുന്നു. "സ്നേഹം" എന്നു വിളിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം അദ്ദേഹത്തിന് തൻെറ പട്ടിയും, ആപ്പിളും വലിയ ഇഷ്ടമായിരുന്നു. അതേ വികാരം തന്നെയാണോ ദൈവത്തിന് പകരം സ്നേഹം എന്ന് പറയുന്നത്.

ലിവിങ്സ്ററൺ കിരാതൻമാരോട് ദൈവം സ്നേഹമാകുന്നു എന്ന് വിവരിക്കുവാൻ ശ്രമിച്ചിട്ട് കഴിഞ്ഞില്ല. കാരണം അവരുടെ ഭാഷയിൽ "സ്നേഹം" എന്ന വാക്ക് ഇല്ലായിരുന്നു. അവർക്ക് ഏററവും പ്രിയപ്പെട്ട വസ്തു മനുഷ്യൻെറ കയ്യുടെ മാംസം ചുട്ടതായിരുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. ഇതിന് അവർ 'unboy' എന്നായിരുന്നു പറയുന്നത്. ലിവിങ്സ്ററൺ തൻെറ പ്രസംഗത്തിൽ പറഞ്ഞു "ദൈവം ഏററവും നല്ല അൺബോയ് (unboy) ആകുന്നു" എന്ന്. ഇങ്ങനെ പറഞ്ഞതിന് അദ്ദേഹത്തെ എല്ലാവരും കുററപ്പെടുത്തി. അപ്പൊസ്തോലനായ യോഹന്നാൻ ദൈവത്തെ "സ്നേഹം" എന്ന് വിളിച്ചതു പോലെ തന്നെ അദ്ദേഹവും പറഞ്ഞു എന്നു മാത്രം.

സ്നേഹം എന്നത് ഒരു മാനുഷീക വികാരമാണ്. ദൈവം ഒരു വികാരമാണ് എന്ന് ആർക്കെങ്കിലം വിശ്വസിക്കുവാൻ കഴിയുമോ? എന്നാൽ മനുഷ്യന്

അറിയാമായിരുന്നതിൽ ഏററവും ശ്രേഷ്ഠമായത് സ്നേഹമായിരുന്നു. യോഹന്നാൻ ദൈവത്തെ ''സ്നേഹം'' എന്നും ലിവിങ്സ്ററൺ ''അൺബോയ്'' എന്നും വിളിച്ചു.

ദൈവം എന്താകുന്നു എന്ന് നാം നിശബ്ദത പാലിക്കുമ്പോൾ മനസ്സിലാക്കാം.

---

## നവംബർ 27

''തന്റെ കൃപയാൽ ദൈവം തന്റെ പുത്രനെ.....എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചു.'' (ഗലാത്യർ 1:15-16)

ഒരു മനുഷ്യന് ദൈവത്തിന്റെ പുത്രനെ തന്നിൽ കണ്ടെത്തുവാൻ എന്തുചെയ്യണം? പാപം മൂലം നഷ്ടപ്പെട്ട നമ്മുടെ ദൈവ സ്വരൂപം എങ്ങനെ വീണ്ടെടുക്കാം? ഇതിന് മാർഗ്ഗം ഒന്നും ഇല്ല.

ഒരു നടൻ ഒഥല്ലോ ആയി അഭിനയിക്കുന്നു. ഒരു പക്ഷേ ഇതിന് മുമ്പ് ഈ നടന് ഇത്രയും അസൂയ തോന്നുവാൻ അവസരം ഉണ്ടായിക്കാണുകയില്ല. എന്ന് മാത്രമല്ല ഈ വികാരം അറിഞ്ഞും കാണുകയില്ല. തന്റെ വ്യക്തിത്വത്തിൽ നിന്നും വ്യത്യസ്തമായ അസൂയാലുവായ മനുഷ്യനായി അവൻ അഭിനയിക്കുന്നു. എന്നാൽ അസൂയാലുവായ ഒഥല്ലോയുടെ സ്വഭാവം ഒരിക്കലും ആ നടന്റെ സ്വഭാവമായി മാറുന്നില്ല. വേണമെങ്കിൽ അവന് ഒഥല്ലോ ആയി അഭിനയിക്കയില്ല എന്ന് തീരുമനിക്കാം.

ഒന്നാമതായി, നമുക്ക് നമ്മുടേതായ ഒരു വ്യക്തിത്വം ഉണ്ട്. രണ്ടാമതായി, നാം ജീവിതത്തിൽ പല തരത്തിലുള്ള മനോഭാവം കാണിക്കുന്നു. ചിലപ്പോൾ പാപം ചെയ്യുന്നതിൽ തല്പരരായും, പാപത്തിൽ ആണ്ടുപോയവരായും, മററ് ചിലപ്പോൾ പശ്ചാത്തപിക്കുന്ന പാപിയായും ഇരിക്കുന്നു. ഈ ഭാവങ്ങൾ ഒന്നും ഞാൻ ആരായിരിക്കും എന്ന് തീരുമാനിക്കാൻ ഇടയാക്കുന്നില്ല. എന്നാൽ അടിസ്ഥാനപരമായ എന്റെ വ്യക്തിത്വം മാത്രമേ ''ഞാൻ'' ആരായിരിക്കും എന്ന് തീരുമാനിക്കുന്നുള്ളൂ.

ഒഥല്ലോ ആയി അഭിനയിക്കുന്ന ഞാൻ എന്റെ ഭാഗം കാര്യമായി കണക്കിലെടുക്കുന്നില്ല എങ്കിൽ അവിടെനിന്നും മാററം ആരംഭിക്കുന്നു. അപ്പോൾ താൻ ഡെസ്ഡിമോണയെ കൊന്നിട്ടില്ലെന്നും, ഇതെല്ലാം നാടകം മാത്രമാണ് എന്നും മനസ്സിലാക്കുന്നു. അപ്പോൾ നമ്മുടെ യഥാർത്ഥമായ വ്യക്തിത്വം നമ്മിൽ തെളിഞ്ഞു കാണും. ഒഥല്ലോ എന്ന വൃദ്ധൻ മാഞ്ഞു പോകും.

മുടിയനായ പുത്രന്റെ ഉപമയിൽ എഴുതിയിരിക്കുന്നത് അവൻ തന്റെ പിതാവിന്റെ അടുക്കലേക്കു തിരിച്ചുപോകുവാൻ തീരുമാനിച്ചപ്പോൾ അവന് സുബോധം വന്നു (ലൂക്കോസ് 15:17) എന്നാണ്. ദൈവത്തിങ്കലേക്കു നാം തിരിയുന്ന ഓരോ പ്രാവശ്യവും നാം നമ്മിലേക്കു തിരിച്ചു വരുകയാണ്.

## നവംബർ 28

"കരയുന്നവരോടുകൂടെ കരയുകയും ചെയ്‌വിൻ." (റോമർ 12:15)

ഒരു ക്രിസ്ത്യാനിയെ ഒരുവൻ കുത്തിമുറിവേല്പിച്ചു. കുററവാളിയെ പോലീസ് പിടികൂടി ആശുപത്രിയിൽ അയാളുടെ അടുത്തേയ്ക്കു കൊണ്ടുചെന്നു. പോലീസ് ആ ക്രിസ്ത്യാനിയോട് പറഞ്ഞു: "ഈ മനുഷ്യന് അവൻ അർഹിക്കുന്ന ശിക്ഷ നല്കും. ഇന്നു മുതൽ അവൻ ജയിലിൽ കിടക്കും."

ക്രിസ്ത്യാനി പറഞ്ഞു: "അവനെ ഇപ്പോഠം കാണുന്നത് എനിക്ക് എന്തൊരു അനുഗ്രഹമാണ്. യേശു പറഞ്ഞത് ജയിലിൽ ആയിരിക്കുന്ന ഓരോരുത്തരും അവൻെറ ചെറിയ സഹോദരനാണ്." ഈ ക്രിസ്ത്യാനി ആ കുററവാളിയെ വണങ്ങിയശേഷം മരിച്ചു.

നിങ്ങളോട് തെററ് ചെയ്തവരായിരുന്നാലും കഷ്ടപ്പെടുന്നവരെ വണങ്ങുക. ദുഃഖിക്കുന്നവരുടെ സ്നേഹിതനായ യേശു ദുഃഖിതരുടെ സ്നേഹിതനായ യേശു കഷ്ടത അനുഭവിക്കുന്നവരോട് സഹതാപം കാണിക്കുന്നു.

താൽമുദിൽ പറയുന്നു. "ഒരു അനീതിക്കാരൻ ഒരു നീതിമാനായവനെ ദ്രോഹിക്കുമ്പോഠം ദൈവം ദ്രോഹിക്കപ്പെടുന്നവൻെറ പക്ഷത്തായിരിക്കും. ഒരു അനീതിക്കാരൻ മറെറാരു അനീതിക്കാരനെ പീഢിപ്പിക്കുന്നു എങ്കിൽ ദൈവം പീഢനം സഹിക്കുന്നവൻെറ പക്ഷത്തായിരിക്കും. ഒരു നീതിമാൻ അനീതിക്കാരനെ ദ്രോഹിക്കുന്നു എിലും ദൈവം ദ്രോഹിക്കപ്പെടുന്നവൻെറ കൂടെയായിരിക്കും."

അലസതകൊണ്ടു പട്ടിണിക്കാരായി തീർന്നാലും ദൈവം എപ്പോഴും പട്ടിണിക്കാരുടെ പക്ഷത്തായിരിക്കും. ഒരു കിണറു കുഴിക്കുവാനുള്ള മടിമൂലം ദാഹിച്ചു വലയുന്നവരായിരുന്നാൽ കൂടി അവരുടെ കൂടെയിരിക്ക. ചൂതുകളിയിൽ വസ്ത്രം നഷ്ടപ്പെട്ടവനായിരുന്നാലും അവൻെറ പക്ഷത്തായിരിക്ക. ദുഷ്പ്രവൃത്തികഠം ചെയ്ത് ആരോഗ്യം നശിച്ച് രോഗിയായി തീർന്നാലും അവനോടൊപ്പം ഇരിക്ക. കുററവാളികഠം ആയിരുന്നാൽ കൂടി തടവുകാരുടെ പക്ഷത്തായിരിക്ക. പക്ഷേ നിഷ്കളങ്കരായിരുന്നവരെ ദ്രോഹിച്ചവരോട് അമിതമായി കരുണ കാണിക്കാതിരിക്ക.

## നവംബർ 29

"നിങ്ങഠംക്കുള്ളത് വിററ് ഭിക്ഷകൊടുപ്പിൻ." (ലൂക്കോസ് 12:33)

ഈ ഉപമയിലെ ധനവാനായ മനുഷ്യൻ പാവങ്ങളോട് കരുണ ഇല്ലാത്തവനായിരുന്നതിനാൽ നീതിമാൻ എന്ന പേരിന് അർഹനല്ല.

വ്യവസായപരമായി പുരോഗതി പ്രാപിച്ച എല്ലാ രാജ്യങ്ങളിലെയും ക്രിസ്ത്യാനികഠം ഈ ധനവാന്മാരെപ്പോലെ പാപം ചെയ്യുന്നവരാണ്. പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങഠംക്ക് അവരുടെ

ഉല്പാദനങ്ങളുടെ വിലയുടെ പതിനഞ്ചു ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ. ഉല്പാദക രാജ്യങ്ങൾ ധനികരാജ്യങ്ങൾക്ക് ഒരു രൂപയുടെ പഴം വില്ക്കുമ്പോൾ അവർക്ക് അതിന്റെ വില പതിനൊന്ന് പൈസ മാത്രമേ ലഭിക്കുന്നുള്ളൂ. കുടിയേററ പ്രസ്ഥാനം ദരിദ്രരാജ്യങ്ങളിൽ നിന്ന് അസംസ്കൃത സാധനങ്ങളും ആഹാരസാധനങ്ങളും വിലകുറച്ച് വ്യവസായ രാജ്യങ്ങൾക്കു ലഭിക്കുന്നതിന് ഇടയാകുന്നു. ഇത് ഇന്നും നിലനില്കുന്നു. 1963-മുതൽ 1971-വരെയുള്ള കാലയളവിൽ 450 ലക്ഷം ഡോളർ, ചായപ്പൊടിയുടെ വിലയിടിവുമൂലം ശ്രീലങ്ക ബ്രിട്ടനിലേക്കു കയററി അയച്ചതിൽ അവർക്കു നഷ്ടമായി. ഇത് ബ്രിട്ടൻ ശ്രീലങ്കയ്ക്കു സഹായമായി നല്കിയ തുകയുടെ ഇരട്ടിയോളം വരും.

അവികസിത രാജ്യങ്ങളിൽ സാമൂഹിക അനീതികളും നിലനില്ക്കുന്നു. ഈ രാജ്യങ്ങളിൽ വരുമാനത്തിന്റെ 40 ശതമാനം ജനസംഖ്യയിൽ ധനികരായ പത്തുശതമാനം ആളുകൾക്കാണ്, ദരിദ്രരായ 40 ശതമാനം പേർക്ക് ഈ മൊത്തവരുമാനത്തിന്റെ 12 ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ.

ഓരോ ക്രിസ്ത്യാനിയും തന്റെ ചിലവുകളിൽ നിയന്ത്രണം പാലിക്കേണ്ടതാണ്. ഒരു ക്രിസ്ത്യാനി തന്റെ വരുമാനം എന്തായിരുന്നാലും തനിക്കും തന്റെ കുടുംബത്തിനും വേണ്ടി തന്റെ രാജ്യത്തെ ഒരു സാധാരണ പൗരന്റെ വരുമാനത്തിൽ കൂടുതൽ ചിലവിട്ടുകൂടാ. അതിൽ കൂടുതലായി ചിലവാക്കുന്നത് ആഡംബരമാണ്.

അംബ്രോസ് എഴുതിയിരിക്കുന്നു: ''നിങ്ങൾക്കു സഹായിക്കാൻ കഴിവുണ്ടായിട്ടും നിങ്ങളുടെ സഹോദരൻ പട്ടിണി കിടക്കുന്നു എങ്കിൽ നിങ്ങൾ ഒരു കൊള്ളക്കാരനാണ്. അവൻ പട്ടിണിമൂലം മരിച്ചു എങ്കിലോ നിങ്ങൾ ഒരു കൊലയാളിയാണ്.''

---

## നവംബർ 30

---

''സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.'' (മത്തായി 19:14)

മാതാപിതാക്കളുടെ ജീവിതത്തിലെ ഏററവും ദുഃഖ നിർഭരമായ നിമിഷം തങ്ങളുടെ കുഞ്ഞ് മന്ദബുദ്ധിയാണ് എന്ന് അറിയുന്നതാണ്. ഫ്രിററ്സ് റെയിനികറുടെ 'The Best is still to come' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഒരു യഥാർത്ഥ സംഭവം ഞാൻ ഇവിടെ എഴുതുകയാണ്.

മന്ദബുദ്ധിയായ കുട്ടികൾക്കുള്ള മന്ദിരത്തിൽ കാതറൈൻ എന്ന കുട്ടിയെ ഇരുപതു വർഷം വളർത്തി. ഈ കുട്ടി ജനനം മുതലേ വിഡ്ഢിയായിരുന്നു. ഒരു വാക്കുപോലും പറഞ്ഞിട്ടേയില്ല. അവൾ ഭിത്തിയേയും മററും തുറിച്ചുനോക്കുകയും വികലമായി ചലിക്കുകയോ ചെയ്തിരുന്നു. അവളുടെ ജീവിതത്തിൽ തിന്നുക, കുടിക്കുക, ഉറങ്ങുക എന്നതുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾക്കു ചുററും നടക്കുന്നതായ ഒന്നിലും അവൾ പങ്കെടുത്തിരുന്നില്ല. അവസാനം അവളുടെ കാലും മുറിച്ചു കളയേണ്ടിവന്നു. എല്ലാവരും അവൾ സുഖപ്പെടുവാൻ ആഗ്രഹിച്ചു. എങ്കിലും ദൈവം അവളെ തന്റെ അടുക്കലേക്കു എത്രയും വേഗം വിളിക്കുവാനും ആശിച്ചു.

''ഒരു ദിവസം ഈ മന്ദിരത്തിൻെറ ഡയറക്ടറെ ഡോക്ടർ വിളിപ്പിച്ചു. കാതറൈൻ മരിക്കുവാൻ തുടങ്ങുകയായിരുന്നു. അവർ രണ്ടുപേരും മുറിയിൽ പ്രവേശിച്ചപ്പോഠം കണ്ടത് അവർക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. കാതറൈൻ മരണസമയത്തിന് അനുയോജ്യമായ പാട്ടുകഠം അവഠം കേട്ടു മനസ്സിലാക്കി വച്ചിരുന്നത് പാടുകയായിരുന്നു. 'ആത്മാവ് തൻെറ പിതാവിൻെറ ദേശം എവിടെ കാണുന്നു. തൻെറ വിശ്രമം എവിടെ' എന്ന ജർമ്മൻ പാട്ട് വീണ്ടും വീണ്ടും പാടി. അവളുടെ മുഖ ഭാവത്തിന് വ്യത്യാസമുണ്ടായി. അവഠം അരമണിക്കൂർ പാടിയശേഷം മരിച്ചു.''

അവളുടെ ചുററും സംഭവിച്ചിരുന്നതിനെ അവഠം ശ്രദ്ധിച്ചിരുന്നില്ല എന്നത് വെറും തോന്നൽ മാത്രമായിരുന്നു. ഈ സംഭവം വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഒരു കടം കഥയായി അവശേഷിക്കുന്നു. വൈകല്യമുളള കുട്ടികളുടെ മാതാപിതാക്കഠംക്ക് പ്രോത്സാഹനം നല്കുവാനായി ദൈവം ഒരിക്കൽ ആ മറ ഒന്നു മാററിക്കാണിച്ചതാണ്. ദൈവം തെററുകഠം ഒന്നും ചെയ്യുന്നില്ല. ആകാശത്തിലെ പക്ഷികഠംക്കു വേണ്ടി കരുതുന്നവൻ ഈ മന്ദബുദ്ധികളായവർക്കും സ്വർഗ്ഗത്തിൽ ഒരു സ്ഥാനം കണ്ടിട്ടുണ്ട്.

## ഡിസംബർ 1

''യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ ഉണ്ടാക്കി.''
(ഉല്പത്തി 2:7)

മനുഷ്യനെ ഉണ്ടാക്കിയത് വെറും മണ്ണുകൊണ്ടല്ല. (എബ്രായ ഭാഷയിലെ 'eretz' എന്ന വാക്കിൽ നിന്നാണ് ഇംഗ്ളീഷു ഭാഷയിലെ earth എന്ന വാക്കുണ്ടായത്) മനുഷ്യനെ നിലത്തുനിന്നാണ് ഉണ്ടാക്കിയത്. എബ്രായ ഭാഷയിൽ ഇതു 'adamah' എന്നാൽ ഏററവും നല്ല മണ്ണ് എന്നാണ് അർത്ഥം. പറുദീസയിലെ മണ്ണിനെ adamah എന്നാണ് ഉല്പത്തി 2:9-ൽ പറയുന്നത്. മണലാരണ്യമോ കല്ലുനിറഞ്ഞ നിലമോ അല്ല ദൈവം ഉപയോഗിച്ചത്. പറുദീസയിലെ മരങ്ങളും ജീവൻെറ വൃക്ഷവും വളർന്ന നിലമാണ് ദൈവം മനുഷ്യനെ ഉണ്ടാക്കുവാൻ ഉപയോഗിച്ചത്. ഇതിനാൽ മനുഷ്യൻെറ ശക്തി വളരെ വലിയതാണ്.

അതിന് ശേഷം ദൈവം അവൻെറ മൂക്കിൽ ''ജീവ ശ്വാസം ഊതി.'' എബ്രായ ഭാഷയിൽ 'ജീവൻ' എന്ന ഏകവചനം ഇല്ല. യഹൂദന്മാർ ജീവൻ എന്ന വാക്കിന് 'haiim' എന്ന വാക്ക് ഉപയോഗിച്ചു. ഇത് ഒരു ബഹുവചനം ആണ്. മനുഷ്യന് ഒരു ജീവനേയുളളൂ എന്ന് പറഞ്ഞ് ഒരു നിരീശ്വര പുസ്തകം നിങ്ങഠം എബ്രായ ഭാഷയിൽ എഴുതണം എന്ന് വിചാരിച്ചാൽ അത് അസാദ്ധ്യമാണ്. കാരണം ആ ഭാഷയിൽ ഈ വാക്കിന് ബഹുവചനം മാത്രമേയുളളൂ. ഏകവചനം ഇല്ല. ദൈവം മനുഷ്യന് ജീവനുകഠം നല്കി. ആത്മീകമായ ജീവനും, ശാരീരികമായ ജീവനും. ഈ ലോക ജീവിതവും വരുവാനിരിക്കുന്ന ജീവിതവും നല്കി.

മനുഷ്യൻ വളരെ വ്യത്യസ്തനാണ്. അവൻ ദൈവത്തേക്കാഠം അല്പം മാത്രം താഴെയാണ് (സങ്കീ. 8:5). എബ്രായ ഭാഷയിൽ ഈ വാക്യം ''നീ അവനെ

ദൈവത്തേക്കാൾ (Elohim) അല്പം മാത്രം താഴ്ത്തി'' എന്നാണ്.

ശാരീരികമായി നോക്കുമ്പോൾ മനുഷ്യൻ പ്രപഞ്ചത്തിലെ അല്പം പൊടി മാത്രമാണ്. പക്ഷേ അവന്റെ മഹത്വം ആർക്കു വർണ്ണിക്കുവാൻ കഴിയും? ബ്ളെയ്സ് പാസ്കൽ എഴുതിയിരിക്കുന്നു: ''ഒരു ശ്വാസം, ഒരു തുള്ളി വെള്ളം ഇവയ്ക്ക് മനുഷ്യനെ കൊല്ലുവാൻ കഴിയും. പ്രപഞ്ചം മനുഷ്യനെ നശിപ്പിച്ചാലും അവൻ പ്രപഞ്ചത്തിനും അതീതനാണ്. കാരണം താൻ മരിക്കും എന്ന് മനുഷ്യന് അറിയാം. പക്ഷേ പ്രപഞ്ചത്തിന് അതു മനുഷ്യനെ കൊല്ലുന്നു എന്ന് അറിഞ്ഞുകൂടാ.''

നിങ്ങളുടെ മഹത്വം മനസ്സിലാക്കുക. അത് നിങ്ങൾക്കു നല്കിയ സൃഷ്ടാവിന് നന്ദി പറയുകയും ചെയ്യുക.

## ഡിസംബർ 2

''എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കട്ടെ.'' (യോഹന്നാൻ 15:11)

വിഷാദ രോഗമുള്ള ഒരു മനുഷ്യൻ ഒരു മനശാസ്ത്രജ്ഞന്റെ അടുത്തുചെന്നു. അദ്ദേഹം ആ മനുഷ്യനോടു ധാരാളം യാത്രചെയ്യുവാൻ ആവശ്യപ്പെട്ടു.

രോഗി മറുപടി പറഞ്ഞു: ''ഞാൻ തുടർച്ചയായി യാത്ര ചെയ്യുന്നു. എന്നിട്ടും യാതൊരു പ്രയോജനവും ഇല്ല.''

''സന്തോഷകരമായ അവസരങ്ങളിൽ ഒരു ഗ്ളാസ്സ് വീഞ്ഞു കുടിക്കുന്നതു പ്രയോജനകരമാണ്.'' ഡോക്ടർ ഉപദേശിച്ചു.

മറുപടി ഇപ്രകാരമായിരുന്നു. ''ഞാൻ വീപ്പക്കണക്കിന് മദ്യം കഴിച്ചു. എന്നിട്ടും ദുഃഖിക്കുന്നു.''

ഡോക്ടർക്ക് ഒരു ആശയം തോന്നി. ''പട്ടണത്തിൽ ഒരു കോമാളിയുണ്ട്. അവനെ വെല്ലുവാൻ ആർക്കും കഴിയുകയില്ല. അവന്റെ വിദ്യകളും തമാശകളും കേട്ട് മനുഷ്യർക്ക് ചിരിയടക്കാൻ കഴിയുന്നില്ല. നിങ്ങളുടെ സന്ധ്യാസമയങ്ങൾ അവിടെ ചിലവഴിക്കുക.''

രോഗി പറഞ്ഞു: ''ഞാൻ ആണ് ആ കോമാളി. എന്നെ ഒഴികെ ബാക്കി എല്ലാവരേയും ഞാൻ സന്തോഷിപ്പിക്കുന്നു. എന്റെ തമാശുകൾ നല്കുന്ന സന്തോഷം നീണ്ടു നില്ക്കുന്നില്ല.''

ലോകം നല്കുന്ന സന്തോഷം വെറും മായയാണ്. നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ അവ എല്ലാം യഥാർത്ഥ്യത്തിൽ നിന്നും ഉള്ള ഒളിച്ചോടൽ ആണെന്നും, നമ്മുടെ കുററങ്ങൾ മൂലം നാം മരണത്തിന് വിധിക്കപ്പെട്ടവരാണ് എന്നും അറിയാം. നാം ചിരിക്കുമ്പോൾ നാം മററുള്ളവരെ കരയിപ്പിച്ചു എന്നുള്ള ഓർമ്മ നമ്മിൽ ഉണ്ടാകും.

ദൈവത്തിനു മാത്രമേ യഥാർത്ഥ സന്തോഷം നല്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ കൂടി അവൻ നമ്മുടെ പാപങ്ങൾ എല്ലാം ക്ഷമിച്ചു തന്നു എന്ന് കാണിച്ചു തന്നു. കർത്താവായ യേശു ''നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും നമ്മുടെ

നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്നു'' (റോമർ 4:24). നാം ക്രിസ്തുവിനുള്ളവരാകയാൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് നാമും ഉയിർത്തെഴുന്നേല്ക്കും എന്നതിന്റെ വാഗ്ദാനമാണ്. നമുക്ക് ആന്തരീകമായ ഒരു സന്തോഷം ഉണ്ട്. അത് ബാഹ്യമായ പ്രേരണകൾ ഒന്നും കൂടാതെ നിലനില്കുന്നു.

---

## ഡിസംബർ 3

---

''ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പ് അശുദ്ധി.....മുതലായവ എന്ന് വെളിവാക്കുന്നു.'' (ഗലാത്യർ 5:19)

വിദ്യാർത്ഥികളുടെ ഒരു യോഗത്തിൽ അവർ ഒരു ഉപദേശിയോട് ചോദിച്ചു: ''വിവാഹത്തിന് മുമ്പ് ഉള്ള ലൈംഗീകബന്ധത്തിൽ എന്താണ് തെററ്? ഒരു കോട്ടു വാങ്ങിക്കാൻ പോയാൽ നാലഞ്ച് എണ്ണം ധരിച്ചു നോക്കിയിട്ടായിരിക്കും ഒന്നു വാങ്ങിക്കുക. എന്തുകൊണ്ട് വിവാഹത്തിന് മുമ്പ് എനിക്ക് നാലോ, അഞ്ചോ പെൺകുട്ടികളുമായി ലൈംഗീകബന്ധം ആയിക്കൂടാ?''

ഉപദേശി ഉത്തരം പറഞ്ഞു: ''നിങ്ങളുടെ ഈ അഭിപ്രായത്തിൽ ഒരു ന്യൂനത ഉണ്ട്. ഇങ്ങനെയെങ്കിൽ ഓരോ പെൺകുട്ടിക്കും ഒരു ഭർത്താവിനെ സ്വീകരിക്കുന്നതിന് മുമ്പ് നാലോ അഞ്ചോ യുവാക്കളുമായി ലൈംഗീകബന്ധം നടത്തണം. അപ്പോൾ നിങ്ങൾ പുതിയ ഒരു കോട്ട് വാങ്ങുന്നതിന് പകരം ഉപയോഗിച്ച ഒന്നായിരിക്കും അവസാനം വാങ്ങുക.''

വിവാഹത്തിന് മുമ്പ് ലൈംഗീകബന്ധം വിവാഹ ജീവിതത്തിലേക്കുള്ള ഒരു ഒരുക്കം അല്ല. വിശ്വസ്ത ജീവിതം നയിക്കുവാനായി കളവ് നടത്തുന്നത് ശരിയാണോ? സ്നേഹം ഇല്ലാതെ ലൈംഗീക ബന്ധം മാത്രമേയുള്ളൂ എങ്കിൽ എങ്ങനെ ആ ബന്ധം നിലനില്ക്കും.

ഇന്ന് ലൈംഗീകമായ പാപങ്ങൾ വളരെ പെരുകിയിട്ടുണ്ട്. അത് മററു പാപങ്ങൾ പോലെ മാപ്പു ലഭിക്കാവുന്നവയാണ്. ''അവൻ നമ്മുടെ അതിക്രമങ്ങൾ മൂലം മുറിവേററും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു'' (യേശയ്യാവ് 53:5). എല്ലാവിധമായ അകൃത്യങ്ങളും ലൈംഗീകമായ അകൃത്യങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. പക്ഷേ മാപ്പു ലഭിച്ചു കഴിഞ്ഞ് നാം അവ തുടരരുത്. വൈവാഹിക ജീവിതത്തിന് പുറത്തുള്ള ബന്ധങ്ങൾക്ക് നാം നല്കേണ്ടിവരുന്ന വില വലിയതായിരിക്കാം.

ആദർശ മൂല്യങ്ങൾ ഇല്ലാത്ത ഭവനത്തിൽ ജനിച്ച് ഉപേക്ഷിക്കപ്പെട്ട കുട്ടികളെ പററി ഓർക്കുക. നിങ്ങളുടെ മാതാപിതാക്കളുടേയും മററു വ്യക്തിയുടെ മാതാപിതാക്കളേയും പററി ഓർക്കുക.

ലൈംഗീക പാപങ്ങൾ ഒഴിവാക്കുവാൻ ആത്മീക ആരോഗ്യം നിലനിർത്തുക. പുസ്തകങ്ങളും മാസികകളും വായിക്കുന്നതിലും, ടെലിവിഷൻ, സിനിമ ഇവ കാണുന്നതും സൂഷ്മതയോട് ആയിരിക്കണം. സഹവർത്തികളേയും ദൈവത്തേയും സേവിച്ച് നിങ്ങളുടെ ദിവസങ്ങൾ കഴിച്ചു കൂട്ടുക.

## ഡിസംബർ 4

"നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ?' (എഫെസ്യർ 5:30)

നാം അവന്റെ ശരീരത്തിന്റെ അവയവങ്ങൾ ആയിരിക്കുന്നതുകൊണ്ട് ഇന്ന് അവന്റെ വേല തുടരേണ്ടവർ ആകുന്നു.

കുറച്ചുകാലം മുമ്പ് കളികളിൽ അതീവ താല്പര്യത്തോട് പങ്കെടുത്തിരുന്ന കുട്ടിയ്ക്ക് വെള്ളത്തിലേക്കു ചാടിയ അവസരത്തിൽ പററിയ അപകടം മൂലം പിടലിക്കു താഴെ തളർച്ച ബാധിച്ചു. അവന്റെ യുവ മനസ്സ് ശരീരത്തിന്റെ പല ഭാഗങ്ങളോടും അവന്റെ ആഗ്രഹപ്രകാരം പ്രവർത്തിക്കുവാൻ സന്ദേശങ്ങൾ നല്കി. പക്ഷേ അവന്റെ കയ്യും കാലും തളർന്നു കിടന്നതേയുള്ളൂ.

മനുഷ്യത്വത്തിന്റെ വഴിവക്കിൽ യേശുവിനെ കണ്ടുമുട്ടാം എന്ന ചിന്ത ഇതിലും ഹൃദയഭേദകമാണ്. ക്രിസ്തുവിന്റെ മനസ്സ് നാമാകുന്ന തന്റെ അവയവങ്ങൾക്ക് കരുണയും സ്നേഹവും കാണിക്കുവാൻ സന്ദേശങ്ങൾ അയയ്ക്കുന്നു എങ്കിലും തളർന്നു പോയവർ ഉപേക്ഷിക്കപ്പെട്ടവരായി ഭയത്തോട് കഴിയുന്നു.

ആദ്യകാലങ്ങളിൽ യേശു പക്ഷവാതക്കാരെ സൗഖ്യമാക്കി. ഇന്ന് അവന്റെ ശരീരമാകുന്ന സഭ അതേ രോഗം ബാധിച്ച് സഹായിപ്പാൻ ആരും ഇല്ലാത്തവനായിരിക്കുന്നു.

നാം ക്രിസ്തുവിന്റെ അവയവങ്ങളാണ് എന്ന് ഓർമ്മിച്ചു കൊണ്ട് അവന്റെ മനസ്സിൽ നിന്നും നല്കുന്ന എല്ലാ ആജ്ഞാ സന്ദേശങ്ങളും നമുക്ക് പൂർത്തീകരിക്കാം.

## ഡിസംബർ 5

"എന്റെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു." (ഫിലിപ്പിയർ 3:8)

ഒരു മനുഷ്യന് തന്റെ ധനം, കീർത്തി, ആരോഗ്യം ഇവ നഷ്ടപ്പെടുമ്പോൾ അവൻ എത്രമാത്രം ഉറച്ച ക്രിസ്ത്യാനിയാണ് എന്ന് മനസ്സിലാക്കുവാൻ കഴിയും. അവൻ ഇവ എല്ലാം ചേതം എന്ന് എണ്ണേണ്ടവനാണ്. നമ്മുടെ ചുററും നാററം പരത്തുന്നതായ വസ്തു മാററിക്കളയുമ്പോൾ ആരാണ് ദേഷ്യപ്പെടുക?

പൗലോസിന് യഥാർത്ഥ്യമായിരുന്ന ബൈബിളിലെ ഈ വാക്കുകൾ ഇന്ന് നമുക്ക് ഒരു ശൈലി മാത്രമായിരിക്കുന്നു. സഭകളും ഇന്ന് ഇതേപോലെയുള്ളവ കൂട്ടിവയ്ക്കുന്നതിൽ തല്പരരാണ്. ഇതിനെ പരിഷ്കരിക്കുവാൻ ശ്രമങ്ങൾ നടത്തിയിട്ട് അവ എല്ലാം പരാജയപ്പെടും. ഫ്രാൻസീസ് അസ്സീസി, ജോ ആക്കിം ഫയോർ എന്നിവർ മത നിയമങ്ങൾ ഉണ്ടാക്കിയപ്പോൾ ദരിദ്രരായിരിക്കുക എന്നത് മുഖ്യ നിയമം ആക്കിയതിൽ വിജയിക്കാഞ്ഞതിനാൽ അവർ നേതൃത്വം രാജിവച്ചു.

ധനം, കീർത്തി മുതലായവയോടുള്ള സ്നേഹം ദൈവത്തോട്

മത്സരിക്കുന്നവയാണ്. ഈ മത്സരത്തിൽ പലരോടും ദൈവം തോല്ക്കേണ്ടി വരും.

ഒരിക്കൽ ഒരു രാജകുമാരൻ തൻെറ സ്വത്തിനെ പററി വളരെ പൊങ്ങച്ചം പറയുകയുണ്ടായി. ആ കൂട്ടത്തിൽ ഉണ്ടായിരുന്ന പാസ്ററർ അദ്ദേഹത്തോട് ചോദിച്ചു: ''അല്ലയോ! രാജാവേ, അങ്ങ് ദയവു ചെയ്ത് ഈ മൊട്ടു സൂചി എന്നോട് സ്വീകരിച്ചിട്ട് നാം നിത്യതയിൽ കണ്ടുമുട്ടുമ്പോഠം തിരികെത്തരുക.''

രാജാവ് മറുപടി പറഞ്ഞു: ''നീ ഇത് എന്നോട് എന്തിന് ചോദിക്കുന്നു. എനിക്ക് എന്നോടൊപ്പം ഒന്നും കൊണ്ടുപോകാൻ കഴികയില്ല.''

''അതു ശരിയാണ്'' പാസ്ററർ പറഞ്ഞു. ''നിത്യതയിലേക്കു വിലമതിക്കുന്നതു തേടുന്നതിനു പകരം നാം നമ്മുടേതല്ലാത്തതിനെ പററിയും ഒരിക്കൽ നഷ്ടപ്പെട്ടുപോകുന്നവയെ പററിയും പൊങ്ങച്ചം പറയുന്നു.''

ഇന്ത്യയിൽ ഒരു ലിഖിതം കണ്ടതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. ''യേശുവേ, നിൻെറ നാമം വാഴ്ത്തപ്പെടട്ടെ. 'ഈ ലോകം ഒരു പാലം ആകുന്നു. അതിൽ കൂടി കടന്നു പോകുക. പക്ഷേ അതിൽ ഒരു വീടു പണിയരുത്.'' '

നിങ്ങഠം മരിക്കുന്നതിന് മുമ്പ് ഈ ലോകത്തിൻേറതായ വസ്തുക്കളിൽ നിന്നും വിരക്തരാവുക. ഇവ എല്ലാം ചേതം എന്ന് എണ്ണുക. ഇങ്ങനെയെങ്കിൽ നിങ്ങഠംക്കു ക്രിസ്തുവിനെ നേടുവാൻ കഴിയും.

---

## ഡിസംബർ 6

---

''ദൈവത്തിൻെറ സ്നേഹം നമുക്ക് നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.'' (റോമർ 5:5)

ഒരു മുസ്ളീം കഥ ഇപ്രകാരമാണ്. ഒരിക്കൽ യേശു നസറേത്തിലെ വഴിയിൽ കൂടി നടന്നു പോയപ്പോഠം ആളുകഠം അവനെ അവഹേളിച്ചു. അവൻ തന്നെ അവഹേളിച്ച ഓരോരുത്തർക്കും വേണ്ടി ഉറക്കെ പ്രാർത്ഥിച്ചുകൊണ്ട് നടന്നുപോയി.

ഇത് എങ്ങനെ സാധിച്ചു എന്ന് അവനോട് ചോദിച്ചപ്പോഠം മറുപടി പറഞ്ഞു: ''എൻെറ പണ സഞ്ചിയിലുള്ള ഒരേ വസ്തുവാണ് ഞാൻ അവർക്കു നല്കിയത്.''

പാലു നിറച്ച ഒരു കുപ്പി തല്ലിപൊട്ടിക്കുക. അതിൽ നിന്നും വിന്നാഗിരി തൂവുകയില്ലല്ലോ. വിദ്വേഷത്തിൻേറയും പകയുടേയും വാക്കുകഠം എങ്ങനെ ഒരു ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ നിന്നും വരും? ഒരു ക്രിസ്ത്യാനിക്ക് പലതിൽ നിന്നും ഒന്ന് തിരഞ്ഞെടുക്കേണ്ടിവരുന്നില്ല. അവൻ സ്നേഹിക്കുക എന്ന കല്പന പാലിക്കുന്നത് ക്രിസ്തു പറഞ്ഞതുകൊണ്ടു മാത്രമല്ല പിന്നെയോ ദൈവം അവൻെറ ഹൃദയത്തെ പുതുക്കിയതിനാൽ വെറുക്കണം എന്ന് വിചാരിച്ചാൽകൂടി അവന് അത് സാദ്ധ്യമല്ല.

യേശുവിൻെറ ആദ്യത്തെ ശിഷ്യന്മാർ അവനോട് ചോദിച്ചു: ''റബ്ബീ!....നീ എവിടെ പാർക്കുന്നു. അവൻ അവരോടു വന്നു കാണ്മീൻ എന്നു പറഞ്ഞു.'' അവർ അന്ന് അവനോടുകൂടെ പാർത്തു (യോഹന്നാൻ 1:38,39).

യേശുവിന് അവരെ ഭൂമിയിലെ ഒരു ഭവനത്തിലേക്കു കൊണ്ടുപോകാൻ കഴിഞ്ഞില്ല. കാരണം അവന് അങ്ങനെ ഒരു ഭവനം ഇല്ലായിരുന്നു. ഒരു കുടിലിലോ, കൊട്ടാരത്തിലോ എവിടെയാണെങ്കിലും സ്നേഹം വാഴുന്നിടത്ത് അവനും പാർക്കുന്നു. യേശു അവനോട് ചോദിച്ച ശിഷ്യന്മാരെ അങ്ങനെയുള്ള ഭവനങ്ങളിലേക്കു കൊണ്ടുപോയി. അവർ അതു മനസ്സിലാക്കി അവൻെറ ശിഷ്യന്മാരായി.

---

## ഡിസംബർ 7

---

"ആദ്യം അന്ത്യോക്കയിൽ വച്ച് ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി." (അപ്പൊ. പ്രവൃ. 11:26)

കുറച്ചു തിമിംഗലങ്ങൾ നീന്തി അമേരിക്കയുടെ തീരത്തെത്തി. നാം ആരാകുന്നു എന്ന് അവ പരസ്പരം ചോദിച്ചു. ആ സമയത്ത് കുറച്ചു കുട്ടികൾ "അതാ തിമിംഗലങ്ങൾ" എന്ന് പറയുന്നതു കേട്ടു. അപ്പോൾ അവയ്ക്ക് അവയുടെ പേര് മനസ്സിലാകയും അതു മൂലം അവ എന്താകുന്നു എന്ന് അറികയും ചെയ്തപ്പോൾ അവയ്ക്കു സന്തോഷമായി.

ഇതേപോലെ തന്നെ ചില മനുഷ്യർക്ക് "ക്രിസ്ത്യാനികൾ" എന്ന് പേര് നല്കിയിരിക്കുന്നു. ഈ പേരു മൂലം അവരുടെ അന്തരംഗത്തിലെ ചിന്താഗതികൾ ഒളിപ്പിച്ചു വയ്ക്കാം എന്ന് അവർ തെററിദ്ധരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ അങ്ങനെയല്ല. യേശു പറഞ്ഞു: "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹന്നാൻ 13:35). അല്ലാതെ ഒരു പ്രത്യേക പേരു മുഖാന്തിരമല്ല.

ഇററലിയിലെ ആൽപ്സിൽ ക്രിസ്തുമസ്സിൻെറ അന്നു വൈകിട്ട് അവിടുത്തെ കൃഷിക്കാർ തങ്ങളുടെ വാതിലുകൾ തുറന്നിടും. അവർ അത്താഴവും മററും ഒരുക്കി മേശമേൽ വച്ചിരിക്കും. ഇതിൻെറ കാരണം ഹേരോധാവിനാൽ അനുധാവനം ചെയ്യപ്പെടുന്ന വിശുദ്ധകുടുംബം അവിടെ അഭയം തേടുന്നുണ്ടായിരിക്കും എന്ന ചിന്തയാണ്.

സൈബീരിയയ്ക്കു പുറത്തുള്ള മംഗോൾ വർഗ്ഗക്കാരായ ഒസ്ജാക്സ്കൾ രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് കുറച്ച് ആഹാര സാധനങ്ങൾ വാതിലിന് വെളിയിൽ വച്ചിരിക്കും. സാർ ഭരണാധികാരികളും ബോൾഷെവിക് ഭരണകൂടവും ആളുകളെ നാടുകടത്തിയിരുന്നത് ഈ പ്രദേശത്തേയ്ക്കായിരുന്നു. അതിനാൽ ഏതെങ്കിലും അഭയാർത്ഥി തടവുകാരൻ ആഹാരം ഉപയോഗിക്കട്ടെ എന്ന് കരുതിയിരുന്നു.

നാം ആരായിരിക്കുന്നുവോ അവർ തന്നെയാണ്. ഏതു പേര് വിളിക്കപ്പെടുന്നു എന്നതിൽ അർത്ഥമില്ല. യേശുവും വിശുദ്ധന്മാരും എപ്പോഴും ഈ ലോകത്തിൽ അഭയാർത്ഥികളാണ്. നാം ആവശ്യത്തിലിരിക്കുന്നവരെ കരുതുന്നുണ്ടോ? നമ്മുടെ പ്രവൃത്തിയാണ് നാം ആരാകുന്നു എന്നത് വെളിവാക്കുന്നത്.

## ഡിസംബർ 8

"യഹോവ നല്ലവനല്ലോ?" (സങ്കീ. 100:5)

ലോകത്തെ നയിക്കുന്നത് ദൈവമാണെങ്കിൽ മനുഷ്യന് ഇത്രയും കഷ്ടതകൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? ഇതു പണ്ടുകാലം മുതലേ ഉള്ള ഒരു ചോദ്യമാണ്.

ഇതിൻെറ ഉത്തരം നാം വിചാരിക്കുന്നതിലും നിസ്സാരമാണ്. ദൈവം നല്ലവരോടു മാത്രമല്ല, നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ (ലൂക്കോസ് 6:35). എല്ലാത്തിലും നന്മ കണ്ടെത്തുകയാണ് വേണ്ടത്. ദുഷ്ടന്മാരോട് നന്മ ചെയ്യുന്നത് അവരിൽ പരിവർത്തനം ഉണ്ടാക്കുവാൻ ഉതകുന്നില്ല. അവർ കൂടുതൽ ദുഷ്പ്രവർത്തി ചെയ്തു കൊണ്ടിരിക്കും. ദൈവത്തിൻെറ ദയ ദീർഘമായി ക്ഷമിക്കുന്നതും സഹിക്കുന്നതും ആകുന്നു. ഇതിൻെറ തണലിൽ ദുഷ്ടന്മാർ കൂടുതൽ ദുഷ്ടത പ്രവർത്തിക്കുന്നു. ദൈവം ഹിററ്ലറോടും സ്ററാലിനോടും വളരെ കാലത്തേയ്ക്ക് ദയ കാണിച്ചു. ഈ കാലയളവിൽ അവർ അനേകം പേരെ കൊന്നൊടുക്കി.

ലോകം നന്മ നിറഞ്ഞതാകണമെങ്കിൽ ദൈവം നല്ലവനല്ലാതാകണം. എങ്കിൽ മാത്രമേ ദുഷ്ടന്മാരോട് നന്മ കാട്ടാതിരിക്കുവാൻ കഴിയൂ. നമ്മുടെ ഹൃദയത്തിലെ ദുഷ്ടത അറിഞ്ഞുകൊണ്ട് "ദുഷ്ടന്മാരോട് ദുഷ്ടത കാണിക്കരുത്" എന്നു ദൈവത്തോട് പറയാൻ നമ്മിൽ ആരെങ്കിലും ധൈര്യപ്പെടുമോ?

മാനുഷീകമായ ചിന്താഗതിമൂലം ഈ ലോകത്തിൽ മാത്രമാണ് ദുഷ്ടതയ്ക്കുള്ള പരിഹാരം കണ്ടെത്തുവാൻ പ്രയാസം. എന്നാൽ ദൈവം ഇതിന് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. അവൻ ദയാലു മാത്രമല്ല, അവന് ദുഷ്ടതയ്ക്കു പ്രതികാരം ചെയ്യുവാനും അറിയാം. അവൻെറ കോപത്തിൻേറതായ ദിവസം വരുന്നുണ്ട്. ദൈവത്തോട് തത്വോപദേശങ്ങൾ നടത്തുന്നതിന് പകരം ദൈവത്തിൻെറ ഉഗ്രകോപത്തിൽ പെടാതെ ഓടിപ്പോവുക.

## ഡിസംബർ 9

"ഹാനോക് ദൈവത്തോടു കൂടെ നടന്നു." (ഉല്പത്തി 5:22)

സഭ പുറംതള്ളിയ ഒരു വ്യക്തിയെ അനുഗമിക്കുന്നതിൽ ഭയപ്പെടേണ്ട. പല വിശുദ്ധന്മാരും സഭയാൽ പുറംതള്ളപ്പെട്ടശേഷം പുണ്യവാന്മാരാക്കി പ്രഖ്യാപിക്കപ്പെട്ടവരാണ്. അന്ന് സഭയേയും പുരോഹിതന്മാരേയും ചെറുത്തുനിന്ന മനുഷ്യർ അവരെ അനുസരിക്കയും സഭയെ വിശ്വസിക്കയും ചെയ്തവരേക്കാൾ ക്രിസ്തുവിനെ സേവിച്ചവരാണ്.

ജോൻ ഓഫ് ആർക്കിനെ സഭ ചുട്ടുകരിച്ചു. സെലസൈറററൻ V ജയിലിൽ വച്ച് മരിച്ചു. അദ്ദേഹത്തിൻെറ പിൻഗാമിയായ പോപ്പ് ബാനിഫേസ് VIII അദ്ദേഹത്തെ കൊലപ്പെടുത്തിയതാണ് എന്ന് ഒരു സംശയം നിലനില്ക്കുന്നു.

വിശുദ്ധ ജോൺ ഓഫ് ക്രോസ്സിനെ ഒരു ഭ്രാന്തനായി കണക്കാക്കി. ഹസ്സ്-നെ ധർമ്മ വിരോധി എന്ന കുററം ചുമത്തി കൊലമരത്തിൽ മരണം നല്കി. അനേകായിരങ്ങൾക്ക് ഇതേ വിധി തന്നെ ഉണ്ടായിട്ടുണ്ട്.

സഭയോട് നമുക്കുള്ള മനോഭാവം പരസ്പര വിരുദ്ധമാണ്. ദൈവം പിതാവായിട്ടുള്ള ഏതൊരുവനും സഭ മാതാവാണ്. മാതാവിനെ സ്നേഹിക്കയും അനുസരിക്കയും ചെയ്യേണ്ടതാണ്. സഭ ഒരു ദൈവീക സ്ഥാപനം ആണ്. എങ്കിലും അതിൽ സഭയുടെ പേരിൽ പാപം ചെയ്യുന്നവരായ മനുഷ്യർ ഉൾക്കൊള്ളുന്നു. സഭയുടെ ഉന്നത നേതാക്കന്മാരും ഇതിൽ നിന്നും വിഭിന്നരല്ല. ആയതിനാൽ സഭയെ അനുസരിക്കുന്നതിന് ഒരു പരിധിയുണ്ട്. ഇതു പരിശുദ്ധാത്മാവിൻെറ നടത്തിപ്പിൽ നമ്മുടെ സാമാന്യ ജ്ഞാനം വെളിപ്പെടുത്തി തരും.

ഓരോ ക്രിസ്ത്യാനിയുടേയും ഉത്തമമായ ധർമ്മം അബ്രഹാമിനെപ്പോലെ ദൈവത്തോടുകൂടെ നടക്കുക എന്നതാണ്. ദൈവവുമായി വ്യക്തിപരമായ ബന്ധം പാപത്തിൽ പെടാതെ ഇരിക്കുവാൻ നമ്മെ സഹായിക്കും.

## ഡിസംബർ 10

"മോശ യഹോവയോട്.....ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല എന്ന് പറഞ്ഞു." (പുറപ്പാട് 4:10)

ദൈവം തൻെറ ദൂതനായി ഒരു വിക്കനും തടിച്ച നാവുള്ളവനുമായവനെ എന്തിന് തിരഞ്ഞെടുത്തു? ബയാലിസ്റേറാവിലെ റബ്ബി മോഹലിവർ വിവരിക്കുന്നത് ഇപ്രകാരമാണ്. ദൈവം വാഗ്മിയായ ഒരുവനെ തിരഞ്ഞെടുത്തിരുന്നു എങ്കിൽ അവൻ ഫറവോനും അവൻെറ ആളുകളുമായി വലിയ വാദ പ്രതിവാദം നടത്തിയേനേം. അടിമത്വത്തിൻെറ സാമൂഹികവും മാനുഷീകവുമായ് ദൂഷ്യങ്ങളെപ്പററിയും, അടിമത്വത്തിൻെറ മോചനത്തിൻെറ വിലയെപററിയും, യഹൂദന്മാരുടെ പാരമ്പര്യത്തിൻെറ വിലയെ പററിയും പ്രലോഭിപ്പിച്ചേനേം. ഇന്നത്തെ പല മതങ്ങളേയും പോലെ പ്രയോജനം ഒന്നും ഇല്ലാത്ത സംഭാഷണങ്ങൾ തുടരുമായിരുന്നു. ഇതിൻെറ പരിണതഫലം യഹൂദന്മാർക്ക് ഒന്നും ലഭിക്കുമായിരുന്നില്ല.

മോശ വിക്കനായിരുന്നതിനാൽ വാക്കുകൾ ഉച്ചരിക്കുവാൻ അവനു പ്രയാസമായിരുന്നു. അതിനാൽ അവൻ നേരെ ഫറവോൻെറ അടുത്ത് ചെന്ന് തൻെറ ഉദ്ദേശം "എൻെറ ജനത്തെ വിട്ടയക്കേണം" എന്നു പറഞ്ഞു. ഇന്ന് ദൈവത്തിന് ഇതേപോലെയുള്ള മനുഷ്യരെയാണ് ആവശ്യം.

സംസാരിക്കാൻ ബുദ്ധിമുട്ടുള്ളവരാണ് വേദപുസ്തകം മുഴുവനും എഴുതിയത് എന്ന് തോന്നും. അവർ ഏക സ്വര വ്യജ്ഞനങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

വേദപുസ്തകത്തിലെ കാതലായ വാക്യമായ യോഹന്നാൻ 8:16-ൽ (ഇംഗ്ളീഷിൽ) ഒരു വാചകത്തിൽ ഇരുപത് ഏക സ്വരവ്യജ്ഞനങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ആറു വാക്കുകളിൽ മാത്രം രണ്ടെണ്ണവും

ഉപയോഗിച്ചിരിക്കുന്നു. യോഹന്നാൻ 3:17-ൽ 21 ഏകസ്വര വ്യഞ്ജനങ്ങളും ഒരു വാക്കിൽ മാത്രം ഒന്നിൽ കൂടുതൽ ഏക സ്വരവ്യഞ്ജനങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഇതേപോലെയുള്ള വേറൊരു പുസ്തകവും ഉള്ളതായി എനിക്ക് അറിയില്ല.

നമുക്ക് സത്യത്തെ കാട്ടിത്തന്ന പുസ്തകത്തിനാണ് പ്രാധാന്യം ഉള്ളത്. അല്ലാതെ പുസ്തകത്തിൻെറ വാഗ്വൈഭവം അല്ല.

## ഡിസംബർ 11

"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു അരുളിചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോട് അരുളി ചെയ്തിരിക്കുന്നു."

(എബ്രായർ 1:1)

ജപ്പാനിലെ ബുദ്ധമത വിശ്വാസികളുടെ ഇടയിൽ പ്രചാരമുള്ള ഒരു ഐതീഹ്യം ഇപ്രകാരമാണ്. നാലു യുഗങ്ങൾക്കു മുമ്പ് അമിഡ എന്ന രാജാവ് ബുദ്ധൻെറ പൂർണ്ണതയിൽ എത്തി അവന് അർഹമായ നിർവാണത്തിലേക്കു പ്രവേശിക്കുവാൻ യോഗ്യനായി. പക്ഷേ എല്ലാ ജീവജാലങ്ങളും നിർവാണത്തിൽ പ്രവേശിക്കാതെ താനും ആ അവസ്ഥ സ്വീകരിക്കയില്ല എന്ന് അദ്ദേഹം ശഠിച്ചു. തങ്ങളുടെ പാപങ്ങൾ നിമിത്തം ബുദ്ധ സത്ത പ്രാപിക്കുവാൻ അശക്തരായവർ അമിഡയുടെ ഈ ത്യാഗം മൂലം Namu Amida Baddha Bustu (ഞാൻ അമിഡ ബുദ്ധനിൽ പൂർണ്ണമായി വിശ്വസിക്കുന്നു) എന്ന് മന്ത്രം ഉരുവിട്ടാൽ നിർവാണം പ്രാപിക്കാം എന്ന് അവർ വിശ്വസിച്ചിരുന്നു.

ഇപ്രകാരമുള്ള ഐതീഹ്യങ്ങളിൽ കൂടി നാനാരാജ്യങ്ങളിൽ പാപികൾക്ക് രക്ഷയെ പററിയുള്ള വാഞ്ച നല്കിയവനായ ദൈവം യേശുവിൽ കൂടെ അത് യാഥാർത്ഥ്യമാക്കി കൊടുത്തിരിക്കയാണ്. യേശു എന്ന പേരിൻെറ (എബ്രായ ഭാഷയിൽ Jeshua) അർത്ഥം തന്നെ രക്ഷ എന്നാണ്. അവൻെറ നാമത്തെ വിളിച്ചപേക്ഷിക്കുന്നവർ രക്ഷിക്കപ്പെടും എന്ന് വേദപുസ്തകം വീണ്ടും വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു. നാം അകൃത്യത്തിൽ ഉരുവാകയും പാപത്തിൽ ജനിക്കയും ചെയ്തിട്ടുള്ളവരാകയാൽ നമ്മുടെ പ്രവർത്തികൾ കൊണ്ടു മാത്രം രക്ഷ കൈവരിക്കുവാൻ അസമർത്ഥമാണ് എന്ന് ദൈവം അറിയുന്നു. ക്രിസ്തുവിൻെറ ഗോൽഗോഥായിലെ ബലി പാപികളെ രക്ഷിക്കുന്നു. അവരുടെ ഹൃദയങ്ങളുടെ വിളി ദൈവസ്നേഹത്താൽ പ്രേരിതമായതിനാൽ അവർ വിളിക്കുമ്പോൾ ദൈവം അവരുടെ വിളി കേട്ട് അവരെ രക്ഷിക്കുന്നു. നിങ്ങൾ അവനെ വിളിക്കുമ്പോൾ മറുപടി പ്രതീക്ഷിക്കേണ്ടതില്ല. നിങ്ങളുടെ വിളി തന്നേ അവൻെറ ഉത്തരമാണ്.

ഒരു സംഗീതക്കച്ചേരി വാദ്യോപകരണങ്ങളും വാദ്യക്കാരനും എന്ന് രണ്ട് ഘടകങ്ങൾ ഉൾപ്പെട്ട ഒരു ചടങ്ങല്ല, വാദ്യോപകരണം വായിക്കുന്ന വാദ്യക്കാരൻെറ കലാ പ്രകടനം എന്ന ഒരേയൊരു സംഭവമാണ്. അപ്രകാരം തന്നെ വിശ്വാസത്തിലും രണ്ട് വിവിധ കക്ഷികൾ — പാപക്ഷമ യാചിക്കുന്ന

പാപിയും ദയാലുവായ ദൈവവും—ഉംപ്പെട്ടതായ പ്രവർത്തനമായിട്ടല്ല, ദൈവത്തിൻെറ ദയയാൽ പാപി ക്ഷമക്കായി അവനോട് യാചിക്കുന്ന ഒരു അത്ഭുത പ്രവർത്തനമായാണ് മനസിലാക്കേണ്ടത്. നിങ്ങാം പാപക്ഷമ യാചിക്കുന്നത്, നിങ്ങാം അവനെ സ്വീകരിച്ചു എന്നതിൻെറ അടയാളമാണ്. നീ ഇത് വിശ്വസിക്കുന്നു എങ്കിൽ നീ ജീവൻ പ്രാപിക്കും.

രക്ഷപ്പെടുവാനായി ലോകത്തിലുള്ള ഒരേയൊരു നാമം ബുദ്ധമതക്കാരും അറിയേണ്ടതിന്നായി അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

---

## ഡിസംബർ 12

---

"......വിധിക്കരുത്." (മത്തായി 7:1)

18-ാം ശതകത്തിലെ വൻ പീഢന കാലത്ത് പ്രവർത്തിച്ചിരുന്ന റോഡ്രിഗോ എന്ന മിഷ്യനറിയെപ്പററി ജാപ്പനീസ് ക്രിസ്ത്യാനിയായ എൻഡോ ഷിസാകു പറയുന്ന സംഭവകഥ ശ്രദ്ധേയമാണ്. അറസ്ററു ചെയ്യപ്പെട്ട്, പീഢനങ്ങാം ധീരതയോടെ സഹിച്ചുകൊണ്ട് അദ്ദേഹം വിശ്വാസം തള്ളിപ്പറയുന്നതിനെ ചെറുത്തു നിന്നു. പക്ഷേ ദൈവം നിശബ്ദനായിരിക്കുന്നല്ലോ, തൻെറ പ്രാർത്ഥന കേംക്കുന്നില്ലല്ലോ എന്ന ചിന്ത ഉള്ളിൽ അദ്ദേഹത്തെ അലട്ടിയിരുന്നു. തൻെറ വേദന കുറച്ചു തരികയെങ്കിലും ചെയ്യുക എന്ന് അവൻ യേശുവിനെ വിളിച്ച് കരഞ്ഞു കൊണ്ട് അപേക്ഷിച്ചു എങ്കിലും അവന് ഉത്തരം ലഭിച്ചില്ല.

ഒരു ദിവസം അവന് ഏററവും വലിയ ഒരു പരീക്ഷണം നേരിടേണ്ടി വന്നു. അനേക വിശ്വാസികാം തൻെറ കൺമുമ്പിൽ വച്ച് കൊല്ലപ്പെടുന്നത് നോക്കിക്കാണുകയോ അല്ലെങ്കിൽ അവർക്കു സ്വാതന്ത്ര്യം നേടിക്കൊടുക്കുകയോ ചെയ്യുന്നതിനുള്ള ഒരവസരം അദ്ദേഹത്തിനു ലഭിച്ചു. അവർക്കു കുററം ഏററു പറയേണ്ട ആവശ്യമില്ലായിരുന്നു. പകരം അദ്ദേഹം യേശുവിൻെറ ഒരു രൂപം ചവിട്ടി മെതിച്ചു കൊണ്ട് പരസ്യമായി തൻെറ വിശ്വാസം തള്ളിക്കളയുന്നത് പ്രകടിപ്പിച്ചാൽ മാത്രം മതി. തൻെറ സഹോദരങ്ങളോടുള്ള സ്നേഹത്തെ പ്രതി അദ്ദേഹം രണ്ടാമത്തെ മാർഗ്ഗം തിരഞ്ഞെടുത്തു. അവൻ അതു ചെയ്ത നിമിഷം തൻെറ സഹോദരങ്ങളെ രക്ഷിക്കുന്നതിന് അവനെ പ്രേരിപ്പിക്കുന്നു യേശുവിൻെറ സ്വരം അവൻ ആദ്യമായി കേട്ടു. മററുവരെ രക്ഷിക്കുവാനായി സ്വയം മുറിവേൽക്കുന്നതു നൂററാണ്ടുകളായി യേശുവിൻെറ സ്വഭാവമാണ്. യേശുവിനെയോ ബറബ്ബാസിനെയോ വിട്ടുകൊടുക്കുവാൻ പിലാത്തോസ് ആഗ്രഹിച്ചപ്പോാം യേശു ആഗ്രഹിച്ചത് ബറബ്ബാസിനെ വിട്ടുകൊടുക്കേണം എന്നാണ്. തന്നിൽ വിശ്വസിക്കുന്നവരെ രക്ഷപ്പെടുത്താനായി തൻെറ ഒരു പാസ്ററുടെ കാൽക്കീഴിൽ ചവുട്ടി മെതിക്കപ്പെടുന്നത് അവൻ സ്വീകരിക്കാതിരിക്കുമോ?

റോഡ്രിഗോ രഹസ്യമായി തൻെറ വേല തുടർന്ന് തന്നെ ഒററിക്കൊടുത്തവരേപ്പോലും കർത്താവിങ്കലേക്കു കൊണ്ടുവരികയുണ്ടായി.

വേദപുസ്തകം നൽകുന്ന ഉത്തരം വളരെ ലളിതമാണ്. എല്ലാം

സഹിച്ചുകൊണ്ട് കർത്താവിനെ ഒരുനാളും തള്ളിപ്പറയാതിരിക്കുക. പക്ഷേ മറുവശത്ത് ജീവിതത്തിൻേറതായ നൂലാമാലകളിൽ പെട്ട് വലയുന്ന ഒരു വ്യക്തിക്ക് എപ്പോഴും ശരിയായ ഒരു നിഗമനത്തിൽ എത്തുക എന്നത് വളരെ പ്രയാസകരമായിരിക്കും.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെ ഔദ്യോഗിക സഭകളുടെ തലവൻമാരായി നിരീശ്വര ഭരണകൂടങ്ങളുമായി സഹകരിച്ച് കഴിയുന്നവരെ — അവർ വിശ്വാസ ദ്രോഹികൾ എന്നാണ് അറിയപ്പെടുന്നത് — നമുക്ക് സ്നേഹപൂർവം ഓർക്കാം. അവരിൽ പലരും തങ്ങളുടെ പള്ളികളും അംഗങ്ങളും നശിപ്പിക്കപ്പെടുത് ഒഴിവാക്കാനായാണ് അപ്രകാരം ചെയ്യുന്നത്. ദൈവം അത് മനസിലാക്കി തൻെറ ദയയുടെ വലിപ്പത്തിൽ അവരെയും ചേർത്തുകൊള്ളും. നമുക്കും അപ്രകാരം ചെയ്യാം.

---

## ഡിസംബർ 13

---

> "നിങ്ങൾ ഏക മനസുള്ളവരായി ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ടു ഏക ഭാവമുള്ളവരായി എൻെറ സന്തോഷം പൂർണ്ണമാക്കുവീൻ."
>
> (ഫിലി. 2:2)

'സമാധാനം' എന്നർത്ഥം വരുന്ന ഗ്രീക്കു പദമായ 'eirene' 'വീണ്ടും തമ്മിൽ സംസാരിക്കുക' എന്നും വ്യാഖ്യാനിക്കാവുന്നതാണ്. മനുഷ്യർ തമ്മിൽ ഒത്തു തീർപ്പിലെത്താൻ സാധിക്കാത്തത് അവർ സംസാരിക്കുവാൻ മടിക്കുന്നതുകൊണ്ടാണ്. ഒരുമിച്ചു കൂടുമ്പോൾ ചർച്ചകൾ എന്ന പേരിൽ അവർ കുറെ ശബ്ദമുണ്ടാക്കുന്നു. അവർ തങ്ങളുടെ മുഖഭാവങ്ങളിൽ വ്യതിയാനം വരുത്തി അന്യോന്യം മനസ്സിലാക്കി എന്ന് ഭാവിക്കുന്നു. നാം നമ്മുടെ സ്വന്തം കുടുംബത്തിലും സുഹൃത്തുക്കളുടെ ഇടയിലും പോലും അപരിചിതരാണ്. നാം അന്യോന്യം ആശയങ്ങളും ലക്ഷ്യങ്ങളും പങ്കു വെയ്ക്കാതെ ദശാബ്ദങ്ങളായി ഒരുമിച്ചു വസിക്കുന്നു. നാം ഓരോരുത്തരും സ്വന്ത കാര്യങ്ങൾക്കു മാത്രമായി അപരനെ ഉപയോഗിക്കുന്നവരാണ്. നാം സ്നേഹിക്കയോ സ്നേഹിക്കപ്പെടുകയോ ചെയ്യുന്നില്ല. നാം ഒററപ്പെട്ടവരാണ്. മനുഷ്യർക്ക് സമാധാനത്തിൻെറ പാത അജ്ഞാതമായിരിക്കുന്നു.

അതിനായി വാക്കുകൾ ഉപയോഗിച്ച് ശബ്ദം ഉണ്ടാക്കുന്നതിനു പകരം അന്യോന്യം മനസിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. എബ്രായ ഭാഷയിൽ 'സംസാരിക്കുക' എന്നർത്ഥം വരുന്ന 'ledaber' എന്ന വാക്ക് ഞാൻ ഭാഷാന്തരം ചെയ്യുന്നത് ഇപ്രകാരമാണ്. അതിൻെറ മൂലപദമായ 'davar' എന്ന വാക്കിന് 'വാക്ക്,' 'വസ്തു,' വാസ്തവം, കാരണം എന്നൊക്കെ അർത്ഥമുണ്ട്. ഒരു എബ്രായർ വാക്കുകൾ ഉപയോഗിച്ച് സംസാരിക്ക മാത്രമല്ല ചെയ്യേണ്ടത്; വാസ്തവം എന്താണ് എന്ന് അന്യോന്യം പകർന്നുകൊടുക്കയാണ് വേണ്ടത്. 'അറിയുക' എന്നതിന് എബ്രായർ 'ലൈംഗിക സംഭോഗം' എന്നർത്ഥം വരുന്ന അതേ വാക്കു തന്നെയാണ് ഉപയോഗിക്കുന്നത്. അന്യോന്യം ഉള്ള അടുത്ത ബന്ധവും സ്നേഹം നിറഞ്ഞ ആശ്ലേഷവും രണ്ടുപേരും ഒന്നായിത്തീരുന്നതും

അന്യോന്യം അറിയുന്നതിനാവശ്യമാണ്. അപ്പോൾ നിങ്ങൾ വാക്കുകളാൽ മാത്രമല്ല, കത്തുന്ന ഹൃദയങ്ങളുടെ ഐക്യത്തിന്റെ ഊഷ്മളതയിൽ അന്യോന്യം മനസിലാക്കുന്നു. അങ്ങനെയുള്ള അവസരത്തിൽ അന്യോന്യം വഴക്കിടുന്ന പ്രശ്നമേയില്ല.

ശലോമോന്റെ ഗീതത്തിലെ വധുവിന്റെ പ്രാർത്ഥന ഇപ്രകാരമാണ്: "അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ" (ഉത്തമഗീതം 1:2). ഒരുവന്റെ വായ് ചുംബനങ്ങളാൽ മൂടപ്പെട്ടിരിക്കുമ്പോൾ അവൻ ശണ്ഠകൂടുകയില്ല.

നിന്റെ സഹോദരനും സഹോദരിയും സുഹൃത്തും ആയി അടുത്ത ബന്ധം പുലർത്തുക. അത് വാക്കുകൾ കൈമാറുന്നത് മാത്രമാകാതെ നിങ്ങളുടെ വ്യക്തിത്വങ്ങൾ തമ്മിലുള്ള ആത്മാർത്ഥമായ യോജിപ്പ് ആയിരിക്കട്ടെ. അങ്ങനെ ചെയ്യുമ്പോൾ നാം "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുക" എന്ന കല്പന നടപ്പാക്കുന്നു. അവൻ നമ്മോട് വാക്കുകളാൽ സംസാരിക്ക മാത്രമല്ല ചെയ്തത്. ദൈവപുത്രനായ അവൻ മനുഷ്യനായി.

## ഡിസംബർ 14

"…..സകലത്തെയും നിറക്കുന്നവൻ" (എഫെ. 4:10)

അനുഗ്രഹീതയായ ആർമെൽ നിക്കോളാസ് 17-ാം നൂററാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന അക്ഷരാഭ്യാസമില്ലാത്ത ഒരു ഗ്രാമീണ വനിത ആയിരുന്നു. അവൾ പറഞ്ഞു: "ദൈവം എന്നെ ഭൂമിയിലേക്കയച്ചത് അവനെ സ്നേഹിക്കുന്നതിനായി മാത്രം ആണ്. അവന്റെ കൃപയാൽ എനിക്ക് അവനെ ധാരാളമായി സ്നേഹിക്കുവാൻ കഴിഞ്ഞു. ഇനിയും മനുഷ്യരുടെ രീതിയിൽ ഇതിൽ കൂടുതലായി അവനെ സ്നേഹിക്കാൻ കഴികയില്ല. അതിനാൽ ഇനിയും സ്വർഗ്ഗത്തിലെ വിശുദ്ധന്മാരോടൊപ്പം അവനെ സ്നേഹിക്കുവാനായി ഞാൻ അവിടേക്കു പോകേണ്ട സമയം ആയിരിക്കയാണ്."

അവൾ ഈ അത്യുത്തമമായ സ്നേഹത്തിന്റെ മാർഗ്ഗത്തിൽ എത്തിയത് കർത്താവിന്റെ സാന്നിദ്ധ്യം ദിനവും അനുഭവിച്ചറിഞ്ഞുകൊണ്ടായിരുന്നു.

മററുള്ളവർ നിരസിച്ചിരുന്ന ഓരോ കഷണം ഭക്ഷണ പദാർത്ഥവും തനിക്ക് നല്ലവ മററുള്ളവർക്കായി മാററി വയ്ക്കുവാൻ കഴിയുന്നല്ലോ എന്ന ചാരിതാർത്ഥ്യത്തോടുകൂടി അവൾ ഭക്ഷിച്ചു വന്നു. തന്റെ യജമാനന് ഭക്ഷണം തയ്യാറാക്കുമ്പോൾ യേശു തന്റെ ആത്മാവിന്റെ ഭക്ഷണം ആകുന്നു എന്ന് അവൾ ഓർത്തു. ഒരു നായ അതിന്റെ യജമാനനെ വിശ്വസ്തതയോടെ പിൻതുടരുന്നതുകാണുമ്പോൾ അവൾ കർത്താവിനെ പിൻതുടരുന്നതിനെപററി ഓർക്കും. നിശബ്ദരായ ആട്ടിൻ പററങ്ങൾ മേയ്ക്കപ്പെടുവാനും അറുക്കപ്പെടുവാനും തയ്യാറായി മേച്ചിൽപുറങ്ങളിൽ കഴിയുന്നതു കാണുമ്പോൾ യേശുവും അപ്രകാരം തന്നെത്തന്നെ അർപ്പിച്ച ദൈവത്തിന്റെ കുഞ്ഞാട് ആണല്ലോ എന്ന ചിന്ത അവളെ ഭരിച്ചിരുന്നു. കോഴി തന്റെ കുഞ്ഞുങ്ങളെ

ചിറകിൻ കീഴിൽ കൂട്ടുന്നതു കാണുമ്പോഠം യേശു അവളെ തൻെറ കരുതലിൽ ചേർക്കുവാൻ ആഗ്രഹിക്കുന്നു എന്നത് അവഠം ഓർത്തു. മനോഹരങ്ങളായ പുഷ്പങ്ങഠം അവളെ ആകർഷിച്ചപ്പോഠം യേശു തന്നെപ്പററി പറഞ്ഞ വാക്കുകഠം അവഠം ഓർത്തു "ഞാൻ ശാരോനിലെ പനിനീർ പുഷ്പവും താഴ്വരകളിലെ താമരപ്പൂവും ആകുന്നു" (ഉത്തമഗീതം 2:1). സമുദ്രത്തിലെ മത്സ്യങ്ങഠം അവളെ സ്നേഹസാഗരമാകുന്ന ക്രിസ്തുവിൻെറ കൃപയാൽ നീന്തിക്കഴിയുന്നതിനെ പററി ഓർപ്പിച്ചു.

എല്ലാ കാര്യങ്ങളും അവഠംക്ക് സ്വർഗ്ഗീയമായ യാഥാർത്ഥ്യങ്ങളുടെ പ്രതിഛായയായിരുന്നു. അതിനാൽ അവഠം അനുഗ്രഹീതയായി.

---

## ഡിസംബർ 15

---

"അതി നീതിമാനായിരിക്കരുത്." (സഭാപ്രസംഗി 7:16)

യേശുവിനെ തള്ളിപ്പറഞ്ഞതോർത്ത് പത്രോസ് ഏതാനും തുള്ളി കണ്ണുനീർ ഒഴുക്കി. ഉയിർത്തെഴുന്നേററവനായ കർത്താവിനെ കണ്ടപ്പോഠം അവൻ ക്ഷമ ചോദിച്ചു പോലുമില്ല. യൂദായുടെ കുററബോധം മറെറാരു തലത്തിലുള്ളതായിരുന്നു. താൻ കുററമില്ലാത്ത രക്തത്തെ ഒററിക്കൊടുത്തു എന്ന് അവൻ പുരോഹിതൻമാരോട് ഏററു പറഞ്ഞു. താൻ യേശുവിനെ തള്ളിപ്പറഞ്ഞ ബാല്യക്കാരത്തിയോട് തൻെറ തെററു തിരുത്തുവാൻ പത്രോസ് തിരികെ പോയില്ല. ഒററിക്കൊടുത്തതിന് പ്രതിഫലമായി ലഭിച്ച പണം യൂദാ തിരികെ കൊടുത്തു. ഇപ്രകാരമുള്ള കടം വീട്ടൽ നടത്തുന്നവർ എത്ര ചുരുക്കമാണ്.

പക്ഷേ മാനുഷീകമായ ന്യായവാദങ്ങഠംക്ക് വിപരീതമായി പത്രോസ് അനുഗ്രഹം പ്രാപിച്ച് അപ്പോസ്തോലൻമാരുടെ തലവൻ ആയി. അല്പം കരയുക എന്നതിനേക്കാഠം മഹത്തരമായ പലകാര്യങ്ങഠം ചെയ്ത യൂദാ അനുഗ്രഹം പ്രാപിക്കാതെ ആത്മഹത്യചെയ്തു.

അല്പത്തെച്ചൊല്ലി അനാവശ്യമായ സദാചാരശ്രമം പ്രകടിപ്പിക്കുന്നവർക്കുള്ള വിധി എപ്പോഴും ഇപ്രകാരമാണ്. അവർ അനുതപിക്കുന്നതിലും ചെയ്ത കുററത്തിന് പ്രായശ്ചിത്തം ചെയ്യുന്നതിലും ശ്രദ്ധ പ്രകടിപ്പിക്കയും പാപ പരിഹാരവും അതിൻെറ പ്രായശ്ചിത്തവും ഉറപ്പു നൽകുന്ന ക്രിസ്തുവിൻെറ ബലിയിൽ വിശ്വാസം അർപ്പിക്കാതിരിക്കയും ചെയ്യുന്നു.

ലേവ്യ പുസ്തകത്തിൽ സുഹൃത്തുക്കളോട് ചെയ്യുന്ന പാപത്തിന് എബ്രായ ഭാഷയിൽ അഷാം (asham) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മോഷ്ടാവ് മോഷണ വസ്തുവിൻെറ ഉടമസ്ഥനു നൽകേണ്ട നഷ്ടപരിഹാരത്തിനും 'അഷാം' എന്ന വാക്കു തന്നെ ഉപയോഗിച്ചിരിക്കുന്നു. യെശയ്യാവ് 53-ാം അദ്ധ്യായത്തിലെ മഹത്തായ പ്രവചനത്തിൽ യേശുവിനെ 'അഷാം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അവൻ നമ്മുടെ പാപങ്ങഠംക്കുള്ള പരിഹാര ബലി മാത്രമല്ല അതിനുള്ള നഷ്ടപരിഹാരവും കൂടിയാണ്. നാം ആർക്കെങ്കിലും കണ്ണീരൊഴുക്കേണ്ട സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ഓരോ

കണ്ണുനീർതുള്ളിക്കും പകരം പവിഴമുത്തുകൾ നൽകാൻ അവനു കഴിയും. നിൻെറ ഭൂതകാലത്തിലേക്ക് ഊഴിയിട്ടിറങ്ങേണ്ട ആവശ്യമില്ല. വിശുദ്ധിയുടെ പാത നിനക്ക് വളരെ ബുദ്ധിമുട്ടുള്ളതാക്കേണ്ട ആവശ്യവുമില്ല.

യൂദാ അങ്ങനെ ചെയ്യുവാൻ തുനിഞ്ഞതിനാൽ ആണ് പരാജയപ്പെട്ടത്. പത്രോസ് അവൻെറ പാപങ്ങളെപററി അനാവശ്യമായി വ്യാകുലപ്പെടാതിരുന്നതിനാൽ അവൻ വിജയം വരിച്ചു. അവൻ അനുതാപത്തിൻെറ കണ്ണുനീർ തൂകി, ഉയിർത്തവനായ ക്രിസ്തുവിനെ കണ്ടു, യേശുവിനോടുള്ള സൗഹൃദം നിലനിർത്തി. അതിനാൽ അവൻെറ പൂർവ്വകാല പാപങ്ങൾ ഒഴിവാക്കപ്പെട്ടു. അത് അവന് പിന്നീടൊരിക്കലും ഭാരമായിരുന്നിട്ടില്ല.

## ഡിസംബർ 16

''ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവനു കൊള്ളായിരുന്നു.''

(മത്താ. 26:24)

ഞാൻ ജനിക്കാതിരുന്നു എങ്കിൽ അത് മെച്ചമായിരിക്കുമായിരുന്നോ?

ആത്മാവ് മരണമില്ലാത്തതാണ് എന്നും അത് ഭൂമിയിൽ ജനിക്കുന്നതിനു മുമ്പ് മറേറതോ രൂപത്തിൽ പരിവർത്തിച്ചിരുന്നു എന്നും അനുമാനിക്കുക. എനിക്ക് നേരത്തേ തന്നേ എൻെറ ജീവിതത്തിൽ സംഭവിക്കാവുന്ന പാപങ്ങളെപ്പററിയും അതു വരുത്തുന്ന വിനകളെപ്പററിയും അറിവുണ്ടായിരുന്നു എന്നും കരുതുക. എൻെറ ജീവിതത്തിലെ എല്ലാ ദുഃഖങ്ങളെപ്പററിയും അനന്തര ജീവിതം നരകത്തിൽ കഴിയേണ്ടതാണ് എന്നതും എനിക്ക് അറിയാമായിരുന്നു എന്നും കരുതുക. എനിക്ക് ഒരു തിരഞ്ഞെടുപ്പിന് അവകാശം ഉണ്ടായിരുന്നു എങ്കിൽ ആ സാഹചര്യത്തിൽ ഞാൻ ജനിക്കാതിരിക്കുവാൻ തന്നെ തീരുമാനിക്കുമായിരുന്നു. യേശു യൂദായെപ്പററി പറഞ്ഞു:- 'ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളായിരുന്നു.' യൂദാക്ക് അത് തിരഞ്ഞെടുക്കുവാനുള്ള അവകാശം ഉണ്ടായിരുന്നോ?

നാം അനന്തശക്തിമാനായ ഒരു യജമാനനുള്ളവർ ആണ്. അവൻ ആരുടേയും അഭിപ്രായം അനുസരിച്ചല്ല എന്തെങ്കിലും ചെയ്യുന്നത്. നമുക്ക് ഈ ലോകത്തിൽ ജന്മം നൽകിയത് നമ്മോട് ആലോചിക്കാതെയാണ്. നാം ഈ ലോകത്തിൽ ജീവിക്കേണ്ട കാലഘട്ടം നാമല്ല തീരുമാനിക്കേണ്ടത്. ആത്മഹത്യ ചെയ്യുവാൻ നമുക്ക് എപ്പോഴാണ് തോന്നുന്നത് എന്നുപോലും നമുക്കു അറിയില്ല. നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും നാം ന്യായവിധിക്ക് ഹാജരാക്കപ്പെടും. യജമാനനുമായി അനാവശ്യമായി വഴക്കിടുന്നതിനു പകരം നമുക്ക് നമ്മുടെ ദൈവത്തെ സ്വീകരിക്കാൻ തയ്യാറെടുക്കാം.

നിത്യതയിലെ ജീവിതത്തിനായി ക്രിസ്തുവിൻെറ രക്തത്തിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നതൊഴികെ മറെറാരു തയ്യാറെടുപ്പിൻെറയും ആവശ്യമില്ല. ''ഇത് നിങ്ങൾക്കായി ചിന്തപ്പെടുന്ന എൻെറ രക്തം ആകുന്നു'' എന്ന് യേശു പറഞ്ഞത് യൂദായുടെ സാന്നിദ്ധ്യത്തിലാണ്. അവൻെറ രക്തത്തിൻെറ മാററമില്ലാത്ത പങ്കാളിത്തത്തിൽ അംഗത്വം നേടുവാൻ

യൂദായ്ക്കും കഴിയുമായിരുന്നു. പാപികളെയും തന്റെ സഹോദരന്മാർ എന്നു വിളിക്കുവാൻ യേശു മടിച്ചിരുന്നില്ല. യൂദായെയും സഹോദരൻ എന്ന് അവൻ മടികൂടാതെ വിളിക്കുമായിരുന്നു.

പറുദീസയിലെ നിത്യ ജീവനു മുമ്പുള്ള ഒരു ഒരുക്കമായി മാത്രം നിങ്ങൾ ഈ ജീവിതത്തെ കണക്കാക്കുമ്പോഴാണ് നിങ്ങൾ ജനിച്ചത് അർത്ഥവത്താകുന്നത്. എനിക്ക് ഒരു അവസരം കൂടിയുണ്ട്; എനിക്ക് വീണ്ടും ജനിക്കുവാൻ സാധിക്കും. ഞാൻ അതിനു സമ്മതം മൂളുന്നു. അതോടുകൂടി ഞാൻ സ്വമേധയാ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ ആയിരിക്കേണം എന്ന ദൈവഹിതത്തെ മാനിച്ച് ജീവനിലേക്കു പ്രവേശിക്കുന്നു.

---

## ഡിസംബർ 17

---

"അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി."

(യെശ. 53:10)

ലിസിയൂസിലെ തെരേസക്ക് വൈകിട്ടത്തെ പ്രാർത്ഥനയ്ക്കായി ലഭിച്ചിരുന്ന സ്ഥലം ഞരമ്പുരോഗിയായ ഒരു സിസ്ററിന്റെ തൊട്ടു മുമ്പിലായിട്ടായിരുന്നു. രോഗം നിമിത്തം അവൾ വളരെ അരോചകമായ ഒരു ശബ്ദം പുറപ്പെടുവിച്ചു കൊണ്ടിരുന്നു. ഇതു നിമിത്തം അവളെ കളിയാക്കുകയോ ഒരു നോട്ടത്തിൽ കൂടിപോലും അസഹിഷ്ണുത പ്രകടിപ്പിക്കുകയോ ചെയ്യാതിരിക്കുവാൻ തെരേസ പ്രത്യേകം ശ്രദ്ധിച്ചു. ഇതു സഹിച്ചുകൊണ്ട് മുമ്പോട്ടു പോകുവാനും ആ സിസ്ററിന് മനോവേദന ഉളവാക്കാത്തവിധം പെരുമാറുവാനും ആവശ്യപ്പെടുന്നതായി ഒരു സ്വരം ഉള്ളിൽ നിന്നും അവൾ കേട്ടു. പക്ഷേ അരോചകമായ ആ ശബ്ദവുമായി പൊരുത്തപ്പെട്ടു പോകുവാൻ അവൾക്കു പ്രയാസം തോന്നി. ആ ശബ്ദം കേട്ടുകൊണ്ട് പ്രാർത്ഥിക്കുവാൻ പോലും തെരേസക്ക് കഴിഞ്ഞിരുന്നില്ല.

ഈ വികൃത സ്വരം ഇഷ്ടപ്പെടുന്നതാണ് ഇതിന് ഒരു പരിഹാരം എന്ന് തെരേസക്കു തോന്നി. അത് കേൾക്കാതിരിക്കുവാൻ വൃഥാ ശ്രമിക്കുന്നതിനു പകരം അവൾ മനപൂർവം ആ ശബ്ദം ശ്രദ്ധിക്കുവാൻ തുടങ്ങി. അത് ഒരു മധുരമായ സംഗീതവും തന്റെ പ്രാർത്ഥ ആ സംഗീതം കർത്താവിനു സമർപ്പിക്കേണ്ടതിനുള്ള മുഖവുരയാണെന്നും വിശ്വസിക്കുവാൻ അവൾ ശ്രമിച്ചു.

വൃഥാ ആഗ്രഹിക്കുന്നതു കൊണ്ടോ, ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നവരുമായി വഴക്കിടുന്നതുകൊണ്ടോ നിന്റെ പ്രയാസങ്ങളും വിഷമതകളും ഒഴിവാക്കുവാൻ സാധിക്കയില്ല. സങ്കടങ്ങൾ സഹിക്കുവാൻ മാത്രമല്ല അവയെ സ്നേഹിക്കുവാനും നമുക്ക് കഴിയണം.

തന്റെ മകനെ ബലികഴിക്കണം എന്ന ആജ്ഞ അബ്രഹാമിന് നൽകിയ ദൈവം മൂന്നു ദിവസത്തെ വഴിയാത്ര ദൂരമുള്ള ഒരു സ്ഥലത്താണ് അതിനുള്ള ബലിപീഠം നിശ്ചയിച്ചത്. തന്റെ ഏക പുത്രനെ ദൈവത്തിനു ബലികഴിക്കുന്നതിന്റെ സന്തോഷം ആ മൂന്നു ദിവസവും അബ്രഹാം അനുഭവിക്കണം എന്നതായിരുന്നിരിക്കണം ദൈവത്തിന്റെ ലക്ഷ്യം. ബലിക്കുള്ള

വിറക് ഒരു കഴുതയുടെ പുറത്ത് കൊണ്ടുപോകാമായിരുന്നു. പക്ഷേ അത് സ്വന്തം ചുമലിലേററുവാൻ യിസ്ഹാക്ക് തയ്യാറായി.

വലിയതായ ത്യാഗങ്ങൾ ക്ഷമയോടുകൂടി മാത്രമല്ല സന്തോഷത്തോടുകൂടിയും ഏറെറടുക്കുവാൻ നാം തയ്യാറായിരിക്കണം.

സ്വർഗ്ഗസ്ഥനായ പിതാവു പോലും തൻെറ ഏക പുത്രൻ കുരിശിൽ മരിക്കേണ്ടി വന്നപ്പോൾ അത് ദുഃഖത്തോടെയല്ല സ്വീകരിച്ചത്. "അവനെ തകർത്തു കളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി.'' ഈ മനോഭാവം നിൻെറ ജീവിതത്തിൽ നിന്നെ ശല്യപ്പെടുത്തുന്ന എല്ലാററിനോടും അവലംബിക്കുക. എന്നാൽ നീ സന്തുഷ്ടനായിരിക്കും.

---

## ഡിസംബർ 18

---

''മനുഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻ മുമ്പിൽ ഞാനും ഏററു പറയും.''

(മത്താ. 10:32)

കംബോഡിയയിലെ ഒരു പള്ളിയിൽ പ്രാർത്ഥന നടത്തുകയായിരുന്നു. കമ്മ്യൂണിസ്ററ് പടയാളികൾ പള്ളി വളഞ്ഞു ചിലർ അകത്തുകടന്ന് അൾത്താരയിൽ നിന്നും യേശുവിൻെറ ഒരു രൂപം വാതിൽക്കൽ കൊണ്ടിട്ടു. ''ഓരോരുത്തരായി പുറത്തു വരുമ്പോൾ ഇതിൽ തുപ്പിയിട്ടു പോകുക. അല്ലാത്തവർ വെടിവച്ച് കൊല്ലപ്പെടും.''

നിങ്ങൾ ആ അവസരത്തിൽ എന്തു ചെയ്യുമായിരുന്നു? പലരും ഒഴികഴിവുകൾ കണ്ടെത്താൻ ശ്രമിച്ചു. ഒരാൾക്ക് പ്രിയങ്കരയായ ഒരു പ്രേയസിയുണ്ടായിരുന്നു; അവരുടെ വിവാഹം അടുത്തു തന്നെ നടക്കാനുള്ളതാണ്. വേറൊരാളുടെ പിതാവ് രോഗ ശയ്യയിലാണ്; നോക്കുവാൻ ആരും ഇല്ല. വേറൊരാൾക്ക് വീട്ടിൽ കൊച്ചുകുട്ടികൾ ഉണ്ട്. അവർ യേശു ക്ഷമിക്കുന്നവനും മനസിലാക്കുന്നവനുമാണ് എന്ന് അറിഞ്ഞിരുന്നു. അവർ പ്രാണഭയത്താലാണ് അപ്രകാരം ചെയ്തത് എന്ന് യേശുവിന് അറിയാം എന്ന് അവർ വിശ്വസിച്ചു. അവർ യേശുവിൻെറ രൂപത്തിൽ തുപ്പി തങ്ങളുടെ ജീവൻ രക്ഷിച്ചു.

16 വയസ്സുള്ള ഒരു പെൺകുട്ടിയുടെ ഊഴമായി. അവൾ ഒഴികഴിവ് ഒന്നും പറഞ്ഞില്ല. തൻെറ നേരെ നീട്ടിയിരിക്കുന്ന തോക്കുകളെ വകവയ്ക്കാതെ അവൾ മുട്ടുകുത്തി യേശുവിൻെറ രൂപം ചുംബിച്ചു. അതിലെ തുപ്പൽ തുടച്ചു മാററി. അവൾ യേശുവിനെ സ്നേഹിച്ചു. അവൾ വെടിയേററ് തൻെറ മണവാളൻെറ രൂപത്തിൻെറ മേൽ മരിച്ചു വീണു.

ഈ പെൺകുട്ടിയേപ്പോലുള്ള വിശ്വാസികൾ മനുഷ്യവർഗ്ഗത്തിൻെറ പുളകം ആണ്. യേശു തന്നെപ്പററി ''ഞാൻ ശാരോനിലെ പനിനീർ പുഷ്പവും താഴ്വരകളിലെ താമരപ്പൂവും ആകുന്നു'' എന്നാണ് പറഞ്ഞത്. (ഉത്തമഗീതം 2:1) തൻെറ അനുയായികൾക്കും ലില്ലിപുഷ്പം പോലെ പരിശുദ്ധമായ ഹൃദയം ഉണ്ടായിരിക്കണം എന്ന് അവൻ ആഗ്രഹിക്കുന്നു. അത്തരം വിശുദ്ധിയെ അവൻ

വിലമതിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട ആട്ടിൻ കുട്ടികാം വളർന്നാണ് ആരോഗ്യവും സൗന്ദര്യവുമുള്ള ആട്ടിൻ പററം ആകുന്നത്. ''എൻെറ ആടുകളെ മേയിക്ക'' എന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞു. മരണത്തേപ്പോലും വകവയ്ക്കാതെ കർത്താവിനെ സ്നേഹിക്കുന്നതിൻെറ ഇത്തരം ഉദാഹരണങ്ങാം നമുക്ക് നമ്മുടെ യുവജനങ്ങളെ പഠിപ്പിക്കാം.

---

## ഡിസംബർ 19

---

''രക്തം കൂടാതെ അല്ല.'' (എബ്രാ. 9:7)

വിശ്വാസികളായ യഹൂദന്മാർ ഇന്ന് ഒരു വിശ്വാസക്കുഴപ്പത്തിലാണ്. മോശയുടെ നിയമപ്രകാരം പാപപരിഹാരത്തിന് കളങ്കമില്ലാത്ത രക്തം ബലിയായി നൽകണം. പക്ഷേ ദേവാലയം നശിപ്പിക്കപ്പെട്ടശേഷം യഹൂദന്മാർ ബലികാം നടത്തുന്നില്ല. ലേവ്യപുസ്തകത്തിൽ മൃഗബലിയെപ്പററി പറയുന്ന ഭാഗങ്ങാം വായിക്കുന്നത് ബലി നടത്തുന്നതിന് തുല്യമാണ് എന്ന് റബ്ബിമാർ പഠിപ്പിക്കുന്നു.

ഒരു ക്രിസ്ത്യാനി ഒരു യഹൂദൻെറ കടയിൽ ചെന്ന് അവനോട് ക്രിസ്തുവിനെ സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടു. അവർക്ക് ബലികാം ഇപ്പോാം ഇല്ലല്ലോ എന്ന് ക്രിസ്ത്യാനി ചൂണ്ടിക്കാട്ടി. യഹൂദൻ മറുപടി പറഞ്ഞു: ''നിങ്ങാക്ക് അറിയില്ലായിരിക്കാം. ഞങ്ങാം വേദഭാഗങ്ങാം വായിക്കുന്നത് ദൈവം മൃഗബലിയായി കണക്കിലെടുക്കുന്നുണ്ട്.''

ക്രിസ്ത്യാനി പറഞ്ഞു: ''ശരിയായിരിക്കാം. നിങ്ങളുമായി മതപരമായ വാഗ്വാദത്തിൽ ഏർപ്പെടാതെ ഞാൻ ചില സാധനങ്ങാം വാങ്ങിക്കട്ടെ.'' അവൻ കടയിൽ നിന്നും കുറച്ച് ഷർട്ടുകളും, ഷൂസുകളും മററ് ചില സാധനങ്ങളും തിരഞ്ഞെടുത്തു. അതിൻെറ ബിൽ ആവശ്യപ്പെട്ടു. അതു കിട്ടിയപ്പോാം അവൻ അത് ഉറക്കെ വായിച്ചു. ''ഇത്ര ഷർട്ട്..... ഇത്ര രൂപ.........മൊത്തം 3000 രൂപാ.'' അവൻ വായന നിർത്തി കടയുടമസ്ഥന് നന്ദി പറഞ്ഞ് സ്ഥലം വിട്ടു.

യഹൂദൻ അവൻെറ പിന്നാലെ ചെന്നു. ''സർ, അങ്ങ് പണം തന്നില്ല.'' ക്രിസ്ത്യാനി പറഞ്ഞു. ''ഞാൻ ബിൽ വായിച്ചല്ലോ.''

''ശരിതന്നെ, പക്ഷേ അങ്ങ് പണം തന്നില്ല.''

''ഞാൻ നിങ്ങളുടെ റബ്ബിമാരുടെ ഉപദേശം അനുസരിക്കയാണ്. ബിൽ വായിക്കുന്നത് പണം തരുന്നതിന് തുല്യമാണ്.''

യഹൂദർ മാത്രമല്ല ഇപ്രകാരം തെററിദ്ധരിക്കപ്പെട്ടിരിക്കുന്നത്. ചില ക്രിസ്ത്യാനികളും ഇപ്രകാരം കർത്താവിൻെറ പ്രാർത്ഥന ചൊല്ലുന്നത് ദൈവത്തെ പിതാവായി സ്വീകരിക്കുന്നതിനും യേശുവിനെ രക്ഷിതാവ് എന്നു വിളിക്കുന്നത് അവനാൽ രക്ഷിക്കപ്പെടുന്നതിനും പകരമായി അവർ കണക്കിലെടുക്കുന്നു.

സത്യത്തെ അന്വേഷിക്കുക. വെറും ചടങ്ങുകാം കൊണ്ടു മാത്രം തൃപ്തിപ്പെടരുത്.

# ഡിസംബർ 20

യേശു പറഞ്ഞു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ"(മത്തായി 6:44)

യേശുവിന് അഞ്ചു നൂററാണ്ടുകാംക്കു മുമ്പ് സോഫോക്ളീസ് പറഞ്ഞു: "ഞാൻ വെറുക്കുന്നതിനല്ല സ്നേഹിക്കുന്നതിനത്രേ വന്നിരിക്കുന്നത്." നിൻെറ അയൽക്കാരനെ സ്നേഹിക്കുന്നതിനെപ്പററി പഴയനിയമം പഠിപ്പിക്കുന്നു. യേശു ശത്രുക്കളെയും സ്നേഹിക്കണം എന്ന ഉപദേശത്തിലൂടെ സ്നേഹത്തെ അതിൻെറ മഹത്തായ ഉച്ചകോടിയിൽ എത്തിച്ചിരിക്കയാണ്.

ഇൽസെ ബ്ളൂമെൻതാൽവീസ് എന്ന യഹൂദ വനിതയുടെ ഭർത്താവ് ഗ്യാസ് ചേംബറിലും മകൻ നാസികളുടെ വെടിയേററും മരണമടഞ്ഞു. കോൺസൻട്രേഷൻ ക്യാമ്പിൽ തടവുകാരിയായി കഴിയുമ്പോാം ആ വനിത എഴുതിയ ഒരു കവിത ഇപ്രകാരമാണ്.

"എനിക്ക് വെറുക്കുവാൻ കഴികയില്ല,
അവർ എന്നെ അടിക്കുന്നു;
അവർ എന്നെ ചവിട്ടിമെതിക്കുന്നു;
എനിക്ക് വെറുക്കുവാൻ കഴികയില്ല.
അവർ എന്നെ കല്ലെറിയുന്നു,
എനിക്കു വെറുക്കുവാൻ കഴികയില്ല,
എനിക്ക് ഏററവും കയ്പോടെ
കരയുവാൻ മാത്രമേ കഴിയുകയുള്ളൂ."

വിദ്വേഷത്തിൽ നിന്നും അകന്നു നിൽക്കാൻ കഴിയുന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു വലിയ നേട്ടമാണ്. ദൈവം ശത്രുക്കളെ സ്നേഹിക്കാനുള്ള കഴിവ് അങ്ങനെയുള്ളവർക്കു നൽകി അവരെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

ശത്രുക്കളെ സ്നേഹിക്കുക എന്നാൽ തെററിനെ എതിർക്കാതിരിക്കുക എന്നർത്ഥമില്ല. യേശു ദേവാലയത്തിലെ കച്ചവടക്കാരോടും പരീശന്മാരോടും എതിരിടുകയുണ്ടായി. നാം ശത്രുക്കളെ പ്രസാദിപ്പിക്കണം എന്നോ അവരെ ആശ്ളേഷിക്കണമെന്നോ യേശു പഠിപ്പിക്കുന്നില്ല. അവൻ കയ്യാഫാവിനെ കെട്ടിപ്പിടിച്ചില്ല, അവൻെറ തെററായ വഴികിൽ പങ്കാളി ആയതുമില്ല.

ശത്രുവിനെ സ്നേഹിക്കുക എന്നാൽ അവനെ മനസ്സിലാക്കുക എന്നാണർത്ഥം. അവൻെറ വിദ്വേഷം അവനെ അന്ധനാക്കുന്നു. പക്ഷേ അതേപററി മുൻവിധിയില്ലാതെ അവനെ മനസിലാക്കുവാൻ നിനക്ക് കഴിയും.

ശത്രുവിനെ സ്നേഹിക്കുക എന്നാൽ നീ സ്വയം രക്ഷക്കായി അവൻെറ രീതികാം സ്വീകരിക്കാതിരിക്കുക എന്നാണർത്ഥം. അവനെ സ്നേഹിക്ക എന്നാൽ യേശുവിനേപ്പോലെ അവൻെറ തെററുകാം ഏററുവാങ്ങി അവക്കായി പ്രായശ്ചിത്തം ചെയ്യുക എന്നതാണ്; അവനെയും അവൻെറ ക്രൂരതകാംക്കിരയായവരെയും നിൻെറ സൽപ്രവൃത്തികളാൽ ആശ്വസിപ്പിക്കുക എന്നതാണ്.

ക്രിസ്തുവിൻെറ ഉദാഹരണം നമ്മുടെ മുമ്പാകെ ഉള്ളതിനാൽ അവൻെറ പരിശുദ്ധാത്മാവിൻെറ ശക്തിമൂലം നമുക്കും ഇപ്രകാരം ചെയ്യുവാൻ സാധിക്കുന്നതാണ്.

## ഡിസംബർ 21

"നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു." (റോമർ 5:3)

ലിസിയക്സിലെ തെരേസ ഒരു കോൺവെൻറിൽ തുണികൾ കഴുകുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു. അവളുടെ എതിർ വശത്തുണ്ടായിരുന്ന ഒരു സിസ്ററർ ഓരോ പ്രാവശ്യം അവൾ നനഞ്ഞ തുണി എടുക്കുവാനായി കുനിയുമ്പോഴും അവളുടെ മുഖത്തേയ്ക്ക് ചെളി വെള്ളം തെറിപ്പിച്ചിരുന്നു.

പിന്നോട്ടു മാറി മുഖം തുടയ്ക്കാനാണ് തെരേസയ്ക്കു ആദ്യം തോന്നിയത്. അതു മററെ സിസ്റററിന് അവൾ തെററു ചെയ്യുന്നു എന്നതിന് ഒരു അടയാളവും ആകുമല്ലോ. അപ്പോൾ തന്നെ തെരേസയ്ക്ക് വേറെ ഒരു ആശയം തോന്നി. ഈ ചെളി വെള്ളവും സന്തോഷത്തോടെ കൈക്കൊള്ളുവാൻ ശ്രമിക്കുക. അവൾ തൻെറ മടുപ്പ് പ്രകടിപ്പിക്കാതെ ചെളിവെള്ളം വീണതിൽ സന്തോഷിക്കുന്ന പ്രകാരം പെരുമാറി. പിന്നീട് ഇത് അവൾ ഒരു ശീലമാക്കയും ചെയ്തു.

യെശയ്യാവ് യേശുവിന് ഏററവും ക്രൂരമായ പീഢനങ്ങൾ സഹിക്കേണ്ടിവരും എന്ന് പ്രവചിച്ചിട്ടുണ്ട്. യേശുവിന് ഈ പുസ്തകം വായിക്കുന്നതും അതെപ്പററി ചിന്തിക്കുന്നതും ഉപേക്ഷിക്കാമായിരുന്നു. നേരെ മറിച്ച് ഇതായിരുന്നു അവൻെറ പ്രിയപ്പെട്ട വേദഭാഗം. യെശയ്യാവാണ് യേശു പുകഴ്ത്തിപ്പറയുന്ന ഏക പ്രവാചകൻ. "നിങ്ങളെ കുറിച്ച് യെശയ്യാവ് പ്രവചിച്ചത് ഒത്തിരിക്കുന്നു" (മത്തായി 15:7). നിങ്ങൾ ഭയപ്പെടുന്ന ദുഷ്ടതകളെ സ്വാഗതം ചെയ്യുക. പ്രയാസങ്ങളെ ധീരതയോടെ അഭിമുഖീകരിക്ക. അവ പിന്നീട് നിങ്ങളെ ഭയപ്പെടുത്തുകയില്ല.

"നിനക്ക് ഈ പീഢനങ്ങൾ ഒക്കെ എങ്ങനെ സഹിക്കുവാൻ കഴിയുന്നു?" എന്ന് ഒരു സോവിയററ് ക്രിസ്ത്യാനിയോട് ഒരാൾ ചോദിച്ചു. അവൻെറ മറുപടി ഇപ്രകാരമായിരുന്നു. "ഞാൻ മാനസാന്തരപ്പെട്ട ദിവസം മുതൽ ഞാൻ പീഢിപ്പിക്കപ്പെടുന്നതായി ഭാവനയിൽ കണ്ടുകൊണ്ടിരുന്നു. ഇത് എനിക്കു വിധിച്ചിട്ടുള്ളതാണ് എന്ന് എനിക്കറിയാമായിരുന്നു. ഞാൻ അതു വാസ്തവത്തിൽ അനുഭവിച്ചപ്പോൾ അതു സഹിച്ചു നില്ക്കുവാൻ എനിക്കു ശക്തി ഉണ്ടായിരുന്നു."

ക്രൂശിതനായ യേശുവിൻെറ കാല്ക്കൽ കെട്ടിപ്പിടിക്കുന്നവന് മരകുരിശിനേയും കെട്ടിപ്പിടിക്കേണ്ടിയിരിക്കുന്നു. അവനെ അനുഗമിപ്പാൻ ആഗ്രഹിക്കുന്നവൻ ദിവസവും അവൻെറ ക്രൂശ് എടുത്തുകൊണ്ട് അവനെ അനുഗമിക്കണം. ക്രൂശ് നിങ്ങളുടെ സന്തോഷകരമായ പ്രതീക്ഷ ആക്കി തീർക്കുക. അത് നിനക്ക് അനുഗ്രഹത്തിനു കാരണമാകും.

അബ്രഹാം ഏററവും വലിയ ത്യാഗം അനുഷ്ടിക്കുവാൻ തയ്യാറായപ്പോഴാണ് ദൈവത്തിൽ നിന്നും അനുഗ്രഹം പ്രാപിച്ചത്. ''നിൻെറ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും'' (ഉല്പത്തി 22:17).

## ഡിസംബർ 22

''മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു.'' (റോമർ 5:12)

ന്യൂറാംബർഗിലെ വിശുദ്ധ ലോറൻസിൻെറ പള്ളിയിൽ ''ഈ ലോകത്തിലെ സ്ത്രീ'' എന്ന പേരിൽ ഒരു ശില്പമുണ്ട്. അവൾക്കു മനോഹരമായ മുഖവും ആഭരണങ്ങളും ഉണ്ട്. പ്രതിമയുടെ മറുവശത്തു നിന്നും നോക്കിയാൽ കാണുന്നത് ഒരു അസ്ഥികൂടവും അതിന്മേൽ പാമ്പുകൾ ഇഴയുന്നതുമാണ്.

വിശുദ്ധ ഫ്രാൻസിസ് ഡി സേൽസ് ഒരു ക്രൈസ്തവ വനിതയ്ക്കു നല്കിയ ഉപദേശം ശ്രദ്ധേയമാണ്. ഈ വനിത ഫ്രാൻസിലെ രാജകീയ സദസ്സിൽ അംഗമായിരുന്നു. വിരുന്നുകളിൽ ഭംഗിയായി വസ്ത്രധാരണം ചെയ്ത് പങ്കെടുത്തിരുന്ന ഇവരോട് പൊങ്ങച്ചം കുറയ്ക്കുവാൻ കണ്ണാടിയുടെ മുമ്പിൽ നില്ക്കുമ്പോൾ തൻെറ തലയുടെ ഭാഗത്ത് ഒരു തലയോട്ടി മാത്രമാണ് എന്ന് ഭാവന ചെയ്തു നോക്കാനാണ് വിശുദ്ധൻ ഉപദേശിച്ചത്.

ഇത് വളരെ ആനന്ദദായകമല്ലായിരിക്കാം. പക്ഷേ നമ്മുടെ മരണം സുനിശ്ചിതമാണ്. മരണത്തെ കുറിച്ചുള്ള ചിന്തയിൽ നിന്നും വിട്ടകലുന്നത് ഭോഷത്വമാണ്.

താൻ മരിക്കും എന്ന് യേശുവിന് അറിയാമായിരുന്നു. പക്ഷേ മരണത്തെ ചെറുത്തു നില്ക്കാൻ അവനു കഴിഞ്ഞു. അവൻ പറഞ്ഞു: ''ഈ മന്ദിരം പൊളിപ്പീൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും'' (യോഹന്നാൻ 2:19). പൗലോസിനും മരണത്തെ വെല്ലുവിളിക്കുവാൻ കഴിഞ്ഞു. ''കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞു പോയാൽ കൈപ്പണിയല്ലാത്ത നിത്യ ഭവനമായ ദൈവത്തിൻെറ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ട്'' (2കൊരിന്ത്യർ 5:1).

നിത്യജീവൻ പ്രാപിക്കുന്നതു വളരെ പ്രയാസരഹിതമാണ്. യേശു യോഹന്നാൻ 5:24-ൽ പറഞ്ഞിരിക്കുന്നു: ''ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എൻെറ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്.''

ഇപ്പോൾ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക. എങ്കിൽ മരണം നിൻെറ അവസാനം ആയിരിക്കയില്ല എന്ന് നിനക്ക് ഉറപ്പാക്കാൻ കഴിയും. അതു മഹത്വപൂർണ്ണമായ ഒരു ജീവിതത്തിലേക്കുള്ള പ്രവേശന കവാടം മാത്രമായിത്തീരും.

## ഡിസംബർ 23

''അവൻ....ദാസ രൂപം എടുത്തു.'' (ഫിലിപ്പിയർ 2:7)

അനുകമ്പ എന്നാൽ സമ സൃഷ്ടികളോടൊപ്പം കഷ്ടത അനുഭവിക്ക എന്നാണ് അർത്ഥം. ധനവാന്മാരും ഉന്നത സ്ഥാനങ്ങളിലുളളവരും ലോകം താഴേക്കിടയിൽ നിന്നും നോക്കിയാൽ എങ്ങനെയാണ് കാണപ്പെടുന്നത് എന്നും അറിഞ്ഞിരിക്കേണ്ടതാണ്. അവർ ക്രിസ്തുമസ്സിന് വിരുന്നു കഴിക്കുന്നു എങ്കിലും അതിൻെറ അർത്ഥം എന്താണ് എന്ന് മനസ്സിലാക്കുന്നില്ല.

സ്വർഗ്ഗം നിരസിക്കുമ്പോഠം ഉളള അനുഭവം മനസ്സിലാക്കുവാനാണ് യേശു ഭൂമിയിലേക്കു വന്നതു; ഒരുവൻ വിശന്ന് ഇരിക്കുമ്പോഠം മന്നാ കിട്ടാതെയിരിക്കുമ്പോഠം, കാളയല്ല എങ്കിലും മാട്ടിൻ തൊഴുത്തിൽ വസിക്കേണ്ടിവരുമ്പോഴും, ഒരുവൻ ക്രൂശിക്കപ്പെട്ടു കിടക്കുമ്പോഠം അതിൻെറ ചുവട്ടിലിരിക്കുന്നവർ ചൂതാടുന്നതു കാണുമ്പോഴും, ഒരുവൻ ദൈവത്തെ വിളിക്കുമ്പോഠം ഉത്തരം കിട്ടാതെയിരിക്കുമ്പോഴും ഉളള അനുഭവങ്ങഠം അവൻ നേരിട്ട് മനസ്സിലാക്കി.

സമൂഹത്തിൻെറ ഇടയ്ക്കും മുകഠം തട്ടിലും ഉളളവർക്ക് ഇപ്രകാരം ഒരു അനുഭവം പരീക്ഷിച്ചു നോക്കരുതോ? അവർ എന്തുകൊണ്ട് ചില ആഴ്ചകഠം പട്ടിണികിടന്ന് പട്ടിണി അനുഭവിക്കുന്ന സഹോദരങ്ങളുടെ പ്രയാസങ്ങഠം മനസ്സിലാക്കുവാൻ ശ്രമിക്കാത്തത്?

ഒരു കളളന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കും എന്ന് യേശു പറയുന്നു. പക്ഷേ കറുത്ത തൊലിക്കാരനോ, നല്ല വസ്ത്രം ധരിച്ചിട്ടില്ലാത്തവനോ ഒരു ധനികൻെറ പൂന്തോപ്പിൻ കടക്കുവാൻ സാധിക്കയില്ല. കളളന് മാലാഖമാരോടൊത്ത് കഴിയാം. പക്ഷേ പാവപ്പെട്ട ഒരു കുട്ടിയ്ക്ക് ധനികൻെറ കുട്ടിയുടെ കൂടെ കളിക്കുവാൻ സാധിക്കയില്ല.

യജമാനത്തിയോടൊപ്പം പട്ടി സോഫായിൽ കിടക്കുന്നു. പക്ഷേ ദിവസം മുഴുവനും തോട്ടം വൃത്തിയാക്കുവാൻ പരിശ്രമിച്ച വാല്യക്കാരനും അടുക്കളയിൽ ദിവസം മുഴുവൻ നിന്ന് പാചകം നടത്തിയ വേലക്കാരിയും ഇരിക്കുവാൻ ക്ഷണിക്കപ്പെടുന്നില്ല.

പാവപ്പെട്ടവരോട് ഇപ്രകാരം അനുകമ്പയുളള പെരുമാററത്തിനെതിരായി അനേകം ന്യായ വാദങ്ങഠം ഉണ്ട് എന്ന് എനിക്കറിയാം. അതു അവർക്കു ഹാനികരമാണ്. ധനികർക്ക് എന്തു വാദമാണ് ഉളളത് എന്നതല്ല പ്രശ്നം. ലോകത്തിലെ 60 ശതമാനം മനുഷ്യരും പട്ടിണിയിൽ ആണ്ടിരിക്കുമ്പോഠം അവരുടെ കാഴ്ചപ്പാടിൽ ധനികരുടെ സ്ഥിതി എന്തായിരിക്കും എന്ന് മനസ്സിലാക്കുകയാണ്.

പാവപ്പെട്ടവരെ അകററിനിർത്താനല്ല യേശു പഠിപ്പിച്ചിരിക്കുന്നത്. നിൻെറ വീട്ടിൽ ഒരു വിരുന്നു നടക്കുമ്പോഠം പാവപ്പെട്ടവരേയും, മുടന്തരേയും, അംഗഹീനരേയും, അന്ധന്മാരേയും, വെറുക്കപ്പെട്ടവരേയും ക്ഷണിക്കണം (ലൂക്കോസ് 14:13) എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്. വെറുക്കപ്പെട്ട പാപിയായ നിന്നേയും അവൻ സ്വർഗ്ഗരാജ്യത്തിലേക്കു ക്ഷണിച്ചിട്ടില്ലയോ?

## ഡിസംബർ 24

''ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നു.'' (ഗലാത്യർ 4:19)

യേശു തീർച്ചയായും ഡിസംബർ 25-ാം തീയതി അല്ല ജനിച്ചത്. യറുശലേമിൽ ഡിസംബർ മാസത്തെ രാത്രികളിൽ കൊടും തണുപ്പാണ് അനുഭവപ്പെടുന്നത്. ആ കാലങ്ങളിൽ ആടുകളെ കാത്തുകൊണ്ട് കിടക്കുന്ന രീതി അവിടുത്തെ ഇടയന്മാർക്കില്ല.

യേശു മനുഷ്യനായത് ഏതു ദിവസം ആണ് എന്ന് വേദപുസ്തകം പറയുന്നില്ല. സൂര്യന്റെ ഉത്സവമായി റോമൻ സാമ്രാജ്യത്തിൽ ആഘോഷിച്ചിരുന്ന ഒരു ദിനമാണ് ഡിസംബർ 25. ക്രിസ്ത്യാനികൾ ഇതു സൗകര്യപ്രദമായി തിരഞ്ഞെടുത്ത് യേശുവിന്റെ ജന്മ ദിനമായി കൊണ്ടാടി— അപ്രകാരം ആഘോഷിക്കുമ്പോൾ പീഢകരായ അധികാരികൾക്ക് അവരെ കണ്ടെത്തുവാൻ പ്രയാസമായിരുന്നു. പക്ഷേ ഈ ദിനം അവന്റെ ശരിയായ ജന്മദിനം ആയിരുന്നില്ല. യേശുവിനെ രക്ഷകനായി സ്വീകരിച്ചവർ തങ്ങളുടെ അന്തരംഗത്തിൽ യേശുവിന്റെ ജന്മം എന്ന അത്ഭുത ദിനവും കൊണ്ടാടി വരുന്നു.

യേശു ഒരു മാട്ടിൻ തൊഴുത്തിലാണ് ജനിച്ചത്. അവനെ പുൽത്തൊട്ടിയിൽ കിടത്തി. സ്വന്തമായി കുടിലുകൾ ഉണ്ടായിരുന്ന ആട്ടിടയന്മാരും മണിമന്ദിരങ്ങളുണ്ടായിരുന്ന വിദ്വാന്മാരും പുതുതായി ജനിച്ച രാജാവിനെ പുൽത്തൊട്ടിയിൽ തന്നെ വിട്ടിട്ടു പോരുന്നു എന്നത് തെററാണ്. അവർ അവനെ അവരുടെ ഭവനങ്ങളിലേക്കു കൊണ്ടുപോയിക്കാണും. യേശുവിന്റെ സ്ഥാനം പുൽതൊട്ടിയിൽ അല്ലായിരുന്നു. കുരിശിൽ ഒരിക്കലും അല്ല. സ്വർഗ്ഗത്തിൽ വസിക്കുവാനും അവന് താല്പര്യമുണ്ടായിരുന്നില്ല. അവൻ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു.

അവൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന നിമിഷം നാം അവന് മറിയാമിന്റെ സ്ഥാനത്താകുന്നു. അപ്പോഴാണ് യഥാർത്ഥ ക്രിസ്തുമസ്സ് ആഘോഷിക്കേണ്ടത്. അവന് ഒരു മാതാവ് വേണം എന്ന് അവൻ ആഗ്രഹിച്ചു: ''സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു'' (മത്തായി. 12:50).

ക്രിസ്തുമസ്സ് ഈ ആശയത്തോടുകൂടി ആഘോഷിക്കുക.

## ഡിസംബർ 25

''നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു.'' (യെശയ്യാവ് 9:6)

എബ്രായ ഭാഷയിലുള്ള മൂല കൃതിയിൽ രക്ഷകന്റെ വരവിനെപററിയുള്ള ഈ പ്രവചനം ഇപ്രകാരം തുടരുന്നു. ''.....നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്

അത്ഭുത മന്ത്രി, വീരനാം ദൈവം..... എന്നു പേർ വിളിക്കപ്പെടും.''

മാലാഖമാരുടെ ലോകം വിട്ട് ഭൂമിയിൽ വരാനും, പശുതൊട്ടിയിൽ ജനിക്കുവാനും, ജനനം മുതൽ തന്നെ പാവപ്പെട്ടവനായി കഴിയുവാനും, ജീവിതം മുഴുവൻ ദുഃഖത്തിൽ കഴിഞ്ഞതിനുശേഷം കുരിശിൽ മരിക്കുന്നതിനും, ആരുടെ രക്ഷയ്ക്കായി മരിച്ചുവോ ആ മാനവരാശിക്ക് തൻെറ ത്യാഗത്തിൽ യാതൊരു നന്ദിയും ഇല്ല എന്ന് അറിഞ്ഞുകൊണ്ടു തന്നെ ദൈവം തീരുമാനിച്ചതു തികച്ചും ധീരോചിതമായ ഒരു നടപടി തന്നെ. തൻെറ ഈ ബലിയിൽ നന്മ തിന്മയെ ജയിക്കും എന്ന് കർത്താവ് അറിഞ്ഞിരുന്നു. അതിനാലാണ് അവൻ അപ്രകാരം ചെയ്തത്.

ധീരനായ ഒരു ദൈവത്തിൻെറ ജനനത്തെ ഓർക്കുന്ന ദിവസമാണ് ക്രിസ്തുമസ്സ്.

തൻെറ അനുയായികളുടെ പ്രധാന ഗുണം ധീരതയാണ്. ആഴമില്ലായ്മയും ഉണർവ്വില്ലായ്മയും ക്രിസ്തുമതത്തിൻെറ അംഗങ്ങൾക്കു ചേർന്നതല്ല.

ഒരു വിഖ്യാത പ്രാസംഗികൻെറ പിതാവ് മുഴുകുടിയനും മാതാവ് ദൈവ ഭക്തയും ആയിരുന്നു. അവൻെറ അമ്മ അവനെ പഠിപ്പിച്ച ഒരു ആത്മീക വ്യായാമം ഇപ്രകാരമാണ്. അവൻ തറയിൽ ഒരു മദ്യകുപ്പി, ചീട്ടുകൾ, അശ്ളീല പുസ്തകങ്ങൾ, പണം, സ്വന്തം ഫോട്ടോ ഇതെല്ലാം നിരത്തിവച്ചിട്ട് അതെല്ലാം 'ഇല്ല, ഇല്ല' എന്നു പറഞ്ഞുകൊണ്ട് ചവുട്ടിമെതിക്കും. എന്നിട്ട് അവൻ പറയും ''ഞാൻ ധീരനായ ദൈവത്തിൻെറ പുത്രനാണ്. ഞാൻ പാപത്തിൻെറ മോഹങ്ങളെ അകററി നിർത്തും.''

ദൈവീകനായ ഒരു നേതാവിൻെറ ജന്മദിനം ആഢംബരങ്ങൾ ഉപേക്ഷിച്ചുകൊണ്ടും ലോകത്തെമ്പാടുമുള്ള ധീരന്മാർ ഉയർത്തിപ്പിടിച്ച തത്വം സ്വായത്തമാക്കികൊണ്ടും ആഘോഷിക്കാം. ''ജയമോ, മരണമോ; പക്ഷേ ഒരിക്കലും കീഴടങ്ങുകയില്ല.''

## ഡിസംബർ 26

''ഒരുത്തൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛരിച്ചാൽ തന്നൊൻ ത്യജിച്ചു....എന്നെ അനുഗമിക്കട്ടെ.'' (മത്തായി 16:24)

12 വയസ്സുകാരനായ ഒരു ബാലനോട് അവന് ആരായിത്തീരണം എന്ന് ചോദിച്ചു: ''ആഫ്രിക്കയിൽ മിഷനറി ആകണം'' അവൻ മറുപടി പറഞ്ഞു. ''എന്തിന്?'' ''എനിക്ക് അവിടെ സിംഹങ്ങളെ വേട്ടയാടുവാൻ സാധിക്കും.''

നമ്മിൽ പലർക്കും ഈ ചിന്താഗതി തന്നെയാണുള്ളത്. നാം നല്ല ക്രിസ്ത്യാനികൾ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു എന്തിന്? സ്വർഗ്ഗത്തിൽ ഒരു നല്ല സ്ഥാനം ലഭിക്കുന്നതിനുമാത്രം.

ഒരു നല്ല ക്രിസ്ത്യാനി ആയിരിക്കുന്നതിൻെറ ലക്ഷ്യം നമ്മുടെ പെരുമാററത്തിൽ കർത്താവിൻെറ ക്രൂശ് എടുക്കുന്നവരായി തീരുക എന്നതാണ്. വീണ്ടും ജനിച്ചവൻ ഒരു മെച്ചപ്പെട്ട ക്രിസ്ത്യാനിയാകുവാൻ പരിശ്രമിക്കുന്നു. തന്മൂലം ഭാവിയിൽ അവർ ദുഃഖങ്ങളിൽ കൂടി കടന്നുപോകുമ്പോൾ ''ഞാൻ

എങ്ങനെ രക്ഷപ്പെടും?'' എന്നതിനു പകരം ''ഈ അവസ്ഥയിൽ എനിക്ക് എങ്ങനെയാണ് ദൈവരാജ്യത്തിന് കൊള്ളാവുന്നവരായിരിക്കേണ്ടത്?'' എന്ന ചിന്ത ആയിരിക്കും അവനെ ഭരിക്കുന്നത്.

നമ്മുടെ കഷ്ടതകാം ഒന്നും യാദൃശ്ചികമല്ല. നമ്മെ സ്നേഹിക്കുന്നവനായ ദൈവം അറിഞ്ഞുകൊണ്ട് നമുക്ക് നല്കിത്തരുന്നവയാണ്. അപ്പൊസ്തലന്മാരേയും കൊണ്ട് പടക് കൊടുങ്കാററിൽ പെട്ടു (മത്തായി 8:23-27). അത്തരം ഒരു സന്ദർഭത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന് തൻെറ ശിഷ്യന്മാരെ കാണിച്ചു കൊടുക്കുവാൻ അവൻ ആഗ്രഹിച്ചു. ഭാവിയിൽ അവർക്കു അനേകം കൊടുങ്കാററുകളെ നേരിടേണ്ടിവരും.

നിങ്ങാം നശിച്ചുപോകുവാൻ സാദ്ധ്യതയുണ്ട് എങ്കിൽ അവൻ തക്കസമയത്ത് ഉണരും. അതുവരെ നിശബ്ദനും ധീരനുമായി തുടർന്നു പോവുക. ഇതിനായിട്ടാണ് നിന്നെ ഒരു ക്രിസ്ത്യാനി ആകുവാൻ തിരഞ്ഞെടുത്തത്, സ്വർഗ്ഗത്തിൽ വസിക്കുവാനായി മാത്രമല്ല.

സിംഹങ്ങളെ വേട്ടയാടുന്നതിൻെറ ആനന്ദം അനുഭവിക്കുവാനല്ല മിഷനറിമാരെ ആഫ്രിക്കയിലേക്കു വിടുന്നത്.

---

## ഡിസംബർ 27

---

''സകല ജാതികളേയും ശിഷ്യരാക്കിക്കൊാംവിൻ'' (മത്തായി 28:20)

മഹാനായ പോപ്പ് ഗ്രിഗറിയ്ക്ക് ഈ ബഹുമതി നൽകപ്പെട്ടത് അദ്ദേഹത്തിൻെറ ഒരു വൈശിഷ്ട്യത്തിൻെറ പേരിൽ ആണ്. AD-569-ൽ അദ്ദേഹമാണ് ആംഗ്ളോ സാക്സൻ മിഷൻ തുടങ്ങിയത്.

ക്രിസ്ത്യാനികളായ ആംഗ്ളോസാക്സൻമാർ പിന്നീട് ലോകം മുഴുവൻ അനുഗ്രഹത്തിനു കാരണമായി. ഇംഗ്ളീഷുകാരനായ ബോണിഫേസ് ആണ് ജർമ്മനിയിൽ ക്രിസ്തുമതം പ്രചരിപ്പിച്ചത്. ഇംഗ്ളീഷുകാരനായ വില്ലിബ്രോർഡ് ഫ്ളെമിഷ് ജനതയെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവന്നു. ബ്രിട്ടീഷ് സാമ്രാജ്യ സ്ഥാപനം ക്രിസ്തുമതത്തെ ഏഷ്യയിലും, ആഫ്രിക്കയിലും, ആസ്ട്രേലിയായിലും എത്തിക്കുവാൻ സഹായകരമായി.

ഇവാഞ്ചലിക്കൽ വിശ്വാസം അമേരിക്കയിൽ എത്തിച്ചതും അവർ തന്നെയാണ്. ഇന്ന് മിഷനറിമാരിൽ 60 ശതമാനവും മിഷനറി പ്രവർത്തനങ്ങാംക്കുള്ള പണത്തിൻെറ 80 ശതമാനവും അമേരിക്കയിൽ നിന്നാണ് ലഭിക്കുന്നത്.

ആംഗ്ളോ സാക്സൻ പ്രദേശങ്ങളിൽ ക്രിസ്തുമതം നിലനിർത്തുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. മിഷനറിമാർ ലോകത്തിൻെറ നാനാഭാഗത്തേയ്ക്കും പോകുന്നുണ്ട്. എങ്കിലും ആംഗ്ളോ സാക്സൻ പ്രദേശങ്ങളിൽ ക്രിസ്തുമതം ക്ഷയിച്ചുവരികയാണ് എന്നു നാം ഓർക്കണം. ബ്രിട്ടീഷ് ദ്വീപുകളിലെ ജനസംഖ്യയിൽ 3 ശതമാനം മാത്രമേ പള്ളി ആരാധനയിൽ പങ്കെടുക്കുന്നുള്ളൂ. അമേരിക്കയിൽ 70 ശതമാനം ചെറുപ്പക്കാരും

പള്ളിയിൽ പോകാത്തവരാണ്. ജനസംഖ്യയിൽ 70 ശതമാനവും പള്ളി ആരാധനയിൽ പങ്കെടുക്കാതിരിക്കുന്നു.

ആംഗ്ലോ സാക്സൻ പ്രദേശങ്ങളിലെ സഭകൾക്കു വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## ഡിസംബർ 28

"ഞാനും രിമ്മോൻെറ ക്ഷേത്രത്തിൽ നമസ്കരിച്ചു പോകുന്ന ഈ കാര്യത്തിൽ യഹോവ അടിയനോടു ക്ഷമിക്കുമാറാകട്ടെ."

(2രാജാക്കന്മാർ 5:18,19)

യഹൂദന്മാരുടെ ഒരു ഐതീഹ്യം ഇപ്രകാരമാണ്. മോശ ഒരു കൊച്ചുകുട്ടി പ്രാർത്ഥിക്കുന്നതു കേട്ടു: "ദൈവമേ നീ എനിക്കു പ്രത്യക്ഷനാവുകയാണെങ്കിൽ ഞാൻ നിനക്ക് പാലും ഇറച്ചിയും വസ്ത്രവും ഒക്കെ വിലകൂടാതെ തരാം. നിനക്ക് ആടുകൾ ഉണ്ടെങ്കിൽ ഞാൻ അവയെ മേയിക്കാം. ഞാൻ നിൻെറ മുടി ചീകിത്തരാം. വസ്ത്രങ്ങൾ കഴുകിത്തരാം."

മോശ അത്ഭുതപ്പെട്ടു. ഈ ബാലൻ പറയുന്നത് ദൈവ ദൂഷണമായി അദ്ദേഹത്തിനു തോന്നി. അദ്ദേഹം ബാലനോട് പ്രാർത്ഥന നിർത്തുവാൻ ആജ്ഞാപിച്ചു.

അപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു മോശയെ ശകാരിച്ചു. ഈ ബാലൻെറ പ്രാർത്ഥനയാണ് മററു പ്രാർത്ഥനകളേക്കാൾ പ്രിയങ്കരമായി തനിക്കു തോന്നിയത് എന്ന് ദൈവം പറഞ്ഞു.

മററുള്ളവരുടെ അപക്വമായ മതവികാരങ്ങളെ കൈകാര്യം ചെയ്യുന്നത് വളരെ ശ്രദ്ധിച്ചു വേണം. പള്ളിയിൽ പോകുന്ന ഒരുവന് അത് തൻെറ വിശ്വാസത്തിൻെറ ഒരു പ്രതിഫലനം ആയിരിക്കാം. ഒരു പ്രത്യേക വിശ്വാസ രീതിയിലുള്ള തെററായ വിശ്വാസം പാപമായി കണക്കാക്കേണ്ടതില്ല. അത് ലൗകീകതയിൽ നിന്നും ദൈവത്തിങ്കലേക്കുള്ള ഒരുവൻെറ പ്രയാണത്തിലെ ആരംഭം മാത്രമായിരിക്കാം. അവർ ഇരുട്ടിൽ തപ്പുകയാണ് എങ്കിലും അവൻ അന്വേഷിക്കുന്നത് സത്യത്തെയാണ്. അവനെ സത്യത്തിലേക്കു നയിക്കുക.

മതപരമായ കാര്യങ്ങളിൽ ഉപദേശം നല്കുന്നതിൽ പിശുക്കു കാണിക്കുക. നിങ്ങൾ മററുള്ളവരിൽ നിന്നും എത്രമാത്രം ഉപദേശം സ്വീകരിക്കുവാൻ തയ്യാറുണ്ടോ അത്രയും മാത്രമേ നിങ്ങളും മററുള്ളവർക്കു നല്കാവൂ.

# ഡിസംബർ 29

"അതു എന്നെ വിട്ടു നീങ്ങേണ്ടതിന് ഞാൻ മൂന്നു വട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോടു: എന്റെ കൃപ നിനക്കു മതി."

(2കൊരിന്ത്യർ 12:8,9)

ഈ വർഷാവസാനത്തിന് രണ്ടു ദിവസംമാത്രമേയുള്ളൂ. ഈ വർഷം നമുക്കു ലഭിച്ച അനേകം അനുഗ്രഹങ്ങൾ നാം ഓർക്കുന്നു. അതോടൊപ്പം തന്നെ നമ്മുടെ അനേക ആഗ്രഹങ്ങളും പ്രാർത്ഥനകളും നിറവേററപ്പെടാതെ അവശേഷിക്കുന്നുണ്ട് എന്ന സത്യവും നാം കാണുന്നു.

മററുള്ളവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾക്കു മറുപടി കിട്ടികൊണ്ടിരിക്കുന്ന ഒരു പ്രസിദ്ധനായ വിശുദ്ധൻ ഉണ്ടായിരുന്നു. അദ്ദേഹം അന്ധനായിരുന്നു. "നിന്റെ ഈ അന്ധത മാറി കിട്ടാനായി പ്രാർത്ഥിച്ചുകൂടെ" ചിലർ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: "എനിക്കു കാണുവാൻ കഴിയുന്നു എന്ന സന്തോഷത്തേക്കാൾ പ്രാധാന്യം ദൈവഹിതത്തിനു കീഴ്പ്പെട്ടിരിക്കുക എന്നതാണ്."

ഉത്തരം ലഭിക്കപ്പെട്ടതായ പ്രാർത്ഥനകൾക്കായി ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക. നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്ത സന്ദർഭങ്ങളിൽ ദൈവത്തിന്റെ ആ തീരുമാനം സ്വീകരിക്കുക. നിനക്കു നല്ലത് എന്ത് എന്ന് അവൻ അറിയുന്നു.

ഉത്തരം കിട്ടാത്ത പ്രാർത്ഥനകൾ നമ്മുടെ അജ്ഞതയിൽ നിന്നും ഉരുത്തിരിഞ്ഞവ ആയിരിക്കാം. അവ നടപ്പിലായാൽ ഉണ്ടാകുന്ന കുഴപ്പങ്ങളെ പററി നിനക്കറിവില്ലായിരിക്കും. അവ നിറവേററാതിരുന്നതിന് ഒരു കാലത്ത് നീ ദൈവത്തോട് നന്ദിയുള്ളവനായിരിക്കും.

തന്റെ പുത്രനായ അഗസ്ററിനു വേണ്ടിയുള്ള പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാഞ്ഞതിൽ മോണിക്ക ദുഃഖിതയായിരുന്നു. അവൻ അവളോടൊപ്പം ഉണ്ടായിരിക്കേണമേ എന്നാണ് അവൾ പ്രാർത്ഥിച്ചത്. അവൻ വളരെ നീചവും കുടിലവുമായ ജീവിതമാണ് നയിച്ചു വന്നത്. അവൻ തന്റെ മാതാവിനെ ഉപേക്ഷിച്ചു.

അഗസ്ററിൻ മിലാനിൽ ചെന്നപ്പോൾ അവിടെവച്ച് ബിഷപ്പ് അംബ്രോസിനെ കണ്ടുമുട്ടി. ഇത് അവന്റെ മാനസാന്തരത്തിനു കാരണമായി. അവൻ പിന്നീട് ക്രൈസ്തവ സഭ കണ്ടിട്ടുള്ളതിൽ വച്ച് ഏററവും വലിയ ഉപദേശകന്മാരിൽ ഒരാളായി തീർന്നു.

# ഡിസംബർ 30

''അവൻെറ ദാരിദ്ര്യത്താൽ നിങ്ങാം സമ്പന്നർ ആകേണ്ടതിന് നിങ്ങാം നിമിത്തം ദരിദ്രനായിതീർന്നു.'' (2 കൊരിന്ത്യർ 8:9)

നാം ഈ വർഷം ചെയ്ത കാര്യങ്ങളുടെ കണക്ക് എടുക്കുമ്പോാം നമ്മുടെ അനേകം പാപങ്ങാം നമ്മുടെ ഓർമ്മയിൽ എത്തുന്നു. അവയ്ക്കു പല കാരണങ്ങാം ഉണ്ടായിരുന്നു. നമുക്ക് ശരിയായ ഒരു ആത്മീയ നായകൻ ഇല്ല എന്നതായിരിക്കാം ഒരു കാരണം.

വളരെയധികം പിൻഗാമികളുള്ള മതോപദേശകന്മാരെപററി കരുതലോടെയിരിപ്പീൻ. അവൻ തട്ടിപ്പുകാർ ആകാൻ സാദ്ധ്യതയുണ്ട്. അവർ പൂർണ്ണ സത്യം പറയുന്നവരാണെങ്കിൽ അവരുടെ അനുഗാമികളുടെ സംഖ്യ കുറയും.

യേശു രോഗശാന്തി നൽകിയപ്പോഴും, അപ്പം പങ്കുവെച്ചപ്പോഴും, അനേകായിരങ്ങാം അവൻെറ പിന്നാലെയുണ്ടായിരുന്നു. എന്നിരുന്നാലും ആ ജനക്കൂട്ടം അവൻെറ ഉപദേശങ്ങാം സ്വീകരിച്ചില്ല.

ജനക്കൂട്ടം നിങ്ങളുടെ ഉപദേശകനു ചുററും കൂടുമോ? നമ്മുടെ ഗുരുനാഥൻെറ വചന പ്രകാരം ദാരിദ്ര്യം സ്വീകരിച്ച് അതേപററി അവൻ ഉപദേശിക്കയാണെങ്കിൽ നിങ്ങാം അവനെ പിൻതുടരുമോ? ''ദരിദ്രരായവർ ഭാഗ്യവാന്മാർ'' ലൂക്കോസ് 6:20).

ഒരു വിശുദ്ധന് കുറെ പണം നല്കി. അദ്ദേഹം അത് നിരസിച്ചുകൊണ്ട് പറഞ്ഞു: ''എനിക്ക് ഇന്നത്തെ ആവശ്യത്തിനുള്ള പണം ഉണ്ട്.''

''നിൻെറ പക്കലുള്ള പണം തീരാറായി. ഇതുകൂടി എടുക്കുക. അപ്പോാം അടുത്ത ദിവസങ്ങളിലേക്കു കൂടി മതിയായ പണം നിനക്കുണ്ടായിരിക്കും.''

അദ്ദേഹം മറുപടി പറഞ്ഞു: ''എൻെറ കൈവശം ഉള്ള നാണയങ്ങാം തീരുന്നതു വരെ ഞാൻ ജീവിച്ചിരിക്കും എന്ന് നിനക്ക് ഉറപ്പ് തരുവാൻ സാധിക്കും എങ്കിൽ ഞാൻ നിൻെറ പണം സ്വീകരിക്കാം.''

നിനക്കില്ലാത്തവയെപററി വ്യാകുലപ്പെടാതെ നിനക്ക് ഉള്ള അല്പത്തിൽ തൃപ്തനായിരിക്കുവാൻ ഉപദേശിക്കുന്ന ഗുരുവിനെ പിൻതുടരുക. യേശു സമ്പന്നൻ ആയിരുന്നു എങ്കിലും അവൻ നമുക്കുവേണ്ടി ദരിദ്രനായി (2കൊരിന്ത്യർ 8:9).

''ഉണ്ടായിരിക്ക'' എന്ന് അർത്ഥം ഉള്ള വാക്ക് എബ്രായ ഭാഷയിലില്ല. ദൈവം മാത്രമാണ് എല്ലാത്തിനും കൈവശാധികാരി. അവനെ നിങ്ങാംക്കു കൈവശമാക്കുവാൻ കഴിയും. നിങ്ങാംക്കുള്ളതിൽ സംതൃപ്തനായിരിക്കുവാനും ദൈവ കൈകൊണ്ട് കഴിയുന്നതിൽ ആഹ്ളാദിക്കുവാനും ഉപദേശിക്കുന്ന ഗുരുവിനെ സ്വീകരിക്കുക.

# ഡിസംബർ 31

"ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ."
(സങ്കീ. 90:12)

ഒരു വർഷം കടന്നുപോയി. കഴിഞ്ഞ വർഷത്തെ കഷ്ടതകളും, പാപവും, വഴക്കുകളും കൂടി അതോടൊപ്പം കടന്നു പോകട്ടെ. നമ്മുടെ പാപങ്ങൾക്കു ക്രിസ്തുവിൻെറ രക്തത്തിൽ പാപക്ഷമയുണ്ട്. അടുത്ത വർഷം അതിൻേറതായ കഷ്ടതകൾ കൊണ്ടുവരും. കഴിഞ്ഞവർഷത്തെ പ്രയാസങ്ങൾ അതിലേക്കു വലിച്ചിഴക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ വർഷത്തെ വഴക്കുകളും പുതിയ വർഷത്തെ പ്രസക്തിയില്ലാത്തതായി കഴിഞ്ഞു.

രണ്ടു പേർ തമ്മിൽ പ്രേമ വിവാഹം നടത്തി. അവർ അന്യോന്യം കെട്ടിപ്പിടിച്ചു പെട്ടെന്ന് ഭാര്യ പേടിച്ച് പറഞ്ഞു. "നിങ്ങൾ കണ്ടോ? ഒരു എലി ഓടി ചെന്ന് വലത്തു വശത്തുള്ള ദ്വാരത്തിൽ കയറി."

ഭർത്താവ് അവളെ ആശ്വസിപ്പിച്ചു: "അതിന് നിന്നെ ഒന്നും ചെയ്യുവാൻ കഴികയില്ല. ഞാൻ കണ്ടതാണ്. ഒരു ചെറിയ എലി. അത് ഇടതു ഭാഗത്തുള്ള ദ്വാരത്തിലാണ് കയറിയത്."

വലത്തു വശത്തുള്ള ദ്വാരത്തിലാണ് എലി കയറിയത് എന്ന് ഭാര്യ ഉറപ്പിച്ചു പറഞ്ഞു. ഭർത്താവാകട്ടെ തൻെറ അധികാരമുപയോഗിച്ച് തൻെറ അഭിപ്രായമാണ് ശരി എന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചു. ഈ വാഗ്വാദം മൂത്ത് അവർ വിവാഹമോചനം നേടി.

7 വർഷത്തെ പിരിഞ്ഞുള്ള ജീവിതത്തിനുശേഷം സുഹൃത്തുക്കൾ അവരെ വീണ്ടും കൂട്ടി ചേർത്തു. അവർ വീണ്ടും വിവാഹം കഴിച്ച് അതേ മുറിയിൽ മേശയുടെ അരികിൽ ഇരുന്നു. ഭാര്യ പറഞ്ഞു: "ഒരു എലി വന്ന് മുറിയിൽ വലത്തു വശത്തെ ദ്വാരത്തിൽ കയറി എന്ന് പറഞ്ഞ് വഴക്കടിച്ചത് നമ്മുടെ ബുദ്ധിമോശം തന്നെ."

ഭർത്താവ് കുപിതനായി. "നീ വീണ്ടും അതു തന്നെയാണല്ലോ പറയുന്നത്?" അവർ വീണ്ടും വിവാഹമോചനം നേടി. നമ്മുടെ വഴക്കുകളും ഇതുപോലെ അപഹാസ്യമല്ലേ?

ഒരു വർഷം കൂടി കടന്നുപോയിരിക്കുന്നു. നാം ദൈവവുമായുള്ള നമ്മുടെ കൂടി കാഴ്ചയിലേക്ക് ഒരു വർഷം കൂടെ അടുത്തിരിക്കുന്നു. അവൻെറ അന്ത്യ വിധിയുടെ നാളിൽ നമ്മുടെ വ്യാകുലങ്ങളും നമ്മുടെ ഛിദ്രങ്ങളും നാം പ്രധാനപ്പെട്ടതായി കരുതിയിരിക്കുന്ന മററ് പല കാര്യങ്ങളും പ്രധാനപ്പെട്ടതായിരിക്കുമോ?

കഴിഞ്ഞ വർഷം നമുക്കു സംഭവിച്ച പരാജയങ്ങൾ എന്തൊക്കെയാണ് എന്ന് കണ്ടുപിടിക്കുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. നമ്മുടെ പുതുവർഷം നമുക്ക് ആത്മവിശ്വാസത്തോടെ തുടങ്ങാം. ഈ പുതുവർഷത്തിൽ നമുക്ക് രക്ഷിതാവും, കാവൽ മാലാഖയും, ആത്മാവുമായ ദൈവം നമ്മെ വഴി നടത്തും. അവനിൽ നമുക്ക് പൂർണ്ണമായ വഴി നടത്തും; ആത്മ വിശ്വാസംപുലർത്താം.